# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2021 ഒക്ടോബർ 29, വെള്ളി

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1531/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...84

**II ശ്രദ്ധ ക്ഷണിക്കൽ**

(1) കർഷകർക്ക് നഷ്ടപരിഹാരം

- ശ്രീ. ഇ. കെ. വിജയൻ ..400

(2) അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം

- ശ്രീ. പി. സി. വിഷ്ണുനാഥ് ..401

**III സബ്മിഷൻ**

(1) തൃക്കാക്കര കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം

- ശ്രീ. പി. ടി. തോമസ് ..403

(2) ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ

- ശ്രീ. മോൻസ് ജോസഫ് ..404

(3) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

- ശ്രീ. വി. കെ. പ്രശാന്ത് ..404

(4) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം

- ശ്രീ. പി. നന്ദകുമാർ ..405

**IV റിപ്പോർട്ട് സമർപ്പണം**

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ ..406

*പേജ്*

**V നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും: ..407

(i) 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ..456

(ii) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ ..490

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ..500

**VI റൂളിംഗ്**

പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ..510

**അനുബന്ധം** ..515

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 29. വെള്ളി*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 2021 ഒക്ടോബർ മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ *361

### പെയർ ട്രോളിംഗ്മൂലം മത്സ്യസമ്പത്തിൽ കുറവ്

1 (*361) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരത്ത് പെയർ ട്രോളിംഗ്മൂലം മത്സ്യസമ്പത്ത് കുറയുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പെലാജിക് നെറ്റ് ഉപയോഗിച്ച് ചെറുമീനുകളുൾപ്പെടെ പിടിക്കുന്നതിന് കാരണമായ പെയർ ട്രോളിംഗ് സംസ്ഥാന തീരത്തുള്ള മത്സ്യസമ്പത്തിന്റെ കുറവിന് കാരണമാകുന്നുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നുമുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രജനന കേന്ദ്രങ്ങളെയും നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ മത്സ്യ പ്രജനന കാലത്ത് കടലിൽ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ പല പ്രദേശത്തും പെയർ ട്രോളിംഗ് നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് മത്സ്യസമ്പത്തിന്റെ കുറവിന് ഒരു കാരണമാണ്. ഇത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ കർശന നടപടികൾ സ്വീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്തുവരുന്നു. എന്നാൽ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ട്. സുനാമി, ഓഖി പോലുള്ള കടൽ ആവാസവ്യവസ്ഥയെ ബാധിക്കുന്ന പ്രകൃതിദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയും മുൻകാലങ്ങളെ അപേക്ഷിച്ച് അറബിക്കടലിൽ അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദംമൂലമുള്ള കാലാവസ്ഥാ മുന്നറിയിപ്പുംമൂലം മത്സ്യബന്ധന ദിവസങ്ങൾക്കുണ്ടായ കുറവും കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മത്സ്യലഭ്യത കുറയാൻ കാരണമായിട്ടുണ്ട്.

(ബി) പെലാജിക് നെറ്റ് ഉപയോഗിച്ച് ചെറുമീനുകൾ ഉൾപ്പെടെ പിടിക്കുന്ന പെയർ ട്രോളിംഗ് സംസ്ഥാന തീരത്തുള്ള മത്സ്യസമ്പത്തിന്റെ കുറവിന് ഒരു കാരണമാണ്. ഇത് മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നുവെന്ന് മനസ്സിലാക്കി ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം KMFR (The Kerala Marine Fishing Regulation) Act-ലെ Section 4 sub section (1) clause (d) പ്രകാരവും KMFR Rule-ലെ Rules 4 (1) (b) (d) എന്നിവ പ്രകാരവും നിരോധിച്ചിട്ടുണ്ട്. നിയമം ലംഘിച്ച് ഇത്തരം രീതി അവലംബിച്ചുകൊണ്ട് മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി വർദ്ധിച്ച പിഴ അടക്കമുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി

ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും സംയുക്തമായി കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്. നിരോധിത മത്സ്യബന്ധന രീതികൾ, വലകൾ എന്നിവ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അനധികൃതവും നിയമവിരുദ്ധവുമായ പെയർ ട്രോളിംഗ് മത്സ്യബന്ധനത്തിന് കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് 18 യാനങ്ങൾ പിടിച്ചെടുക്കുകയും 14,99,500 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാന ബോട്ടുകൾ കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് EEZ (Exclusive Economic Zone)-ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LoP (Letter of Permit) കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും ട്രോളറുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രജനന കേന്ദ്രങ്ങളെയും നശിപ്പിക്കുമെന്ന് മനസ്സിലാക്കി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തുനിന്ന് 30 മീറ്റർ ആഴത്തിനുപുറത്തും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴത്തിനുപുറത്തും മാത്രമാണ് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. ഇതുകൂടാതെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ എഞ്ചിൻ കുതിരശക്തിയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് നിരോധിച്ചു. ഇത്തരം ബോട്ടുകൾക്ക് തീരക്കടലിലൂടെ ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഈടാക്കിക്കൊണ്ട് അനുമതി നൽകിയിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്കും ഇത് ബാധകമാണ്. നിയമലംഘനം നടത്തി അനധികൃതവും അശാസ്ത്രീയവുമായി മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളെ കണ്ടെത്തി പിഴശിക്ഷ ഉൾപ്പെടെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിൽ സുലഭമായി കാണുന്ന ഭൂരിഭാഗം മത്സ്യങ്ങളുടെയും പ്രജനനകാലം മൺസൂൺ കാലമായ ജൂൺ, ജൂലൈ മാസങ്ങളാണ്. ഇക്കാലത്ത് മുട്ടയുള്ള മത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിച്ചെടുക്കുന്നത് നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് 52 ദിവസം ട്രോൾ ബാൻ ഏർപ്പെടുത്തി വരുന്നുണ്ട്. 2018 വരെ 47 ദിവസമാണ് ട്രോൾ ബാൻ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2018 മുതൽ ട്രോൾ ബാൻ 52 ദിവസമാക്കി ഉയർത്തുകയുണ്ടായി. ജൂൺ മാസം 10 മുതൽ ജൂലൈ മാസം 31 വരെയാണ് ട്രോൾ ബാൻ ഏർപ്പെടുത്തി വരുന്നത്. കേന്ദ്രസർക്കാർ EEZ-ൽ ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസം നോൺ മോട്ടോറൈസ്ഡ് യാനങ്ങൾ ഒഴികെയുള്ള എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നിരോധനം ഏർപ്പെടുത്തിവരുന്നുണ്ട്. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 140 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 279, 280, 175 കൃത്രിമപാര് മോഡ്യൂളുകളും സ്ഥാപിച്ചു കഴിഞ്ഞു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ ഏഴ് മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ വീതം ആകെ 1400 റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. പൂവാർ മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റ് കൊണ്ട് നിർമ്മിച്ച കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്നതിനും 2021-22 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്നതിനുള്ള നടപടിയും KSCADC (Kerala State Coastal Area Development Corporation) മുഖേന സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ KMFR ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ KMFR റൂൾ നടപ്പിലാക്കുകയും ചെയ്തു. അതിലൂടെ ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം

(MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, അപകട സാധ്യതയേറിയ മറൈൻ/ ഫൈബർ യാനങ്ങൾക്ക് പകരമായി എഫ്.ആർ.പി. (ഫൈബർ റീ-ഇംഫോഴ്സ്ഡ് പ്ലാസ്റ്റിക്) യാനങ്ങൾ വിതരണം ചെയ്യുമോ?

ശ്രീ. സജി ചെറിയാൻ: സർ, മറൈൻ/ഫൈബർ യാനങ്ങൾക്ക് പകരമായി എഫ്.ആർ.പി. യാനങ്ങൾ ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാവർക്കും എഫ്.ആർ.ബി. യാനങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. ആർ. സുനിൽ കുമാർ : സർ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം താമസമെന്യേ ലഭ്യമാക്കുന്നതിന് നടപടി എടുക്കുമോ?

ശ്രീ. സജി ചെറിയാൻ : സർ, എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും 2018-19 മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിപ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. ഇൻഷ്വറൻസ് തുകയുടെ 1.3% ടാക്സും ഉൾപ്പെട്ടതാണ് പ്രീമിയം തുക. എന്നാൽ പൂർണ്ണ അർത്ഥത്തിൽ ഇൻഷ്വറൻസിൽ പങ്കാളികളാകാൻ മത്സ്യത്തൊഴിലാളികൾ തയ്യാറാകാത്തതിന്റെ പ്രയാസങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അടുത്തകാലത്തുണ്ടായ പല മരണങ്ങളിലും ഇൻഷ്വറൻസ് ഇല്ലാത്തതിനാൽ ആശ്രിതർക്ക് സഹായങ്ങൾ ലഭിക്കാതെ വന്നിട്ടുണ്ട്. അടുത്ത വർഷം മുതൽ ഗുണഭോക്തൃ വിഹിതമായ 10% കൂടി സർക്കാർ ഏറ്റെടുത്ത് പരമ്പരാഗത യാനങ്ങൾക്കും തൊഴിലാളികൾക്കും പൂർണ്ണ ഇൻഷ്വറൻസ് കൊടുക്കുക എന്ന തീരുമാനത്തിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, മത്സ്യത്തൊഴിലാളികളുടെ ജീവിതഭദ്രത ഉറപ്പുവരുത്താനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രമങ്ങൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കുന്നു. അക്കാര്യം ഇന്നലെ അസന്നിഗ്ദ്ധമായി ബില്ലിന്റെ ചർച്ചയിൽ വിശദീകരിക്കുകയും ചെയ്തു. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിന് 2021-22 വർഷം എത്ര പട്രോളിംഗ് നടത്തിയിട്ടുണ്ട്; പട്രോളിംഗ് ശക്തമാക്കുന്നതിന് എല്ലാ തീരദേശജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുമോ?

ശ്രീ. സജി ചെറിയാൻ : സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ഭാഗമായി കടൽ മത്സ്യത്തിന്റെ വരവ് വളരെയേറെ കുറയുന്നുണ്ടെന്നത് ഇന്നലെ ചർച്ചചെയ്ത കാര്യമാണ്. അത് തടയുന്നതിനുവേണ്ടി നടപ്പ് സാമ്പത്തികവർഷം 1396 പട്രോളിംഗ് നമ്മൾ നടത്തിയിട്ടുണ്ട്. 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ചാണ് പട്രോളിംഗ് നടത്തുന്നത്. നിലവിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ മാത്രമാണ് ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ സ്റ്റേഷനുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് അവ ആരംഭിക്കുന്നതിന് ഭരണാനുമതിയും നല്കിക്കഴിഞ്ഞു. ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഫിഷറീസ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാക്കുന്നതാണ്. നടപ്പുവർഷം അശാസ്ത്രീയ മത്സ്യബന്ധനം നടത്തിയ 35 മത്സ്യബന്ധന യാനങ്ങൾ പട്രോളിംഗ് നടത്തി പിടിച്ചെടുത്ത് ആവശ്യമായ പിഴ ശിക്ഷനൽകിയിട്ടുമുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളിലെ വലയും അശാസ്ത്രീയമായ ലൈറ്റുകളും പരിശോധിക്കുന്നതിനും മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഏകദേശം 40000 ലൈഫ്ജാക്കറ്റുകൾ മത്സ്യബന്ധന തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കാൻ അവർ വിമുഖത കാണിക്കുന്നത് പരിഹരിക്കുന്നതിനും ഹാർബർ മാനേജ്മെന്റിന്റെയും തീരസുരക്ഷാ കമ്മിറ്റിയുടെയും സഹായത്തോടുകൂടി സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ്. കാരണം കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് 40000 ലൈഫ് ജാക്കറ്റുകളാണ് സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തത്. പക്ഷെ ലൈഫ്

ജാക്കറ്റുകൾ ഉപയോഗിച്ചുകൊണ്ട് കടലിൽ ഫിഷിംഗ് നടത്തുന്നതിന് പലപ്പോഴും ഇവർ തയ്യാറാകുന്നില്ല. ഫിഷിംഗ് നടത്തുന്ന സമയത്ത് ലൈഫ് ജാക്കറ്റുകൾ ഉപയോഗിക്കുന്നത് പ്രയാസകരമാണെന്നാണ് അവർ പറയുന്നത്. കടലിലേയ്ക്ക് പോകുന്ന സന്ദർഭത്തിലും ഫിഷിംഗിനുശേഷം തിരിച്ചുവരുന്ന സന്ദർഭങ്ങളിലുമാണ് അപകടങ്ങൾ സംഭവിക്കാറുള്ളത്. ഈ സമയത്ത് ലൈഫ് ജാക്കറ്റ് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. ഇന്നത്തെ ബില്ലിൽ അത് പ്രത്യേകമായി വരുന്നുണ്ട്. മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ സുരക്ഷ ഉറപ്പാക്കുക എന്നതിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകേണ്ടതാണ് എന്നതാണ് പ്രധാനപ്പെട്ട വിഷയം. ശിക്ഷാ നടപടികളിലൂടെ മാത്രം നടപ്പാക്കാൻ കഴിയുന്ന ഒന്നല്ല അത്. അവർക്ക് ബോധവല്ക്കരണം ആവശ്യമാണ്. നിലവിലുള്ള കെ.എം.എഫ്.ആർ. ആക്ട് വകുപ്പ് 4(1) പ്രകാരവും കെ.എം.എഫ്.ആർ. ആക്ട് ചട്ടം 3(2)ഉ പ്രകാരവും വിവിധ വലിപ്പത്തിലുള്ള മത്സ്യബന്ധനയാനങ്ങളിൽ ഉപയോഗിക്കേണ്ട ലൈഫ് സേവിംഗ്, ഫയർ സേഫ്റ്റി, നാവിഗേഷൻ ഉപകരണങ്ങൾ ഏതൊക്കെയാണെന്നും എത്രയെണ്ണം വീതം വേണമെന്നും വ്യക്തമാക്കുന്നുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ വകുപ്പ് 17 - (3)ബി, (4)എ, ബി, സി പ്രകാരം മുകളിൽ പറഞ്ഞിരിക്കുന്ന നിയമം ലംഘിക്കുന്ന യാന ഉടമകൾക്ക് പിഴ അടക്കമുള്ള ശിക്ഷകൾ നല്കാവുന്നതാണ്. ആവശ്യമായ ബോധവല്ക്കരണം നൽകി, മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ ഇത് യുദ്ധ കാലാടിസ്ഥാനത്തിൽ നമ്മുടെ തീരത്ത് നടപ്പാക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. അക്കാര്യത്തിൽ സർക്കാർ മുൻകയ്യെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഓരോ വർഷവും മൺസൂൺ കാലത്തും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന പ്രത്യേക ന്യൂനമർദ്ദം കാരണവും നൂറുകണക്കിന് മത്സ്യബന്ധന യാനങ്ങളാണ് അപകടത്തിൽപ്പെട്ട് തകരുന്നത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന് അങ്ങ് പറഞ്ഞു. എല്ലാതരത്തിലുള്ള മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമമുണ്ടാക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പുനരധിവാസ പദ്ധതിയിൽ 8 ലക്ഷം രൂപ ചെലവ് വരുന്ന 120 എഫ്.ആർ.പി. യാനങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. അതിന് പുറമെ 40 ശതമാനം സബ്സിഡി നിരക്കിൽ ഇപ്പോൾ 200 എഫ്.ആർ.പി. യാനങ്ങൾകൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നുവെന്നത്

ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എല്ലാ ഇൻഷ്വറൻസ് കമ്പനികളുമായും ചർച്ച നടത്തിവരുന്നു. ഇൻഷ്വറൻസ് കമ്പനികളുമായുള്ള ചർച്ചകളെത്തുടർന്ന് ജില്ലാടിസ്ഥാനത്തിൽ അദാലത്ത് നടത്തി ന്യൂനത പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദ്ദേശം നൽകിയതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ അദാലത്തുകൾ നടന്നുവരുന്നു. അനന്തരാവകാശ സർട്ടിഫിക്കറ്റ്, പോലീസ് റിപ്പോർട്ട്, കെമിക്കൽ അനാലിസിസ് റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കുന്നതിലുള്ള കാലതാമസമാണ് പലപ്പോഴും ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നതിന് കാരണമായി ഇൻഷ്വറൻസ് കമ്പനികൾ ചൂണ്ടിക്കാണിക്കുന്നത്. ഇത്തരം ന്യൂനതകൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് വേണ്ടത്ര ബോധവത്കരണം നൽകുന്നതിനും മത്സ്യത്തൊഴിലാളി മരണപ്പെട്ടാൽ അപേക്ഷകൾ ലഭ്യമാക്കി യഥാസമയം ക്ലെയിം അനുവദിപ്പിക്കേണ്ട ഉത്തരവാദിത്വം മത്സ്യ ബോർഡിലെ മേഖലാ എക്സിക്യൂട്ടീവുകൾക്ക് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഇടപെടലുകളുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മരണപ്പെട്ട നാലുപേരുടെ ഇൻഷ്വറൻസ് ആനുകൂല്യം സമയ ബന്ധിതമായി അനുവദിച്ചു. യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കാര്യത്തിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ അവർക്ക് കൃത്യമായി ഇൻഷ്വറൻസ് ലഭിക്കുന്ന കാര്യത്തിൽ രജിസ്ട്രേഷന്റെ പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. സർവ്വേ നടത്തി എല്ലാ മത്സ്യത്തൊഴിലാളികളെയും രജിസ്റ്റർ ചെയ്യാൻ കഴിയുന്ന പോർട്ടൽ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ട്. അടുത്ത ആറുമാസംകൊണ്ട് അത്തരം ന്യൂനതകൾ പരിഹരിച്ച് യാനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും ക്ലെയിം ലഭിക്കുന്ന രൂപത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് പ്രയോജനപ്രദമായ രീതിയിലുള്ള രക്ഷാദൗത്യ ബോട്ടുകൾ വാങ്ങുന്നതിന് കോസ്റ്റ്ഗാർഡ് ഉൾപ്പെടെയുള്ളവരുമായി നടത്തുന്ന ചർച്ചകൾ സ്വാഗതാർഹമാണ്. ഓഖി ദുരന്തത്തിനുശേഷം മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് 6 കോടി 8 ലക്ഷം രൂപ വീതം വിലപിടിപ്പുള്ള മൂന്ന് മറൈൻ ആംബുലൻസുകളാണ് വാങ്ങിയത്. ഓരോ മാസവും മൂന്നുലക്ഷം രൂപ ജീവനക്കാർക്ക് ശമ്പളമായി ഗവൺമെന്റ് കൊടുക്കുന്നുണ്ട്. എന്നാൽ ഇതുവരെയും രക്ഷാദൗത്യം ഏറ്റെടുത്ത് ഒരു ജീവൻപോലും രക്ഷപ്പെടുത്താൻ കഴിയാതെ പോയത് നിർമ്മാണത്തിലുള്ള അപാകതകൊണ്ടാണ്. അതിന് എന്തെങ്കിലും സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ഗവണ്മെന്റ് ഏർപ്പെടുത്തിയോ; ആ

സ്പെസിഫിക്കേഷൻ അനുസരിച്ചാണോ മറൈൻ ആംബുലൻസ് നിർമ്മിച്ച് നൽകിയത്; അതിൽ പോരായ്മ ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, അക്കാര്യത്തിൽ അന്വേഷണം നടത്തേണ്ട കാര്യമില്ല. കേന്ദ്ര സർക്കാർ സ്ഥാപനമാണ് മറൈൻ ആംബുലൻസ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. അതിൽ സാമ്പത്തികമായ ക്രമക്കേടുകളും മറ്റൊന്നുമില്ല. മറൈൻ ആംബുലൻസ് വാങ്ങിയതിനുശേഷം വിഴിഞ്ഞത്ത് 17 രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ഒരു തൊഴിലാളിയെ രക്ഷിക്കുകയും ചെയ്തു. വൈപ്പിനിൽ 21 രക്ഷാപ്രവർത്തനങ്ങൾ നടത്തി 549 തൊഴിലാളികളെ രക്ഷിച്ചു. ബേപ്പൂരിൽ 4 രക്ഷാപ്രവർത്തനങ്ങൾ നടത്തി ഒരു തൊഴിലാളിയെ രക്ഷിച്ചു. മറൈൻ ആംബുലൻസുകൾ ഹൈസ്പീഡിൽ ഓടിക്കാനേ കഴിയൂവെന്നതാണ് പ്രശ്നം. അതിന്റെ ഭാഗമായി ഞാനും ബഹുമാനപ്പെട്ട എം. വിൻസെന്റും വിഴിഞ്ഞത്തുപോയി കോസ്റ്റ്ഗാർഡുമായി ഏകദേശം മൂന്ന് മണിക്കൂർ ഇക്കാര്യങ്ങളെ സംബന്ധിച്ച് ചർച്ചചെയ്തു. കേന്ദ്ര സേനയെന്ന നിലയിൽ ഹൈസ്പീഡ് ബോട്ടുകൾ വാങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടതിന്റെ ഭാഗമായി അത് തയ്യാറാക്കി നൽകിയിട്ടുണ്ട്. പൊഴികളിൽ അപകടമുണ്ടാകുന്ന സ്ഥലങ്ങളിൽ അടിയന്തരമായി ഹൈസ്പീഡുള്ള ഇത്തരം ആംബുലൻസുകൾ കൊടുക്കുന്നത് സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഉൾപ്പെടെയുള്ളവരും ആവശ്യം ഉന്നയിച്ചു. 108 ആംബുലൻസിന്റെ മോഡലിൽ ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്ന് പറഞ്ഞ് ചില ഏജൻസികൾ സമീപിച്ചിട്ടുണ്ട്. ഈ രണ്ട് മാർഗ്ഗവും സ്വീകരിച്ചു കൊണ്ട് തീരപ്രദേശത്ത് അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം ആംബുലൻസ് സർവ്വീസുകൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഇത്തരം ആംബുലൻസ് സർവ്വീസിനോടൊപ്പം 690 ഓളം മത്സ്യത്തൊഴിലാളികളായ ചെറുപ്പക്കാർക്ക് പരിശീലനവും കൊടുത്തിട്ടുണ്ട്. അവരെ ഹാർബറുകളിൽ വിന്യസിക്കുന്നതും സ്ഥിരമായി അവരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് റെസ്ക്യൂ ഓപ്പറേഷനുവേണ്ടിയുള്ള സംവിധാനവും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് നടപ്പാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ശ്രീമതി ദെലീമ: സർ, ട്രോളിംഗ് നിരോധന സമയത്ത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയുന്നില്ല. എന്നാൽ വിദേശ നിർമ്മിത ബോട്ടുകളുടെയും കപ്പലുകളുടെയും സഹായത്താൽ വ്യാപകമായ മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇവിടെ പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിലാണ് മത്സ്യബന്ധനം നിയന്ത്രിക്കാൻ അധികാരമുള്ളത്. വിദേശ ട്രോളറുകൾ ഉൾക്കടലിൽ വരുന്നത് നിയന്ത്രിക്കുന്നതിൽ പരിമിതികളുണ്ട്. എന്നാൽ നിയമമനുസരിച്ച് പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിൽ പോലീസ് ഫോഴ്സിനെ ഉപയോഗിച്ചുകൊണ്ട് ആവശ്യമായ ഇടപെടലുകളും നിയന്ത്രണങ്ങളും ഇപ്പോൾ നടപ്പാക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇത്തവണ വെള്ളപ്പൊക്കം വരുമെന്ന വിഷയമുണ്ടായപ്പോൾ സ്വാഭാവികമായും മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളാണ് മുൻകരുതലിനായി വന്നത്. ആലുവ ഉൾപ്പെടെയുള്ള എല്ലാ പ്രദേശത്തുനിന്നും മത്സ്യത്തൊഴിലാളികൾ വരികയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്തു. എന്നാൽ ഒരു അഭിപ്രായം പറയാനുള്ളത്, രക്ഷാപ്രവർത്തനത്തിനുവേണ്ടി മത്സ്യത്തൊഴിലാളികളെ വിളിച്ചുവരുത്തുമ്പോൾ അവർക്ക് വരാൻ താല്പര്യംകൂടി ഉണ്ടാകണം. മത്സ്യത്തൊഴിലാളികൾ തൊഴിൽ ഉപേക്ഷിച്ചാണ് വരുന്നത്. 2018-ൽ നടന്ന പ്രളയത്തിൽ അവരായിരുന്നു നമുക്ക് ആശ്രയം. അങ്ങനെ തൊഴിൽ ഉപേക്ഷിച്ച് വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ബത്ത നൽകാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, 'കേരളത്തിന്റെ സൈന്യം' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന സേവനത്തെ ഞാൻ അങ്ങേയറ്റം വിലമതിക്കുകയാണ്. കാരണം 2018-ലെ പോലെ പ്രളയം ഉണ്ടായില്ലെങ്കിലും പ്രയാസകരമായ അന്തരീക്ഷമാണ് പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിൽ സംഭവിച്ചത്. നൂറുകണക്കിന് വള്ളങ്ങൾ തയ്യാറാക്കി ഈ പ്രദേശങ്ങളിലേയ്ക്ക് അയച്ചു. അവർക്കെല്ലാവർക്കും ഒരാൾക്ക് 2,000 രൂപവീതം ബത്തയായി ഫിഷറീസ് വകുപ്പ് കൊടുത്തിട്ടുണ്ടെന്ന കാര്യം സന്തോഷത്തോടെ അറിയിക്കുകയാണ്. ഇനിയും വേണമെങ്കിൽ സഹായം കൊടുക്കാൻ തയ്യാറാണ്.

ശ്രീ. കെ. ആൻസലൻ: സർ, തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, കൊല്ലങ്കോട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുവേണ്ടി കേരളത്തിന്റെ വിവിധ ഫിഷിംഗ് ഹാർബറുകളിലേയ്ക്ക് പോകാറുണ്ട്. ബേപ്പൂർ, മുനമ്പം പ്രദേശങ്ങളിൽ ഇതരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനത്തിന് അനുവദിക്കാതെ തദ്ദേശീയരായ തൊഴിലാളികളുടെ ഇടപെടൽ വലിയ തോതിലുള്ള സംഘർഷത്തിനും പ്രശ്നത്തിനും ഇടവരുത്തുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇങ്ങനെയുള്ള പ്രശ്നം പ്രധാനമായും വന്നത് കൊല്ലത്തേയ്ക്ക് വരുന്ന തൊഴിലാളികളെ നീണ്ടകരയിൽ തടയുന്നതുമായി ബന്ധപ്പെട്ടാണ്. കടൽക്ഷോഭം ഉണ്ടാകുമ്പോൾ യാനങ്ങൾക്ക് ചില ഹാർബറുകളിലേയ്ക്ക് അടുക്കാൻ കഴിയാത്ത സാഹചര്യം വരുന്ന സന്ദർഭത്തിൽ മറ്റ് ഹാർബറുകളിലേയ്ക്ക് മീൻ പിടിച്ചതിനുശേഷം തൊഴിലാളികൾ പോകുമ്പോൾ അവിടത്തെ ചില ആളുകൾ അതിനെ എതിർക്കുന്നുണ്ടെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കൊല്ലത്ത് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് കൂടി ആ പ്രശ്നത്തിന് പരിഹാരം കണ്ടിട്ടുണ്ട്. ബേപ്പൂർ, പൊഴിയൂർ ഹാർബറുകളിലേയ്ക്ക് ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന തൊഴിലാളികൾക്ക് ഉണ്ടാകുന്ന പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രശ്നങ്ങളിൽ ഗവണ്മെന്റ് ഇടപെട്ടിട്ടുണ്ട്. ഇനി അത്തരം പ്രശ്നങ്ങൾ വന്നാലും അതിലിടപെട്ട് ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. പി. എ. മജീദ്: സർ, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വളരെ പ്രധാനമാണ്. കുറെക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. പരപ്പനങ്ങാടി, താനൂർ ഭാഗത്ത് എന്തെങ്കിലും അപകടം സംഭവിച്ചാൽ പൊന്നാനിയിൽനിന്നും ആംബുലൻസ് വരണം. ഇവരുടെ സുരക്ഷ ഉറപ്പാക്കാനാവശ്യമുള്ള മുൻകരുതലുകളുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, മറൈൻ ആംബുലൻസുകളുടെയും പരിശീലനം ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളി ചെറുപ്പക്കാരെയും ഉപയോഗപ്പെടുത്തിയുള്ള റെസ്ക്യൂ ഓപ്പറേഷൻ ടീമിന്റെ കാര്യം സൂചിപ്പിച്ചു. കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള ഫോഴ്സുകളെ ഉപയോഗപ്പെടുത്തി റെസ്ക്യൂ ഓപ്പറേഷൻ പ്ലാൻ ചെയ്തിട്ടുണ്ട്. ഒരു കാര്യം വ്യക്തമായി മനസ്സിലാക്കണം, കഴിഞ്ഞ കുറച്ച് കാലമായി കടലിലുണ്ടാകുന്ന എല്ലാ പ്രതിഭാസങ്ങളും ഏറ്റവും കൂടുതൽ ബാധിക്കുന്നത് മത്സ്യത്തൊഴിലാളികളെയാണ്. അപകടങ്ങൾ വർദ്ധിച്ചുവരികയാണ്, അതിന് പാരിസ്ഥിതികമായ ധാരാളം പ്രശ്നങ്ങളുണ്ട്. അതെല്ലാം നമുക്കറിയാവുന്ന കാര്യമാണ്. അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് പരമാവധി അപകടമൊഴിവാക്കാൻവേണ്ടി ഇടപെടൽ നടത്തുന്നുണ്ട്. അത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയിലേയ്ക്കാണ് ഗവണ്മെന്റ് പോകുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, പ്രകൃതിക്ഷോഭവും കടൽക്ഷോഭവുംമൂലം നിത്യേന അപകടമുണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എല്ലാ പോർട്ടുകളും കേന്ദ്രീകരിച്ചുകൊണ്ട് മറൈൻ റെസ്ക്യൂ ബോട്ടുകൾ കൂടുതൽ ഏർപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കുമോ; ഇന്ന് പല പോർട്ടുകളിലും അത്തരം സംവിധാനമില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇപ്പോൾ 13 പോർട്ടുകളിലും അതിനുള്ള സംവിധാനമുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ഹാർബറുകളിലും പോർട്ടുകളിലും റെസ്ക്യൂ ഓപ്പറേഷൻ സംവിധാനങ്ങൾ പരിമിതമാണെങ്കിൽ അതിനെ വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വരുന്ന ആറ് മാസത്തിനുള്ളിൽ സമ്പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടാത്തതും എന്നാൽ കടലോരത്ത് താമസിക്കുന്ന അർഹതയുള്ളവരുമായ മത്സ്യത്തൊഴിലാളികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഏകദേശം പത്തൊൻപതിനായിരത്തോളം കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിലൂടെ മാറ്റിപ്പാർപ്പിക്കുന്നതിന് ലക്ഷ്യമിടുന്നത്. 9 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരികയാണ്. നിർമ്മാണം പൂർത്തീകരിച്ച ഫ്ലാറ്റുകൾ തുറന്നുകൊടുത്തു, ആയിരക്കണക്കിന് വീടുകൾ നൽകി. ഇതിന്റെ നിബന്ധനകളിൽ ചില പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചുകൂട്ടി നിബന്ധനകളിൽ കാര്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്, വരുന്ന ക്യാബിനറ്റിൽ തീരുമാനമാകും. അത് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ അവിടെനിന്നും ഒഴിവാകുമ്പോൾ അവരുടെ ഭൂമി നഷ്ടപ്പെടുമെന്നുള്ള ആശങ്ക ദൂരീകരിച്ചുകൊണ്ട് അതിന്റെ ഉടമസ്ഥാവകാശം അവർക്കുതന്നെ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നുവെന്ന കാര്യമാണ് ആ നിബന്ധനകളിൽ പ്രധാനമായുമുള്ളത്. അത്തരത്തിൽ ചില നോംസ് ഭേദഗതി ചെയ്യുന്നതോടുകൂടി കൂടുതൽ ആളുകളെ ഈ പദ്ധതിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. തീരപ്രദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി സ്ഥലലഭ്യതയുടെ പ്രശ്നമുണ്ട്. അതിനായി നിരവധി മീറ്റിംഗുകൾ കൂടിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ഞാനും നിരവധി മീറ്റിംഗുകൾ കളക്ടർമാരുമായി നടത്തിക്കഴിഞ്ഞു. കുറേ സ്ഥലങ്ങളിപ്പോൾ വന്നിട്ടുണ്ട്. അവ ഏറ്റെടുക്കുന്നതിനുള്ള സമീപനം സ്വീകരിക്കുകയാണ്. 2,450 കോടി രൂപ സംസ്ഥാന ഗവൺമെന്റ്, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിക്കഴിഞ്ഞു. ഫണ്ടിന് ഷോർട്ടേജില്ല, പദ്ധതി നടപ്പാക്കാനായാണ് മുന്നോട്ടുപോകുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അങ്ങ് ഇന്നലെ വളരെ ദീർഘമായി സംസാരിച്ചതാണ്; ചുരുക്കി ചോദിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ചുരുക്കിയാണ് ചോദിക്കുന്നത്.

മി. സ്പീക്കർ: മുൻ ഫിഷറീസ് വകുപ്പുമന്ത്രി എന്ന നിലയ്ക്കാണ് അനുവദിച്ചത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ്, മര്യനാട്, പെരുമാതുറ എന്നീ പ്രദേശങ്ങളിലെല്ലാം 12 നോട്ടിക്കൽ മൈലിനുള്ളിലും കരയോട് ചേർന്നും തോട്ടപൊട്ടിച്ച് മത്സ്യബന്ധനം നടത്തുന്നത് പതിവാണ്. മറ്റ് സംസ്ഥാനങ്ങളിലെയും കേരളത്തിലെയും ട്രോളിംഗ് ബോട്ടുകൾ രാത്രികാലങ്ങളിൽ നിരോധിച്ച ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇത് ഈ പ്രദേശങ്ങളിലെല്ലാം വലിയ ക്രമസമാധാനപ്രശ്നമായി മാറിയിട്ടുണ്ട്. കപ്പൽ വള്ളങ്ങൾ ചെറിയ വലക്കണ്ണി ഉപയോഗിച്ച് മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് വളത്തിനുവേണ്ടി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. സജി ചെറിയാൻ: സർ, ഇന്നലെ ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ വിശദമായി പറഞ്ഞിരുന്നു. ജുവനൈൽ ഫിഷിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ പേരിൽ പല യാനങ്ങളും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ശക്തമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. പെരുമാതുറ, മര്യനാട് എന്നിവിടങ്ങളിൽ മാത്രമല്ല, കേരളത്തിന്റെ പല പ്രദേശങ്ങളിലും അനധികൃത ഫിഷിംഗ് നടക്കുന്നുണ്ട്; അത് തീർച്ചയായും നിയന്ത്രിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കും.

**ഗോത്രസാരഥി പദ്ധതി**

2(*362) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം സ്കൂൾ തുറക്കുമ്പോൾ പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങൾ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുമോയെന്ന് അറിയിക്കാമോ;

(ഡി) വന്യമൃഗങ്ങളുടെ ഭീഷണി കൂടുതലുള്ള ഉൾവനങ്ങളിൽനിന്നും സ്കൂളിലെത്താൻ ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് മുൻഗണന നൽകി ഹോസ്റ്റലുകളിൽ താമസിച്ച് പഠനം തുടരുന്നതിന് സൗകര്യമൊരുക്കുമോ; വിശദമാക്കുമോ;

(ഇ) ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്ന് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോയിവരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എൽ.പി. തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം അര കിലോമീറ്ററിൽ കൂടുതലും യു.പി. തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം ഒരു കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം 2 കിലോമീറ്ററിൽ കൂടുതലും ആയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ കുട്ടികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ടി പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയിൽ സ്ഥാപന മേധാവി, സീനിയർ അദ്ധ്യാപകൻ, സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ ഉൾപ്പെടുന്നതിനാൽ കുട്ടികളുടെ ഹാജരില്ലായ്മ തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും അതുവഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് തടയിടുന്നതിനും സാദ്ധ്യമാകുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, നഗരകാര്യം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ഗോത്രസാരഥി പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നതും സ്കൂളുകളുടെ നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളായതിനാൽ, പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഫണ്ട് മതിയാകാതെ വരുന്ന സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിനും പ്രസ്തുത പദ്ധതിക്കായി വിഹിതം വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പ് അദ്ധ്യയന വർഷത്തിൽ പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉൾവനങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കും വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രഥമ പരിഗണന നൽകി താമസിച്ച് പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വനത്തോട് ചേർന്നു കിടക്കുന്ന സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കണ്ണവം, ആനവായ്, ഗോട്ടിയാർകണ്ടി, പറമ്പിക്കുളം, വാഴച്ചാൽ, വെറ്റിലപ്പാറ, പിണവൂർക്കുടി, ഇടമലയാർ, അച്ചൻകോവിൽ എന്നീ സ്ഥലങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇടമലക്കുടി, അരേക്കാപ്പ് മുതലായ വിദൂര ഊരുകളിലെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള വിവിധ ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നുണ്ട്. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കായി തിരുനെല്ലി, നൂൽപ്പുഴ, നിലമ്പൂർ, മലമ്പുഴ, കാസർഗോഡ് എന്നിവിടങ്ങളിൽ ആശ്രമം സ്കൂളുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഇ) വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി ഗോത്രസാരഥി പദ്ധതിക്കുപുറമെ ഗോത്രബന്ധു പദ്ധതിപ്രകാരം നിയമിതരായ മെന്റർ ടീച്ചർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാ ഓഫീസ് തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഗോത്രസാരഥി പദ്ധതിപോലെതന്നെ ഗോത്രബന്ധു പദ്ധതിയെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. പ്രീപ്രൈമറി മുതൽ ഈ ഇടപെടൽ അനിവാര്യമാണെന്നാണ് വകുപ്പ് മനസ്സിലാക്കുന്നതെന്ന

കാര്യം തിരിച്ചറിയുകയാണ്. അങ്ങനെവരുന്ന കുട്ടികളെ മുഴുവൻ അവരുടെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി എടുത്തുകൊണ്ട് മനഃശാസ്ത്രപരമായി അവരെ സമീപിച്ച് വിദ്യാഭ്യാസമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള പരിശീലനം എല്ലാ അദ്ധ്യാപകർക്കും നൽകിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഗോത്രബന്ധു പദ്ധതി ആ ഉദ്ദേശ്യത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. ആദിവാസികളുടെ ഭാഷയിൽ കുട്ടികളെ പഠിപ്പിക്കാൻ മറ്റ് സ്കൂൾ അദ്ധ്യാപകരെ സഹായിക്കുകയാണ് മെന്റർ ടീച്ചർമാരുടെ പ്രധാന ചുമതല. വയനാട് 241-ഉം പാലക്കാട് 46-ഉം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഇനി ഏതെങ്കിലും പ്രദേശത്ത് മെന്റർ ടീച്ചർമാരെ നിയമിക്കേണ്ടതുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കും. കുട്ടികളുടെയും അദ്ധ്യാപകരുടെയും ഭാഷ തമ്മിൽ ചില സ്ഥലങ്ങളിലുണ്ടാകുന്ന പ്രയാസം പരിഹരിക്കാൻ വേണ്ടിയാണ് മെന്റർ ടീച്ചർമാരെ എല്ലാ പ്രദേശത്തും നിയമിച്ചിരിക്കുന്നത്. അതുകൊണ്ട് ആ പ്രദേശങ്ങളിൽ കുട്ടികൾക്ക് കൂടുതൽ പഠന സൗകര്യമുണ്ടാക്കാനും കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുന്നുണ്ട്. ഇനി എവിടെയെങ്കിലും ആവശ്യമായി വരികയാണെങ്കിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, നിർദ്ധനരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കും വിവിധ പ്രവേശന പരീക്ഷകൾക്കുമുള്ള പരിശീലനം നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ പരിശീലനം നൽകിവരുന്നത് ഗുണകരമാകുന്നുണ്ടോ എന്ന കാര്യത്തിലാണ് സംശയം. അതുകൊണ്ടുതന്നെ സിവിൽ സർവ്വീസ് പരീക്ഷയിൽ അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിനുവേണ്ട വിവിധ പരിശീലന പരിപാടികൾ നടത്തുന്നതോടൊപ്പം ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളിലേയ്ക്ക് ഈ കുട്ടികളെ സെലക്ട് ചെയ്ത് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. വി. ശശി: സർ, ഗോത്രസാരഥി പദ്ധതി 2014 മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയത്. ഇതിനോടകം ഏകദേശം 353 സ്കൂളുകളിലായി 12800 വിദ്യാർത്ഥികൾക്ക് ഇതിന്റെ സഹായം എത്തിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് ആറ് കോടി അറുപത്തിയേഴ് ലക്ഷം രൂപയാണ് 2018-19-ൽ ഇതിനുവേണ്ടി വിനിയോഗിച്ചത്. 2020 മുതൽ ടി പദ്ധതി ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. കുറച്ചുകൂടി ഭംഗിയായി

നടത്താൻ ത്രിതലപഞ്ചായത്തിന് സാദ്ധ്യമാകും. ഇപ്പോൾത്തന്നെ പദ്ധതി നടപ്പിലാക്കുന്നതിന് അവർ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആറ് കോടി അറുപത്തിയേഴ് ലക്ഷം രൂപ ടി പദ്ധതിക്കുവേണ്ടി ചെലവാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ത്രിതല പഞ്ചായത്തിലെ ടി.എസ്.പി. ഫണ്ടിലേയ്ക്ക് വകമാറ്റി പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നാക്കം നിൽക്കുന്ന, വനത്തിനുള്ളിലും പ്രാന്തപ്രദേശത്തും വസിക്കുന്ന വീടുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സഹായം എന്ന നിലയിൽ ടി പദ്ധതി നടപ്പിലാക്കാൻ കേന്ദ്രസർക്കാരിന്റെ ധനസഹായത്തിന് സമീപിച്ചിട്ടുണ്ടോ; അല്ലെങ്കിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ പദ്ധതി വളരെ ഗുണകരമാണെന്ന് കണ്ടതുകൊണ്ടാണ് ത്രിതല പഞ്ചായത്തുകളുടെകൂടി സഹകരണത്തോടെ പദ്ധതി നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറായത്. അതുകൊണ്ടാണ് ത്രിതല പഞ്ചായത്തുകൾക്ക് ട്രൈബൽ വകുപ്പിൽനിന്നും കൊടുത്ത ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. അവർക്ക് ആവശ്യമായ ഫണ്ട് കൊടുക്കുന്നുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ഏകദേശം 183 കോടി രൂപ ത്രിതല പഞ്ചായത്തിന് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി കൊടുക്കുന്നുണ്ട്. തീർച്ചയായും ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്ന് ത്രിതല പഞ്ചായത്തുകൾക്ക് ഗോത്രസാരഥി പദ്ധതിക്കുവേണ്ടിയുള്ള പണം ചെലവഴിക്കാൻ യാതൊരു തടസ്സവുമില്ല. കേന്ദ്ര ട്രൈബൽ വകുപ്പുമന്ത്രിയെക്കണ്ട് കേരളത്തിലെ റിമോട്ട് ഏരിയയിലെ ആദിവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം കേരളത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നിലപാടുകൂടി നമുക്ക് അനുകൂലമായി മാറിക്കഴിഞ്ഞാൽ കുറേക്കൂടി ഭംഗിയായി ടി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. പി. എസ്. സുപാൽ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി കരുതലോടെ പ്രവർത്തിക്കുന്ന സർക്കാരാണിത്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിവിധ പദ്ധതികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ്

ഗവണ്മെന്റ് സ്വീകരിക്കുന്നത്? അതോടൊപ്പം ഡിജിറ്റൽ പഠനോപകരണങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുമെന്ന് അങ്ങ് നേരത്തെ സൂചിപ്പിച്ചിരുന്നതാണ്. അത് നൽകുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി നേരത്തെ പറഞ്ഞ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. തീർച്ചയായും കൊഴിഞ്ഞുപോക്കിന്റെ തോത് കുറഞ്ഞു വരുന്നുണ്ട്. പൂർണ്ണമായും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതുപോലെ ഡിജിറ്റൽ വിദ്യാഭ്യാസം ഈ പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഡിവൈസ് കൊടുക്കണമെന്ന് തീരുമാനമെടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. കഴിഞ്ഞ 25-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേരളത്തിലെ ഏകദേശം 37717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൈറ്റിന്റേയും വിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ (ലാപ്ടോപ്പ്) കൊടുക്കാൻ തീരുമാനമെടുക്കുകയും ഒന്നോ രണ്ടോ ആഴ്ചകളുള്ളിൽ മുഴുവൻ വിദ്യാർത്ഥികൾക്കും അവ വിതരണം ചെയ്യുകയും ചെയ്യും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അദ്ധ്യയന വർഷം ആരംഭിക്കുന്നതിന്റെ ഭാഗമായി ഏറെക്കാലമായി അടച്ചിട്ടിരിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സ്കൂളുകൾ 1-ാം തീയതിയോടുകൂടി തുറന്ന് പ്രവർത്തിക്കുകയാണ്. സ്കൂളുകൾ കുറച്ചുകാലമായി അടഞ്ഞുകിടക്കുകയാണ്. മോഡൽ സ്കൂൾ മാത്രമല്ല പ്രീ-മെട്രിക് ഹോസ്റ്റലും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുമെല്ലാം അടഞ്ഞുകിടക്കുകയായിരുന്നു. അതുകൊണ്ടുതന്നെ അവിടെ പലതരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കി ഒരു മാസം മുമ്പുതന്നെ, സ്കൂൾ തുറന്ന് പ്രവർത്തിക്കാൻ ആലോചിക്കുന്ന സന്ദർഭത്തിൽത്തന്നെ മോഡൽ സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റൽ, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ എന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നിർദ്ദേശം നൽകിയതനുസരിച്ച് മിക്കവാറും എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെയും സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. എവിടെയെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗാന്ധിഗ്രാം പദ്ധതിയുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ നിരന്തരം സന്ദർശിക്കുന്ന ഒരാളാണ് ഞാൻ. ആരോഗ്യവും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് അവിടെ കാണാൻ കഴിയുന്നത്. ആരോഗ്യ പ്രശ്നങ്ങൾ, നേരിടാൻ കഴിയാത്ത അവസ്ഥ. അതുപോലെ വിദ്യാഭ്യാസരംഗത്തെ കൊഴിഞ്ഞുപോക്കിനെപ്പറ്റി ബഹുമാനപ്പെട്ട പുനലൂർ അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഏഴോ എട്ടോ ക്ലാസ് കഴിഞ്ഞശേഷം പഠിക്കാൻ പോകാതെ മറ്റുകാര്യങ്ങൾക്ക് പോകുന്ന കുട്ടികളെ പഠനത്തിലേയ്ക്ക് പ്രോത്സാഹിപ്പിച്ച് കൊണ്ടുവരാൻ നടപടിയുണ്ടാകണം. അതുപോലെ കാട്ടിൽനിന്ന് ഇവർക്ക് ശേഖരിക്കാൻ കഴിയുന്ന വനവിഭവങ്ങളുണ്ട്; അതായത് പച്ചമരുന്നുകൾ പോലുള്ളവ. അതിനെല്ലാം വനം വകുപ്പ് ഉദ്യോഗസ്ഥർ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നത് അനുവദിക്കാതിരിക്കുകയും വേണം. അത്തരത്തിൽ ആദിവാസികളെ പീഡിപ്പിക്കുന്ന നടപടി വ്യാപകമാണ്. വനാവകാശ നിയമം പാർലമെന്റ് പാസ്സാക്കിയതാണ്. സംയുക്ത യോഗം വിളിച്ച് വനാവകാശ നിയമത്തിന്റെ പരിധിയിൽവരുന്ന കാര്യങ്ങൾ ആദിവാസികൾക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കണമെന്നാണ്. ഞാൻ നേരത്തെ പറഞ്ഞു, പലപ്പോഴും ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ധാരാളമുണ്ടായിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് സംസ്ഥാനത്ത് കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയും പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തതോടുകൂടി കൊഴിഞ്ഞുപോക്കിന്റെ തോത് നല്ലതുപോലെ കുറഞ്ഞിട്ടുണ്ട്. ഇനിയും കുറയ്ക്കാൻവേണ്ടിയുള്ള നടപടികളാണ് വിവിധ രീതിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ത്രിതല പഞ്ചായത്തുകളുടെയും പ്രൊമോട്ടർമാരുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും മറ്റ് പല സാമൂഹ്യപ്രവർത്തകരുടെയും സഹായത്തോടുകൂടി തുടർവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അങ്ങ് രണ്ടാമത് ചൂണ്ടികാണിച്ചത്, വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്കുള്ള അവകാശം സംരക്ഷിക്കണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച് ഉന്നതതലത്തിൽ രണ്ട് യോഗങ്ങൾ ഇതുവരെ കൂടിയിട്ടുണ്ട്. വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ ഇപ്പോൾ എല്ലാ സ്ഥലത്തും വനവിഭവ ശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

എവിടെയെങ്കിലും അത്തരം തടസ്സങ്ങളുണ്ടെങ്കിൽ അവിടെ ഇടപെടാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തയ്യാറാണെന്ന് വനം വകുപ്പുമന്ത്രിയും ഞാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസി സഹോദരങ്ങൾക്ക് തടസ്സമുണ്ടെങ്കിൽ അത് നീക്കാൻവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ആദിവാസി ജനവിഭാഗത്തിന്റെ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ പഠന സൗകര്യാർത്ഥവും അതോടൊപ്പം ഡ്രോപ് ഔട്ട് കുറയ്ക്കുന്നതിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള പല ഹോസ്റ്റലുകളിലും ഇപ്പോൾ അനുവദിക്കപ്പെട്ടതിൽ കൂടുതൽ കുട്ടികൾ വരുന്നുണ്ടെന്ന വിവരം ലഭ്യമായിട്ടുണ്ട്. അതുകൊണ്ടുതന്നെ അതിന്റേതായ ചില പ്രയാസങ്ങൾ അവർ നേരിടുന്നുമുണ്ട്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമായി ആവശ്യമായ ഇടങ്ങളിൽ ഹോസ്റ്റലുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ 105 ഹോസ്റ്റലുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. അവിടെ മിക്കവാറും കുട്ടികൾ വരുന്നുണ്ടെന്നുള്ളത് പ്രത്യേകതയാണ്. എന്നാൽ എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടത്തുന്ന ഹോസ്റ്റലുകളിൽ വേണ്ടത്ര കുട്ടികൾ വരാതിരിക്കുന്ന സ്ഥിതിയുണ്ട്. തീർച്ചയായും എസ്.സി. ഡിപ്പാർട്ടുമെന്റ് നടത്തുന്ന ഹോസ്റ്റലുകളിലുൾപ്പെടെ ട്രൈബൽ കുട്ടികളെക്കൂടി അഡ്മിറ്റ് ചെയ്യുന്നതുസംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന് തീരുമാനമായിട്ടില്ല. പഠിക്കാൻ സന്നദ്ധരായി വരുന്ന മുഴുവൻ കുട്ടികൾക്കും ഹോസ്റ്റലിൽ താമസിച്ച് പഠിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നവംബർ ഒന്നിന് വിദ്യാലയങ്ങൾ തുറക്കുകയാണ്. ഉൾവനങ്ങളിലുള്ള കുട്ടികൾക്ക് കഴിഞ്ഞ ഒന്നര വർഷമായി വിദ്യാലയങ്ങളിൽ വരാനോ ടീച്ചർമാരുമായി ബന്ധപ്പെടാനോ കഴിഞ്ഞിട്ടില്ല. പല കുട്ടികൾക്കും മൊബൈൽ ഫോൺ പോലുമില്ല. അവർ വിദ്യാലയങ്ങളുമായുള്ള ബന്ധം വേർപെട്ട സാഹചര്യത്തിലാണുള്ളത്. അതുകൊണ്ട് ഒരു പ്രത്യേക പരിശ്രമം നടത്തിയെങ്കിൽ മാത്രമേ ആ കുട്ടികളെ മുഴുവൻ വിദ്യാലയങ്ങളിലെത്തിക്കാൻ കഴിയുകയുള്ളൂ. അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? 2014-ൽ ഗോത്രസാരഥി പദ്ധതി ആരംഭിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും നൽകിയിരുന്നത് പട്ടികവർഗ്ഗ വികസന വകുപ്പായിരുന്നു. 2018-നുശേഷമാണ് അത് പഞ്ചായത്തുകളെ ഏല്പിച്ചത്.

പഞ്ചായത്തുകൾക്ക് ഗവണ്മെന്റ് കൊടുക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് ധാരാളം കാര്യങ്ങൾ ചെയ്യുന്ന കൂട്ടത്തിൽ ഇതുകൂടി ചെയ്യുന്നത് വളരെ ദുഷ്കരമായിരിക്കുകയാണ്. വാഹനങ്ങൾക്ക് വാടക ലഭിക്കാത്തതുകൊണ്ട് വാഹന ഉടമകൾ ഇത്തരം കാര്യങ്ങൾക്ക് ഇനി വരില്ലെന്നുപറഞ്ഞ സാഹചര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളിലേതുപോലെ ഗവണ്മെന്റ് നേരിട്ട് ഇത് നടപ്പാക്കുന്നതിനുള്ള പണം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ട് തന്നെയാണ് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി കൊടുക്കുന്നത് എന്നതാണ് ഇത് ത്രിതല പഞ്ചായത്തുകളെ ഏല്പിക്കാൻ കാരണം. ആ പണം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ത്രിതല പഞ്ചായത്തുകൾ സന്നദ്ധമാകുന്നതിന് വേണ്ടിയാണ് അങ്ങനെയൊരു തീരുമാനമെടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഈ പദ്ധതി ഏറെ പ്രയോജനകരമാണ്. വാഹനങ്ങൾക്ക് വാടക ലഭിക്കാത്ത പ്രശ്നം എവിടെയെങ്കിലുമുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവണ്മെന്റ് ഇടപെടുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ട്രൈബൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്നതിനേക്കാൾ ത്രിതല പഞ്ചായത്തുകളും മറ്റ് സംഘടനകളുംകൂടി ചേർന്ന് നടത്തുന്നതായിരിക്കും കുറച്ചുകൂടി ഫലപ്രദം. ഉൾപ്രദേശങ്ങളിലുൾപ്പെടെയുള്ള കുട്ടികൾക്ക് ഇത് ഏറെ പ്രയോജനകരമായി മാറിയിട്ടുണ്ട്. അവിടെയുള്ള കുട്ടികളെ സ്കൂളിലെത്തിക്കാൻ കഴിയുന്നുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതിൽ ഇടപെടാൻ ഗവണ്മെന്റ് സന്നദ്ധമാകുമെന്നാണ് അറിയിക്കാനുള്ളത്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പൊതുവെ കായികക്ഷമതയുള്ളവരാണ്. എന്നാൽ ശരിയായ രീതിയിലുള്ള പരിശീലനം നടത്തുന്നതിന് അവർക്ക് ഗ്രൗണ്ടുകളില്ലെന്നുള്ളത് വസ്തുതയാണ്. ഇവരെല്ലാം വനമേഖലയോടുചേർന്ന് താമസിക്കുന്നതിനാൽ അവിടെ ഗ്രൗണ്ടുകളുണ്ടാക്കുന്നതിന് വനം വകുപ്പിന്റെ തടസ്സമുണ്ടെന്നതാണ് ഇതിന്റെ പ്രധാന കാരണം. ഇത് പരിഹരിക്കുന്നതിന് വനം-കായിക വകുപ്പുകളുമായി ചേർന്ന് എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സ്പോർട്സ് രംഗത്ത് ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്യാൻ കഴിയുന്ന മേഖലയാണ് ട്രൈബൽ ഏരിയ. അതുകൊണ്ടാണ് ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ വെള്ളായണിയിൽ ആരംഭിച്ചത്. ഇന്ത്യയിലാദ്യമായി എസ്.സി./എസ്.ടി. കുട്ടികൾക്കുവേണ്ടി സ്ഥാപിച്ച മോഡൽ

റസിഡൻഷ്യൽ സ്പോർട്സ് സ്കൂളായിരിക്കും ഇത്. ഇനിയും ഒന്നോ രണ്ടോ മോഡൽ സ്പോർട്സ് സ്കൂളുകൾ കൂടി സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരികയാണ്. വനം വകുപ്പിന്റെ ചില നിബന്ധനകൾ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. എന്നാൽ ചില സ്ഥലത്തൊക്കെ വനമേഖലയിൽത്തന്നെ ഗ്രൗണ്ടുകളുണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കായികം, വനം വകുപ്പുമന്ത്രിമാരുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ വാർഡുകളിലും കളിസ്ഥലങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ലക്ഷ്യം. കാരണം, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന യുവതീ-യുവാക്കളെ സ്പോർട്സിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ തീർച്ചയായും അവരുടെ ആരോഗ്യത്തിലും മാനസിക വികാസത്തിലും സ്വഭാവത്തിലും വളരെ മാറ്റമുണ്ടാകും.

മി. സ്പീക്കർ: അക്കാര്യത്തിൽ അട്ടപ്പാടിയിൽ നല്ല അനുഭവമുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പുതിയ തലമുറയെ സ്പോർട്സിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ അവരിൽ വലിയ രീതിയിലുള്ള മാറ്റമുണ്ടാക്കാൻ സാധിക്കും. ആദിവാസി സമൂഹത്തിൽ നല്ല കഴിവും ശേഷിയും ആരോഗ്യവുമുള്ള കുട്ടികളുണ്ട്. അവരെ കണ്ടെത്താനും പരിശീലനം കൊടുക്കാനും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും പ്രഗത്ഭരാക്കി മാറ്റാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. രാജ: സർ, ആദിവാസി മേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. വട്ടവട മേഖലയിൽ 5 കോടി രൂപ ചെലവിൽ ആരംഭിക്കാനുദ്ദേശിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണം ഇപ്പോൾ പാതിവഴിയിലാണ്. സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ പദ്ധതി പൂർത്തീകരിക്കാൻ ഇടപെടൽ നടത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വട്ടവടയിലെ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് റിവ്യൂ മീറ്റിംഗ് നടത്തുകയുണ്ടായി. ഹോസ്റ്റൽ നിർമ്മാണത്തിനായി മാറ്റിവച്ച സ്ഥലം ചില വ്യക്തികൾ കയ്യേറിയതിനാൽ അവരെ ഒഴിപ്പിച്ച് അവിടെ ഹോസ്റ്റൽ നിർമ്മിക്കാനാണ് തീരുമാനിച്ചത്. അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കയ്യേറ്റക്കാരെ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, ഗോത്രസാരഥി പദ്ധതിയെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പല പഞ്ചായത്തുകളും ഗോത്രസാരഥി പദ്ധതി ഉൾപ്പെടുത്തിയില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആ പദ്ധതി നടക്കാൻ സാദ്ധ്യത കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് റിവിഷനുള്ള അവസരം കൊടുക്കുകയാണെങ്കിൽ പഞ്ചായത്തിന് അത് ചെയ്യാൻ സാധിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മിക്കവാറും പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഏതെങ്കിലും പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ സഹായവും ട്രൈബൽ ഡിപ്പാർട്ടുമെന്റിൽനിന്ന് ഉണ്ടാകുമെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ അവരുടെ ഗോത്ര ഭാഷ പരിപോഷിപ്പിക്കാൻ സംവിധാനമുണ്ടാകണം. അട്ടപ്പാടിയിൽ ഇരുള, മുഡുക എന്നീ രണ്ട് ഭാഷയും അതിന് ലിപിയുമൊക്കെയുണ്ട്. ഇത്തവണത്തെ സിനിമാ അവാർഡ് കിട്ടിയപ്പോൾ അട്ടപ്പാടിയിലെ നഞ്ചിയമ്മ ജൂറിയുടെ പ്രത്യേക പരാമർശത്തിന് വിധേയയായി. എത്ര ശുദ്ധസംഗീതമാണ് അവരിലൂടെ ലോകം കേട്ടത്. അവരുടെ ഭാഷയും സംസ്കാരവുമൊക്കെ പരിപോഷിപ്പിക്കാനുള്ള ശ്രമമുണ്ടാകണം. ഈ ഭാഷാ ഗവേഷണത്തിനും മറ്റുമായി സർക്കാർ പുതിയ സ്ഥാപനങ്ങളോ മറ്റ് സംവിധാനങ്ങളോ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസികളുടെ ഭാഷയും സംസ്കാരവും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒട്ടേറെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദിവാസികളുടെ ഭാഷയും സംസ്കാരവുമൊക്കെ പരിപോഷിപ്പിക്കാൻ കോഴിക്കോട് പ്രവർത്തിക്കുന്ന കിർത്താഡ്സ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭാഷാപരമായ തടസ്സങ്ങൾ നീക്കുക എന്ന ലക്ഷ്യത്തോടെയാണ് മെന്റർ ടീച്ചർമാരെ നിയമിക്കാൻ ഗവണ്മെന്റ് തയ്യാറായത്. കേരളത്തിൽ ഏകദേശം 287-ഓളം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. അതിൽ 46 പേരെ നിയമിച്ചിരിക്കുന്നത് അട്ടപ്പാടി ഉൾപ്പെടെയുള്ള പാലക്കാട് ജില്ലയിലാണ്. ആ ഗ്യാപ് കുറയ്ക്കാൻ കഴിയുന്നുണ്ട്. കുട്ടികളുടെയും അദ്ധ്യാപകരുടെയും ഭാഷകൾ ചേർത്ത് അവരെ സഹായിക്കാനാണ് മെന്റർ ടീച്ചർമാർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അത് ഏറെ ഗുണകരമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇനിയും കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കേണ്ടതുണ്ടെങ്കിൽ ഗവണ്മെന്റ് അതുകൂടി ചെയ്യുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മാതൃകാപരമായ പ്രവർത്തനങ്ങൾ ഇച്ഛാശക്തിയോടെ നടപ്പിലാക്കുന്ന ബഹുമാന്യനായ മന്ത്രിയെ ഞാൻ ആദരവോടെ അഭിനന്ദിക്കുകയാണ്. പഠന സമയത്തുണ്ടാകുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്കുപോലെ പ്രധാനമാണ് വിദ്യാഭ്യാസം ലഭിച്ചിട്ടും അതിനനുസരിച്ചുള്ള തൊഴിലിലേയ്ക്ക് അല്ലെങ്കിൽ ജീവിത ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിയാതെ കുഞ്ഞുങ്ങൾ വീണുപോകുന്നത്. അതുകൊണ്ട് പഠനസമയത്തുതന്നെ അവരുടെ അഭിരുചി കണ്ടെത്തി, ഒരു തൊഴിൽ എന്ന വാക്കല്ല, അവരെ ജീവിത ലക്ഷ്യത്തിലേയ്ക്കെത്തിക്കുന്ന, പഠനംമുതൽ ജീവിതലക്ഷ്യംവരെയുള്ള ഉന്നംപിഴയ്ക്കാത്ത ഒരു സഞ്ചാരപാത ഒരുക്കുന്നതിന് സമഗ്രമായൊരു പദ്ധതി നടപ്പിലാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പഠനം കഴിഞ്ഞാൽ അവർക്ക് മതിയായ ഒരു തൊഴിൽ ലഭിക്കുന്നില്ലെന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നല്ല ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഒരു ആദിവാസി വീട്ടിൽ ഒരാൾക്കെങ്കിലും മാസവരുമാനമുള്ള തൊഴിൽ ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നത്. ഇപ്പോൾ വനം വകുപ്പിൽ അഞ്ഞൂറോളം ഗാർഡുകളെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ പ്രോസസ് ആരംഭിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഇരുന്നൂറോളം പേരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ കുട്ടികൾക്കും അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യം വളർത്തിയെടുക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. സ്വയംതൊഴിൽ കണ്ടെത്താനുള്ള ഒട്ടേറെ പദ്ധതികളും നടപ്പിലാക്കുകയാണ്. എസ്.സി./എസ്.ടി. കോർപ്പറേഷൻ, എസ്.സി./എസ്.ടി. ഫെഡറേഷൻ എന്നിവയിലൂടെ കാലഘട്ടത്തിനനുസരിച്ച് തൊഴിലവസരങ്ങൾ കണ്ടെത്താനുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലെ പതിനെട്ടോളം ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടുന്നതാണ് അതിരപ്പിള്ളി പഞ്ചായത്ത്. അവിടെ അരേകാപ്പ് മുതൽ യാത്രാ സൗകര്യമില്ല. 2018-ലെ പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട് പോത്തുകല്ലിൽ താമസിക്കുന്ന ആനക്കയം കോളനി നിവാസികളടക്കമുള്ള നൂറുകണക്കിന് ആദിവാസികൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ ആളുകൾക്ക് വീടും സ്ഥലവും കൊടുക്കാനും പഠിക്കാനുമൊക്കെയുള്ള ഒരു സമഗ്ര പാക്കേജ് അതിരപ്പിള്ളിക്കുവേണ്ടി പ്രഖ്യാപിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസി ഊരുകൾ കൂടുതലുള്ള പഞ്ചായത്താണ് അതിരപ്പിള്ളി. തീർച്ചയായും അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുൻഗണന കൊടുക്കേണ്ടതാണ്. ഏറ്റവും ഫലഭൂയിഷ്ഠമായ സ്ഥലമാണ് അരേകാപ്പ്. അവിടെ ആദിവാസികൾക്ക് നല്ലതുപോലെ കൃഷിയുണ്ട്. പക്ഷേ, യാത്രാസൗകര്യം വളരെ കുറവാണ്. അതുകൊണ്ടാണ് പത്തോളം കുടുംബങ്ങൾ അരേകാപ്പിൽനിന്നും അടമലയാറിൽവന്ന് താമസിക്കുന്നത്. അവിടെ വഴിസൗകര്യമില്ലെന്നാണ് പ്രധാനമായും പറയുന്നത്. അവിടേയ്ക്ക് റോഡ് നിർമ്മിക്കണമെങ്കിൽ വലിയ പ്രയാസമാണ്. അതിന്റെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എടുത്തപ്പോൾ 20 കോടിയിൽപ്പരം രൂപ വേണ്ടിവരും. അത് ട്രൈബൽ ഫണ്ടിൽനിന്നുമാത്രം കണ്ടെത്താൻ കഴിയില്ല. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പും തൊഴിലുറപ്പ് പദ്ധതിയുമൊക്കെ കൂട്ടിച്ചേർത്തുകൊണ്ട് വനം വകുപ്പിന്റെകൂടി സഹായത്തോടെ അരേകാപ്പിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. അവിടത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പ്രധാനമായും റോഡ് അക്സസ് ഇല്ലെന്നുള്ളതാണ് പ്രശ്നം. അത് പരിഹരിക്കാനുള്ള ഇടപെടൽ നടത്തിവരികയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഇടപെടലിന്റെയും പരിശീലനത്തിന്റെയും ഭാഗമായി വയനാട്ടിൽനിന്നുള്ള ശ്രീമതി ശ്രീധന്യ സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നതവിജയം നേടിയത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. എറണാകുളം ആസ്ഥാനമായി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ അത്തരം പ്രൊഫഷണൽ കോഴ്സുകൾക്ക് ഉൾപ്പെടെ താമസസൗകര്യം ഏർപ്പെടുത്തി പരിശീലനം കൊടുക്കുന്ന കേന്ദ്രമുണ്ടെന്നാണ് അറിയുന്നത്. അത്തരത്തിൽ ജില്ലകൾതോറും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇതര കോഴ്സുകളിലേയ്ക്കും പി.എസ്.സി. പോലുള്ള മത്സരപ്പരീക്ഷകളിലേയ്ക്കും തയ്യാറെടുപ്പിക്കുന്നതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും. ഇവിടെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ധാരാളമുണ്ട്. ഈ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം വേണ്ടത്ര മുന്നോട്ട് പോകുന്നില്ലെന്നുള്ളത് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ സിവിൽ സർവ്വീസ് എക്സാമിനേഷൻ സെന്ററുണ്ട്. അതിന്റെയെല്ലാം പ്രവർത്തനങ്ങൾ മോഡിഫൈ ചെയ്ത് ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തിയാൽ കുറേ കുട്ടികളെ പരിശീലിപ്പിക്കാൻ

സാധിക്കും. പുതുതായി ഏതെങ്കിലും ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. മോഹനൻ: സർ, വിവിധ കാരണങ്ങളാൽ പഠനം നിർത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കാനും ബോധവൽക്കരണം നടത്താനും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കണ്ണവം ട്രൈബൽ സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകൾ ഹൈടെക് ആക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അവർക്ക് തുടർപഠനം നടത്താനുള്ള സംവിധാനങ്ങൾ നല്ലതുപോലെ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം പ്രായമായ ആളുകൾക്കും യുവതീ-യുവാക്കൾക്കും തുടർന്ന് സ്കൂളിൽ പഠിക്കാൻ കഴിയുന്നില്ലെങ്കിൽ അവരെ തുടർസാക്ഷരതാ പദ്ധതിയിലുൾപ്പെടുത്തി പഠിപ്പിക്കാൻവേണ്ടിയുള്ള ഒരു പദ്ധതി നടപ്പിലാക്കുകയും അത് നല്ല വിജയത്തിലെത്തുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി., എട്ടാം ക്ലാസ്സ്, ആറാം ക്ലാസ്സൊക്കെ പഠിച്ച യുവതീ-യുവാക്കൾ ഇപ്പോൾ തുടർസാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് തുല്യതാപരീക്ഷ എഴുതിയപ്പോൾ പ്ലസ് ടു-വിലും എസ്.എസ്.എൽ.സി.-ക്കും നല്ല വിജയം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതേത്തുടർന്ന് അവർക്ക് ഹയർ എഡ്യൂക്കേഷനുവേണ്ടിയുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കണ്ണവത്തെ മാത്രമല്ല എല്ലാ സ്കൂളുകളും മെച്ചപ്പെട്ട രീതിയിലായിട്ടുണ്ട്. അവയെല്ലാം ഹൈടെക് ആക്കാൻ ശ്രമമുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള മറ്റ് സ്കൂളുകളെല്ലാം ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## മത്സ്യ കൃഷിയും വിത്തുല്പാദനവും

3(*363) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള മത്സ്യ, ചെമ്മീൻ ഹാച്ചറികളുടെ വിത്തുല്പാദനശേഷി അനുസരിച്ച് ഉല്പാദനം നടത്താൻ കഴിയുന്നുണ്ടോ; സ്ഥാപിതശേഷി, നിലവിലെ ഉല്പാദനം എന്നിവ വ്യക്തമാക്കുമോ;

(ബി) തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) വ്യാപകമായി കൃഷി ചെയ്യുന്ന ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തിന്റെ വിത്തുല്പാദനത്തിനായി എത്ര ഹാച്ചറികളാണ് കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവുകളിൽ സ്ഥാപിച്ചിട്ടുള്ളത്; അവയുടെ സ്ഥാപിത-ഉല്പാദന ശേഷി എത്രയെന്നും സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് ഇത് പര്യാപ്തമാണോയെന്നും വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) സർക്കാർ അധീനതയിലുള്ള മത്സ്യ, ചെമ്മീൻ ഹാച്ചറികളുടെ വിത്തുല്പാദനശേഷിയനുസരിച്ച് ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഹാച്ചറികളുടെ സ്ഥാപിതശേഷി, നിലവിലെ ഉൽപ്പാദനം എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കേരളത്തിന്റെ മത്സ്യകൃഷിയുടെ പ്രധാന പരിമിതി, മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമായതിനാൽ മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷറീസ് ഫാമുകൾ, ഹാച്ചറികൾ മുതലായവയുടെ നടപ്പുസാമ്പത്തിക വർഷത്തെ മത്സ്യകുഞ്ഞ് ഉല്പാദന പ്രവർത്തനങ്ങളോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ, പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവ്വോയറുകളിലായി തദ്ദേശീയ മത്സ്യവിഭാഗത്തിൽപ്പെട്ട Endemic carp, Endemic cat fish, കുയിൽ മത്സ്യം, വരാൽ മുതലായവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന്റെ തൊഴിൽ സാദ്ധ്യതകൂടി ലക്ഷ്യംവച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. തദ്ദേശീയ മത്സ്യ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21, 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തിന്റെ വിത്തുല്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉൽപ്പാദനശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറിയിൽ ജൂലൈ മാസം മുതൽ മത്സ്യവിത്തുൽപ്പാദനം ആരംഭിച്ച് നാളിതുവരെ 1.28 ലക്ഷം ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പന്നിവേലിച്ചിറ ഗിഫ്റ്റ് ഹാച്ചറിയിൽ മത്സ്യവിത്തുല്പാദനം ഡിസംബർ മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. ഇതിനുപുറമേ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ ഒരു കോടി ഉൽപ്പാദനശേഷിയുള്ളതും പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 50 ലക്ഷം ഉൽപ്പാദനശേഷിയുള്ളതുമായ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഒരു കോടി ഉൽപ്പാദനശേഷിയുള്ള നൈൽ തിലാപ്പിയ ഹാച്ചറി കോഴിക്കോട് ജില്ലയിലെ കല്ലാനോട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, മത്സ്യകൃഷിരംഗത്തും വിത്തുല്പാദനരംഗത്തും ഹൈടെക് രീതി അവലംബിച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി ചെയ്യുന്നതിന് നിരവധി ചെറുപ്പക്കാരായ കർഷകർ മുന്നോട്ടുവരുന്നത് സ്വാഗതാർഹമാണ്. എന്നാൽ മത്സ്യവിത്ത് നിക്ഷേപിച്ച് അവയ്ക്ക് പോഷകഗുണമുള്ള ആഹാരം നൽകി പരിപൂർണ്ണ വളർച്ചയിലേയ്ക്ക് എത്തിക്കുകയെന്നത് ശ്രമകരമായ ജോലിയാണ്. ഇത്തരത്തിൽ വളർത്തി വിപണിയിലെത്തിക്കാൻ പ്രാപ്തമായ മത്സ്യങ്ങൾക്കാവശ്യമായ വിപണന സൗകര്യം ലഭ്യമല്ലെന്നുള്ളത് കർഷകർ നേരിടുന്ന പ്രശ്നമാണ്. ഇതിനെ മറികടക്കാൻ സർക്കാർ തലത്തിൽ ഒരു മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വിപുലമായ മാർക്കറ്റിംഗ് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. മത്സ്യഫെഡ്ഡിന്റെ നേതൃത്വത്തിൽ 108 ഫിഷ് സ്റ്റാളുകൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ ഇപ്പോൾ പുതിയ ധാരാളം പദ്ധതികൾ തുടങ്ങി. പ്രത്യേകിച്ച് മത്സ്യത്തിന്റെ ഉപോല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുള്ള മൂന്നുനാല് സ്ഥാപനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. വിപുലമായ മാർക്കറ്റിംഗ് നെറ്റ്‌വർക്ക് കേരളത്തിൽ ആരംഭിക്കും. അതിന് ഒരു സംശയവുമില്ല. ഈ മേഖലയിലേയ്ക്ക് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, തദ്ദേശീയമായി മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഒട്ടനവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ ആകസ്മികമായെങ്കിലും വിവിധ കാരണങ്ങളാൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നത് ചെറുകിട മത്സ്യകർഷകർക്ക് തിരിച്ചടിയാകുന്നത് തരണം ചെയ്യാൻ സഹായകരമായ രീതിയിൽ മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഇപ്പോഴത്തെ പ്രത്യേക പരിതസ്ഥിതിയിൽ തിരിച്ചുവരുന്ന പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർ വലിയതോതിലാണ് ഉൾനാടൻ മത്സ്യകൃഷിയിലേയ്ക്ക് വരുന്നത്. ആ സംരംഭകരെ സഹായിക്കുന്നതിനു വേണ്ടിയുള്ള പരിശീലന പരിപാടികൾ വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ പറഞ്ഞതുപോലെ രോഗത്തിന്റെ പ്രശ്നം, അപകടമുണ്ടായി മത്സ്യം ചത്തുപോയാലുള്ള ഇൻഷ്വറൻസ്, ഗുണമേന്മയുള്ള തീറ്റയ്ക്ക് കൂടിയ വില, ഇതെല്ലാം വളരെ ഗൗരവമുള്ള പ്രശ്നമാണ്. ശാസ്ത്രീയമായി മത്സ്യകൃഷിയിൽ ഇടപെടാനും അതിന്റെ വിപണനത്തിനുമുൾപ്പെടെ സമഗ്രമായൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് നീക്കിവച്ച ഫണ്ടുകൂടി ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ചചെയ്തിട്ടുണ്ട്. അവരുടെ വരുന്ന വർഷത്തെ പദ്ധതിയിൽ ഉല്പാദന മേഖലയ്ക്ക് വകയിരുത്തുന്ന തുകയിൽ മത്സ്യകൃഷിക്ക് ഒരു പദ്ധതി എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏറ്റെടുക്കുന്നതിനെപ്പറ്റിയുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ഇക്കാര്യത്തിൽ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എ. സി. മൊയ്തീൻ ഉന്നയിച്ച കാര്യത്തിന്മേൽ, ശാസ്ത്രീയമായി ഈ മേഖലയിൽ ഇടപെടാനും ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയുന്ന നിരവധി പദ്ധതികൾ ഗവണ്മെന്റ് ഇപ്പോൾ ഏറ്റെടുത്ത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അത് വിജയകരമായിത്തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, കരിമീൻ കുഞ്ഞുങ്ങളെ പൊതുജലാശയത്തിൽ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ അക്വാകൾച്ചർ സംബന്ധിച്ച ആക്ട് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പൊതുജലാശയങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി എന്ന മുദ്രാവാക്യമുയർത്തി കേരളത്തിൽ വ്യാപകമായി ഉൾനാടൻ മേഖലയിൽ കൃഷി ചെയ്യുന്നതിനുള്ള ധാരാളം പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യകൃഷി വ്യാപകമായി നടക്കുകയാണ്, ഗവണ്മെന്റ് നല്ലതുപോലെ ഇടപെടുന്നുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പി. രാജീവ് ഉൾപ്പെടെ ഇപ്പോൾ കൃഷിയിൽ പങ്കെടുക്കുകയാണ്. തദ്ദേശീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഈ സന്ദർഭത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, തദ്ദേശീയ മത്സ്യവിഭാഗത്തിൽപ്പെട്ട കാർപ്പ്, കാരി, മുഷി, മഞ്ഞക്കൂരി, വരാൽ, കുയിൽ മത്സ്യം മുതലായ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 'റാഞ്ചിംഗ്' പദ്ധതിയുടെ ഭാഗമായി തദ്ദേശീയ ഇനങ്ങളായ ആറ്റുകൊഞ്ച്, കാരിച്ചെമ്മീൻ, നാടൻ ചെമ്മീൻ, പൂമീൻ തുടങ്ങിയ ഇനം ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നുണ്ട്. ഇതുകൂടാതെ ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിൽ മഞ്ഞക്കൂരി, കുയിൽ മത്സ്യം, ചെങ്കണ്ണിയാൻ, നാടൻ ഊളി തുടങ്ങിയ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശീയ മത്സ്യങ്ങളെയും ആളുകൾക്ക് ഏറ്റവും പ്രിയപ്പെട്ട നാടൻ മത്സ്യങ്ങളെയും ഉല്പാദിപ്പിക്കാനുള്ള നിരവധി ഹാച്ചറികളും ഫാമുകളും മറ്റ് സംവിധാനങ്ങളും ഇപ്പോൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾ, യുവജന സഹകരണ സംഘങ്ങൾ, സ്വയംസഹായ ഗ്രൂപ്പുകൾ എന്നിവ വഴി സബ്സിഡി നൽകി കൃഷി വ്യാപിപ്പിക്കാൻ ആവശ്യമായ പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. മത്സ്യഫെഡ്ഡിനുകീഴിൽ നിലവിലുള്ള സംഘങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഉൾനാടൻ മത്സ്യ കർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം മാർക്കറ്റിംഗാണ്. മത്സ്യഫെഡ് മതിയായ വില നൽകുന്നില്ല. ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മാർക്കറ്റിംഗ് നെറ്റ്‌വർക്ക് സംവിധാനത്തിന് രൂപം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽ ആവിഷ്കരിച്ചിട്ടില്ല.

ശ്രീ. തോമസ് കെ. തോമസ്: സർ, 'റെഡി ടു കുക്ക്' എന്നുള്ള രീതിയിൽ വിപണി വളരെ വ്യാപകമായി നടക്കുന്നുണ്ട്. 'റെഡി ടു കുക്ക്' വളരെ നല്ല വിപണിയാണ് കണ്ടെത്തിയിരിക്കുന്നത്. ആ രീതിയിൽ കുട്ടനാട് ഏരിയയിലുള്ള ആൾക്കാർക്ക് കൂടുതൽ സഹായങ്ങൾ ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഭക്ഷണശാലകൾ ആരംഭിക്കാൻ തീരുമാനിച്ചു. അതിൽ ചില പ്രോജക്ടുകൾ ഇപ്പോൾ ആരംഭിക്കാൻ പോകുന്നു. ആദ്യത്തെ പ്രോജക്ടായി വിഴിഞ്ഞത്ത് സീ-ഫുഡ് റെസ്റ്റോറന്റ് തുടങ്ങാൻ പോകുകയാണ്. ആറുമാസംകൊണ്ട് ഇത് വ്യാപകമായി ആരംഭിക്കും.

ശ്രീ. വി. ജോയി: സർ, മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ ഹാച്ചറികൾക്ക് വലിയ പങ്കുണ്ട്. അതിൽ വർക്കലയിലെ ഓടയം ഹാച്ചറിയുടെ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. സജി ചെറിയാൻ: സർ, 2007-ൽ പ്രവർത്തനമാരംഭിച്ച ഓടയം ഹാച്ചറി ബഹുമാനപ്പെട്ട വി. ജോയി എം.എൽ.എ.-യുടെ മണ്ഡലത്തിലാണ്. അത് മാതൃകയാക്കാവുന്ന ഒരു ഹാച്ചറിയാണ്. തുടങ്ങിയകാലം മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ടൂറിസത്തിൽ ഏറെ സാദ്ധ്യതയുള്ള ഓടയത്ത് അക്വേറിയം ആരംഭിക്കുന്നതിന് അനുമതി നൽകിയത് ഇടതുഭരണകാലത്താണ്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ .... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹനമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ

4 (*364) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ തോമസ് കെ .തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കടൽത്തീര സംരക്ഷണ പ്രവൃത്തികൾ, പുഴയോര സംരക്ഷണ പ്രവൃത്തികൾ, ഡീസിൽറ്റേഷൻ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെയും ആർ.സി.ബി.-കളുടെയും നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, തോടുകൾ, കുളങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഡാമുകളുടെയും കനാലുകളുടെയും ചിറകളുടെയും അറ്റകുറ്റപ്പണികൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ എല്ലാ നടപടികളും യഥാസമയം സ്വീകരിക്കാറുണ്ട്. ഇടത്തരം പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള കാരാപ്പുഴ പദ്ധതിയുടെ കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ അണക്കെട്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. അതുപോലെ ഇടതുകര-വലതുകര കനാലുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നതാണ്. എന്നാൽ 2018-ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെയിനേജ് 4/800 കിലോമീറ്ററിൽ തകർച്ച ഉണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. ആയതിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തോടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കനാലുകൾ പൂർണ്ണമായും ജലസേചന യോഗ്യമാവുന്നതാണ്. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ഭാഗികമായാണ് ജലസംഭരണം നടത്തുന്നത്. റിസർവോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ പൂർണ്ണതോതിലുള്ള ജലസംഭരണം സാദ്ധ്യമാവുന്നതാണ്. ബാണാസുരസാഗർ പദ്ധതിയുടെ ആകെ 2730 മീറ്റർ നീളംവരുന്ന പ്രധാന കനാലിന്റെ 2360 മീറ്റർ

പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളായ വെണ്ണിയോട്, പടിഞ്ഞാറെത്തറ എന്നിവയിൽ 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 850 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള പടിഞ്ഞാറെത്തറ ശാഖാ കനാലിന്റെ 197 മീറ്റർ ഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. 3485 മീറ്റർ നീളമുള്ള കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 785 മീറ്റർ ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഡൈവെർഷൻ ചേമ്പറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാവർഷവും കൃഷിക്കായുള്ള ജലവിതരണത്തിന് മുന്നോടിയായി കനാലുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു. നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം പ്രവൃത്തി ഏറ്റെടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ച് പാറയുടെ ലഭ്യതക്കുറവ് കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ്, ശക്തമായ കാലവർഷം, പ്രളയം തുടങ്ങിയ അപ്രതീക്ഷിത കാരണങ്ങളാൽ കരാർ കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെവരുന്ന സാഹചര്യങ്ങളിൽ കരാറുകാർക്ക് സമയം നീട്ടിനല്കാറുണ്ട്. എങ്കിലും തക്കതായ കാരണമില്ലാതെ പ്രവൃത്തികൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാർക്ക് പിഴയോടുകൂടി മാത്രമാണ് സമയം നീട്ടിനല്കുന്നത്. അനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലങ്ങളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ ചേരുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) ആറ്റുതീര സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മേജർ ഇറിഗേഷൻ വിഭാഗം ആറ്റുതീര സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നല്കുന്നുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി (പ്ലാൻ & നോൺ പ്ലാൻ) ആറ്റുതീര പുറമ്പോക്ക് സംരക്ഷിക്കുന്നതിനായി ആറിന്റെ അപകടാവസ്ഥയിലുള്ള പാർശ്വങ്ങൾ സംരക്ഷണഭിത്തി കെട്ടിയും ജൈവ വേലികൾ നിർമ്മിച്ചും സംരക്ഷിച്ചുവരുന്നു. കൂടാതെ അനധികൃത കയ്യേറ്റങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പരാതിയുള്ള സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അതിർത്തി നിർണ്ണയം നടത്തി പരിഹാരം കണ്ടെത്തുന്നുണ്ട്.

## യുവജനക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

5 (*365) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ മയക്കമരുന്നിന്റേതുൾപ്പെടെയുള്ള സ്വാധീനം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് യുവജനക്ഷേമ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ക്യാമ്പെയിനുകൾ നടത്തിവരാറുണ്ട്. ആയതിലേയ്ക്ക് യുവജനക്ഷേമ ബോർഡിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ലഹരിവിരുദ്ധ പരിപാടികൾക്കായുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ രൂപീകരിച്ച് ജനങ്ങളുടേയും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾക്കും രൂപം നൽകുക, നാടകങ്ങൾ, ലഘുവീഡിയോ ചിത്രങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയിലൂടെയും ഈ വിപത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക, ലഹരിക്കടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനം, മയക്ക മരുന്നിന്റേതുൾപ്പെടെയുള്ള സ്വാധീനം എന്നിവ കണക്കിലെടുത്ത് കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തെ കോളേജുകളിലും കോളനികളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവിടങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതിനുമായി കായിക പരിശീലനത്തിനുള്ള ആധുനിക സൗകര്യങ്ങളുള്ള കളിക്കളങ്ങളും സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ

പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്ന 'ഉണർവ് ' പദ്ധതി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാദ്ധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും എക്സൈസ് വകുപ്പ് രൂപീകരിച്ചുവരുന്നു.

(ബി) വകുപ്പ് നടപ്പാക്കുന്ന ലഹരിവിരുദ്ധ പ്രചരണം, ആരോഗ്യ ബോധവത്ക്കരണം, ട്രാഫിക് ബോധവത്ക്കരണം, സാമൂഹ്യ തിന്മകൾക്കെതിരായ കൂട്ടായ്മ എന്നിവയ്ക്ക് എൻ.ജി.ഒ.-കളെ കാര്യക്ഷമമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ-യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തിവരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. വിവിധ യൂത്ത്-യുവാ ക്ലബ്ബുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതും സാമൂഹ്യനന്മ ഉദ്ദേശിച്ചുള്ളതും സമകാലിക പ്രസക്തിയുള്ളതുമായ നൂതനമായ പദ്ധതികൾ നടപ്പാക്കുന്നതിനും ഈ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനുമായുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ 20-നും 40-നും ഇടയിൽ പ്രായമുള്ള ബിരുദധാരികളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി സന്നദ്ധ സേവകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി ബോധവൽക്കരണ പ്രവർത്തനങ്ങൾ കോളേജുകളിലും പട്ടികജാതി- പട്ടികവർഗ്ഗ കോളനികളിലും നടത്തിവരുന്നു.

(സി) ലഹരിവിരുദ്ധ പ്രചരണം കൂടുതൽ കാര്യക്ഷമമാക്കാൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളെയും മറ്റ് സാംസ്കാരിക കൂട്ടായ്മകളെയും പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാജിക് അക്കാദമിയുമായി ചേർന്ന് പ്രശസ്ത മാന്ത്രികൻ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ മാജിക്കിലൂടെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ 'മൈ കേരള' എന്ന പേരിൽ 'മെന്ററിംഗ് യംഗ് കേരള' ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

(ഡി) യുവജനങ്ങൾക്കിടയിൽ പ്രണയ കൊലപാതകങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഇത് തടയാൻ യുവജനക്ഷേമ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആത്മഹത്യാ പ്രവണതയും കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം ദുരവസ്ഥകളിൽനിന്നും കരകയറ്റാനായി വിവാഹിതരാവാൻ പോകുന്ന യുവതീ-യുവാക്കൾക്കൊരു കൗൺസിലിംഗ് നടത്തുന്നതിനുള്ള പരിപാടികൾ 2022-2023 വർഷത്തെ പദ്ധതിയിൽപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനും ഇതുമായി ബന്ധപ്പെട്ട് ക്യാമ്പസുകളിലും യുവജന ക്ലബ്ബുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും ഗ്രന്ഥശാല പ്രസ്ഥാനങ്ങളുടെ സഹായത്തോടുകൂടി ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ട് പോകാനും ഉദ്ദേശിക്കുന്നു. കൂടാതെ കരിക്കുലത്തിനകത്ത് ജെൻഡർ എഡ്യൂക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ബന്ധങ്ങൾക്കകത്ത് രൂപപ്പെടുത്തേണ്ട ജനാധിപത്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനും കമ്മീഷൻ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രണയ കൊലപാതകങ്ങളിൽ ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബങ്ങളെ ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ നിയമ, ധാർമ്മിക പിന്തുണ നൽകിയിട്ടുമുണ്ട്.

**മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനം**

6 (*366) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശീയ മത്സ്യോല്പാദന വർദ്ധനവിന് പ്രോത്സാഹനം നൽകുന്നതിന് പുതുതായി എന്തൊക്കെ പദ്ധതികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തദ്ദേശീയ മത്സ്യോല്പാദന വർദ്ധനവിന് പ്രോത്സാഹനം നൽകുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി തദ്ദേശീയ മത്സ്യവിഭാഗത്തിൽപ്പെട്ട Endemic carp, Endemic cat fish, കുയിൽ മത്സ്യം, വരാൽ മുതലായവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തദ്ദേശീയ മത്സ്യ ഇനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുൽപാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21, 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പൊതുകുളങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യോല്പാദനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതുകുളങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പൊതുകുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തികവർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തി മത്സ്യകൃഷി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം പുതുതായി 210 ഹെക്ടർ വിസ്തൃതിയിൽ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന പൊതുകുളങ്ങളിൽ അനുയോജ്യമായിടത്തെല്ലാം 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം' എന്ന ക്യാമ്പെയിനിംഗിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരിക്കും. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും

വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാര, നാരൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 370 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ 100 വിവിധ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഇതുവഴി 4320 മെട്രിക് ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുൾപ്പെട്ട ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ മേൽനോട്ടത്തിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്.

(സി) സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനത്തിനും മറ്റ് സഹായങ്ങൾക്കുമായി മത്സ്യഫെഡ്ഡിനോ ഫിഷറീസ് വകുപ്പിനോ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് പരിശീലനത്തിനും അവരുടെ പ്രവർത്തന മേഖലയിലെ അറിവുകൾ വർദ്ധിപ്പിക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2021-22 ജനകീയ മത്സ്യകൃഷി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന ഘടകത്തിൽ 37.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് 5 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഓൺലൈൻ സ്ട്രീമിംഗ് ഫെയ്സ് ബുക്ക് മുഖേന ലഭ്യമാക്കിയിരുന്നു. മത്സ്യകൃഷിയിൽ താൽപര്യമുള്ള സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വീക്ഷിക്കത്തക്ക രീതിയിലാണ് പരിപാടി സംഘടിപ്പിച്ചത്. ആയതിന്റെ അറിയിപ്പ് എല്ലാ അച്ചടി മാധ്യമങ്ങൾ മുഖേനയും നൽകിയിരുന്നു. ടി പരിപാടി നിലവിൽ കുഫോസ്, ജനകീയ മത്സ്യകൃഷി തുടങ്ങിയവയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽ മത്സ്യകൃഷി നടത്തുന്നവർക്ക് ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി - സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% വും ധനസഹായമായി നൽകുന്നു.

(ഡി) ആദായകരമായി മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ലഭ്യമാക്കി കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

ആദായകരമായി മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ലഭ്യമാക്കി കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷിരീതിയിലും വൈവിദ്ധ്യവൽക്കരണം സാദ്ധ്യമാക്കിയും കൂടുതൽ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ചും ഉല്പാദനക്ഷമത ഉയർത്തിയും കൂടുതൽ കർഷകർക്ക് പരിശീലനം നൽകിയും വിവിധ പദ്ധതികൾ സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി, PMMSY പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് മറ്റ് കൃഷി രീതികളോടൊപ്പം മത്സ്യകൃഷിയും ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി Central Institute of Fisheries Education (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ദ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക കൂട്ടായ്മ, മത്സ്യകർഷക അവാർഡ്, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, ബോധവത്കരണ സെമിനാറുകൾ, ഡോക്യുമെന്ററികൾ, ലഘുലേഖകൾ തുടങ്ങിയവ വഴി ബോധവത്ക്കരണം നടത്തി കൂടുതൽ ആളുകളെ മത്സ്യകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

7(*367) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. വിജിൻ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം പ്രദേശങ്ങളിലാണ് വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും ആയത് വനം വകുപ്പിന്റെ മാത്രം നിയന്ത്രണത്തിലുള്ളതാണോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ 29 ഡിവിഷനുകളിലായി 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത ഇക്കോ ടൂറിസം സെന്ററുകൾ എല്ലാംതന്നെ വനം വകുപ്പിന്റെയും വനം വകുപ്പിന്റെ കീഴിലുള്ള വന വികസന ഏജൻസികളുടെയും (FDA) നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വനം വകുപ്പ് പാട്ടത്തിന് നൽകിയ ഗവി, അരിപ്പ, നെല്ലിയാമ്പതി, കല്ലാർ, മൂന്നാർ, മീശപ്പുലിമല, വാഗമൺ എന്നിവിടങ്ങളിൽ കേരള വനം വികസന കോർപ്പറേഷനും തേക്കടിയിൽ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും ഇക്കോ ടൂറിസം പരിപാടികൾ നടത്തുന്നുണ്ട്. ആയത് നിലവിലുള്ള വനനിയമങ്ങൾക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച വർക്കിംഗ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ എന്നിവയ്ക്ക് വിധേയമായിട്ടുമാണ് പ്രവർത്തിച്ചു വരുന്നത്.

(ബി) മനോഹരവും പരിസ്ഥിതി സൗഹൃദവുമായ ഇക്കോ-ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

മനോഹരവും പരിസ്ഥിതി സൗഹൃദവുമായ ഇക്കോ-ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനവും വികസനവും നിലവിലുള്ള വനനിയമങ്ങൾക്കും അംഗീകൃത വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്ക് അനുസൃതമായി പ്രകൃതിക്ക് അനുയോജ്യമാം വിധമാണ് നടപ്പിലാക്കിവരുന്നത്. സന്ദർശകരുടെ സൗകര്യാർത്ഥം ഓൺലൈനായും അല്ലാതെയും ടിക്കറ്റ് ബുക്കിംഗിനുള്ള സൗകര്യം, ഇക്കോ ഷോപ്പുകൾ, ശുചിമുറികൾ, ക്യാമ്പിംഗ് സൗകര്യങ്ങൾ, ട്രക്ക് പാത്തുകൾ, കഫറ്റീരിയ, കുടിവെള്ള സൗകര്യം, ഇൻഫർമേഷൻ ബോർഡുകൾ, ട്രക്കിംഗ്, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, വാച്ച് ടവറുകൾ, താല്ക്കാലിക ഇരിപ്പിടങ്ങൾ, സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേയ്ക്കുള്ള ഹാൻഡ് റെയിലുകൾ മുതലായവ പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വിനോദസഞ്ചാര സാദ്ധ്യതകൾ ഉള്ളതുമായ സ്ഥലത്ത് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിനോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോ സർക്കാർ അംഗീകൃത ഏജൻസികൾക്കോ അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വിനോദസഞ്ചാര സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അതത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിനും മറ്റു വനനിയമങ്ങൾക്കും വിധേയമായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്.

**പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ആധുനികീകരണം**

8(*368) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിലെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിനായി വകുപ്പിനുകീഴിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും അവർക്ക് താമസവും ഭക്ഷണവും നൽകുന്നതിനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കാലാനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വരികയുംചെയ്യുന്നുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഏതെങ്കിലും പേപ്പറുകളിൽ പരാജയപ്പെട്ടാൽ അതിൽ വിജയിക്കുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ IHRD-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന Remedial Coaching നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവ./എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് (B.Tech)-ന് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക

കോച്ചിംഗ് നൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. എം.ബി.ബി.എസ്., ബി.വി.എസ്.സി., എഞ്ചിനീയറിംഗ്, ബി.എ.എം.എസ്. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ തോറ്റ് പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യംവരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം പരീക്ഷാ ഫീസ് നൽകുന്നതാണ്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റാൽ പഠനമുപേക്ഷിക്കാതെ തുടർന്ന് പഠിക്കുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു. കൂടാതെ പഠനത്തിന് പ്രോത്സാഹനവും സഹായകരവുമാകുന്ന തരത്തിൽ താഴെ പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രീമെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രത്യേക പ്രോത്സാഹന സമ്മാനം, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം, പ്ലസ്ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ് പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്, ലാപ് ടോപ് വാങ്ങുന്നതിനുള്ള ധനസഹായം, സ്റ്റെതസ്കോപ്പ് വിതരണം, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം, അഭിഭാഷകർക്കുള്ള ധനസഹായം.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനികീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ആധുനികവൽക്കരിക്കുന്നതിനും നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾക്ക് അനുമതി നൽകിവരുന്നുണ്ട്. എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ സർവ്വീസുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം

9(*369) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലും അഖിലേന്ത്യാ സർവ്വീസുകളിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഓരോ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി സർക്കാർ വകുപ്പുകളിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ട് ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം (10%) ലഭിക്കാത്ത വകുപ്പുകളിൽ ആവശ്യമായ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്ത് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷകൾക്കും സമാന പരീക്ഷകൾക്കും തയ്യാറെടുക്കുന്ന പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയുൾപ്പെടെയുള്ള പ്രധാന മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന് കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (ICSETS) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ മറ്റ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട തെരഞ്ഞെടുക്കപ്പെടുന്ന 30 വിദ്യാർത്ഥികൾക്ക് "ലക്ഷ്യ" സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പരിശീലനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ICSETS മുഖേന ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

**ജൽജീവൻ മിഷൻ**

10(*370) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ വഴി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജൽജീവൻ മിഷൻവഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലളിതമായ നടപടിക്രമങ്ങളാണ് നോഡൽ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്. കണക്ഷൻ നല്കുന്നതിനാവശ്യമായ തിരിച്ചറിയൽ രേഖ (ആധാർ/ രജിസ്ടേഡ് മൊബൈൽ നമ്പർ) ബന്ധപ്പെട്ട കേരള വാട്ടർ അതോറിറ്റി/ജലനിധി (KRWSA)/ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ ഉപഭോക്താക്കളുടെ വീടുകളിലെത്തി നേരിട്ട് പരിശോധിച്ച് പ്രസ്തുത വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ഇതിനായി വികസിപ്പിച്ചിട്ടുള്ള മൊബൈൽ ആപ്പിൽ രേഖപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കണക്ഷൻ നൽകിക്കഴിഞ്ഞാൽ പ്രസ്തുത കണക്ഷൻ ആധാർ നമ്പർ സഹിതം നൂതന സാങ്കേതിക വിദ്യ വഴി മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് ജിയോ-ടാഗ് ചെയ്യുന്നുണ്ട്. ഇതിനായി ഉപഭോക്താവ് ആഫീസിൽ നേരിട്ട് ഹാജരാകുകയോ, അപേക്ഷ/പ്ലാൻ എന്നിവ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല.

(ബി) പ്രസ്തുത പദ്ധതി വഴി എത്ര ലക്ഷം പേർക്ക് കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ജൽജീവൻ മിഷൻ പദ്ധതി വഴി ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിൽ ആകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പുവഴി കുടിവെള്ളം ലഭ്യമാക്കിയിരുന്നത്. 2020-21-ൽ 4 ലക്ഷവും 2021-22 -ൽ (21-10-2021 വരെ) 4.17 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജൽജീവൻ മിഷൻ പദ്ധതി വഴി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകി 2024-ഓടെ 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

11(*371) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ 2009-ൽ കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. 31-12-2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കമ്മീഷൻ അർഹത കണ്ടെത്തി കടാശ്വാസം ശിപാർശ ചെയ്തുവരുന്നു. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇനിയും കടാശ്വാസം അനുവദിക്കേണ്ടവരുടെ അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേയ്ക്കായി കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി 27-3-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം വർഷങ്ങളിൽ എടുത്തിട്ടുള്ള വായ്പകൾക്കാണ് കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ച് തീർപ്പാക്കിയതെന്ന് അറിയിക്കാമോ?

മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 31-12-2008 വരെ എടുത്ത വായ്പകളിന്മേൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളാണ് കമ്മീഷൻ പരിഗണിച്ച് കടാശ്വാസത്തിനായി ശിപാർശ ചെയ്തുവരുന്നത്.

(സി) നിരന്തരമായ കടൽക്ഷോഭവും കനത്ത മഴയുംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന കടാശ്വാസ കമ്മീഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചുകൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

കടാശ്വാസ കമ്മീഷന്റെ കാലാവധി 27-3-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികൾ നിലവിൽ എടുത്തിട്ടുള്ള വായ്പാ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

2009 മുതൽ മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. മൊറട്ടോറിയത്തിന് നിലവിൽ 31-12-2021 വരെ കാലാവധിയുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം

12(*372) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം നൽകുന്നതിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പദ്ധതി തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

2018-19 സാമ്പത്തിക വർഷംവരെ പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് മുഖേനയാണ് പാർപ്പിട പദ്ധതി നടപ്പിലാക്കിയിരുന്നത്. 2018-19-നുശേഷം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരമാണ് ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലത്തും തുടർന്നുവരുന്നു.

(ബി) പൂർത്തിയാകാതെ കിടന്നിരുന്ന വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2007-08 മുതൽ 2015-16 വരെയുള്ള കാലയളവിൽ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 10265 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 3844 വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖാന്തരമോ ഭവന നിർമ്മാണം ആരംഭിക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാതെപോയ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കിവരുന്നു.

## അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി

13(*373) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി മറ്റേതെങ്കിലും പദ്ധതിക്കായി കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അട്ടപ്പാടിയിലെ സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ഭൂമി മറ്റു പദ്ധതികൾക്കായി കൈമാറാൻ നിലവിൽ തീരുമാനങ്ങളില്ല.

(ബി) പ്രസ്തുത ഫാമിലെ രണ്ടായിരത്തി എഴുന്നൂറ്റി മുപ്പത് ഏക്കർ ഭൂമി ടൂറിസം പദ്ധതിക്കായി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുകയോ നൽകുന്നതിന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഫാമിന്റെ നിയന്ത്രണത്തിലുള്ള 1,095 ഹെക്ടർ ഭൂമിയിൽ ഫാം ടൂറിസത്തിനായി ഉപയോഗിക്കാവുന്ന പ്രദേശം Right to Use വ്യവസ്ഥയിൽ ഫാം ടൂറിസത്തിനായി ഉപയോഗിക്കാൻ സംഘം ജനറൽ ബോഡി യോഗം തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത തീരുമാനം പിന്നീട് റദ്ദ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി ധാരണാപത്രം ഒപ്പിട്ടത് സർക്കാർ നിർദ്ദേശപ്രകാരമാണോ; വിശദവിവരം നൽകാമോ?

സംഘം ജനറൽബോഡി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫാം ടൂറിസത്തിനായുള്ള ധാരണാ പത്രം ഒപ്പിട്ടിരുന്നത്.

(ഡി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഫാം ടൂറിസത്തിന് അനുമതി നൽകിയ സംഘം ഭരണസമിതി തീരുമാനം റദ്ദാക്കിയ സാഹചര്യത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

## മത്സ്യ സമ്പത്തിന്റെ സംരക്ഷണം

14(*374) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്ര മത്സ്യോല്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കാരണങ്ങൾ വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് മുഖാന്തരം ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ പ്രകാരം മനസ്സിലാക്കുന്നു. സുനാമി, ഓഖി പോലുള്ള ദുരന്തങ്ങളും മത്സ്യസമ്പത്തിന്റെ കുറവിന് കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധി, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതുമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ സമുദ്ര മത്സ്യ ഉല്പാദനം കുറയുന്നതിന് കാരണമായിട്ടുണ്ട്.

(ബി) മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര ഉപഭോഗത്തിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018-ൽ പുതിയ റൂൾ ഉത്തരവാകുകയും ചെയ്തു. അത് പ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ

വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് ഉയർന്ന പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ ശാലകൾക്കും വല നിർമ്മാണ ശാലകൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുകയും ചെയ്തു. ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

(സി) സമുദ്ര മത്സ്യകൃഷിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സമുദ്ര മത്സ്യക്കൃഷിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി അഡാക്ക് മുഖേന കടൽപ്പായൽ, കല്ലുമ്മക്കായ, കൂട്ട മത്സ്യകൃഷി എന്നിവയിലൂടെ സമുദ്ര കൃഷി സാദ്ധ്യതകൾ പഠന വിധേയമാക്കിയിരുന്നു. അറബിക്കടലിലെ ശക്തമായ തിരമാലയും പ്രതികൂലസാഹചര്യങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രാദേശിക എതിർപ്പുകളുംമൂലം സമുദ്ര മത്സ്യകൃഷി വ്യാപകമാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ താരതമ്യേന തിര കുറഞ്ഞതും അഴി/പൊഴിമുഖങ്ങളോട് ചേർന്നതുമായ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ, മലപ്പുറം ജില്ലകളിലെ അനുയോജ്യത ഉറപ്പാക്കിയ പ്രദേശങ്ങളിൽ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ മുഖേന കൂട് മത്സ്യകൃഷിയും ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കല്ലുമ്മക്കായ കൃഷിയും നടപ്പാക്കുന്നുണ്ട്.

## വന നിയമത്തിൽ കേന്ദ്ര സർക്കാരിന്റെ ഭേദഗതി

15(*375) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 1980-ലെ വന നിയമത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതിയിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

കേന്ദ്ര സർക്കാർ 1980-ലെ വന സംരക്ഷണ നിയമത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതിയിൽ ഉൾക്കൊള്ളിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ പര്യാലോചിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിട്ടുണ്ട്.

(ബി) സംരക്ഷിത പ്രദേശങ്ങളിൽ ഖനനം, റോഡ് നിർമ്മാണം, ടൂറിസം, തോട്ടവിള കൃഷി എന്നിവ അനുവദിക്കുന്ന പ്രസ്തുത നിയമ ഭേദഗതി സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

1980-ലെ വന സംരക്ഷണ നിയമത്തിന്റെ കരട് ഭേദഗതി ആയാൽ മാത്രമേ പ്രസ്തുത വിഷയത്തിൽ മറുപടി ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ഭേദഗതിയിന്മേൽ സംസ്ഥാന സർക്കാർ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ?

പ്രസ്തുത നിയമത്തിൽ ഭേദഗതിയായി ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പര്യാലോചിക്കുന്നതിന്റെ ഭാഗമായി 2-10-2021- ലെ കേന്ദ്ര സർക്കാരിന്റെ F.No. FC-11/61/2021-FC നമ്പർ കത്ത് പ്രകാരം എല്ലാ സംസ്ഥാന സർക്കാരുകളുടെയും അഭിപ്രായം 15 ദിവസത്തിനകം കേന്ദ്ര സർക്കാരിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 8-10-2021-ലെ F.No. FC-11/61/2021-FC നമ്പർ കത്ത് പ്രകാരം സമയ പരിധി 1-11-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.ആയതിന്മേൽ നിർദ്ദേശങ്ങളും/അഭിപ്രായങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

16(*376) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിരോധിത വലകൾ ഉപയോഗിച്ച് ചില സ്ഥലങ്ങളിൽ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള മത്സ്യബന്ധനംമൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യത്തിന്റെ കുറവിനും വംശനാശത്തിനും കാരണമാകുന്നതാണ്. KMFR Act ന്റെയും KMFR Rules ന്റെയും അടിസ്ഥാനത്തിൽ നിരോധിച്ചിട്ടുള്ള വലകൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടെത്തി ഇമ്പൗണ്ട് ചെയ്ത് കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടികൾ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനും കടലിൽ മത്സ്യങ്ങൾക്ക് വംശനാശം ഉണ്ടാകാതിരിക്കുന്നതിനും സഹായകമാകുന്നുണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലങ്കോട് മുതൽ പറവൂർ പൊഴിക്കരവരെ തീരത്തുനിന്ന് 30

മീറ്റർ ആഴം വരെയും പറവൂർ പൊഴിക്കര മുതൽ ബങ്കാര മഞ്ചേശ്വരംവരെ തീരത്തുനിന്നും 20 മീറ്റർ ആഴംവരെയും യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്ത് മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 HP- ക്കുമുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിൽ (12 നോട്ടിക്കൽ മൈലിനുള്ളിൽ) ഫിഷിംഗ് ലൈസൻസ് നിർത്തലാക്കി. ട്രോൾ വലകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി. 2017-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (ഭേദഗതി) ആക്റ്റിന്റെയും 2018-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂളിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ മത്സ്യബന്ധന വലകൾ നിർമ്മിക്കുന്ന എല്ലാ ഫാക്ടറികൾക്കും ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും അവിടെ അനുവദനീയമായ കണ്ണിവലിപ്പവും ആകെ വലിപ്പവുമുള്ള വലകളാണ് നിർമ്മിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. പുതുക്കിയ കെ.എം. എഫ്.ആർ. ചട്ടം അനുസരിച്ച് നശീകരണ മത്സ്യബന്ധനരീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) ലംഘിച്ച് നിരോധിത വലകളും മറ്റും ഉപയോഗിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാകുന്ന തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ഫൈൻ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

17(*377) ശ്രീ. വി. ജോയി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് നിലവിൽ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ?

കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കൂടുതൽ മേഖലകളിലേയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത കോർപ്പറേഷൻ കാലാനുസൃതമായി പുനഃ സംഘടിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോർപ്പറേഷന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്.

2. പ്രവർത്തനങ്ങൾ കൂടുതൽ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും കോർപ്പറേഷന്റെ മൊബൈൽ ആപ്ലിക്കേഷൻ വികസന ഘട്ടത്തിലാണ്.

3. കോർപ്പറേഷന് തനതായ സോഫ്റ്റ്‌വെയർ നിലനിൽക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനും സാധിക്കുന്നു.

(സി) പ്രസ്തുത കോർപ്പറേഷൻ മുഖേന നൽകിവരുന്ന വായ്പകളുടെ മാനദണ്ഡവും വിശദാംശവും ലഭ്യമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(ഡി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വായ്പ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക വരുത്തിയ വായ്പക്കാർക്ക് ചുവടെ ചേർക്കുന്ന ഇളവുകൾ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

1. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി 2020 മാർച്ച് 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിലുള്ള വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തുകയും ആയത് പ്രകാരം കുടിശ്ശികക്കാർക്ക് പിഴപ്പലിശ ഇളവ് നൽകുകയും ചെയ്തു. 2021-ലെ ലോക്ഡൗൺ കാലയളവിൽ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം പിഴപ്പലിശ പൂർണ്ണമായും ഇളവ് ചെയ്ത് കൊടുത്തിട്ടുമുണ്ട്.
2. 2021 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ 100% പിഴപ്പലിശ ഇളവോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. കൂടാതെ, ഈ സാമ്പത്തിക വർഷം അവസാന പാദത്തിൽ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലം കണക്കിലെടുത്ത് 100% പിഴപ്പലിശ ഇളവോടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

### സിനിമാ വ്യവസായത്തെ സംരക്ഷിക്കാൻ നടപടി

18(*378) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ റിലീസ് ചിത്രങ്ങൾ ഉൾപ്പെടെ പ്രദർശനത്തിനായി 100 കോടി രൂപ മുതൽമുടക്കി അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വൈക്കം, പായം, കാക്കനാട്, പേരാമ്പ്ര, താനൂർ എന്നിവിടങ്ങളിൽ തിയേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ കിഫ്ബിയുടെ ധനസഹായത്തോടെ അത്യാധുനിക സൗകര്യങ്ങളോടെ ആകെ 150 കോടി രൂപ എസ്റ്റിമേറ്റിൽ ആധുനികവൽക്കരിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രോജക്റ്റിന്റെ പൂർത്തീകരണത്തോടെ സിനിമാ നിർമ്മാതാക്കൾക്ക് സിനിമാ മേഖലയിൽ ഇന്നുള്ള നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ചിത്രങ്ങൾ നിർമ്മിക്കാൻ സാധിക്കും. കൂടാതെ ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡിയായി ഇപ്പോൾ നൽകിവരുന്നുണ്ട്. 2019-20 ബഡ്ജറ്റിൽ വനിതാ സംവിധായകരെ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് ചലച്ചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. 2020-21-ലും 2021-22-ലും വനിതാ സംവിധായകരുടേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംവിധായകരുടേയും രണ്ട് ചലച്ചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഇതിനായി ഒരു ചിത്രത്തിന് 1.50 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. തിയേറ്റർ റിലീസിംഗിനുശേഷവും നിർമ്മാതാക്കൾക്ക് തുടർ വരുമാനം ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി. പ്ലാറ്റ്ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകുന്നുണ്ട്. റിലീസ് ചെയ്യാത്ത സിനിമകൾക്ക് 3 ലക്ഷം രൂപയും റിലീസ് ചെയ്ത സിനിമകൾക്ക് രണ്ടുലക്ഷം രൂപയും സാമ്പത്തിക സഹായം നൽകിവരുന്നു. 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. കോവിഡ് 19-ന്റെ വ്യാപനം തടയുന്നതിനായി ലോക്ക്ഡൗൺ ഏർപ്പെടുത്തിയതുമൂലമുള്ള സിനിമാ

മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സിനിമാ തിയേറ്ററുകൾക്കുള്ള വിനോദ നികുതി 2021 മാർച്ച് 31 വരെ ഒഴിവാക്കിക്കൊണ്ട് 22-6-2021-ലെ സ.ഉ.(സാധാ) നം.1195/2021/ ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. കോവിഡ് അനുബന്ധ ലോക്ഡൗണുകൾ പരിഗണിച്ചുകൊണ്ട് സിനിമാ തീയേറ്ററുകൾ ഉൾപ്പെടെയുള്ളവർക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവ് അനുവദിക്കുകയും ബാക്കിയുള്ള തുക (75%) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഇപ്രകാരം 1.04 കോടി രൂപയുടെ ഇളവ് ഫിക്സഡ് ചാർജ്ജിലും ബാക്കി തുകയായ 3.12 കോടി രൂപ പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സിനിമാ തിയേറ്ററുകൾക്ക് സാവകാശവും നൽകിയിരുന്നു. പിന്നീട് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺമുതൽ ഡിസംബർവരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്. സിനിമാ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. സിനിമാ തീയേറ്ററുകൾ 25-10-2021 മുതൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-10-2021-ന് വിവിധ സിനിമാ സംഘടനാ പ്രതിനിധികളുമായി ചർച്ച നടക്കുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ സിനിമാ മേഖലയിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങളായ വിനോദനികുതി ഇളവ്, വൈദ്യുതി ചാർജ്ജ് ഇളവ്, കെട്ടിട നികുതി ഇളവ്, കൂടുതൽ പ്രേക്ഷകരെ പ്രവേശിപ്പിക്കാനുള്ള അനുവാദം, അധിക സർവ്വീസ് ചാർജ്ജ് തുടങ്ങിയ ആവശ്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചുവരികയാണ്. സംസ്ഥാനത്തെ ഒരു ഷൂട്ടിംഗ് സൗഹൃദ പ്രദേശമാക്കുന്നതിനും സിനിമാ ഷൂട്ടിംഗ് സംബന്ധമായ അനുമതികൾക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പരിഗണിച്ചുവരികയാണ്.

(ബി) സിനിമാ വ്യവസായത്തിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സിനിമാ വ്യവസായത്തിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കാൻ ഒരു സിനിമയ്ക്ക് 1.50 കോടി രൂപ വീതം ചെലവഴിച്ചുകൊണ്ട് വനിതാ സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളും നിർമ്മിക്കുന്നതിനായി 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവ്വഹണം കെ.എസ്.എഫ്.ഡി.സി.-യെ ഏല്പിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ സിനിമാ നിർമ്മാണത്തിന് നല്കിവരുന്ന 5 ലക്ഷം രൂപയുടെ സബ്സിഡി സ്കീം ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തോടുകൂടി കൂടുതൽ ആകർഷണീയമാക്കുന്നതാണ്. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന മലയാള സിനിമകളിൽ നവാഗത സംവിധായകരുടെ ചിത്രങ്ങൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നു. തെരഞ്ഞെടുക്കുന്ന 14 ചിത്രങ്ങളിൽ ആറ് ചിത്രങ്ങൾ നവാഗത സംവിധായകരുടേതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന ചലച്ചിത്ര അവാർഡിൽ നവാഗത സംവിധായകർക്ക് പ്രത്യേക അവാർഡ് നൽകിവരുന്നു. യുവസംവിധായകരുടെ ആവിഷ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദിയെന്ന നിലയിൽ ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ ക്യാമ്പസ് ചിത്രങ്ങൾക്ക് പ്രത്യേക വിഭാഗമുണ്ട്. യുവചലച്ചിത്ര പ്രവർത്തകർക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരാൻ പ്രചോദനമാവുന്ന ഐ.എഫ്.എഫ്.കെ.-യിൽ വിദ്യാർത്ഥികൾക്ക് ഡെലിഗേറ്റ് ഫീസ് ഇനത്തിൽ ഇളവ് നൽകിവരുന്നു.

(സി) സിനിമാ ഷൂട്ടിംഗിനും അനുബന്ധ ജോലികൾക്കും ആധുനിക സ്റ്റുഡിയോകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സിനിമാ ഷൂട്ടിംഗിനും അനുബന്ധ ജോലികൾക്കുമായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രാഞ്ജലി സ്റ്റുഡിയോ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിക്കുകയാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഡിജിറ്റൽ യുഗത്തിലെ പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ ആധുനിക സാങ്കേതിക സൗകര്യങ്ങളും ഉൾപ്പെടുത്തി 67.167 കോടി രൂപ ചെലവിൽ നടപ്പിലാക്കുവാൻ അനുമതി നല്കിയിട്ടുണ്ട്. കൂടാതെ വാതിൽപ്പുറ ചിത്രീകരണത്തിനുള്ള, ആരാധനാലയങ്ങൾ, പോലീസ് സ്റ്റേഷൻ, എന്നിവ ഉൾപ്പെടെയുള്ള സെറ്റുകൾ, ആധുനിക ക്യാമറകൾ (ALEXA LF and Mini LF, Sony Venice), ലൈറ്റുകൾ (ARRI Lights, LED Skypanel, DIDO, JOKERM Portable Lights) Panther

Dolly, Cranes ഡോൾബി അറ്റ്മോസ് മിക്സ് തീയേറ്റർ, സിങ്ക് സൗണ്ട് എക്വിപ്മെന്റ്സ്, ഫോളി സ്യൂട്ട്, ഡബ്ബിംഗ് സ്യൂട്ടുകൾ, ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമുകൾക്ക് അനുയോജ്യമായ മീഡിയാ പോസ്റ്റ് പ്രൊഡക്ഷൻ സംവിധാനം, എഡിറ്റ് സ്യൂട്ടുകൾ, ബേസ് ലൈറ്റ് ക്ലാസ്സിക് പാനൽ, ഡാവിഞ്ചി കളർ ഗ്രേഡിംഗ് സ്യൂട്ടുകൾ, പ്രോപ്പർട്ടി സ്റ്റോർ, ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ് ബിൽഡിംഗ്, ഫിലിം ആർക്കൈവ്സ്, ലൈബ്രറീസ്, ഓഡിയോ & വീഡിയോ ലൈബ്രറി, ചലച്ചിത്ര വിതരണത്തിനുള്ള ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം സംവിധാനം തുടങ്ങി ലോകോത്തര നിലവാരത്തിലുള്ള ചലച്ചിത്ര നിർമ്മാണത്തിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുന്നുണ്ട്. കൂടാതെ കൊച്ചി, കടവന്ത്രയിൽ ഒരു പോസ്റ്റ് പ്രൊഡക്ഷൻ സെന്റർ നിർമ്മാണത്തിനും അതിനാവശ്യമായ ഔട്ട് ഡോർ ഉപകരണങ്ങളുടെ സജ്ജീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്.

**വന നിയമത്തിൽ കേന്ദ്ര സർക്കാരിന്റെ ഭേദഗതി**

19(*379) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 1980-ലെ വന നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതി സംസ്ഥാനത്തെ വന വിസ്തീർണ്ണം ഗണ്യമായി കുറയ്ക്കാൻ ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) വന വിസ്തൃതി കുറയുന്ന പക്ഷം മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതൽ രൂക്ഷമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിനെ ആശങ്ക അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ഡി) പ്രസ്തുത നിയമ ഭേദഗതി വന്യജീവി സംരക്ഷണ നിയമത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

(എ&ഡി) 1980-ലെ വന സംരക്ഷണ നിയമം, വനഭൂമി വനേതര ആവശ്യങ്ങൾക്ക് നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം നേടണമെന്നാണ് വിവക്ഷിക്കുന്നത്. ആയതിൽ ഭേദഗതി കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ഭേദഗതിയിൽ ഉൾക്കൊള്ളിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി പര്യാലോചിക്കുന്നതിന്റെയും പൊതുജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിനുമായി പ്രസിദ്ധീകരിച്ചിട്ടുള്ള പര്യാലോചനാ പത്രത്തിന്മേൽ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ആയതിന്മേലുള്ള

അഭിപ്രായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഭിപ്രായം നൽകുന്നതിനുള്ള സമയപരിധി 1-11-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അഭിപ്രായ രൂപീകരണത്തിനുശേഷമുള്ള കരട് ഭേദഗതി തയ്യാറായാൽ മാത്രമേ പ്രസ്തുത ആശങ്കകൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

## പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

20(*380) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും തനിമയോടെ നിലനിർത്തുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവ പുതുതലമുറയ്ക്ക് മുമ്പിൽ അവതരിപ്പിക്കുന്നതിനുംവേണ്ടി 'ഗദ്ദിക' എന്ന പേരിൽ ഒരു വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ 10 ദിവസം നീളുന്ന കലാമേള സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന എം.ആർ.എസ്./ഹോസ്റ്റൽ അന്തേവാസികളുടെ കലാമേളയായ 'സർഗ്ഗോത്സവത്തിലും' പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് അവസരങ്ങൾ നൽകിവരുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് & ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്) എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്ന ആദികലാകേന്ദ്രത്തിൽ പട്ടികവർഗ്ഗ കലകൾ അവതരിപ്പിക്കുന്നതിന് ടി വിഭാഗത്തിലെ യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകിവരുന്നുണ്ട്. ആദികലാകേന്ദ്രം മുഖേന വർഷംതോറും നിരവധി നാടൻ കലാമേളകൾ അവതരിപ്പിക്കുന്നുണ്ട്. അന്യംനിന്നുപോകുമായിരുന്ന നിരവധി നാടൻകലാമേള കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്തുവരുന്നു. കേരളത്തിന്റെ ഗോത്രസംസ്കാരം മറ്റ് ദേശങ്ങളിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഛത്തീസ്ഗഡിൽ നടക്കുന്ന ദേശീയ ട്രൈബൽ ഡാൻസ് ഫെസ്റ്റിവലിൽ ഇടുക്കിയിലെ മറയൂരിൽനിന്നുള്ള കലാകാരന്മാരുടെ സംഘത്തെ പങ്കെടുക്കുന്നതിനായി കേരളത്തിൽനിന്നും അയച്ചിട്ടുണ്ട്.

(ബി) ആദിവാസി വിഭാഗങ്ങളുടെ പച്ചമരുന്നുകളെക്കുറിച്ചും ഒറ്റമൂലികളെക്കുറിച്ചുമുള്ള അറിവ് പൊതുജനങ്ങളിലെത്തിക്കാനും അവ ശാസ്ത്രീയമായി തെളിയിക്കാനും നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കാമോ?

ഗോത്രവർഗ്ഗക്കാരുടെ സാംസ്കാരികവും പാരിസ്ഥിതികവുമായ ചുറ്റുപാടിൽ രൂപംകൊണ്ട വൈദ്യരീതികൾ, വൈദ്യപ്രയോഗങ്ങൾ, വൈദ്യവിശ്വാസങ്ങൾ എന്നിവയെയും ഒറ്റമൂലി പച്ചമരുന്ന് സമ്പ്രദായങ്ങളെയും ഒന്നടങ്കം 'വംശീയവൈദ്യം' എന്നതിന്റെ കീഴിൽ കിർത്താഡ്സ് സംരക്ഷിക്കുന്നുണ്ട്. വൈദ്യന്മാരുടെ ക്യാമ്പുകൾ, പരിശീലന കളരികൾ എന്നിവ നടത്തി അവയെ അന്യംനിൽക്കാതെ സംരക്ഷിക്കുന്നു. മേളകളിലും മറ്റ് ക്യാമ്പുകളിലും വംശീയ വൈദ്യചികിത്സകർക്കായുള്ള ഇടം ഒരുക്കുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗദ്ദിക കലാമേളകളിലും കിർത്താഡ്സിന്റെ ആദികലാകേന്ദ്രം മുഖേനയും പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കി നൽകുകയും അന്യംനിന്നു പോകുമായിരുന്ന കലാരൂപങ്ങളെ കണ്ടെത്തുകയും തനത് കലാരൂപങ്ങൾ അഭ്യസിക്കാൻ താൽപ്പര്യമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകുകയും അവയുടെ ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്യുന്നു. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കലാസമിതികൾക്കും കലാകാരന്മാർക്കും വാർഷിക ഗ്രാന്റ് കിർത്താഡ്സ് മുഖേന നടത്തുന്നുണ്ട്. പരമ്പരാഗതവും കരകൗശലവൈദഗ്ദ്ധ്യങ്ങളും അന്യംനിന്നുപോകാതിരിക്കുന്നതിന് ഈ ഗ്രാന്റ് വിതരണം സഹായകമാകുന്നുണ്ട്. വംശീയ വൈദ്യ അറിവുകൾ സംരക്ഷിക്കുന്നതിനായി കിർത്താഡ്സ് മുഖേന ഗവേഷണം നടത്തുകയും വിവര ശേഖരണം നടത്തി അവയെ സമുദായക്രമത്തിൽ "ഹോർത്തൂസ് മലബാറിക്കസ്" ഗ്രന്ഥത്തിന്റെ മാതൃകയിൽ എൻസൈക്ലോപീഡിയ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. വംശീയ വൈദ്യന്മാരുടെ ഡയറക്ടറി തയ്യാറാക്കുകയും പച്ചമരുന്ന് തോട്ടത്തിനും നടത്തിപ്പിനുമായി വാർഷിക ഗ്രാന്റ് നൽകുന്നതിനുള്ള നടപടികളും കിർത്താഡ്സ് മുഖേന നടത്തിവരുന്നുണ്ട്.

**വന സംരക്ഷണത്തിന് ലീഡ്സ് യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം**

21(*381) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഇംഗ്ലണ്ടിലെ

ലീഡ്സ് യൂണിവേഴ്സിറ്റിയുമായി സംസ്ഥാന വനഗവേഷണ കേന്ദ്രം ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഒപ്പുവച്ചിട്ടുണ്ട്. കേരള വന ഗവേഷണ സ്ഥാപനം ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് ഗവേഷണ മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കും. പ്രത്യേകിച്ചും കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് വനങ്ങളുടെ കാർബൺ ആഗീകരണ ശേഷിയിൽവരുന്ന വ്യതിയാനവും ആഗോള താപനത്തിനനുസരിച്ച് ചൂട് കൂടുമ്പോൾ വിവിധ വൃക്ഷങ്ങളുടെയും വിവിധതരം വനങ്ങളുടെയും അതിജീവന ശേഷിയുമാണ് പ്രധാനമായും പഠനവിധേയമാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) വന സംരക്ഷണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിന് ഈ ധാരണാപത്രം പ്രയോജനപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ആധുനിക ഗവേഷണ രീതികളിലൂടെ കൂടുതൽ ഫലവത്തായ ഗവേഷണ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും അതിലൂടെ വിവിധതരം വൃക്ഷങ്ങളുടെയും വനങ്ങളുടെയും അതിജീവന സാദ്ധ്യത വിലയിരുത്തുന്നതിനും അതിനനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾക്കും സഹായകമാകും.

(സി) വന സംരക്ഷണത്തിന് തദ്ദേശീയമായ സാങ്കേതിക വിദ്യകളും ആധുനിക സാങ്കേതികവിദ്യകളും ഒരേസമയം പ്രയോജനപ്പെടുത്തി വനശോഷണം തടയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വനശോഷണം തടയുന്നതിന് തദ്ദേശീയമായുള്ള സാങ്കേതിക വിദ്യകളും ആധുനിക സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തി വരുന്നുണ്ട്. താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് നിലവിൽ പ്രയോജനപ്പെടുത്തി വരുന്നത്:-

(1) 1988-ലെ കേന്ദ്രവന നയത്തിന്റെ ഭാഗമായി കേരളത്തിൽ പങ്കാളിത്ത വന പരിപാലന പദ്ധതി (Participatory Forest Management) 1998 മുതൽ നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം തദ്ദേശീയരായ വനാശ്രിത സമൂഹത്തിന്റെ നാട്ടറിവുകൂടി പ്രയോജനപ്പെടുത്തി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ ഔഷധ സസ്യ ബോർഡിന്റെ പദ്ധതി എന്നിവയും ഇക്കോ-ടൂറിസം, ചെറുകിട വനവിഭവ ശേഖരണം, അവയുടെ മൂല്യവർദ്ധനവ്, വിപണനം മുതലായ പദ്ധതികളും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വനാശ്രിത

സമൂഹത്തെ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ ഏകദേശം അമ്പതിനായിരത്തോളം വനാശ്രിത കുടുംബങ്ങളെ വനവൽക്കരണ, വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധനവിന് സാഹചര്യം ഒരുക്കുകയുംചെയ്യുന്നു.

(2) വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്നൊരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ, സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡേറ്റ ബേസും ലഭ്യമാക്കുന്നതാണ്.

(3) സർപ്പ എന്ന പേരിൽ ഒരു ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യം മുഖേന പൊതുജനങ്ങൾക്ക് പാമ്പുകളെ കണ്ടാൽ ആ വിവരം ടി മൊബൈൽ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഓരോ സ്ഥലത്തേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങളും ലഭ്യമാക്കുന്നതുമാണ്. കൂടാതെ, പാമ്പിന്റെ ശല്യമുള്ള പ്രദേശത്ത് പാമ്പ് പിടിക്കുന്നതിന് പരിശീലനം ലഭിച്ച ആളുകളുടെ വിവരങ്ങളും ഈ ആപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്.

(4) വനം വകുപ്പ് ഐ.റ്റി. മിഷന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുള്ള ജിയോ പോർട്ടൽ എന്ന സംവിധാനം, Geographic Information System ഉപയോഗപ്പെടുത്തി വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ വന സംരക്ഷണത്തിനായി വനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(5) കാട്ടുതീ പ്രതിരോധനത്തിനും കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്.

(6) കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലെർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഈ സംവിധാനം കേരള വനംവകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്.

(ഡി) പുത്തൻ സാങ്കേതിക വിദ്യകൾ വന സംരക്ഷണത്തിന് പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വനം വകുപ്പ് സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥരുടെ നിർബന്ധിത ട്രെയിനിംഗുകളിൽ വന സംരക്ഷണ പ്രവർത്തനങ്ങളിൽ നിലവിൽ ലഭ്യമായ ആധുനിക സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുകയും അവയിൽ പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ആയതിനുപുറമേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തുന്ന റിഫ്രഷർ കോഴ്സുകളിലും ഇത്തരം സാങ്കേതിക വിദ്യാ പരിജ്ഞാനം സംബന്ധിച്ച് പ്രായോഗിക പരിശീലനം വന ഉദ്യോഗസ്ഥർക്ക് സമയാസമയങ്ങളിൽ നൽകിവരാറുണ്ട്. പുതുതായി വനം വകുപ്പിൽ നടപ്പിലാക്കുന്ന നൂതന സാങ്കേതിക വിദ്യകൾ പരിശീലനത്തിന്റെ ഭാഗമാക്കുന്നതിന് അംഗീകൃത ട്രെയിനിംഗ് മാന്വലിലും നിഷ്കർഷിച്ചിട്ടുണ്ട്.

**ജല സ്രോതസ്സുകളുടെ സംരക്ഷണം**

22(*382) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല നിരപ്പ് നിലനിർത്തുന്നതിനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ കുളങ്ങളും കനാലുകളും കാവുകളും സംരക്ഷിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായും തദ്ദേശസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൊതു ജലസ്രോതസ്സുകൾക്കും കുളങ്ങൾക്കും പുറമെ സ്വകാര്യ സ്ഥാപനങ്ങളിലെയും സ്വകാര്യ വ്യക്തികളുടെയും കൈവശമുള്ളവയും പരിപാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്. പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ഫാം പോണ്ടുകളിലും കിണറുകളിലും ഭൂരിപക്ഷവും സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്നവയാണ്. കൂടാതെ കിണർ റീചാർജ്ജിംഗ് സംവിധാനം ഒരുക്കിയ കിണറുകളിൽ ബഹുഭൂരിപക്ഷവും സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്നവയാണ്. പൊതുജല സ്രോതസ്സുകളും കുളങ്ങളും ശുദ്ധീകരിച്ച് നവീകരിച്ചതിന്റെ ഭാഗമായി ഭൂജല ലഭ്യതയിലും ഗുണ നിലവാരത്തിലും വർദ്ധനവ് ഉണ്ടാകുകയും ഇത് പരോക്ഷമായി സ്വകാര്യ ഭൂമിയിലെ ജലസ്രോതസ്സുകളിലെ ജല ഗുണനിലവാരം, ജല ലഭ്യത എന്നിവ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കൃഷി ആവശ്യത്തിനായുള്ള ഫാം പോണ്ട് നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

(സി) കുളങ്ങളും തോടുകളും പരിപാലിക്കാതെ നാമാവശേഷമാകുന്നത് തടയുന്നതിൽ പ്രസ്തുത പദ്ധതി എത്രമാത്രം ഗുണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവയുടെ സംരക്ഷണവും പരിപാലനവും സംഭരണശേഷി വർദ്ധിപ്പിക്കലും മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി "സംയോജിത നീർത്തടാധിഷ്ഠിത" രീതിയിലാണ് നിർവ്വഹിച്ചത്. ഹരിതകേരളം പദ്ധതിയിൽ നീർച്ചാലുകളുടേയും പുഴകളുടേയും പുനരുജ്ജീവനം ഏറെയും ജനകീയമായിട്ടാണ് നിർവ്വഹിക്കപ്പെട്ടത്. കൂടാതെ ഇക്കാര്യങ്ങളിൽ വലിയ തോതിൽ ജനകീയ വിദ്യാഭ്യാസവും നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ പ്രാദേശിക ജലസ്രോതസ്സുകൾ ജനങ്ങളുടേത് കൂടിയാണെന്ന ഒരു ബോധം സൃഷ്ടിക്കാനായിട്ടുണ്ട്. തന്മൂലം ഇവ വീണ്ടും മലിനമാകാതെ തടയാൻ സഹായിക്കും. "ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ നീർച്ചാലുകളുടെ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ഒരു ജനകീയ ക്യാമ്പയിൻ നടത്തിയിരുന്നു. ആകെ പുനരുജ്ജീവനം സാദ്ധ്യമാക്കിയ നീർച്ചാലുകളിൽ 10253 കിലോമീറ്റർ ഈ ക്യാമ്പയിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചവയാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ ജനകീയമായി തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിഞ്ഞു എന്നതിനാലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവൃത്തികളുടെ ഗുണം കൂടുതലായി ലഭ്യമായത്. കൂടാതെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം, ജനകീയപങ്കാളിത്തം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ സാദ്ധ്യമാക്കാൻ കഴിഞ്ഞു എന്നതുകൊണ്ടുതന്നെ കുളങ്ങൾ/തോടുകൾ എന്നിവ മുൻകാലങ്ങളെ അപേക്ഷിച്ച്, നാമാവശേഷമാകുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്.

## ഇറിഗേഷൻ ടൂറിസം പദ്ധതി

23(*383) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ, പുഴകളുടെ പുറമ്പോക്കുകൾ എന്നിവ കേന്ദ്രീകരിച്ച് ഇറിഗേഷൻ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നിലവിലുണ്ട്. പുഴകളും ജലസംഭരണികളും കേന്ദ്രീകരിച്ചുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് ടൂറിസം വകുപ്പിനുവേണ്ടി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് അടിക്കടി വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യം നിലവിലുള്ളതിനാൽ പുഴ പുറമ്പോക്ക് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് പ്രത്യേക പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(ബി) അത്തരം ടൂറിസം പദ്ധതികളുടെ മേൽനോട്ട ചുമതല ആരിലാണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഏതെങ്കിലും സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ജലസേചന പദ്ധതികളോടനുബന്ധിച്ചുള്ള ടൂറിസം പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും നിലവിൽ ജലസേചന വകുപ്പും ടൂറിസം വകുപ്പും സംയുക്തമായാണ് നടത്തുന്നത്. ജലസേചന വകുപ്പിന്റെ കീഴിലുള്ള വിവിധ ഡാമുകൾ കേന്ദ്രീകരിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത ടൂറിസം പദ്ധതികളുടെ വരുമാനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

24-9-2016-ലെ സ.ഉ(സാധാ) നം. 830/2016/ജവിവ. പ്രകാരം ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും 10% ജലസേചന വകുപ്പിനും 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത ടൂറിസം പദ്ധതിയുടെ അനന്ത സാദ്ധ്യത സംസ്ഥാനത്തിന് വരുമാനദായകമായി മാറുന്ന വിധത്തിൽ വിഭാവനം ചെയ്യുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡാമുകൾ, പുഴകളുടെ പുറമ്പോക്കുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്നതിന്, നിലവിലെ പാരിസ്ഥിതിക കാലാവസ്ഥാ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ആവശ്യമാണ്. ഇതുസംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ചശേഷമേ കൂടുതൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കുടിവെള്ള കണക്ഷൻ വേഗത്തിൽ ലഭ്യമാക്കാൻ പദ്ധതി**

24(*384) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ സാങ്കേതിക വിദ്യാധിഷ്ഠിതമായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഗ്രാമീണ മേഖലയിൽ ജെ.ജെ.എം. (ജൽ ജീവൻ മിഷൻ) പദ്ധതിയിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിന്, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ മുഖേന കണക്ഷന് ആവശ്യമായ രേഖകൾ അപേക്ഷകരിൽനിന്ന് വാങ്ങി ഓൺലൈനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കണക്ഷൻ നൽകുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. നഗരമേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ഇ-ടാപ്പ്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി സമർപ്പിക്കപ്പെട്ട കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അപേക്ഷകർക്ക് ഓൺലൈനായിതന്നെ കണക്ഷൻ ഫീസ് അടക്കുവാനും അപേക്ഷയുടെ തൽസ്ഥിതി അറിയുവാനും സാധിക്കും.

(ബി) ഓഫീസ് നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കി കുടിവെള്ള കണക്ഷൻ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കുടിവെള്ള കണക്ഷനുവേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച ഇ - ടാപ്പ് സോഫ്റ്റ് വെയറിൽ കണക്ഷന് വേണ്ടി അപേക്ഷ ലഭിച്ചാൽ കാലതാമസം കൂടാതെ ഓഫീസ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി അപേക്ഷകന് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) സെൽഫ് റീഡിംഗ് സോഫ്റ്റ് വെയറും ഓൺലൈൻ പേയ്മെന്റ് സംവിധാനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉപഭോക്താക്കൾക്ക് സ്വയം മീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമായ സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിവരുന്നു. വാട്ടർ അതോറിറ്റി ഓഫീസിൽ ബിൽ സൃഷ്ടിക്കപ്പെടുമ്പോൾത്തന്നെ, ഉപഭോക്താവിന് എസ്.എം.എസ്. ആയി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് സ്വയം വാട്ടർ മീറ്റർ റീഡിംഗ് രേഖപ്പെടുത്താൻ സാധിക്കുന്ന സംവിധാനമാണ് സെൽഫ് മീറ്റർ റീഡിംഗ്. ഉപഭോക്താവ് മീറ്റർ റീഡിംഗ് രേഖപ്പെടുത്തി മീറ്ററിന്റെ ഫോട്ടോ എടുക്കുമ്പോൾ തന്നെ മീറ്റർ/ കണക്ഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ജിയോ ലൊക്കേഷനും രേഖപ്പെടുത്തും. ഇങ്ങനെ സമർപ്പിക്കുന്ന റീഡിംഗ് പരിശോധിച്ച്, ഉപഭോക്താവിന് ബിൽ തുകയും മറ്റു വിവരങ്ങളും എസ്.എം.എസ് ആയി നൽകും. ബിൽ തുക ഉപഭോക്താവിന് ഓൺലൈനായി തന്നെ അടയ്ക്കാനും സാധിക്കും. ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ് അടയ്ക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേയ്മെന്റ് സൈറ്റ് (quickpay) വഴിയും BBPS (ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം) വഴിയും ഓൺലൈനായി വാട്ടർ ചാർജ് അടക്കാവുന്നതാണ്.

(ഡി) ഈ പദ്ധതി പ്രകാരമുള്ള സൗകര്യങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സെൽഫ് റീഡിംഗ് സോഫ്റ്റ്‌വെയർ ആദ്യഘട്ടത്തിൽ തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള കവടിയാർ സെക്ഷൻ ഓഫീസിലാണ് നടപ്പിലാക്കിവരുന്നത്. ഈ സംവിധാനം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ പേയ്മെന്റ് സംവിധാനം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

**പട്ടിക വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ**

25(*385) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവിഭാഗങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ ഇടപെടലുകൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിന് മുൻ സർക്കാരും ഈ സർക്കാരും കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി (ലാൻഡ് ബാങ്ക്) എന്നീ വിവിധ പദ്ധതികൾ മുഖേന 5,011 ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 4,146.51 ഏക്കർ ഭൂമി അനുവദിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് വനാവകാശ നിയമ പ്രകാരം 114 പേർക്ക് 56.27 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 68 പേർക്ക് 9.17 ഏക്കർ ഭൂമിയുടെ പട്ടയവും നൽകിയിട്ടുണ്ട്. ലാൻഡ് ബാങ്ക് വഴി 19.86 ഏക്കർ ഭൂമി വാങ്ങുന്നതിനായി 8,41,26,831 രൂപ കോഴിക്കോട്, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി, ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും വനം വകുപ്പിന്റെയും സംയുക്ത യോഗം ചേർന്ന് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുകയുണ്ടായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം പട്ടികവർഗ്ഗക്കാരുടെ ഭൂമിസംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടിക ഗോത്രവിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി 2016 മുതൽ ട്രൈബൽ റീസെറ്റിൽമെന്റ് ആൻഡ് ഡെവലപ്മെന്റ് മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. 2016 മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 5,193 പേർക്ക് വിവിധ പദ്ധതികളിലായി 4,211.95 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു*. 2016 മുതൽ നാളിതുവരെയായി റ്റി.ആർ.ഡി.എം. മുഖേന അനുവദിച്ച 1,925 വീടുകളിൽ 1,444 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 507 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനും പുനരധിവസിപ്പിച്ചവർക്ക് സ്വയം തൊഴിൽ പദ്ധതികളും കാർഷിക വികസന പദ്ധതികളും നടപ്പിലാക്കുന്നതിനും പുനരധിവാസ മേഖലകളിലേയ്ക്ക് റോഡ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും റ്റി.ആർ.ഡി.എം. മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളെ ഏകോപിപ്പിക്കുന്നതിനായി റ്റി.ആർ.ഡി.എം. മാതൃകയിൽ ഒരു മിഷൻ വിഭാവനം ചെയ്യുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ അത്തരത്തിലൊരു പരിശോധന നടത്തിയിട്ടില്ല.

**യുവജന ക്ഷേമ പദ്ധതികൾ**

26(*386) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി(<u>ശ്രീ. സജി ചെറിയാൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാന യുവജന നയത്തിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ, പ്ലാസ്മ ഡൊണേഷൻ ക്യാമ്പെയിൻ, കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്കുള്ള ധനസഹായം, എൽ.ഇ.ഡി. ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം, സൈക്കിൾ ക്ലബ്ബ് രൂപീകരണം, സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്സ്റൂമും, കെ.എ.എസ്. പ്രിലിമിനറി & മെയിൻ പരീക്ഷാ സൗജന്യ പരിശീലനം, പി.എസ്.സി. മത്സരപ്പരീക്ഷാ പരിശീലനം, അമച്വർ നാടകോത്സവം, ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം, ഷോർട്ട് ഫിലിം ഡോക്യുമെന്റേഷൻ ഫെസ്റ്റിവൽ, കളരിപ്പയറ്റ് പരിശീലനം, സെവൻസ് ഫുട്ബോൾ, കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം, ഫിഫ 2018 ബിഗ്സ്ക്രീൻ പ്രദർശനം, യൂത്ത് കേരള എക്സ്പ്രസ്സ്, യുവാ ക്ലബ്ബുകൾ, സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം, നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരള, കേരളോത്സവം തുടങ്ങിയ പദ്ധതികളിലൂടെ യുവജനങ്ങളുടെ കഴിവുകളും തൊഴിൽസാദ്ധ്യതകളും പരിപോഷിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. യുവജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിന് തുടർ വിദ്യാഭ്യാസ പരിപാടികളും നൈപുണ്യ പരിശീലനവും കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദപരമായി നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുക, മദ്യാസക്തിക്കും ലഹരി ഉപയോഗത്തിനും എതിരെ യുവജനങ്ങളെ അണിനിരത്തുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാവിധ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വിവാഹപൂർവ്വ കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങിയ പദ്ധതികളിലൂടെ വിദ്യാഭ്യാസം, കാർഷികം, സാമൂഹികം, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ സമഗ്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

'മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണം' എന്ന പദ്ധതിയിലൂടെ കോളേജുകളിലും എസ്.സി./എസ്.റ്റി. കോളനികളിലും യുവജന ക്ലബുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിനായി കോ-ഓർഡിനേറ്റർമാരെ

നിയോഗിക്കുന്നു. യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. ഇതിലൂടെ ബോധവത്ക്കരണ പരിപാടികളിൽ അനവധി യുവാക്കളെ നേരിട്ട് പങ്കാളികളാക്കാൻ കഴിഞ്ഞു. കോവിഡ് കാലത്ത് ഇവരുടെ സേവനം ഉപയോഗിക്കാൻ കഴിഞ്ഞു. ജില്ലകളിൽ 'അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും' നടത്തുന്നതിലൂടെ യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പ്രശ്നങ്ങളിന്മേലും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. യുവാക്കളിൽ സാമൂഹ്യബോധവും നിയമ അവബോധവും യുവജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചും ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ സെമിനാറും ജില്ലാതലത്തിൽ സെമിനാർ/സിമ്പോസിയം/ശില്പശാല എന്നിവയും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ളതും കല/സംസ്കാരം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ 'യൂത്ത് ഐക്കൺ' എന്ന ബഹുമതി നൽകി ആദരിക്കുന്നു. യൂത്ത് ഐക്കൺ അവാർഡിലൂടെ യുവാക്കൾക്ക് വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രചോദനം നൽകുന്നു. എല്ലാ വർഷവും ജനുവരി 12 'ദേശീയ യുവജനദിന' മായി ആഘോഷിക്കാറുള്ളതാണ്. പ്രസ്തുത ദിനം സംസ്ഥാനത്ത് വിപുലമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി യുവാക്കൾക്കായി മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെ ബോധവത്ക്കരണവും റോഡ് സുരക്ഷ, വാഹനറാലി, മറ്റ് പരിപാടികൾ എന്നിവയും യുവാക്കളിൽ നിയമ അവബോധം ഉണ്ടാക്കുന്നതിന് ഇ.എം.എസ്. അനുസ്മരണ അന്തർ സർവ്വകലാശാല പ്രസംഗ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യ രംഗത്ത് ബോധവത്ക്കരണം നൽകുകയും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ' യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പദ്ധതിയിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാമ്പത്തികവും സാമൂഹികവുമായി

ഏറെ പിന്നോക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്കായി ഒരു ടോൾഫ്രീ നമ്പറിലൂടെ സേവനം നൽകുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഡെവലപ്പ് ചെയ്ത് ടി പദ്ധതിക്കായി രണ്ട് പേരടങ്ങുന്ന ഒരു നിയമ വിദഗ്ദ്ധ പാനൽ രൂപീകരിച്ച് നിയമ സഹായം നൽകിവരുന്നു. യുവജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂട്ടായ പരിശ്രമത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിലൂടെ പൗരബോധം, ജനാധിപത്യബോധം, സാമൂഹ്യബോധം എന്നിവ പരിപോഷിപ്പിച്ച് ഈ തലമുറയ്ക്കും വരുംതലമുറയ്ക്കും മലിനീകരിക്കപ്പെടാത്ത ജലവും വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളും ശുദ്ധവായുവും പ്രദാനം ചെയ്ത് ആരോഗ്യസമ്പന്നമായ ജീവിതം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഗ്രീൻ യൂത്ത് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ‘ ഗ്രീൻ സോൺ’ എന്ന പേരിൽ തരിശുഭൂമികൾ കണ്ടെത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ ജില്ലകളിൽ യുവജനങ്ങളെ ആകർഷിക്കുന്നതിലേയ്ക്കായി പച്ചക്കറി/മീൻ വളർത്തൽ എന്നിവ സംഘടിപ്പിച്ചുവരുന്നു. വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ, തൊഴിൽദായകരിൽനിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി കെൽട്രോൺ മുഖേന പൂർത്തീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി മൊബൈൽ ആപ്പ് കെൽട്രോൺ മുഖേന ഡെവലപ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നു.

(സി) യുവജന ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതിന്റെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

യുവജനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതിന്റെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനുമായി 2022-23 സാമ്പത്തികവർഷം ഓൺലൈൻ ഡെലിവറി സംവിധാനം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സെക്യൂരിറ്റി സർവ്വീസ്, ഹാർബർ സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ്

മാനേജ്മെന്റ്, ടൂറിസം വോളന്റിയർ, ഹൈവേ വോളന്റിയേഴ്സ്, ബൈക്ക് ആംബുലൻസുകൾ, പൊതുകുളങ്ങൾ വീണ്ടെടുത്ത് മത്സ്യകൃഷി, ശാസ്ത്ര ക്വിസ്, യുവതീക്ലബ്ബ്, വനിതാ യൂത്ത് ഹോസ്റ്റൽ, കളരി കരാട്ടെ പരിശീലനം, ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ, തീരദേശ കായിക ഉത്സവം, ക്ലബ്ബുകളുടെ കായിക പരിശീലന ശാക്തീകരണം, നീന്തൽ പരിശീലനം, നാടകകളരി, ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം, യുവസാഹിത്യ ക്യാമ്പ്, ട്രെക്കിംഗ്, പാരാസെയിലിംഗ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്, ആരോഗ്യ സാംസ്കാരിക പരിപാടികൾ, ട്രാൻസ്ജെൻഡർ ശാക്തീകരണം, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, പി.എസ്.സി. പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, കരിയർ ഗൈഡൻസ്, ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകൾ, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകൾ, കാർഷിക ക്ലബ്ബുകൾ, പരിസ്ഥിതി ക്ലബ്ബുകൾ, പാലിയേറ്റീവ് കെയർ, ലഹരിവിരുദ്ധ ക്യാമ്പയിൻ, വിവാഹിതരാകാൻ പോകുന്ന വധൂവരന്മാർക്ക് കൗൺസിലിംഗ്, കേരളോത്സവം, യൂത്ത് അവാർഡ്, യുവശക്തി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തിരുവനന്തപുരത്തെ രണ്ട് കേന്ദ്രങ്ങളിലായി 25 വയസ്സിൽ താഴെയുള്ള യുവതികൾക്കായി 10 ദിവസത്തെ കളരിപ്പയറ്റ് പരിശീലനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട 750 പേർക്കാണ് പരിശീലനം നൽകിയത്. യുവതികളിൽ ആത്മവിശ്വാസവും മാനസിക-ശാരീരിക കരുത്തും വർദ്ധിപ്പിക്കുന്നതിനോടൊപ്പം കേരളീയ സംസ്കാരത്തിന്റെ ഭാഗമായുള്ള കളരി പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പരിശീലനം ലഭിച്ച 750 ഓളം യുവതികൾ കളരിയിൽ അഭ്യാസ പ്രകടനം കാഴ്ചവച്ചു. തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്, ഗവ. നഴ്സിംഗ് കോളേജ്, സെന്റ് സേവിയേഴ്സ് കോളേജ്, ആയുർവ്വേദ കോളേജ്, ഗവ. വിമൻസ് പോളിടെക്നിക്, കൈമനം എന്നീ കേന്ദ്രങ്ങളിലാണ് യുവതികൾക്ക് പരിശീലനം നൽകിയത്. കോവിഡ് മഹാമാരിമൂലം മാനസിക പിരിമുറുക്കം അനുഭവിക്കുന്ന വ്യക്തികൾക്ക് ടെലികൗൺസിലിംഗ് സംഘടിപ്പിക്കുന്ന പരിപാടി തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിലെയും ക്രൈസ്റ്റ് കോളേജിലെയും വിദ്യാർത്ഥികൾ മുഖേന നടത്തിയിട്ടുണ്ട്. ഇതിലൂടെ കോവിഡ് ബാധിതരായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസിക പിൻതുണയും മറ്റുതരത്തിലുള്ള സഹായങ്ങളും നൽകിയിട്ടുണ്ട്. യുവാക്കളിലെ ആത്മഹത്യയും മാനസിക പ്രശ്നങ്ങളും കുറയ്ക്കുന്നതിനായി, കോവിഡ്

പ്രതിസന്ധിയിൽ തൊഴിൽ നഷ്ടപ്പെട്ടതോ, ലോക്ക്ഡൗൺമൂലം വീട്ടിൽ അടച്ചിരുന്നതിനാൽ സ്വഭാവ വൈകല്യങ്ങൾ ബാധിച്ചതോ ആയ യുവാക്കളെ കണ്ടെത്തി അവർക്കുവേണ്ട സാമ്പത്തിക സഹായം, മാനസിക പിന്തുണ എന്നിവ നൽകുക, എല്ലാ പഞ്ചായത്തുകളിലും ഇത്തരക്കാരെ കണ്ടെത്തി അവർക്കുവേണ്ട കൗൺസിലിംഗ് നടത്തി മാനസിക പിന്തുണ നൽകുക എന്നീ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കർമ്മ പദ്ധതി കേരള സംസ്ഥാന യുവജന കമ്മീഷൻ തയ്യാറാക്കി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധി**

27(*387) ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം (ശ്രീ. കെ. രാധാകൃഷ്ണൻ) വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം ബോർഡുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉണ്ട്. കോവിഡുമൂലം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചത് കാരണം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ദേവസ്വം ബോർഡുകൾക്ക് കോവിഡ് കാലയളവിൽ സർക്കാർ ആകെ 215.73 കോടി രൂപ (ഇരുന്നൂറ്റി പതിനഞ്ച് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 131.6 കോടി രൂപ (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പ്രത്യേക ധനസഹായമായി അനുവദിച്ച 100 കോടി രൂപയും 2019-2020, 2020-2021 വർഷങ്ങളിലെ വാർഷിക വിഹിതം ഇനത്തിൽ കോവിഡ് കാലയളവിൽ അനുവദിച്ച 1 കോടി 60 ലക്ഷം രൂപയും പ്രളയവും മറ്റ് വിവിധ കാരണങ്ങളാലും ഉണ്ടായ വരുമാന നഷ്ടം കുറയ്ക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷം അനുവദിച്ച 30 കോടി രൂപയും ഉൾപ്പെടെ)

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ അനുവദിച്ച പ്രത്യേക ധനസഹായം)

മലബാർ ദേവസ്വം ബോർഡ്-58.98 കോടി രൂപ (കോവിഡുമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മലബാർ ദേവസ്വം ബോർഡിന് അധിക ധനസഹായമായി അനുവദിച്ച 19 കോടി രൂപയും വിരമിച്ച ക്ഷേത്ര ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫെയർ ഫണ്ട് ബോർഡിന് അനുവദിച്ച ഒരു കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് വർഷാവർഷം സർക്കാരിൽനിന്നും ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം അനുവദിച്ചുവരുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ശീർഷകത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്കും ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിനുമായി 2020-2021 സാമ്പത്തിക വർഷം അനുവദിച്ച 20,61,21,740 (ഇരുപത് കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എഴുനൂറ്റി നാൽപ്പത്) രൂപയും 2021-2022 സാമ്പത്തിക വർഷം ഇതുവരെ അനുവദിച്ച 13,47,62,620(പതിമൂന്ന് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുനൂറ്റി ഇരുപത്) രൂപയും ആചാരസ്ഥാനീയർക്കും കോലധാരികൾക്കും കുടിശ്ശിക അനുവദിക്കുന്നതിനും അനുവദിച്ച 1.25 കോടി രൂപ ഉൾപ്പെടെ) കൂടൽ മാണിക്യം ദേവസ്വം - 15 ലക്ഷം രൂപ (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ അനുവദിച്ച പ്രത്യേക ധനസഹായം)

(ബി) ക്ഷേത്രങ്ങളിലെ വരുമാനത്തിലുണ്ടായ കുറവുമൂലം ദേവസ്വം ബോർഡുകൾ പ്രതിസന്ധിയിലായ സാഹചര്യത്തിൽ പ്രധാന ക്ഷേത്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉത്സവങ്ങളും വിശേഷാൽ പൂജകളും ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് നിലവിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി ക്ഷേത്രങ്ങളിൽ വിശേഷാൽ പൂജകളും ചടങ്ങുകളും മറ്റും നടത്തിവരുന്നുണ്ട്.

(സി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിശ്വാസികളായ പ്രവാസികൾക്ക് ഓൺലൈനായി വഴിപാടുകളും പൂജകളും ബുക്ക് ചെയ്ത് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമലയടക്കമുള്ള 27 ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാടുകൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് 374 ക്ഷേത്രങ്ങളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാട് സൗകര്യവും 30 ക്ഷേത്രങ്ങളിൽ മൊബൈൽ ആപ്പ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി ക്ഷേത്രങ്ങളിൽക്കൂടി ആയത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാടുകൾ അതത് ക്ഷേത്രങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ എല്ലാ വഴിപാടുകളും ഓൺലൈൻവഴി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനത്ത് വസിക്കുന്നവർക്കും ദൂരപ്രദേശത്ത് താമസിക്കുന്നവർക്കും വഴിപാടുകൾ ഓൺലൈനായി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കൂടൽ മാണിക്യം ദേവസ്വവും നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസികൾക്ക് കൂടൽ മാണിക്യം ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകളും പൂജകളും ചെയ്യുന്നതിനുള്ള നടപടികൾ ദേവസ്വം സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മണ്ഡല, മകരവിളക്ക് ഉത്സവങ്ങൾ ആരംഭിക്കുന്നതിന് ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

ശബരിമല തീർത്ഥാടകർക്ക് യാത്രാ സൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക ആവശ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്കും വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കി തീർത്ഥാടനം സുഗമമാക്കാനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പുമന്ത്രി 16-6-2021-നും 7-9-2021-നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28-6-2021-ന് ബഹു. ജലവിഭവ

വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 6-7-2021-ന് ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 7-7-2021-ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പുമന്ത്രിയുടെയും ബഹു. ഗതാഗത വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻപ്രകാരമുള്ള അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനത്തിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-10-2021-ന് യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കോവിഡ്-19 സാഹചര്യത്തിൽ നടക്കുന്ന ഈ വർഷത്തെ ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. തീർത്ഥാടനത്തിന് അനുവദിക്കുന്ന തീർത്ഥാടകരുടെ എണ്ണം അന്തിമമായി തീരുമാനിച്ചിട്ടില്ലെങ്കിലും ശബരിമലയിലും അനുബന്ധ പ്രദേശങ്ങളായ പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലും തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിൽ ദ്രുതഗതിയിൽ നടന്നുവരികയാണ്. മരാമത്ത് പണികൾക്കുള്ള ടെൻഡറുകൾ വിളിക്കുകയും തീർത്ഥാടന കാലത്തിന് മുമ്പായി അവ പൂർത്തിയാകുന്ന രീതിയിൽ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. വഴിപാട് സാധനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സ്റ്റാളുകളുടെയും മറ്റും ലേലവും ആരംഭിച്ചിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രത്യേകിച്ചും നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ആധുനിക സൗകര്യങ്ങളുള്ള ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം

28(*388) ശ്രീ. എം. എം. മണി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളുള്ള ഇടത്താവളങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഏറ്റവും പുതിയ സൗകര്യങ്ങളോടെ ഇടത്താവളങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡും എൻ.ബി.സി.സി.-യും സർക്കാരും കൂടിയുള്ള ട്രൈപാർട്ടി എഗ്രിമെന്റ് നടപടികൾ ഉടനെ പൂർത്തിയാക്കി താമസംവിനാ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

(ബി) ഇതിനായി ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ?

ശ്രീകപുരം, ചിറങ്ങര എന്നീ രണ്ട് സ്ഥലങ്ങളിലൊഴികെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എൻ.ബി.സി.സി.-ക്കാണ് ഇടത്താവളം പദ്ധതികളുടെ നിർമ്മാണ ചുമതല.

(സി) ആദ്യഘട്ടത്തിൽ എത്ര ഇടത്താവളങ്ങളുടെ നിർമ്മാണമാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, ശ്രീകപുരം, മണിയൻകോട് എന്നീ 7 സ്ഥലങ്ങളിലെ ഇടത്താവളങ്ങളാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആധുനിക ഇടത്താവള സമുച്ചയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശബരിമലയിലേയ്ക്ക് പോകുന്ന തീർത്ഥാടകർക്ക് ഭക്ഷണം, കുടിവെള്ളം, വാഹന പാർക്കിംഗ്, താമസത്തിനും വിശ്രമത്തിനും പ്രാഥമിക സൗകര്യങ്ങൾക്കും വിരിവയ്ക്കാനും അടക്കമുള്ള വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

## നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

29(*389) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനും ഉപഭോക്താക്കൾക്ക് യഥാസമയം ബില്ല് നൽകി പണം സ്വീകരിക്കുന്നതിനും വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് കേരള വാട്ടർ അതോറിറ്റി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മോട്ടോറുകൾ വിതരണ ശൃംഖലയിലേയ്ക്ക് നേരിട്ട് ഘടിപ്പിക്കുന്നതും വിതരണ ശൃംഖലയിൽനിന്ന് നേരിട്ട് ജലമോഷണം നടത്തുന്നതും പൊതുടാപ്പുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇതര ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതും മറ്റും കണ്ടെത്തി വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തുവരുന്നു. വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയേഴ്സ് തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തി വരുന്നുണ്ട്. ജലമോഷണം തടയുന്നതിനായുള്ള നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ആൻഡ് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് 2017 മുതൽ 2021 ആഗസ്റ്റ് മാസംവരെ 1043 ജലമോഷണ കേസുകൾ രജിസ്റ്റർ ചെയ്ത് കേരള വാട്ടർ സപ്ലൈ &സ്വീവറേജ് ആക്ട് 1986 പ്രകാരം 1.65 കോടി രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് യഥാസമയം വാട്ടർ ബിൽ ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഫോണിലേയ്ക്ക് എസ്. എം. എസ്. അയ്ക്കുന്ന സംവിധാനം നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം നഗര (North & South) ഡിവിഷനുകളിലാണ് ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രിന്റഡ് ബില്ലിന് പകരം എസ്. എം. എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. സെൽഫ് റീഡിംഗ് ഏർപ്പെടുത്തുന്നതിനുവേണ്ടി പുതിയ സെൽഫ് റീഡിംഗ് ആപ്പ് കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച് കഴിഞ്ഞു. ഈ സംവിധാനം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഉപഭോക്താക്കൾക്കുമായി ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അക്ഷയ സെന്റർ വഴിയോ കേരള വാട്ടർ അതോറിറ്റിയുടെ ഓഫീസുകൾ വഴിയോ വാട്ടർ ബിൽ, ബില്ല് അടച്ച രസീത് എന്നിവ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ വാട്ടർ അതോറിറ്റി ബില്ലുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാനുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേമെന്റ് സൈറ്റിൽ (quick pay) നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണത്തിലിരിക്കുന്ന വൻകിട, ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ നിർമ്മാണ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിന്റെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പദ്ധതി പ്രവർത്തനങ്ങൾ നേരിടുന്ന തടസ്സങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഏകോപനത്തിന് ജനപ്രതിനിധികളുടെ സഹായം തേടാറുണ്ട്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രതിവാര പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ "പാസ്ക് (PASK)" എന്ന സോഫ്റ്റ് വെയർ സംവിധാനത്തിൽ രേഖപ്പെടുത്തി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നു. മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ജൽജീവൻ പദ്ധതിയുടെ തുടക്കംമുതൽ പ്രതിവാര പുരോഗതി എല്ലാ ശനിയാഴ്ചയും വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. പദ്ധതി പുരോഗതി കേന്ദ്ര സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുക വഴി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന വൻകിട കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തന പുരോഗതിയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തികളുടെ വിശദാംശം അനുബന്ധം 2 ആയും*, സ്റ്റേറ്റ് പ്ലാൻ ശീർഷകത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും നബാർഡ് സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും ന്യൂനപക്ഷക്ഷേമ വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്ന ചെറുകിട കുടിവെള്ള പദ്ധതികളുടെയും എം. എൽ. എ. (എസ്. ഡി. എഫ്.), ഡെപ്പോസിറ്റ് പ്രവൃത്തികൾ, തുടങ്ങിയവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിന് നടപടി

30(*390) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ നൽകുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാകുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനുമുള്ള ഒരു ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുമാറുള്ള ടി ഓർഡിനൻസ് 2020 സെപ്തംബർ 23-ാം തീയതി പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബിൽ പരിഗണനയിലാണ്.

(ബി) മത്സ്യഫെഡ് വഴി മത്സ്യം ന്യായവിലയ്ക്ക് ശേഖരിക്കുന്നതിന് മൽസ്യബന്ധന ഹാർബറുകളിൽ സ്ഥിരമായ സംവിധാനം ഒരുക്കുമോ?

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലൂടെ മത്സ്യലേലം സംഘടിപ്പിക്കുക വഴി മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നുണ്ട്. എന്നാൽ സംഘങ്ങൾ ശക്തമല്ലാത്ത ഇടങ്ങളിൽ ഇതിൽ വീഴ്ച വരുന്നുണ്ട്. മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും, ഫിഷ് ലാൻഡിംഗ് സെന്ററുകളിൽനിന്ന് നേരിട്ടും മത്സ്യഫെഡ് മത്സ്യം സംഭരിക്കുന്നു. കൊച്ചിയിലെ

മത്സ്യ ഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് തിരുവനന്തപുരം ആനയറ ബേസ് സ്റ്റേഷൻ, കൊല്ലത്തുള്ള പ്രീ-പ്രോസസ്സിംഗ് സെൻറർ, കോട്ടയം ബസ് സ്റ്റേഷൻ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഗുണമേന്മയുള്ള മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഗുണനിലവാരം ഉറപ്പാക്കി മത്സ്യോപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി സർക്കാർ സഹായത്തോടെ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 50 ഫിഷ് മാർട്ടുകളും സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 59 ഫ്രാഞ്ചൈസി മാർട്ടുകളും പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "തീരത്തിൽനിന്ന് മാർക്കറ്റിലേയ്ക്ക്". ഈ പദ്ധതി പ്രകാരം അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നുതന്നെ ലഭ്യമാക്കുന്നതിനായി "അന്തിപച്ച" എന്ന പേരിൽ 10 ഫിഷറ്റേറിയൻ മൊബൈൽ മാർട്ടുകളും പ്രവർത്തിച്ചുവരുന്നു. ഫിഷ് മാർട്ടുകളിലേയ്ക്കും ഫ്രാഞ്ചൈസി മാർട്ടുകളിലേയ്ക്കും മൊബൈൽ മാർട്ടുകളിലേയ്ക്കും ആവശ്യമായ മത്സ്യം പരമാവധി ഹാർബറുകളിൽനിന്നും നേരിട്ട് സംഭരിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നുണ്ട്. വിതരണ ശൃംഖല വിപുലപ്പെടുത്തുന്നത് കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജന കരമാകുന്നതിനാൽ ആയതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന സ്വീകരിച്ചു വരുന്നു. നീണ്ടകര, ശക്തികുളങ്ങര, തോട്ടപ്പള്ളി, പുതിയാപ്പ എന്നിവിടങ്ങളിൽ നിന്നും ഫിഷ്മാർട്ടിലേയ്ക്കാവശ്യമുള്ള മത്സ്യങ്ങൾ മത്സ്യഫെഡ് നേരിട്ട് സംഭരിക്കുന്നുണ്ട്. തീരപ്രദേശത്തെ മറ്റ് ലാൻഡിംഗ് സെന്ററുകൾ/ ഹാർബറുകൾ കേന്ദ്രീകരിച്ച് മത്സ്യം സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യത്തിന്റെ കൃത്രിമമായ വിലയിടിവ് തടയുന്നതിന് അടിസ്ഥാന വില നിശ്ചയിച്ച് മത്സ്യത്തൊഴിലാളികളെ അമിത ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ ഹാർബറുകളുടെയും ലാൻഡിംഗ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പുവരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട്

മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ ഹാർബറുകളിലും ലേല ഹാളുകളിലും കോവിഡ്-19 മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യലേലം പൂർണ്ണമായും നിരോധിച്ച് ഉത്തരവാകുകയും ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനോടൊപ്പം ഉല്പാദകരായ മത്സ്യത്തൊഴിലാളികൾക്ക് അർഹിക്കുന്ന വില ഉറപ്പാക്കുന്നതിനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് മത്സ്യം തൂക്കി വില്പന നടത്തുകയും ചെയ്തിരുന്നു. കോവിഡ്-19 ലോക്ഡൗൺമൂലം ഉല്പാദന മേഖല പൂർണ്ണമായും സ്തംഭിച്ച സാഹചര്യത്തിലും മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ഉറപ്പുവരുത്താൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ അതത് പ്രദേശത്തെ ജനപ്രതിനിധികളും തൊഴിലാളി സംഘടനാ നേതാക്കളും മത്സ്യത്തൊഴിലാളികളും യാന ഉടമകളും അംഗങ്ങളാണ്. ആയതിനാൽ, മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിലും മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ന്യായമായ വില ഉറപ്പുവരുത്താനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുമാറുള്ള ഒരു ഓർഡിനൻസ് വിജ്ഞാപനം ചെയ്തു. ടി ഓർഡിനൻസിന്റെ വകുപ്പ് 19-ൽ മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് നൽകി വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത ഓർഡിനൻസിലെ 9-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി പുനഃസംഘടിപ്പിക്കുന്നതും പരിഗണനയിലാണ്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## മണലൂർ മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് വീടുകൾ

1(4421) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതിയിലും മറ്റ് പദ്ധതികളിലുമായി എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 439 വീടുകൾ അനുവദിച്ച് നൽകിയതിൽ 372 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ലൈഫ് മിഷൻ പദ്ധതി മുഖേന 116 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 67 വീടുകളുടെയും ലൈഫ് പദ്ധതി മുഖേന 26 വീടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു.

## ആലപ്പുഴ മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾ

2(4422) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്നും ഇതിൽ ഭൂരഹിതരായവർ എത്രയെന്നുമുള്ള വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ പദ്ധതി മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിതരായ 117 പേരും ഭൂമിയുള്ള ഭവനരഹിതരായ 81 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ 6 പേരും ഭൂരഹിത ഭവനരഹിതരായ 56 പേരും ലൈഫ് മിഷൻ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി, മറ്റ് ഭവനപദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

3(4423) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ എത്രയാണെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) തിരൂർ നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്തുകൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് ഉറപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദവിവരം അറിയിക്കാമോ?

ലൈഫ് മാനദണ്ഡപ്രകാരം അർഹമായ ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതിപട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം

4(4424) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്; വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

363 പട്ടികജാതി കുടുംബങ്ങൾക്കും 500 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭൂരഹിതരായ പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് 2016 മുതൽ 2021 വരെ ഭവനം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 74 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 396 കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം; ഇതിനായി അനുവദിക്കുന്ന തുകയെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭൂരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് തദ്ദേശഭരണ സ്ഥാപനം/വകുപ്പ് മുഖേന 26-9-2019-ലെ LSGD-DB1/304/2019-LSGD നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ളത് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് മുഖേനയോ സ്വന്തമായോ ഭൂമി ആർജിക്കാവുന്നതാണ്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂഉടമകളിൽനിന്നും അപേക്ഷ ക്ഷണിച്ച് മുനിസിപ്പാലിറ്റി/പഞ്ചായത്തുതല പരിശോധന കമ്മിറ്റി, ജില്ലാതല സൂക്ഷ്മ പരിശോധനാ കമ്മിറ്റി എന്നീ കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തി ബന്ധപ്പെട്ട തഹസീൽദാർ ലാൻഡ് വാല്യു, മാർക്കറ്റ് വാല്യൂ എന്നിവ പരിഗണിച്ച് നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂഉടമയുമായി നെഗോസിയേഷൻ നടത്തി വില നിശ്ചയിച്ച് ലാൻഡ് ബാങ്ക് പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമാണ പദ്ധതി

5 (4425) ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി നൽകിയ തുക പര്യാപ്തമല്ലാത്തതിനാൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും പലിശരഹിത വായ്പ നൽകി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തിയാക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന സ്വന്തമായി ഭവന നിർമ്മാണം നടത്തിയിട്ട് പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1.50 ലക്ഷം രൂപ വരെ ഭവന പൂർത്തീകരണത്തിനായി നൽകുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം 9564 പേർക്ക് ധനസഹായം അനുവദിച്ചു.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

6(4426) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ 27 ഭൂരഹിതരും 8 ഭവനരഹിതരുമുണ്ട്. പട്ടികജാതി വിഭാഗത്തിൽ 195 ഭൂരഹിതരും 553 ഭവനരഹിതരുമുണ്ട്.

**ഭൂമിയുള്ള ഭവനരഹിതർ**

7(4427) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഭൂമിയുള്ളതും എന്നാൽ ശോച്യാവസ്ഥയിലുള്ള വീടുകൾ ഉള്ളവരുമായ 16,070 പട്ടികവർഗ്ഗക്കാർ ഉള്ളതായി 2019-20-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇവർ ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ലൈഫ് പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ടവർക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ 16070 പേരുടെ പട്ടിക തുടർനടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ആയതിൽ 12931 പേരെ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തുകയുണ്ടായി. അവരിൽനിന്നും 10916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും അതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും പാർപ്പിടവും ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പാറശ്ശാല മണ്ഡലത്തിലെ ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾ**

8(4428) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭവനം നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്നതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത 4 കുടുംബങ്ങളാണുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കള്ളിക്കാട് - 3

ആര്യനാട് - 1

(ബി) ഇവരിൽ എത്ര കുടുംബങ്ങൾ ലൈഫ് മിഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇവർ ലൈഫ് മിഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഭൂമി**

9 (4429) ശ്രീ. പി. അബ്ദുൽ ഹമീദ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽ പ്പെട്ടവർക്കായി പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ കണ്ടെത്തി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭൂരഹിതരായവർക്ക് എന്നത്തേയ്ക്ക് ഭൂമി വിതരണം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി- പട്ടികവർഗ്ഗത്തിൽ പ്പെട്ടവർക്കായി പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ കണ്ടെത്തി ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന പ്രകാരം കാലങ്ങളായി അനുവദിച്ചു വരുന്നുണ്ട്. ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് അർഹരായവർക്ക് ഭൂമി അനുവദിക്കുന്ന നടപടികൾ നിലവിലും തുടർന്നു വരുന്നു.

## ആലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

10(4430) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

16 പട്ടികജാതി കോളനികളും 7 പട്ടികവർഗ്ഗ കോളനികളും ഉണ്ട്.

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികളാണ് നടത്തിവരുന്നതെന്നും അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദീകരിക്കുമോ?

മണ്ണഞ്ചേരി പഞ്ചായത്തിലെ വരകാടി പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പുനരുദ്ധാരണം (25 എണ്ണം), കോൺക്രീറ്റ് റോഡ് നിർമ്മാണം (1), സോളാർ സ്ട്രീറ്റ് ലൈറ്റ് (37 എണ്ണം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 10 വീടുകളുടെ പുനരുദ്ധാരണം, 19 സ്ട്രീറ്റ് ലൈറ്റ് എന്നിവയുടെ പ്രവൃത്തികൾ ഉടനെ പൂർത്തിയാക്കുന്നതാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ അംബേദ്കർ ഗ്രാമം പട്ടികജാതി കോളനിയിൽ റോഡ് (നടവഴി) കോൺക്രീറ്റിംഗ് നഗരസഭയുടെ പദ്ധതിപ്രകാരം ചെയ്തിട്ടുണ്ട്. നെൽപ്പാടത്തോട് ചേർന്നുകിടക്കുന്നതിനാൽ ഒരു ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, പിച്ചിംഗ്, വീടിന് ചുറ്റുമതിൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ പഠന മുറികളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇനിയും നവീകരിക്കേണ്ട കോളനികളിൽ പുതുതായി എന്തൊക്കെ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

നവീകരണ പ്രവൃത്തികൾ ആവശ്യമായ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ മാനദണ്ഡങ്ങൾ പാലിച്ച് ആവശ്യമായ നിർമ്മാണ പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമം പദ്ധതിയിൽ ചീനാടം കോളനി**

11(4431) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്കിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ പത്താം വാർഡിലെ ചീനാടം കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ?

ഫീസിബിലിറ്റി സാക്ഷ്യപത്രം തയ്യാറാക്കി നടപടികൾ കൈക്കൊണ്ടുവരുന്നു.

**തിരൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ**

12(4432) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേക്കുള്ള തകരാറിലായ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഏതൊക്കെ ഏജൻസികളാണ് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) തിരൂർ നിയോജക മണ്ഡലത്തിലെ അഴകത്തുകുളം പട്ടികജാതി കോളനി, പള്ളിപ്പറമ്പ് പട്ടികജാതി കോളനി എന്നിവിടങ്ങളിലെ ഇന്റേണൽ റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണ ഏജൻസി. അഴകത്തുകുളം പട്ടികജാതി കോളനിയിലെ റോഡുകളിൽ, സ്ഥലം വിട്ടുകിട്ടാത്ത ഒരെണ്ണം ഒഴിച്ച് മറ്റെല്ലാ റോഡുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ സമഗ്രവികസനം

13(4433) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമ പദ്ധതി എല്ലാ പട്ടികജാതി കോളനികളുടേയും സമഗ്ര വികസനത്തിനായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കോളനികളിലെ കുടുംബങ്ങളുടെ എണ്ണം മാനദണ്ഡമാക്കുന്നതിനുപകരം പിന്നോക്കാവസ്ഥ കണക്കിലെടുത്ത് വ്യത്യസ്ത പദ്ധതി നടപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

14(4434) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടുവം ഗ്രാമപഞ്ചായത്തിലെ മുതുകുട കോളനി, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ വള്ളുവ കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. മുതുകുട കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. വള്ളുവ കോളനിയിലെ പ്രവൃത്തി ആരംഭിക്കുന്ന സ്ഥലം നാഷണൽ ഹൈവേ അതോറിറ്റിയുടെ കൈവശമായതിനാൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കരിങ്കാളിമ്മൽ കോളനി നവീകരണം

15(4435) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരിങ്കാളിമ്മൽ കോളനി നവീകരണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

കോളനി നവീകരണ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള വിതരണ ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിൽ വന്ന കാലതാമസമാണ് പദ്ധതി പൂർത്തീകരണം വൈകിപ്പിച്ചത്. പ്രസ്തുത പദ്ധതി 2021 ഡിസംബർ 31-നകം പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ കൂടിയ മന്ത്രിതല അവലോകന യോഗത്തിൽ നിർവ്വഹണ ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏതെങ്കിലും പ്രവൃത്തി പൂർത്തിയാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മഞ്ചേശ്വരം താലൂക്കിലെ എസ്.സി./എസ്.ടി. കോളനികളുടെ വിവരങ്ങൾ

16 (4436) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ എസ്.സി./എസ്.ടി. കോളനികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ കോളനികളിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കുമോ;

(സി) പ്രസ്തുത കോളനികളിൽ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കുടിവെള്ള സൗകര്യങ്ങളില്ലാത്ത കോളനികളുടെ പേരുവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കോളനികളിലെ വൈദ്യുതി ഇല്ലാത്ത വീടുകളുടെ എണ്ണം കോളനിയും പഞ്ചായത്തും തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ-എഫ്) മഞ്ചേശ്വരം താലൂക്കിലെ പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധം (എ) ആയും*, പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം അനുബന്ധം (ബി) ആയും ചേർക്കുന്നു*

**ഇരിക്കൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

17(4437) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുമതി ലഭിച്ചിരുന്ന അഞ്ച് പട്ടികവർഗ്ഗ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ഇരിക്കൂർ നിയോജമണ്ഡലത്തിലെ മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ 4 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വർഷം ഇരിക്കൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത ആനയടി വാതിൽമട പട്ടികവർഗ്ഗ കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചതെന്നും എന്നത്തേയ്ക്ക് ആയത് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഞ്ച് കോളനികളിലെയും നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ആയത് 31-3-2022 നകം പൂർത്തീകരിക്കുന്നതാണ്.

**മുനിക്കുന്ന് കോളനിയുടെ നവീകരണത്തിന് അനുവദിച്ച ഫണ്ട്**

18(4438) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-05-2020-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 449/2020/പ.വ.വി.വ. യുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 20-10-2020 -ലെ ഡെവ-സി1-5025/2020 നമ്പർ ഉത്തരവ് പ്രകാരം വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് കോളനിയുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുനിക്കുന്ന് കോളനിയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിന് 9-9-2021-ൽ ചേർന്ന അവലോകന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ**

19(4439) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളും എത്ര പട്ടികവർഗ്ഗ കോളനികളുമുണ്ടെന്ന് വിശദമാക്കുമോ?

2128 പട്ടികവർഗ്ഗ കുടുംബങ്ങളും 64 പട്ടികവർഗ്ഗ കോളനികളുമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണമാണെന്നും ഏതെല്ലാം പ്രദേശത്താണെന്നും വിശദമാക്കുമോ?

സ്വന്തമായി വീടില്ലാത്ത 127 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. കോളനി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| കോളനി | കുടുംബങ്ങൾ |
|---|---|
| നെല്ലിയാമ്പതി | 118 |
| അയിലൂർ | 3 |
| നെന്മാറ | 6 |
| ആകെ | 127 |

**അംബേദ്കർ കോളനികളുടെ ശോചനീയാവസ്ഥ**

20(4440) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം ഇല്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ അംബേദ്കർഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുത്തുവെങ്കിലും പല കോളനികളുടെയും നിർമ്മാണം തുടങ്ങാൻ കഴിയാത്തതും തുടങ്ങിയവ പൂർത്തിയാക്കാൻ കഴിയാത്തതുമായ സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

ഉണ്ട്. പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ആഫീസുകൾ മുഖേനയും ഫീൽഡ് തലത്തിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 9-9-2021-ൽ കൂടിയ അവലോകന യോഗത്തിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അടിസ്ഥാന വികസന രംഗത്തും ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിലും നടപടി സ്വീകരിക്കാത്തതിനാൽ കോളനി നിവാസികൾ കഷ്ടപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോളനികളിൽ താമസിക്കുന്നവർക്ക് യഥാർത്ഥ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ പല വീടുകളും പൊളിച്ചിട്ടശേഷം പണി നടത്താൻ കഴിയാത്ത അവസ്ഥ പരിശോധിക്കുമോ; വിശദമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം വീടുകൾ പൊളിച്ചു പണിയുന്നതിന് വ്യവസ്ഥ ഇല്ല. ഒന്നര ലക്ഷം രൂപ പരിധി നിശ്ചയിച്ച് ഭവന പുനരുദ്ധാരണത്തിനാണ് പദ്ധതി മാനദണ്ഡപ്രകാരം തുക അനുവദിക്കുന്നത്.

**നെന്മാറ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

21 (4441) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ കോളനികളിലുള്ള എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി വീട് ഇല്ലാത്തതെന്നും എത്ര കുടുംബങ്ങൾക്കാണ് വാസയോഗ്യമായ വീട് ഇല്ലാത്തതെന്നും വിശദമാക്കുമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ 400 പട്ടികജാതി കോളനികളുണ്ട്. ഈ കോളനികളിൽ സ്വന്തമായി വീടില്ലാത്ത 769 കുടുംബങ്ങളും വാസയോഗ്യമായ വീട് ഇല്ലാത്ത 362 കുടുംബങ്ങളുമുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് അടിയന്തരമായി വീട് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

അർഹരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു.

## പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ്

22 (4442) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്ടിവിറ്റി ഉറപ്പാക്കുന്നതിനായി ഐ.റ്റി. വകുപ്പിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.റ്റി. വകുപ്പിന്റെ വിഹിതത്തിനുപുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും വിനിയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) എത്ര കോളനികളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയെത്ര കോളനികളിൽ ആയത് പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 242 കോളനികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 194 കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

## കരക്കലകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമവികസന പരിപാടി

23 (4443) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കരക്കലകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ എന്നീ പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയെത്രയാണെന്നും എത്ര രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ?

കരക്കലകുളമ്പ് കോളനി - 1,00,00,000

ചിന്നകൗണ്ടന്നൂർ കോളനി - 4 2,68,846

ഓനാന്തറ കോളനി - 1,00,00,000

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ?

കരക്കലകുളമ്പ്, ചിന്നകൗണ്ടന്നൂർ, ഓനാന്തറ എന്നീ കോളനികളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 2021 നവംബർ മാസാവസാനത്തോടെ പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ചിന്നകൗണ്ടന്നൂർ പട്ടികജാതി കോളനിയുടെ വികസനത്തിനായി വകയിരുത്തിയ അൻപത് ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ചിന്നകൗണ്ടന്നൂർ കോളനിയിൽ 42,68,846 രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. കോളനികളുടെ നവീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി

24 (4444) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.സി./എസ്.ടി. കോളനികളുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോളനികളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി നിർവ്വഹണ രീതിയിൽ മാറ്റംവരുത്താൻ ആലോചിക്കുന്നുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20 വർഷം വരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ 31-12-2021-ന് മുൻപായി പൂർത്തീകരിക്കണമെന്ന് 9-9-2021-ൽ ചേർന്ന മന്ത്രിതല അവലോകന യോഗത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണ രീതിയിൽ ആവശ്യമായ മാറ്റംവരുത്തുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**അംബേദ്കർ ഗ്രാമം പദ്ധതി**

25 (4445) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മാനന്തവാടി മണ്ഡലത്തിലെ കോളനികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാത്ത ഏതെങ്കിലും കോളനികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(എ-സി) മാനന്തവാടി മണ്ഡലത്തിലെ കാവുംകുന്ന്, പാതിരി IHDP എന്നീ രണ്ട് പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലഞ്ചേരി-പുറവഞ്ചേരി-മേചേരി ക്ലസ്റ്റർ, കൊന്നിയോട്, പടക്കോട്ട്കുന്ന്, കൈതവള്ളി, പുഴവയൽ, പാലിയണ, ചേകോട്, വിട്ടിയാംമ്പറ്റ എന്നീ 8 പട്ടികവർഗ്ഗ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കുവണക്കുന്ന് കോളനിയെ പദ്ധതി നടപ്പിലാക്കാനുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. എട്ട് പട്ടികവർഗ്ഗ കോളനികളിലെയും പ്രവൃത്തികൾ 31.03.2022-നകം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുമ്മാട്ടിക്കളം, അംബേദ്കർ കോളനി എന്നിവയുടെ വികസനം**

26 (4446) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളായ കുമ്മാട്ടിക്കളം, അംബേദ്കർ കോളനി എന്നിവയുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനിയെയും കുമ്മാട്ടിക്കളം എസ്.സി.കോളനിയെയും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അംബേദ്കർ കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുമ്മാട്ടിക്കളം കോളനിയിൽ നടപ്പാക്കേണ്ട വികസന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകനയോഗത്തിൽ നിർവ്വഹണ ഏജൻസിയായ കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൽപ്പറ്റ മണ്ഡലത്തിലെ കോളനികളുടെ വികസനത്തിനായി പദ്ധതികൾ**

27 (4447) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമങ്ങൾ, അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നീ പദ്ധതികൾ മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നുള്ളതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വലിയകുന്ന് പട്ടികജാതി കോളനി അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പദ്ധതികളൊന്നും നിലവിൽ ഏറ്റെടുത്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അംബേദ്കർ പദ്ധതി**

28 (4448) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ അംബേദ്കർ പദ്ധതി പ്രകാരമുള്ള എസ്.സി. കോളനി നവീകരണത്തിന്റെ ഭാഗമായുള്ള നിർമ്മാണ പുരോഗതി വിശദമാക്കുമോ?

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ അയ്യങ്കാളി പട്ടികജാതി കോളനി, മീൻകുഴി കോളനി എന്നിവയെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ട് കോളനികളിലേയും പ്രവൃത്തികൾ നിർവ്വഹിക്കുന്നത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആണ്.

അയ്യങ്കാളി പട്ടികജാതി കോളനി: ഈ കോളനിയിൽ വീട് റിപ്പയർ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ആകെയുള്ള 58 വീടുകളിൽ 6 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർണ്ണമായി കഴിഞ്ഞു. ബാക്കി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ട്. ഈ കോളനിയിലെ അതിരുതിരിക്കൽ, പാർശ്വ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

മീൻകുഴി കോളനി: ഈ കോളനിയിൽ വീട് റിപ്പയർ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ആകെയുള്ള 83 വീടുകളിൽ 30 വീടുകളുടെ പണി പൂർത്തീകരിച്ചതും 25 വീടുകളുടെ പണി ഭാഗീകമായി പൂർത്തീകരിച്ചതുമാണ്. ബാക്കി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ട്. ഈ കോളനിയിൽ സോളാർ തെരുവ് വിളക്ക്, പാർശ്വ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 09/09/2021 ലെ അവലോകന യോഗത്തിൽ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

29 (4449) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെയാണെന്നും ഇവയുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ അഴകത്തുകളം പള്ളിപ്പറമ്പ് പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കോളനികളിലെ നവീകരണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

അഴകത്തുകളം പട്ടികജാതി കോളനി:

1. ഉൾറോഡ്, നടപ്പാത നിർമ്മാണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, പൊതു സൗകര്യങ്ങളുടെ വികസനം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
2. കുടിവെള്ള പദ്ധതി, വീട് റിപ്പയർ എന്നിവ പുരോഗമിക്കുന്നു.
3. കാലിത്തൊഴുത്ത് പത്തിൽ ഒൻപതെണ്ണം പൂർത്തിയായിട്ടുണ്ട്.

പള്ളിപ്പറമ്പ് പട്ടികജാതി കോളനി:

1. ഉൾറോഡ് നടപ്പാത നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, അടുക്കളത്തോട്ടം, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.
2. വീട് റിപ്പയർ 90 ശതമാനം പൂർത്തിയായി.
3. കുടിവെള്ളപദ്ധതി 80 ശതമാനം പൂർത്തിയായി.

(ബി) 2021-22 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതി കോളനികളെ തെരഞ്ഞെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പദ്ധതികൾ

30 (4450) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾ പ്രകാരം തുക വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ റോഡ് നിർമ്മാണവും നവീകരണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, നബാർഡ്, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ ടി.ആർ.ഡി.എം. മുഖേന പുനരധിവസിപ്പിക്കപ്പെട്ട കോളനികൾക്ക് ടി.ആർ.ഡി.എം. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിച്ചുനൽകി വരുന്നു.

(ബി) 2018-19 മുതൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തി | തുക |
|---|---|---|
| 2019-20 | ചുനക്കര കാര്യർത്തറ റോഡ് കോൺക്രീറ്റിംഗ് | 9,70,000 രൂപ |
| 2019-20 | നൂറനാട് സംരക്ഷണ ഭിത്തി നിർമ്മാണം, നടപ്പാത കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ് (ഭരണിക്കാവ്) | 78,30,000 രൂപ |
| 2019-20 | ചുനക്കര റോഡ് റീ ടാറിംഗ്, നടപ്പാത കോൺക്രീറ്റിംഗ്- റോഡ് റീ ടാറിംഗ് (ഭരണിക്കാവ്) | 31,50,000 രൂപ |

2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നൂറനാട് ഗ്രാമപഞ്ചായത്തിലെ 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടാർപാളിൻ ഷീറ്റ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എസ്.എസ്.എൽ.സി. പാസ്സായ ഒരു വിദ്യാർത്ഥിക്ക് തുടർപഠനത്തിനായി 5,000 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

31 (4451) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ഈ വർഷം എത്ര പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി മേഖലകളിൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിനും വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നവ.

1) വിവര സാങ്കേതികം, ഇലക്ട്രിക്കൽ ആൻഡ് ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

2) സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെ (1/3 സബ്സിഡി) അനുവദിക്കുന്നുണ്ട്.

3) സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 10.00 ലക്ഷം രൂപ വരെ (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്നുണ്ട്.

4) പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് സ്വയം തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശതൊഴിൽ ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

5) വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലെയ്സ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് വിസ/യാത്രാ ചെലവുകൾക്ക് ഒരു ലക്ഷം രൂപാ ധനസഹായം നൽകിവരുന്നു.

6) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ " Start-up Dreams" കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

7) റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശ രഹിത സീഡ് ഫണ്ട് നടപ്പിലാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മാ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിപാടികളും സർക്കാർ നടപ്പിലാക്കിവരുന്നു.

2. പട്ടികവർഗ്ഗക്കാരിൽ ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നേടിയവർക്ക് തൊഴിൽ നൽകുന്നതിനായി വെർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

3. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

4. ഗോത്രജീവിക- 2016-17 വർഷം മുതൽ ആരംഭിച്ച ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കിവരുന്നു. 2021-22 വർഷത്തിൽ പരിശീലനം നടപ്പിലാക്കുന്ന പദ്ധതികളായ ഗോത്രജീവിക – കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർപോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക കോടതി**

32 (4452) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി,പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), കൊട്ടാരക്കര (കൊല്ലം), മണ്ണാർക്കാട് (പാലക്കാട്) എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥ പ്രകാരം ഓരോ ജില്ലയിലും കോടതികൾ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത നിയമം പ്രകാരം സംസ്ഥാന സർക്കാരിന് ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അനുമതിയോടെ ഒന്നോ അതിലധികമോ ജില്ലകൾക്കായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എറണാകുളം ജില്ലയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) നിലവിൽ പ്രത്യേക കോടതികളുടെ എണ്ണം കുറവായതു കാരണം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) പരിശോധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിഗണനയിലാണ്.

**വന സംരക്ഷണ നിയമ ഭേദഗതി**

33 (4453) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 1980-ലെ വന സംരക്ഷണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഭേദഗതി വനപ്രദേശങ്ങളോട് ചേർന്ന് താമസിക്കുന്ന പട്ടികവർഗ്ഗ, ആദിവാസി സമൂഹങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്ക കേന്ദ്ര സർക്കാരുമായി പങ്കുവച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിയമ ഭേദഗതി വനാവകാശ നിയമത്തെ തന്നെ അട്ടിമറിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) 1980-ലെ വന സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതിയിൽ ഉൾക്കൊള്ളിക്കാനുള്ള കാര്യങ്ങളിന്മേൽ സംസ്ഥാന സർക്കാരുകളുടേയും പൊതുജനങ്ങളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത അഭിപ്രായം നൽകുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അഭിപ്രായ രൂപീകരണത്തിനു ശേഷമുള്ള കരട് ഭേദഗതി തയ്യാറായാൽ മാത്രമേ ഇക്കാര്യത്തിലുള്ള ആശങ്കകൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

## പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ നേടിയ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് അക്കാദമിക വർഷങ്ങളിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ നേടിയ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വർഷംതിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ വീതം എം.ബി.ബി.എസ്. പഠനത്തിന് അഡ്മിഷൻ നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെ അക്കാദമിക് വർഷങ്ങളിൽ സംസ്ഥാനത്ത് എം.ബി.ബി.എസ്. പഠനത്തിന് പ്രവേശനം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാമനപുരം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്

35 (4455) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 അദ്ധ്യയന വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റിന്റെ വിശദവിവരങ്ങൾ വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

2020-21 അദ്ധ്യയന വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യമായ ലംപ്സം ഗ്രാന്റിനത്തിൽ 4100 വിദ്യാർത്ഥികൾക്കായി 37,39,175 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 760 വിദ്യാർത്ഥികൾക്കായി ലംപ്സം ഗ്രാന്റ് ഇനത്തിൽ 6,31,750 രൂപയും സ്റ്റൈപന്റ് ഇനത്തിൽ 14,46,000 രൂപയും (ആകെ 20,77,750 രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക പുരോഗതി

36 (4456) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കഴിഞ്ഞ രണ്ട് അക്കാദമിക വർഷങ്ങളിലെ പഠന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പഠന പുരോഗതി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതെ അദ്ധ്യയനം ഓൺലൈൻ മുഖേന ആക്കിയ സാഹചര്യത്തിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി, മറ്റ് പൊതുകെട്ടിടങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനത്തിലേയ്ക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും മികച്ച വിജയ ശതമാനമാണ് നേടാറുള്ളത്. 2020-21 അദ്ധ്യയന വർഷത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 99 ശതമാനവും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 99.64 ശതമാനവും

വിജയമുണ്ടായിട്ടുണ്ട്. പോസ്റ്റ്മെട്രിക് തലത്തിലും മെച്ചപ്പെട്ട വിജയ ശതമാനവുമുണ്ടായിട്ടുണ്ട്. ഗോത്രവർഗ്ഗക്കാർ കൂടുതലായുള്ള വയനാട്, അട്ടപ്പാടി മേഖലകളിൽ മെന്റർ ടീച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി കുട്ടികളിൽ പഠനാഭിമുഖ്യം വളർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 7353 പട്ടികവർഗ്ഗക്കാരിൽ 7028 പേർ തുടർപഠനത്തിന് അർഹത നേടിയിട്ടുണ്ട്.

## ഇ-ഗ്രാന്റ്സ് പോർട്ടലിലെ തകരാർ

37 (4457) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റ്സ് പോർട്ടലിൽ പരിഷ്കാരങ്ങൾ വരുത്തിയതിനെ തുടർന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഇ-ഗ്രാന്റ്സ് പോർട്ടൽ 2018-19 വർഷം മുതൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിന് പുതുക്കിയ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ, കേന്ദ്ര നിരക്കിലുള്ള സ്കോളർഷിപ്പ് തുകയുടെ 40% വിതരണം ചെയ്ത ശേഷം അതിന്റെ ഡാറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേയ്ക്ക് റിയൽ ടൈം ഷെയറിംഗ് നടത്തുകയും പ്രസ്തുത ഡാറ്റയുടെ അടിസ്ഥാനത്തിൽ 60% തുക കേന്ദ്ര സർക്കാർ നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്നതാണ്. പുതുക്കിയ കേന്ദ്ര മാർഗ്ഗനിർദ്ദേശ പ്രകാരം തുക നൽകേണ്ടുന്ന സാഹചര്യം കണക്കിലെടുത്ത് ഇ-ഗ്രാന്റ്സ് പോർട്ടലിൽ പുനഃക്രമീകരണങ്ങൾ നടത്താൻ നിശ്ചയിച്ചതിന്റെ ഭാഗമായി 2021-22 വർഷത്തെ രജിസ്ട്രേഷൻ/റിന്യൂവൽ താല്കാലികമായി നിർത്തി വച്ചിരുന്നു. എന്നാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം കണക്കിലെടുത്തും അടിയന്തര സാഹചര്യം പരിഗണിച്ചും 25-10-2021 മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. 2020-21 വരെയുള്ള എല്ലാ ക്ലെയിമുകളും നിലവിൽ മുടക്കംകൂടാതെ വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ കേന്ദ്ര മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. പുതുക്കിയ മാർഗ്ഗനിർദ്ദേശം പ്രകാരം സ്കോളർഷിപ്പ് വിതരണംചെയ്യുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ബി. ടെക് വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ ട്യൂഷൻ പദ്ധതി

38 (4458) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ടെക്-ന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റെമഡിയൽ ട്യൂഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. ബി.ടെക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗിനായി മോഡൽ ഫിനിഷിംഗ് സ്കൂളുമായി സഹകരിച്ച് "സമുന്നതി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷങ്ങളിൽ എത്ര കുട്ടികൾക്ക് വീതം പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

26 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റെമഡിയൽ ട്യൂഷൻ നൽകിവരുന്നു.

## പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനം

39 (4459) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളെ ഓൺലൈൻ അദ്ധ്യയന സംവിധാനത്തോട് ചേർത്തുനിർത്തുന്നതിനായി ഗോത്രബന്ധു, ഗോത്രസാരഥി പദ്ധതികൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളെ ഓൺലൈൻ അദ്ധ്യയന സംവിധാനത്തോട് ചേർത്തുനിർത്തുന്നതിനായി ഈ കാലയളവിൽ "ഗോത്ര ബന്ധു" പദ്ധതി പ്രകാരം മുൻവർഷം നിയമിതരായിരുന്ന മുഴുവൻ മെന്റർ ടീച്ചർമാരെയും തുടരുന്നതിന് അനുമതി നൽകുകയും പാലക്കാട് ജില്ലയിൽ പുതുതായി 20 മെന്റർ ടീച്ചർമാരെ കൂടി നിയമിക്കുകയും ചെയ്തു. ആയതുപ്രകാരം "ഗോത്രബന്ധു" പദ്ധതി നടപ്പിലാക്കിവരുന്ന വയനാട്, പാലക്കാട് ജില്ലകളിലെ വിദ്യാർത്ഥികളെ ഓൺലൈൻ പഠനകേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്. ഓൺലൈൻ അദ്ധ്യയന സമ്പ്രദായത്തിലേയ്ക്ക് പാഠ്യക്രമം മാറിയതിനെ തുടർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുപ്പിക്കുന്നതിന് വകുപ്പിന്റെ സാമൂഹ്യപഠന മുറികൾ, പൊതു കെട്ടിടങ്ങളിൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ള മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദൂര സങ്കേതങ്ങളിലുള്ള കുട്ടികളെ വാഹനം ഏർപ്പാടാക്കി

സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് "ഗോത്രസാരഥി" . വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന മുറയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ "ഗോത്രസാരഥി" പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനവുമായി ബന്ധപ്പെട്ട് ധനസഹായം

40 (4460) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനാർത്ഥം വിദേശത്തുള്ള സ്ഥാപനങ്ങളിൽപോയി പഠിക്കുന്നതിന് വകുപ്പ് മുഖേന നൽകിവരുന്ന ധനസഹായം എത്ര രൂപയാണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശങ്ങളിൽ പോയി ഉപരിപഠനം നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ ധനസഹായം നൽകിവരുന്നു. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിൽ.-ന് തുല്യമായവ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ 4-10-2017-ലെ സ.ഉ. (എം.എസ്) നമ്പർ 81/2017/പജപവവിവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിനകത്ത് സ്ഥിരം താമസക്കാരായവരും 35 വയസ്സിന് താഴെയുള്ളവരും ബിരുദം നേടിയവരും (55% മാർക്കിൽ കുറയാതെ ബിരുദം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കും 50% മാർക്കിൽ കുറയാതെ ബിരുദം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും) IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽനിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതാണ്.

## ലംപ്സം ഗ്രാന്റ്

41 (4461) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന ലംപ്സം ഗ്രാന്റ് എത്രയാണ്; പ്രസ്തുത തുക വിതരണം ചെയ്യുന്നത് എത്ര ഘട്ടങ്ങളായാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം, വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചുവരുന്നു. ആയതുപ്രകാരം വിവിധ കോഴ്സുകൾക്ക് വിവിധ നിരക്കിലാണ് തുക അനുവദിക്കുന്നത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).* ലംപ്സം ഗ്രാന്റ് ഒറ്റ ഘട്ടമായിട്ടാണ് അനുവദിക്കുന്നത്.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിന് പുറമെ വകുപ്പ് നൽകിവരുന്ന മറ്റാനുകൂല്യങ്ങൾ വെളിപ്പെടുത്തുമോ?

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റ്.
4. പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്
5. 9, 10 ക്ളാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
6. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
7. ലാപ്ടോപ് വാങ്ങൽ ധനസഹായം
8. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)
9. ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS).
10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11. പ്രത്യേക പ്രോത്സാഹന സമ്മാനം

12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

13. ബുക്ക്ബാങ്ക് സ്കീം (100% CSS)

14. പഠനമുറി

15. വിദേശ പഠന ധനസഹായം

16. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള പഠന സഹായം

17. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം

18. ബി. ടെക് റെമഡിയൽ കോച്ചിംഗ്

19. അഭിഭാഷകർ എൻറോൾ ചെയ്യുന്നതിനുള്ള സഹായം

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽനിന്ന് വിഭിന്നമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന കാലോചിതമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ നിലവിൽ മാറ്റങ്ങൾ വന്നിട്ടില്ല.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ**

42 (4462) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ എത്രപേർക്ക് ഇപ്രകാരം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

(എ&ബി) ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് KITE-ന് അനുമതി നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് KITE മുഖേന വിതരണം ചെയ്യാൻ അനുമതി നൽകിയ ലാപ്ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനുള്ള നടപടികൾ KITE സ്വീകരിച്ചുകഴിഞ്ഞു. ഇതിന്റെ വിതരണം 25-10-2021-ന് ആരംഭിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി

43 (4463) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8 മുതൽ 12 -ാം ക്ലാസ് വരെയുള്ള പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 120 ചതുരശ്ര അടി പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഗവ./എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2,00,000 രൂപ (രണ്ട് ലക്ഷം രൂപ) ധനസഹായം അനുവദിച്ചുനൽകുന്ന പദ്ധതിയാണിത്. 4 ഗഡുക്കളായിട്ടാണ് ടി ധനസഹായം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ബി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിയുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പഠനമുറി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളായിരിക്കണം.
2. ഹൈസ്കൂൾ/പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം.
3. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ അധികരിക്കാൻ പാടില്ല.
4. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ കവിയാൻ പാടില്ല.

(സി) മേൽപ്പറഞ്ഞ പദ്ധതിക്കായി അപേക്ഷകൾ നൽകേണ്ടതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

പഠനമുറി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽനിന്നാണ്. ടി ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ചാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ഗുണഭോക്താവിൽനിന്നും ആവശ്യമായ രേഖകൾ സ്വീകരിച്ച് പഠനമുറി അനുവദിക്കുന്നത്. പഠനമുറി പദ്ധതിക്ക് വകുപ്പ് നേരിട്ട് അപേക്ഷ ക്ഷണിക്കാറില്ല.

## ആദിവാസി, പിന്നാക്ക വിഭാഗങ്ങൾക്ക് ഓൺലൈൻ വിദ്യാഭ്യാസം

44 (4464) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി, പിന്നാക്ക, പട്ടിക വിഭാഗങ്ങൾക്കിടയിൽ ഓൺലൈൻ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ പഠനാവശ്യത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ടെലികോം ഇന്റർനെറ്റ് ദാതാക്കളുടെ യോഗം സർക്കാർ വിളിച്ചുചേർത്ത് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്, ഐ.ടി. വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതിയും നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.ടി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി വിലയിരുത്തുന്നുണ്ട്. ഇതുവരെയായി 242 കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നൽകുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി സർക്കാർ എത്ര പണം ചെലവഴിച്ചുയെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് മാത്രമായി വകുപ്പുതലത്തിൽ പ്രത്യേകമായി പണം ചെലവഴിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഓൺലൈൻ പഠനകാലത്തും അനുവദിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി 3,50,91,291 രൂപ (മൂന്ന് കോടി അമ്പത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം

45 (4465) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും വിദേശപഠനത്തിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

ഉപരിപഠനത്തിന് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഗൈഡ്‌ലൈൻപ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. വിദേശത്ത് ഉന്നതപഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവ അനുവദിക്കുന്നു. വിദേശപഠനത്തിന് പരമാവധി 25 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ ധനസഹായമായി അനുവദിക്കുന്നു.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

46 (4466) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടിക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

മാതാപിതാക്കളിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടിക്ക്, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുക യാണെങ്കിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നിലവിൽ അനുവദിച്ച് നൽകുന്നുണ്ട്.

(ബി) മിശ്രവിവാഹിതരുടെ കാര്യത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ സ്കൂളുകളും ഹോസ്റ്റലുകളും

47 (4467) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളും ഹോസ്റ്റലുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. വടക്കാഞ്ചേരി എം.ആർ.എസ് 2. എങ്കക്കാട് ഐ.ടി.ഐ. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികളും വകയിരുത്തിയ തുകയും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളും വകയിരുത്തിയ തുകയും ചുവടെ ചേർക്കുന്നു:

വടക്കാഞ്ചേരി എം.ആർ.എസ്.

| ക്രമ നമ്പർ | തുക | |
|---|---|---|
| 1. | കളിസ്ഥലവും ഫെൻസിംഗും | 35,00,000 രൂപ |
| 2. | ഫർണിച്ചറുകൾ | 19,77,057 രൂപ |
| 3. | ബാൻഡ് ഉപകരണങ്ങൾ | 2,11,210 രൂപ |
| 4. | അടുക്കള നവീകരണം | 13,50,440 രൂപ |
| 5. | ബയോഗ്യാസ് പ്ലാന്റ് | 1,85,850 രൂപ |
| 6. | സ്മാർട്ട് ക്ലാസ് റൂം | 7,99,920 രൂപ |
| 7. | കൊതുകുവല സ്ഥാപിക്കൽ | 16,50,805 രൂപ |
| 8. | ഹോസ്റ്റൽ അറ്റകുറ്റപ്പണികൾ | 9,10,000 രൂപ |
| 9. | പ്ലിന്ത് പ്രൊട്ടക്ഷൻ ഫോർ ബിൽഡിംഗ് | 9,60,000 രൂപ |
| 10. | കോമ്പൗണ്ട് ഫെൻസിംഗ് | 4,80,000 രൂപ |
| 11. | ടോയ്‌ലെറ്റ് നവീകരണം | 16,00,000 രൂപ |

എങ്കക്കാട് ഐ.ടി.ഐ.

| ക്രമ നമ്പർ | | തുക |
|---|---|---|
| 1. | ഹോസ്റ്റൽ കെട്ടിടം-അറ്റകുറ്റപ്പണികൾ | 2,60,000 രൂപ |
| 2. | ഐ.ടി.ഐ. കെട്ടിടം-അറ്റകുറ്റപ്പണികൾ | 4,00,000 രൂപ |
| 3. | ചുറ്റുമതിൽ -അറ്റകുറ്റപ്പണികൾ | 2,00,000 രൂപ |

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിലെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തോടൊപ്പം പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഓൺലൈൻ പഠനകാലത്തും അനുവദിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

നിലവിലെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തോടൊപ്പം പഠന നിലവാരം ഉറപ്പുവരുത്തുന്നതിനായും ബോധനപ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യ പഠനമുറികൾ, മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ മെന്റർ ടീച്ചർമാർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപകർ, റിട്ട. അദ്ധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**ആദിവാസി യൂണിവേഴ്സിറ്റി**

48 (4468) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം സുഗമമാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

കേരളത്തിൽ ഒരു ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് 2012-13 വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി
25-1-2013-ലെ G.O(Rt)93/2013/ പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

**ആലക്കോട് പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

49 (4469) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ആലക്കോട് പഞ്ചായത്തിലെ വെള്ളാട് വില്ലേജിൽ പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്

പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിൽ ആലക്കോട് പഞ്ചായത്തിലെ വെള്ളാട് വില്ലേജിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം**

50 (4470) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എല്ലാ ജില്ലകളിലും സ്ഥിരം പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ICSETS എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ICSETS മുഖേന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം സെന്ററുകളിൽ പരിശീലനം നടത്തുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. കൂടാതെ ICSETS ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "ലക്ഷ്യ" സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾ അവരുടെ താൽപ്പര്യാർത്ഥം തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നേടുന്ന 30 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി അത്തരം പരിശീലന കേന്ദ്രങ്ങൾ ആദ്യഘട്ടമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(സി) വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമായ പ്രദേശങ്ങളിൽ സിവിൽ സർവ്വീസ് പരിശീലന സൗകര്യത്തോടുകൂടി പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പരിശോധിക്കുന്നതാണ്.

## കോരുത്തോട് കോസടി ഗവ. ട്രൈബൽ യു.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ

51 (4471) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ കോസടി ഗവ. ട്രൈബൽ യു.പി. സ്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇനിയും അവശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വാട്ടർ സപ്ലൈ, സാനിട്ടറി, സെപ്റ്റിക് ടാങ്ക്, റെയിൻവാട്ടർ ഹാർവസ്റ്റിംഗ്, സമ്പ് ടാങ്ക് എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.

(സി) കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി തുകയിൽ തുക ശേഷിക്കുന്നുണ്ടോ?

കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷം 28-5-2014-ലെ സ.ഉ(സാധാ)നമ്പർ 835/2014/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി തുക 5-6-2014-ലെ പി.എം. 1-7512/12/2014 പ്രകാരം പി.ഡബ്ല്യു.ഡി (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 53 ലക്ഷം രൂപ

ശേഷിക്കുന്നുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത തുക ഉപയോഗപ്പെടുത്തി ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിൽഈവനിംഗ്/അവധിദിന ബാച്ചുകൾ**

52 (4472) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിൽ ഈവനിംഗ് ക്ലാസ്സുകൾ, അവധിദിന ക്ലാസ്സുകൾ എന്നിവയ്ക്കായി പുതിയ ബാച്ചുകൾ അനുവദിക്കുമോ;

(ബി) നിർദ്ധന പട്ടികജാതി യുവതീ-യുവാക്കൾക്ക് തൊഴിലും പഠനവും ഒന്നിച്ച് കൊണ്ടുപോകാൻ ഇതിലൂടെ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ പുതിയ ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

53 (4473) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷ ലഭിച്ചുയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ പഠനമുറി പദ്ധതിയിലേയ്ക്ക് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്നും 47 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 വിദ്യാർത്ഥികളെങ്കിലുമുള്ള കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) നാളിതുവരെയായി എത്ര പഠനമുറികൾ നിർമ്മിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നാളിതുവരെയായി 209 പഠനമുറികൾ നിർമ്മിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 3,80,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം പഠനമുറി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഗവ./എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2,00,000 രൂപ ധനസഹായം അനുവദിച്ചുനൽകുന്ന പദ്ധതിയാണിത്. 800 സ്ക്വയർഫീറ്റുവരെമാത്രം വിസ്തീർണ്ണമുള്ള വീടുകൾക്കാണ് ടി ധനസഹായം അനുവദിക്കുന്നത്. 4 ഗഡുക്കളായിട്ടാണ് ടി ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള പഠനമുറിയാണ് നിർമ്മിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽനിന്നും മുൻഗണനാ ക്രമത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികൾ**

54 (4474) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പ് പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസത്തിനായി പുതുതായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ജില്ലാ കളക്ടർ, പട്ടികജാതി വികസന ഓഫീസർ, ജില്ലാ ട്രൈബൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട സമിതി ബഹു. വിദ്യുച്ഛക്തി മന്ത്രിയുടെ സി.ആർ. ഫണ്ട് ഉപയോഗിച്ച് 100 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്കായി സ്മാർട്ട് ഫോൺ വാങ്ങി നൽകിയിട്ടുണ്ട്. KITE, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് 1 മുതൽ 10 വരെയും +2 വിനും പഠിക്കുന്ന കുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽനിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

2020-21 വർഷം പാലക്കാട് ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ 5532 പട്ടികജാതി വിദ്യാർത്ഥികളുണ്ട്.

**കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ**

55 (4475) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. M/s WAPCOS എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം തയ്യാറാക്കിയ 25 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും സ്കൂളിന്റെ നിർമ്മാണ ഉദ്ഘാടനം 14-2-2021-ൽ നിർവ്വഹിക്കുകയും ചെയ്തിരുന്നു. എന്നാൽ M/s WAPCOS സമർപ്പിച്ച ഡി.പി.ആർ. അനുസരിച്ചുള്ള പ്രവൃത്തികൾ അതേ രൂപത്തിൽ പൂർത്തീകരിക്കാൻ 15 ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നുള്ളതിനാൽ ലഭ്യമായ 10 ഏക്കർ സ്ഥലത്ത് നിർമ്മിതികൾ പൂർത്തീകരിക്കുന്ന രീതിയിൽ ഡിസൈൻ മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഡിസൈന് സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) ക്ലാസ്സുകൾ താൽകാലിക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിച്ച് പഠിക്കുന്നതിന് സ്പോർട്സ് പ്രാക്ടീസിനുകൂടി സൗകര്യം ലഭ്യമായ ചായ്യോം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട്, നീലേശ്വരം സ്റ്റേഡിയം എന്നിവയുടെ സമീപത്തെ സൗകര്യപ്രദമായ വാടകക്കെട്ടിടങ്ങൾ പരിശോധിച്ചിരുന്നുവെങ്കിലും ഇത്രയും പേർക്ക് താമസ സൗകര്യം, പ്രാക്ടീസ്, ക്ലാസ്സുകൾ, ഭക്ഷണം തയ്യാറാക്കാനും വിതരണം ചെയ്യാനുമുള്ള സൗകര്യം എന്നിവയുള്ള കെട്ടിടങ്ങൾ ലഭ്യമായിട്ടില്ല. സൗകര്യപ്രദമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സ്പോർട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ മെന്റർ സ്കൂളായ കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂൾ സീനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണവിതരണം, ശുചീകരണം എന്നിവ കുടുംബശ്രീയെ ഏൽപ്പിച്ച് മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കി ക്ലാസ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സൗകര്യപ്രദമായ വാടകക്കെട്ടിടങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളും പരിശോധിക്കുന്നതാണ്. സൗകര്യങ്ങൾ ലഭ്യമാക്കി അടുത്ത അദ്ധ്യയന വർഷംതന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) പ്രസ്തുത സ്കൂളിലേയ്ക്കുള്ള പ്രവേശന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ജില്ലാതലത്തിൽ നടത്തുന്ന സെലക്ഷൻ ട്രയൽസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 6-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**പട്ടികവർഗ്ഗ യുവാക്കളുടെ നൈപുണ്യ വികസനം**

56 (4476) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ച യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിപാടികളും സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽ ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനം നേടിയവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് തൊഴിൽ ലഭിക്കുന്ന മേഖലകളെ കണ്ടെത്തി അവിടത്തെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് തൊഴിൽ നൽകുന്നതിനായി 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 2016-17 വർഷം മുതൽ നാളിതുവരെ തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി 16 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 46 കോഴ്സുകളിലായി 5658 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന ഒരു പ്രധാന പരിശീലന പരിപാടിയാണ് 'ഗോത്രജീവിക'. 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി മേസ്തിരി, കാർപ്പന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ചെയ്തുവരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പന്തപ്ര കോളനിയിൽ ഏറ്റെടുത്ത 57 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ടി ഗ്രൂപ്പുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. 57 സംഘങ്ങൾ മുഖേന രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കെട്ടിട നിർമ്മാണ രംഗത്ത് പങ്കെടുപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. അവരവരുടെ തൊഴിൽ മേഖലയ്ക്ക് അനുസരിച്ച് പണിയായുധങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി പ്രത്യേക ഫണ്ട്

അനുവദിച്ചിട്ടുണ്ട്. ഗോത്രജീവിക-കെട്ടിടനിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർപോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ, കൂടാതെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങി ആധുനിക ലോകത്ത് തൊഴിൽ സാദ്ധ്യതയുള്ള പരിശീലനപരിപാടികൾ 2021-22 വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗം ഉറപ്പാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിൽ സാദ്ധ്യതയുള്ള തൊഴിൽപരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേസ്മെന്റുകൾ ഉറപ്പാക്കുക, നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ നേടിക്കൊടുക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സർക്കാർ അംഗീകൃതസ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകാരമുള്ള വിവിധ പരിശീലന സ്ഥാപനങ്ങളിൽനിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

**ഗോത്രജീവിക പദ്ധതി**

57 (4477) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതീയുവാക്കളുടെ നൈപുണ്യ വികസനവും ജീവനോപാധിയും ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ രൂപീകരിച്ച സ്വയം സഹായ സംഘങ്ങളുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; കൂടുതൽ യുവതീയുവാക്കളെ ഗോത്ര ജീവികയിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പന്തപ്ര കോളനിയിൽ ഏറ്റെടുത്ത 57 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ടി ഗ്രൂപ്പുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. 57 സംഘങ്ങൾ മുഖേന രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കെട്ടിട നിർമ്മാണ രംഗത്ത് പങ്കെടുപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച സംഘങ്ങൾക്ക് അവരവരുടെ തൊഴിൽ മേഖലകൾക്ക് അനുസരിച്ച് പണി ആയുധങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 1050 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗോത്രജീവിക പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ്‌വെയർ**

58 (4478) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ്‌വെയർ തയ്യാറാക്കി ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാലികമായ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള വിജ്ഞാന സമൂഹമായി പ്രസ്തുത വിഭാഗങ്ങളെ രൂപപ്പെടുത്തുന്നതിന് സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ് വെയർ തയ്യാറാക്കി കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ സേവനം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് അനൗദ്യോഗികമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ആയിട്ടില്ല.

## പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ പ്രൊഫഷണൽ ഡെവലപ്മെന്റ്

59 (4479) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ക്രസ്റ്റ്' നടത്തുന്ന പി.ജി.സി.സി.പി.ഡി. കോഴ്സ് നാളിതുവരെ എത്ര വിദ്യാർത്ഥികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2002 മുതൽ 33 ബാച്ചുകളിലായി 1320 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോഴ്സ് തൊഴിൽ സമ്പാദനത്തിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠനം പൂർത്തിയാക്കിയതിൽ 301 പേർ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും 18 പേർ വിദേശത്ത് ഉന്നത ജോലിയിലും 107 പേർക്ക് സ്വകാര്യ മേഖലയിൽ ഉയർന്ന ജോലിയും ലഭിച്ചിട്ടുണ്ട്. കൂടാതെ 12 പേർ സ്വയം സംരംഭകരും 48 പേർ വിദേശ രാഷ്ട്രങ്ങളിലേയ്ക്കും ഉന്നത വിദ്യാഭ്യാസം നേടിയവരുമാണ്. CREST നടത്തുന്ന അഞ്ച് മാസം ദൈർഘ്യമുള്ള PGCCPD റസിഡൻഷ്യൽ പ്രോഗ്രാം രൂപകല്പന ചെയ്തത് ഇന്ത്യയിലെ പ്രശസ്ത മാനേജ്മെന്റ് സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (IIM Kozhikode) ആണ്. അന്തർദേശീയ തലത്തിൽ പ്രശസ്തമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ്

സ്റ്റഡീസ്, ബാംഗ്ലൂർ എന്നീ സ്ഥാപനങ്ങളുടെ സഹായവും ലഭിക്കുന്നു. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. ഈ കോഴ്സ് തൊഴിൽ ലഭ്യമാകുന്നതിന് പര്യാപ്തമാണ്.

**കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

60 (4480) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സാമൂഹ്യനിതീയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങൾ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിദഗ്ദ്ധ ഏജൻസിയായ കിർത്താഡ്സ് 'കുടുംബി' സമുദായ സംഘടനാ ഭാരവാഹികളെ നേരിൽ കേൾക്കുകയും അവർ കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന പുതിയ ആവശ്യം ഉന്നയിക്കുകയും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിനാവശ്യമായ പഠനം നടത്തിവരുന്നു. ഇത് രണ്ട് മാസത്തിനകം പൂർത്തിയാകുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എന്നാണ് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചതെന്നും കേന്ദ്ര സർക്കാർ എന്നാണ് പ്രൊഫോർമ ലഭ്യമാക്കിയതെന്നും വെളിപ്പെടുത്താമോ?

26-3-2007-ലാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചത്. 13-11-2017-ലാണ് കേന്ദ്ര സർക്കാർ പ്രൊഫോർമ ലഭ്യമാക്കിയത്.

(സി) ഇതുസംബന്ധിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുംഭാര, ഡൊമ്പൻ സമുദായങ്ങളുടെ പിന്നാക്കാവസ്ഥ**

61 (4481) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുംഭാര, ഡൊമ്പൻ സമുദായങ്ങളുടെ പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുംഭാര സമുദായത്തിന്റെ പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നത് പരിഗണിക്കുമോ?

ഡൊമ്പൻ സമുദായത്തെ കേരളത്തിന്റെ പട്ടികജാതി ലിസ്റ്റിൽ ക്രമ നമ്പർ 18 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കുംഭാര സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ**

62 (4482) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിൽ നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കുമോ?

നിലവിൽ മൂന്ന് ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) മലപ്പുറം ജില്ലയിൽ വകുപ്പിനുകീഴിലെ പല ഓഫീസുകളിലും വികസന പദ്ധതികളുടെ നിർവ്വഹണത്തിന് ഉദ്യോഗസ്ഥർ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

പട്ടികജാതി വികസന ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗം**

63 (4483) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോ പ്രവൃത്തിക്കും ചെലവായ തുക എത്രയെന്നുമുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇതുവരെ പൂർത്തീകരിക്കാത്തതും ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

2016-17-ലെ മേക്കോണം സിജോ സൗണ്ട് തച്ചോണം കനാൽ റോഡ് കോൺക്രീറ്റിംഗ്, പൂയപ്പള്ളി, സാങ്കേതിക തടസ്സംമൂലം ഭരണാനുമതി നൽകിയിട്ടും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയത് 2021-22 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷം പുതിയ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിലുള്ള പ്രവൃത്തികൾക്കായി 20-10-2021-ൽ കൂടിയ ജില്ലാതല സമിതിയിൽ കല്ലുവാതുക്കൽ, പേരൂർ തോടിന്റെ സൈഡ് വാൾ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ

64 (4484) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## വായ്പാകുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി

65 (4485) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നുള്ള എത്ര തുക വരെയുള്ള വായ്പയാണ് എഴുതിത്തള്ളുന്നത്; ഇതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 31-3-2015-ലെ സ.ഉ.(പി) നം. 24/2015 പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം അർഹരായ മുഴുവൻ പട്ടികജാതിക്കാരുടെയും വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ 1-10-2015-ലെ സ.ഉ.(അ)നമ്പർ 71/2015/പജപവവിവ പ്രകാരം എഴുതിത്തള്ളുന്നതിന് ഉത്തരവായിരുന്നു. ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 10.27 കോടി രൂപ വായ്പ എഴുതിത്തള്ളലിനായി ചെലവഴിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പിൽ 01-10-2015-ലെ സ.ഉ.(അ) നമ്പർ 71/2015/ പജപവവിവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 9,18,32,837 രൂപ ചെലവാക്കിയിട്ടുണ്ട്.

**മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം**

66 (4486) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വർക്കല മണ്ഡലത്തിൽ 2390 പേർക്ക് 3,11,85,550രൂപ അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വർക്കല മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

| ക്രമ നം. | തദ്ദേശ സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | വർക്കല മുനിസിപ്പാലിറ്റി | 1355 | 15965550 |
| 2 | ചെമ്മരുതി ഗ്രാമപഞ്ചായത്ത് | 401 | 6140000 |
| 3 | ഇലകമൺ ഗ്രാമപഞ്ചായത്ത് | 72 | 888000 |
| 4 | വെട്ടൂർ ഗ്രാമപഞ്ചായത്ത് | 48 | 760500 |
| 5 | ഇടവ ഗ്രാമപഞ്ചായത്ത് | 98 | 1116000 |
| 6 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 41 | 690000 |
| 7 | നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 310 | 4771500 |
| 8 | മടവൂർ ഗ്രാമപഞ്ചായത്ത് | 65 | 854000 |
| ആകെ | | 2390 | 31185550 |

## പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഓഫീസുകളിലെ സാമ്പത്തിക ക്രമക്കേട്

67(4487) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഏതെല്ലാം ഓഫീസുകളിലാണ് 2016-നുശേഷം സാമ്പത്തിക ക്രമക്കേട് നടന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള താഴെ പരാമർശിക്കുന്ന ഓഫീസുകളിൽ 2016-നുശേഷം സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, കോട്ടയം.

2. ഇളംദേശം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, ഇടുക്കി.

3. വർക്കല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, തിരുവനന്തപുരം

4. ജില്ലാ പട്ടികജാതി വികസന ഓഫീസ്, മലപ്പുറം

5. കൊല്ലം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്, കൊല്ലം

6. കേരളാധീശ്വരപുരം ഐ.റ്റി.ഐ, മലപ്പുറം

7. പഴയങ്ങാടി പ്രീമെട്രിക്ക് ഹോസ്റ്റൽ, കണ്ണൂർ

8. കുട്ടാലിട പ്രീമെട്രിക്ക് ഹോസ്റ്റൽ, കോഴിക്കോട്

9. അടൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, പത്തനംതിട്ട

10. മാവൂർ പ്രീമെട്രിക്ക് ഹോസ്റ്റൽ, കോഴിക്കോട്

11. കഞ്ഞിക്കുഴി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, ആലപ്പുഴ

12. പള്ളം പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ, കോട്ടയം

13. അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മലപ്പുറം

14. തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ്

15. തൃത്താല മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പാലക്കാട്

16. ബേള ഐ.റ്റി.ഐ., കാസർഗോഡ്

(ബി) പ്രസ്തുത ഓഫീസുകളിൽ എത്ര തുകയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഓഫീസുകളിൽ 2,79,21,061(രണ്ട് കോടി എഴുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയൊരായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഓഫീസുകളിൽ 2016-നശേഷം വകുപ്പ് നടത്തിയ ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആദിവാസി സെറ്റിൽമെന്റുകളിൽനിന്നുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി

68 (4488) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി സെറ്റിൽമെന്റുകളിൽനിന്നുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ, തദ്ദേശസ്വയംഭരണ വകുപ്പ് ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ തുടർ പദ്ധതികളായി നടപ്പിലാക്കിവരുന്നു.

(ബി) വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ സെറ്റിൽമെന്റുകളുടെ വിശദവിവരം ലഭ്യമാണോ;

(സി) പത്ത് കിലോമീറ്ററിലേറെ ദൂരം കാൽനട യാത്ര വേണ്ടിവരുന്ന സെറ്റിൽമെന്റുകളുണ്ടോ എന്നറിയിക്കാമോ; എങ്കിൽ വിശദവിവരം നൽകാമോ?

(ബി&സി) വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ സെറ്റിൽമെന്റുകളുടെ വിവരം നിലവിൽ ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സോഷ്യോ ഇക്കണോമിക് സർവ്വേയിൽ കോളനിയധിഷ്ഠിത, കുടുംബാധിഷ്ഠിത അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു. ടി റിപ്പോർട്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗതാഗത യോഗ്യമായ റോഡുകളുടെ വിശദ വിവരം വകുപ്പിൽ ലഭ്യമാകുന്നതാണ്.

## പട്ടികജാതി വിഭാഗത്തിന് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ

69 (4489) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും നൽകാമോ?

1) സ്വയം തൊഴിൽ സബ്സിഡി പദ്ധതി വ്യക്തിഗതം:- ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 1/3 തുക സബ്സിഡിയായി നൽകുന്നു.

മാനദണ്ഡങ്ങൾ :-

1. വിദ്യാഭ്യാസ യോഗ്യത- ഏഴാം ക്ലാസ്സ്
2. പ്രായപരിധി-18 നും 50 വയസ്സിനും മദ്ധ്യേയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾ
3. വരുമാന പരിധി ബാധകമല്ല.

(2) ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങൾ ഉള്ള സ്വയം സഹായ സംഘങ്ങൾ, 80ശതമാനമോ അതിന് മുകളിലോ പട്ടികജാതി വനിതകൾ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ലക്ഷം രൂപവരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ വരെ) ജില്ലാ തലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു.

മാനദണ്ഡങ്ങൾ:-

1. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പത്തോ അതിലധികമോ വ്യക്തികൾ അംഗങ്ങൾ ആയിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കും. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്വാശ്രയ സംഘങ്ങൾ 3 മാസ കാലാവധിക്കുള്ളിൽ ജില്ലാ രജിസ്ട്രാർ ഓഫീസിൽ കുടുംബശ്രീയിൽ രജിസ്ട്രേഷൻ നടത്തി തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

2. 80 ശതമാനമോ അതിന് മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകും. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന പത്തോ അതിലധികമോ വ്യക്തികൾ അംഗങ്ങളായുള്ള സ്വയം സഹായ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. പരമാവധി 15 ലക്ഷം രൂപവരെ മുതൽ മുടക്കുള്ള പ്രോജക്ടുകളാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്.

3. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ സബ്സിഡി തുക (പരമാവധി 10 ലക്ഷം രൂപവരെ) 2 ഗഡുക്കളായി ബന്ധപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചുനൽകുന്നു.

4. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ മുതൽമുടക്കിന്റെ 25% വരുന്ന തുക ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുകയോ ബാങ്ക് ലോൺ മുഖേന സ്വരൂപിക്കുകയോ ചെയ്യേണ്ടതാണ്.

5. ജില്ലാതലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രോജക്ടുകൾ പരിഗണിക്കുന്നത്. ടി പ്രോജക്ട് പട്ടികജാതി ജനവിഭാഗങ്ങൾക്ക് എപ്രകാരം പ്രയോജന പ്രദമാകുമെന്നും ടി പ്രോജക്ടിന്റെ വിജയ സാദ്ധ്യതയും മേൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ നിർബന്ധമായും ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

6. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അനുമതി പത്രങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ/വകുപ്പുകളിൽനിന്ന് ഗുണഭോക്താക്കൾതന്നെ ലഭ്യമാക്കേണ്ടതാണ്.

7. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഓഫീസ്/കെട്ടിട സൗകര്യം സ്വന്തം നിലയിലോ വാടകയ്ക്കോ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. 5 ലക്ഷം രൂപവരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം ഒറ്റത്തവണയായും അതിന് മുകളിൽവരുന്ന പ്രോജക്ടുകൾക്കുള്ള ധനസഹായം 2 ഗഡുക്കളായും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതാണ്. ഇതിൽ ആദ്യഗഡു പരമാവധി 5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷവും അവശേഷിക്കുന്ന തുക പുരോഗതി വിലയിരുത്തിയ ശേഷവും നൽകുന്നതാണ്.

9. സ്വാശ്രയ സംഘം രൂപീകരിച്ച് ഏറ്റവും കുറഞ്ഞത് 1 വർഷത്തെ പ്രവർത്തന പരിചയമുള്ള സ്വാശ്രയ സംഘങ്ങളുടെ പ്രോജക്ടുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

10. പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞാൽ പരമാവധി 3 മാസത്തിനകം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സ്വാശ്രയ സംഘങ്ങൾ ഇതിനായി പട്ടികജാതി വികസന ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

11. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തനം ആരംഭിക്കാത്ത സ്വാശ്രയ സംഘങ്ങൾക്ക് നൽകിയ ധനസഹായം ബന്ധപ്പെട്ടവരിൽനിന്നും ഉടൻ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രോജക്ടിന്റെ 25% തുക ബാങ്ക് ലോൺ ആയി ലഭിച്ചിട്ടുണ്ട് എന്ന കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

12. സ്വാശ്രയ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധന സാമഗ്രികൾക്കായുള്ള വിപണി സംഘങ്ങൾ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്.

13. നടപ്പുവർഷം പരമാവധി 100 സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(3) <u>സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി</u>:- പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട്അപ്പ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട്അപ്പ് മിഷൻ മുഖേന നടപ്പാക്കുന്നു. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്ക്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും.

2. പ്രത്യേകമായി തയ്യാറാക്കിയ ഇൻകുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ

3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് പലിശരഹിത സീഡ് ഫണ്ട്.

4. ഉൽപ്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനങ്ങൾ ഉൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

5. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ്ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗത്തിൽ ഉള്ളവർക്ക് ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്.

(ബി) വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ടോ; സബ്സിഡി നൽകുന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപവരെ സബ്സിഡിയായി വ്യക്തിഗതയിനത്തിൽ നൽകുന്നു. സ്വയംതൊഴിൽ സഹായ സംഘങ്ങൾക്ക് (ഗ്രൂപ്പുകൾക്ക്) 10 ലക്ഷം രൂപവരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) പ്രോജക്ടുകൾ വിലയിരുത്തിയശേഷം സബ്സിഡിയായി ബാങ്ക് ലോൺ അനുവദിക്കുന്നുണ്ട്. തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തിയ ശേഷമാണ് മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്നത്.

(സി) വായ്പാ തുക വിനിയോഗം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

5 ലക്ഷം രൂപവരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്ക് ധനസഹായം ഒറ്റത്തവണയായും അതിനു മുകളിലുള്ള പ്രോജക്ടുകൾക്ക് 2 ഗഡുക്കളായും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു. ഒന്നാം ഘട്ടത്തിൽ നൽകിയ തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തിയശേഷമാണ് രണ്ടാം ഘട്ട തുക നൽകുന്നത്.

**കോവിഡ്മൂലം ജീവഹാനി**

70 (4490) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപെട്ട എത്ര പേർക്ക് കോവിഡുമൂലം ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട 346 പേർക്ക് കോവിഡ് മൂലം ജീവഹാനി സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) കോവിഡ് ബാധിതരായി ഒരു മാസത്തിനുള്ളിൽ മരണപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം അറിയിക്കുമോ; പ്രസ്തുത മരണങ്ങൾ എല്ലാം സർക്കാരിന്റെ ഔദ്യോഗിക കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ?

കോവിഡ് ബാധിതരായി ഈ ഒരു മാസത്തിനുള്ളിൽ 23 പേർ മരണപ്പെട്ടതായി കണക്കാക്കുന്നു. 336 പട്ടികവർഗ്ഗക്കാരുടെ മരണങ്ങൾ ഔദ്യോഗിക കോവിഡ് മരണപ്പട്ടികയിലുൾപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ പ്രസ്തുത മരണങ്ങൾകൂടി ഉൾപ്പെടുത്തി കുടുംബങ്ങൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഔദ്യോഗിക കോവിഡ് മരണപ്പട്ടികയിലുൾപ്പെടാത്ത മരണങ്ങൾ ഉൾപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പന്നിയോട്ടുകടവിൽ ആദിവാസികൾക്കുവേണ്ടിയുള്ള കമ്മ്യൂണിറ്റി ഹാൾ**

71(4491) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ജില്ലാ കൃഷിത്തോട്ടത്തിന് സമീപം പന്നിയോട്ടുകടവിൽ ആദിവാസികൾക്കുവേണ്ടി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പന്നിയോട്ടുകടവ് സാംസ്കാരിക നിലയം നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 2014-15 വർഷം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 8-4-2013-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരമാണ് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത കമ്മ്യൂണിറ്റി ഹാൾ ആദിവാസികളുടെ ആവശ്യത്തിനായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ വനജ്യോതി പദ്ധതി പ്രകാരമുള്ള പഠന ക്ലാസുകൾ ടി സ്ഥാപനത്തിൽ നടത്തിയിരുന്നു. കോവിഡിന്റെ സാഹചര്യത്തിൽ നിലവിൽ ക്ലാസുകൾ നടത്തുന്നില്ല.

(ഡി) പ്രസ്തുത കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ആദിവാസി വിഭാഗത്തിലുള്ളവർ ആവശ്യപ്പെടുന്ന മുറയ്ക്ക് അവരുടെ ആവശ്യങ്ങൾക്കായി പ്രസ്തുത സാംസ്കാരിക നിലയം തുറന്ന് കൊടുക്കുന്നതിനായി ടി കെട്ടിടത്തിന്റെ താക്കോൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠന മുറിയും നിലവിൽ ടി സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി**

72 (4492) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ 2730 ഏക്കർ ഭൂമി ടൂറിസം പദ്ധതിക്കായി സ്വകാര്യ സ്ഥാപനത്തിന് കൈമാറാൻ തീരുമാനമെടുത്തിട്ടുണ്ടോ?

അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ഭൂമി ഫാം ടൂറിസത്തിനായി Right to use വ്യവസ്ഥയിൽ നൽകാൻ തീരുമാനിച്ച സംഘത്തിന്റെ നടപടി റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന് ആധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് വകുപ്പിൽനിന്നും ഉത്തരവുകൾ നൽകിയിട്ടില്ല.

(സി) സ്വകാര്യ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കാമോ?

അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റി ഭരണ സമിതി തീരുമാനമനുസരിച്ച് സംഘം മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ഒറ്റപ്പാലം സബ് കളക്ടറാണ് ധാരണാപത്രം ഒപ്പുവച്ചിരുന്നത്.

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ആരോപണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ഇ) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള ശിക്ഷണനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**പാലക്കാട് മെഡിക്കൽ കോളേജ് ഭരണചെലവുകൾക്ക് വകയിരുത്തിയ തുക**

73(4493) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിലെ ഭരണ ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി 2016-17 മുതൽ 2020-21 വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016-17 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം മുതൽ 1,000 രൂപയാണ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിവന്നത്. മറ്റ് തുകകളൊന്നും 2225-01-277-54 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല.

(ബി) പാലക്കാട് മെഡിക്കൽ കോളേജിലെ ഭരണ ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി ആവശ്യമായ തുക നാളിതുവരെ വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ ചെലവുകൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത് 2225-01-277-57-00-34 other charges (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ്. ഭരണ ചെലവുകൾക്കായി 2225-01-277-54 എന്ന പദ്ധതിയേതര (NP) ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി സമർപ്പിച്ച ശിപാർശകളിന്മേൽ ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനാനുമതി വഴി ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത മെഡിക്കൽ കോളേജ് പട്ടികജാതി വകുപ്പിന് കീഴിൽ നിന്ന് മാറ്റുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഭരണചെലവുകൾക്ക് മതിയായ തുക വകയിരുത്താത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണ ചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**വായ്പയെടുത്ത് കടക്കെണിയിലായവർക്ക് ആശ്വാസ നടപടികൾ**

74 (4494) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കടക്കെണിയിലായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വകുപ്പ് നൽകുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; ഇതിനായി വായ്പ എടുത്തവർ ചെയ്യേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 31-3-2015-ലെ സ.ഉ. (പി) നം 24/2015 പജപവവിവ പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതിയുടെ ഗുണഭോക്താവാകാനുള്ള വരുമാന പരിധി 1.5 ലക്ഷം രൂപയാണ്. മേൽ ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പ് തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായവരുടെ വായ്പ തുക പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷനും സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്ത് കുടിശ്ശികയായവരുടെ വായ്പ തുക സഹകരണ സംഘം രജിസ്ട്രാറും എഴുതിത്തള്ളിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 1-4-2006 മുതൽ

31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ 1-10-2015-ലെ സ.ഉ.(അ) നമ്പർ 71/2015/പജപവവിവ പ്രകാരം എഴുതിത്തള്ളുന്നതിന് ഉത്തരവായിരുന്നു. ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

**ആദിവാസികൾക്ക് നിയമാനുസൃതം ലഭ്യമാകേണ്ട അവകാശങ്ങൾ**

75 (4495) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിനനുസൃതമായി ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2006-ലെ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനഭൂമിയിൽ വ്യക്തിഗത അവകാശം, സാമൂഹിക അവകാശം, വികസന അവകാശം എന്നിവ സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമമനുസരിച്ച് നിലവിലുള്ളതിൽനിന്നും മെച്ചപ്പെട്ട എന്തെല്ലാം സൗകര്യങ്ങളാണ് ആദിവാസി വിഭാഗത്തിന് ലഭ്യമാകേണ്ടതെന്ന് വ്യക്തമാക്കാമോ?

വനാവകാശ നിയമപ്രകാരം 26714 പേർക്ക് വ്യക്തിഗത വനാവകാശവും 183 സാമൂഹിക അവകാശവും 503 വികസന അവകാശവും നാളിതുവരെയായിട്ട് നൽകിയിട്ടുണ്ട്. തലമുറകളായി കൈവശത്തിലുണ്ടായിരുന്ന ഭൂമിക്ക് നിയമപരമായ അവകാശവും വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശവും ഇതുവഴി ലഭിച്ചിട്ടുണ്ട്. പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വികസനാവകാശം മുഖേന വനഭൂമി ലഭ്യമായിട്ടുണ്ട്. ഇവയെല്ലാമാണ് 2006-ലെ നിയമംമൂലം വിഭാവനം ചെയ്തിട്ടുള്ളത്. സാമൂഹിക വനാവകാശം പൂർണ്ണമായും നടപ്പിലാക്കി. തുടർന്ന് സാമൂഹിക വനവിഭവ അവകാശംകൂടി നടപ്പിലാക്കി വനവിഭവ കമ്മിറ്റി കൂടി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആദിവാസികൾക്ക് നിയമാനുസൃതം ലഭ്യമാകേണ്ട അവകാശങ്ങൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്രകാരമാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വനാവകാശ സമിതി (FRC)കളിലാണ് ക്ലെയിമുകൾ ആരംഭിക്കുന്നത് എന്നതിനാൽ ഈ സമിതികൾക്ക് പുനഃപരിശോധനയ്ക്ക് അവസരമുണ്ട്. ഇതുവഴി അവകാശങ്ങളുടെ ലഭ്യത വിലയിരുത്താൻ സാധിക്കും.

## പട്ടികക്ഷേമ ഡയറക്ടറേറ്റ്/ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം

76 (4496) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് കാര്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും വിവരങ്ങൾ നേരിട്ട് അറിയുന്നതിനും പട്ടികജാതി വികസന ഡയറക്ടറേറ്റ്/ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണ്; എപ്പോൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനവും വിവരങ്ങൾ നേരിട്ട് അറിയുന്നതിന് വെബ്സൈറ്റും നിലവിലുണ്ട്. ജില്ലാ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ആരോഗ്യ കേന്ദ്രങ്ങൾ

77 (4497) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ ആരോഗ്യ കേന്ദ്രങ്ങളോ ആശുപത്രികളോ മെഡിക്കൽ കോളേജുകളോ പ്രവർത്തിക്കുന്നുണ്ടോ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ പാലക്കാട് ജില്ലയിൽ ഒരു ഗവണ്മെന്റ് മെഡിക്കൽ കോളേജ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്) പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 4 മിഡ് വൈഫറി സെന്ററുകൾ, 17 ആയുർവ്വേദ ഡിസ്പെൻസറികൾ, 1 ആയുർവ്വേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 14 TMMU, 5 ഒ.പി.ക്ലിനിക്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും രോഗചികിത്സയ്ക്കുംവേണ്ടി ആശുപത്രികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ലഭിക്കാറുണ്ടോ; വിശദമാക്കാമോ; ഇതിനാവശ്യമായ ഫണ്ടുകൾ എങ്ങനെയാണ് കണ്ടെത്തുന്നതെന്നും അറിയിക്കാമോ?

കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല. എന്നാൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ സംസ്ഥാന സർക്കാർ തുക അനുവദിച്ചുവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആരംഭിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാലക്കാട് മെഡിക്കൽ കോളേജിന് ഫണ്ട് കണ്ടെത്തിയതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

യോഗ്യരായ വിദ്യാർത്ഥികൾ അഡ്മിഷൻ ലഭിക്കാതെ പിന്തള്ളപ്പെട്ടുപോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാവുന്ന തരത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസിനുവേണ്ടി പൊന്നുംവിലയ്ക്കെടുത്ത 100 ഏക്കർ സ്ഥലത്തുനിന്നും മെഡിക്കൽ കോളേജിനാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് പ്രാരംഭമായി ആവശ്യമായി വരുന്ന തുക പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണെന്ന നിർദ്ദേശത്തോടെ 25-06-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2012-ലെ സ.ഉ(കൈ) നം.72/2012/ പജപവവിവ. ഉത്തരവ് പ്രകാരം കോളേജ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തിയിരുന്നത്. ഭരണ ചെലവുകൾക്ക് ആവശ്യമായ തുക 2225-01-277-57 Assistance for SC Students എന്ന ശീർഷകത്തിൽനിന്നുമാണ് കണ്ടെത്തുന്നത്.

**കൃഷി ജീവനോപാധി ആക്കുന്നതിനായുള്ള പ്രത്യേകപദ്ധതി**

78 (4498) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. സുമോദ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരെ സംഘടിപ്പിച്ച് കൃഷി ജീവനോപാധി ആക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഉണ്ട്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ " ഹരിതരശ്മി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൈവശമുള്ള കൃഷി ചെയ്യപ്പെടാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുക, ശാസ്ത്രീയവും അനുയോജ്യമായതുമായ കൃഷികൾ പ്രോത്സാഹിപ്പിക്കുക, ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെയും അവരുടെ നേതൃത്വത്തിലൂടെയും പദ്ധതി നടപ്പിലാക്കുക, ജില്ലകളിലെ പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഊരുകൂട്ടങ്ങളിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) പദ്ധതികളുടെ ഭാഗമായി വിത്തുകൾ, തൈകൾ, വളം എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ; മറ്റെന്തെല്ലാം സംവിധാനങ്ങളാണ് കൃഷിക്കാർക്ക് ലഭ്യമാക്കുന്നത്?

ഉണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളുടെ കാർഷികാവശ്യത്തിനായി 2500 കുടുംബങ്ങൾക്ക് വിവിധയിനം പച്ചക്കറി

തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്ത് കാലാവസ്ഥ, മണ്ണിന്റെ ഘടന, കർഷകരുടെ അഭിരുചി, വിപണന സാദ്ധ്യത എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് അനുയോജ്യമായ വിത്തുകളും മറ്റനുബന്ധ ഘടകങ്ങളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായുള്ള മണ്ണ് പരിശോധന രണ്ട് ജില്ലകളിലും പുരോഗമിക്കുകയാണ്. അപേക്ഷകരായ കർഷകരെ പ്രാദേശികാടിസ്ഥാനത്തിൽ പങ്കെടുപ്പിച്ച് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചു വരികയാണ്. ഇതുവരെ വയനാട് ജില്ലയിൽ 87 ഗ്രൂപ്പുകളും ഇടുക്കിയിൽ 33 ഗ്രൂപ്പുകളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട കർഷക ഗ്രൂപ്പുകളും കർഷകരും ചൂണ്ടിക്കാണിക്കുന്ന പരിമിതികളും ആവശ്യങ്ങളും ബന്ധപ്പെട്ടവരെ അറിയിച്ച് പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കാർഷിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷി രീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു.

(സി) പദ്ധതിയുടെ ഭാഗമായ വിളവെടുപ്പിനും വിപണനത്തിനുമായി പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഉൽപ്പന്നങ്ങളുടെ/വിളകളുടെ വിപണന മൂല്യവും വിപണിയും ലക്ഷ്യമാക്കുന്നതിനായി പൊതുപേര് രൂപീകരിക്കുകയും ചെറുതും വലുതുമായ സർക്കാർ - സ്വകാര്യ വിപണന ശൃംഖലകളുമായി ധാരണയുണ്ടാക്കി വിപണനം ചെയ്യാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതികൾ

79 (4499) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിൽ ഏതൊക്കെ പട്ടികവർഗ്ഗ കോളനികളിലാണ് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) ഓരോ കോളനിയിലെയും പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പള്ളംപട്ക്ക-എലിക്കോട്ട്കയ കോളനി, പനങ്ങാട്-വടക്കാംകുന്ന് കോളനി എന്നിവിടങ്ങളിലെ പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ പള്ളംപട്ക്ക – എലിക്കോട്ട്കയ കോളനി, പനങ്ങാട്-വടക്കാംകുന്ന് കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനുശേഷം ഊരുകൂട്ടങ്ങളുടെ തീരുമാന പ്രകാരം ഡി.പി.ആർ. തയ്യാറാക്കി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ പദ്ധതി ആരംഭിക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ സംരംഭകത്വവികസന പദ്ധതികൾ**

80 (4500) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പുതിയ സംരംഭം ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് യാതൊരു പദ്ധതിയും നടപ്പിലാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പാർശ്വവൽകൃത സമൂഹത്തെ സ്വാശ്രയത്വത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരേണ്ടത് അനിവാര്യമായതിനാൽ ഇത്തരത്തിലുള്ള സംരംഭകത്വ വികസന പദ്ധതികൾ അടിയന്തരമായി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

(എ-സി) പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തുവരുന്നു. വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 'ഗോത്രജീവിക,' 'പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല' (ATAP), പട്ടികവർഗ്ഗ വികസന വകുപ്പും കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഒരു സംരംഭകത്വ തൊഴിൽദായക പരിപാടിയായ "ട്രൈബൽ എത്നിക് റസ്റ്റോറന്റ്" തുടങ്ങിയ പദ്ധതികൾ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കുള്ള സ്റ്റാർട്ടപ്പ് പദ്ധതി**

81 (4501) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി സ്റ്റാർട്ടപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും സംരംഭകത്വ ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയുമായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം ആവശ്യമായ സൗകര്യങ്ങളോടെ ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്നും ഈടാക്കുന്നത്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി പ്രത്യേക സ്റ്റാർട്ടപ്പ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

(ബി) സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങൾക്ക് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിൽ സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനം ഉൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും plug and play വർക്ക് സ്റ്റേഷനും കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻക്യൂബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ടപ്പുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രീ ഇൻക്യുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻക്യുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്.

(സി) സ്റ്റാർട്ടപ്പ് തുടങ്ങാൻ പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതികളുടെ ഭാഗമായി വനിതാ സംരംഭകർക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങളൊന്നും നിലവിലില്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട്, വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

## ആദിവാസി മേഖലകളിൽ ഭവന നിർമ്മാണ സഹായം

82 (4502) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ?

147181 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) ആദിവാസി മേഖലകളിൽ നിലവിലുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ എന്തെല്ലാമാണ്; കഴിഞ്ഞ പത്ത് വർഷത്തിനിടെ പ്രസ്തുത പദ്ധതികൾ മുഖേന എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാക്കിയിട്ടുണ്ട്; അതിൽ എത്ര ഭവന നിർമ്മാണം നടന്നു; ഇതിലേയ്ക്കായി എത്ര തുക വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. ആയത് മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകളുടെ പൂർത്തീകരണവും രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവനനിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുക എന്നതുമാണ് നടപ്പിലാക്കുന്നത്. കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 12022 വീടുകളിൽ 11377 വീടുകളും രണ്ടാംഘട്ടത്തിൽ അനുവദിച്ച 3380 വീടുകളിൽ 2748 വീടുകളും മൂന്നാംഘട്ടത്തിൽ അനുവദിച്ച 487 വീടുകളിൽ 265 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം. മുഖേന അനുവദിച്ച 4634 വീടുകളിൽ 2595 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽനിന്നും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപ) |
|---|---|
| 2011-12 | 15 കോടി |
| 2012-13 | 25 കോടി |
| 2013-14 | 27.5 കോടി |
| 2014-15 | 33 കോടി |
| 2015-16 | 113.73 കോടി |
| 2016-17 | 46.2936 കോടി |
| 2017-18 | 114.82 കോടി |
| 2018-19 | 137.85 കോടി |
| 2019-20 | 76.09 കോടി |
| 2020-21 | 61.64 കോടി |

കൂടാതെ, 2019-20 സാമ്പത്തിക വർഷം 64.46 കോടി രൂപയും 2020-21 വർഷം 140 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷന് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി.ആർ.ഡി.എം. മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 91,41,04,085രൂപയും കഴിഞ്ഞ 10 വർഷം ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ തലങ്ങളിലുണ്ടായ ഫണ്ട് തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ; നഷ്ടമായ എത്ര തുക കണ്ടെത്തി അർഹരായവർക്ക് ലഭ്യമാക്കിയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2 കേസുകൾ നിലവിലുണ്ട്. ഒരാൾക്കെതിരെയുള്ള കേസ് വിജിലൻസ് അന്വേഷണ ഘട്ടത്തിലാണ്. മറ്റൊന്നിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടമായ തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഇ) സർക്കാർ കണക്ക് പ്രകാരം നിലവിൽ സ്വന്തമായി ഭവനം ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട്; പ്രസ്തുത കുടുംബങ്ങൾക്കുകൂടി ഭവനം ഉറപ്പാക്കാൻ സത്വരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭൂരഹിത ഭവനരഹിതരായ 7443 പേരെയും ഭൂമിയുള്ള ഭവനരഹിതരായ 12690 പേരേയും പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ സ്ഥിതിയെപ്പറ്റിയുള്ള പഠനം**

83 (4503) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സ്ഥിതിയെപ്പറ്റി കൃത്യമായ പഠനം നടത്താനും വിവരം ശേഖരിക്കാനും ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യാനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ ഉന്നതി ലക്ഷ്യം വച്ച് ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനിക്കുകയും 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി സോഫ്റ്റ്‌വെയർ ഡെവലപ്മെന്റും സോഫ്റ്റ്‌വെയർ ടെസ്റ്റിംഗും സർവ്വേയുടെ പൈലറ്റ് സ്റ്റഡിയും ജില്ലകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള ഓൺലൈൻ പരിശീലനവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഫീൽഡ്തല സർവ്വേ നടത്തുന്നതിനായി 1,68,30,000 രൂപയ്ക്ക് 29-7-2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിരുന്നു. അടിസ്ഥാനതലത്തിൽ വിവരശേഖരണം നടത്തി സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭാവി പദ്ധതികൾ അതനുസരിച്ച് ആസൂത്രണം ചെയ്യാൻ കഴിയുന്നതാണ്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഐ.ടി.ഐ.-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നവീകരിക്കാനും നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ/നവീകരണ പ്രവൃത്തികൾ നടത്തുന്നതി

നാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള 44 ഐ.റ്റി.ഐ.-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഐ.റ്റി.ഐ.-കൾ നവീകരിക്കുന്നതിനും വകുപ്പ് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇതിന്റെ ഭാഗമായി കാലപ്പഴക്കമുള്ളതും ശോച്യാവസ്ഥയിലായതുമായ (ഓട്/ഷീറ്റ് മേഞ്ഞ) കെട്ടിടങ്ങൾക്ക് പകരം ആധുനിക നിർമ്മാണം നടത്തിവരുന്നു. അതോടൊപ്പം അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്. വിവിധ ഐ.റ്റി.ഐ.-കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിനും വിവിധ പഠനോപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ഐ.റ്റി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും ഇതിനകം സജ്ജീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.-കളുടെ സമഗ്ര വികസനം നടപ്പിലാക്കുന്നത് സംബന്ധിച്ച് 1-10-2021-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.റ്റി.ഐ.-കൾ നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള ശിപാർശകൾ ലഭ്യമാക്കാൻ വകുപ്പ് ഡയറക്ടർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ മികച്ച നിലവാരത്തിലുള്ളവയാണ്. വകുപ്പിന് കീഴിലുള്ള മുഴുവൻ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മെനു എന്നിവ സൂക്ഷ്മമായി പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങളും വിടവുകളും കണ്ടെത്തി ഓരോ വിദ്യാലയത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതിയും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിനും വ്യായാമത്തിനുമായി ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക്, ക്രിക്കറ്റ് പിച്ച് എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് സജ്ജീകരിച്ചിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി., സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ മുതലായ സംവിധാനങ്ങളും എർപ്പെടുത്തിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ ഉയർത്തുന്നതിനായി remedial coaching, individual academic plan തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിൽ തിരുവനന്തപുരം ജില്ലയിലെ കുട്ടമല

ഐറ്റിഐയും, ഇടുക്കി ജില്ലയിലെ നാട്ടുകാണി ഐ.റ്റി.ഐ.-യുമാണ് പ്രവർത്തിച്ചുവരുന്നത്. ഈ 2 ഐ.റ്റി.ഐ.- കളും വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ നാട്ടുകാണി ഐ.റ്റി.ഐ.-യിൽ 3.29 കോടി രൂപ ചെലവഴിച്ച് നിർമ്മാണം ആരംഭിച്ച അക്കാഡമിക് ബ്ലോക്ക്, 100 പേർക്ക് താമസ സൗകര്യത്തോടെ 2.81 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടമല ഐ.ടി.ഐ.-യുടെ പ്രവർത്തനം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗത്തിലെ ദുർബല വിഭാഗങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ICSETS മുഖേന തെരഞ്ഞെടുത്ത മിടുക്കരായ 30 പേർക്ക് കേരളത്തിനകത്തുള്ള അവർ തെരഞ്ഞെടുത്ത മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നു. ഫീസിനത്തിൽ മാത്രം പരമാവധി ഒരു ലക്ഷം രൂപ വരെ നൽകുന്നു. കൂടാതെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ബുക്ക്, കിറ്റ് അലവൻസ്, ടെസ്റ്റ് സീരീസ്, മെയിൻസ് എഴുത്ത് പരീക്ഷ തുടങ്ങിയവയ്ക്കുള്ള ചെലവും വഹിക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലന സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, പൊന്നാനി, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. കൂടാതെ ICSETS-ന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു സെന്ററും പ്രവർത്തിക്കുന്നു.

## പ്രാക്തന ഗോത്ര സമൂഹങ്ങളുടെ സംരക്ഷണം

84 (4504) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ?

ലഭ്യമാണ്.

(ബി) പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട വിവിധ ആദിവാസി വിഭാഗങ്ങൾ അന്യംനിന്ന് പോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വനാന്തരങ്ങളിൽ അധിവസിക്കുന്ന പട്ടിക ഗോത്ര വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ എന്തെല്ലാം?

പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായെല്ലാംതന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ, അടിയാൻ, മലപണ്ടാരം, അരനാടൻ, മരപ്പുലയൻ തുടങ്ങിയ വിഭാഗക്കാർ. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാനമാർഗ്ഗം കൂലിപണിയും കാലി വളർത്തലുമാണ്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ-പണിയ പാക്കേജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി രണ്ട് ജോടി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങളും സൗജന്യമായി നൽകി സ്കൂളിൽ എത്താത്ത കുട്ടികളെ പ്രൊമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് താമസസ്ഥലത്ത് എത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ

ഭാഗമായി ആട്, കറവപ്പശു എന്നിവ വിതരണം നടത്തിവരുന്നു. കാർഷികവൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. അടിയ-പണിയ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽനിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം. മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

### മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

85 (4505) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നാളിതുവരെ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

2016-ലെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് വഴി 2016-17 സാമ്പത്തിക വർഷം 3 പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിലവിൽ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

അർഹമായ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യം നൽകുന്നതിന് തടസ്സങ്ങൾ ഇല്ല.

### ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം

86 (4506) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാകുന്നുണ്ടോ?

ആധുനിക വൈദ്യസൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും സെറ്റിൽമെന്റിൽത്തന്നെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉൾപ്പെടെ ആധുനിക

സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ സേവനം സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ കോട്ടയം, ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ലഭ്യമാക്കിവരുന്നുണ്ട്. വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വീതം പ്രവർത്തിച്ചുവരുന്നു. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സേവനം എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിലാണ് നിലവിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കിവരുന്നത്. പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ചപോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാവിധികൾ നിശ്ചയിച്ച് മരുന്ന് നൽകുകയും വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്ക് താലൂക്ക്-ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഭാവിയിൽ കൂടുതൽ മേഖലകളിൽ പദ്ധതി വ്യാപിപ്പിക്കാനും നിലവിൽ നല്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് പുറമേ പുതിയ സാങ്കേതികവിദ്യ കൂടി കൂട്ടിയോജിപ്പിച്ച് ഊരുകളിൽ തന്നെ പരമാവധി ആരോഗ്യ ശുശ്രൂഷ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സർക്കാർ ആലോചിക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക**

87 (4507) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമത്തിന് വേണ്ടി ഒരു വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക നീക്കിവയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി 1,221.15 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.സി.പി. വിഹിതമായി കൈമാറിയിട്ടുണ്ട്. ഇത് സംസ്ഥാന ബഡ്ജറ്റിൽ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുകയുടെ 54.91 ശതമാനമാണ്. പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2021-22 വർഷത്തിൽ 183.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനാണ് ഈ തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ മാർഗ്ഗരേഖയിലും സബ്സിഡി നിർദ്ദേശങ്ങളിലും പട്ടികജാതി വിഭാഗത്തിന് ഏറ്റെടുക്കാൻ അനുവദിച്ചിട്ടുള്ള മുഴുവൻ പദ്ധതികൾക്കുംവേണ്ടി ടി തുക വിനിയോഗിക്കാവുന്നതാണ്. ഇതിൽ പ്രധാനമായും കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, മണ്ണ്-ജലസംരക്ഷണം, കുടിവെള്ളം, വീട് നിർമ്മാണം/ പുനരുദ്ധാരണം, റോഡ്/സംരക്ഷണഭിത്തി, വീട് വയറിംഗ്, വിവാഹ/ മിശ്ര ധനസഹായം, വിദേശ തൊഴിലിനുള്ള ധനസഹായം, എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മെറിറ്റോറിയസ് സ്കോളർഷിപ്പ്, ലാപ് ടോപ്, എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, വാദ്യോപകരണങ്ങൾക്ക് ധനസഹായം, പഠനമുറി നിർമ്മാണം, സാമൂഹ്യ പഠന കേന്ദ്ര നിർമ്മാണം, പഠനോപകരണങ്ങൾ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിഭാ പിന്തുണയ്ക്ക് ധനസഹായം, പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ധനസഹായം മുതലായ പദ്ധതികൾക്ക് ടി തുക വിനിയോഗിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) കഴിഞ്ഞ പത്ത് വർഷക്കാലം ഓരോ വർഷത്തിലും കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച തുക എത്രയാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം എ ആയി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അനുവദിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാൻ ബാക്കിയുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ബി ആയി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഇ) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം തുക മാറ്റി ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനമാണതെന്ന് വ്യക്തമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതും നിർവ്വഹണം നടത്തുന്നതും 'സുലേഖ' സോഫ്റ്റ് വെയർ മുഖേനയായതിനാൽ എസ്.സി.പി. ഫണ്ട് ജനറൽ പ്രോജക്ടുകൾക്കായി വകമാറ്റി ചെലവഴിക്കാൻ സാധിക്കുകയില്ല.

(എഫ്) ചെലവഴിക്കാൻ ബാക്കിയുള്ള തുക ഇനി എങ്ങനെ വിനിയോഗിക്കാൻ പറ്റുമെന്ന് വ്യക്തമാക്കാമോ?

എസ്.സി.പി. ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയ്ക്ക് സ്പിൽ ഓവറായി അടുത്ത സാമ്പത്തിക വർഷം പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം സാധിക്കുന്നതാണ്.

**പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി**

88 (4508) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ സ്വയംതൊഴിൽ പദ്ധതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പരിപാടികളിലൂടെ തൊഴിലിനായി പട്ടികവർഗ്ഗക്കാരെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഗ്രൂപ്പ് അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്?

പട്ടികവർഗ്ഗക്കാർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുക, പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുക, ജീവിത നിലവാരം ഉയർത്തുക.

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. സർക്കാർ അംഗീകൃതസ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകാരമുള്ള വിവിധ പരിശീലന സ്ഥാപനങ്ങളിൽനിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

## ഗോത്രവർഗ്ഗ പാരാമെഡിക്സ് പദ്ധതി

89 (4509) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ പാരാമെഡിക്സ് പദ്ധതിപ്രകാരം ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാനത്തെ ഏതെങ്കിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഗോത്ര ഭാഷ അറിയാവുന്ന ആരോഗ്യപ്രവർത്തകരെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിയോഗിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും പ്രസ്തുത പദ്ധതി പ്രകാരം സേവനത്തിന് ആരോഗ്യപ്രവർത്തകരെ നിയോഗിക്കുമോ; വിശദാംശം നൽകുമോ?

ഗോത്രവർഗ്ഗ പാരാമെഡിക്സ് പദ്ധതി ആരംഭിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് യോഗ്യരായ പട്ടികവർഗ്ഗക്കാരെ കണ്ടെത്തി ആശുപത്രികളിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായങ്ങൾ**

90 (4510) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് എന്തൊക്കെ തരത്തിലുള്ള ധനസഹായമാണ് നൽകിവരുന്നത് എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇത്തരം ധനസഹായത്തിനുള്ള അപേക്ഷകൾ എം.എൽ.എ.-മാർക്ക് നേരിട്ട് ലഭിക്കുന്ന പക്ഷം സി.എം.ഡി.ആർ.എഫ്. അപേക്ഷ സമർപ്പിക്കുന്ന മാതൃകയിൽ, സോഫ്റ്റ്‌വെയറിൽ പ്രത്യേക ലോഗിനിൽ അപ്‌ലോഡ് ചെയ്യുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ?

ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് നിയമസഭാ സാമാജികർക്കായി പ്രത്യേക ലോഗിൻ സംവിധാനം നിലവിലില്ല. ലോഗിൻ സംവിധാനം പ്രത്യേകം ഏർപ്പെടുത്തണോ എന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്. നിലവിൽ വകുപ്പ് ഉദ്യോഗസ്ഥതലത്തിലും ബഹു. വകുപ്പുമന്ത്രിക്കുമാണ് ലോഗിൻ സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് നേരിട്ട് വകുപ്പുമന്ത്രിയുടെ ലോഗിനിലേയ്ക്ക് അയയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**പട്ടികജാതി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

91(4511) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ പട്ടികജാതി കുടുംബത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാധാന്യം നൽകുന്ന സമഗ്ര വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഓരോ പട്ടികജാതി കുടുംബത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാധാന്യം നൽകുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി കുടുംബങ്ങളുടെയും അടിസ്ഥാന വിവരശേഖരണം നടത്തി വരുംവർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിലവിൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി വകുപ്പ് മുഖേന അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നുണ്ട്. ഭവനരഹിതരായിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നൽകുന്ന പദ്ധതി, പഠനമുറി നിർമ്മാണം, പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം എന്നിവയും നടപ്പിലാക്കിവരുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയൻ എന്നീ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവന നിർമ്മാണം, വീട് അറ്റകുറ്റപ്പണി, സാമൂഹിക പഠനമുറി നിർമ്മാണം, കക്കൂസ് നിർമ്മാണം, കൃഷിഭൂമി വിതരണം എന്നിവയ്ക്ക് ധനസഹായം അനുവദിച്ചുവരുന്നു.

**പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷ സംസ്കാര സംരക്ഷണം**

92 (4512) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട രേഖകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അതിനായി ഗവേഷണ പഠനങ്ങൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് മുഖേന വകുപ്പ്

സംഘടിപ്പിച്ചുവരുന്നുണ്ട്. ഗോത്രഭാഷ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കുറുമ്പ ഗോത്രഭാഷാ നിഘണ്ടു, പണിയ ഗോത്രഭാഷാ നിഘണ്ടു, മലമ്പണ്ടാരം ഗോത്രഭാഷാ നിഘണ്ടു, മുഡുഗ-കുറുമ്പ ഗോത്രഭാഷ വ്യാകരണം, കാട്ടുനായ്ക്കൻ ഭാഷാ പ്രൈമറുകൾ, പണിയ ഭാഷാ പ്രൈമറുകൾ 'ബെട്ട' എന്ന പേരിൽ പണിയൻ ഭാഷാ പഠന സഹായി, കാണി ഭാഷയ്ക്ക് നിഘണ്ടു, പണിയൻ ഭാഷയ്ക്ക് ലിപി എന്നിവ കിർത്താഡ്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. വയനാട് ഗോത്രഭാഷ കലാ പഠന കേന്ദ്രം പദ്ധതി എന്ന പേരിൽ ഗോത്രഭാഷകളും ഗോത്രജനതയുടെ പാരമ്പര്യ കലകളും പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതി കിർത്താഡ്സ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുള്ള ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ച് നൽകിവരുന്നു. ഇതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം വയനാട്ടിലെ വെട്ടക്കുറുമർ, കുറിച്യർ സമുദായക്കാരുടെ വാമൊഴി സാഹിത്യഭാഷ എന്നിവയെ സംബന്ധിക്കുന്ന 2 ഗവേഷണ പഠനങ്ങൾ കിർത്താഡ്സ് പൂർത്തീകരിച്ചിട്ടുണ്ട്. കുറിച്യരുടെ വാമൊഴി സാഹിത്യ ഭാഷ, കലകൾ, വെട്ടക്കുറുമരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ എന്നീ പേരുകളിൽ 2 പുസ്തകങ്ങൾ കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ആദിവാസി ഗോത്രവർഗ്ഗ കലകൾ, നാട്ടറിവുകൾ, കണ്ടെത്തലുകൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ ജനതയുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായി ഗദ്ദിക എന്ന പേരിൽ ഓരോ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ കലാമേളകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ഗോത്രകലകളും നാട്ടറിവുകളും കണ്ടെത്തലുകളും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ ആദികലാ കേന്ദ്രവുമായി ബന്ധപ്പെട്ട് കിർത്താഡ്സ് മുഖേന നടപ്പിലാക്കിവരുന്നു. ദേശീയ ട്രൈബൽ ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനായി ഇടുക്കിയിലെ മറയൂരിൽനിന്നും 15 അംഗ കലാകാരന്മാരുടെ സംഘത്തെ ഛത്തീസ്ഗഡിലേയ്ക്ക് അയച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

93 (4513) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളാണ് നടപ്പുസാമ്പത്തിക വർഷവും (2021-22) നടപ്പിലാക്കിവരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. എന്നാൽ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വിഭാഗക്കാർക്ക് സംരംഭകത്വ ധനസഹായമായി 10 ലക്ഷം രൂപ വീതം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംരംഭകത്വ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി വിഭാഗത്തിന് വകയിരുത്തിയ വിഹിതം

94 (4514) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് 2019-20, 2020-21 കാലയളവുകളിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2019-20, 2020-21 കാലയളവുകളിൽ വിവിധ പദ്ധതികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അടങ്കലും ചെലവും ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) | ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|
| 2019-20 | 1,78,509 | 93,277.98 |
| 2020-21 | 1,64,219 | 1,55,350.78 |

(ബി) തുക വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതികളിൽ പ്രാരംഭ പ്രവർത്തനങ്ങൾപോലും ആരംഭിച്ചിട്ടില്ലാത്ത എത്ര പദ്ധതികളുണ്ടെന്ന് അറിയിക്കുമോ?

തുക വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ച മുഴുവൻ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായം നൽകുന്നതിനായി 2019-20, 2020-21 കാലയളവിൽ വകയിരുത്തിയ തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി 2019-20, 2020-21 കാലയളവിൽ വകയിരുത്തിയ തുകയും ചെലവും ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) | ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|
| 2019-20 | 49,321 | 38,888.11 |
| 2020-21 | 61,670 | 54,694.94 |

(ഡി) പ്രസ്തുത കാലയളവിൽ പട്ടികജാതി വകുപ്പിന് വകയിരുത്തിയ വിഹിതം വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ പട്ടികജാതി വികസന വകുപ്പിൽ വകയിരുത്തിയ പദ്ധതിവിഹിതം വകമാറ്റി ചെലവഴിച്ചിട്ടില്ല.

### പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ

95 (4515) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ മുഖേന

ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും ഇവ ഓരോന്നിന്റെയും അർഹതാ മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഏതെങ്കിലും പ്രത്യേക പദ്ധതി കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രൊഫഷണൽ/ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പിന്നാക്ക, മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

**പിന്നാക്ക വിഭാഗ കോർപ്പറേഷന്റെ ആസ്ഥാന മന്ദിര നിർമ്മാണം**

96 (4516) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ കോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി കടകംപള്ളി വില്ലേജിലെ സർവ്വേ നമ്പർ 2623-ൽപ്പെടുന്ന 80.50 സെന്റ് സ്ഥലം കമ്പോള വിലയുടെ 10% ഈടാക്കി പതിച്ച് നൽകിയിരുന്നു. ടി സ്ഥലം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനുവേണ്ടി ഏറ്റെടുക്കുകയുണ്ടായി. അതിന് പകരമായി വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വേ നമ്പർ 53 -ൽ (പഴയ സർവ്വേ നം. 200) പ്പെടുന്ന 10.29 ആർ. വസ്തു പിന്നാക്ക വിഭാഗ കോർപ്പറേഷന് പതിച്ച് നൽകുന്നതിനുവേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് നിലവിൽ റവന്യൂ വകുപ്പ് പരിശോധിച്ചു വരികയാണ്. (File No. U4/33/2021/RD).

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എല്ലാ ജില്ലകളിലും പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഇല്ല. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ നിലവിലുള്ളത്. എല്ലാ ജില്ലകളിലും ജില്ലാ ആസ്ഥാന ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഓഫീസുകൾ മുഖാന്തരം നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് സാധ്യത പരിശോധിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ജില്ലാ തലത്തിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ.
2. പ്രധാനപ്പെട്ട സർവ്വകലാശാലകളോടനുബന്ധിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.
3. മേഖലാതലത്തിൽ അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിംഗ് സെന്ററുകൾ.
4. ഒ.ബി.സി. വിഭാഗങ്ങൾക്ക് സി.പി.എൽ. (കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ്) അടക്കമുള്ള കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകളിൽ ഉയർന്ന നിരക്കിലുള്ള പ്രത്യേക സ്കോളർഷിപ്പ്.
5. പരമ്പരാഗത നെയ്ത്ത് സമൂഹങ്ങൾക്ക് ആധുനികവൽക്കരിച്ച നെയ്ത്ത് കേന്ദ്രങ്ങൾ.
6. ശ്രീനാരായണ ഗുരുവിന്റെ പേരിൽ വിജ്ഞാന കേന്ദ്രങ്ങൾ - സാമൂഹ്യ സംഘടനകൾക്ക് ഗ്രന്ഥശാലകളും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള വിജ്ഞാന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള ഗ്രാന്റ്.
7. ഏക വരുമാനദായകനായ രക്ഷിതാവ് മരണപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനത്തിനായി സ്മാർട്ട് ഫോൺ, ലാപ്ടോപ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി.
8. ചെറുകിട കച്ചവടക്കാർക്ക് ഷോപ്പ് നവീകരിക്കുന്നതിന് 1 ലക്ഷം രൂപ വരെ ഗ്രാന്റ്.

9. തെരുവ് കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി.

10. ഓൺലൈൻ/മൊബൈൽ സപ്പോർട്ട് ഫോർ ഒ.ബി.സി. സ്റ്റുഡന്റ്സ്.

11. ഫിനിഷിംഗ് സ്കൂൾസ്-എഞ്ചിനീയറിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ കഴിഞ്ഞവർക്ക് പരമാവധി 5 മാസം വരെ പരിശീലനം, ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം.

12. ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം.

13. നിർദ്ധനരായ പിന്നാക്ക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം.

14. ബാങ്ക് ലിങ്ക്ഡ് സ്വയംതൊഴിൽ വായ്പാ സബ്സിഡി.

15. സ്വാശ്രയ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ടവരോ മാതാവോ പിതാവോ നഷ്ടപ്പെട്ടവരുടെ പെൺകുട്ടികൾക്ക് നവോത്ഥാന സ്കോളർഷിപ്പ്.

16. പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്ന തിനാവശ്യമായ കാലികമായ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള വിജ്ഞാന സമൂഹമായി രൂപപ്പെടുത്തുന്നതിന് സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ്‌വെയർ തയ്യാറാക്കി കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ.

**ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം തൊഴിൽ പദ്ധതികൾ**

97 (4517) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നില്ല.

എന്നാൽ നൈപുണ്യ പരിശീലന പദ്ധതി വഴി പരിശീലനം ലഭ്യമാക്കുന്ന പട്ടികവർഗ്ഗ യുവതീയുവാക്കളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്കും ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കും ആവശ്യമായ സഹായങ്ങൾ വകുപ്പ് ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിന് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി വായ്പകൾ അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനായി വകുപ്പ് വായ്പകൾ അനുവദിച്ച് നൽകുന്നില്ല. എന്നാൽ പദ്ധതി ആരംഭിക്കുന്നതിനായി ധനസഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കി പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷന് സമർപ്പിച്ചാൽ ആയത് പരിശോധിച്ച് വായ്പകൾ അനുവദിച്ച് നൽകുന്നുണ്ട്.

**പിന്നാക്ക വിഭാഗ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

98 (4518) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം വകയിരുത്തിയതിൽ എത്ര തുക വീതമാണ് അനുവദിച്ചുനൽകിയത്; തിരിച്ചുപിടിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

(എ&ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക, അനുവദിച്ച തുക, തിരിച്ചുപിടിച്ചിട്ടുള്ള തുക എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിനും അതിനുകീഴിലുള്ള സ്ഥാപനങ്ങൾക്കും ലഭിച്ച കേന്ദ്രസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കൊന്നും കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. പിന്നാക്ക വിഭാഗ വികസന വകുപ്പിന് കേന്ദ്ര വിഹിതമായി ലഭിച്ച ഫണ്ട് സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*.

## സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

99 (4519) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സ്റ്റാർട്ടപ്പ് ഡ്രീംസ്" പദ്ധതി മുഖേന എത്ര പട്ടികജാതി-പട്ടികവർഗ്ഗ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. പട്ടികജാതി വികസന വകുപ്പിൻ കീഴിൽ മണ്ണന്തലയിൽ 2016 മുതൽ പ്രവർത്തിച്ചുവരുന്ന അംബേദ്കർ ഭവനിൽ സ്ഥാപിച്ച ഇൻക്യുബേഷൻ സെന്ററിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻക്യുബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇല്ല.

(ബി) പ്രസ്തുത സ്റ്റാർട്ടപ്പുകൾക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നാമമാത്രമായ ലൈസൻസ് ഫീസാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരിൽനിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനം ഉൾപ്പെടെ മികച്ച ഉൽപന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ

നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും plug and play വർക്ക് സ്റ്റേഷനും കോൺഫറസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യ ഗഡുവായി പ്രത്യേക സീഡ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റാർട്ടപ്പുകൾക്ക് എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന എത്ര രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 41,90,000 രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വായ്പകൾക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയിൽ പ്രസ്തുത വായ്പകൾക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പദ്ധതികൾ**

100 (4520) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയും* പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന പദ്ധതിവിഹിതം

101 (4521) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പദ്ധതിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യമാണെങ്കിൽ ജാതി, വരുമാനം, പദ്ധതി പ്രകാരമുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ചുകൊണ്ടാണ് അനുവദിക്കുന്നത്. പൊതുവായ ഭൗതിക സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ (റോഡ്, കുടിവെള്ളം, വൈദ്യുതി) ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും പരിഗണിച്ച് 51% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉറപ്പുവരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻവേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്ത് നിയമിക്കപ്പെട്ടവരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്ത് മിനിറ്റ്സ് രേഖപ്പെടുത്തി ഊരുമൂപ്പന്റെ സാക്ഷ്യപ്പെടുത്തലോടുകൂടിയാണ് പട്ടിക തയ്യാറാക്കുന്നത്. ഇതിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും പ്ലാൻ സ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് സാമ്പത്തിക ഭൗതിക സ്ഥിതി വിവരങ്ങൾ വിലയിരുത്തുന്നതിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നതാണ്.

(ബി) അർഹരായ വ്യക്തികൾ വകുപ്പ് നിഷ്കർഷിക്കുന്നതായ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നിഷ്കർഷിക്കുന്നതായ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചിട്ടുണ്ടോ എന്നത് വകുപ്പിന്റെ ഇന്റേണൽ ആഡിറ്റ് വിംഗ് പരിശോധനയുടെ ഭാഗമായി ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. പദ്ധതിയിൽ നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിനും ആനുകൂല്യങ്ങൾ സമയബന്ധിതമായി പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഭവന നിർമ്മാണം പോലുള്ള പദ്ധതികളുടെ തുടർ ഗഡു പ്രവർത്തന പുരോഗതി വിലയിരുത്തി മാത്രമാണ് അനുവദിക്കുന്നത്.

(സി) ഒരേ ആവശ്യത്തിന് തന്നെ പലതവണ ഒരു ഗുണഭോക്താവ് അർഹത നേടുകയും പദ്ധതി വിഹിതം കൈപ്പറ്റുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങളിൽ അനുവർത്തിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

അനർഹമായി പദ്ധതി വിഹിതം കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധ വകുപ്പ് നൽകുന്നുണ്ട്.

## ഒ.ഇ.സി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി

102 (4522) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-05-2014-ലെ സ.ഉ. (എം.എസ്) നമ്പർ 10/2014/പി.സ.വി.വ. പ്രകാരം ഒ.ഇ.സി. വിഭാഗത്തിലെ ചവളക്കാരൻ സമുദായം ഉൾപ്പെടെയുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വാർഷിക വരുമാന പരിധി ആറുലക്ഷം രൂപയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി.-ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളിൽ ചവളക്കാരൻ സമുദായം ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സമുദായങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിക്കുമ്പോൾ നോൺ

ക്രീമിലയർ പരിധിയും ആറ് ലക്ഷം രൂപയായിരുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നോൺ ക്രീമിലെയർ വരുമാന പരിധിയുടെ അടിസ്ഥാനത്തിലല്ല ചവളക്കാരൻ അടക്കമുള്ള മുപ്പത് സമുദായങ്ങൾക്ക് ഒ.ഇ.സി.-ക്ക് തുല്യമായ ആനുകൂല്യങ്ങൾ അനുവദിച്ചത്. എല്ലാ വിധത്തിലുമുള്ള വരുമാനം കണക്കാക്കി കുടുംബ വാർഷിക വരുമാനം ആറ് ലക്ഷം രൂപ അധികരിക്കാത്തവർക്കാണ് ഒ.ഇ.സി. ആനുകൂല്യങ്ങൾ അനുവദിച്ചത്.

(സി) നോൺ ക്രീമിലയർ വരുമാന പരിധി എട്ട് ലക്ഷം രൂപയായി ഉയർത്തിയ സാഹചര്യത്തിൽ ചവളക്കാരൻ അടക്കമുള്ള ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വാർഷിക വരുമാന പരിധി എട്ട് ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നോൺ ക്രീമിലെയർ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ അല്ല ഒ.ഇ.സി.-ക്ക് തുല്യമായ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ഈ ആവശ്യം പരിഗണിക്കുവാനാവില്ല.

(ഡി) എങ്കിൽ പരിധി ഉയർത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ**

103 (4523) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ പട്ടികജാതി- പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അംഗസംഘങ്ങളായ പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണവും സമഗ്ര വികസനവും ലക്ഷ്യമിട്ട് ഒരു വികസന

പരിശീലന പദ്ധതി നിർദ്ദേശം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടത്തിപ്പിന് മുന്നൊരുക്കമായി സംസ്ഥാനത്തെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരിശീലന വികസന പരിപാടികൾ നടപ്പാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തന സ്ഥിതി മനസ്സിലാക്കുന്നതിന് ജില്ലാതല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരിൽനിന്നും ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളുടെ പ്രവർത്തന സ്ഥിതി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പിന്നാക്ക വിഭാഗ കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ**

104 (4524) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്ന് ഏതെല്ലാം ആവശ്യങ്ങൾക്ക് വായ്പകൾ അനുവദിക്കാറുണ്ടെന്നും എത്ര ശതമാനം പലിശയ്ക്കാണ് വായ്പ അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സ്വന്തം ഫണ്ട്, ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നിവയുടെ വായ്പ വിനിയോഗിച്ച് വിവിധാ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വായ്പാ പദ്ധതികളുടെ വിശദാംശങ്ങളും പലിശ നിരക്കും അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത വായ്പകൾ അനുവദിക്കുന്നതിന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം സർക്കാർ കോർപ്പറേഷന് എത്ര തുക അനുവദിച്ചു; ഓരോ സാമ്പത്തിക വർഷത്തേയും ചെലവഴിക്കാത്ത തുകയുടെ വിശദാംശം നൽകുമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ദേശീയ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന വായ്പകൾക്കുള്ള ആനുപാതിക വിഹിതമായി (Matching

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Contribution) യഥാക്രമം 14.30, 13.50 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നുവെങ്കിലും 2019-20 സാമ്പത്തിക വർഷം 2.28 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 2.28 കോടി രൂപ അനുവദിക്കുകയും ബാക്കിയുള്ള തുക 11.21 കോടി രൂപ ELAMS -ലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലഭിച്ച തുക പൂർണ്ണമായും വായ്പാ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(സി) 2016 മുതൽ 2021 വരെ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നത് വർഷം, ജില്ല, എന്തെല്ലാം ആവശ്യങ്ങൾക്കാണ് വായ്പകൾ അനുവദിച്ചത് എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

2016 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ 2021-22 സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ഓരോന്നിനും മാറ്റിവച്ചിരിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ളത് 700 കോടി രൂപയാണ്. വകയിരുത്തിയ തുകയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയിട്ടുള്ള തുക (കോടിയിൽ) |
|---|---|---|
| 1 | സ്വയം തൊഴിൽ വായ്പ | 150 |
| 2 | വിദ്യാഭ്യാസ വായ്പ | 70 |
| 3 | ലഘു വായ്പ | 230 |
| 4 | വിവാഹ ധനസഹായം | 50 |
| 5 | എന്റെ വീട് | 30 |
| 6 | മറ്റ് വായ്പാ പദ്ധതികൾ | 170 |
| ആകെ | | 700 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്രോതസ്സ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ദേശീയ ഏജൻസികളിൽനിന്നുള്ള വായ്പ

ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) : 160 കോടി രൂപ

ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) : 180 കോടി രൂപ

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) : 110 കോടി രൂപ

2. സംസ്ഥാന സർക്കാരിൽനിന്നുള്ള ബഡ്ജറ്റ് വിഹിതം : 13.5 കോടി രൂപ

3. KSBCDC ഫണ്ട് : 236.5 കോടി രൂപ

ആകെ : 700 കോടി രൂപ

**കോവിഡ് പശ്ചാത്തലത്തിൽ ശബരിമലയിലെ പ്രവേശനം**

105 (4525) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്തരെ പ്രവേശിപ്പിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) തീർത്ഥാടകരെ പ്രവേശിപ്പിക്കുന്നതിനുള്ള വെർച്വൽ ക്യൂ സംവിധാനം നിലനിർത്തിയിട്ടുണ്ടോ?

(എ&ബി) ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ള ലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പുമന്ത്രി 16-6-2021-നും 7-9-2021-നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28-6-2021-ന് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 6-7-2021-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 07-07-2021-ന് പൊതുമരാമത്തും ടൂറിസവും വകുപ്പുമന്ത്രിയുടെയും ഗതാഗത

വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിലും 07-10-2021-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ആദ്യ ഘട്ടം തീർത്ഥാടനത്തിന് 25000 പേരെ അനുവദിക്കുന്നതാണ്. പിന്നീട് കോവിഡ് സാഹചര്യം റിവ്യൂ ചെയ്ത് തീർത്ഥാടകരുടെ എണ്ണം സംബന്ധിച്ച തീരുമാനം എടുക്കുന്നതാണ്. വെർച്വൽ ക്യൂ മുഖേന രജിസ്റ്റർ ചെയ്ത് ദർശനം നടത്താവുന്നതാണ്. കോവിഡ് സാഹചര്യത്തിൽ നെയ്യഭിഷേകത്തിന് മുൻ വർഷം ഏർപ്പെടുത്തിയതുപോലെ ക്രമീകരണം ഏർപ്പെടുത്തും. തീർത്ഥാടകർക്ക് സുരക്ഷയോടെയും നിയന്ത്രണങ്ങളോടെയും പമ്പാ സ്നാനം അനുവദിക്കുന്നതാണ്. നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ തീർത്ഥാടകർക്ക് യാത്ര ചെയ്യാം. പമ്പയിൽ തീർത്ഥാടകരെ ഇറക്കിയ ശേഷം സ്വകാര്യ വാഹനങ്ങൾക്ക് നിലയ്ക്കലിൽ പാർക്ക് ചെയ്യാവുന്നതാണ്. കോവിഡ് ഭീഷണിയുള്ളതിനാൽ സന്നിധാനത്ത് വിരിവയ്ക്കാൻ അനുവദിക്കുന്നത് ഉചിതമാകുകയില്ല.

**ആറ്റിങ്ങൽ കൊല്ലമ്പുഴയിലെ ക്ഷേത്ര കലാപീഠത്തിൽ കൂടുതൽ കോഴ്സുകൾ**

106 (4526) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊല്ലമ്പുഴയിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കലാപീഠത്തിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ആറ്റിങ്ങൽ കൊല്ലമ്പുഴയിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കലാപീഠത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി അടിസ്ഥാന സൗകര്യം**

107 (4527) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

2021-22-ലെ മണ്ഡല-മകരവിളക്ക് മഹോത്സവ കാലത്തെ തീർത്ഥാടനം എല്ലാവിധ കോവിഡ് മാനദണ്ഡവും പാലിച്ച് നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് കുടിവെള്ള വിതരണത്തിനായി സ്റ്റീൽ കുപ്പി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നതിനായി നിലയ്ക്കലിൽ ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും തീർത്ഥാടകർ എത്തിച്ചേരുന്ന അനുബന്ധ തീർത്ഥാടന കേന്ദ്രങ്ങളിലും തീർത്ഥാടകർക്ക് ഭക്ഷണം, കുടിവെള്ളം, ടോയ്‌ലെറ്റ് തുടങ്ങിയ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. തീർത്ഥാടനത്തിന്റെ ഭാഗമായി പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ സേവനം ലഭ്യമാക്കുന്ന പോലീസ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥർക്കും ദിവസ വേതന ജീവനക്കാർക്കും പരാതിക്കിടവരാത്തരീതിയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ബോർഡിന് പ്രസ്തുത ആവശ്യത്തിനായി എന്തെങ്കിലും സർക്കാർ സഹായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ്-19 പ്രതിസന്ധിയെ തുടർന്ന് സംസ്ഥാന സർക്കാർ നാളിതുവരെ ആകെ 131 .6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കുറ്റ്യാടി മണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

108 (4528) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി നിലവിലുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിച്ച് വരാറുണ്ട്. വരുമാനം കുറഞ്ഞതും അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും ഫണ്ടില്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് ക്ഷേത്ര ഭരണാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകൾ മലബാർ ദേവസ്വം ബോർഡിന്റെ അതത് ഡിവിഷൻ ഏരിയ കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്യുന്ന തുക മലബാർ ദേവസ്വം ബോർഡിന്റേയും സർക്കാരിന്റേയും അംഗീകാരത്തിന് വിധേയമായി അനുവദിക്കുകയാണ് ചെയ്തുവരുന്നത്. കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് അനുവദിച്ച പുനരുദ്ധാരണ ധനസഹായം അനുബന്ധം (2) ആയി ചേർക്കുന്നു*.

## കുട്ടനാട്ടിലെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കാൻ നടപടി

109 (4529) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കാവുകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേയ്ക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. സർക്കാർ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് മേൽ പറഞ്ഞ ധനസഹായം നൽകിവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് തടയാനും സംരക്ഷിക്കാനുമുള്ള നടപടികൾ

110 (4530) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും ഇതര ക്ഷേത്രങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ഭൂമി, സ്വർണ്ണം, വെള്ളി, പഞ്ചലോഹമുൾപ്പെടെയുള്ള സ്ഥാവര ജംഗമസ്വത്തുക്കൾ നഷ്ടപ്പെടുന്നതും മോഷണം പോകുന്നതും സംരക്ഷകരാൽത്തന്നെ അന്യാധീനപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ക്ഷേത്രങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ നഷ്ടപ്പെടുന്നതും മോഷണം പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

(സി) ഇത്തരം പ്രവൃത്തികളിലൂടെ ക്ഷേത്രങ്ങളുടെ സ്വത്ത് അന്യാധീനപ്പെടുന്നത് തടയാനും അവ സംരക്ഷിക്കാനും സർക്കാർ നേതൃത്വം ഉറപ്പുവരുത്താനുമായി ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ദേവസ്വം ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കുന്നതിനുമായി തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ ലാൻഡ് കൺസർവ്വൻസി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ദേവസ്വങ്ങളിൽനിന്ന് അന്യാധീനമായി നഷ്ടപ്പെട്ട ഭൂമിയിൽ ദേവസ്വങ്ങളുടെ അവകാശം പുനഃസ്ഥാപിക്കുന്നതിനായി ഒരു ദേവസ്വം ട്രിബ്യൂണൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തീർത്ഥാടന ടൂറിസം ആരംഭിക്കാൻ നടപടി

111 (4531) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെട്ടികുളങ്ങര കുംഭഭരണി നടക്കുന്ന ചെട്ടികുളങ്ങര ക്ഷേത്രം, മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ മാവേലിക്കര, കണ്ടിയൂർ, ഹരിപ്പാട്,

മണ്ണാറശ്ശാല, ഓച്ചിറ, വെട്ടികോട് തുടങ്ങിയ ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തീർത്ഥാടന ടൂറിസം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ചെട്ടികുളങ്ങര കുംഭഭരണി നടക്കുന്ന ചെട്ടികുളങ്ങര ക്ഷേത്രം, മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ മാവേലിക്കര, കണ്ടിയൂർ, ഹരിപ്പാട്, മണ്ണാറശ്ശാല, ഓച്ചിറ, വെട്ടികോട് തുടങ്ങിയ ക്ഷേത്രങ്ങളെ കോർത്തിണക്കി തീർത്ഥാടന ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ ശിപാർശകൾ ഒന്നും പരിഗണനയിലില്ല.

**കോവിഡ്-19-നെ തുടർന്ന് പ്രതിസന്ധിയിലായ ദേവസ്വം ബോർഡുകളെ സഹായിക്കാൻ നടപടി**

112 (4532) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നെ തുടർന്ന് സമ്പൂർണ്ണ അടച്ചിടലിനുശേഷം കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ക്ഷേത്രങ്ങൾ തുറക്കാൻ അനുവദിച്ചതിലൂടെ സംസ്ഥാനത്തെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനത്തിൽ വലിയ കുറവ് ഉണ്ടാവുകയും ഇതുമൂലം വിവിധ ദേവസ്വം ബോർഡുകൾ പ്രതിസന്ധിയിലാകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരം പ്രതിസന്ധിയിലായ ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

കോവിഡ്മൂലം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചത് കാരണം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ദേവസ്വം ബോർഡുകൾക്ക് കോവിഡ് കാലയളവിൽ സർക്കാർ ആകെ 215.73 കോടി (ഇരുന്നൂറ്റിപതിനഞ്ച് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 131.6 കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ, മലബാർ ദേവസ്വം ബോർഡ് - 58.98 കോടി രൂപ (നടപ്പുവർഷം ആചാര സ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ധനസഹായം കുടിശ്ശിക നൽകുന്നതിന് 1.25 കോടി അനുവദിച്ചിട്ടുണ്ട്.) കൂടൽ മാണിക്യം ദേവസ്വം - 15 ലക്ഷം രൂപ.

## എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന വർദ്ധനവ്

113 (4533) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന വർദ്ധനവിനായി നിയമസഭാ സാമാജികർ നൽകിയ പരാതി പാർലമെന്ററികാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ ശമ്പളം ദിവസവേതനക്കാരുടെ ശമ്പളത്തേക്കാൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അഡീഷണൽ സ്റ്റാഫുകളുടെ ശമ്പളം കാലോചിതമായി വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പരിശോധിച്ചുവരുന്നു.

## ആരണ്യം മാസിക

114 (4534) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ ആരണ്യം എന്ന മാസികയ്ക്ക് നിലവിൽ എത്ര വരിക്കാർ ഉണ്ടെന്ന് അറിയിക്കാമോ?

ആയിരത്തി എഴുന്നൂറ്റി ഇരുപത് വരിക്കാർ (2021 ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം)

(ബി) നിലവിൽ മാസികയുടെ എത്ര കോപ്പികൾ അച്ചടിക്കുന്നുണ്ട്?

നാലായിരം കോപ്പികൾ പ്രതിമാസം അച്ചടിക്കുന്നുണ്ട്.

(സി) ഇവ സൗജന്യമായി വിതരണം ചെയ്യുന്നത് ആർക്കൊക്കെയാണെന്നും അതിന്റെ മാനദണ്ഡം എന്തെന്നും അറിയിക്കാമോ?

സർക്കാരിന്റെ 3-8-2016-ലെ ജി.ഒ.(ആർ.ടി) നം.311/2016/വനം നമ്പർ ഉത്തരവ് പ്രകാരം മന്ത്രിമാർ, എം.എൽ.എ.-മാർ, എം.പി.-മാർ, ഗവണ്മെന്റ് സെക്രട്ടറിമാർ, വിവിധ വകുപ്പുകൾ, വകുപ്പുതലവന്മാർ, ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിലെ ഡെപ്യൂട്ടി റെയിഞ്ചർ വരെയുള്ളവർക്കും ഹെഡ് അക്കൗണ്ടന്റ് വരെയുള്ളവർക്കും ഫോറസ്റ്റ് സ്റ്റേഷൻ, ഫോറസ്റ്റ് സെക്ഷൻ, ഫോറസ്റ്റ് ചെക്ക് പോസ്റ്റ്, ഫോറസ്റ്റ് ഡിപ്പോ എന്നീ യൂണിറ്റുകൾക്കും വിവിധ മാധ്യമങ്ങൾക്കും സ്റ്റേറ്റ് ലൈബ്രറികൾക്കും മാസികയുടെ ഓരോ ലക്കത്തിലെയും സൃഷ്ടികൾ നല്കിയ എഴുത്തുകാർക്കും ഫോട്ടോഗ്രാഫർമാർക്കും വനം-പരിസ്ഥിതി അനുബന്ധ സ്ഥാപനങ്ങൾ എന്നിവർക്കായി 1700 എണ്ണം സൗജന്യമായി വിതരണം ചെയ്തുവരുന്നു. 505 എണ്ണം വില്പനക്കായി വനം വകുപ്പിന്റെ വിവിധ ഇക്കോ ടൂറിസം സെന്ററുകളിലേയ്ക്കും ആഫീസുകളിലേയ്ക്കും നല്കുന്നു.

(ഡി) വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധം വളർത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഈ മാസിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ആരണ്യം മാസിക നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ കാവുകൾ, കണ്ടൽക്കാടുകൾ സംരക്ഷണവും നക്ഷത്ര വനം പദ്ധതിയും**

115 (4535) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കാവുകൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത കാവുകളും കണ്ടൽക്കാടുകളും ഏതെല്ലാമെന്നും ധനസഹായമായി ഓരോ കാവുകൾക്കും കണ്ടൽക്കാടുടമകൾക്കും നൽകിയ തുക എത്രയെന്നും അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ 2019-20 വർഷം കൊട്ടറകുളത്തുർ കാവ്, മീയണ്ണൂർ (പി.ഒ), പൂയപ്പള്ളി, കൊല്ലം സംരക്ഷിക്കുന്നതിനായി 24,250 രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ഈ മണ്ഡലത്തിലെ മറ്റ് കാവുകൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനായി ധനസഹായം ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലും സ്ഥാപനങ്ങളിലും വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം നക്ഷത്രവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ചാത്തന്നൂർ മണ്ഡലത്തിൽ എൻ.എസ്.എസ്.എച്ച്.എസ്.എസ്., ചാത്തന്നൂർ, ആയിരവല്ലി മഹാദേവ ക്ഷേത്രം, പരവൂർ എന്നിവിടങ്ങളിൽ നക്ഷത്രവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## നോൺ ഫോറസ്റ്റ് ഏരിയയ്ക്കായി വിജ്ഞാപനം ചെയ്യപ്പെട്ട കോഴിക്കോട് ജില്ലയിലെ വില്ലേജുകൾ

116 (4536) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് പ്രകാരം കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്ത വില്ലേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് പ്രകാരം കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്ത വില്ലേജുകൾ താഴെപ്പറയും പ്രകാരമാണ്.

1) ചെമ്പനോട വില്ലേജ്- കൊയിലാണ്ടി താലൂക്ക്

2) കാവിലുമ്പാറ വില്ലേജ് - വടകര താലൂക്ക്

3) കോടഞ്ചേരി വില്ലേജ് - താമരശ്ശേരി താലൂക്ക്

(ബി) ഇതര വില്ലേജുകളിൽനിന്നും വ്യത്യസ്തമായി വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ?

വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിൽ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ് 2011 സെക്ഷൻ 5,6,7 പ്രകാരമുള്ള നിയന്ത്രണങ്ങളാണ് ബാധകമായിട്ടുള്ളത്.

(സി) വനാതിർത്തികളിൽ ജണ്ട കെട്ടേണ്ട ഉത്തരവാദിത്തം ആർക്കാണ് എന്ന് അറിയിക്കുമോ; ജണ്ട കെട്ടാനുള്ള ചെലവ് സ്ഥലമുടമകൾ വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വനാതിർത്തികളിൽ ജണ്ട കെട്ടേണ്ട ഉത്തരവാദിത്വം വനം വകുപ്പിൽ നിക്ഷിപ്തമാണ്. ജണ്ട കെട്ടാനുള്ള ചെലവ് സ്ഥലമുടമകൾ വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. 4406-01-101-99-01-00-00-SFB എന്ന ശീർഷകത്തിൽ ലഭിക്കുന്ന അലോട്ട്മെന്റ് ഉപയോഗിച്ചാണ് ജണ്ട കെട്ടുന്ന പ്രവൃത്തി നടത്തിവരുന്നത്.

**വനം കയ്യേറ്റവും വനവിസ്തൃതിയിലുണ്ടായിട്ടുള്ള വ്യതിയാനവും**

117 (4537) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിദുരന്തവും കയ്യേറ്റവുംമൂലം സ്വാഭാവിക വന വിസ്തൃതിയിലുണ്ടായിട്ടുള്ള വ്യതിയാനം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ വനമേഖലയിലെ പ്രകൃതി ദുരന്തവും കയ്യേറ്റവുംമൂലം സ്വാഭാവിക വനവിസ്തൃതിയിൽ വ്യതിയാനം സംഭവിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ കണക്കുപ്രകാരം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടന്നിട്ടുള്ള വനം കയ്യേറ്റത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആകെ 990.3074 ഹെക്ടർ വനം കയ്യേറിയതായി കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 242.6354 ഏക്കർ വനഭൂമി കയ്യേറിയത് ഒഴിപ്പിച്ചിട്ടുണ്ട്.

(ഡി) ഈ കാലയളവിൽ കാട്ടുതീമൂലം ഉൾവനങ്ങൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഈ കാലയളവിൽ കാട്ടുതീമൂലം ഉൾവനങ്ങൾക്കുള്ളിൽ കാര്യമായ നാശനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ, വയനാട് വന്യജീവി സങ്കേതത്തിൽ കാട്ടുതീമൂലം 61,750 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അടിക്കാടുകൾ കാട്ടുതീമൂലം നശിച്ചുപോയിട്ടുള്ളത് മഴക്കാലത്ത് പൂർവ്വസ്ഥിതി പ്രാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വനഭൂമിക്ക് പകരം റവന്യൂ ഭൂമി ലഭിക്കാനുള്ള നടപടിക്രമം**

118 (4538) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി വനം വകുപ്പ് അധീനതയിലുള്ള ഭൂമി വിട്ടുനൽകുന്നതിന് പകരമായി റവന്യൂ ഭൂമി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുനൽകുമ്പോൾ പരിഹാര വനവൽക്കരണത്തിനായി അതേ അളവിൽ വനേതര ഭൂമി യൂസർ ഏജൻസി വനം വകുപ്പിന് കൈമാറേണ്ടതുണ്ട്. വനേതര ഭൂമി ലഭ്യമാക്കാൻ അതത് യൂസർ ഏജൻസികൾ റവന്യൂ വകുപ്പിനെ സമീപിക്കേണ്ടതും പ്രസ്തുത ഭൂമി വനം വകുപ്പിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പുമാണ്.

(ബി) കോഴിക്കോട് ജില്ലയിൽ വനഭൂമി സർക്കാർ ആവശ്യങ്ങൾക്ക് വിട്ടുനല്കുന്നതിന് പരിവേഷ് പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ വനഭൂമി സർക്കാർ ആവശ്യങ്ങൾക്ക് വിട്ടുനല്കുന്നതിന് പരിവേഷ് വെബ് പോർട്ടലിൽ 6 അപേക്ഷകളാണ് നിലവിലുള്ളത്.

(സി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷകൾ അപൂർണ്ണമായതിനാൽ അതത് യൂസർ ഏജൻസികളോട് ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ**

119 (4539) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കാൻ പദ്ധതിയുണ്ടെന്ന് പേരുവിവരങ്ങളും തോട്ടങ്ങളുടെ വിസ്തീർണ്ണവും സഹിതം വിശദാംശം ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ

ഏറ്റെടുക്കൽ. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട്, 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഇതിനായി സർക്കാർ ഖജനാവിൽനിന്നും എത്ര രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനായി 385.31 കോടി രൂപയാണ് റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി തുകയായി വകയിരുത്തിയിട്ടുള്ളത്.

## ബാലാതിരുത്തിയിലെ കമ്മ്യൂണിറ്റി റിസർവ് പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിലെ കാലതാമസം

120 (4540) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിലേയ്ക്കായി കമ്മ്യൂണിറ്റി റിസർവ് പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

മുമ്പ് ലീസ് നൽകി ലീസ് പിരീഡ് കഴിഞ്ഞതുൾപ്പെടെയുള്ള 150 ഹെക്ടറോളം പ്രദേശമാണ് കമ്മ്യൂണിറ്റി റിസർവ് ആയി നോട്ടിഫൈ ചെയ്തത്. ഇത് സ്വകാര്യ ഉടമസ്ഥതയിലുൾപ്പെടെയുള്ള കണ്ടൽ വനമാണ്. ഇതിൽ 20.78 ഹെക്ടർ കണ്ടൽവനം 1961-ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം അളന്ന് തിട്ടപ്പെടുത്തിയതിൽ മൊത്തം കണ്ടൽവനം 30.514 ഹെക്ടർ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ബാലാതുരുത്തി ഭാഗത്ത് വരുന്ന വള്ളിക്കുന്ന് വില്ലേജിൽ 29.277 ഹെക്ടറും കടലുണ്ടി വില്ലേജിൽ 1.237 ഹെക്ടറും ആണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിന്റെ ഓരോ ബിറ്റിന്റെയും സ്കെച്ചിന്റെ പകർപ്പ് ആർ.ഡി.ഒ., തിരൂരിന് നൽകിയിട്ടുണ്ട്. വിജ്ഞാപനം ചെയ്യാൻ നൽകിയ, സർവ്വേ ചെയ്ത സ്കെച്ചിലെ സ്ഥലങ്ങൾക്കൊഴികെ മറ്റ് സ്ഥലങ്ങൾക്ക് പട്ടയം നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്.

(ബി) കമ്മ്യൂണിറ്റി റിസർവ്വായി പ്രദേശത്തെ പ്രഖ്യാപിക്കുന്ന സമയത്ത് ചെയ്യേണ്ട ജോലി കൃത്യമായി നടത്താൻ ഉദ്യോഗസ്ഥർ കാണിച്ച അലംഭാവമാണ് പട്ടയം ലഭിക്കാത്തതിന് കാരണമെന്ന ലോക്കൽ ഡെവലപ്മെന്റ് റിസർവ് കമ്മിറ്റിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1961-ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് SRO No.1186/2003 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 1961-ലെ കേരള വന നിയമം സെക്ഷൻ 19 പ്രകാരം അന്തിമ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ചശേഷമേ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**അട്ടപ്പാടി വട്ടലക്കിയിലെ വനഭൂമി**

121 (4541) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വട്ടലക്കിയിൽ ഹൈറേഞ്ച് ഡെവലപ്മെൻറ് സൊസൈറ്റി എന്ന സംഘടനയ്ക്ക് സ്വന്തം പേരിൽ ഭൂമിയുണ്ടോ?

ടി സംഘടനയ്ക്ക് സ്വന്തം പേരിൽ ഭൂമിയുണ്ടോ എന്ന വിവരം വനം വകുപ്പിൽ ലഭ്യമല്ല.

(ബി) വട്ടലക്കിയിലെ വനഭൂമിയിൽ ഈ സംഘടന അവകാശവാദം ഉന്നയിക്കുകയുണ്ടായോ; എങ്കിൽ അവകാശവാദം ഉന്നയിച്ച സംഘടനാ ഭാരവാഹികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ?

വട്ടലക്കിയിലെ വനഭൂമിയിൽ ഈ സംഘടന അവകാശവാദം ഉന്നയിച്ചിട്ടില്ല. സംഘടനയുടെ ഭാരവാഹികളുടെ പേരുവിവരം വനം വകുപ്പിൽ ലഭ്യമല്ല.

(സി) വട്ടലക്കിയിലെ വനഭൂമിയിൽ അവകാശവാദം ഉന്നയിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

വട്ടലക്കിയിലെ വനഭൂമിയിൽ അവകാശവാദം ഉന്നയിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങൾ നിലവിലില്ല.

(ഡി) എങ്കിൽ പ്രസ്തുത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) ഈ വ്യവഹാരങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികളുടെയും ട്രസ്റ്റുകളുടെയും പേരിൽ അട്ടപ്പാടിയിലെ വിവിധ മേഖലകളിലായി എത്ര ഭൂമിയാണ് നിലവിലുള്ളത്; ഓരോരുത്തരുടെയും പേരിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി&ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) 1975-ലെ ആദിവാസി ഭൂമി നിയമത്തിന്റെ പ്രാബല്യം 1960 ജനുവരി ഒന്നുമുതൽ ആണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ 1960-ന് ശേഷം നടന്നിട്ടുള്ള നിയമവിരുദ്ധമായ ഭൂമി ഇടപാടുകൾ റദ്ദ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

മേൽ വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ റവന്യൂ വകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

### പട്ടയ വിതരണത്തിൽ വനം വകുപ്പിന്റെ തടസ്സങ്ങൾ

122 (4542) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനാതിർത്തി നിർണ്ണയിച്ച് ജണ്ടകെട്ടി തിരിച്ചിട്ടുള്ളതും വനഭൂമി ഇല്ല എന്ന ഉത്തമ ബോധ്യമുള്ളതുമായ ഭൂമിക്ക് നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സമില്ല.

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തടസ്സങ്ങൾ പരിഹരിക്കുന്നതിനായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി പരിഹാരനടപടികൾ സ്വീകരിച്ചുവരുന്നു.

**തുഷാരഗിരി വനഭൂമി ഏറ്റെടുക്കൽ**

123 (4543) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന് സമീപം ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് സർക്കാർ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന് സമീപത്തായി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കോടഞ്ചേരി, നെല്ലിപ്പോയിൽ വില്ലേജുകളിലായി 215.30 ഹെക്ടർ സ്ഥലം 4-4-2007-ലെ ഇ.എഫ്.എൽ. 12-224/2006-ാം നോട്ടിഫിക്കേഷൻ പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

(ബി) കോടതി നടപടികളിലൂടെ ഉടമകൾക്ക് തിരിച്ച് നൽകാൻ ഉത്തരവായ ഭൂമി വിനോദസഞ്ചാര കേന്ദ്രത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിനായി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

WP(C)-42528/18 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2-2-2021-ാം തീയതിയായുള്ള വിധിന്യായത്തിൽ ഇ.എഫ്.എൽ. നോട്ടിഫിക്കേഷൻ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽനിന്നും 23.83 ഏക്കർ ഭൂമി വിട്ടുനൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ബഹു.കോടതിയുടെ നിർദ്ദേശ പ്രകാരം ടി സ്ഥലത്ത് സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. കോടതി ഉത്തരവ് പ്രകാരം തിരികെ നൽകാൻ ഉത്തരവായ ഭൂമി തുഷാരഗിരി വിനോദസഞ്ചാരകേന്ദ്രത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിനായി ഏറ്റെടുക്കേണ്ടതുണ്ടോ എന്ന വിഷയം പ്രസ്തുത ഭൂമിയിലെ സർവ്വേ പൂർത്തീകരിച്ച് അതിരുകൾ തിട്ടപ്പെടുത്തിയശേഷം മാത്രമേ തീരുമാനിക്കാൻ കഴിയൂ.

## സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ

124 (4544) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനകത്തുള്ള സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്ന പദ്ധതിയിൽ നിലവിൽ ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്ട്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട്, 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കാൻ അനുമതിയുള്ള എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത എസ്റ്റേറ്റുകൾ ആരുടെ ഉടമസ്ഥതയിലാണെന്നും എവിടെയാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ?

ഏറ്റെടുക്കലിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും ആരംഭിച്ചിട്ടിട്ടുണ്ട്. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ ആരുടെ ഉടമസ്ഥതയിലാണെന്നും മറ്റുമുള്ള വിവരങ്ങൾ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാറശ്ശാല മണ്ഡലത്തിലെ കാവ് സംരക്ഷണ പദ്ധതികൾ**

125 (4545) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കാവുകൾ സംരക്ഷിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ധനസഹായം നൽകിവരുന്നു. ടി പദ്ധതി പ്രകാരം വർഷംതോറും ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ഗഡുക്കളായി ധനസഹായം നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിൽ 2016 മുതൽ 2021 വരെ ഫണ്ട് അനുവദിച്ചിട്ടുള്ള കാവുകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിലെ ഏതെങ്കിലും കാവുകൾ സംരക്ഷിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

2016-2021 കാലയളവിൽ കാവുകളുടെ സംരക്ഷണത്തിന് ധനസഹായത്തിനായി പാറശ്ശാല നിയോജകമണ്ഡല പരിധിയിൽനിന്നും ലഭിച്ച 8 അപേക്ഷകളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന കാവുകൾ ഒന്നും തന്നെ ഉൾപ്പെട്ടിരുന്നില്ല. അപേക്ഷകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ സാമൂഹ്യ വനവൽക്കരണം പദ്ധതി**

126 (4546) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ സാമൂഹ്യ വനവൽക്കരണം പദ്ധതി എത്ര വിസ്തൃതിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളുടെ വിശദവിവരം നൽകാമോ?

2020-21 സാമ്പത്തിക വർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്ക്കരണ പദ്ധതികൾ**

127 (4547) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

i. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾക്കായി വൃക്ഷത്തൈ വിതരണം.

ii. വഴിയോരത്തണൽ പദ്ധതി പ്രകാരം കൂടുതൽ പാതയോരങ്ങളിൽ വൃക്ഷവൽക്കരണം.

Iii. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് മുഖേന കൂടുതൽ സ്ഥാപനങ്ങളിൽ വൃക്ഷത്തൈകൾ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിത്തത്തിൽ വച്ചുപിടിപ്പിക്കൽ.

iv. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ ഫോറസ്ട്രി ക്ലബ് മുഖാന്തരം വിദ്യാവനങ്ങൾ സ്ഥാപിക്കൽ.

v. നഗരവനം പദ്ധതി വ്യാപിപ്പിക്കൽ.

vi. വനവിജ്ഞാന വ്യാപന പ്രക്രിയയുടെ ഭാഗമായി ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ.

vii. തീരം ഹരിതാഭമാക്കി സംരക്ഷിക്കാൻ കടലോരമേഖലയിൽ കാറ്റാടി നട്ടുപിടിപ്പിക്കൽ.

viii. കേന്ദ്രാവിഷ്കൃത പദ്ധതിയായ വേമ്പനാട് തണ്ണീർത്തട പരിപാലനം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

24-12-2016-ലെ സ.ഉ (സാധാ) നമ്പർ 485/16/വനം, പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 5 കാവുകൾക്ക് എല്ലാ വർഷവും സംരക്ഷണ ധനസഹായം നൽകിവരുന്നു.

(സി) നദികൾ, കായലുകൾ, ആറുകൾ, തോടുകൾ എന്നിവയുടെ തീരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കടലിനോട് ചേർന്ന അഴിമുഖങ്ങളിലും വേലിയേറ്റം, വേലിയിറക്കം അനുഭവപ്പെടുന്ന സ്ഥലങ്ങളിലും മാത്രമേ കണ്ടലുകൾ ഫലപ്രദമായി വച്ചുപിടിപ്പിക്കാനാകൂ. അനുയോജ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കണ്ടൽത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. കൂടാതെ കണ്ടൽത്തൈകൾ ഉൽപ്പാദിപ്പിച്ച് ജനങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves (60% css) എന്ന പദ്ധതിയിലുൾപ്പെടുത്തി കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ ഉൾപ്പെടുന്ന വേമ്പനാട് റീജിയണിലും കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഉൾപ്പെടുന്ന കണ്ണൂർ റീജിയണിലും കണ്ടൽ തൈകൾ വെച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

**കോട്ടയം ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ**

128 (4548) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ അഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് ഹരിതകേരളം പദ്ധതിക്കായി സർക്കാർ നിർദ്ദേശപ്രകാരം വിവിധ പഞ്ചായത്തുകൾക്കും മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവർക്കും വിതരണം ചെയ്തുവരുന്നുണ്ട്. തേക്ക് സ്റ്റമ്പുകളും തയ്യാറാക്കി വിൽപ്പന ചെയ്തുവരുന്നുണ്ട്. കൂടാതെ വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ജില്ലയിൽ നാട്ടിൽ ഇറങ്ങുന്ന പാമ്പുകളെ പിടിക്കുന്നതിന് 24 വോളന്റിയർമാരെ ട്രെയിനിംഗ് പൂർത്തിയാക്കി വിന്യസിച്ചിട്ടുണ്ട്. ഇവർക്ക് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ, സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വനമിത്ര അവാർഡ്, കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കണ്ടൽ വളർത്തുന്നതിനുള്ള ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ജില്ലയിൽനിന്ന് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

(ബി&സി) ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക രജിസ്ട്രേഷൻ ഒന്നും തന്നെയില്ല. എന്നാൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വനമിത്ര അവാർഡ്, കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കണ്ടൽ വളർത്തുന്നതിനുള്ള ധനസഹായം എന്നിവ ഓരോ വർഷവും നൽകിവരുന്നു.

**കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതികൾ**

129 (4549) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയും സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന പദ്ധതിയും ഒരേതരത്തിൽ കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതികൾ ആണോ; വിശദാംശം നൽകുമോ?

വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന 800 കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റി

താമസിപ്പിക്കുന്നതിനുള്ള 80 കോടി രൂപയുടെ കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2011-12 മുതൽ നടന്നുവരുന്നു. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്കായി ഇതുവരെ 38.94 കോടി രൂപ അനുവദിച്ചതിൽ 37.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതിക്ക് 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 483/2018/പി&ഇഎ നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ വരുന്ന ഉപപദ്ധതികളാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവും (291.96 കോടി രൂപ), സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കലും (385.31 കോടി രൂപ). ഇതിനു പുറമേ, കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 23-1-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം വന്യജീവി, 2-8-2021-ലെ ജി.ഒ. (എം.എസ്.) 12/2021/വനം വന്യജീവി എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി പദ്ധതിക്കും (75.15 കോടി രൂപ) അനുമതി ലഭിച്ചിട്ടുണ്ട്. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ, എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്ട്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## പാലക്കാട് ജില്ലയിൽ ഓപ്പൺ ജയിലിനായി വനം വകുപ്പിന്റെ സ്ഥലം

130 (4550) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് കോട്ടം വരാതെ കൃഷി ചെയ്ത് സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനും തടവുകാരെ പാർപ്പിക്കുന്നതിനുമായി പാലക്കാട് ജില്ലയിൽ എവിടെയെങ്കിലും ഒരു 'ഓപ്പൺ ജയിൽ' സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അധീനതയിലുള്ള ഏതെങ്കിലും സ്ഥലം ജയിൽ വകുപ്പിന് കൈമാറാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ തടവുകാരെ പാർപ്പിക്കുന്നതിനായി ഓപ്പൺ ജയിൽ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അധീനതയിലുള്ള ഏതെങ്കിലും സ്ഥലം ജയിൽ വകുപ്പ് ആവശ്യപ്പെടുകയോ, ആയതിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലോ ഇല്ല.

(ബി) എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനഭൂമി വനേതരാവശ്യത്തിന് കൈമാറുന്നതിന്, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വിവക്ഷിക്കുന്ന തരത്തിൽ അപേക്ഷ കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റായ "പരിവേഷ്" പോർട്ടലിൽ യൂസർ ഏജൻസി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആയത് വിവിധ തലങ്ങളിൽ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടുകൂടി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിട്ടുണ്ട്.

## വൃക്ഷം വളർത്തൽ പ്രോത്സാഹന പദ്ധതി

131 (4551) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം-വന്യജീവി വകുപ്പിന് കീഴിൽ വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിനുള്ള ധനസഹായങ്ങളും വിശദീകരിക്കാമോ;

(ബി) വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ലെങ്കിൽ ആയത് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്.

(സി) കണ്ണവം ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ വരുന്ന ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ വൃക്ഷത്തൈകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും ഗുണഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കണ്ണൂർ ടെറിട്ടോറിയൽ ഡിവിഷന്റെ പരിധിയിലെ കണ്ണവം റെയിഞ്ചിന്റെ കീഴിൽ വരുന്ന ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽനിന്നും നിലവിൽ വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നില്ല. കഴിഞ്ഞ 3 വർഷങ്ങളിലായി ഉത്പാദിപ്പിച്ച തൈകളുടെയും വിതരണംചെയ്ത തൈകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ തീരവനം പദ്ധതി**

132 (4552) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ തീരസംരക്ഷണ ത്തിനായി തീരവനം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ തീരസംരക്ഷണത്തിനായി നിലവിൽ തീരവനം പദ്ധതി പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ പദ്ധതികളുടെ ഭാഗമായി വേണ്ടിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായിനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഇപ്പോൾ വലിയ കാലതാമസം ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സർക്കാർ പദ്ധതികളുടെ ഭാഗമായി വേണ്ടിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 10-2-2010-ലെ സ.ഉ (സാധാ) നം.68/2010/വനം, പ്രകാരമുള്ള ട്രീ കമ്മിറ്റി അംഗങ്ങളുടെ പരിശോധന എത്രയും വേഗം ഉറപ്പാക്കി അനുദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വനഭൂമി കയ്യേറ്റം

133 (4553) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് എത്ര ഏക്കർ വനഭൂമി കയ്യേറിയത് തിരികെ പിടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 242.6354 ഏക്കർ വനഭൂമി കയ്യേറിയത് തിരിച്ചുപിടിച്ചിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## വനഭൂമി കയ്യേറ്റം തടയൽ

134 (4554) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ . ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വനാതിർത്തികൾ സർവ്വേ ചെയ്ത് ജണ്ട കെട്ടി വേർതിരിക്കുകയെന്നതാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ. 2016-17 മുതൽ ജണ്ട

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17-ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 11779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ 16993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ വനാതിർത്തി) നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായി പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുള്ളതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് 98.193 ഹെക്ടർ വനഭൂമിയും ഈ സർക്കാരിന്റെ കാലത്ത് 5.572 ഹെക്ടർ വനഭൂമിയും കയ്യേറിയത് തിരികെ ഒഴിപ്പിച്ചിട്ടുള്ളതാണ്.

(സി) വനം ഭൂമി കയ്യേറ്റം തടയുന്നതിനായി കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

വനാതിർത്തി നിർണ്ണയിക്കാൻ ശേഷിക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്ന ജോലികൾ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ പുരോഗതി എല്ലാ മാസവും ഡിവിഷൻ, സർക്കിൾ, ഹെഡ് ക്വാർട്ടേഴ്സ് തലത്തിൽ അവലോകനം ചെയ്ത് വിലയിരുത്തി പുരോഗതി വിവരം വനം വകുപ്പിന്റെ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിലെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ**

135 (4555) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

1-1-1977-ന് മുമ്പ് കയ്യേറിയതായി ജോയിന്റ് വെരിഫിക്കേഷനിൽ കണ്ടെത്തിയ കയ്യേറ്റങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതി നിയമാനുസൃതം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ അനധികൃതമായ കയ്യേറ്റങ്ങളായി കണക്കാക്കി ആയത് നിയമാനുസൃതം തിരിച്ചുപിടിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വനാതിർത്തി നിയമാനുസൃതമുള്ള സർവ്വേ സ്കെച്ചുകൾ പ്രകാരം പുനർനിർണ്ണയം ചെയ്ത് ജണ്ടകൾ നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

(ബി)കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ നിരന്തരം പട്രോളിംഗും പരിശോധനയും നടത്തിവരുന്നുണ്ട്. വനം കയ്യേറ്റങ്ങളിൽ ഉൾപ്പെട്ട കുറ്റക്കാർക്കെതിരെ വനം നിയമം പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും വനാതിർത്തികൾ സർവ്വേ ചെയ്ത് പുനർനിർണ്ണയിക്കുന്ന പ്രവൃത്തിയും സർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കിയ വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) വനഭൂമിയും റവന്യൂഭൂമിയും തമ്മിൽ വേർതിരിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വനഭൂമിയും റവന്യൂഭൂമിയും തമ്മിൽ വേർതിരിക്കുന്നതിന് സർവ്വേ സ്കെച്ച് വഴി അതിർത്തി പുനർനിർണ്ണയം നടത്തി ജണ്ട നിർമ്മാണം നടത്തിവരുന്നുണ്ട്. ജണ്ട നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ള വനാതിർത്തികളിൽ സർവ്വേ നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

(ഡി) ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

ജണ്ട നിർമ്മാണത്തിന്റെ പുരോഗതി എല്ലാ മാസവും ഡിവിഷൻ, സർക്കിൾ, ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ അവലോകനം ചെയ്ത് വിലയിരുത്തി, പുരോഗതി വിവരം വനം വകുപ്പിന്റെ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്.

**വനഭൂമിയിലെ കുടിയേറ്റം**

136 (4556) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വിൽ ഉൾപ്പെട്ട വനഭൂമിയിലുള്ള കുടിയേറ്റങ്ങൾക്ക് മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ എന്ന ബഹു. കേരള ഹൈക്കോടതിയുടെ W.A.No: 694/2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിക്ഷിപ്ത വനഭൂമിയിലുള്ള കുടിയേറ്റക്കാരെ വനം വകുപ്പ് ഇറക്കിവിടാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബഹു. കേരള ഹൈക്കോടതിയുടെ WA.No. 694/2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിക്ഷിപ്ത വനഭൂമിയിലുള്ള കുടിയേറ്റക്കാരെ വനം വകുപ്പ് ഇറക്കിവിടാൻ ശ്രമിക്കുന്നുവെന്നത് അടിസ്ഥാനമില്ലാത്തതാണെന്ന് ബന്ധപ്പെട്ട സർക്കിൾ വനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, 1-1-1977-ന് മുമ്പുള്ള കയ്യേറ്റ പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരാണെന്ന് കണ്ടെത്തിയ അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം 1-1-1977-ന് ശേഷമുള്ള നിയമവിധേയമല്ലാത്ത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും സ്വീകരിച്ചുവരികയാണ്.

**വനഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കൽ**

137 (4557) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനഭൂമിയിലെ കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ വനം ഡിവിഷനുകളിൽ കോടതിയിൽ വ്യവഹാരത്തിലുള്ള കേസുകളുടെ നടത്തിപ്പ് ത്വരിതഗതിയിൽ

തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. വനാതിർത്തി നിർണ്ണയിക്കാത്ത സ്ഥലത്ത് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി തർക്കം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2015-ലെ കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൈയേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2015-ലെ കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 1-1-1977-ന് ശേഷമുള്ള കയ്യേറ്റക്കാരുടെ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതും കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി നിയമപരമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി വനം വകുപ്പിന്റെ കണക്കനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് കോടതിക്ക് റിപ്പോർട്ട് നൽകിയത്; ഇതിൽ എത്ര ഏക്കർ വനഭൂമി തിരിച്ചെടുക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

1-1-1977-നുശേഷം 11917.8952 ഹെക്ടർ (29449.119 ഏക്കർ) വനഭൂമി കയ്യേറിയതായി ബഹു. ഹൈക്കോടതിയിൽ സർക്കാർ റിപ്പോർട്ട് നൽകിയിട്ടുള്ളതായി വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്; ഇതിൽ 4628.5555 ഹെക്ടർ (11437.16 ഏക്കർ) വനഭൂമി തിരിച്ചെടുക്കാൻ സാധിച്ചതായും വിധിന്യായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30-6-2020- ലെ കണക്ക് പ്രകാരം 1-1-1977-നുശേഷം 8310.4842 ഹെക്ടർ വനഭൂമി കയ്യേറിയതായും ആയതിൽ 3286.298 ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുള്ളതും ബാക്കി 5024.535 ഹെക്ടർ ഭൂമി ഒഴിപ്പിക്കേണ്ടതുള്ളതായും കണക്കാക്കിയിട്ടുണ്ട്.

(ഡി) 2015-ലെ കോടതി വിധി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ?

സർക്കിൾതല വനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ അറിയിച്ച റിപ്പോർട്ട് പ്രകാരം 2015-ലെ കോടതി വിധി പൂർണ്ണമായും നടപ്പിലാക്കാൻ വിവിധ കാരണങ്ങളാൽ സാധിച്ചിട്ടില്ലാത്തതാണ്. വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും പ്രാദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

**വനം കയ്യേറ്റവും വനവിസ്തൃതിയും**

138 (4558) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം മുൻപ് സംസ്ഥാനത്തെ വനവിസ്തൃതി എത്രയായിരുന്നു; ആയത് നിലവിൽ എത്ര എന്നും വ്യക്തമാക്കുമോ;

വനം വകുപ്പിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് പ്രകാരം 2011-ൽ സംസ്ഥാനത്തെ വനവിസ്തൃതി 1130947.54 ഹെക്ടർ (11309.4754 ച.കി.മീ) ആണ്. 2018-19 ലെ ഭരണ റിപ്പോർട്ട് പ്രകാരം 31-03-2019-ൽ 1152,005.8 ഹെക്ടർ (11520.058 ച.കി.മീ) ആണ്.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം എത്ര ഹെക്ടർ വനം നശിച്ചു എന്ന് അറിയിക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം 17696.05 ഹെക്ടർ വനം കത്തി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടെ സർക്കാർ കണക്കുകൾ പ്രകാരം എത്ര ഹെക്ടർ വനം കയ്യേറി; ഇതിൽ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചു; ഇനി എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ആകെ 990.3074 ഹെക്ടർ വനം കയ്യേറിയതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 474.3187 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചു. ബാക്കി 515.9887 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാർ വന്നതിനുശേഷം ഇത്തരത്തിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെടുത്തു എന്ന് അറിയിക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം ഇത്തരത്തിൽ 5.572 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെടുത്തു.

(ഇ) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട്; ഇത്തരം കേസ്സുകൾക്കായി ശരാശരി പ്രതിവർഷം എത്ര തുക വനം വകുപ്പിന് ചെലവിനത്തിൽ വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് 375 കേസ്സുകൾ നിലവിലുണ്ട്; ഇത്തരം കേസുകൾക്കായി ചെലവഴിച്ച കണക്കുകൾ സംബന്ധിച്ച വിവരം വനം വകുപ്പിൽ നിലവിൽ ക്രോഡീകരിച്ചിട്ടില്ല. കേസുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**നിലമ്പൂരിലെ വനം വകുപ്പിന് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

139 (4559) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ താലൂക്കിൽ വനം വകുപ്പിന് കീഴിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ കനോലി-ചാലിയാർ ഇക്കോ ടൂറിസം കേന്ദ്രവും നിലമ്പൂർ സൗത്ത് ഡിവിഷനിൽ നെടുങ്കയം ഇക്കോ ടൂറിസം കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

(ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പോ ജില്ലാ ടൂറിസം വികസന കൗൺസിലോ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വനം വകുപ്പ് പെർമിസീവ് സാംഗ്ഷൻ അനുവദിക്കാറുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പോ, ജില്ലാ ടൂറിസം വികസന കൗൺസിലോ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വനം വകുപ്പ് പെർമിസീവ് സാംഗ്ഷൻ അനുവദിക്കാറില്ല. നിലവിലുള്ള വനനിയമങ്ങൾക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച അതത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ/മാനേജ്മെന്റ് പ്ലാൻ എന്നിവയ്ക്ക് വിധേയമായിട്ടുമാണ് ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത്.

(സി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏറെ ടൂറിസം സാദ്ധ്യതയുള്ളതും വകുപ്പിന് വരുമാനം ലഭിക്കാവുന്നതുമായ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് വനം വകുപ്പിന് സാധിക്കുമോ എന്ന് അറിയിക്കുമോ; മറ്റേതെങ്കിലും വകുപ്പുകൾ ഫണ്ട് അനുവദിക്കുന്നപക്ഷം ആയതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് (ഡി.പി.ആർ.) വനം വകുപ്പ് അനുമതി നൽകുമോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിന്റെ നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രകൃതിക്ക് അനുയോജ്യമായരീതിയിൽ സന്ദർശകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പരിപാലനത്തിനുമായി 4406-01-800-91 ഇക്കോ ടൂറിസം (പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ തുക അനുവദിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം "ഇക്കോ ടൂറിസം- XXXIV-4406-01-800-91" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള വന നിയമങ്ങൾക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച അതത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്ക് അനുസൃതമായി ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെയോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയോ തനത് ഫണ്ട് വനം വകുപ്പിനോ വനവികസന ഏജൻസികൾക്കോ ലഭ്യമാക്കാവുന്നതാണ്.

(ഡി) നിലമ്പൂർ കനോലി പ്ലോട്ടിൽ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലമുൾപ്പെടുത്തിയുള്ള ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായി ക്യാരിയിംഗ് കപ്പാസിറ്റി പഠനം, കോസ്റ്റ് ബനഫിറ്റ് അനാലിസിസ് എന്നിവ നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കും എന്നതുൾപ്പടെയുള്ള വിശദമായ വിവരങ്ങൾ അറിയിക്കാമോ?

നിലമ്പൂർ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോ-ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ലിക്വിഡേറ്റ് ചെയ്യപ്പെട്ട KESWIL പ്രദേശം ഉൾപ്പെടുത്തി ക്യാരീയിംഗ് കപ്പാസിറ്റി പഠനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ നടത്തിയിട്ടുണ്ട്. KESWIL പ്രദേശവും കനോലി ഇക്കോ-ടൂറിസം കേന്ദ്രവും സമീപ പ്രദേശങ്ങളായതിനാൽ ഇതിനെ ഒന്നായി കണക്കാക്കി "കനോലി ഇക്കോ ടൂറിസം പ്രോജക്ട്" എന്ന പേരിൽ 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച കനോലി പ്ലോട്ടിലേയ്ക്കുള്ള തൂക്കുപാലത്തിന്റെ പുനരുദ്ധാരണംകൂടി ഉൾപ്പെടുത്തിയ പദ്ധതി രൂപരേഖ അംഗീകരിച്ച് ആയതിന് 1.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കനോലി തൂക്കുപാലത്തിന്റെ പുനരുദ്ധാരണത്തിന് 1.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൂക്കുപാലം പുനർനിർമ്മിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ SILK-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാതയുടെ നിർമ്മാണം, കഫറ്റീരിയ, എൻട്രി & എക്സിറ്റ് ഗേറ്റ്, ബട്ടർഫ്ളൈ ഗാർഡൻ തുടങ്ങിയവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## അഞ്ച് വർഷത്തിലധികമായി വയനാട് വനം വകുപ്പ് ആഫീസുകളിൽ ജോലിചെയ്യുന്നവർ

140 (4560) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വനം വകുപ്പിന്റെ വിവിധ ഓഫീസുകളിൽ അഞ്ച് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലിചെയ്യുന്നവർ ഉണ്ടോയെന്ന് അറിയിക്കുമോ?

വയനാട് ജില്ലയിലെ വനം വകുപ്പിൽ അഞ്ച് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരുണ്ട്.

(ബി) എങ്കിൽ എത്ര പേരുണ്ടെന്ന് ഓഫീസ് തിരിച്ച് തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) അഞ്ച് വർഷത്തിലധികമായി ജോലിയിൽ തുടരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

25-2-2017-ലെ സ.ഉ.(പി)നമ്പർ 3/2017/ഉ.ഭ.പ.വ. ഉത്തരവിലെ 2 (iii) പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും. എന്നിരുന്നാലും മൂന്ന് വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല. അദ്ദേഹത്തെ/അവരെ അതേ സ്റ്റേഷനുള്ളിലെ/ ഓഫീസിനുള്ളിലെ/സെക്ഷനുള്ളിലെ മറ്റു സീറ്റുകളിലേയ്ക്ക്/ സ്റ്റേഷനുകളിലേയ്ക്ക് സ്ഥലം മാറ്റേണ്ടതാണ്. ടി നിർദ്ദേശം പാലിച്ചുകൊണ്ട് സ്ഥലംമാറ്റം നടത്താറുണ്ട്.

## റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊവിഷണൽ പ്രൊമോഷൻ

141 (4561) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊവിഷണൽ പ്രൊമോഷന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക വളരെ പ്രധാനപ്പെട്ട തസ്തിക ആയതിനാലും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലും വന സംരക്ഷണ പ്രവർത്തനങ്ങളിലും സുപ്രധാനമായ പങ്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ വഹിക്കുന്നതിനാലും ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലുമാണ് ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ താൽക്കാലിക പ്രൊമോഷൻ നൽകാൻ അനുമതി നൽകുന്നത്. 1958-ലെ കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 31 (എ) (i) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കാർ അർഹരായ ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർമാർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിവരുന്നത്.

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം എത്ര ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

നിലവിൽ 71 പേർ താൽക്കാലിക പ്രൊമോഷൻ നേടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലിയിൽ തുടരുന്നു.

(സി) പ്രൊവിഷണൽ പ്രൊമോഷൻ നടത്തിയതിൽ, റാങ്കിനിടയിലുള്ള ആരെയെങ്കിലും മാറ്റിനിർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാറ്റിനിർത്തിയിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ ആരൊക്കെയാണെന്നും മാറ്റിനിർത്താനുണ്ടായ കാരണവും വ്യക്തമാക്കാമോ?

അച്ചടക്കനടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. സി. വി. വിനോദ് കുമാർ, ശ്രീ. ഷാനവാസ് കെ., ശ്രീ. ഗിരീഷ് കെ. എന്നിവരെയും സ്ഥാനക്കയറ്റത്തിന് പരിഗണിച്ച വേളയിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. വി. എസ്. അരുൺ, ശ്രീ. പി. സലീം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്. സ്ഥാനക്കയറ്റത്തിന് പരിഗണിച്ച വേളയിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ മാറ്റിനിർത്തിയ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഗിരീഷ്. കെ.- യുടെ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ

142 (4562) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1958 ലെ കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 31(എ)(i) പ്രകാരം അർഹതപ്പെട്ട എല്ലാവർക്കും റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ?

(എ&ബി) പ്രൊമോഷന് തികച്ചും യോഗ്യരായവരെ അവരുടെ കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കാത്ത വകുപ്പുതല അച്ചടക്ക നടപടികൾ/വിജിലൻസ് കേസ്/അന്വേഷണം തുടങ്ങിയ ഒന്നും ഇല്ലായെന്നും ഉറപ്പുവരുത്തിയശേഷം അർഹതപ്പെട്ട എല്ലാവർക്കും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. സ്ഥാനക്കയറ്റത്തിന് പരിഗണിച്ച വേളയിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ മാറ്റി നിർത്തിയ ശ്രീ. ഗിരീഷ് കെ.-യ്ക്ക് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-6-2019-ലെ ഒ. എ. (ഇ.കെ.എം.) 895/19 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൽ. സുധീഷ് കുമാറിന് പ്രത്യേക നിബന്ധനകൾ ഒന്നും ഇല്ലാതെ തന്നെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് 4-5-2020-ലെ സ.ഉ.(സാധാ) നമ്പർ 91/2020/വനം പ്രകാരം പ്രൊവിഷണൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

## കുടിയേറ്റ കർഷകരുടെ പ്രശ്നം പരിഹരിക്കൽ

143(4563) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് താമസിക്കുന്ന കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കർഷകരുടെയും വനം ഉദ്യോഗസ്ഥരുടെയും സമിതികൾ ശക്തിപ്പെടുത്തുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് താമസിക്കുന്ന കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി പങ്കാളിത്ത വനപരിപാലനത്തിലൂടെ വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ (VSSs), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പാക്കുക, നിയമാനുസൃതവും നീതിപൂർവ്വവുമായ വിധം വനവിഭവങ്ങൾ വിനിയോഗിക്കുക, വനങ്ങൾ സംരക്ഷിക്കുക, വനത്തിലും വനത്തോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വനപരിപാലനം നടത്തുക, വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുക, പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, വേട്ടയാടൽ, മോഷണം എന്നിവയിൽനിന്നും സംരക്ഷിക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക മുതലായവയാണ് വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രധാന ചുമതലകൾ. കർഷകർ അടക്കമുള്ള വനാശ്രിത സമൂഹത്തിന് ഗുണകരമായ രീതിയിൽ VSS/EDC-കളുടെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ കാലാനുസൃതമായി വിപുലീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി VSS/EDC-കളുടെ സൂക്ഷ്മാസൂത്രണ രേഖകൾ (Micro Plans) പുതുക്കിവരുന്നു.

## വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതിയും ജോലിസമയ ക്രമീകരണവും

144 (4564) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

വനം വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ട്. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 30-8-2010-ലെ ജി.ഒ.(പി) നമ്പർ 60/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 21-10-2010 - ലെ ജി.ഒ.(പി) നമ്പർ 73/2010/വനം സർക്കാർ ഉത്തരവ് പ്രകാരവും ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) വനവിസ്തൃതിയും ജോലി ഭാരവും കണക്കിലെടുത്ത് വനപാലകരുടെ ജോലി സമയം ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നിലവിലെ സാഹചര്യത്തിൽ എല്ലാ സംരക്ഷണ വിഭാഗം ജീവനക്കാരുടെയും ജോലി സമയം ക്രമീകരിക്കുവാൻ (8 മണിക്കൂർ ജോലി എന്നത്) നിലവിലുള്ള സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം മൂന്ന് ഇരട്ടി വർദ്ധിപ്പിക്കേണ്ടതായി വരും. നിലവിലുള്ള സാഹചര്യത്തിൽ ഇത് സാദ്ധ്യമല്ലാത്തതിനാൽ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:-

(i) ജീവനക്കാർക്ക് സാധാരണഗതിയിൽ ആവശ്യമായതോ, ജോലിക്ക് ആനുപാതികമായതോ ആയ വിശ്രമം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഉറപ്പാക്കിവരുന്നു.

(ii) രാത്രി പട്രോളിംഗിൽ പങ്കെടുക്കുന്നതും ഉൾക്കാടുകളിൽ ക്യാമ്പ് കഴിഞ്ഞ് മടങ്ങിവരുന്നതുമായ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് അടുത്ത ദിവസം സ്റ്റേഷനിലോ സെക്ഷനിലോ വിശ്രമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുട്ടിൽ മരംമുറി കേസിലെ കുറ്റപത്ര സമർപ്പണം**

145 (4565) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസിൽ അറസ്റ്റിലായ പ്രതികൾക്കെതിരെ വനം വകുപ്പ് അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കാൻ വൈകുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

മുട്ടിൽ മരംമുറി കേസിൽ അറസ്റ്റിലായ പ്രതികൾക്കെതിരെ വനം വകുപ്പ് അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കാൻ വൈകുന്ന സാഹചര്യം നിലവിലില്ല.

(ബി) പത്തുവർഷത്തിൽ താഴെ ശിക്ഷ അനുഭവിക്കേണ്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ അറുപത് ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ചില്ലെങ്കിൽ റിമാൻഡിൽ കഴിയുന്നവർക്ക് ജാമ്യം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ മുട്ടിൽ മരംമുറി കേസിൽ കുറ്റപത്രം സമർപ്പിക്കാൻ വൈകുന്നതുമൂലം പ്രതികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യമുണ്ടായാൽ പ്രതികൾ കേസന്വേഷണത്തെ സ്വാധീനിക്കാനിടയുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

കേസ് അന്വേഷണത്തെ ആരും സ്വാധീനിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) എങ്കിൽ കുറ്റപത്രം ഉടനടി സമർപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കുമോ?

തൊണ്ടി വകകൾ 1961-ലെ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 61എ പ്രകാരം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള സത്വര നടപടികൾ പൂർത്തീകരിച്ചു വരുന്നുണ്ട്. ആയത് പൂർത്തിയായ ഉടൻ ടി കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റും പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിച്ചത്**

146 (4566) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസ മേഖലകൾ ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ അതിതീവ്ര പരിസ്ഥിതി ലോല മേഖലയാക്കി കേന്ദ്ര സർക്കാർ 2020 സെപ്റ്റംബർ 29-ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റും കീരംപാറ, കുട്ടമ്പുഴ പഞ്ചായത്തുകളിലെ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചുകൊണ്ട് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം 2020 സെപ്റ്റംബർ 29-ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ 28.444 sq. km ആയിരുന്നു ഇക്കോ സെൻസിറ്റീവ് സോൺ ആയി നിശ്ചയിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി പുതിയ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പുതുക്കിയ പ്രൊപ്പോസലിന്മേൽ വേഗത്തിൽ തീരുമാനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) സമർപ്പിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം പ്രസ്തുത പ്രദേശങ്ങളിലെ ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ പുനർനിർണ്ണയിച്ച പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പുതുക്കി നൽകിയ പ്രൊപ്പോസലിൽ ഇക്കോ സെൻസിറ്റീവ് സോൺ 16 sq. km. ആയി കുറഞ്ഞിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് കമ്മിറ്റിയുടെ 18-1-2021-ൽ ചേർന്ന 44-ാമത് യോഗത്തിൽ ചർച്ചചെയ്യുകയും പ്രൊപ്പോസലിൽ മാറ്റങ്ങൾ വരുത്തി പടിഞ്ഞാറ് അതിർത്തിയിലെ മൂന്ന് ചെറിയ ജലസ്രോതസ്സുകൾ അധികമായി ഉൾപ്പെടുത്തി പുനഃക്രമീകരിച്ച് നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പുനഃക്രമീകരിച്ച് തയ്യാറാക്കിയ 16.52 sq. km. വരുന്ന ഇക്കോ സെൻസിറ്റീവ് സോണിന്റെ പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**വനാവകാശ നിയമപ്രകാരമുള്ള അവകാശ രേഖകൾ**

147 (4567) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ലെ വനാവകാശ നിയമത്തെക്കുറിച്ച് വിശദമാക്കാമോ?

തലമുറകളായി കാട്ടിൽ താമസിച്ചുവരുന്ന പട്ടിക ഗോത്ര വിഭാഗങ്ങൾക്കും, മറ്റ് പരമ്പരാഗത വനവാസികൾക്കും (മൂന്ന് തലമുറകൾ അഥവാ 75 വർഷത്തിനുമേൽ കാട്ടിൽ താമസിച്ചുവരുന്നവർ) വനഭൂമിക്കും വനവിഭവങ്ങൾക്കുംമേൽ ഏതാനും നിബന്ധനകളോടുകൂടി അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്ന നിയമമാണ് 2006-ലെ വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006). വ്യക്തിഗതാവകാശം (Individual Rights), സാമൂഹികാവകാശം (Community Rights), വികസനാവകാശം (Development Rights) എന്നിങ്ങനെ മൂന്നുതരം അവകാശങ്ങളാണ് വനാവകാശ നിയമ പ്രകാരം ആദിവാസി

വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചുവരുന്നത്. വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ, വനം വകുപ്പുകൾ ഇതിനാവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തുവരുന്നു. ഈ നിയമം വഴി 13-12-2005 വരെ ഓരോ ആദിവാസി കുടുംബവും കൈവശംവച്ച് കൃഷി ചെയ്തുവന്ന ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശം കൽപ്പിച്ചുനൽകുന്നു. ഒരു കുടുംബത്തിന് അവർ കൈവശം വയ്ക്കുന്ന [പരമാവധി 4 ഹെക്ടർ (10 ഏക്കർ) വരെ] ഭൂമിക്ക് ഇപ്രകാരം അവകാശമുണ്ടായിരിക്കും. കൈവശാവകാശം ലഭിച്ച ഭൂമിയിൽ വീടുവച്ച് താമസിക്കുന്നതിനും ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനും അവകാശമുണ്ട്. വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമിയിന്മേൽ പിൻതുടർച്ചാവകാശം ലഭിക്കുന്നതാണ്. എന്നാൽ, ഈ ഭൂമി കൈമാറ്റം ചെയ്യുവാൻ നിയമം നിഷ്കർഷിക്കുന്നില്ല. വനാവകാശ നിയമ പ്രകാരം ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതും വിൽപ്പന നടത്തുന്നതും ആദിവാസികളുടെ അവകാശമാണ്. ചെറുകിട വനവിഭവ ശേഖരണം വനാവകാശ നിയമ പ്രകാരം ആദിവാസികളുടെ സാമൂഹികാവകാശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, സ്കൂൾ, ഡിസ്പെൻസറി/ഹോസ്പ്പിറ്റൽ, കമ്മ്യൂണിറ്റി സെന്റർ, അങ്കണവാടി, ന്യായവില ഷോപ്പ്, കുളങ്ങൾ/ചെറിയ ജല സംഭരണികൾ, മഴവെള്ള-ജലസംഭരണികൾ, റോഡുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ തുടങ്ങി സമൂഹത്തിന് പൊതുവായുള്ള 13 അടിസ്ഥാന വികസനാവശ്യങ്ങൾക്കുവേണ്ടി പരമാവധി ഒരു ഹെക്ടർ ഭൂമി വരെ (ഒരു ഹെക്ടറിൽ 75-ലേറെ മരങ്ങൾ മുറിക്കാനിടവരാത്ത വിധം) ലഭിക്കുന്നതിനുള്ള അവകാശവും (വികസനാവകാശം) വനാവകാശ നിയമം അനുഭാവനം ചെയ്യുന്നു. 2006-ലെ കേന്ദ്ര വനാവകാശ നിയമത്തിന്മേലുള്ള കേന്ദ്ര ചട്ടങ്ങൾ നിലവിൽവന്ന 1-1-2008 മുതൽ തന്നെ കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമ സഭകൾക്കാണ് സമർപ്പിക്കുന്നത്. കേരളത്തിൽ ഊരുകൂട്ടങ്ങളെയാണ് ഗ്രാമസഭകളായി അംഗീകരിച്ചിട്ടുള്ളത്. ഗ്രാമസഭകൾ ടി അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർനടപടികൾക്കായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്കും തുടർന്ന് ജില്ലാതല കമ്മിറ്റിക്കും കൈമാറുന്നു. ജില്ലാതല കമ്മിറ്റി ആവശ്യമായ പരിശോധനകൾക്കുശേഷം പാസ്സാക്കുന്ന അപേക്ഷകളിന്മേൽ ടൈറ്റിലുകൾ [Record of Rights (RoR)] നൽകുന്നു. ഈ നിയമം കേരളത്തിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത നിയമപ്രകാരം എത്ര വ്യക്തിഗത അവകാശ രേഖകൾ, സാമൂഹിക അവകാശ രേഖകൾ, വികസന അവകാശ രേഖകൾ എന്നിവ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 2021 ആഗസ്റ്റ് മാസം വരെ വ്യക്തിഗത അവകാശങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും നടപടിക്രമങ്ങൾ പൂർത്തിയാക്കി ജില്ലാതല കമ്മിറ്റി പാസ്സാക്കിയതുമായ 27,698 അപേക്ഷകളിൽ 26,600 ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. സാമൂഹ്യാവകാശങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും നടപടിക്രമങ്ങൾ പൂർത്തിയാക്കി ജില്ലാതല കമ്മിറ്റി പാസ്സാക്കിയതുമായ 383 അപേക്ഷകളിൽ 174 ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. അതുപോലെ വികസനാവശ്യങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും നടപടിക്രമങ്ങൾ പൂർത്തിയാക്കിയതുമായ 657 അപേക്ഷകളിൽ 503 ടൈറ്റിലുകളും നൽകിയിട്ടുണ്ട്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിന് അനുമതി

148 (4568) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള അണക്കെട്ടുകളിൽ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിന് അനുമതി നിഷേധിച്ചത് അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ ഹരിജൻ ഗിരിജൻ റിസർവോയർ ഫിഷറീസ് സഹകരണ സംഘത്തിലെ അംഗങ്ങളുടെ ജീവനോപാധിയെ സാരമായി ബാധിച്ചിരിക്കുന്നതുകൊണ്ട് പ്രസ്തുത നിരോധനം പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

9-1-2014-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 17/2014/വനം ഉത്തരവ് പ്രകാരം സംരക്ഷിത മേഖല/സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വാഴാനി ഉൾപ്പെടെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പുകൾ എന്നറിയപ്പെടുന്നത് പ്രധാനമായും കട്‌ല (Catla) <u>രോഹു</u> (Labeo rohita), മൃഗാൽ (Cirrhinus mrigala) എന്നിവയാണ്. ഉയർന്ന തോതിൽ പ്രജനനശേഷി, വളർച്ചാനിരക്ക്, വിഭിന്ന ആഹാരരീതി, പുതിയതായി എത്തപ്പെട്ട സ്ഥലത്ത് ഇണങ്ങിച്ചേരുന്നതിനുള്ള കഴിവ് എന്നിവ അവലംബിക്കുന്ന ഇവയുടെ എണ്ണം വളരെപ്പെട്ടെന്ന് വർദ്ധിക്കുന്നതിനാലും ആഹാരം, വാസസ്ഥലം എന്നിവയ്ക്കായി തദ്ദേശീയമായ മൽസ്യങ്ങളുമായി മത്സരിക്കുന്നതിനാലും പ്രജനനശേഷി താരതമ്യേന കുറവുള്ള തദ്ദേശീയമായി കാണുന്ന മത്സ്യങ്ങളുടെ

എണ്ണത്തിൽ കുറവ് വരുത്തുകയും അവയുടെ വംശനാശം സംഭവിക്കുകയും അവയെ ആശ്രയിച്ച് ജീവിക്കുന്ന നീർനായ, പക്ഷികൾ എന്നിവയെ ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ സംരക്ഷിത മേഖല/സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ് ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകുവാൻ കഴിയുകയില്ല.

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

149 (4569) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരായ എത്രപേരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിൽനിന്നാണ് ഇപ്രകാരം പുനരധിവാസം നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

(എ&ബി) റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് ആദിവാസി ഇതര സെറ്റിൽമെന്റുകളുടെ പുനരധിവാസം. വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ കിഫ്ബി പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ നാല് വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെയും, കിഫ്ബി പദ്ധതിയിൽ മൂന്ന് വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കിഫ്ബി പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ നൽകി 1,3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ വയനാട് വന്യജീവി സങ്കേതത്തിൽ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ, കുറിച്യാട് സെറ്റിൽമെന്റിൽ 106 അർഹതപ്പെട്ട കുടുംബങ്ങളെയും, ചെട്ട്യാലത്തൂർ സെറ്റിൽമെന്റിൽ 101 അർഹതപ്പെട്ട കുടുംബങ്ങളെയും നഷ്ടപരിഹാരം നൽകി വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ നഷ്ടപരിഹാരം നൽകിയ 28 അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**വീടുകളിൽ വളർത്താൻ അനുമതിയുള്ള പക്ഷികൾ**

150 (4570) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തത്തകളെ വീടുകളിൽ വളർത്തുന്നതിന് വനം-വന്യജീവി വകുപ്പ് നിയമപ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് നിയമപരമായ വിലക്കുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ IV-ൽ, ഐറ്റം 11-ൽ പക്ഷികളിൽ 50-ാം ഇനമായി തത്തകൾ Parakeets (Psittacidie) വരുന്നതിനാൽ മേൽ നിയമപ്രകാരം ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് വിലക്കുണ്ട്.

(ബി) വീടുകളിൽ വളർത്തുന്നതിന് നിരോധനമുള്ള പക്ഷികളടക്കമുള്ള ജീവികളുടെ പട്ടിക ലഭ്യമാക്കുമോ?

1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ I, II, III, IV-ൽ ഉൾപ്പെട്ടിട്ടുള്ള മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നതിന് നിയമപരമായ തടസ്സമുണ്ട്. ഷെഡ്യൂൾ I, II, III, IV അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സംരക്ഷിത ജീവികളുടെ ഓൺലൈൻ വില്പന തടയാൻ നടപടി**

151 (4571) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത ജീവി വർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വില്പന വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംരക്ഷിത ജീവിവർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിൽപ്പന വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും 2017 വർഷത്തിൽ ഇത്തരത്തിലുള്ള ഒരു കേസ് മലയാറ്റൂർ ഡിവിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത് തടയുന്നതിന് വനം വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരത്തിലുള്ള ഓൺലൈൻ വിൽപ്പന തടയുന്നതിന്റെ ഭാഗമായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ (WCCB) ഓപ്പറേഷൻ വൈൽഡ് നെറ്റ് - IV (Operation Wild Net -IV) എന്ന പേരിൽ ഒരു ഓപ്പറേഷൻ വിഭാവനം ചെയ്ത് 1-8-2021 മുതൽ 30-9-2021 വരെ രാജ്യത്ത് ഇതുമായി ബന്ധപ്പെട്ട് നിയമം നടപ്പാക്കുന്ന എല്ലാ ഏജൻസികളും നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇത്തരത്തിലുള്ള ഓൺലൈൻ വിൽപ്പന ഒന്നുംതന്നെ ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് സംരക്ഷിതജീവി വർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും അനധികൃത കച്ചവടവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| **വർഷം** | **എണ്ണം** |
|---|---|
| 2020 | 0 |
| 2019 | 0 |
| 2018 | 0 |
| 2017 | 1 |
| 2016 | 0 |
| **ആകെ** | **1** |

### കാസർഗോഡ് ഫോറസ്റ്റ് റെയ്ഞ്ചിലെ കാട്ടാനക്കൂട്ടത്തെ തുരത്തുന്നതിന് പദ്ധതി

152 (4572) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിൽ മാസങ്ങളായി തമ്പടിച്ച് കൃഷിക്കാരുടെ കാർഷിക വിളകൾ വ്യാപകമായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനക്കൂട്ടത്തെ തുരത്തുന്നതിന് വകുപ്പ് എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് റെയിഞ്ചിന് കീഴിൽ കാട്ടാന പ്രതിരോധ പ്രവർത്തനങ്ങൾക്കായി അഞ്ച് വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി വനം വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. കാസർഗോഡ് ഫോറസ്റ്റ് റെയിഞ്ചിന് കീഴിലുള്ള ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്തുകളിൽ വ്യാപകമായ ആന ശല്യമാണ് 2008 മുതൽ അനുഭവപ്പെട്ടുവരുന്നത്. കാട്ടാനക്കൂട്ടങ്ങൾ 30 കി.മീ. ദൈർഘ്യമുള്ള കർണ്ണാടക അതിർത്തിയിൽനിന്ന് കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നു. കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന്റെ നിലവിലെ സ്റ്റാഫിനെ ഉപയോഗിച്ച് വന്യജീവി ആക്രമണങ്ങൾ ഒഴിവാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് കാട്ടാന ആക്രമണം തടയുന്നതിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയും ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് 14-9-2021-ന് ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ എന്നീ പഞ്ചായത്തുകളുടെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും അടിയന്തരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങിയ കാട്ടാനകളെ തുരത്തുന്നതിന് തീരുമാനിക്കുകയും ഇതിനായി ഫണ്ട് അനുവദിക്കുന്നതിന് തീരുമാനമെടുക്കുകയുമുണ്ടായി. ഇതിലേയ്ക്കായി അടിയന്തരമായി 10 ലക്ഷം രൂപ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വനം വകുപ്പിന് കൈമാറുന്നതിന് തീരുമാനിക്കുകയും ഈ 10 ലക്ഷം രൂപ കാസർഗോഡ് വനവികാസ ഏജൻസി വഴി പ്രദേശവാസികൾ ഉൾപ്പെട്ട ദ്രുതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനകളെ തുരത്തുന്നതിന് കാര്യക്ഷമതയുള്ള തദ്ദേശീയരായ 21 ആളുകളെ വനം വകുപ്പ് ഉദ്യോഗസ്ഥർ തെരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകി ഇവരുടെ സഹായത്തോടെ ഒമ്പത് കാട്ടാനകളെ കർണ്ണാടക അതിർത്തി വരെ തുരത്തുകയും ചെയ്തിട്ടുണ്ട്. കാട്ടാന ആക്രമണം തടയുന്നതിനായി പ്രദേശവാസികൾ ഉൾപ്പെട്ട കർമ്മ സേനയും വനം വകുപ്പ് ഉദ്യോഗസ്ഥരും ആർ.ആർ.ടി. അംഗങ്ങളും കേരള-കർണ്ണാടക അതിർത്തിയിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. കൂടാതെ വിവിധ പദ്ധതികൾ വഴി കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് 2 കോടി രൂപ ആന പ്രതിരോധ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി കാസർഗോഡ് വനവികാസ ഏജൻസി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**

153 (4573) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാനായി മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ആർ.ആർ.ടി. പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പ്രശ്നബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ വന്യജീവികളെ തിരികെ വനത്തിലേയ്ക്ക് അയയ്ക്കുന്നതിന് മാത്രം പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിനുപുറത്ത് വരുന്നത് തടയുവാനായി 18 കി.മീ. സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. കാട്ടിൽനിന്നും നാട്ടിലിറങ്ങി മനുഷ്യരുടെ സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്ന നടപടികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനുകീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണംമൂലം എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടപരിഹാര തുകയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം 280.04 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) 2016 മുതൽ ഇതുവരെ കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലായി നഷ്ടപരിഹാരത്തിനായി ആകെ 86 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. 47 അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 39 എണ്ണം അപേക്ഷകൾ തീർപ്പാക്കുന്നതാണ്.

## വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായുള്ള ഫണ്ടിന്റെ വിനിയോഗം

154 (4574) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി പ്രോജക്റ്റ് എലിഫന്റ് സ്കീമിൽ കേന്ദ്ര സർക്കാരിൽനിന്നും 935.95 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2098.31 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര രൂപ വീതമാണ് ഓരോ ഫണ്ടിൽനിന്നും സംസ്ഥാനം ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രോജക്റ്റ് എലിഫന്റ് സ്കീമിൽ കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച 935.95 ലക്ഷം രൂപയിൽ 775.78 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2,098.31 ലക്ഷം രൂപയിൽ 1,793.97 ലക്ഷം രൂപയും വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം ചെലവഴിച്ചിട്ടുണ്ട്.

(സി) വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഈ കാലയളവിൽ സംസ്ഥാന സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഈ കാലയളവിൽ സംസ്ഥാന സർക്കാർ തുക ചെലവഴിച്ചത് Measures to Reduce Man Animal Conflict Scheme (BH:2406-01-800-56 MRMAC) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നുമാത്രമാണ്. വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ Measures to Reduce Man Animal Conflict Scheme-ൽ വന്യജീവികളുടെ വാസസ്ഥലത്തിന്റെ പുരോഗതി, സൗരോർജ്ജ കമ്പിവേലികളുടെ നിർമ്മാണം, അവയുടെ അറ്റകുറ്റപ്പണികൾ, ആന കിടങ്ങിന്റെ നിർമ്മാണവും അറ്റകുറ്റപ്പണികളും വിസ്താ ക്ലിയറൻസ്, വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ ഫയർലൈൻ തെളിക്കൽ, കുളം വൃത്തിയാക്കൽ, മണ്ണ്-

ജല സംരക്ഷണം, ദ്രുതകർമ്മസേനയുടെ ശക്തിപ്പെടുത്തൽ, വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കൽ, ജനങ്ങളിൽ വന്യമൃഗശല്യം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയ്ക്ക് പുറമെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം എന്നിങ്ങനെയുള്ള വിവിധ പ്രവൃത്തികൾക്കായി 10,984.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വന്യമൃഗശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന ഫണ്ടുകളുടെ വിനിയോഗം ത്വരിതപ്പെടുത്താൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (Protection of Wildlife Outside PA) സ്കീമിൽ 2021-22 വർഷത്തേയ്ക്ക് 805 ലക്ഷം രൂപയുടെ വർഷിക പദ്ധതി രൂപരേഖ (APO) കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് നാളിതുവരെ അംഗീകരിച്ച് കിട്ടിയിട്ടില്ല. ആയത് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

155 (4575) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന്റെ ഭാഗമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാരം കണ്ണൂർ ഡി.എഫ്.ഒ.-യുടെ കീഴിൽ ഇനി എത്രപേർക്കാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ വനം ഡിവിഷനിൽ വന്യജീവി ആക്രമണത്തിന്റെ ഭാഗമായി മരണപ്പെട്ടവരുടെ ആശ്രിതർ നൽകിയ 22 അപേക്ഷയിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(ബി) ഏത് വർഷം ഏത് മാസം വരെ ലഭിച്ച കണ്ണൂർ ജില്ലയിലെ അപേക്ഷകളിലാണ് ഇതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തതെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിൽ പാമ്പുകടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 31-11-2018 വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ 26-9-2021 വരെ നൽകിയ അപേക്ഷകളിൽ 50 ശതമാനം അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷകളിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിലോ നിരസിച്ചുവെങ്കിലോ ആ വിവരം ബന്ധപ്പെട്ട അപേക്ഷകരെ രേഖാമൂലം അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇ-ഡിസ്ട്രിക്ട് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ലഭ്യമായ രേഖകൾ പരിശോധന നടത്തി അപാകതയുള്ളവ നിരസിക്കുകയോ തിരിച്ചയയ്ക്കുകയോ ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച് അപേക്ഷകന് എസ്.എം.എസ്. മുഖാന്തരം വിവരം ലഭ്യമാക്കാറുണ്ട്.

**ഇരിക്കൂറിൽ വന്യജീവി ആക്രമണം തടയുന്നതിന് നടപടി**

156 (4576) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി മേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

ആരംഭിച്ചിട്ടുണ്ട്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി എന്നീ പഞ്ചായത്തുകളിലെ ജനജാഗ്രതാ സമിതികൾ കൂടി, വന്യജീവികളുടെ ആക്രമണം തടയുന്നതിന് പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പയ്യാവൂർ പഞ്ചായത്തിൽ വാഞ്ചിയം മുതൽ ചിറ്റാരി വരെ 9.5 കിലോമീറ്ററും ഉളിക്കൽ പഞ്ചായത്തിൽ പീടികക്കുന്ന് മുതൽ തൊട്ടിൽപ്പാലം വരെ 12.8 കിലോമീറ്ററും ആലക്കോട് പഞ്ചായത്തിൽ 4.5 കിലോമീറ്ററും നടുവിൽ പഞ്ചായത്തിൽ 4 കിലോമീറ്ററും എരുവേശ്ശി പഞ്ചായത്തിൽ 2.5 കിലോമീറ്ററും ഉദയഗിരി പഞ്ചായത്തിൽ 10 കിലോമീറ്ററും സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ സ്ഥാപിച്ച വൈദ്യുതവേലികളുടെ അറ്റകുറ്റജോലികൾക്കും പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിൽ സ്ഥാപിച്ച സൗരോർജ്ജവേലികളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. ഫെൻസിംഗ് ഇല്ലാത്ത പേരട്ട മുതൽ കൂട്ടുപുഴപാലം വരെയുള്ള 1.2 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പയ്യാവൂർ പഞ്ചായത്തിന്റെ വനാതിർത്തികളിൽ ത്രിതല പഞ്ചായത്തിന്റെ സഹകരണത്തോടെ ഹാംഗിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിലെ കാട്ടുപന്നി ശല്യം

157 (4577) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിൽ പി. കുഞ്ഞമ്പു നായർ എന്ന 66 വയസ്സുകാരൻ സ്കൂട്ടറിൽ യാത്ര ചെയ്യവേ കാട്ടുപന്നിയെ ഇടിച്ച് റോഡിലേയ്ക്ക് തെറിച്ചുവീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-10-2021-ന് രാവിലെയാണ് ടി സംഭവമുണ്ടായത്. മംഗലാപുരം ആശുപത്രിയിൽവച്ച് ടിയാൻ അന്നേ ദിവസം മരണപ്പെട്ടു.

(ബി) ഈ പ്രദേശത്ത് വർഷങ്ങളായി കാട്ടുപന്നി ശല്യം വ്യാപകമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറഡുക്ക പഞ്ചായത്ത് കാറഡുക്ക റിസർവ് ഫോറസ്റ്റിന് സമീപമാണ്. ആയതിനാൽ കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ കൂടുതലായി ഇറങ്ങുന്നുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജനവാസ കേന്ദ്രത്തിലിറങ്ങി കാർഷിക വിളകൾക്ക് നാശമുണ്ടാക്കുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആറ് ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലുള്ള കാട്ടുപന്നികളെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഒൻപത് കാട്ടുപന്നികളെ ഇപ്രകാരം കൊന്നിട്ടുണ്ട്. കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായി കാസർഗോഡ് ഡിവിഷനിൽ കർഷകരായുള്ള 37 പേരെ അവരുടെ അപേക്ഷപ്രകാരം എംപാനൽ ചെയ്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കർഷകരായ 11 പേർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടെ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും വ്യക്തമാക്കാമോ; മരണപ്പെട്ടവർക്കും പരുക്കേറ്റവർക്കും നൽകിയ ധനസഹായങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ?

വ്യക്തമാക്കാം. കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ 15 വർഷത്തിനിടെ ഏഴുപേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ധനസഹായ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.* 31 പേർക്ക് പന്നിയുടെ ആക്രമണംമൂലം പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട 26 പേർക്ക് ധനസഹായം നൽകിയതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* അഞ്ച് പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകാൻ ബാക്കിയുള്ള അഞ്ച് അപേക്ഷകളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഡി) 2021 ഒക്ടോബർ 2-ന് മരണപ്പെട്ട കുഞ്ഞമ്പു നായരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ എന്നും ഇനി എന്തൊക്കെ സഹായം നൽകുമെന്നും വ്യക്തമാക്കാമോ?

നിലവിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. കാട്ടുപന്നിമൂലം ജീവഹാനി സംഭവിക്കുന്ന കേസുകളിൽ അനന്തരാവകാശിക്ക് 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോലീസ് റിപ്പോർട്ടിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വന്യമൃഗ ആക്രമണത്തിൽ നഷ്ടപരിഹാരം**

158 (4578) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്ക് പറ്റിയവരുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഇവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളാൽ കൃഷിയിടങ്ങളിൽ എത്ര തുകയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത്തരത്തിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി-ഇ) അർഹതപ്പെട്ട നഷ്ടപരിഹാരം എല്ലാ കേസുകളിലും പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടില്ല. 8-1-2015-ലെ സ.ഉ.(കൈ) നമ്പർ 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 5-4-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ നാല് പ്രാവശ്യം മാത്രമേ അനുവദിക്കുകയുള്ളൂ. നൽകിയിട്ടുള്ള നഷ്ടപരിഹാര തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു.* വന്യജീവി ആക്രമണംമൂലം കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. കൊടുത്തു തീർക്കാൻ അവശേഷിക്കുന്ന നഷ്ടപരിഹാരത്തുകകൾ കാലതാമസം കൂടാതെ നൽകുന്നതാണ്.

**കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാന ശല്യം**

159 (4579) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോട്ടയം ഡിവിഷനിലെ എരുമേലി ഫോറസ്റ്റ് റെയ്ഞ്ചിൽ കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിനായി കൊമ്പുകുത്തി ഭാഗത്ത് കണ്ടങ്കയം മുതൽ പത്തേക്കർ ഭാഗം വരെ 4 കി.മീ. നീളത്തിലും പത്തേക്കർ മുതൽ മൈനാക്കുളം ഭാഗം വരെ 3.5 കി.മീ. നീളത്തിലും സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുള്ളതും ആയത് നിലവിൽ പ്രവർത്തനക്ഷമവുമാണ്. കൂടാതെ കൊമ്പുകുത്തി സെറ്റിൽമെന്റിന് ചുറ്റുമായി 2 കി.മീ. നീളത്തിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലിയും പ്രവർത്തനക്ഷമമാണ്. കൂടാതെ, കോരുത്തോട് പഞ്ചായത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുള്ളതും ഇതുവഴി ജനപ്രതിനിധികളും വനം വകുപ്പ് ജീവനക്കാരും തമ്മിൽ പരസ്പര സഹകരണത്തോടെ പ്രവർത്തിച്ച് വരുന്നതുമാണ്. 16-7-2021-ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന കോരുത്തോട് ജനജാഗ്രതാ സമിതിയുടെ യോഗം ടി മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രദേശത്തേയ്ക്കുള്ള പാതയുടെ ഇരുവശത്തുമുള്ള കാട് വെട്ടിത്തെളിച്ച് കാൽനടയാത്രക്കാരെ വന്യജീവികളുടെ ആക്രമണത്തിൽനിന്നും രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

കണ്ണാട്ട് കവലയിൽനിന്നും കൊമ്പുകുത്തി ഭാഗം വരെയുള്ള വനമേഖലയിലൂടെ കടന്നുപോകുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് ഇരുവശങ്ങളിലുമായി ഉദ്ദേശം ഒരു കി.മീ. നീളത്തിൽ 5 മീറ്റർ വീതിയിൽ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രദേശവാസികളുടെ സഹകരണത്തോടെ വിസ്ത ക്ലിയറിംഗ് നടത്തിയിട്ടുള്ളതാണ്.

(സി) പ്രസ്തുത റോഡിന്റെ ഇരുവശത്തും സോളാർ ഫെൻസിംഗും സോളാർ എൽ.ഇ.ഡി. ലൈറ്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇപ്രകാരമുള്ള പൊതു റോഡുകളുടെ ഇരുവശത്തും സോളാർ ഫെൻസിംഗ് സ്ഥാപിക്കുക എന്നത് പൊതുവെ വനം വകുപ്പിൽനിന്നും ചെയ്തുവരാത്തതാകുന്നു.

### കൃഷി നശിക്കുന്നതിന് കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക

160 (4580) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നശിക്കുന്ന കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്ന സംവിധാനം

161 (4581) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ എവിടെയൊക്കെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുന്നറിയിപ്പ് സംവിധാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

1) കൊല്ലം സതേൺ സർക്കിൾ പരിധിയിൽപ്പെടുന്ന പുനലൂർ ഡിവിഷന്റെ കീഴിലുള്ള പത്തനാപുരം, അഞ്ചൽ റെയ്ഞ്ചുകളിൽ എസ്.എം.എസ്. അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോന്നി ഡിവിഷന് കീഴിലുള്ള പാടം സ്റ്റേഷനിൽ സോളാർ അൾട്രാസോണിക് റിപ്പല്ലർ സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്.

2) കോട്ടയം ഹൈറേഞ്ച് സർക്കിൾ പരിധിയിൽ വരുന്ന മറയൂർ ഡിവിഷനിൽ ഏർലി വാർണിംഗ് അലെർട്ട് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിൽപ്പെട്ട ചിന്നക്കനാൽ, സിങ്കുകണ്ടം, ചെമ്പകത്തൊഴംകുടി, ബി.എൽ.റാം എന്നിവിടങ്ങളിലും ഏർലി വാണിംഗ് അലെർട്ട് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

3) തൃശ്ശൂർ സെൻട്രൽ സർക്കിളിൽ വാഴച്ചാൽ, അതിരപ്പിള്ളി, ചാർപ്പ, ഇട്യാനി, വാഴച്ചാൽ വനശ്രീക്ക് എതിർവശം, വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷനിൽ പുളിയിലപ്പാറ ജംഗ്ഷൻ, വാഴച്ചാൽ റെയ്ഞ്ച് മോഹനൻ പാലത്തിന് മുമ്പ്, സിദ്ധൻപോക്കറ്റ്, വാച്ച്മരം വ്യൂ പോയിന്റ്, വാഴച്ചാൽ ഇരുമ്പുപാലം, 57-ാം മൈലിനും ആനക്കയം ഫോറസ്റ്റ് സ്റ്റേഷനും ഇടയിൽ, വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷനും പുളിയിലപ്പാറയ്ക്കും ഇടയിൽ, പുളിയിലപ്പാറയ്ക്കും ചൂഴിമേടിനും ഇടയിൽ, ആനമുക്ക് ഡമ്പിംഗ് ഡിപ്പോ, ഷൂട്ടിംഗ് മുക്ക്, കോടനാട്, തുണ്ടത്തിൽ, കുട്ടമ്പുഴ, കാലടി, പിള്ളപ്പാറ, വെട്ടിക്കുഴി, കണ്ണൻകുഴി, വാളറ, ചിക്ലായി, ചാട്ടുകല്ലുതറ, നായരങ്ങാടി, കാരിക്കടവ് ഔട്ട്പോസ്റ്റ്, വലിയകുളം, ചിമ്മിനി റോഡ്, പത്തിലപ്പാലം, അളൂക്ക്, പുന്നമറ്റം, ചക്കിപ്പറമ്പ്, കോട്ടാമ്പി, നായാട്ടുകുണ്ട്, താളൂപ്പാടം, ആശുപത്രികാന തുടങ്ങിയ മേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം അറിയിക്കുന്നതിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

4) പാലക്കാട് ഈസ്റ്റേൺ സർക്കിളിൽ പാലക്കാട് ഡിവിഷനിൽ ഒലവക്കോട്, വാളയാർ റെയ്ഞ്ചുകളിൽപ്പെട്ട പുതുശ്ശേരി, അകത്തേത്തറ, മലമ്പുഴ, പുതുപ്പരിയാരം, മുണ്ടൂർ എന്നീ പഞ്ചായത്തുകളിൽ എസ്.എം.എസ്. അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലകളിൽ വാട്ട്സ്ആപ്പ് ഗ്രൂപ്പ് സംവിധാനവും നിലവിലുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാകാൻ സാദ്ധ്യതയുള്ള മറ്റിടങ്ങളിലെല്ലാം തന്നെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

5) കണ്ണൂർ നോർത്തേൺ സർക്കിളിന്റെ പരിധിയിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായി പ്രദേശവാസികളും വനം വകുപ്പ് ജീവനക്കാരും ചേർന്ന് സൗത്ത് വയനാട് ഡിവിഷനിലും കാസർഗോഡ് ഡിവിഷനിലും ആറളത്തും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

6) അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ പരിധിയിൽപ്പെടുന്ന ശെന്തുരുണി വന്യജീവി സങ്കേതത്തിലെ ജനവാസ മേഖലകളായ കട്ടിളപ്പാറ, ഈറ്റപ്പടപ്പ് എന്നിവിടങ്ങളിൽ എസ്.എം.എസ്. അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വന്യജീവികൾ പുറത്തിറങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശീയർക്ക് ഫോൺ മുഖാന്തരവും അനൗൺസ്മെന്റ് മുഖാന്തരവും മുന്നറിയിപ്പ് നൽകിവരുന്നു.

7) കോട്ടയം ഫീൽഡ് ഡയറക്ടറുടെ പരിധിയിൽവരുന്ന മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിൽപ്പെട്ട സ്ഥലങ്ങളിൽ നാട്ടിലിറങ്ങുന്ന ആനകളുടെ സഞ്ചാരപഥം തദ്ദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

8) പാലക്കാട് വന്യജീവി വിഭാഗത്തിന്റെ പരിധിയിൽ മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനത്തിലൂടെയും മൈക്ക് അനൗൺസ്മെന്റ് വഴിയും മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ റോഡിന്റെ ഇരുവശങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരായ ജനങ്ങളെ അറിയിക്കുന്നുണ്ട്.

(ബി) ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഒരു പരിധിവരെ പ്രയോജനപ്പെടുന്നുണ്ട്.

എസ്.എം.എസ്./ഏർലി വാണിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ പ്രസ്തുത മേഖലകളിലെ വന്യജീവി സാന്നിദ്ധ്യം മുൻകൂട്ടി പൊതുജനങ്ങളെ അറിയിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുന്നുണ്ട്. വാട്സ്ആപ്പ് സംവിധാനത്തിലൂടെ വാളയാർ റെയിഞ്ചിന്റെ പരിധിയിലുള്ള റെയിൽവേ ട്രാക്കിൽ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി റെയിൽവേ ജീവനക്കാരെ അറിയിക്കുന്നതിനും അതുവഴി ട്രെയിൻ തട്ടി ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് അപായം സംഭവിക്കുന്നത് പരമാവധി തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. വന്യജീവി സാന്നിദ്ധ്യമുള്ള മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചതിലൂടെ ഇത്തരം മേഖലകളിൽ ജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയോടെ വാഹനം ഓടിക്കുന്നതിനും തന്മൂലം വാഹനങ്ങൾ തട്ടി ജനങ്ങൾക്കും വന്യജീവികൾക്കും അപകടമുണ്ടാകുന്നത് പരമാവധി തടയുന്നതിനും സാധിക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം**

162 (4582) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശമുണ്ടായ കൃഷിക്കാർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരമായി കുടിശ്ശിക നൽകാനുണ്ട്. നഷ്ടപരിഹാരത്തുകയുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അപേക്ഷകരുടെ എണ്ണം | നൽകാനുള്ള തുക |
|---|---|---|
| 2017-18 | 4 | 21332 |
| 2018-19 | 10 | 46080 |
| 2019-20 | 22 | 122031 |
| 2020-21 | 192 | 555881 |
| 2021-22 | 135 | 485094 |
| ആകെ | 363 | 1230418 |

(ബി) ഈ തുക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശമുണ്ടായതിന് കുടിശ്ശികയായിട്ടുള്ള തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വന്യജീവി ആക്രമണം തടയൽ

163 (4583) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് ശാശ്വത പരിഹാരമാണോയെന്ന് വ്യക്തമാക്കുമോ; സോളാർ വേലികളുടെ പരിപാലനം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വന്യജീവി ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് ഒരു പരിധിവരെ പരിഹാരമാണ്. പരിപാലന പ്രവൃത്തികൾ ദിവസേന ചെയ്തുവരുന്ന പക്ഷം സോളാർ ഫെൻസിംഗ് ഫലപ്രദമാണ്. എന്നാൽ സോളാർ ഫെൻസിംഗ് ഒരു ശാശ്വത പരിഹാരമാണെന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. 14-9-2021-ൽ വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി വിളിച്ചുചേർത്ത യോഗത്തിൽ മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ, കൃഷിനാശം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ആലോചിച്ച് ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി തൊഴിലുറപ്പ് പദ്ധതികൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് മയക്കുവെടി വയ്ക്കുന്നതിൽ പരിശീലനം സിദ്ധിച്ച വെറ്ററിനറി ഡോക്ടർമാരുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ?

13-12-2018 മുതൽ 15-12-2018 വരെ വെറ്ററിനറി ഡോക്ടർമാർക്കായി സംഘടിപ്പിച്ച മയക്കുവെടി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ പരിശീലനത്തിൽ 27 വെറ്ററിനറി ഡോക്ടർമാർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ സർവ്വീസിലുള്ളവരും ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്തവരുമായ സന്നദ്ധരാകുന്ന വെറ്ററിനറി ഡോക്ടർമാർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കാട്ടുപന്നി ശല്യം നേരിടുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1-11-2020-ന് സമർപ്പിച്ച ശിപാർശ തിരികെ നൽകിക്കൊണ്ട്, സംസ്ഥാനത്ത് കാട്ടുപന്നിശല്യം പരിഹരിക്കുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11(1)(ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, ഇക്കാര്യത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, 10-12-2020 തീയതിയിലെ എഫ്.നം.8-31/2020-ഡബ്ല്യു.എൽ. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ 10-12-2020-ലെ മേൽ നിർദ്ദേശത്തിനും വളരെ മുമ്പുതന്നെ, സ.ഉ.(സാധാ) നം. 51/2017/വനം തീയതി 7-2-2017 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ്/ മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ തുടങ്ങിയവർ ജനജാഗ്രതാ സമിതിയിൽ അംഗങ്ങളുമാണ്. നിലവിൽ 246 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തുണ്ട്. 16-2-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2019/വനം പ്രകാരം, കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിൽ സ്വീകരിക്കേണ്ട നടപടിക്രമത്തിൽ, ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച് ശിപാർശ ചെയ്യുന്ന പ്രദേശങ്ങളിലെ കാട്ടുപന്നികളെയും കൊല്ലുവാനായി പരിഗണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷിയിടത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുവാൻ സ.ഉ.(സാധാ) നമ്പർ 265/2011/വനം തീയതി 17-6-2011 മുതൽ അനുമതിയുണ്ട്. 2011-ലെ ഈ ഉത്തരവിനെ തുടർന്ന് തന്നെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ വകുപ്പ് 11(1)(ബി) പ്രകാരമുള്ള നടപടികൾ കേരളത്തിൽ സ്വീകരിച്ചുതുടങ്ങിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി.) നമ്പർ 281/2011/വനം തീയതി 23-6-2011-ൽതന്നെ ഗ്രാമപഞ്ചായത്ത് അംഗം, പ്രസിഡന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗിക്കേണ്ടത് പ്രതിപാദിച്ചിട്ടുണ്ട്.

## അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് തടഞ്ഞ നടപടി

164 (4584) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഉൾപ്പെടെയുള്ള വനംവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നിഷേധിച്ചത് അണക്കെട്ട് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവിഭാഗക്കാരായ ഹരിജൻ-ഗിരിജൻ റിസർവോയർ ഫിഷറീസ് സഹകരണ സംഘത്തിൽപ്പെട്ട അംഗങ്ങൾക്ക് അവരുടെ ജീവനോപാധിയെ സാരമായി ബാധിച്ചിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിരോധനം പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

9-1-2014-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 17/2014/വനം ഉത്തരവ് പ്രകാരം സംരക്ഷിത മേഖല/സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വാഴാനി ഉൾപ്പെടെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പുകൾ എന്നറിയപ്പെടുന്നത് പ്രധാനമായും കട്‌ല (Catla) രോഹു (Labeo rohita), മൃഗാൽ (Cirrhinus mrigala) എന്നിവയാണ്. ഉയർന്ന തോതിൽ പ്രജനനശേഷിയും, വളർച്ചാനിരക്കും, വിഭിന്ന ആഹാരരീതി, പുതിയതായി എത്തപ്പെട്ട സ്ഥലത്ത് ഇണങ്ങിച്ചേരുന്നതിനുള്ള കഴിവ് എന്നിവ അവലംബിക്കുന്ന ഇവയുടെ എണ്ണം വളരെ പെട്ടെന്ന് വർദ്ധിക്കുന്നതിനാലും ആഹാരം, വാസസ്ഥലം എന്നിവയ്ക്കായി തദ്ദേശീയമായ മൽസ്യങ്ങളുമായി മൽസരിക്കുന്നതിനാലും പ്രജനനശേഷി താരതമ്യേന കുറവുള്ള തദ്ദേശീയമായി കാണുന്ന മൽസ്യങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തുകയും അവയുടെ വംശനാശം സംഭവിക്കുകയും അവയെ ആശ്രയിച്ച് ജീവിക്കുന്ന നീർനായ്, പക്ഷികൾ എന്നിവയെ ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ, സംരക്ഷിതമേഖല/സാങ്ച്വറികളിലായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകുവാൻ കഴിയില്ല.

**വയനാട് ജില്ലയിലെ വന്യമൃഗ പ്രതിരോധ പദ്ധതികൾ**

165 (4585) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ പ്രതിരോധത്തിനായി വയനാട് ജില്ലക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വയനാട് ജില്ലയുടെ വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വയനാട് വൈൽഡ് ലൈഫിന് കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് പ്രവൃത്തികൾ നടത്തുന്നതിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 43.5 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണത്തിനായി 21.75 കോടി രൂപയും കൂടാതെ വയനാട് സൗത്ത് ഡിവിഷന് കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റിപാർപ്പിക്കൽ പദ്ധതിക്കായി 13.95 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(ബി) ഇതിൽ എത്ര രൂപയുടെ പദ്ധതികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ 0.19 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ടി പ്രവൃത്തി 30.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിൽ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ റെയിൽ ഫെൻസിംഗ് 10 കി.മീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് 12.97 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് സൗത്ത്, നോർത്ത് ഡിവിഷനുകളിലായി ഭരണാനുമതി നൽകിയിട്ടുള്ള ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ

അനുമതി നൽകിയിട്ടുള്ള ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വയനാട് സൗത്ത് ഡിവിഷനുകീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റിപാർപ്പിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(സി) കിഫ്ബി ധനസഹായത്താൽ വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വയനാട് ജില്ലയുടെ വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഒന്നാംഘട്ട പദ്ധതിയിൽ വയനാട് വൈൽഡ് ലൈഫിന് കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണവും, 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണവും, രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 43.5 കി. മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണവും, കൂടാതെ വയനാട് സൗത്ത് ഡിവിഷന് കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**അമ്പലപ്പുഴ മണ്ഡലത്തിലെ മേജർ & മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

166 (4586) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവ വഴി ഇക്കഴിഞ്ഞ അഞ്ച് വർഷം അനുവദിക്കപ്പെട്ട പ്രവൃത്തി, തുക, അവയുടെ പുരോഗതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവ വഴി ഇക്കഴിഞ്ഞ അഞ്ച് വർഷം അനുവദിക്കപ്പെട്ട പ്രവൃത്തി, തുക, അവയുടെ പുരോഗതി എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിൽപ്പെടുന്ന കായലുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി ഈ അഞ്ച് വർഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിലായി കഴിഞ്ഞ അഞ്ചുവർഷം നദീതീര സംരക്ഷണത്തിനും കനാലുകളുടെ ആഴം കൂട്ടുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുമായി തോടുകൾ, നിർമ്മിതികൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഉൾപ്പെടെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ മേജർ ഇറിഗേഷനുകീഴിൽ 815.44 ലക്ഷം രൂപയുടെ പദ്ധതികളും മൈനർ ഇറിഗേഷനുകീഴിൽ 181.86 ലക്ഷം രൂപയുടെ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

**കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ പദ്ധതി**

167 (4587) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ' പദ്ധതിയുടെ സവിശേഷതകൾ വ്യക്തമാക്കുമോ?

കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ പദ്ധതി Community Micro Irrigation പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ഇത് Fully Automated Micro Irrigation പദ്ധതിയാണ്. കരാർ ഏറ്റെടുത്ത കമ്പനി, പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം മൂന്ന് വർഷത്തേയ്ക്കുള്ള പരിപാലനംകൂടി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ എത്ര ഘട്ടത്തിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അനുമതി ലഭിച്ച പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

മുക്കം മുനിസിപ്പാലിറ്റിയിൽപ്പെട്ട കാഞ്ഞിരമുഴിയിൽ 103 ഹെക്ടർ പ്രദേശം കൃഷിയോഗ്യമാക്കുന്നതിനും നിലവിലുള്ള കൃഷി മെച്ചപ്പെടുത്തുന്നതിനുമായി ആദ്യഘട്ടത്തിൽ രണ്ട് ഭാഗങ്ങളായുള്ള എസ്റ്റിമേറ്റിന് മൊത്തം 105.40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഭാഗത്തിൽ പദ്ധതിക്കാവശ്യമായ പമ്പ്ഹൗസ് നിർമ്മാണം, പമ്പും മോട്ടോറും സപ്ലൈ, അതിന്റെ സ്ഥാപിക്കൽ, മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് 70 ലക്ഷം രൂപയുടെ ഭരണാനുമതിയും 10 ഹെക്ടർ പ്രദേശത്ത്

മൈക്രോ ഇറിഗേഷൻ സിസ്റ്റം ഡിസൈൻ, സ്ഥാപനം ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് 35.40 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. ഇതിൽ ആദ്യ ഭാഗത്തിലുള്ള പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ സിവിൽ വിഭാഗം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി കരാറുകാരൻ ഏറ്റെടുത്തിട്ടുണ്ട്. ആദ്യ ഭാഗത്തിൽ തന്നെയുള്ള പമ്പിന്റെയും, മോട്ടോറിന്റെയും ഡിസൈനും എസ്റ്റിമേറ്റും മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആദ്യഘട്ട പ്രവൃത്തിയിൽ രണ്ടാം ഭാഗത്തിലുള്ള മൈക്രോ ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ഡിസൈൻ ഉൾപ്പെടെയുള്ള പ്രവൃത്തി (35.40 ലക്ഷം) ടെണ്ടർ ചെയ്തെങ്കിലും ഇതുവരെയും ആരും ഏറ്റെടുത്തിട്ടില്ല.

(സി) രണ്ടാംഘട്ട പദ്ധതിക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഗുണഭോക്തൃ വിഹിതം ഉദ്ദേശിക്കുന്നുണ്ടോ; ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 83 ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈനും സ്ഥാപനവും ഇരുവഞ്ഞിപ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൈനർ ഇറിഗേഷൻ പദ്ധതികളുടെ നവീകരണം**

168 (4588) ശ്രീ. എം. എം. മണി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനർ ഇറിഗേഷൻ പദ്ധതികൾ കാലികമായി നവീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ആരംഭിച്ച ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇതുവരെ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) കാലഹരണപ്പെട്ട മൈനർ ഇറിഗേഷൻ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനോ അവയെ ശാസ്ത്രീയവും പ്രായോഗികവുമായി പുനർനിർമ്മിക്കുന്നതിനോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കാലഹരണപ്പെട്ട പദ്ധതികൾ കണ്ടെത്തുകയും അവയെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പ്രാദേശികമായ കാർഷിക ജലസേചന ആവശ്യങ്ങൾക്കനുസരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ വെട്ടൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കോന്നി ആർ.ബി.സി. എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി നാണ്യ വിളകൾക്കും തോട്ട വിളകൾക്കുമായുള്ള പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തി 170 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

- എറണാകുളം ജില്ലയിലെ ചാത്തമറ്റം, കരിമുകൾ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇതിൽ ചാത്തമറ്റം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് വേണ്ടിയുള്ള ചെക്ക് ഡാമിൽനിന്നും ജല അതോറിറ്റിയും വെള്ളം പമ്പ് ചെയ്യുന്നുണ്ട്. രണ്ട് പമ്പ് ഹൗസുകൾക്കും ആവശ്യമായ ജലം നിലവിൽ ലഭ്യമല്ല. മാത്രമല്ല പുനർനിർമ്മാണം പ്രായോഗികമല്ല. ആയതിനാൽ കുടിവെള്ളത്തിന് പ്രാമുഖ്യം നല്കികൊണ്ട് പ്രസ്തുത പദ്ധതി ഉപേക്ഷിക്കാവുന്നതാണ്.

- കരിമുകൾ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനർനിർമ്മാണത്തിന് നിലവിൽ ഗുണഭോക്താക്കൾ ആവശ്യം ഉന്നയിച്ചിട്ടില്ല. എറണാകുളം ജില്ലയിലെ പിരാരൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലേയ്ക്ക് നായത്തോട് ചിറയിൽനിന്ന് ഒരു ലീഡിംഗ് ചാനലിലൂടെ വെള്ളമെത്തിച്ചാണ് പമ്പ് ചെയ്തിരുന്നത്. എന്നാൽ ചിറയിലെ വെള്ളം കുറയുകയും ലീഡിംഗ് ചാനലിലേയ്ക്ക് വെള്ളമെത്താതാകുകയും പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെടുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തു. പിന്നീട് പമ്പ് ഹൗസും അനുബന്ധകാര്യങ്ങളും പൊതുലേലം ചെയ്യുകയും മോട്ടോറുകൾ മറ്റ് സ്കീമുകളിലേയ്ക്ക് മാറ്റുകയും ചെയ്തു.

- ഇടുക്കി ജില്ലയിലെ കാലഹരണപ്പെട്ട പദ്ധതിയായ ആൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.
- വയനാട് ജില്ലയിൽ പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. മീനങ്ങാടി പഞ്ചായത്തിലെ ഒലിവയൽ വി.സി.ബി., താഴത്തുവയൽ വി.സി.ബി., പനങ്കണ്ടി വി.സി.ബി. എന്നിയുടെ പുനർനിർമ്മാണം.
2. മീനങ്ങാടി പഞ്ചായത്തിലെ മണിവയൽ ആർ.സി.ബി.-യുടെ നിർമ്മാണം.
3. മൂട്ടിൽ പഞ്ചായത്തിലെ മാങ്ങാട് ചെക്ക് ഡാം പുനർനിർമ്മാണം.
4. പനമരം പഞ്ചായത്തിലെ മലങ്കര ലിഫ്റ്റ് ഇറിഗേഷന്റെ നവീകരണം.

- കാസർഗോഡ് ജില്ലയിൽ പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1) പൈവളിഗെ പഞ്ചായത്തിലെ ഗോപാലകൃഷ്ണ അമ്പലത്തിന്റെ സമീപത്തുള്ള കജെ വി.സി.ബി.-യുടെ പുനർനിർമ്മാണം.
2) കുമ്പള പഞ്ചായത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെ ബംബ്രാണയിലെ കാലപ്പഴക്കമുള്ള എസ്.ഡബ്ല്യൂ.ഇ.സി.ബി.-യുടെ അപ്സ്ട്രീമിൽ പുതിയ എസ്.ഡബ്ല്യൂ.ഇ.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം.
3) കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിലുള്ള ജീർണ്ണാവസ്ഥയിലുള്ള എസ്.ഡബ്ല്യൂ.ഇ.സി.ബി. പുനർനിർമ്മാണം.
4) ചെങ്കള പഞ്ചായത്തിലെ ഉപയോഗശൂന്യമായ പാടി-ഇഗ്രാൻവളപ്പ് വി.സി.ബി., വി.സി.ബി.-കം-ബ്രിഡ്ജ് ആയി നിർമ്മാണം.
5) കാലഹരണപ്പെട്ട ചിത്താരി റെഗുലേറ്റർ ആധുനിക രീതിയിലുള്ള നാവിഗേഷൻ ലോക്ക് ഉൾപ്പെടെ പുനർനിർമ്മാണം.
6) ഉദുമ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ പാലോടത്ത് വിയർ പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി.
7) കുമ്പഡാജെ ഗ്രാമപഞ്ചായത്തിലെ മണ്ണാപ്പ് വി.സി.ബി. പുനർനിർമ്മാണം.

(ഡി) സംസ്ഥാനത്തെ മൈനർ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മൈനർ ഇറിഗേഷൻ പദ്ധതികൾ ആധുനികവത്കരിക്കുന്നതിനായി ജി.ഐ.എസ്. പോലുള്ള നൂതന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള പര്യവേഷണ പ്രവർത്തനങ്ങൾ, നിർമ്മിതികൾ, ജല ഉപയോഗം കാര്യക്ഷമമാക്കുന്നതിന് മൈക്രോ ഇറിഗേഷൻ എന്നിവ ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ജലസ്രോതസ്സുകളെ സംബന്ധിച്ച പഠനം**

169 (4589) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്‌റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലസ്രോതസ്സുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ജലസ്രോതസ്സുകളായ നദികൾ, കായലുകൾ, കുളങ്ങൾ, നീരുറവകൾ തുടങ്ങിയവ സംബന്ധിച്ച് വിവിധ വകുപ്പുകൾ/ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട്. പുഴകളെ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് "Water Resources of Kerala" എന്ന പേരിൽ 1974-ൽത്തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കായലുകളെ സംബന്ധിച്ച പഠനം കോഴിക്കോട് ആസ്ഥാനമായ ജലവിഭവ വികസന വിനിയോഗ കേന്ദ്രം നിർവ്വഹിച്ചിട്ടുണ്ട്. തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട പഠനം സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്കുവേണ്ടി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുകുളങ്ങൾ സംബന്ധിച്ച പ്രാഥമിക വിവരശേഖരണം ജലസേചന വകുപ്പിന് കീഴിലെ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ, നദികളിലെ ജലഗുണനിലവാരം സംബന്ധിച്ച പഠനം കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിർദ്ദേശാനുസരണം കോഴിക്കോട് ആസ്ഥാനമായുള്ള "ജലവിഭവ വികസന വിനിയോഗ കേന്ദ്രം" നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) മലിനീകരണ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

(ബി&സി) ജലസ്രോതസ്സുകൾ നേരിടുന്ന വിവിധ തരത്തിലുള്ള മലിനീകരണ പ്രശ്നങ്ങൾ തടയുന്നതിനും ലഘൂകരിക്കുന്നതിനും വിവിധ തരത്തിലുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം അനുസരിച്ച് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുണ്ട്. തുടർനടപടികൾ പോലീസ് അധികൃതരാണ് സ്വീകരിക്കുന്നത്. ഇതിനുപുറമേ, കുളങ്ങൾ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം, നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽനിന്ന് നേരിട്ട് നദികളിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവേലി സ്ഥാപിക്കൽ, ജലസേചന നിർമ്മിതികളായ തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികളും ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് അധികൃതർ, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളും/ഏജൻസികളും മലിനീകരണം തടയുന്നതിനുള്ള നടപടികളും ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനുള്ള ബോധവൽക്കരണ നടപടികളും ഉറവിട മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന പ്രസിദ്ധീകരണങ്ങളും വിവിധ ഏജൻസികൾ വഴി പൊതുജനങ്ങളിൽ എത്തിക്കുന്നു.

**മഞ്ചേശ്വരം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

170 (4590) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് പുതുതായി പ്രൊപ്പോസൽ നൽകിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ബജറ്റിൽ ഉൾപ്പെട്ടവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് പുതുതായി പ്രൊപ്പോസൽ നൽകിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്നതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന മേൽ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(സി&ഡി) മഞ്ചേശ്വരം മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് പുതുതായി പ്രൊപ്പോസൽ നൽകിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഇ) നടപ്പ് സാമ്പത്തിക വർഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**കല്ലട ഇറിഗേഷൻ പദ്ധതി- കനാലുകളുടെ സംരക്ഷണം**

171 (4591) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകൾ മാലിന്യ നിക്ഷേപത്താലും കാടുപിടിച്ചും തകരാറുകൾ സംഭവിച്ചും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ സംരക്ഷിക്കുന്നതിന് 2016-17 മുതൽ സ്വീകരിച്ചിട്ടുള്ള നടപടികളും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കനാലുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ "കനാലുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണ്" എന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങൾക്ക് ഇതുസംബന്ധിച്ച് കത്ത് നൽകുകയും ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും കനാലിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും കനാൽ സന്ദർശിക്കുന്ന ഉദ്യോഗസ്ഥർ അറിയിപ്പുകൾ നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ വർഷവും ജലവിതരണത്തിന് മുന്നോടിയായി പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കനാലുകൾ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയും നഗരസഭാ പരിധിയിൽ വരുന്ന കനാലുകൾ വകുപ്പിന്റെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയും വൃത്തിയാക്കി വരുന്നുണ്ട്. വാർഷിക ജലവിതരണത്തിന്റെ ഭാഗമായി കനാലുകളുടെ വശങ്ങളിലെ കാട്‌വെട്ടും തകരാറുകൾ പരിഹരിക്കുന്നതിനുള്ള പുനരുദ്ധാരണ പണികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തിവരുന്നു. 2016-17 മുതൽ നാളിതുവരെ കനാലുകളിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി സ്റ്റേറ്റ് ഫണ്ട്, എസ്.ഡി.ആർ.എഫ്., എം.എൽ.എ. ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഉടമ്പടിവച്ച് ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്.

**പാറശ്ശാല മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

172 (4592) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ എന്തെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ, ഭരണാനുമതികളുടെ പകർപ്പ് എന്നിവ ഉൾപ്പെടെ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) ഈ വിഭാഗങ്ങൾക്ക് കീഴിൽ മുൻസർക്കാർ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസർക്കാരിന്റെ കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകി പുരോഗമിച്ചുവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*.

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ടൈം ഷെഡ്യൂൾ തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൃത്യമായി നടത്തുന്നുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതി**

173 (4593) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സമഗ്ര നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ജലമേഖലയിലെ ഇടപെടലിന് സഹായകരമായരീതിയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നീർത്തട പ്ലാനുകളും ബ്ലോക്കടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയിട്ടുണ്ട്. സംസ്ഥാനത്താകെയുള്ള 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തട പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായി. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാക്രമം നിശ്ചയിച്ച് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവരുന്നു. കുന്നത്തുനാട് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിൽ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" (മണ്ണ്-ജല സംരക്ഷണം)-യുടെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും തയ്യാറാക്കപ്പെട്ട പ്രസ്തുത പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. ജലവിഭവ സ്രോതസ്സുകൾക്ക് മുൻഗണന നല്കിക്കൊണ്ടാണ് നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര നീർത്തട മാസ്റ്റർ പ്ലാൻ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 2017-18 കാലയളവിലെ ഹരിതകേരളം മിഷന് കീഴിലുള്ള ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം. പട്ടിമറ്റം എം.ഐ. സെക്ഷനുകീഴിലുള്ള തത്തൻചിറ, ഇരട്ടച്ചിറ, മുറിയൻചിറ, ചമ്പിളിച്ചിറ, പുഞ്ചംകുളം, ഐനൽചിറ എന്നിവയുടെ പുനരുജ്ജീവനം.

2. എം.ഐ. ക്ലാസ്സ് II ഹരിതകേരളം - മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 8-ലെ കുറ്റാലി പാടശേഖരത്തിൽ കൈതവേലി മഞ്ഞനാട് തോടിനു കുറുകെ വി.സി.ബി. നിർമ്മാണം.

3. മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 16-ൽ ഇരിങ്ങൻചിറയെ പി.വി.ഐ.പി. കനാൽ സംവിധാനവുമായി ബന്ധിപ്പിക്കൽ.

## എറണാകുളം ജില്ലയിലെ കോണോത്തുപുഴ പുനരുദ്ധാരണം

174 (4594) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോണോത്തുപുഴ പുനരുദ്ധരിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

എറണാകുളം ജില്ലയിലെ കോണോത്തുപുഴയുടെ വെട്ടുവേലിക്കടവ് മുതൽ പൂത്തോട്ട വരെയുള്ള 17 കി.മീ നീളം പുഴയുടെ പുനരുജ്ജീവനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. " Rejuvenation of Konothoupuzha from Puthankavu to Vettuvelikadavu for 17Km. in Ernakulam District" (PRICE ID 2021/1655/IA-Amount 26 Crores) എന്ന പദ്ധതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

പുഴയിൽ വളർന്നിട്ടുള്ള ഇടതൂർന്ന സസ്യജാലങ്ങളും കളകളും നീക്കം ചെയ്യുകയും പുഴയുടെ ജലസംഭരണശേഷി വീണ്ടെടുക്കുന്നതിനായി ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ച് പുഴയിലെ എക്കലും ചെളിയും നീക്കം ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. ഈ ചെളി വശങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യും. ടി പ്രവൃത്തി കൊണ്ട് പുഴയുടെ ആഴംകൂട്ടി സുഗമമായ നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും പുഴയുടെ പുനരുജ്ജീവനത്തിനും സാദ്ധ്യമാകും. പുഴയിൽനിന്നുമെടുക്കുന്ന എക്കൽകൊണ്ട് പുഴയുടെ പാർശ്വങ്ങൾ ബലപ്പെടുത്തുകയും അതിന് മുകളിൽ കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം, കൈത തുടങ്ങിയവ നട്ട് മണ്ണൊലിപ്പ് തടയുന്നതിനുമാണ് പദ്ധതിയിട്ടിരിക്കുന്നത്. പൊതുഉപയോഗത്തിനും ചെറിയ ജലവാഹനങ്ങളിലേയ്ക്ക് പ്രവേശനത്തിനുമായി കുളിക്കടവുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വളരെ അനിവാര്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ച് പാർശ്വസംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നെടുങ്ങാപ്പുഴ, കണിയാവള്ളി എന്നീ പാലങ്ങളുടെ അബട്ട്മെന്റ് പുഴയിലെ സ്വതന്ത്രമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തിക്കൊണ്ട്, പുഴയുടെ വീതി മൂന്നിലൊന്നായി കുറച്ചുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. പുഴയുടെ പൂർണ്ണ തോതിലുള്ള ഒഴുക്ക് ഉറപ്പാക്കുന്നതിന് മേൽപ്പറഞ്ഞ ഈ ചെറിയ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(സി) നബാർഡിന്റെ സഹായം ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

(ബി&സി) ഉണ്ട്. ഈ പദ്ധതിക്കായി മേൽപ്പറഞ്ഞ പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ജലസേചന വകുപ്പ് തയ്യാറാക്കിയ DSR 2018 പ്രകാരമുള്ള 26 കോടിയുടെ എസ്റ്റിമേറ്റ് NABARD RIDF (XXVII)-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പരിശോധിച്ചുവരുന്നു.

**കുര്യാപ്പിള്ളി വലിയ തോട് നവീകരണം**

175 (4595) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴുവന്നൂർ പഞ്ചായത്തിലെ വലമ്പൂരിൽനിന്ന് ആരംഭിച്ച് മൂവാറ്റുപുഴയാറിൽ പതിക്കുന്ന കുര്യാപ്പിള്ളി വലിയ തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിച്ച്

ജലസേചനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മഴുവന്നൂർ പഞ്ചായത്തിലെ വലമ്പൂരിൽനിന്ന് ആരംഭിച്ച് മൂവാറ്റുപുഴ ആറിൽ പതിക്കുന്ന കര്യാപ്പിള്ളി വലിയതോടിന്റെ ആഴവും വീതിയും വർദ്ധിപ്പിച്ച് ജലസേചനം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി നിലവിൽ ആസൂത്രണം ചെയ്തിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മീനച്ചിലാറിനെ മാലിന്യവിമുക്തമാക്കാൻ നടപടി

176 (4596) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല മീനച്ചിലാറിൽ മാലിന്യങ്ങൾ തള്ളുന്നതുമൂലം പുഴ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

പാല മീനച്ചിലാറിൽ മാലിന്യങ്ങൾ എത്തിച്ചേരുന്നതുമൂലം പുഴ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ മാർഗ്ഗങ്ങളിൽക്കൂടിയാണ് പുഴയിലെ ജലത്തിന്റെ ഗുണനിലവാരം താഴുന്നത്. നദിയോടുചേർന്ന ചെറുപട്ടണങ്ങളിലെ ഓടകൾ നദിയിൽ എത്തുന്നത്, കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന രാസവളം/രാസകീടനാശിനി എന്നിവ ഒഴുകിയെത്തുന്നത്, മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലത്തോടൊപ്പം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ പുഴയിലെത്തുന്നത് തുടങ്ങിയവയാണ് പ്രധാന കാരണം. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചുകൊണ്ട് 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം പരാതി ലഭ്യമായാൽ പോലീസ് അധികൃതർക്ക് കേസന്വേഷണം നടത്തി, ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യാവുന്നതാണ്. ഇതോടൊപ്പം മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടുതന്നെ പിഴ ഈടാക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ, പൊതുജന ബോധവൽക്കരണത്തിന്റെ ഭാഗമായി ലഘുലേഖകൾ തയ്യാറാക്കി പ്രചരണവും നടത്തിയിട്ടുണ്ട്.

(ബി) ജലാശയങ്ങളിൽ മാലിന്യം തള്ളുന്നത് തടയാൻ വകുപ്പിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജലാശയങ്ങളെ സംരക്ഷിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് അധികൃതർ എന്നിവർക്ക് നിലവിൽ അധികാരമുണ്ട്. പോലീസ് നടത്തുന്ന പട്രോളിംഗിന്റെ ഭാഗമായി മാലിന്യ നിക്ഷേപം തടയുന്ന പ്രവൃത്തിയും നിർവ്വഹിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയുടെ സേവനം ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നതാണ്. നിലവിൽ ജലസേചന വകുപ്പിന് കീഴിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്ന പക്ഷം സ്ക്വാഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സംവിധാനങ്ങൾ ഒരുക്കുന്നതിന് അധിക ധനബാധ്യത ഉണ്ടാകുമെന്നതിനാൽ നിലവിലുള്ള സംവിധാനത്തിലൂടെ ഇക്കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

### നദീതട പരിപാലന അതോറിറ്റി

177 (4597) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റവും മാലിന്യ നിക്ഷേപവുംമൂലം നദികളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന സംഭവങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നദികളുടെ പരിപാലനത്തിനായി രൂപീകരിക്കുന്ന നദീതട പരിപാലന അതോറിറ്റിക്ക് എന്തൊക്കെ അധികാരങ്ങളുണ്ടാകുമെന്നും ആയതിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

നദീതട പരിപാലന അതോറിറ്റി രൂപീകരിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്കോ, നിബന്ധനകൾക്കോ അധികാരങ്ങൾക്കോ അന്തിമ രൂപമായിട്ടില്ല.

### നിലമ്പൂർ മണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും സംരക്ഷണം

178 (4598) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ വിവിധ പുഴകളുടെയും തോടുകളുടെയും പാർശ്വ

സംരക്ഷണത്തിനായി സ്ഥലം എം.എൽ.എ.-യുടെ ശിപാർശയോടെ എത്ര അപേക്ഷകളാണ് 2019-20 മുതൽ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2019 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും പാർശ്വ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. ശിപാർശ ചെയ്ത 17 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്നും ഏതൊക്കെ പദ്ധതികൾ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി കണക്കാക്കിയ തുക അടക്കമുള്ള വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

പ്രസ്തുത അപേക്ഷകളിൽ പതിനഞ്ചെണ്ണത്തിൽ (15) സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.* ശേഷിച്ച രണ്ടെണ്ണത്തിന്മേലുള്ള (2) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2019-20 മുതൽ നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും അടങ്കൽ തുകയും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

2019-20 മുതൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ തുകയും നിലവിലെ അവസ്ഥയും അനുബന്ധം-2 ആയി ചേർക്കുന്നു*.

**തോട്ടപ്പള്ളി, തണ്ണീർമുക്കം എന്നിവിടങ്ങളിലെ ഡ്രെഡ്ജിംഗ്**

179 (4599) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി, തണ്ണീർമുക്കം എന്നിവിടങ്ങളിലെ ജലമൊഴുക്ക് സുഗമമാക്കുന്നതിന് നടത്തിവരുന്ന ഡ്രെഡ്ജിംഗ് നടപടികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള ലീഡിംഗ് ചാനലിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തിക്ക് താൽപ്പര്യപത്രം ക്ഷണിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടപ്പള്ളി പൊഴിമുഖത്തുള്ള ധാതുമണൽ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. നീക്കംചെയ്തിട്ടുണ്ട്. വീണ്ടും അടിഞ്ഞുകൂടുന്ന മണ്ണ് മാറ്റി പൊഴിമുഖത്തിന്റെ വീതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തി യന്ത്രസാമഗ്രികളുടെ സഹായത്തോടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. തണ്ണീർമുക്കം ബാരേജിന്റെ മദ്ധ്യഭാഗത്തുള്ള മൂന്നാംഘട്ടത്തിന്റെ ഇരുവശങ്ങളിലും നിലനിന്നിരുന്ന മൺചിറകൾ ഭാഗികമായി നീക്കംചെയ്തിട്ടുണ്ട്. എങ്കിലും നീക്കംചെയ്യുന്ന മണലിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കരാറുകാരൻ തർക്കമുന്നയിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നതിനാൽ ടി മൺചിറകൾ പൂർണ്ണമായും നീക്കംചെയ്യുന്നതിന് സാധിച്ചിട്ടില്ല.

(ബി) കുട്ടനാട്ടിലെ കായലുകളിലും ആറുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും മറ്റും നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ കായലുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ ഉപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുകയും ഉയരം കൂട്ടുകയും ചെയ്യുന്ന പ്രവൃത്തിയും തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തിയും പ്ലാൻ പദ്ധതി, എസ്.ഡി.ആർ.എഫ്., നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ തണ്ണീർമുക്കം മുഖാന്തരം അപ്പർ കുട്ടനാട് പ്രദേശത്തെ പാടശേഖരവുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലെയും കനാലുകളിലെയും എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ കുട്ടനാട്ടിലെ കായലുകളിലും ആറുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മാലിന്യങ്ങളും നീക്കംചെയ്ത് ആഴം കൂട്ടുന്നതിന് ജലസേചന വിഭാഗത്തിൽ 105 കോടി രൂപ ചെലവ് വരുന്ന 216 പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടെത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) തോട്ടപ്പള്ളിയിലേയ്ക്കും തണ്ണീർമുക്കത്തേയ്ക്കും നിർദേശിച്ചിട്ടുള്ള കനാലുകൾ എത്രയുംവേഗം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തോട്ടപ്പള്ളി മുതൽ വീയപുരം വരെയുള്ള ലീഡിംഗ് ചാനലിന്റെ ഇരുവശങ്ങളും സംരക്ഷണഭിത്തി നിർമ്മിക്കാൻ 70.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് മേഖലയിലെ പ്രളയജലം വേഗംതന്നെ കടലിലേയ്ക്ക് ഒഴുക്കിക്കളയാൻ തക്കവണ്ണം തോട്ടപ്പള്ളിയിലേയ്ക്കും തണ്ണീർമുക്കത്തേയ്ക്കും നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ സംബന്ധിച്ച് ഹൈഡ്രോഡൈനാമിക് പഠനം

നടത്തുന്നതിനായി ഐ.ഐ.റ്റി. മദ്രാസിനെ ചുമതലപ്പെടുത്തുകയും പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ മരക്കപ്പാടം കാപ്പ് നവീകരണം**

180 (4600) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല മരക്കപ്പാടം കാപ്പ് നവീകരണം എന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

തെന്നല ഗ്രാമപഞ്ചായത്തിലെ മരക്കപ്പാടം കാപ്പ് നവീകരണം എന്ന പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തുകയായ രണ്ട് കോടി രൂപയുടെ 20% തുകയായ 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 8-2-2021-ലെ ജി.ഒ.(ആർ.റ്റി.)നം.90/2021/ഡബ്ല്യു.ആർ.ഡി. പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകുകയും 23-6-2021-ലെ Order No.MIDM pm2021-22/1268/2020/2022IA പ്രകാരം രണ്ട് കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും തുടർന്ന് 23-6-2021-ന് ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. തെന്നല ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീ. മുഹമ്മദ്കുട്ടി പ്രസ്തുത പദ്ധതി പ്രദേശം റീസർവ്വേ ചെയ്ത് കയ്യേറ്റമുണ്ടെങ്കിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനുശേഷം മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാവൂ എന്നും പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിയുടെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി ടെണ്ടർ നടപടികൾ താൽകാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ടി പരാതിയുടെ അടിസ്ഥാനത്തിൽ മേൽ പദ്ധതി പ്രദേശം റീസർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് തഹസീൽദാർക്ക് (ഭൂരേഖ) കത്ത് നൽകിയിരിക്കുകയാണ്.

**പെരിങ്ങാട് കായലിലെ മണ്ണും എക്കലും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കൽ**

181 (4601) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതലുള്ള പ്രളയവും പ്രകൃതിക്ഷോഭവുംമൂലം മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും നിറഞ്ഞ് കായലിന്റെ സംഭരണശേഷി കുറഞ്ഞിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക്

വഞ്ചിയിറക്കാനും വലയിടാനും പ്രയാസം നേരിടുന്നതായും മത്സ്യസമ്പത്ത് നശിക്കുന്നതായുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ വേലിയിറക്ക സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനും വലയിടാനും സാധിക്കാത്ത സ്ഥിതിയുണ്ടാകാറുണ്ട്. പെരിങ്ങാട് പുഴയിൽ അടിഞ്ഞുകൂടിയ മണ്ണിന്റെ അളവ് കെ.ഇ.ആർ.ഐ. പീച്ചി മുഖേന സർവ്വേ നടത്തി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2016 പ്രകാരം തയ്യാറാക്കിയിരുന്നു. എന്നാൽ ഡി.എസ്.ആർ. 2018 നിലവിൽ വന്ന സാഹചര്യത്തിൽ അതിൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയാലുടൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത കായലിൽ അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും അടിഞ്ഞുകൂടിയത് നീക്കംചെയ്യുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. എന്നാൽ വേമ്പനാട്ട് കായലിലെ മണ്ണ്, എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആയതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുമായി 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തുകയും 2020-21 സാമ്പത്തിക വർഷത്തിൽ 57,31,721 രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ വേമ്പനാട് കായൽ ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. കായൽ സംരക്ഷിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും ഉതകുന്ന ജനകീയ ക്യാമ്പെയിൻ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്നനിലയിൽ വേമ്പനാട് കായൽ പ്രദേശമുൾപ്പെടുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, ഫിഷറീസ്, ജലസേചനം, തദ്ദേശസ്വയംഭരണ

സ്ഥാപനം, കൃഷി തുടങ്ങിയ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരെ ഉൾപ്പെടുത്തി 3-7-2021-ൽ ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. വേമ്പനാട് കായൽ ശുചീകരണത്തിനും സംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടുകൂടി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനകീയ സമിതികൾ രൂപീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് MGNREGS അംഗങ്ങൾ, ഹരിതകേരളം, കക്ക തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. വേമ്പനാട് കായൽ സംരക്ഷണത്തിനായി ജനകീയ ക്യാമ്പെയിനുകൾ സംഘടിപ്പിക്കുന്നതിനും ബ്ലോക്ക്/നിയോജകമണ്ഡലങ്ങൾ അടിസ്ഥാനമാക്കി പ്രദേശത്തെ എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ കോ-ഓർഡിനേഷൻ കമ്മിറ്റികൾ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുന്നതാണ്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ഒരുമിച്ച് വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കായലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യുന്നതിന് നടപടി**

182 (4602) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയങ്ങളിൽ കായലുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും അടിയന്തരമായി നീക്കംചെയ്ത് ആഴംകൂട്ടി സമീപ പ്രദേശങ്ങളിലെ വെള്ളപ്പൊക്കവും കൃഷിനാശവും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനുമുൻപ് കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാലും കായലുകളുടെ ജലസംഭരണ ശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. 27-9-2018-ലെ സ.ഉ.(സാധാ) നം.3987/2018/റവന്യൂ നമ്പർ സർക്കാർ ഉത്തരവിലെ നിർദേശപ്രകാരം പ്രധാന നദികളായ വളപട്ടണം പുഴ, അഞ്ചരക്കണ്ടി പുഴ, ബാവലി പുഴ എന്നീ നദികളിൽ പ്രളയത്തെ തുടർന്ന് അടിഞ്ഞുകൂടിയ മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടുകൂടി നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് എക്കലും മറ്റ് മാലിന്യങ്ങളും നീക്കംചെയ്തിട്ടുള്ളതാണ്. കൂടാതെ 2018, 2019 വർഷത്തിൽ നദികളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുള്ളതും ആയതിനാൽ പ്രളയാവശിഷ്ടങ്ങൾ നീക്കംചെയ്ത് ജലസംഭരണശേഷി കൂട്ടുന്നതിനും നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനും തുടർന്നുള്ള കാലവർഷങ്ങളിൽ പ്രളയസാദ്ധ്യത കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജി.ഒ.(ആർ.ടി.) നം.3880/2019/ആർ.ഡി. പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെളിയും മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. കേരളത്തിലെ മൂന്ന് റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുഖാന്തരമാണ് നടപ്പാക്കുന്നത്. വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട എന്നീ കായലുകളുടെ വൃഷ്ടി പ്രദേശ സംരക്ഷണ പ്ലാൻ തയ്യാറാക്കുന്നതിനായി മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്ലാൻ തയ്യാറാക്കി ആയത് നടപ്പാക്കുന്നതുവഴി ഭാവിയിൽ വൃഷ്ടി പ്രദേശത്തുനിന്നുള്ള മണ്ണൊലിപ്പ് തടയാനാകും. വിശദമായ പഠനത്തിനുശേഷം കായലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെ കായലുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കുന്നതിൽ തെറ്റില്ലെന്ന് കായലുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തയ്യാറാക്കിയ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ പ്രതിപാദിക്കുന്നുണ്ട്.

## ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

183 (4603) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ പുറമണ്ണൂർ പ്രദേശത്തെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ പുറമണ്ണൂർ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി നിലവിൽ ഗാർഹിക കണക്ഷനുകൾ നൽകിവരുന്നുണ്ട്. കൂടാതെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പ്രസ്തുത പ്രദേശത്ത് ഗാർഹിക കണക്ഷനുകൾ നൽകിവരുന്നുണ്ട്.

(ബി) കടുത്ത ജലക്ഷാമംമൂലം കൃഷിക്കാർ നേരിടുന്ന പ്രയാസം ഒഴിവാക്കുന്നതിനായി തൂതപ്പുഴയിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

തൂതപ്പുഴയിലെ ആശാരിക്കടവ് ഇറിഗേഷൻ പദ്ധതി ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്നതിനാൽ പദ്ധതി വിപുലീകരണം സംബന്ധിച്ച പ്രവൃത്തികൾ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കാൻ സാധിക്കില്ല.

## എ.സി. കനാൽ നവീകരണം

184 (4604) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാൽ ഗതാഗത യോഗ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എ.സി. കനാലിൽ പോള നീക്കംചെയ്യുന്നതിനും ആഴം കൂട്ടുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ-ചങ്ങനാശ്ശേരി (എ.സി.) കനാലിൽ 3.5 കിലോമീറ്ററിൽ പോള നീക്കംചെയ്യുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. കൂടാതെ എ.സി. കനാലിന്റെ ഒന്നാംകര മുതൽ പള്ളാത്തുരുത്തിവരെ വിശദമായ സർവ്വേ നടത്തി ആഴവും വീതിയും കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് സ്റ്റഡി നടത്തുന്നതിനുവേണ്ടി ഐ.ഐ.റ്റി. മദ്രാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പമ്പ ഇറിഗേഷൻ പദ്ധതി

185 (4605) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കനാലുകൾ കാടുപിടിച്ചും മാലിന്യ നിക്ഷേപത്താലും തകരാറുകൾ സംഭവിച്ചും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലുകൾ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്.ഡി.ആർ.എഫ്., ആക്ഷൻ പ്ലാൻ, ആർ.കെ.ഐ. എന്നിവയിൽ ഉൾപ്പെടുത്തി കനാൽ നവീകരണം നടത്തിവരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി. കനാലുകളുടെ നവീകരണത്തിനായി 600 ലക്ഷം രൂപയുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കനാലുകൾ സംരക്ഷിക്കാൻ 2016-17 മുതൽ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2016-17 മുതൽ ഓരോ വർഷവും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി കനാലുകളുടെ ശുചീകരണ പ്രവൃത്തികളും സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു. ആയതിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 988.37 ലക്ഷം രൂപയുടെ സംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയ വരയന്നൂർ അക്വഡക്റ്റിന്റെ പുനർനിർമ്മാണത്തിനായി ആർ.കെ.ഐ.-ൽ ഉൾപ്പെടുത്തി 1.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രവൃത്തിക്ക് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി. കനാലുകളുടെ നവീകരണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഭാഗത്ത് ചെക്ക്ഡാം-കം-കോസ്‌വേ

186 (4606) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ ഒമ്പതാം വാർഡിലെ കാരക്കാട് ചങ്ങാടക്കടവ് ഭാഗവും തലപ്പലം പഞ്ചായത്തിലെ പത്താം വാർഡിലെ ഇളപ്പുങ്കൽ പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മീനച്ചിലാറിൽ ഒരു ചെക്ക്ഡാം-കം-കോസ്‌വേ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെ ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി മണ്ണ് പര്യവേക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകി മണ്ണ് പര്യവേക്ഷണം പൂർത്തിയാക്കിയശേഷം പ്രസ്തുത ചെക്ക്ഡാം-കം-കോസ്‌വേ നിർമ്മാണത്തിനുള്ള ഡിസൈൻ ഐ.ഡി.ആർ.ബി.യിൽ നിന്നും ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

**ചെക്ക് ഡാമിന്റെ ഷട്ടറുകളുടെ അറ്റകുറ്റപ്പണി**

187 (4607) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിലെ പച്ചാണിയിലുള്ള ചെക്ക് ഡാമിന്റെ ഷട്ടറുകൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടോ; ആയത് നവീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

വി.സി.ബി.-ക്കുവേണ്ടി പുതിയ ഷട്ടർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കായി 19.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചെക്ക് ഡാം-കം-കോസ്‌വേ നിർമ്മാണം**

188 (4608) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി-ഒന്നാം വാർഡിലെ ചെങ്ങാംകുന്ന് പ്രദേശവും കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചിറക്കടവ്- പത്താം വാർഡിലെ വാളക്കയം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറ്റിൽ ഒരു ചെക്ക്ഡാം-കം-കോസ്‌വേ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഒന്നാം വാർഡിലെ ചെങ്ങാംകുന്ന് പ്രദേശവും കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചിറക്കടവ് - പത്താം വാർഡിലെ വാളക്കയം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറ്റിൽ ഒരു ചെക്ക്ഡാം-കം-കോസ്‌വേ നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി മണ്ണ് പര്യവേക്ഷണം നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് യഥാക്രമം മണ്ണ് പര്യവേക്ഷണം, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ കെട്ടി സംരക്ഷിക്കാൻ നടപടി**

189 (4609) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിന്റെ കിഴക്കുവശത്ത് പുഴയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളുടെയും കടമക്കുടി, മുളവുകാട് പഞ്ചായത്തുകളുടെയും തീരപ്രദേശങ്ങൾ പല ഭാഗങ്ങളും ഇടിഞ്ഞുപോകുന്നത് ഇവിടെ താമസിക്കുന്ന പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതിനാൽ പ്രസ്തുത തീരപ്രദേശങ്ങൾ കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) വീടുകൾ ഇടിഞ്ഞുപോകുന്നതിനാൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്നും സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിന്റെ കിഴക്കുവശത്ത് പുഴയുടെ തീരപ്രദേശങ്ങൾ കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലം സന്ദർശിച്ച് അഞ്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ കടൽക്ഷോഭം തടയുന്നതിനുള്ള പദ്ധതികൾ**

190 (4610) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കടൽക്ഷോഭം തടയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ നാങ്കി കൊപ്പള കടപ്പുറത്ത് 250 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കടലാക്രമണത്തിൽ നാശനഷ്ടം സംഭവിക്കപ്പെട്ടിട്ടുള്ള കോയിപ്പാടി കടപ്പുറത്തെ ജിയോബാഗ് കൊണ്ടുള്ള സംരക്ഷണഭിത്തി പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഇറിഗേഷൻ വകുപ്പ് മുഖാന്തരം പ്രസ്തുത മണ്ഡലത്തിൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ തീരശോഷണം തടയുന്നതിനായി കിഫ്ബി, കെ.ഡി.പി. പദ്ധതികളിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക്മാറി പുലിമുട്ടിന് തെക്കുഭാഗത്തായി ഗ്രോയിൻ നിർമ്മാണ പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9-11-2018-ലെ FSH001-01-PA-01 ഉത്തരവ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 13.47 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയിൽ പുലിമുട്ടിന് തെക്ക് ഭാഗത്ത് 3.82 കി.മീ. നീളത്തിൽ കടലിലേയ്ക്ക് തള്ളിനിൽക്കുന്ന 17 ഗ്രോയിനുകളാണ് നിർമ്മിക്കുന്നത്. ഇതിൽ ഒൻപതെണ്ണം പൂർത്തീകരണ ഘട്ടത്തിലാണ്. മറ്റ് ഗ്രോയിനുകളുടെ പ്രവൃത്തി കാലവർഷം അവസാനിക്കുന്നതോടെ പുനരാരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ മുഴവൻ പദ്ധതികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വാടാനപ്പള്ളി തീരപ്രദേശങ്ങളിലെ നാശനഷ്ടങ്ങളും പുലിമുട്ട് നിർമ്മാണവും**

191 (4611) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വാടാനപ്പള്ളി പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ 2018 മുതൽ നാളിതുവരെ സംഭവിച്ച നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്നും അവ പൂർവ്വസ്ഥിതിയിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ വാടാനപ്പിള്ളി പഞ്ചായത്തിൽ സി.പി.1351 മുതൽ സി.പി.1368 വരെ ഏകദേശം 3.539 കി.മീ തീരദേശമാണുള്ളത്. Tauktae ഉൾപ്പെടെയുള്ള ചുഴലിക്കാറ്റുകൾ ഈ പ്രദേശങ്ങളിൽ വൻനാശനഷ്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. ടി പ്രദേശത്ത് ഭാഗികമായി തകർന്നുകിടന്നിരുന്ന കടൽഭിത്തി നിലവിൽ പൂർണ്ണമായും തകർന്നിട്ടുണ്ട്. മാത്രവുമല്ല സി.പി.1363 (120 മീ പ്രവൃത്തി)യുടെ 2020-ൽ നടന്ന പ്രവൃത്തിയുടെ രണ്ട് സ്ഥലങ്ങളിലും സി.പി.1361-ൽ (245 മീ.) 2021-ൽ നടന്ന പോളി പ്രൊപ്പൈലീൻ ബാഗിൽ മണൽ നിറച്ചുകൊണ്ടുള്ള സംരക്ഷണ ഭിത്തിയുടെ പ്രവൃത്തിയിലും നാശം വന്നിട്ടുണ്ട്. 2018-നുശേഷം വാടാനപ്പള്ളി പഞ്ചായത്തിൽ കടലാക്രമണം തടയുന്നതിന് അടിയന്തരമായി ചെയ്ത സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

(ബി) കടൽക്ഷോഭ ഭീഷണി നേരിടുന്ന വാടാനപ്പള്ളി പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) കടൽക്ഷോഭ ഭീഷണി നേരിടുന്ന വാടാനപ്പള്ളി പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ ആ പ്രദേശത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ നിർമ്മിതി (കടൽഭിത്തി/പുലിമുട്ട്) ആവശ്യമായ പഠനം നടത്തിയതിനുശേഷം, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലപ്പുഴ ജില്ലയിലെ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുള്ള നടപടി

192 (4612) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ തീരസംരക്ഷണത്തിന് പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായ സ്ഥലത്ത് തീരദേശ സംരക്ഷണത്തിനായി കെ.ഐ.ഐ.ഡി.സി. (KIIDC) മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറകളുടെ ലഭ്യതയ്ക്കുവേണ്ടി കരാറുകാരൻ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ കോട്ടങ്ങൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഒരു ക്രഷർ യൂണിറ്റോടുകൂടിയ പാറമട വാങ്ങിയിട്ടുണ്ട്. കൂടാതെ അതിൽനിന്നും ടി പ്രവൃത്തിക്കാവശ്യമായ കരിങ്കല്ലുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഈ പാറമടയുടെ ഖനന അളവ് വർദ്ധിപ്പിച്ച് കിട്ടുന്നതിനുവേണ്ടി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇതുകൂടാതെ കരാറുകാരൻ വിവിധ സ്വകാര്യ പാറമടകളിൽനിന്നും കരിങ്കല്ലുകൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ ബഹു. കോടതികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പ്രാദേശികമായ എതിർപ്പുകൾ മുഖാന്തരവും പാറകളുടെ ലഭ്യത ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) കെ.ഐ.ഐ.ഡി.സി. ലിമിറ്റഡ് (കിഡ്ക്) മുഖേന നടപ്പിലാക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് പാറയുടെ ലഭ്യതയ്ക്ക് കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.ഐ.ഐ.ഡി.സി. (കിഡ്ക്) മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുലിമുട്ടുകളുടെ നിർമ്മാണത്തിന് പാറകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. കോടതി ഉത്തരവ് പ്രകാരം ജനവാസ മേഖലയിൽനിന്നും 200 മീറ്റർ ചുറ്റളവിന് മുകളിൽ മാത്രം ഖനനം അനുവദിക്കുന്നുള്ളൂ എന്നതിനാലും പല സ്വകാര്യ പാറമടകളുടെയും പ്രവർത്തനം നിലച്ചിരിക്കുന്നതിനാലും പ്രാദേശികമായ എതിർപ്പുകളും കാരണം പാറ യഥേഷ്ടം ലഭിക്കുന്നതിന് തടസ്സം നേരിട്ടുകൊണ്ടിരിക്കുന്നു.

(സി) പുലിമുട്ട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കിഫ്ബി ധനസഹായത്തോടുകൂടി കാട്ടൂരിൽ 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിനുവേണ്ടി 34 പുലിമുട്ടുകളുടെയും അമ്പലപ്പുഴയിൽ 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 30 പുലിമുട്ടുകളും 305 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും പതിയാങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിനുവേണ്ടി 13 പുലിമുട്ടുകളുടെയും ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും വട്ടച്ചാലിൽ 1.70 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിനുവേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. അമ്പലപ്പുഴയിൽ രണ്ട് ഗ്രോയിനുകളുടെ നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴയിൽ 12,484 എണ്ണം രണ്ട് ടൺ ടെട്രാപോഡുകളും 1151 എണ്ണം 5 ടൺ ടെട്രാപോഡുകളും കാട്ടൂരിൽ 16,525 എണ്ണം രണ്ട് ടൺ ടെട്രാപോഡുകളും 1709 എണ്ണം അഞ്ച് ടൺ ടെട്രാപോഡുകളും പതിയങ്കരയിൽ 5816 എണ്ണം രണ്ട് ടൺ ടെട്രാപോഡുകളും 683 എണ്ണം അഞ്ച് ടൺ ടെട്രാപോഡുകളും വട്ടച്ചാലിൽ 4758 എണ്ണം രണ്ട് ടൺ ടെട്രാപോഡുകളും 274 എണ്ണം അഞ്ച് ടൺ ടെട്രാപോഡുകളും ആറാട്ടുപുഴയിൽ 3188 എണ്ണം രണ്ട് ടൺ ടെട്രാപോഡുകളും 2385 എണ്ണം അഞ്ച് ടൺ ടെട്രാപോഡുകളും നിർമ്മിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുവേണ്ടി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ രൂക്ഷമായ കടലാക്രമണം നേരിടുന്ന ആറാട്ടുപുഴയിൽ നെല്ലാനിക്കൽ പ്രദേശത്ത് 500 മീറ്റർ നീളത്തിലും അമ്പലപ്പുഴയിൽ കാക്കാഴം പ്രദേശത്ത് 2.20 കി.മീറ്റർ നീളത്തിലും ആലപ്പുഴയിൽ പൊള്ളേത്തൈ പ്രദേശത്ത് 1.20 കി.മീറ്റർ നീളത്തിലും ചേർത്തലയിൽ ഒറ്റമശ്ശേരി പ്രദേശത്ത് ഒരു കി.മീറ്റർ നീളത്തിലുമുള്ള തീരസംരക്ഷണത്തിനായി 88.129 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് കിഫ്ബി ധനസഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കടൽഭിത്തി നിർമ്മാണം**

193 (4613) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് 2019-20

വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 16 കോടി രൂപയുടെ "മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ സൗത്തിനും മാടായി ഗ്രാമ പഞ്ചായത്തിലെ പുതിയങ്ങാടിക്കും ഇടയിൽ തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണം" എന്ന പ്രവൃത്തി 18 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി മാനേജിംഗ് ഡയറക്ടർ M/s. ഫോർഷാ ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ് നുള്ളിപാടി, കാസർഗോഡ് എന്ന കരാർ സ്ഥാപനം ഏറ്റെടുക്കുകയും 23-2-2021-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ മെറ്റീരിയൽ ശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കുറ്റിപ്പുറം പഞ്ചായത്തിലെ വി.സി.ബി. നിർമ്മാണം**

194 (4614) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ ചെട്ടിയാംകുണ്ട്-മാപ്പിളായ എന്ന സ്ഥലത്ത് വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിലെ വാർഡ് 10-ൽ ചെട്ടിയാംകുണ്ട് മാപ്പിളായയിൽ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തിക്ക് 35 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ആയക്കെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും റവന്യൂ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ആയക്കെട്ട് ലിസ്റ്റും മാപ്പും ലഭ്യമായിട്ടില്ല. പ്രവൃത്തി കരാറിൽ ഏർപ്പെട്ടതിനുശേഷം സ്ഥലം കൈമാറി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബദിയഡുക്ക-പള്ളിക്കണ്ടത്തിലെ തടയണ നവീകരണം

195 (4615) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബദിയഡുക്ക പഞ്ചായത്തിലെ പള്ളിക്കണ്ടത്തിലെ തടയണ എപ്പോൾ നിർമ്മിച്ചതാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ബദിയഡുക്ക പഞ്ചായത്തിലെ പള്ളിക്കണ്ടത്തിലെ തടയണ ഏകദേശം 40 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചതാണ്.

(ബി) എത്ര രൂപ മുടക്കിയാണിത് നിർമ്മിച്ചതെന്നും നാളിതുവരെ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ തടയണ നവീകരിക്കാത്തതിനാൽ പ്രദേശത്തെ കർഷകർക്ക് വേനലിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ക്ഷാമമനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) തടയണയിൽ എല്ലാ വർഷവും വെള്ളം സംഭരിക്കാറുണ്ടെങ്കിലും ചോർച്ച അധികമായതിനാൽ ദീർഘനാളത്തേയ്ക്ക് വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ജലസേചനത്തിനും കുടിവെള്ളത്തിനും ക്ഷാമമനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ തടയണ പുതുക്കിപ്പണിയുന്നതാണോ നവീകരിക്കുന്നതാണോ കൂടുതൽ പ്രയോജനകരവും പ്രായോഗികവുമെന്ന് വ്യക്തമാക്കാമോ; ആയതിന് ആവശ്യമായ തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കുമോയെന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത തടയണ എപ്പോൾ കർഷകർക്ക് ഉപയോഗപ്രദമാകുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) തടയണയ്ക്ക് ചോർച്ച കൂടുതലായതിനാൽ പുനർനിർമ്മിക്കുന്നതാണ് അഭികാമ്യം. ഇത് പുനർനിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടിയോളം രൂപ ആവശ്യമാണ്. സർക്കാരിൽ ഇതുസംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ചിറ്റൂർ മണ്ഡലത്തിലെ ചെറുകിട ജലസേചന പ്രവൃത്തികൾ

196 (4616) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം 2016 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചിറ്റൂർ മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം 2016 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 161 പ്രവൃത്തികൾക്കായി 2,928.305 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു*.

(സി) നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ടി പ്രവൃത്തികളിൽ നിർമ്മാണം പുരോഗമിക്കുന്നവയെ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

## വാട്ടർ അതോറിറ്റിയിലെ എ.ഇ.-മാരുടെ ഒഴിവുകൾ

197 (4617) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഒഴിവുകളുണ്ടെന്നും വിശദമാക്കുമോ?

ഉണ്ട്. പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ - 23 എണ്ണം; സ്ഥാനക്കയറ്റം നൽകാനുള്ളത് - 1 എണ്ണം എന്നിങ്ങനെ കേരള വാട്ടർ അതോറിറ്റിയിൽ ആകെ 24 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

198 (4618) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് -1 തസ്തികയിൽനിന്നും സ്ഥാനക്കയറ്റം ലഭിച്ച എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ എത്ര പേർ ഡിപ്ലോമ/സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള ജല അതോറിറ്റിയിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ്-1 തസ്തികയിൽനിന്നും സ്ഥാനക്കയറ്റം ലഭിച്ച 161 അസിസ്റ്റന്റ് എഞ്ചിനീയർമാരുണ്ട്. ഇതിൽ 121 പേർ ഡിപ്ലോമ ക്വാട്ടയിലും 40 പേർ സർട്ടിഫിക്കറ്റ് ക്വാട്ടയിലും ജോലി ചെയ്യുന്നു.

(ബി) 2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ജല അതോറിറ്റിയിൽനിന്ന് എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ റിട്ടയർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ജല അതോറിറ്റിയിൽനിന്ന് 23 അസിസ്റ്റന്റ് എഞ്ചിനീയർമാർ റിട്ടയർ ചെയ്തിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റിയിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള ജല അതോറിറ്റിയിൽ നിലവിൽ 24 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ട്. ഇതിൽ 23 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരൊഴിവ് പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവ് 2024-ൽ കമ്മീഷൻ ചെയ്യേണ്ട ജൽജീവൻ മിഷൻ പദ്ധതികളെ ഏതെങ്കിലും തരത്തിൽ ബാധിക്കാൻ സാദ്ധ്യതയുണ്ടോയെന്ന് വിശദമാക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽനിന്നും മറ്റ് ഓഫീസുകളിൽനിന്നും പുനർവിന്യാസം ചെയ്ത് ജൽജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പി.എസ്.സി.

റാങ്ക് ലിസ്റ്റ് ഇല്ലാത്തതിന്റെ ഭാഗമായി 23 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. അടിയന്തരമായി അസിസ്റ്റന്റ് എഞ്ചിനീയർ അടക്കമുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ജലഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന മണൽ തിട്ടകൾ മാറ്റുന്നത്**

199 (4619) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിലും പരിസര പ്രദേശങ്ങളിലും കായലുകളിൽ പുതുതായി രൂപംകൊണ്ട മണൽതിട്ടകൾ ജലഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കായലുകളിലും ബോട്ടുചാലുകളിലും ജെട്ടികളിലും രൂപംകൊണ്ട മണൽതിട്ടകൾ മാറ്റുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

വേമ്പനാട്ടുകായൽ മുതൽ മണികണ്ഠൻ ആറുവരെയുള്ള ചെങ്ങണ്ടയാറിന്റെ ആഴം കൂട്ടുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായുള്ള 46 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിലെ അരൂക്കുറ്റി ബോട്ട് റൂട്ട് ചാനൽ ദേശീയ ജലപാത മുതൽ പുതിയ ബോട്ട് ജെട്ടി വരെ ആഴം കൂട്ടുന്നതിനുള്ള 25 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ പാണാവള്ളി, പെരുമ്പളം ബോട്ട് റൂട്ടിൽ മണൽ അടിഞ്ഞ് ബോട്ട്/ജങ്കാർ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നത് നീക്കാനുള്ള പ്രവൃത്തിക്ക് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**മാഞ്ഞൂർ പഞ്ചായത്തിൽ എം.വി.ഐ.പി. സ്ഥലത്ത് അങ്കണവാടി**

200 (4620) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂർ പഞ്ചായത്തിലെ 2, 9 വാർഡുകളിൽ എം.വി.ഐ.പി. (മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്) സ്ഥലത്ത് അങ്കണവാടി പണിയുന്നതിനാവശ്യമായ ഭൂമി അനുവദിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ 2, 9 വാർഡുകളിലെ 159, 147 നമ്പർ അങ്കണവാടികളുടെ നിർമ്മാണത്തിന് ജലവിഭവ വകുപ്പിന്റെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന് കീഴിലുള്ള കോതനെല്ലൂർ, മാഞ്ഞൂർ എന്നിവിടങ്ങളിലെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഭൂമി കൈമാറ്റ വിഷയത്തിൽ സാമൂഹ്യനീതി (വനിതാ ശിശു വികസനം) വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിച്ചശേഷം തുടർ നടപടികൾ പരിശോധിക്കാവുന്നതാണ്.

(ബി) അങ്കണവാടി നിർമ്മാണത്തിനുള്ള പ്ലാനും പ്രൊപ്പോസലും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; എന്നാണ് ഇവ ലഭിച്ചത്; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

അങ്കണവാടി നിർമ്മാണത്തിനുള്ള പ്ലാനും പ്രൊപ്പോസലും 28-1-2020-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പദ്ധതിക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദീകരിക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങൾ, കലുങ്കുകൾ

201 (4621) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പുഴകളുടെയും തോടുകളുടെയും കൈവഴികളിൽ വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങൾ, കലുങ്കുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾക്കായി ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിർമ്മിതികളിൽ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വകുപ്പ് കണ്ടെത്തിയിട്ടുള്ളത് ഏതെല്ലാമാണ്; ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം ജില്ലയിൽ മങ്കട മണ്ഡലത്തിൽ പുഴകളുടെയും തോടുകളുടെയും കൈവഴികളിൽ ജലസേചന വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങളും കലുങ്കുകളും അവയുടെ അറ്റകുറ്റപ്പണികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**നാദാപുരം മണ്ഡലത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുനൽകുന്നത്**

202 (4622) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ കളിവീട് അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിട്ടുനൽകാൻ നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) അങ്കണവാടി നിലവിൽ പ്രവർത്തിച്ചുവരുന്ന ഓലക്കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലം എന്നത്തേയ്ക്ക് കൈമാറാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) നാദാപുരം മണ്ഡലത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര കനാലിനടുത്തുള്ള അഞ്ച് സെന്റ് ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകണമെന്നുള്ള ആവശ്യത്തിന്മേലുള്ള പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ ടി സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച്, സർവ്വേ സ്കെച്ച്, എൻ.ഒ.സി., കനാൽ സുരക്ഷാ സർട്ടിഫിക്കറ്റ്, ക്രോസ് സെക്ഷൻ, സൈറ്റ് പ്ലാൻ എന്നിവ നൽകിയപ്പോൾ സർവ്വേ വകുപ്പ് പത്ത് സെന്റ് സ്ഥലം നിർദ്ദേശിച്ചതിനാൽ അതിൽ വ്യക്തത വരുത്തി ആവശ്യപ്പെട്ട പ്രകാരമുള്ള അഞ്ച് സെന്റ് സ്ഥലം നൽകുന്നതിനായി സ്കെച്ച് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി സത്വര തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ സബ് ഡിവിഷൻ ഓഫീസ്

203 (4623) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ സബ് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് ജല ഗുണനിലവാര ലാബ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ സബ് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടിയ സബ് ജില്ലാ ജല ഗുണനിലവാര ലാബ് സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

## വെള്ളക്കര കുടിശ്ശിക

204 (4624) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സ്ഥാപനങ്ങൾ നാളിതുവരെ വാട്ടർചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക എത്ര; കുടിശ്ശിക വരുത്തിയ പ്രസ്തുത സർക്കാർ സ്ഥാപനങ്ങളുടെ പേര് സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വാട്ടർ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് 20-10-2021-ലെ ലെഡ്ജർ ബാലൻസ് അനുസരിച്ച് 422.36 കോടി രൂപ ലഭ്യമാകാനുണ്ട്. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പേരുവിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത് ഈടാക്കാൻ വാട്ടർ അതോറിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ വകുപ്പുകൾക്കും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് കത്തുകൾ നൽകാറുണ്ട്. മാത്രമല്ല കുടിശ്ശിക തുക അടയ്ക്കണമെന്ന് വകുപ്പ് മേധാവികളെ നേരിൽക്കണ്ടും ആവശ്യപ്പെടാറുണ്ട്. കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കാൻ സന്നദ്ധമാകുന്ന വകുപ്പുകൾക്ക് അതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ സർക്കാർ വകുപ്പുകളിലെ കുടിശ്ശികകൾക്ക് പരമാവധി ഇളവുകൾ നൽകി തീർപ്പ് കൽപ്പിക്കാറുണ്ട്.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ബാപ്പൂക്കലിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട്

205 (4625) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പൂക്കലിൽ പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പൂക്കൽ തോടിന് കുറുകെ മുണ്ടാപ്രത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിനുള്ള 1,330 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി ഹരിതകേരളം ക്ലാസ്സ്-1 സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഹരിതകേരളം സ്കീമിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ കണ്ണൂർ എം.ഐ. ഡിവിഷനിൽ സ്വീകരിച്ചുവരുന്നു.

## ജലസ്രോതസ്സ് സംരക്ഷണ നിയമം

206 (4626) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ?

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം സാദ്ധ്യമാണ്. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി നിയമപ്രകാരം മൂന്ന് വർഷംവരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയുമാണ് കുറ്റക്കാർക്ക് ലഭിക്കുന്നത്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്കും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി സ്വീകരിക്കാൻ കഴിയും.

(ബി) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമപ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയതിന് കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പോലീസിൽ പരാതി നൽകുന്നതിന് ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിരിക്കുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 27 കേസുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെ നൽകുന്ന പരാതികൾ അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി ബഹു. ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്ത് ശിക്ഷ വിധിക്കുകയാണ് ചെയ്യുന്നത്. പോലീസ് അധികൃതരാണ് മേൽപ്പറഞ്ഞ അന്വേഷണം നടത്തുകയും കോടതി മുഖാന്തരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്.

**ബാവിക്കര തടയണയോട് ചേർന്ന് പാലം നിർമ്മിക്കുന്നത്**

207 (4627) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര തടയണയോട് ചേർന്ന് പാലം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ബാവിക്കര തടയണയോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന പാലത്തിന്റെ ഡിസൈനിന് വേണ്ടിയുള്ള വിശദവിവരങ്ങൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചപ്പോൾ ആയതിന്റെ അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ (റോഡിന്റെ റെഡ്യൂസ്ഡ് ലെവലുകൾ Borehole details, soil report എന്നിവ) ആവശ്യപ്പെട്ടിരുന്നു. ഇതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് ഐ.ആർ.ഡി.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## യീൽഡ് ടെസ്റ്റിംഗ് സംവിധാനം

208 (4628) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന ജനങ്ങൾ അധിവസിക്കുന്ന കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ഭൂഗർഭ ജലവിഭവ വകുപ്പിന്റെ യീൽഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ രണ്ട് കുടിവെള്ള പദ്ധതികളുടെ (കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊറ്റയിൽ പടിഞ്ഞാറെത്തൊടി, വെള്ളറ കുടിവെള്ള പദ്ധതികൾ) യീൽഡ് ടെസ്റ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ യീൽഡ് ടെസ്റ്റ് ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്.

(ബി) പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾക്കായി എത്ര യീൽഡ് ടെസ്റ്റിംഗ് മെഷീനുകളുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ യീൽഡ് ടെസ്റ്റിംഗ് മെഷീനുകൾ നിലവിലുണ്ട്.

(സി) ഭൂഗർഭ ജലവകുപ്പിന് വേണ്ടത്ര യീൽഡ് ടെസ്റ്റിംഗ് മെഷീൻ അനുവദിക്കുന്നതിനോ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വകുപ്പിനാവശ്യമായ യീൽഡ് ടെസ്റ്റിംഗ് മെഷീൻ വാങ്ങുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുടിവെള്ള ഗുണനിലവാര പരിശോധന

209 (4629) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകളിൽനിന്നുള്ള ജലം ഉപയോഗയോഗ്യമാണോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം വെളിപ്പെടുത്തുമോ?

ഗ്രാമീണ മേഖലയിലുള്ള കിണർ, ബോർവെൽ തുടങ്ങി മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടി ജൽജീവൻ മിഷന്റെ ഭാഗമായി കുടുംബശ്രീയുമായി സഹകരിച്ച് ചെയ്തുവരുന്നു. സംസ്ഥാനത്ത് ജല അതോറിറ്റി, പബ്ലിക് ഹെൽത്ത്, മലിനീകരണ നിയന്ത്രണ ബോർഡ്, ഭൂജല വകുപ്പ് എന്നിവയുടെ ജല ഗുണനിലവാര പരിശോധനാ ലാബുകളിൽ കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള ജലം ഉപയോഗയോഗ്യമാണോ എന്ന് പരിശോധിക്കുന്നുണ്ട്. ജൽജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകളിൽ നിന്നുമുള്ള ജലം, കേരള ജല അതോറിറ്റി ക്വാളിറ്റി കൺട്രോൾ സബ് ജില്ലാ ലാബുകളിലും പരിശോധിക്കുന്നുണ്ട്. സ്രോതസ്സിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരമനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

(സി) ഇതിനായി മൊബൈൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകൾ ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കാനും ലാബ് പരിശോധനയ്ക്കും സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ മൊബൈൽ ലാബ് സംവിധാനം ആവശ്യമായി വരുന്നില്ല.

(ഡി) സ്വകാര്യ കുടിവെള്ള സ്രോതസ്സുകളിൽനിന്നുള്ള ജലം യഥാകാലം ഗുണനിലവാര പരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിലുള്ള കിണർ, ബോർവെൽ തുടങ്ങിയ മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് പരിശോധിക്കുകയും ലാബുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. പരിശോധനാ ഫലങ്ങൾ കേന്ദ്ര സർക്കാരിന്റെ വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ച് ജില്ലാ, സംസ്ഥാന, കേന്ദ്ര തലങ്ങളിൽ വിലയിരുത്തുന്നു.

(ഇ) ജലജന്യ രോഗങ്ങളിൽനിന്നും സംരക്ഷണം ഉറപ്പാക്കുന്നതിന് ഗ്രാമീണ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും കൂടുതൽ കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലജന്യ രോഗങ്ങളിൽനിന്നും സംരക്ഷണം ഉറപ്പാക്കുന്നതിനും ഗ്രാമീണ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1) പഞ്ചായത്തുകളിൽ നിർവ്വഹണ സഹായ ഏജൻസി (ഐ.എസ്.എ.) ആയി സന്നദ്ധ സംഘടനകളെ നിയമിക്കുകയും ഐ.എസ്.എ.-യുടെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് വാട്ടർ ആന്റ് സാനിറ്റേഷൻ കമ്മിറ്റി (ജി.പി.ഡബ്ല്യു.എസ്.സി.) അംഗങ്ങൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃ സമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, കുടുംബശ്രീ, അങ്കണവാടി അദ്ധ്യാപകർ, ആശാപ്രവർത്തകർ തുങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.

2) ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉണ്ടാക്കുന്നതിനായി പഞ്ചായത്തുകളിൽ വിദ്യാർത്ഥികളെയും കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിച്ച് ജലസാക്ഷരത റാലികൾ, വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

3) സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കി വിതരണം ചെയ്തു.

4) ജലസംരക്ഷണ ശുചിത്വ സന്ദേശങ്ങളുള്ള റേഡിയോ-ടിവി പരസ്യങ്ങൾ, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുവരെഴുത്ത്, ഹോർഡിംഗ്സ്, പോസ്റ്ററുകൾ, സ്കൂൾ കുട്ടികൾക്ക് നെയിം സ്ലിപ്പ്, ടൈംടേബിൾ കാർഡ്, പെൻസിൽ പൗച്ച് എന്നിവയുടെ വിതരണം, സ്കൂൾതല മത്സരങ്ങൾ, അങ്കണവാടി കുട്ടികൾക്ക് നെയിം സ്ലിപ്പ്, പെൻസിൽ-പൗച്ച്-വാട്ടർ ബോട്ടിൽ-സ്കൂൾ ബാഗ് വിതരണം, പഞ്ചായത്തിലും ആരോഗ്യ കേന്ദ്രത്തിലും ജലപരിശോധന ലാബുകളിലും എൽ.ഇ.ഡി. വീഡിയോ വാളുകൾ, പഞ്ചായത്തുകളിൽ മൈക്ക് അനൗൺസ്മെന്റുകൾ, വാട്ടർ റിസോഴ്സ് മാപ്പിംഗ്, തെരുവുനാടകം/ഫ്ലാഷ് മോബ്/കിറ്റി ഷോ/പപ്പെറ്റ് ഷോ, കലാജാഥ, നാടൻ പാട്ടുകൾ, റാലികൾ ഗ്രാമസഭ, സെമിനാറുകൾ, പ്രദർശനങ്ങൾ, ലഘുലേഖകൾ, പരിശീലനങ്ങൾ തുടങ്ങിയവയും നടത്താൻ ഉദ്ദേശിക്കുന്നു.

5) ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സെമിനാറുകൾ നടത്താനുദ്ദേശിക്കുന്നുണ്ട്.

6) ജൽജീവൻ മിഷൻ പദ്ധതിയിലൂടെ കുടിവെള്ള സ്രോതസ്സുകളിലെ ജലഗുണനിലവാര പരിശോധന കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് സൗജന്യമായി ചെയ്തുവരുന്നു.

7) കുടിവെള്ള സ്രോതസ്സുകളിലെ ജലഗുണനിലവാരം മെച്ചപ്പെടുത്താൻ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കിണർ റീചാർജ് യൂണിറ്റുകൾ നിർമ്മിക്കുന്നു.

8) സാമൂഹ്യ കുടിവെള്ള പദ്ധതികളിൽ പൈപ്പ്ലൈനുകളിൽ ലീക്ക് ഇല്ലെന്ന് ഉറപ്പുവരുത്താൻ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു, വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നു.

9) ജല ദുരുപയോഗത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാട്ടർ ഓഡിറ്റിംഗിന് സമിതികളെ സജ്ജരാക്കുന്നു.

10) കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

210 (4630) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെ കടൽഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെയുള്ള ഭാഗങ്ങളിൽ കടൽത്തീര സംരക്ഷണത്തിനായി ഏറ്റെടുത്ത പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ജലവിഭവ വകുപ്പിലെ എഞ്ചിനീയർ തസ്തികകൾ**

211 (4631) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ അപ്രഖ്യാപിത നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ?

നിലനിൽക്കുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജലവിഭവ വകുപ്പിന് കീഴിൽ വിവിധ വിഭാഗങ്ങളിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

കേരള വാട്ടർ അതോറിറ്റിയിലെ 23 ഒഴിവുകളും ഭൂജല വകുപ്പിലെ ഒരൊഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിലെ നാല് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ജലവിഭവ വകുപ്പിൽ വിവിധ വിഭാഗങ്ങളിൽ ഉയർന്ന എഞ്ചിനീയർ തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ നിർത്തിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർന്ന തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

നിർത്തിവച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തുടങ്ങിയ തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേരുന്നതിനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി) ജലവിഭവ വകുപ്പിൽ ആകെ എത്ര എഞ്ചിനീയർ തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്ന് തസ്തിക തിരിച്ച് കണക്ക് നൽകാമോ; ഇവ നികത്തുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പിൽ ഒഴിവുള്ള എഞ്ചിനീയർ തസ്തികകളുടെ എണ്ണവും അവ നികത്തുന്നതിന് സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും**

212 (4632) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണം കാരണം ശുദ്ധമായ കുടിവെള്ള ലഭ്യത കുറഞ്ഞുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണം കാരണം ശുദ്ധമായ കുടിവെള്ള ലഭ്യത കുറഞ്ഞുവരുന്നത് ഗൗരവമായി കാണുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും ഉറപ്പാക്കുന്നതിന് ഏതെങ്കിലും പ്രത്യേക അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണ നിയന്ത്രണവും ലക്ഷ്യമിട്ട് ഒരു പ്രത്യേക അതോറിറ്റി നിലവിൽ രൂപീകരിച്ചിട്ടില്ല. ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്വീവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ട്. സ്വീവറേജ് വെർട്ടിക്കലിൽ 14 ജില്ലകളിലെയും സ്വീവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ശുദ്ധജല ലഭ്യതയുള്ള ജലസ്രോതസ്സുകളുടെയും മാലിന്യമുക്തമാക്കി ശുദ്ധജല സ്രോതസ്സായി ഉപയോഗിക്കാവുന്നവയുടെയും പട്ടിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ചെറുതും വലുതുമായ ഇത്തരം സ്രോതസ്സുകളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതു ജലസ്രോതസ്സുകളായ കുളങ്ങളുടെ പ്രാഥമികമായ വിവരശേഖരണം ജലസേചന വകുപ്പിന്റെ രൂപകൽപ്പനയും പര്യവേഷണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ചെറുതും വലുതുമായ കുളങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിലും ജലഗുണനിലവാര പരിശോധന നടത്തി ശുദ്ധജലലഭ്യതയുള്ള ജലസ്രോതസ്സുകൾ എന്ന പ്രത്യേക പട്ടിക തയ്യാറാക്കിയിട്ടില്ല. ഇത്തരമൊരു പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിൽ ജലസേചന വകുപ്പിൽ ലഭ്യമല്ല. എന്നാൽ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തട പ്ലാനിൽ" ചെറുതും വലുതുമായ ജലസ്രോതസ്സുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ "ഹരിതകേരളം ശീർഷകത്തിൽ" ലഭ്യമായിട്ടുള്ള തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കുന്ന പ്രവർത്തനം നിർവ്വഹിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ ജൽജീവൻ മിഷൻ

213 (4633) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുവദിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വകയിരുത്തിയ തുക എത്രയാണെന്നും വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തുകളിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി യഥാക്രമം 3,136.80 ലക്ഷം രൂപ, 1,861.80 ലക്ഷം രൂപ, 2,842.20 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായുള്ള സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്തുകളുടെ വിഹിതം, ഗുണഭോക്തൃ വിഹിതം, നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം പദ്ധതി ചെലവിന്റെ 50% കേന്ദ്ര വിഹിതവും 25% സംസ്ഥാന സർക്കാർ വിഹിതവും 15% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമായാണ് നിശ്ചയിച്ചിട്ടുള്ളത്. ജൽജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പദ്ധതിക്കായി വിഹിതം നിശ്ചയിച്ചിട്ടില്ല. എന്നാൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിയനുസരിച്ച് എത്ര കുടിവെള്ള കണക്ഷനുകളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതി മുഖേന നിലവിൽ എത്ര കണക്ഷൻ നൽകിയെന്നും ലക്ഷ്യമിട്ട മുഴുവൻ കണക്ഷനുകളും എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(സി&ഡി) വടകരപതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി നൽകാൻ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകളുടെയും നൽകിയ കണക്ഷനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 31-3-2022-ഓടെ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ മിഷൻ

214 (4634) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ ഭാഗമായി ആറ് പഞ്ചായത്തുകളിലായി വാട്ടർ കണക്ഷന് അപേക്ഷിച്ചവരുടെ എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് ഇനി നൽകാനാകുമെന്നുമുള്ള വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപ്പാടം കുടിവെള്ള പദ്ധതി

215 (4635) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം, മണ്ണാർക്കാട് മണ്ഡലങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപ്പാടം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തച്ചനാട്ടുകര, അലനല്ലൂർ-കോട്ടോപ്പാടം കുടിവെള്ള പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാംഘട്ടം കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി 31-12-2019-ന് പൂർത്തീകരിച്ചു. ജൽജീവൻ മിഷനിൽ ഉൾപ്പെട്ട രണ്ടാംഘട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018 പ്രകാരമുള്ള നിരക്കിനനുസരിച്ച് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിൽ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം

216 (4636) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജീവനക്കാരുടെ അഭാവംമൂലം ജൽജീവൻപോലെ സമയബന്ധിതമായി പൂർത്തിയാക്കേണ്ട പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസവും തടസ്സവും വരുന്നതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ജൽജീവൻപോലുള്ള പദ്ധതികൾ തുടർച്ചയായി ചെയ്യേണ്ടതിനാൽ ഒഴിവുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് പദ്ധതികളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി-ഡി) കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിൽ ഒഴിവുള്ള ജീവനക്കാരുടെ എണ്ണവും സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വയനാട് ജില്ലയിൽ പുതിയ പ്രോജക്ട് ഡിവിഷൻ

217 (4637) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ പുതിയ പ്രോജക്ട് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് യുക്തിസഹമായ രീതിയിൽ ഓഫീസുകളുടെ ജോലിഭാരം അനുസരിച്ച് എല്ലാ ഡിവിഷൻ ഓഫീസുകളുടേയും പുനഃക്രമീകരണം നടത്തുന്നതിനായി അതോറിറ്റിയുടെ 420-ാമത് ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം വിവിധ ജില്ലകളിൽനിന്ന് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പുനഃസംഘടന സംബന്ധിച്ച തീരുമാനപ്രകാരം മാത്രമേ പുതിയ സെക്ഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**പേരാമ്പ്ര മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

218 (4638) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് പുതിയ വാട്ടർ കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ. നം. | പഞ്ചായത്ത് | പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകളുടെ എണ്ണം (20-10-2021 വരെ) |
|---|---|---|
| 1. | ചങ്ങരോത്ത് | 210 |
| 2. | ചക്കിട്ടപ്പാറ | 12 |
| 3. | കൂതാളി | 274 |
| ആകെ | | 496 |

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ വഴി ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം കണ്ടെത്തി ജനങ്ങളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടിവെള്ളത്തിന്റെ അളവും ഗുണനിലവാരവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് എല്ലാവർക്കും പങ്കുണ്ടെന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പദ്ധതിയുടെ പ്രയോജനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വിവിധ എൻ.ജി.ഒ.-കളെ പദ്ധതി നിർവ്വഹണ

സഹായ ഏജൻസികളായി പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുണ്ട്. പെരുവണ്ണാമൂഴി ജലശുദ്ധീകരണശാലയിൽനിന്ന് പേരാമ്പ്ര പഞ്ചായത്തിലെ ചിലമ്പ് വളവിലുള്ള ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്ന പൈപ്പുകൾ കാലപ്പഴക്കംമൂലം നശിച്ചുപോയതിനാൽ അവ നവീകരിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 18,22,70,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 2-4-2022-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത് പൂർത്തിയാകുന്നതോടുകൂടി ജൽജീവൻ മിഷൻ പദ്ധതിയിൻ കീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ പുതിയ കണക്ഷനുകൾ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ആലപ്പുഴ മണ്ഡലത്തിലെ വാട്ടർ ടാങ്ക് നിർമ്മാണം**

219 (4639) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആര്യാട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ആലപ്പുഴ മുനിസിപ്പാലിറ്റിക്കും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 25-6-2019-ൽ 211.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ ആര്യാട് പഞ്ചായത്തിനുവേണ്ടി വ്യാസപുരത്ത് 9 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയും മണ്ണഞ്ചേരി പഞ്ചായത്തിനുവേണ്ടി കലവൂരിൽ 12 ലക്ഷം ശേഷിയുള്ള ജലസംഭരണിയും അനുബന്ധ പമ്പിംഗ് ലൈനുകളും ജലവിതരണ ശൃംഖലയുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ആര്യാട് പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജലസംഭരണിക്ക് കോമളപുരം വില്ലേജിൽ സർവ്വേ നമ്പർ 110/11-ൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വകുപ്പിന്റെ അധീനതയിലുള്ള 13 സെന്റ് സ്ഥലമാണ്, 8-5-2019-ലെ ആര്യാട് പഞ്ചായത്തിന്റെ തീരുമാനപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥലം വിട്ടുനൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ് തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ ടി വിഷയം ജില്ലാ കളക്ടറുടെയും ആലപ്പുഴ എം.എൽ.എ.-യുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിക്കുകയുള്ളൂ.

(ബി) കലവൂരിൽ വാട്ടർ ടാങ്ക് നിർമ്മാണം തടസ്സപ്പെട്ടത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മണ്ണഞ്ചേരി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജലസംഭരണിക്ക് കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിനുസമീപം സർവ്വേ നമ്പർ 68/10-ൽ ഉൾപ്പെട്ട ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലമാണ്, 7-5-2019-ലെ മണ്ണഞ്ചേരി പഞ്ചായത്തിന്റെ തീരുമാനപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ സ്ഥലം വിട്ടുനൽകാൻ ഹൗസിംഗ് ബോർഡിനോട് അഭ്യർത്ഥിച്ചെങ്കിലും ടി സ്ഥലം ഉൾപ്പെടെയുള്ള 6.76 ഏക്കർ ഭൂമി ആലപ്പുഴ ഡെവലപ്മെന്റ് പ്രോഗ്രാമിനായി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിരിക്കുന്നതിനാൽ സ്ഥലം വിട്ടുനൽകുന്നതിന് ഉന്നത തലത്തിലുള്ള നിർദ്ദേശത്തിന് വിധേയമായി മാത്രമേ സാധിക്കുകയുള്ളൂവെന്നാണ് ഹൗസിംഗ് ബോർഡ് അറിയിച്ചിട്ടുള്ളത്. സ്ഥലം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

11-10-2021-ൽ ആലപ്പുഴ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കിഫ്ബി അധികൃതരുമായി കൂടിയ അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും മേൽ സൂചിപ്പിച്ച രണ്ട് സ്ഥലങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ അതത് വകുപ്പുമന്ത്രിമാരെക്കൂടി ഉൾപ്പെടുത്തി ചർച്ചയിലൂടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**നിർമ്മാണം തടസ്സപ്പെട്ട കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ നടപടി**

220 (4640) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് നൽകാനുള്ള തുക കൊടുത്തുതീർക്കാത്തതിനാൽ നിർമ്മാണത്തിലിരിക്കുന്ന ഏതെങ്കിലും കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ?

കരാറുകാർക്ക് നൽകാനുള്ള തുക കൊടുത്തുതീർക്കാത്തതിനാൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത

സാഹചര്യം നിലവിലില്ല. എന്നാൽ കരാറുകാർക്ക് തുക നൽകാൻ കഴിയാത്തതിനാൽ ചില പ്രവൃത്തികൾ മന്ദഗതിയിലായിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീമുകളിലെ ചില പദ്ധതികളുടെ റോഡ് റെസ്റ്റോറേഷൻ തുക നൽകാൻ സാധിക്കാത്തതുകാരണം പദ്ധതികൾക്ക് ചെറിയ കാലതാമസമുണ്ടായിട്ടുണ്ട്. ഇക്കാരണത്താൽ കരാറുകാർ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചില പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുന്ന സീതത്തോട്-പെരുനാട് (നിലയ്ക്കൽ) പഞ്ചായത്ത് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 766.69 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

2) സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ വരുന്ന മല്ലപ്പള്ളി, അനിക്കാട്, കോട്ടങ്ങൽ (ഭാഗികം) രണ്ടാംഘട്ട കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 179.52 ലക്ഷം രൂപ കരാറുകാർക്ക് കുടിശ്ശികയുണ്ട്.

3) കിഫ്ബി പദ്ധതിയിൽ തൃക്കൊടിത്താനം ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ മിഠായി കമ്പനി മുതൽ ഫാത്തിമപുരം വരെ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 47 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ബി) ഇപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

നിർമ്മാണം മന്ദഗതിയിലായ പ്രവൃത്തികൾ പൂർത്തിയാക്കാനായി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കിഫ്ബി പ്രവൃത്തികളുടെ തുക വിട്ടുതൽ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി കിഫ്ബിക്ക് ഫണ്ട് റിക്വസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടുകൾ നൽകുന്ന മുറയ്ക്ക് മന്ദഗതിയിലായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(സി) കരാറുകാർക്കുള്ള കുടിശ്ശിക കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തെ ബാധിക്കാത്തവിധം സംവിധാനമൊരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കുടിശ്ശിക ബില്ലുകളുടെ തുകയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച ഉപധനാഭ്യർത്ഥന (SDG) പരിശോധിച്ചുവരികയാണ്.

## നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട്

221(4641) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലത്ത് നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ടുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കനാലുകളും തോടുകളും വൃത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കനാലുകളും തോടുകളും വൃത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചി കോർപ്പറേഷൻ പരിധിയിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതിനായി കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പാക്കിയ "ഓപ്പറേഷൻ ബ്രേക്ക് ത്രൂ" പദ്ധതിയിൽ തോടുകളും കനാലുകളും വൃത്തിയാക്കുകയും വിവിധ സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ/ചെളി തുടങ്ങിയവ നീക്കംചെയ്യുകയും തോടുകളും കനാലുകളും എത്തിച്ചേരുന്ന പ്രദേശങ്ങളിലെ തടസ്സങ്ങൾ നീക്കി നീർവാർച്ച സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃകയിൽ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ "ഓപ്പറേഷൻ അനന്ത" പദ്ധതിയുടെ ഭാഗമായി ഓടകൾ/തോടുകൾ എന്നിവ വൃത്തിയാക്കി നീർവാർച്ച സുഗമമാക്കാനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും സാധിച്ചിട്ടുണ്ട്. തോടുകൾ/ ഓടകൾ/ നദികളോട് ചേർന്ന പാലങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ കമ്പിവേലികൾ നിർമ്മിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. എറണാകുളം, തിരുവനന്തപുരം നഗരങ്ങൾക്ക് പുറമേ മറ്റ് ജില്ലകളിലും ബഡ്ജറ്റ് വിഹിതം പ്രയോജനപ്പെടുത്തി മേൽ വിവരിച്ച മാതൃകയിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായി നടപ്പിലാക്കിയ ക്യാമ്പയിനിന്റെ ഭാഗമായി 10253 കിലോമീറ്റർ നീർച്ചാലുകൾ വൃത്തിയാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി ഇവ വൃത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

മാലിന്യ സംസ്കരണവും ഉറവിട മാലിന്യ സംസ്കരണവും ശാസ്ത്രീയമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നീർവാർച്ച സുഗമമാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓടകളും തോടുകളും സമയബന്ധിതമായി വൃത്തിയാക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കി വരുന്ന "ശ്രീ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി"-യുടെ സേവനം മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

222 (4642) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും നിലവിലെ അവസ്ഥയും വിശദീകരിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി രാമന്തളി പഞ്ചായത്തിൽ 4026 കുടിവെള്ള കണക്ഷനുകളും എരമം-കുറ്റൂർ പഞ്ചായത്തുകളിൽ ഒന്നാംഘട്ടത്തിൽ 500 കുടിവെള്ള കണക്ഷനുകളും രണ്ടാംഘട്ടത്തിൽ 6543 കുടിവെള്ള കണക്ഷനുകളും കാങ്കോൽ-അലപ്പടമ്പ പഞ്ചായത്തുകളിൽ 5035 കുടിവെള്ള കണക്ഷനുകളും കരിവെള്ളൂർ-പേരളം പഞ്ചായത്തുകളിൽ 5670 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രാമന്തളി പഞ്ചായത്തിൽ 3312 കുടിവെള്ള കണക്ഷനുകളും എരമം-കുറ്റൂർ പഞ്ചായത്തുകളിൽ ഒന്നാംഘട്ടത്തിൽ 441 കുടിവെള്ള കണക്ഷനുകളും 21-10-2021 വരെ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി രാമന്തളി പഞ്ചായത്തിൽ 37 കി.മീ. വിതരണ ശൃംഖല ദീർഘിപ്പിക്കുകയും പഴയ ജലസംഭരണി പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. എരമം-കുറ്റൂർ പഞ്ചായത്തിൽ ഒന്നാംഘട്ടം പ്രവൃത്തിയുടെ ഭാഗമായി 6.5 കി.മീ. വിതരണ ശൃംഖല ദീർഘിപ്പിക്കുകയും ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എരമം-കുറ്റൂർ (രണ്ടാംഘട്ടം), കാങ്കോൽ-അലപ്പടമ്പ, കരിവെള്ളൂർ-പേരളം എന്നീ പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ, പെരിങ്ങോം-വയക്കര എന്നീ പഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി എത്ര പുതിയ കണക്ഷനുകളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 21-10-2021 വരെ 3753 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

## ഇ-ടാപ്പ് പദ്ധതി

223 (4643) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ടാപ്പ് പദ്ധതി വിശദീകരിക്കാമോ; വാട്ടർ അതോറിറ്റിക്ക് കീഴിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുവേണ്ടിയും സ്വീവറേജ് കണക്ഷനുവേണ്ടിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആണ് ഇ-ടാപ്പ്. ഈ വിധത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പരിശോധിക്കാനും തുടർ നടപടികൾ സ്വീകരിച്ച് കണക്ഷൻ നൽകാനും ഇ-ടാപ്പ് സോഫ്റ്റ്‌വെയറിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മൂന്ന് സെക്ഷൻ ഓഫീസുകളിലാണ് ഇ-ടാപ്പ് പദ്ധതി നടപ്പിലാക്കുന്നത്.

1) തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള പാളയം സെക്ഷൻ ഓഫീസ്.

2) തിരുവനന്തപുരം സൗത്ത് ഡിവിഷന് കീഴിലുള്ള പി.ടി.പി. നഗർ സെക്ഷൻ ഓഫീസ്.

3) കോഴിക്കോട് ഡിവിഷന് കീഴിലുള്ള ഡിസ്ട്രിബ്യൂഷൻ സെക്ഷൻ-2 ഓഫീസ്.

(ബി) എല്ലാവർക്കും കുടിവെള്ളം എന്ന ആശയം യാഥാർത്ഥ്യമാക്കാൻ പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന ദൗത്യം വിശദീകരിക്കാമോ?

ഗ്രാമീണ മേഖലയിൽ നിലവിൽ ജെ.ജെ.എം. (ജൽജീവൻ മിഷൻ) പദ്ധതിയിലൂടെ സൗജന്യമായാണ് കുടിവെള്ള കണക്ഷൻ നൽകുന്നത്. ഇതിനായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് വീടുകൾ സന്ദർശിച്ച് കണക്ഷൻ നടപടിക്രമങ്ങൾ ഓൺലൈനായി പൂർത്തീകരിച്ച് കണക്ഷൻ നൽകാനായി

പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ഇ-ടാപ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്കും കുടിവെള്ള കണക്ഷനുവേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും കണക്ഷൻ ഫീസ് ഓൺലൈനായിത്തന്നെ അടയ്ക്കാനും സാധിക്കും. ഇ-ടാപ്പ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ കേരളത്തിൽ എല്ലാവർക്കും കുടിവെള്ള കണക്ഷനുവേണ്ടി വാട്ടർ അതോറിറ്റി ഓഫീസ് സന്ദർശിക്കാതെ ഓൺലൈനായി കണക്ഷൻ നടപടികൾ പൂർത്തീകരിച്ച് കണക്ഷൻ ലഭ്യമാക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻവേണ്ട ഓൺലൈൻ സൗകര്യങ്ങൾ എന്തെല്ലാമാണ്; അതിനായി വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇ-ടാപ്പ് പദ്ധതി നടപ്പാക്കാൻ ഇന്റർനെറ്റ് കണക്ഷനും കമ്പ്യൂട്ടറും ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ നിലവിൽ ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

224 (4644) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ എണ്ണവും വകയിരുത്തിയ തുകയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) 2024-ഓടെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ കഴിയുന്നതാണ്. വള്ളിക്കുന്ന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

225 (4645) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടത്തിവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി (1) ആദിച്ചനല്ലൂർ; (2) ചാത്തന്നൂർ; (3) ചിറക്കര; (4) കല്ലുവാതുക്കൽ; (5) പൂതക്കുളം; (6) പൂയപ്പള്ളി എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തികൾ നടത്തിവരുന്നു.

(ബി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നും നിലവിൽ എത്ര ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പഞ്ചായത്തുകളിൽ നിലവിൽ നൽകാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഗുണനിലവാരമില്ലാത്ത കുടിവെള്ളത്തിന്റെ വിതരണം തടയൽ**

226 (4646) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും മലിനവുമായ കുടിവെള്ളം ലോറികളിൽ എത്തിച്ച് വിതരണം ചെയ്യുന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് തടയുന്നതിനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) വാട്ടർ അതോറിറ്റിയിൽനിന്നും ടാങ്കർ ലോറി വഴി നൽകുന്ന കുടിവെള്ളം മലിനമായതാണെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച കുടിവെള്ളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം വിതരണം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറിവഴി വിതരണംചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിന് ശ്രീ. ആർ. രാമചന്ദ്രൻ പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് സമർപ്പിച്ച ഹർജിയിന്മേൽ 'ഓപ്പറേഷൻ പ്യുവർ വാട്ടർ' എന്ന പദ്ധതിക്ക് നിയമസഭാ സമിതി രൂപം നൽകിയിട്ടുണ്ട്. ജില്ലയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലം ജല അതോറിറ്റി തന്നെ വിതരണം ചെയ്യണമെന്നും ജല അതോറിറ്റിയുടെ ഹൈഡ്രേറ്റുകളിൽനിന്ന് മാത്രമേ വിതരണത്തിനുള്ള ജലം ശേഖരിക്കാവൂ എന്നും സമിതി നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽനിന്നും ജലം നൽകിയും പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും ടി നിർദ്ദേശങ്ങൾ എറണാകുളം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ജില്ലയിൽ ടാങ്കർ ലോറി വഴിയുള്ള കുടിവെള്ള വിതരണം സുതാര്യവും കാര്യക്ഷമവുമാക്കാൻ സാധിച്ചിരുന്നു. ഇത് മറ്റ് ജില്ലകളിലും നടപ്പിലാക്കാൻ ആലോചനയുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ടാങ്കർ ലോറിവഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപ്പറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി "സുജലം സുലഭം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ള ചൂഷണം ഇത്തരത്തിൽ ഉണ്ടാകുന്നത് തടയുന്നതിന് സാധ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിവെള്ള വിതരണ വെൻഡിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. ഗുണനിലവാരമില്ലാത്തതും മലിനവുമായ കുടിവെള്ളം ടാങ്കർ ലോറിയിലെത്തിച്ച് വിതരണംചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ദേവികുളങ്ങര പഞ്ചായത്തിലെ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ**

227 (4647) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ എട്ട് അങ്കണവാടികൾക്കുള്ള കുടിവെള്ള കണക്ഷനുവേണ്ടി ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1.50 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടും നാളിതുവരെ കുടിവെള്ള വിതരണം സാധ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസം കൂടാതെ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കാത്തതിനാൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഏഴ് അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. അങ്കണവാടി നമ്പർ 2-ന് കണക്ഷൻ നൽകുന്നതിന് പി.ഡബ്ല്യു.ഡി. റോഡ് കട്ടിംഗ് അനുമതിക്കായി 22-02-2021-ൽ Right of Way (RoW) പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും റോഡ് Defect Liability Period (DLP)-ലായതിനാൽ അനുമതി ലഭ്യമായില്ല. DLP തീരുന്ന മുറയ്ക്കേ തുടർനടപടി സ്വീകരിക്കാൻ സാധിക്കു.

## സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം

228 (4648) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കണക്ഷന് സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വീട്ടിലെത്തി മീറ്റർ റീഡിംഗ് എടുക്കുന്നത് ഒഴിവാക്കി ഉപഭോക്താക്കളെ വിശ്വാസത്തിലെടുത്തുകൊണ്ട് സെൽഫ് റീഡിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ടി പുതിയ സെൽഫ് റീഡിംഗ് ആപ്പ് നിർമ്മിച്ചുകഴിഞ്ഞു. ഈ സംവിധാനം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഉപഭോക്താക്കൾക്കും ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പുതിയ മീറ്റർ പോളിസി പ്രകാരം സെൽഫ് റീഡിംഗുള്ള സാഹചര്യത്തിൽ, ഡൊമസ്റ്റിക് കണക്ഷന് രണ്ട് മാസത്തിലൊരിക്കൽ ഉപഭോക്താവ് സെൽഫ് റീഡിംഗ് എടുക്കുകയും ആറ് മാസത്തിലൊരിക്കൽ കേരള വാട്ടർ അതോറിറ്റി നേരിട്ട് റീഡിംഗ് എടുക്കുന്നതുമാണ്. ഇത് ഡൊമസ്റ്റിക് അല്ലാത്ത കാറ്റഗറിക്ക് ബാധകമല്ല. വാട്ടർ അതോറിറ്റി ഓഫീസിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾത്തന്നെ, ഉപഭോക്താവിന് എസ്.എം.എസ്. ആയി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് സ്വയം വാട്ടർ മീറ്റർ റീഡിംഗ് രേഖപ്പെടുത്താൻ സാധിക്കുന്ന സംവിധാനമാണ് സെൽഫ് മീറ്റർ റീഡിംഗ്. ഉപഭോക്താവ് മീറ്റർ റീഡിംഗ് രേഖപ്പെടുത്തി മീറ്ററിന്റെ ഫോട്ടോ എടുക്കുമ്പോൾത്തന്നെ മീറ്റർ/കണക്ഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ജിയോ ലൊക്കേഷനും രേഖപ്പെടുത്തും. ഇങ്ങനെ സമർപ്പിക്കുന്ന റീഡിംഗ് പരിശോധിച്ച്, ഉപഭോക്താവിന് ബിൽ തുകയും മറ്റ് വിവരങ്ങളും എസ്.എം.എസ്. ആയി നൽകും. ബിൽ തുക ഉപഭോക്താവിന് ഓൺലൈനായിത്തന്നെ അടയ്ക്കാനും സാധിക്കും.

(ബി) സംസ്ഥാനത്ത് മുഴുവൻ ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിക്കായി ഇന്റർനെറ്റ് ലഭ്യത എല്ലാ സ്ഥലങ്ങളിലും ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന വ്യാപകമായി ഗാർഹിക ഉപഭോക്താക്കൾക്ക് സെൽഫ് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള കവടിയാർ സെക്ഷൻ ഓഫീസിലാണ് നടപ്പിലാക്കിവരുന്നത്. ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഓഫ്‌ലൈനായി മീറ്റർ റീഡിംഗ് രേഖപ്പെടുത്താനും മീറ്ററിന്റെ ഫോട്ടോ എടുക്കാനും പിന്നീട് ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് റീഡിംഗ് അപ്‌ലോഡ് ചെയ്യാനും സാധിക്കും.

## എല്ലാവർക്കും ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കാൻ നടപടി

229(4649) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഇരുപത്തിനാല് മണിക്കൂറും ഗുണമേന്മയുള്ള കുടിവെള്ളം എത്തിക്കാൻ കഴിയുന്നുണ്ടോ?

നിലവിൽ സംസ്ഥാനത്ത് എല്ലാവർക്കും 24 മണിക്കൂറും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല.

(ബി) ഇല്ലെങ്കിൽ ഇത് എപ്പോൾ സാദ്ധ്യമാകുമെന്നും ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും അറിയിക്കാമോ; വിശദമാക്കുമോ?

എല്ലായ്പ്പോഴും ഗുണനിലവാരമുള്ള കുടിവെള്ളം എത്തിക്കുന്നതിന്റെ ആദ്യപടിയായി ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ നൽകാൻ ജൽജീവൻ മിഷൻ വഴി ലക്ഷ്യമിടുന്നു. ഇതിനോടൊപ്പം അങ്കണവാടികൾ, സ്കൂളുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുകൂടി കുടിവെള്ള കണക്ഷൻ നൽകിവരുന്നുണ്ട്. 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതോടൊപ്പംതന്നെ നഗരമേഖലയിലെ മുഴുവൻ വീടുകളിലും കുടിവെള്ളം

എത്തിക്കുന്നതിനായി അർബൻ ജൽജീവൻ മിഷൻ വിഭാവനം ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24×7 ജലവിതരണ സംവിധാനം ഏർപ്പെടുത്താനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.) സഹായത്തോടെയുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യാനാവശ്യമായ ജലം കണക്കാക്കി നിലവിലുള്ള ശുദ്ധീകരണ ശാലകളെയും വിതരണ മേഖലയെയും വിപുലീകരിക്കുന്ന പ്രവൃത്തി വഴി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ, അമൃത്, നബാർഡ്, കിഫ്ബി, ആസ്തി വികസന ഫണ്ട്, ഡെപ്പോസിറ്റ് പ്രവൃത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഘട്ടംഘട്ടമായി ടി പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം മാത്രമേ 24 മണിക്കൂറും ജലവിതരണം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**കായംകുളം നഗരസഭയിലെ കുടിവെള്ള വിതരണം**

230 (4650) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭ പ്രദേശത്ത് കുടിവെള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള എ.സി. പൈപ്പുകൾ മാറ്റി നഗര പ്രദേശങ്ങൾക്ക് അഭികാമ്യമായ രീതിയിൽ ശുദ്ധജല വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. കായംകുളം നഗരസഭ പ്രദേശത്ത് കാലപ്പഴക്കം വന്ന കുടിവെള്ള പൈപ്പുകൾ നിലവിലുണ്ട്. സ്റ്റേറ്റ് പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തി മോട്ടൽ ആരാമം മുതൽ തൊണ്ടിൽകുന്നിൽ പാലം വരെയും ഒതനാക്കുളത്തിന് പടിഞ്ഞാറ് മുതൽ ഐക്യ ജംഗ്ഷൻ വരെയും 100 മി.മീ. എ.സി. പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 45.3 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന് ദർഘാസ് ക്ഷണിച്ചെങ്കിലും അടങ്കൽ തുകയെക്കാൾ 14.99% അധിക തുക രേഖപ്പെടുത്തിയതിനാൽ ദർഘാസ് റദ്ദ് ചെയ്യുകയും എസ്റ്റിമേറ്റ് പുനർ നിർണ്ണയം നടത്തിവരികയും ചെയ്യുന്നു. കൂടാതെ നിലവിലെ തകരാറുള്ള എ.സി. പൈപ്പുകൾ മാറ്റാനും നഗരപ്രദേശത്ത് മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകാവുന്ന വിധത്തിലും അർബൻ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്ന കാര്യവും കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

## ശുദ്ധീകരണ ശാലകൾ ഇല്ലാത്ത ചെറുകിട കുടിവെള്ള പദ്ധതികൾ

231 (4651) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ ശുദ്ധീകരണ ശാലകൾ ഇല്ലാത്ത എത്ര ചെറുകിട കുടിവെള്ള പദ്ധതികളുണ്ട്; അവ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

വാട്ടർ അതോറിറ്റിയുടെ കീഴിൽ ശുദ്ധീകരണ ശാലകളില്ലാത്ത 666 ചെറുകിട കുടിവെള്ള പദ്ധതികളുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ശുദ്ധീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശുദ്ധീകരണ ശാലകളില്ലാത്ത കുടിവെള്ള പദ്ധതികളിൽ സ്രോതസ്സിൽ നിന്നെടുക്കുന്ന ജലം ഇൻഫിൽട്രേഷൻ ഗ്യാലറിയിലൂടെയും സാദ്ധ്യമായ സ്ഥലങ്ങളിൽ പ്രഷർ ഫിൽറ്റർ സ്ഥാപിച്ചും ഫിൽറ്റർ ചെയ്ത് ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. ഇത്തരം കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ഗ്യാലറിക്ക് സമീപം അടിഞ്ഞുകൂടുന്ന ഖരമാലിന്യങ്ങൾ കാലാകാലങ്ങളിൽ നീക്കിക്കളയാൻ നടപടികൾ എടുക്കാറുണ്ട്. സ്രോതസ്സിൽനിന്നുമെടുക്കുന്ന ജലം വിതരണംചെയ്യുന്നത് വരെയുള്ള ഘട്ടങ്ങളിൽ വിവിധ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം അതോറിറ്റിയുടെ തന്നെ ഗുണനിലവാര പരിശോധനാ വിഭാഗം പരിശോധിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## സ്കൂളുകളിൽ കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബ്

232 (4652) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ കേന്ദ്രീകരിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള ലാബുകൾ എത്ര സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) ഉണ്ട്. പ്രാദേശികമായി ജലത്തിന്റെ പ്രാഥമികതല ഗുണനിലവാര പരിശോധനയ്ക്കായുള്ള സൗകര്യം സംസ്ഥാനത്ത് ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്ലസ്‌വൺ ക്ലാസ് കുട്ടികളെ പങ്കാളികളാക്കി സ്കൂളിലെ ലാബുകൾ വഴിയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-9-2020-ന് അഞ്ചരക്കണ്ടി ഹയർ സെക്കന്ററി സ്കൂളിലെ ലാബിൽ ഓൺലൈനായി നിർവ്വഹിച്ചു. പത്ത് ജില്ലകളിലായി 160 സ്കൂളുകൾക്ക് ഹരിത കേരള മിഷൻ, എം.എൽ.എ. എ.ഡി.എഫ്., എസ്.ഡി.എഫ് എന്നിവയിൽനിന്നും 2.31 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 87 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിച്ച സ്കൂളുകളിലെ പ്രവൃത്തികൾ നടന്നുവരുന്നു. നവംബർ 30-ഓടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ശുദ്ധജല വിതരണം**

233 (4653) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ഗ്രാമപഞ്ചായത്തുകളിലും ഇപ്പോഴും ശുദ്ധജല വിതരണം പര്യാപ്തമായ രീതിയിൽ നടത്താൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പല ഗ്രാമപഞ്ചായത്തുകളിലും പര്യാപ്തമായരീതിയിൽ നിലവിൽ കുടിവെള്ള വിതരണം സാധിക്കുന്നില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയായ ജൽജീവൻ മിഷൻ വഴി എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടെ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കാനായി നിലവിൽ പദ്ധതികളുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം വിപുലീകരണം നടത്തിയും പദ്ധതികളില്ലാത്ത സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കിയും ശുദ്ധജല വിതരണം ഉറപ്പുവരുത്താനാണ് ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ജൽജീവൻ മിഷനിൽ ഈ സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ള പദ്ധതികൾ എത്രയെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷനിൽ ഈ സാമ്പത്തിക വർഷം 162 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ടൂറിസം വികസനം

234 (4654) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ എത്ര ഡാമുകളുണ്ട്; ഇതിൽ ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് എത്ര ഡാമുകൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; എന്തൊക്കെ പ്രവൃത്തികളാണ് ടൂറിസവുമായി ബന്ധപ്പെട്ട് വകുപ്പ് ചെയ്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ പതിനാറ് ഡാമുകളുണ്ട്. ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൂത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

235 (4655) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പൊതുആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പദ്ധതികളുടെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഏറ്റെടുക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി പ്രോജക്ടിന്റെ വരുംകാല ആവശ്യങ്ങൾക്ക് വേണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആവശ്യമായി വരുന്ന വകുപ്പുകൾക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ എലാങ്കോട് കാപ്പുമ്മലിലെ മൂന്ന് ഏക്കറോളംവരുന്ന സ്ഥലം ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലാണോ; പ്രസ്തുത സ്ഥലം കായിക വകുപ്പിന് സ്റ്റേഡിയം നിർമ്മിക്കുന്നതിന് വിട്ടുനൽകുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാനൂർ നഗരസഭ പരിധിയിലെ പാനൂർ അംശം എലാങ്കോട് ദേശത്ത് കാപ്പുമലിൽ റീ.സ. നമ്പർ 29/5, 29/10, 29/09-ൽപ്പെട്ട മൂന്ന് ഏക്കർ ഭൂമി ജലവിഭവ വകുപ്പിന്റേതാണ്. പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസൽ ഒന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കൂത്തുപറമ്പ് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ കോട്ടയം പഞ്ചായത്തിലും അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കാൻ മൊകേരി പഞ്ചായത്തിലും ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുനൽകണമെന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കൂത്തുപറമ്പ് ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ കണ്ണൂർ ജില്ലയിൽ കോട്ടയം പഞ്ചായത്തിൽ ആവശ്യപ്പെടുന്ന സ്ഥലം പഴശ്ശി പദ്ധതിയുടെ ഭാവി വികസന പദ്ധതികൾക്ക് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പ്രസ്തുത ഭൂമി അനുവദിച്ചുകൊടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ മൊകേരി പഞ്ചായത്തിൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കാനായി ഭൂമി അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിലെ കാലതാമസം**

236 (4656) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുടിവെള്ള കണക്ഷൻ കാലതാമസം കൂടാതെ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി ചുവടെ പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ഇ-ടാപ്പ്. ഈ സംവിധാനം വഴി അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ ഉൾപ്പെടുത്താം. അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ എത്തുന്നതോടെ സ്ഥല പരിശോധനയ്ക്കായി കൈമാറും. ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി കണക്ഷൻ നൽകാൻ സാധിക്കുമെന്ന് ബോദ്ധ്യപ്പെടുന്നതോടെ കണക്ഷൻ നൽകുന്ന

പ്ലംബറെയും എസ്റ്റിമേറ്റ് തുകയും തീരുമാനിക്കും. ഈ വിവരങ്ങൾ അപേക്ഷകന് എസ്.എം.എസ്. ആയി ലഭിക്കും. തുക ഓൺലൈനായി അടയ്ക്കുന്നതിന് സൗകര്യമുണ്ട്. തുക അടയ്ക്കുന്നതോടെ കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. ജൽജീവൻ മിഷൻവഴി കേരള വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള കണക്ഷൻ ഗ്രാമപ്രദേശങ്ങളിൽ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. അപ്രകാരം ഉപഭോക്താവിന്റെ ആധാർ, റേഷൻ കാർഡ്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ വീട്ടിൽ ചെന്ന് ശേഖരിച്ച് ഓൺലൈനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആ പ്രദേശത്ത് കരാർ നൽകിയിട്ടുള്ള കരാറുകാരൻ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ കണക്ഷൻ നൽകിവരുന്നു. ഈ പദ്ധതിവഴി 'കണക്ഷൻ അറ്റ് സ്പോട്ട്' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്.

(ബി) കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈൻ ആക്കുന്നതിനുവേണ്ട സംവിധാനം വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമീണ മേഖലയിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് 'കണക്ഷൻ അറ്റ് സ്പോട്ട്' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ഇ-ടാപ്പ്. ആദ്യ ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മൂന്ന് സെക്ഷൻ ഓഫീസുകളിലാണ് ഇ-ടാപ്പ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിവരുന്നത്.

1. തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള പാളയം സെക്ഷൻ ഓഫീസ്.

2. തിരുവനന്തപുരം സൗത്ത് ഡിവിഷന് കീഴിലുള്ള പി.ടി.പി നഗർ സെക്ഷൻ ഓഫീസ്

3. കോഴിക്കോട് ഡിവിഷന് കീഴിലുള്ള ഡിസ്ട്രിബ്യൂഷൻ സെക്ഷൻ-2 ഓഫീസ്.

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ഇ-ടാപ്പ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ ഓഫീസുകളിലെ ബില്ലുകൾ ഇ-മെയിൽവഴി ലഭ്യമാക്കാൻ നടപടി

237 (4657) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പേപ്പർരഹിത ബില്ലിംഗ് സംവിധാനം സംസ്ഥാനം മുഴുവനും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പേപ്പർ ബില്ലുകൾ നൽകുന്നതിനുപകരം ഫോണിലേയ്ക്ക് എസ്.എം.എസ്. അയയ്ക്കുന്ന സംവിധാനം ആദ്യഘട്ടമായി തിരുവനന്തപുരത്തെ രണ്ട് ഡിവിഷനുകളിൽ (നോർത്തും സൗത്തും) നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയതുമൂലം സർക്കാർ ഓഫീസുകളിലെ കുടിവെള്ള ബില്ലുകൾ ഫയൽ മുഖേന പാസ്സാക്കാൻ പ്രയാസം നേരിടുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ ഓഫീസുകളിലെ ബില്ലുകൾ ഇ-മെയിൽവഴി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

വാട്ടർ അതോറിറ്റിയുടെ ഇ-പേമെന്റ് സൈറ്റിൽനിന്ന് ബില്ലുകൾ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾക്ക് ബില്ലുകൾ ഇ-മെയിൽ മുഖേന അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ സ്ഥലംമാറ്റം

238 (4658) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-08-2021-ലെ 11647/E9/2021/KWA നമ്പർ ഉത്തരവ് പ്രകാരം എത്ര എൽ.ഡി./യു.ഡി. ക്ലാർക്കുമാരെയാണ് കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

32 എൽ.ഡി./യു.ഡി. ക്ലാർക്കുമാരെയാണ് സ്ഥലം മാറ്റിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കേന്ദ്ര കാര്യാലയത്തിൽനിന്നും സ്ഥലം മാറ്റിയവരിൽ എത്രപേരെ അതേ സ്റ്റേഷനിൽതന്നെ വീണ്ടും മാറ്റി നിയമിച്ചിട്ടുണ്ടെന്നും എത്ര പേരുടെ സ്ഥലംമാറ്റം റദ്ദ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഇതുബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കേന്ദ്ര കാര്യാലയത്തിൽനിന്നും സ്ഥലംമാറ്റിയവരിൽ 5 പേരെ കേന്ദ്ര കാര്യാലയം ഉൾപ്പെടുന്ന 5 കിലോമീറ്റർ പരിധിയിലുള്ള മറ്റ് ഓഫീസുകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. 3 പേരുടെ സ്ഥലംമാറ്റം റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കേന്ദ്ര കാര്യാലയത്തിൽനിന്നും സ്ഥലംമാറ്റിയ എത്ര ജീവനക്കാരെ വിടുതൽ ചെയ്തിട്ടുണ്ടെന്നും ഇനി എത്രപേരെ വിടുതൽ ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

കേന്ദ്ര കാര്യാലയത്തിൽനിന്ന് സ്ഥലംമാറ്റിയ 32 പേരിൽ 23 പേരെ വിടുതൽ ചെയ്തിട്ടുണ്ട്. ഇനി 6 പേരെ വിടുതൽ ചെയ്യാനുണ്ട്.

| | | |
|---|---|---|
| ആകെ ട്രാൻസ്ഫർ ചെയ്തത് | - | 32 |
| ട്രാൻസ്ഫർ റദ്ദാക്കിയത് | - | 3 |
| ബാക്കി | - | 29 |
| വിടുതൽ ചെയ്തത് | - | 23 |
| ഇനി വിടുതൽ ചെയ്യാൻ ബാക്കിയുള്ളത് | - | 6 |

(ഡി) പൊതു സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരെ പകരം ജീവനക്കാരൻ വരുന്നതുവരെ കാത്തുനിൽക്കാതെ വിടുതൽ ചെയ്യണമെന്ന് 6-9-2021-ലെ 1544/ഇ 1/2021/KWA പ്രകാരം കേന്ദ്ര കാര്യാലയം പുറപ്പെടുവിച്ച ഉത്തരവ് പാലിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കാമോ?

66-ഓളം ജീവനക്കാരുണ്ടായിരുന്ന കേന്ദ്ര കാര്യാലയത്തിലെ 32 പേരെയും പൊതുസ്ഥലംമാറ്റത്തിലൂടെ വിവിധ ഓഫീസുകളിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടപ്പോൾ 19 പേർ മാത്രമാണ് മറ്റ് ഓഫീസുകളിൽനിന്നും കേന്ദ്ര കാര്യാലയത്തിലേയ്ക്ക് ഇന്നേവരെ പൊതുസ്ഥലംമാറ്റത്തിലൂടെ എത്തിയത്. വാട്ടർ അതോറിറ്റി പുറപ്പെടുവിക്കുന്ന പൊതുസ്ഥലംമാറ്റ ഉത്തരവുകൾ എല്ലാവർക്കും ബാധകമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഫീസിൽനിന്നും നടപടിക്രമം പൂർത്തിയാക്കി ഉദ്യോഗസ്ഥർ വിടുതൽ ചെയ്ത് ബന്ധപ്പെട്ട ഓഫീസിൽ ജോലിക്ക് ചേരുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി

239 (4659) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ ആദ്യമായി മുടങ്ങിയതും പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, പി.എഫ്.ക്ലോഷർ, ടെർമിനൽ സറണ്ടർ തുടങ്ങിയവ വർഷങ്ങളായി കുടിശ്ശികയായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ്. 2020-21 സാമ്പത്തിക വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്ത രൂപം അനുബന്ധം(1) ആയി ചേർക്കുന്നു+. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 13.41 രൂപ നഷ്ടം ഉണ്ടാകുന്നു. 1-10-2014-ൽ പ്രാബല്യത്തിൽവന്ന പുതുക്കിയ കുടിവെള്ള നിരക്കിൽ പ്രതിമാസം 15,000 ലിറ്റർവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയതും ബി.പി.എൽ. ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ഉപഭോഗംവരെ സൗജന്യമായി നൽകുന്നതും അതോറിറ്റിയുടെ സാമ്പത്തിക നിലയെ സാരമായി ബാധിക്കുന്നുണ്ട്. 30-9-2021-ൽ വാട്ടർ ചാർജ്ജ് ഇനത്തിൽ 2,194.27 കോടി രൂപ (പൊതുടാപ്പുകൾ ഉൾപ്പെടെ) കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുണ്ട്. റവന്യൂ ഇനത്തിൽ 30-9-2021-ലെ കണക്കനുസരിച്ച് വിവിധ ഇനത്തിൽ 1,954.37 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു*. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 30-9-2021 വരെ വിവിധ സ്കീമുകളിൽ കുടിശ്ശികയായ ബില്ലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| സ്റ്റേറ്റ് പ്ലാൻ | - | 291.72 കോടി രൂപ |
| നബാർഡ് | - | 35.23 കോടി രൂപ |
| ആസ്തി വികസന സ്കീം | - | 14.79 കോടി രൂപ |

(സി) വാട്ടർ അതോറിറ്റിയിലെ ശമ്പള/പെൻഷൻ പരിഷ്കരണം വൈകുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ശമ്പളം/പെൻഷൻ പരിഷ്കരിക്കുന്നതിന്റെ റിപ്പോർട്ട് ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**റദ്ദ് ചെയ്ത ടൈപ്പിസ്റ്റ് തസ്തികകൾ പുനഃസ്ഥാപിക്കാൻ നടപടി**

240 (4660) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ 52 ടൈപ്പിസ്റ്റ് തസ്തികകൾ റദ്ദ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ; ഏതൊക്കെ ഓഫീസുകളിലെ തസ്തികകളാണ് റദ്ദ് ചെയ്തത്?

DDFS പോലുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ജോലി ചെയ്യുന്നത് കാരണം ടൈപ്പിംഗ് ജോലികൾ ഗണ്യമായി കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ തീരുമാനപ്രകാരമാണ് ഒഴിഞ്ഞുകിടന്നിരുന്ന 52 ടൈപ്പിംഗ് തസ്തികകൾ റദ്ദ് ചെയ്തത്. ഒന്നിൽ കൂടുതൽ ടൈപ്പിസ്റ്റ് തസ്തികകളുള്ള ഓഫീസുകളിൽനിന്നും ഷോർട്ട് ലിസ്റ്റ് ചെയ്ത 52 തസ്തികകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നടത്താത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

റേഷ്യോ പ്രൊമോഷൻ മുഖാന്തരം ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തസ്തിക റദ്ദ് ചെയ്തത് നിലവിലുള്ളവരുടെ സ്ഥാനക്കയറ്റത്തെ ബാധിക്കുമോ; എങ്കിൽ ഇത് എപ്രകാരം പരിഹരിക്കുമെന്നറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൈപ്പിസ്റ്റ് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ആണ് നടത്തുന്നത്. തസ്തികകൾ റദ്ദ് ആയതിനുശേഷം കേഡർ സ്ട്രെങ്ത് ക്രമീകരിക്കുമ്പോൾ അത് റേഷ്യോ പ്രൊമോഷനേയും ബാധിക്കുന്നതാണ്. പ്രസ്തുത ഉത്തരവിന് മുന്നേ സ്ഥാനക്കയറ്റം ലഭിച്ചവരെ ബാധിക്കാത്ത രീതിയിൽ പുനഃക്രമീകരണം നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) തസ്തിക റദ്ദ് ചെയ്തത് വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജല അതോറിറ്റിയിൽ റദ്ദ് ചെയ്ത ടൈപ്പിസ്റ്റ് തസ്തികകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. റദ്ദ് ചെയ്ത ടൈപ്പിസ്റ്റ് തസ്തികകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## ഐ.ടി.ഐ.(എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവരുടെ പ്രശ്നങ്ങൾ

241 (4661) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ്/വാട്ടർ അതോറിറ്റി/ഭൂഗർഭ ജലവകുപ്പ് എന്നിവിടങ്ങളിൽ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്, എം.ടെക് തുടങ്ങിയ ഉയർന്ന യോഗ്യതയുള്ളവർ അപേക്ഷിക്കുന്നതുമൂലവും ഉയർന്ന യോഗ്യതയുള്ളവർ സ്വാഭാവികമായും ഉയർന്ന മാർക്കുനേടി റാങ്ക് പട്ടികയിൽ ഇടം പിടിക്കുന്നത് കാരണവും അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കേന്ദ്ര സർക്കാർ സർവ്വീസുകളിൽ ഐ.ടി.ഐ.(എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യതയായി ആവശ്യമുള്ള തസ്തികകളിൽ ആ യോഗ്യത മാത്രമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ സംസ്ഥാന സർക്കാർ സർവ്വീസുകളിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

നിലവിലുള്ള സർവ്വീസ്/സ്പെഷ്യൽ റൂൾ പ്രകാരം അധിക/ഉയർന്ന യോഗ്യതയുളളവരെ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനായുള്ള റിക്രൂട്ട്മെന്റ് നടപടികളിൽനിന്നും ഒഴിവാക്കിയിട്ടില്ല. അതിനാൽ തത്തുല്യ യോഗ്യതയോ അധികയോഗ്യതയോ ഉള്ളവരെ റിക്രൂട്ട്മെന്റിനായി പരിഗണിക്കുന്നുണ്ട്.

(സി) ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും പ്രാപ്യമാകുമ്പോൾ താഴ്ന്ന യോഗ്യതകൾ മാത്രമുള്ളവർക്ക് അവസരം നഷ്ടപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തുന്നപക്ഷം മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ.

## വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികകൾ

242 (4662) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ഉൾപ്പെടെ ടൈപ്പിസ്റ്റുമാരുടെ എത്ര അനുവദനീയമായ തസ്തികകളാണ് നിലവിലുള്ളതെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ?

| | | |
|---|---|---|
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 52 |
| യു.ഡി. ടൈപ്പിസ്റ്റ് | - | 52 |
| സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | - | 52 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | - | 51 |
| ആകെ | - | 207 |

(ബി) നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ഓഫീസുകളിലാണ് ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുള്ളതെന്ന് ഓഫീസിന്റെ പേരും തസ്തികകളുടെ എണ്ണവും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഓഫീസിന്റെ പേരും തസ്തികകളുടെ എണ്ണവും അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) 14-5-2019-ലെ സ.ഉ.(എം.എസ്.) നം.33/2020/WRD പ്രകാരം 52 എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ റദ്ദുചെയ്യുന്നതിനുമുമ്പ് വാട്ടർ അതോറിറ്റിയിലെ അനുവദനീയമായ ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണം എത്ര ആയിരുന്നുവെന്ന് വ്യക്തമാക്കാമോ?

259 എണ്ണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അൻപത്തിരണ്ട് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ റദ്ദ് ചെയ്യുന്നതിനുമുമ്പ് വാട്ടർ അതോറിറ്റിയിലെ ഏതെല്ലാം ഓഫീസുകളിലാണ് ടൈപ്പിസ്റ്റുമാരുടെ തസ്തിക നിലവിലുണ്ടായിരുന്നതെന്ന് ഓഫീസിന്റെ പേരും തസ്തികകളുടെ എണ്ണവും തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഓഫീസിന്റെ പേരും തസ്തികകളുടെ എണ്ണവും അനുബന്ധം-2 ആയി ചേർക്കുന്നു.*

**ജല അതോറിറ്റിയിലെ പെൻഷൻ മുടക്കം**

243 (4663) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോൺ പ്ലാൻ ഗ്രാന്റ് ലഭിക്കാത്തതിനാൽ ജല അതോറിറ്റിയിൽ ആദ്യമായി പെൻഷൻ വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെൻഷൻ സമയബന്ധിതമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 ഒക്ടോബർ മാസം ഒന്നാം തീയതി വിതരണം ചെയ്യേണ്ടിയിരുന്ന പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞില്ല. അഞ്ചുദിവസങ്ങൾക്കുശേഷം പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്.

**കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റൽ**

244 (4664) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വീടുകൾ ക്രയവിക്രയം നടത്തുമ്പോൾ കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റാൻ ഓഫീസുകളിൽ കയറിയിറങ്ങുന്നതിനുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകജാലക സംവിധാനം നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വീടുകൾ ക്രയവിക്രയം നടത്തുമ്പോൾ കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി ലഘൂകരിച്ചിട്ടുണ്ട്. അതനുസരിച്ച് അപേക്ഷ ഫോം, സ്ഥലം കൈമാറ്റം ചെയ്ത കേസ്സുകളിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഉപഭോക്താവ് മരണപ്പെട്ട കേസ്സുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം ആരുടെ പേരിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റുന്നവോ ആ വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ്, ഫോൺ നമ്പർ എന്നീ രേഖകൾ മാത്രംനൽകി ഉടമസ്ഥാവകാശം മാറ്റാവുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചിറ്റൂർ മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ**

245 (4665) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2021 ആഗസ്റ്റ്വരെ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുകയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2021 ആഗസ്റ്റ്വരെ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഓരോന്നിനും വകയിരുത്തിയ തുക, അവയുടെ ഇപ്പോഴത്തെ സ്ഥിതി, പ്രവൃത്തികൾ, പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി തുടങ്ങിയവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബ് മലപ്പുറത്തുനിന്ന് മാറ്റാനുള്ള തീരുമാനം**

246 (4666) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബ് മലപ്പുറത്തുനിന്ന് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്ട് ലാബുകൾക്കും 70 സബ് ജില്ലാ ലാബുകൾക്കും എൻ.എ.ബി.എൽ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ മലപ്പുറം ജില്ലയിൽ നിലവിലുള്ള പ്രസ്തുത ലാബിന് എൻ.എ.ബി.എൽ. അംഗീകാരമുള്ള ജില്ലാ ലാബിനുവേണ്ടി അനുശാസിക്കുന്ന വിസ്തൃതിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ എൻ.എ.ബി.എൽ. അംഗീകാരമുള്ള സബ് ജില്ലാ ലാബായി മാത്രമേ നിലനിർത്താനാകുകയുള്ളൂ. പൊന്നാനിയിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്ഥലത്ത് ജില്ലാ ലാബ് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. മലപ്പുറത്തെ ക്വാളിറ്റി കൺട്രോൾ ലാബ്, നിലവിലുള്ള സ്ഥലത്ത് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടി സബ് ജില്ലാ ലാബായി നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്. മലപ്പുറം ജില്ലയിൽ ഇവ കൂടാതെ മറ്റ് നാല് സബ് ജില്ലാ ലാബുകൾക്കുകൂടി എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജില്ലാ ആസ്ഥാനത്തുനിന്നും ഇത്തരം ഓഫീസുകൾ മാറ്റുന്നതിലൂടെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

നിലവിലുള്ള സ്ഥലത്ത് ഒരു സബ് ജില്ലാ ലാബായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടി നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി മേൽപ്പറഞ്ഞ എല്ലാ ലാബുകളിലും വെള്ളം ടെസ്റ്റ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്.

### അമ്പലപ്പുഴ മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിലെ തടസ്സം

247 (4667) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിലും അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികളുടെ വിതരണ പൈപ്പുകൾ തുടരെ പൊട്ടുന്നതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നതായി നിരന്തര പരാതി ഉണ്ടായിട്ടും ആയതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

പൊതുമരാമത്ത് റോഡുകളിൽ വിതരണ ശൃംഖലയിൽ പൈപ്പ് പൊട്ടിയാൽ Right of Way (RoW) പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തുക അറിയിച്ചതിനുശേഷം ഈ തുക പൊതുമരാമത്ത് വകുപ്പിൽ അടച്ച് അനുമതി ലഭിച്ചതിനുശേഷം മാത്രമേ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുകയുള്ളൂ. ആലപ്പുഴ നഗരസഭയിൽ അമൃത് പദ്ധതിയിൽ 317.50 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 277.50 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 355 കി. മീ. പൈപ്പ് ലൈൻ മാറ്റി ഇടുന്നതിനായി ഭരണാനുമതി നൽകുകയും ആയതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും റോഡ് കട്ടിംഗ് എസ്റ്റിമേറ്റ് ലഭിക്കുന്നതിനായി RoW-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ തകഴി - കേളമംഗലം ഭാഗത്ത് HDPE പൈപ്പ് മാറ്റി MS പൈപ്പ് സ്ഥാപിക്കുന്നതിന് 1524 മീറ്റർ റോഡ് മുറിക്കുന്നതിന് RoW വഴി 6-7-2021, 15-9-2021 തീയതികളിൽ അപേക്ഷിച്ചെങ്കിലും ഉടമസ്ഥത Kerala Road Fund Board (KRFB)-ലാണെന്ന് പറഞ്ഞ് തിരികെ നൽകി. KRFB-യുടെ ചീഫ് എഞ്ചിനീയർക്ക് 9-8-2021, 13-10-2021 എന്നീ തീയതികളിൽ റോഡ് മുറിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല. e-PMG പോർട്ടലിൽ 21-10-2021-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വകുപ്പുമന്ത്രി പങ്കെടുത്തതും ആലപ്പുഴ കളക്ടറേറ്റിൽ ചേർന്നതുമായ കുടിവെള്ളം സംബന്ധിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ?

16-7-2021-ൽ ആലപ്പുഴ ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ കൂടിയ അവലോകന യോഗത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ-തിരുവല്ല റോഡിലെ ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ സ്ഥിരമായി പൊട്ടുന്ന പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുവേണ്ട സത്വരമായ ഇടപെടൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചേർന്ന് കൈക്കൊള്ളാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത റോഡിന്റെ ഉടമസ്ഥത KRFB- യ്ക്ക് കൈമാറിയെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനാൽ റോഡ് മുറിക്കുന്നതിന് KRFB ചീഫ് എഞ്ചിനീയർക്ക് 13-10-2021-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. e-PMG-യിലും 21-10-2021-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഴക്കാലം കഴിഞ്ഞ് നവംബർ മാസത്തോടുകൂടി പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്താനും ബദൽ സംവിധാനങ്ങൾക്കുവേണ്ട കുഴൽക്കിണർ നിർമ്മാണം, നിലവിലെ

കുഴൽക്കിണറുകൾ നവീകരിക്കൽ എന്നീ പ്രവൃത്തികൾ 3 മാസത്തിനകം ഭൂജല വകുപ്പ് നേരിട്ട് കൈക്കൊള്ളണമെന്നും അതിനുവേണ്ട തുക ജല അതോറിറ്റി അടിയന്തരമായി ഭൂജല വകുപ്പിന് കൈമാറേണ്ടതാണെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കാനുള്ള തുക BIMS വഴി ഭൂജല വകുപ്പിന് നൽകാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പുതിയ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നത് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്.

1. പറവൂർ ടാങ്ക് സൈറ്റ്.

2. തുക്കുകുളം ബ്ലോക്ക് പരിസരം.

3. സുനാമി കോളനി പുന്നപ്ര തെക്ക് പഞ്ചായത്ത്

4. വാർഡ് നമ്പർ 6 അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്.

5. വാർഡ് നമ്പർ 14 അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്.

6. വാർഡ് നമ്പർ 1 പുറക്കാട് പഞ്ചായത്ത്.

കൂടാതെ താഴെപ്പറയുന്ന നിലവിലുള്ള കുഴൽക്കിണറുകളുടെ ശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

1. വാർഡ് നമ്പർ 14 അമ്പലപ്പുഴ തെക്ക് പഞ്ചായത്ത്.

2. കറുകത്തറ ട്യൂബ് വെൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് .

3. വണ്ടാനം അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്.

4. പഴയങ്ങാടി പുറക്കാട് പഞ്ചായത്ത് മേൽ കുഴൽക്കിണറുകളുടെ ശേഷി വർദ്ധിപ്പിച്ചാൽ മാത്രം പുതിയ പമ്പുകൾ ആവശ്യമായിവരും.

(ഡി) പ്രസ്തുത യോഗ തീരുമാനമനുസരിച്ച് അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനും കേടായതും ശേഷികുറഞ്ഞവയുമായ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഭൂജല വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കാനും നിലവിലുള്ളവ നവീകരിക്കാനുമുള്ള തുക BIMS വഴി ഭൂജല വകുപ്പിന് നൽകാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് കേടായതും ശേഷികുറഞ്ഞതുമായ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും.

## അമൃത് പദ്ധതിയിലെ കാഞ്ഞാണി-പഞ്ചാരമുക്ക് പൈപ്പ് ലൈൻ പ്രവൃത്തി

248 (4668) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണി മുതൽ പഞ്ചാരമുക്ക് വരെയുള്ള പതിനഞ്ചര കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴിയെടുത്ത ഭാഗങ്ങളിൽ വാഹന ഗതാഗതത്തിനും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റെസ്റ്റോറേഷൻ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) അമൃത് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെ 9 കി.മീ. പൈപ്പിടുന്ന പ്രവൃത്തി പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തി പി.ഡബ്ല്യു.ഡി. ആണ് ചെയ്യുന്നത്. തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ മുല്ലശ്ശേരി പറമ്പന്തള്ളി നടറോഡ് മുതൽ പാലയൂർ പള്ളിവരെയുള്ള ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. ഈ ഭാഗങ്ങളിൽ മുല്ലശ്ശേരി പറമ്പന്തള്ളി മുതൽ കുമ്പുള്ള പാലംവരെ (650 മീറ്റർ) മൂന്ന് പൈപ്പ്ലൈനുകൾ സ്ഥാപിക്കാനുണ്ടായിരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി റോ വാട്ടർ പമ്പിംഗ് മെയിൻ, സ്റ്റേറ്റ് പ്ലാനിൽ ഗ്രാവിറ്റി മെയിൻ, RKI-യിൽ ഉൾപ്പെടുത്തി Distribution pipe line എന്നിവ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കനത്ത മഴമൂലം വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതിയിലാണ് ടി പ്രദേശങ്ങളുള്ളത്. അതിനാൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കുമ്പുള്ളി പാലം മുതൽ പാങ്ങ് വരെ-900 മീറ്ററും പാങ്ങ് മുതൽ പാവറട്ടി വരെ - 2050 മീറ്ററും പൈപ്പുകൾ സ്ഥാപിക്കാനുണ്ട്. പാവറട്ടി മുതൽ മാമ ബസാർ വരെ-2000 മീറ്റർ പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റെസ്റ്റോറേഷൻ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. മാമബസാർ മുതൽ പഞ്ചാരമുക്ക് അങ്ങാടിത്താഴം വരെയും 950 മീറ്റർ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴിയെടുത്ത ഭാഗങ്ങളിൽ വാഹന ഗതാഗതത്തിനും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂൺ മാസത്തിൽ താൽക്കാലികമായി റോഡ് റെസ്റ്റോറേഷൻ ചെയ്തിരുന്നു. റെസ്റ്റോറേഷൻ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസിൽനിന്ന് ടെണ്ടർ വിളിച്ച് അറേഞ്ച് ചെയ്തിട്ടുണ്ട്.

റെസ്റ്റോറേഷൻ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം മഴ മാറുന്ന മുറയ്ക്ക് ആരംഭിച്ച് 2021 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോതമംഗലം തട്ടേക്കാട്-കുട്ടമ്പുഴ പൈപ്പ് ലൈൻ റോഡ് നിർമ്മാണം**

249 (4669) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കോതമംഗലം-പെരുമ്പൻകുത്ത് റോഡിൽ തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള 8 കിലോമീറ്റർ ദൂരം വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ റോഡ് നിർമ്മാണത്തിനായി മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഇവിടെ റോഡ് നിർമ്മാണത്തിനുവേണ്ടി മാറ്റിയ 8 കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പ്ലൈൻ നാളിതുവരെയായി പുനഃ സ്ഥാപിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള റോഡ് വിപുലീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജല അതോറിറ്റിയുടെ കുട്ടമ്പുഴ ജലശുദ്ധീകരണശാല മുതൽ തട്ടേക്കാട് വരെയുള്ള 7241 മീറ്റർ പൈപ്പ് ലൈനിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി 24-12-2020-ൽ പൊതുമരാമത്ത് വകുപ്പ് 1,18,30,000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ അനിവാര്യത പരിഗണിച്ച് ഒന്നാം ഘട്ടമായി 740 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടാം ഘട്ടമായി ബാക്കി 6501 മീറ്റർ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തില്ല. ഇതിനകം കേരള വാട്ടർ അതോറിറ്റി പൈപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് പുതുക്കിയ നിരക്കിലാണ് രണ്ടാമത്തെ ടെണ്ടർ ക്ഷണിച്ചത്. രണ്ടാമത്തെ ടെണ്ടറിൽ ലഭിച്ച കുറഞ്ഞ തുക എസ്റ്റിമേറ്റിനേക്കാൾ 9.5% അധിക നിരക്കിലാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായിവന്ന 9,50,000 രൂപ പൊതുമരാമത്ത് വകുപ്പ് നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതാണ്.

(സി) ഇവിടെ മാറ്റിയ പൈപ്പ്ലൈൻ പുനഃസ്ഥാപിക്കാൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രവൃത്തിക്കുവേണ്ടി 24-12-2020-ൽ പൊതുമരാമത്ത് വകുപ്പ് 1,18,30,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ഇവിടെ വേഗത്തിൽ പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഒന്നാം ഘട്ടമായി 740 മീറ്റർ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ അധിക തുക പൊതുമരാമത്ത് വകുപ്പ് നിക്ഷേപിക്കുന്ന മുറയ്ക്ക് പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതാണ്.

**കോട്ടൂർ വേട്ടുണ്ട വരപ്പുറത്ത് കണ്ടി ജപ്പാൻ റോഡ് നവീകരണം**

250 (4670) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ്ലൈൻ കടന്നുപോകുന്നതും വാട്ടർ അതോറിറ്റിയുടെ കൈവശമുള്ളതുമായ വേട്ടുണ്ട വരപ്പുറത്ത് കണ്ടി ജപ്പാൻ റോഡ് നവീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് തടസ്സം എന്തെന്നറിയിക്കാമോ;

(സി) പൈപ്പ്ലൈൻ കടന്നുപോകുന്ന പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് അടിയന്തരമായി അനുമതി നൽകാൻ നടപടി സ്വീകരിക്കാമോ?

(എ-സി) ഉണ്ട്. കോഴിക്കോട് കോർപ്പറേഷനിലും 13 അനുബന്ധ പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുന്നതിനായി പെരുവണ്ണാമൂഴി ശുദ്ധീകരണശാലയിൽനിന്നും ജല സംഭരണികളിലേയ്ക്കുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി മാത്രം വാട്ടർ അതോറിറ്റി ഏറ്റെടുത്ത സ്ഥലത്തുകൂടിയാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. ആയതിനാൽ ഈ സ്ഥലം പൊതുഗതാഗതത്തിനുള്ള റോഡായി ഉപയോഗിക്കാൻ സാധിക്കില്ല. ഈ സ്ഥലത്തുകൂടി കടന്നുപോകുന്ന M S പൈപ്പിന്റെ വ്യാസം 1.820 മീറ്റർ ആണ് കൂടാതെ 1.40 മീറ്ററിന്റെ ഒരു ലൈൻ വാൽവ്, ഒരു എയർ വാൽവ്, രണ്ട് വാഷ് ഔട്ട് വാൽവുകളും ഇവയുടെ അറകളും ഈ സ്ഥലത്തുണ്ട്. ഈ സ്ഥലത്തിന്റെ ഏതാണ്ട് മദ്ധ്യത്തിൽ ഭൂതല വിതാനത്തിനൊപ്പവും ഉയർന്നുമാണ് പൈപ്പ്ലൈൻ സ്ഥാപിച്ചിരിക്കുന്നത്. പൊതുഗതാഗതം അനുവദിച്ചാൽ പൈപ്പ്ലൈനിന്റെ

സുരക്ഷയെ ബാധിക്കുന്നതാണ്. കൂടാതെ പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ചിരിക്കുന്ന മണ്ണിന്റെ ഘടനമൂലം അസമമായ സെറ്റിൽമെന്റ് സംഭവിക്കുന്നതിനും സാദ്ധ്യത കൂടുതലാണ്. ഈ പൈപ്പ് ലൈനിന് കേടുപാടുകൾ സംഭവിച്ചാൽ കോഴിക്കോട് നഗരത്തിലെ ജലവിതരണം പൂർണ്ണമായും തടസ്സപ്പെടും. ആയതിനാൽ പ്രസ്തുത റോഡ് നവീകരിച്ച് പൊതുഗതാഗതത്തിന് അനുമതി നല്കാൻ സാധിക്കുകയില്ല.

## സാഗർ മിത്ര തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നവർക്ക് ഇൻസെന്റീവ് നല്കാൻ നടപടി

251 (4671) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന പ്രോജക്ടിനുകീഴിൽ സാഗർ മിത്ര തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ഫിഷറീസ് ഡി.ഡി. ഓഫീസിന് കീഴിൽ സേവനമനുഷ്ഠിച്ച് വരുന്നവരുടെ കരാർ കാലാവധി അവസാനിച്ചിട്ടുണ്ടോ;

(ബി) കരാർ കാലാവധിക്കുശേഷവും ജോലിയിൽ തുടരുന്നതിന് വകുപ്പ് ഇവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ജോലിയിൽ തുടരുന്ന കാലയളവിൽ അവർക്ക് ഇൻസെന്റീവ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുടിശ്ശിക തീർത്ത് ഇൻസെന്റീവ് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) PMMSY പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനുകീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന സാഗർ മിത്രകളുടെ കാലാവധി 2021 ഏപ്രിൽ മാസം 30-ന് അവസാനിച്ചിരുന്നു. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഒരു തുടർ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സാഗർമിത്ര പദ്ധതിയുടെ തുടർ അനുമതിക്കും ഫണ്ടിനുമായി ഒരു പ്രൊപ്പോസൽ PMMSY-യുടെ സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി (SLAMC)-യുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സാഗർമിത്രകളുടെ നാളിതുവരെയുള്ള കുടിശ്ശിക ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അഡാക്കിലേയ്ക്ക് ആശ്രിത നിയമനം

252 (4672) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കെ 16-4-2017-ന് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ കരയിൽ പുത്തൻകാട് വീട്ടിൽ പി. കെ. ദിനേശന്റെ മകൻ രജീഷ് പി. ആർ. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) 24-5-2017-ന് സമർപ്പിച്ച അപേക്ഷയിൽ നിയമനം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ആശ്രിത നിയമനം എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) അഡാക്കിൽ ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ട് 24-05-2017-ന് ശ്രീ. രജീഷ് പി. ആർ. സമർപ്പിച്ച അപേക്ഷ ടി സ്ഥാപനത്തിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള വ്യവസ്ഥകളോ ചട്ടങ്ങളോ നിലവിൽ ഇല്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി അഡാക്ക് ഗവേണിംഗ് ബോഡി പരിഗണിക്കുകയും ടിയാന് അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ആശ്രിതനിയമനത്തിനായി ശ്രീ. രജീഷ് പി. ആർ. നിശ്ചിത മാതൃകയിൽ 12-02-2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ എറണാകുളം ജില്ലാ കളക്ടർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചുവരുന്നു.

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വർദ്ധിപ്പിച്ച ശമ്പളത്തുക നൽകാൻ നടപടി

253 (4673) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ശമ്പളവർദ്ധനവിന്റെ ഉത്തരവ് ലഭിച്ചിട്ടും അത് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) ദിവസവേതനക്കാർക്ക് പുതുക്കിയ ശമ്പളവർദ്ധനവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പുതുക്കിയ നിരക്കിലുള്ള ദിവസവേതനം നൽകിവരുന്നു.

**മത്സ്യമേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ**

254 (4674) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യമേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മത്സ്യ സംസ്കരണത്തിന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഒരു മൂല്യവർദ്ധിത മത്സ്യ ഉല്പാദന യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. കൂടാതെ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യസംസ്കരണ കേന്ദ്രമായ നളപാകത്തിൽനിന്നും ഉണക്കമീൻ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. കൂടാതെ ശീതീകരിച്ച മത്സ്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വിവിധതരം അച്ചാറുകൾ (ചെമ്മീൻ, ചൂര, ഓലകൊടി, കണവ), ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, മത്സ്യകട്‌ലറ്റ് എന്നിവയും 'മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന

പേരിൽ വിപണനം ചെയ്തുവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി വകുപ്പിന് കീഴിൽ നിലകൊള്ളുന്ന സാഫിന്റെ മത്സ്യവിൽപ്പനയും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് നൂറോളം ചെറുകിട തൊഴിൽ സംരംഭങ്ങൾ തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം 150 വനിതാ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പതിനഞ്ച് 'Value Added Fish Production യൂണിറ്റുകൾ' കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി രൂപീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. നിലവിൽ മത്സ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന 30 ചെറുകിടസംരംഭങ്ങളെ ' Value Added Fish Production Units' ആയി ഉയർത്തുന്നതും പരിഗണനയിലാണ്.

**മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യവികസനം**

255 (4675) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണം 95 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുള്ള പദ്ധതിക്ക് 16-7-2021-ൽ ടെണ്ടർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

(1) പുലിമുട്ട് നിർമ്മാണം

(2) വാർഫ്/ലേലഹാൾ നിർമ്മാണം

(3) ഡ്രെഡ്ജിംഗ് പ്രവൃത്തി

(4) പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ് നിർമ്മാണം

(5) ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ നിർമ്മാണം

(6) OH tank നിർമ്മാണം, കുടിവെള്ള പദ്ധതി

(7) ഇലക്ട്രിഫിക്കേഷൻ

(8) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം

2) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം പദ്ധതിക്ക് 15-2-2019-ൽ 102.50 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

(1) പുലിമുട്ട് നിർമ്മാണം

(2) വാർഫ്/ലേലഹാൾ നിർമ്മാണം

(3) ഡ്രെഡ്ജിംഗ് പ്രവൃത്തി

(4) പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ് നിർമ്മാണം

(5) ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ നിർമ്മാണം

(6) OH tank നിർമ്മാണം, കുടിവെള്ള പദ്ധതി

(7) ഇലക്ട്രിഫിക്കേഷൻ

(8) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

നിലവിൽ വടക്കേ പുലിമുട്ട് നിർമ്മാണം 530 m തെക്കേ പുലിമുട്ട് നിർമ്മാണം 635m പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വാർഫ്, ലേലഹാൾ എന്നിവയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u> -കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായി (34.79 കോടി രൂപ), കൊയിലാണ്ടി (63.99 കോടി രൂപ), മഞ്ചേശ്വരം (48.8 കോടി രൂപ) ചേറ്റുവ (30.24 കോടി രൂപ), മുതലപ്പൊഴി (31.02 കോടി രൂപ), വെള്ളയിൽ (39.30 കോടി രൂപ), താനൂർ (44.87 കോടി രൂപ), ചെല്ലാനം (50.00 കോടി രൂപ) എന്നീ 8 മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷൻ ചെയ്തു. നബാർഡ് ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 120.00 കോടി രൂപയുടെ അനുമതി നൽകി. NABARD RIDF XXIII-ലെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV-ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI-ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നബാർഡ് XXIII (25.37 കോടി രൂപ)</u>

1) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം രൂപ)
2) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം രൂപ)
3) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം രൂപ)
4) പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം രൂപ)

<u>നബാർഡ് XXV (37.19 കോടി രൂപ)</u>

1) താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം രൂപ)
2) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം രൂപ)

<u>നബാർഡ് XXVI (57.44 കോടി രൂപ)</u>

1) തങ്കശ്ശേരി മത്സ്യബന്ധന തുറ മുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം രൂപ)

2) നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം രൂപ)

3) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനികീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം രൂപ)

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം രൂപ)

ഓഖി ഡെവലപ്മെന്റ് പാക്കേജ് - ഓഖി ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

ശേഷിക്കുന്ന ചുവടെ ചേർത്ത പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം.

2) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം - ഫേസ് I.

3) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ.

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം- ഫേസ്- 1.

5) മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ.

(ബി) സംസ്ഥാനത്തെ ഒരു മത്സ്യബന്ധന തുറമുഖമെങ്കിലും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ?

കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളെ ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാൻ PMMSY- ൽ ഉൾപ്പെടുത്തി 50 കോടി രൂപ ഫിഷറീസ് വകുപ്പിന് 2021-22 ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി Integrated Harbour, Post Harvest

Marketing Infrastructure എന്ന പദ്ധതിയുടെ Detailed Project Report (DPR) തയ്യാറാക്കുന്നതിനായി EOI ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ലഭിച്ച കേന്ദ്രസർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതം താഴെപ്പറയുന്നു.

| വർഷം | ലഭിച്ച കേന്ദ്ര വിഹിതം (ലക്ഷം) |
|---|---|
| 2016-17 | 1158 |
| 2017-18 | 0 |
| 2018-19 | 4687 |
| 2019-20 | 1350 |
| 2020-21 | 0 |
| ആകെ | 7195 |

**ഫിഷറീസ് സ്റ്റേഷനുകൾ**

256(4676) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എത്ര ഫിഷറീസ് സ്റ്റേഷനുകളാണ് ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ചിട്ടുള്ളത്; ഇവ ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ്, മലപ്പുറം (പൊന്നാനി), തൃശ്ശൂർ (അഴീക്കോട്), ആലപ്പുഴ (തോട്ടപ്പള്ളി) എന്നീ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത

ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഫിഷറീസ് സ്റ്റേഷനുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഫിഷറീസ് സ്റ്റേഷനുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ളതും പുതുതായി ആരംഭിച്ചിട്ടുള്ളതുമായ ഫിഷറീസ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തുകയോ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്ത് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ്, മലപ്പുറം (പൊന്നാനി), തൃശ്ശൂർ (അഴീക്കോട്), ആലപ്പുഴ (തോട്ടപ്പള്ളി) എന്നീ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഫിഷറീസ് സ്റ്റേഷനുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഫിഷറീസ് സ്റ്റേഷനുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യമേഖലയിലെ വരുമാന വർദ്ധനയ്ക്ക് സാങ്കേതികവിദ്യ**

257 (4677) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിലെ വരുമാന വർദ്ധനയ്ക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാനും അധികമുള്ളവ ശീതികരിച്ച് ഉപയോഗിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ഉണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് എന്നിവ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വിപണനം നടത്താൻ മത്സ്യഫെഡ് വഴി കൂടുതൽ ബങ്കുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**എറണാകുളം ജില്ലയിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ**

258 (4678) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള ഫിഷ് മാർട്ടുകൾ/ഫ്രാഞ്ചൈസി മാർട്ടുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഫിഷ് മാർട്ടുകൾ/ഫ്രാഞ്ചൈസി മാർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) എറണാകുളം ജില്ലയിൽ കൂടുതൽ സ്ഥലങ്ങളിൽ ഫിഷ് മാർട്ടുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ കാക്കനാട്, തൃപ്പൂണ്ണിത്തുറ, ആലുവ, ഇടപ്പള്ളി, അങ്കമാലി, പെരുമ്പാവൂർ എന്നീ സ്ഥലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്തി പുതിയ മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

**മത്സ്യഫെഡ് വഴി മത്സ്യം സൂക്ഷിച്ചുവയ്ക്കുന്നതിന് സംവിധാനം**

259 (4679) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് തുച്ഛമായ വിലമാത്രമാണ് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം

അവർക്കുതന്നെ നൽകുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാകുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനുമുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുമാറുള്ളതാണ് ടി ഓർഡിനൻസ്.

(ബി) ഇടനിലക്കാരുടെയും കുത്തകമുതലാളിമാരുടെയും ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറുകളിലെ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. 2021-ലെ മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസ് പ്രകാരം മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യഫെഡിന്റെ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾവഴി തീരദേശലേല സമ്പ്രദായം നടപ്പിലാക്കിയതുവഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 50 ഫിഷ്മാർട്ടുകളും സഹകരണ ബാങ്ക്/സംഘം ചേർന്നുള്ള 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് 10 അന്തിപ്പച്ച യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ടി ഫിഷ്മാർട്ടുകളിലേയ്ക്കും ഫ്രാഞ്ചൈസി മാർട്ടുകളിലേയ്ക്കും, മൊബൈൽ മാർട്ടുകളിലേയ്ക്കും ആവശ്യമായ മത്സ്യം പരമാവധി ഹാർബറുകളിൽനിന്നും നേരിട്ട് സംഭരിക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നുണ്ട്. ടി വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിന് മത്സ്യഫെഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യം സഭരിച്ചുവയ്ക്കാൻ സംവിധാനമില്ലാത്തതുകൊണ്ട് ചൂഷണത്തിന് വിധേയരാകേണ്ടിവരുന്നതിനാൽ മത്സ്യഫെഡ് വഴി മത്സ്യം സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന കോമൺ പ്രീപ്രോസസ്സിംഗ് സെന്ററിൽ മത്സ്യം ശേഖരിച്ച് സൂക്ഷിച്ചുവയ്ക്കാൻ 20 ടൺ ശേഷിയുള്ള റീഫർ കണ്ടെയ്നർ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് മത്സ്യം ശേഖരിച്ച് ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുമുണ്ട്.

**മത്സ്യവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥകൾ സംരക്ഷിക്കാൻ പദ്ധതികൾ**

260 (4680) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടൽ മത്സ്യസമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കടൽ മത്സ്യ സമ്പത്തിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നത്തിനായി കടലിൽ നിക്ഷേപിക്കുന്ന കൃത്രിമ പാര് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യപ്ലവകങ്ങളും ജന്തുപ്ലവകങ്ങളും രൂപപ്പെടുമ്പോൾ അത് ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേയ്ക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസവ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനില്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 140 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 279, 280, 175 എണ്ണം കൃത്രിമ പാര് മോഡ്യൂളുകളും സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ

ഉൾപ്പെടുത്തി കൊല്ലങ്കോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ 7 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 വീതം റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. പൂവാർ മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റുകൊണ്ട് നിർമ്മിച്ച കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ടെൻഡർ ചെയ്ത് അവാർഡ് ചെയ്തുകഴിഞ്ഞു. കൂടാതെ 2021-22 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള കടലിന്റെ അവകാശം**

261(4681) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ മേഖലയിൽ കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് ഒരു കരട് നിയമം തയ്യാറാക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി കരട് നിയമം തയ്യാറാക്കിവരുന്നു.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആധുനീകരിക്കുന്ന മത്സ്യച്ചന്തകൾ**

262 (4682) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മത്സ്യച്ചന്തകളാണ് ആധുനീകരിക്കുന്നത്; ഓരോന്നിന്റെയും ആധുനീകരണത്തിന് എത്ര തുക വീതമാണ് ചെലവഴിക്കുന്നത് വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ആധുനീകരിക്കുന്നതിനായി അംഗീകാരം ലഭ്യമായ മത്സ്യമാർക്കറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| 1 | പഴയകുന്നുമ്മേൽ മത്സ്യമാർക്കറ്റ് | 299.99876 |
| 2 | നിലക്കാമുക്ക് മത്സ്യമാർക്കറ്റ് | 134.91832 |
| 3 | വക്കം മത്സ്യമാർക്കറ്റ് | 167.90824 |

**ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം**

263 (4683) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്ര സർക്കാർ പദ്ധതികളിലൂടെയും തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്ര സർക്കാർ പദ്ധതികളിലൂടെയും സംസ്ഥാനത്ത് 39 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 38 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. അനുമതി ലഭിച്ച 39 മത്സ്യമാർക്കറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) കിഫ്ബി ധനസഹായത്തോടെയും മത്സ്യഫെഡ് മുഖേനയും സംസ്ഥാനത്ത് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്നും എത്ര മാർക്കറ്റുകൾ എവിടെയെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 51 മത്സ്യ മാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് 120.57 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കരാറിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെട്ടിട്ടുള്ളതും ബാക്കി മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ മാർക്കറ്റുകൾക്കായി 40 ലക്ഷം രൂപ വീതവും ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന് 85 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയതനുസരിച്ച് പ്രസ്തുത മാർക്കറ്റുകളുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ അനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 51 മത്സ്യ മാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിന് 120.57 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ബാക്കി മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ മാർക്കറ്റുകൾക്കായി 40 ലക്ഷം രൂപ വീതവും ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന് 85 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയതനുസരിച്ച് പ്രസ്തുത മാർക്കറ്റുകളുടെ നവീകരണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകൾക്കുള്ള കിഫ്ബി ധനസഹായം**

264 (4684) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പ്രകാരം ഓരോ മത്സ്യ മാർക്കറ്റുകൾക്കുമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത ഡി.പി.ആർ.-ന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയുടെയും കിഫ്ബി അംഗീകാരം നൽകിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | ഡി.പി.ആർ. തുക (ലക്ഷം) | കിഫ്ബി അംഗീകാരം നൽകിയ തുക (ലക്ഷം) |
|---|---|---|---|
| 1. | പാരിപ്പള്ളി | 265.92 | 2264.57615 |
| 2. | ചാത്തന്നൂർ | 458.97 | 457.41887 |
| 3. | കൊട്ടിയം | 195.87 | 194.60153 |

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ മത്സ്യ മാർക്കറ്റ് നവീകരണത്തിനായി കിഫ്ബി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ സൗത്ത് പരവൂർ മത്സ്യമാർക്കറ്റ് നവീകരണത്തിനായി 183.48937 ലക്ഷം രൂപയുടെ കിഫ്ബി ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്. നിലവിൽ DSR - ന് revision വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

**സേഫ് സോൺ മാതൃക**

265 (4685) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി കായൽ, ആറ് എന്നിവിടങ്ങളിൽ മത്സ്യങ്ങൾക്ക് പ്രജനനം നടത്തുന്നതിന് പ്രത്യേക സേഫ് സോൺ മാതൃകയിൽ മത്സ്യബന്ധന നിരോധന മേഖലകൾ രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി കായൽ, ആറ് എന്നിവിടങ്ങളിൽ മത്സ്യങ്ങൾക്ക് പ്രജനനം നടത്തുന്നതിന് പ്രത്യേക സേഫ് സോൺ മാതൃകയിൽ മത്സ്യബന്ധന നിരോധന മേഖലകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിൽ പുനർഗേഹം പദ്ധതി**

266 (4686) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് പുനർഗേഹം പദ്ധതിയുടെ ഭാഗമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി മണ്ഡലം പരിധിയിൽനിന്നും പുനർഗേഹം പദ്ധതി പ്രകാരം 95 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷരിൽ ഇതോനോടകം ഭൂമി കണ്ടെത്തിയവർ, ഭൂമി വാങ്ങി വീട് നിർമ്മാണം ആരംഭിച്ചവർ, സ്ഥലം കണ്ടെത്താൻ ബാക്കിയുള്ളവർ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

ആകെ ഗുണഭോക്താക്കൾ - 95 പേർ

ഭൂമി കണ്ടെത്തിയവർ - 22 പേർ

ഭൂമി കണ്ടെത്തി ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ - 14 പേർ

(14 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾ ഭൂമിയും വീടും വാങ്ങിയവരാണ്. ഭൂമി വാങ്ങിയ ഒരു ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചു)

വീട് പണിയുടെ 1-ാം ഘട്ടം പൂർത്തീകരിച്ചവർ - 3 പേർ

ഭൂമി കണ്ടെത്താൻ ബാക്കിയുള്ളവർ - 73 പേർ

(സി) കൊയിലാണ്ടി ചെറിയമങ്ങാട് ഫിഷർമെൻ കോളനിക്ക് സമീപത്തെ ഫിഷറീസ് വകുപ്പിന്റെ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ചെറിയമങ്ങാട് ഫിഷർമെൻ കോളനിക്ക് സമീപത്തെ ഫിഷറീസ് വകുപ്പിന്റെ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി എത്രയെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കൈവശം 587 സെന്റ് ഭൂമി ആണുള്ളത്. പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്നത് പന്തലായനി, പയ്യോളി എന്നീ വില്ലേജുകളിലാണ്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർക്കല മണ്ഡലത്തിൽ വീട് വയ്ക്കുന്നതിനുള്ള ആനുകൂല്യത്തിനായി അപേക്ഷിച്ച മത്സ്യത്തൊഴിലാളികൾ

267 (4687) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന എത്രപേർ വീട് വയ്ക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി ആണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പാക്കുന്നത്. വർക്കല മണ്ഡലത്തിൽ ആകെ 65 കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നുള്ള 37 പേർ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അർഹരായ എല്ലാ വിഭാഗം ജനങ്ങൾക്കും വീട് വയ്ക്കുന്നതിന് നിലവിൽ ധനസഹായം നൽകുന്നത് ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ്. ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അനുവദിക്കുന്നത്.

(ബി) മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരം നൽകാമോ?

പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

വെട്ടൂർ ഗ്രാമപഞ്ചായത്ത് - 23

വർക്കല നഗരസഭ - 10

ഇടവ ഗ്രാമപഞ്ചായത്ത് - 4

## കോഴിക്കോട് താലൂക്കിലെ കുടുംബങ്ങൾക്കുള്ള താമസരേഖ

268 (4688) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കസബ വില്ലേജിൽപ്പെട്ട വെള്ളയിൽ എന്ന സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന

കുടുംബങ്ങൾക്ക് താമസരേഖ ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിന് ഫിഷറീസ് വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) പരാതി ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താമസക്കാർക്ക് കൈവശരേഖ നൽകേണ്ടത് റവന്യൂ വകുപ്പാണ്. ഫിഷറീസ് വകുപ്പിന്റെ ഭൂമി ആയതിനാൽ വകുപ്പിൽനിന്നും NOC നൽകേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചവറ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

269 (4689) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ചവറ മണ്ഡലത്തിലെ എത്ര വീടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

തീരദേശത്ത് നടത്തിയ സർവ്വേ പ്രകാരം 50 മീറ്റർ പരിധിയിൽ ചവറ മണ്ഡലത്തിൽ 464 വീടുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയും അതിൽ 125 പേർ മാറി താമസിക്കാൻ സമ്മതം അറിയിക്കുകയും അവരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ എത്ര വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങളെ മാറ്റി പ്പാർപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ചവറ മണ്ഡലത്തിൽ നിലവിൽ 35 വീടുകളുടെ പണി പൂർത്തിയാക്കുകയും അതിൽ 20 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ടി പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന വീടുകളുടെ എണ്ണം ശക്തികുളങ്ങര, ചവറ, നീണ്ടകര, പന്മന എന്നീ പ്രദേശങ്ങൾ തിരിച്ച് അറിയിക്കുമോ?

| മത്സ്യ ഗ്രാമം | സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടവർ | മാറി താമസിക്കാൻ സമ്മതം അറിയിച്ചവർ | വസ്തു കണ്ടെത്തിയവർ | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | ഭവന നിർമ്മാണം പൂർത്തിയാക്കി മാറി താമസിച്ചവർ |
|---|---|---|---|---|---|
| ശക്തികുളങ്ങര | 123 | 8 | 7 | 6 | 1 |
| ചവറ | 49 | 1 | 0 | 0 | 0 |
| നീണ്ടകര | 280 | 116 | 54 | 29 | 19 |
| പന്മന | 12 | 0 | 0 | 0 | 0 |

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം**

270 (4690) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സമ്മതം അറിയിച്ചവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതിപ്രകാരം 20-10-2021 വരെ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സമ്മതം അറിയിച്ചത് 7682 കുടുംബങ്ങൾ ആണ്.

(ബി) ഇവരിൽ നാളിതുവരെ മാറ്റിപ്പാർപ്പിച്ചിട്ടുള്ള കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; മുഴുവൻ കുടുംബങ്ങളെയും എന്നത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

907 കുടുംബങ്ങളെ ഇതിനകം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കൂടാതെ 20-10-2021 വരെ 2437 ഗുണഭോക്താക്കൾക്ക് ഭൂമിവില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 1795 ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ഇതിൽ 631 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേരെ ഫ്ളാറ്റുകളിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. ഭൂമി കണ്ടെത്താനുള്ള നടപടിയും ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള നടപടിയും ധൃതഗതിയിൽ സ്വീകരിച്ചുവരുന്നു. ജില്ലകൾക്ക് വ്യക്തമായ ടാർജെറ്റ് നൽകി മുഴുവൻ കുടുംബങ്ങളെയും പദ്ധതി കാലയളവിൽ മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുനർഗേഹം പദ്ധതിയുടെ തുക ഉയർത്തുന്നതിന് നടപടി

271 (4691) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുള്ള പത്ത് ലക്ഷം രൂപ എന്നുള്ളത് ഉയർത്താൻ നടപടിയുണ്ടോ; വ്യക്തമാക്കാമോ?

തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## പരപ്പനങ്ങാടി ഫിഷറീസ് കോളനിവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് നടപടി

272 (4692) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽപ്പെട്ട ഡിവിഷൻ 34-ൽ സ്ഥിതിചെയ്യുന്ന അൻപത് വർഷത്തിലധികം പഴക്കമുള്ള ഫിഷറീസ് കോളനിവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് ഡിവിഷൻ കൗൺസിൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ-ഫിഷറീസ്-നഗരസഭ ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയിരുന്നോ; ഇതിന്റെ തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് കോളനിയിലെ വീടുകളുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ആയത് പുനരുദ്ധാരണം നടത്തുന്നതിനുമായി പദ്ധതി തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ്, റവന്യൂ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുകയും ബി.ടി.ആർ., സ്കെച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളനിയിൽ 40 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിക്കുന്നത്. പ്രദേശം സി.ആർ.ഇസഡ്. ഉൾപ്പെടുന്നതാണ്.

(സി) പ്രസ്തുത വീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിലെ പുനർഗേഹം പദ്ധതി

273 (4693) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കുടുംബങ്ങളെ പുനരധിവസിപ്പിച്ചതിനായി എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

'പുനർഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 186,17,90,272 രൂപ (നൂറ്റി എൺപത്തി ആറ് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി എഴുപത്തി രണ്ടു രൂപാ മാത്രം) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പുതിയങ്ങാടി, മാട്ടൂൽ എന്നീ മത്സ്യഗ്രാമങ്ങളിലായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആകെ 258 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ 6 കുടുംബങ്ങളാണ് പദ്ധതിപ്രകാരം മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളത്. ഇതിൽ 2 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ഒരു ഗുണഭോക്താവ് ഭവന നിർമ്മാണത്തിനായി 3 സെന്റ് സ്ഥലം രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

## പുനർഗേഹം പദ്ധതിപ്രകാരമുള്ള തുക വർദ്ധിപ്പിക്കാൻ നടപടി

274 (4694) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം ഗുണഭോക്താവിന് ലഭിക്കുന്ന പുതിയ സ്ഥലത്തിന്റെ രജിസ്ട്രേഷൻ ചാർജ്

ഒഴിവാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

'പുനർഗേഹം' പദ്ധതി പ്രകാരം വാങ്ങുന്ന പുതിയ സ്ഥലത്തിന്റെ രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കെട്ടിടസാമഗ്രികളുടെ വില ക്രമാതീതമായി ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് ഭൂമി വാങ്ങാനും ഭവനനിർമ്മാണത്തിനുംകൂടി അനുവദിച്ചിരിക്കുന്ന തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

'പുനർഗേഹം' പദ്ധതി മാർഗ്ഗരേഖ പ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വാങ്ങാനും ഭവന നിർമ്മാണത്തിനുംകൂടി പരമാവധി 10 ലക്ഷം രൂപയുടെ ആനുകൂല്യം അനുവദിക്കുന്നു. പദ്ധതി തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

## മത്സ്യത്തൊഴിലാളികൾക്ക് അഞ്ചുവർഷത്തേയ്ക്ക് തുടർചികിത്സ നൽകുന്ന പദ്ധതി

275 (4695) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരരോഗങ്ങൾ ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് അഞ്ചുവർഷത്തേയ്ക്ക് തുടർചികിത്സ നൽകുന്ന പദ്ധതിയിൽ ഏതൊക്കെ രോഗബാധിതരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഓപ്പൺ ഹാർട്ട് സർജറി ചെയ്തവർ, ഡയാലിസിസ്, കരൾരോഗ ബാധിതർ, ക്യാൻസർ ബാധിതർ, തളർവാതം പിടിപെട്ട് കിടപ്പിലായവർ, അംഗപരിമിതരായ/ഓട്ടിസം ബാധിച്ച മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾ, ഗർഭാശയ സംബന്ധമായ അസുഖം ബാധിച്ചവർ എന്നിവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) രോഗബാധിതരോടൊപ്പം മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങൾ സംഭവിച്ചവർക്കുംകൂടി പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ അനുവദിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനത്തിനിടയിൽ അപകടം സംഭവിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിലും അല്ലാതെയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും ഭാഗികമായ അവശതയ്ക്ക് 5 ലക്ഷം രൂപയും നൽകിവരുന്നു. കൂടാതെ അപകടംമൂലമുള്ള കിടത്തി ചികിത്സയ്ക്ക് പരമാവധി 25,000 രൂപയും അനുവദിച്ചുവരുന്നു.

(സി) ഒരു ലക്ഷം രൂപ വാർഷിക വരുമാനം ഉള്ളവർക്കുവരെ ആനുകൂല്യം കിട്ടുന്നരീതിയിൽ പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുമോ; വ്യക്തമാക്കാമോ?

വാർഷിക വരുമാന പരിധി 50,000 രൂപ വരെയുള്ളവരെയാണ് നിലവിൽ പരിഗണിക്കുന്നത്. വിപുലപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം**

276 (4696) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് എങ്ങനെയെന്നും ഇതിലേയ്ക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് എങ്ങനെയാണെന്നും വിശദമാക്കുമോ?

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻഡ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു. 2020-21-ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ വകയിരുത്തുകയും ആയത് ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്നു. പ്രീമെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ

ഇ-ഗ്രാന്റ്സ് പദ്ധതി വഴിയും അനുവദിച്ചുവരുന്നു. തീരദേശത്തെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകിവരുന്നു. ടി പദ്ധതി ധനസഹായം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് മുഖേന നടപ്പാക്കിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ 'വിദ്യാതീരം' പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്.) കോച്ചിംഗ്, പി.എസ്.സി. പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ പരിശീലനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിച്ച് മാർഗ്ഗരേഖ പ്രകാരം അർഹതാ പട്ടിക തയ്യാറാക്കി തെരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ് പരിശീലനം നൽകുന്നു. സിവിൽ സർവ്വീസിന് സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകുന്നത്. വിവിധ പരിശീലന സ്ഥാപനങ്ങളെ താൽപ്പര്യപത്രം ക്ഷണിച്ചാണ് തെരഞ്ഞെടുക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി., പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന 'ജ്യോതിർഗമയ' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

നടപ്പുസാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 'വിദ്യാതീരം' പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**തീരനൈപുണ്യ പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവർ**

277 (4697) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരനൈപുണ്യ പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട എത്ര യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ 1254 യുവതികൾക്ക് തീരനൈപുണ്യ പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഏതൊക്കെ മേഖലകളിലാണ് ഇവർക്ക് പരിശീലനം നൽകിയിട്ടുള്ളത്; ഇപ്രകാരം പരിശീലനം സിദ്ധിച്ചവരിൽ എത്രപേർക്ക് തൊഴിൽനേടാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

തീരനൈപുണ്യ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വവികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കംപ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് പരിശീലനം നൽകിവരുന്നു. ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ 184 യുവതികൾ കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ചെയ്തുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയങ്ങൾ**

278 (4698) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ച എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇവരുടെ ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഭൂമിയുള്ള ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ

മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ലൈഫ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ഭവനരഹിതരായ 1880 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും അർഹരെന്ന് കണ്ടെത്തിയ 1574 പേരിൽ 1381 പേർ കരാറിൽ ഏർപ്പെട്ടതിൽ 1277 പേർ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ലൈഫ് മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവനരഹിതരായ 472 പേരുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ 250 പേരുടെ അർഹത നിശ്ചയിച്ച് 110 പേർ കരാർ വയ്ക്കുകയും 32 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവനരഹിതരായ 7353 പേരുടെ ലിസ്റ്റും ലൈഫ് മിഷന് നൽകിയിട്ടുണ്ട്. ടി പട്ടിക പ്രകാരം ഭവന രഹിതരായ 7778 പേരിൽ 4412 പേരുടെ അർഹത നിശ്ചയിച്ച് 1763 പേർ എഗ്രിമെൻറ് വയ്ക്കുകയും 123 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരായവരിൽ 3271 പേർ അർഹരാണെന്ന് കണ്ടെത്തുകയും 3 പേർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുകയുണ്ടായോ; അവ എവിടെയെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

മത്സ്യത്തൊഴിലാളികൾക്കായി ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ വലിയതുറ-8 പേർക്കും മുട്ടത്തറ -192, കാരോട് -128, ബീമാപള്ളി - 20, മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 പേർക്കും ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകി.

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ എത്ര പേർ ഇനിയും താൽക്കാലിക ക്യാമ്പുകളിൽ കഴിയുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ; ഇവർക്കായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ താൽക്കാലിക ക്യാമ്പുകളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്യാമ്പ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| ബഡ്സ് സ്കൂൾ, വലിയതുറ | 17 |
| വലിയതുറ, യു.പി.എസ്. | 34 |
| പോർട്ട് ഗോഡൗൺ 1, വലിയതുറ | 14 |
| പോർട്ട് ഗോഡൗൺ 2, വലിയതുറ | 15 |
| പോർട്ട് ഗോഡൗൺ 3&4, വലിയതുറ | 44 |
| St. Roch's School, വലിയതോപ്പ് | 43 |
| ബീമാപള്ളി ഗവ.യു.പി.എസ്. | 6 |
| യു.പി.എസ്. പൊഴിയൂർ | 5 |
| സെന്റ് മാത്യൂസ് എച്ച്.എസ്., പൊഴിയൂർ | 2 |

മറ്റ് ജില്ലകളിൽ ഒന്നുംതന്നെ താൽക്കാലിക ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഇല്ല. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയാണ് നടപ്പിലാക്കുന്നത്. വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിലേയ്ക്ക് ക്യാമ്പിൽ കഴിയുന്ന അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

279 (4699) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ എത്ര കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് സ്ഥലം വാങ്ങാനുള്ള തുക നൽകിയെന്നും എത്രപേർക്ക് വീട് നിർമ്മാണത്തിനുള്ള തുക നൽകിയെന്നും വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ 372 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 41 പേർക്ക് സ്ഥലം വാങ്ങാനുള്ള തുകയും 8 പേർക്ക് വീട് നിർമ്മാണത്തിന്റെ ആദ്യ ഗഡുവും 2 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

(സി) ഇനി എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകാനാകും; അത് എന്നത്തേയ്ക്ക് നല്കാനാകും; വിശദമാക്കാമോ?

ഡി.എൽ.എ.സി. അംഗീകരിച്ചതും മാറിത്താമസിക്കാൻ തല്പരരുമായ 205 പേർ സ്ഥലം കണ്ടെത്തേണ്ടതായുണ്ട്. ടി ആളുകൾ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ആനുകൂല്യം നൽകാൻ സാധിക്കും.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

280 (4700) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും മത്സ്യത്തൊഴിലാളികൾക്ക് ഏത് വർഷം വരെയുള്ള വായ്പകൾക്കാണ് പ്രസ്തുത കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി 27-3-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 31-12-2008 വരെ എടുത്ത വായ്പകൾക്കാണ് കടാശ്വാസം അനുവദിച്ചുവരുന്നത്.

**പ്രധാനമന്ത്രി മത്സ്യസമ്പാദയോജന പദ്ധതി**

281(4701) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u>
<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പ്രകാരം 2020-21 സാമ്പത്തികവർഷം സംസ്ഥാനത്തിന് എത്ര കോടി രൂപയാണ് ലഭ്യമായത്; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പ്രകാരം 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി 8 കോടി രൂപ നാളിതുവരെ ലഭ്യമാകുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2021-22 കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ?

2021-22 കാലയളവിൽ 191.0523 കോടി രൂപയുള്ള പദ്ധതി നിർദ്ദേശങ്ങളാണ് സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 66.9494 കോടി രൂപ കേന്ദ്രവിഹിതവും 51.4679 കോടി രൂപ സംസ്ഥാന വിഹിതവും 72.6350 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) പ്രധാനമന്ത്രി മത്സ്യസമ്പാദ യോജനയുടെ പ്രയോജനം സാധാരണ മത്സ്യ കർഷകർക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

282 (4702) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഇരുന്നൂറ് രൂപ വീതം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ എന്നുമുതലാണ് നൽകുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തുന്ന അവസരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. 2021 ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായി ജീവനോപാധി നഷ്ടപ്പെട്ട കടൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും തൊഴിൽ ദിനങ്ങൾ നഷ്ടമായ ആറ് ദിവസത്തേയ്ക്ക് 200 രൂപ വീതം 1,200 രൂപ അനുവദിച്ചിട്ടുണ്ട്.

## സുനാമി പാക്കേജിൽ ആരംഭിച്ച സ്ഥാപനങ്ങളുടെ പ്രവർത്തനം

283 (4703) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി പാക്കേജിൽ ഉൾപ്പെടുത്തി ആരംഭിച്ചിരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1) ഫിഷ് മീൽസ് സെന്റർ രാമഞ്ചേരി, ആറാട്ടുപുഴ

(2) മത്സ്യമാർക്കറ്റ്, കനകക്കുന്ന്

(ബി) ഇതിൽ എതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായെന്നും അറിയിക്കാമോ?

നിലവിൽ ഫിഷ് മീൽ സെന്റർ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. കനകക്കുന്നിൽ നിർമ്മിച്ചിട്ടുള്ള ഫിഷ് മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ ടി ബിൽഡിംഗ് ലേല സെന്ററായി പ്രവർത്തിക്കുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങൾ വീണ്ടും പ്രവർത്തന ക്ഷമമാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകുമോ?

കനകക്കുന്നിലെ ഫിഷ് മാർക്കറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

## ചെമ്മീൻ പീലിംഗ് മേഖലയിൽ ജോലിചെയ്യുന്ന വനിതകളുടെ തൊഴിൽസാഹചര്യം

284(4704) <u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെമ്മീൻ പീലിംഗ് മേഖലയിൽ ജോലിചെയ്യുന്ന വനിതാ മൽസ്യത്തൊഴിലാളികളുടെ മോശമായ തൊഴിൽ സാഹചര്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പീലിംഗ് തൊഴിലാളികൾക്ക് മൽസ്യത്തൊഴിലാളികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും അവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള സാഫ് മുഖേന മത്സ്യവില്പന, പീലിംഗ് എന്നീ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി രൂപീകരിച്ച് റിവോൾവിംഗ് ഫണ്ടായി പ്രവർത്തനമൂലധനം നൽകുന്ന JLG പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി 504

JLG-കൾ നിലവിൽ രൂപീകരിച്ചിട്ടുണ്ട്. 5 മത്സ്യത്തൊഴിലാളി വനിതകൾ വീതം അംഗങ്ങളായിട്ടുള്ള ടി JLG-കൾക്ക് 50,000 രൂപ വീതം (ഒരംഗത്തിന് 10,000 രൂപ വീതം) പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തിട്ടുണ്ട്. ടി തുക തിരിച്ചടക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കും. കൂടാതെ സാഫ് മുഖേന ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ പദ്ധതി പരിശോധിച്ചുവരുന്നു. ഇതിൽ മത്സ്യ അനുബന്ധ മേഖലയിലെ പ്രധാനമായും മത്സ്യവില്പന, പീലിംഗ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതി ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിൽ അംഗത്വമുള്ള എല്ലാ പീലിംഗ് തൊഴിലാളികളും മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗത്തിലാണ് നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്. മത്സ്യബോർഡ് മുഖേന മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗങ്ങൾക്ക് നിലവിൽ നടപ്പിലാക്കിവരുന്ന എല്ലാ ക്ഷേമ പദ്ധതികളും പീലിംഗ് തൊഴിലിൽ ഏർപ്പെടുന്ന വനിതകൾക്കും ലഭ്യമാക്കിവരുന്നു.

(സി) സർക്കാർ തലത്തിൽ മാതൃകാ പീലിംഗ് ഷെഡ്ഡുകൾ സ്ഥാപിച്ച് വനിതകൾക്ക് തൊഴിലവസരം നൽകുന്നതിനും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളെ അത്തരം മാതൃകകളിലേയ്ക്ക് കൊണ്ടുവരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽനിന്നും സംരക്ഷിക്കാൻ നടപടി**

285 (4705) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽനിന്നും സംരക്ഷിക്കാൻ മുൻസർക്കാർ കൊണ്ടുവന്ന കടാശ്വാസ പദ്ധതി നിലവിലുണ്ടോ?

ഉണ്ട്.

(ബി) 2021-22 വർഷത്തിൽ കടാശ്വാസമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22-ൽ ഇതുവരെ കടാശ്വാസത്തിനായി ആകെ 24,62,931 രൂപ അനുവദിച്ചിട്ടുണ്ട്.

## നിയമവിരുദ്ധ മത്സ്യബന്ധനത്തിനെതിരെ കർശന നടപടികൾ

286 (4706) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അടിത്തട്ടുവരെ ഊറ്റിയെടുക്കുന്ന തരത്തിൽ ചെറുമത്സ്യങ്ങളെവരെ പിടിച്ചുകൊണ്ടുപോകുന്നതരത്തിലും സാങ്കേതിക സംവിധാനങ്ങളോടെ വലിയ ബോട്ടുകൾ അനധികൃതമായും നിയമവിരുദ്ധമായും മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന പരാതികൾ കോഴിക്കോട് ജില്ലയിലെ സാധാരണ മത്സ്യത്തൊഴിലാളികളിൽനിന്നും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജില്ലയിൽ പല ഭാഗത്തുനിന്നും ഇത്തരം അനധികൃതവും നിയമവിരുദ്ധവുമായ മത്സ്യബന്ധനം നടക്കുന്നുയെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലയിലെ കടൽ പട്രോളിംഗ് കൂടുതൽ ശക്തിപ്പെടുത്തുകയും നിയമ ലംഘകർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കടലിലെ മത്സ്യസമ്പത്ത് കുറയാനിടവരുത്തുന്നതും പരസ്പരം സംഘർഷത്തിലേയ്ക്ക് നയിക്കുന്നതുമായ ഇത്തരം നിയമവിരുദ്ധ മത്സ്യബന്ധനശൈലിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ ശക്തമാക്കാനും നടപടികൾ സ്വീകരിക്കാനുമാണ് നിർദ്ദേശം നൽകിയതെന്ന് വിശദമാക്കാമോ?

(ബി&സി)നിയമവിരുദ്ധ മത്സ്യബന്ധന രീതികൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും സംയുക്തമായി കടൽ പട്രോളിംഗ് നടത്തുകയും KMFR Act ലംഘിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾ കണ്ടുകെട്ടി അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിൽ 2018 മുതൽ 2021 നാളിതുവരെ അനധികൃതവും നിയമവിരുദ്ധവുമായ ഇത്തരം മത്സ്യബന്ധനം നടത്തിയ 24 മത്സ്യബന്ധന യാനങ്ങളെ പിടികൂടി ഇമ്പൗണ്ട് ചെയ്യുകയും 31,80,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## ഉൾനാടൻ മത്സ്യകൃഷി

287(4707) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണംചെയ്ത വകയിലും ചെലവായ തുക കണക്കാക്കിയിട്ടുണ്ടോ?

ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച വകയിൽ 12,23,72,911 രൂപയും കർഷകർക്ക് മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത വകയിൽ 68,29,27,948 രൂപയും ചെലവായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉൾനാടൻ മത്സ്യത്തിന്റെ അളവിൽ വർദ്ധനവുണ്ടാകുന്നതിനും മത്സ്യകൃഷി ലാഭകരമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുക?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിലൂടെയും കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിലൂടെയും ഉൾനാടൻ മത്സ്യത്തിന്റെ അളവിൽ വർദ്ധനവ് ഉണ്ടാകുന്നതിനും മത്സ്യകൃഷി ലാഭകരമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി വഴിയുള്ള മത്സ്യോൽപാദനവും പൊതുജലാശയങ്ങളിൽനിന്നുള്ള മത്സ്യോൽപാദനവും സംബന്ധിച്ച വിവരശേഖരണത്തിനായി ഇൻലാൻഡ് എന്യൂമറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ ഫീൽഡ്തല ജീവനക്കാരായ അക്വാകൾച്ചർ പ്രൊമോട്ടർമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരും ഫീൽഡ്തലത്തിൽ പരിശോധന നടത്തുന്നുണ്ട്.

(സി) മത്സ്യക്കുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്തതിനുശേഷം വകുപ്പ് ജീവനക്കാർ കൃഷിയിടം സന്ദർശിക്കുകയും അവയുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ടായിരുന്നോ?

മത്സ്യക്കുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്തശേഷം ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും ഫീൽഡ്തല ജീവനക്കാരും കൃഷിയിടം സന്ദർശിക്കുകയും മത്സ്യങ്ങളുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. മത്സ്യകർഷകർക്ക് നൽകിയിട്ടുള്ള ഫാർമേഴ്സ് കാർഡിൽ ഇത്തരം സന്ദർശനങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) വംശനാശം നേരിടുന്ന ഉൾനാടൻ മത്സ്യങ്ങളുടെ പുനരുജ്ജീവനംകൂടി ഉറപ്പുവരുത്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ബയോഫ്ലോക് മത്സ്യ കൃഷി സമ്പ്രദായം**

288(4708) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഫ്ലോക് മത്സ്യകൃഷി രീതി വ്യാപകമാകുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് ബയോഫ്ലോക് മത്സ്യകൃഷി രീതി വ്യാപകമാക്കുന്നതിനുവേണ്ടി നിലവിൽ 2021-22 സാമ്പത്തിക വർഷത്തെ 'സുഭിക്ഷ കേരളം - ജനകീയ മത്സ്യകൃഷി' പദ്ധതിയിലുൾപ്പെടുത്തി ബയോഫ്ലോക് കൃഷിരീതി നടപ്പിലാക്കുന്നതിന് 1252.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നം. | മത്സ്യകൃഷി രീതി | യൂണിറ്റ് | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ബയോഫ്ലോക് കൃഷി രീതി (20m3) | 3380 | 458.16 |
| 2 | ബയോഫ്ലോക് കൃഷി രീതി (50m3) | 75 | 78.75 |
| 3 | ബയോഫ്ലോക് കൃഷി രീതി (160m3) | 490 | 716.00 |

കൂടാതെ PMMSY പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 30 കോടി രൂപ അടങ്കൽ തുക വരുന്ന 400 ബയോഫ്ലോക് കൃഷി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിലൂടെ മത്സ്യകൃഷി നടത്തുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ?

മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ബയോഫ്ലോക് കൃഷിരീതിയുൾപ്പെടെയുള്ള ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി-സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷൻ കോസ്റ്റിന്റെ 20%-വും ധനസഹായമായി നൽകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യകൃഷി രീതി | യൂണിറ്റ് കോസ്റ്റ് (ലക്ഷത്തിൽ) | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ബയോഫ്ലോക് കൃഷി രീതി (20m3) | 1.38 | 0.552 (40%) |
| 2 | ബയോഫ്ലോക് കൃഷി രീതി (50m3) | 3.75 | 1.50 (40%) |
| 3 | ബയോഫ്ലോക് കൃഷി രീതി (160m3) | 7.50 | 3.00 (40%) |

ഇതിനുപുറമെ ബയോഫ്ലോക് മത്സ്യകൃഷി പോലെയുള്ള നൂതന മത്സ്യകൃഷി രീതികൾക്ക് സാങ്കേതിക പരിജ്ഞാനം ആവശ്യമായതിനാൽ Kerala University of Fisheries and Ocean Studies (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരും ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധരും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് ഓൺലൈനായും നേരിട്ടും പരിശീലനം സംഘടിപ്പിക്കുന്നുണ്ട്. കർഷകർക്ക് ഫീൽഡ് തല സഹായത്തിനായി അക്വാകൾച്ചർ പ്രൊമോട്ടർമാരെയും പ്രോജക്ട് കോ-ഓർഡിനേറ്റർമാരെയും നിയോഗിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ ഏതെല്ലാം ഏജൻസികളാണ് പങ്കാളികളായിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

Kerala University of Fisheries and Ocean Studies (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർ മത്സ്യകർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകിവരുന്നു. കൂടാതെ മത്സ്യകൃഷിക്കാവശ്യമായ മത്സ്യവിത്ത് വിതരണം ചെയ്തുവരുന്നത് Agency for Development of Aquaculture (ADAK) എന്ന സ്ഥാപനം മുഖേനയാണ്. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയിലെ ബയോഫ്ലോക് കൃഷി ($20\ m^3$) യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടും കൂടിയാണ് നടപ്പിലാക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ പദ്ധതികളിലുൾപ്പെടുത്തി ഇത് വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ പദ്ധതികളിലുൾപ്പെടുത്തി ബയോഫ്ലോക് മത്സ്യ കൃഷി വ്യാപകമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉൾനാടൻ മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു.

## നിലമ്പൂർ മണ്ഡലത്തിൽ ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി

289(4709) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി 2017-18 മുതൽ 2021-22 വരെ തുടർച്ചയായി 5 വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 2021 ജൂൺ 6-നാണ് ഇത്തരത്തിൽ റാഞ്ചിംഗ് നടത്തിയത്.

(ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പുഴകളിലും പൊതുജലാശയങ്ങളിലുമാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നിലമ്പൂർ മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന കരുളായി, പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കടവിൽ നിന്നും ചാലിയാർ പുഴയിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരിക്കുന്നത്. 2017-18 മുതൽ 2021-22 വരെ തുടർച്ചയായ 5 വർഷത്തിൽ ആകെ 15 ലക്ഷം കാർപ്പ് മത്സ്യങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(സി) ഏതുതരം മത്സ്യവിത്തുകളാണ് പ്രസ്തുത പ്രദേശങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും ഇതുവഴി പ്രതീക്ഷിക്കുന്ന മത്സ്യോല്പാദനം എത്രയെന്നും അറിയിക്കാമോ?

കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന റാഞ്ചിംഗ് പദ്ധതിയിലൂടെ പ്രതിവർഷം 20 ടൺ മത്സ്യം അധികമായി ഉൽപാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ

290 (4710) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വിപണിയിൽ വേണ്ടത്ര ആവശ്യക്കാരില്ലാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യലഭ്യത കുറവായ ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് നല്ല വിപണി ലഭിക്കുന്നുണ്ട്. തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, കാളാഞ്ചി, വരാൽ എന്നിവയ്ക്ക് മാർക്കറ്റിൽ വിപണന സാദ്ധ്യത കൂടുതലുണ്ട്. എന്നാൽ ഉൾനാടൻ മത്സ്യകൃഷിയിലൂടെ ശാസ്ത്രീയമായി കൃഷി ചെയ്തവർ ഒരുമിച്ച് വിളവെടുത്ത സാഹചര്യത്തിൽ വിവിധ ജില്ലകളിലെ പ്രദേശങ്ങളിൽ ചില കർഷകർക്ക് മത്സ്യത്തിന് മതിയായ വിപണനമൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'അക്വാചിക്കൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗിഫ്റ്റ് (G.I.F.T) ഉൾപ്പെടെയുള്ള മത്സ്യങ്ങൾ സംഭരിക്കുന്നതിന് പദ്ധതിയോ സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

'അക്വാചിക്കൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗിഫ്റ്റ് (G.I.F.T) തിലാപ്പിയ മത്സ്യങ്ങൾ ഉപഭോക്താക്കൾക്ക് താല്പര്യം ഉള്ളതിനാൽ ആവശ്യാനുസരണം മത്സ്യഫെഡ് കർഷകരിൽനിന്നും സംഭരിച്ച് ഫിഷ് മാർട്ടുകൾവഴി വിപണനം നടത്തിവരുന്നു. കൂടാതെ വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൾനാടൻ മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കൂരാച്ചുണ്ട് കല്ലാനോട് ഫിഷ് ഹാച്ചറിയുടെ വികസനം

291 (4711) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനത്തിനായി സർക്കാർ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇറിഗേഷൻ വകുപ്പ് വിട്ടുതന്ന ഹാച്ചറിയോട് ചേർന്നുള്ള 2 ഏക്കർ സ്ഥലത്ത് ടൂറിസം സാധ്യതകൾകൂടി പരിഗണിച്ച് ഹാച്ചറിയുടെ വികസനം സാദ്ധ്യമാക്കാൻ സർക്കാർ തയ്യാറാകുമോ?

(എ&ബി) കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമികൂടി ലഭ്യമാക്കി RIDF Tranche XXVI- ൽ ഉൾപ്പെടുത്തി 1,580 ലക്ഷം രൂപയുടെ തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ഉൾനാടൻ മത്സ്യ കൃഷി

292 (4712) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻസർക്കാർ എത്ര കോടി രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻ സർക്കാർ 68,29,27,948 രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളെ കർഷകർ ലാഭകരമായി കൃഷിചെയ്ത് വിജയിപ്പിച്ചതായി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യകർഷർ ലാഭകരമായി കൃഷി ചെയ്ത് വിജയിപ്പിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി വഴിയുള്ള മത്സ്യോൽപാദനവും പൊതുജലാശയങ്ങളിൽ നിന്നുള്ള മത്സ്യോൽപാദനവും സംബന്ധിച്ച വിവരശേഖരണത്തിനായി ഇൻലാന്റ് എന്യൂമറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ ഫീൽഡ്തല ജീവനക്കാരായ അക്വാകൾച്ചർ പ്രൊമോട്ടർമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരും ഫീൽഡ്തലത്തിൽ പരിശോധന നടത്തുന്നുണ്ട്.

(സി) മത്സ്യക്കുഞ്ഞുങ്ങളെ ചെറുകിട കർഷകർക്ക് വിതരണം ചെയ്തശേഷം അവയുടെ വളർച്ചയെ സംബന്ധിച്ച് വകുപ്പിൽനിന്ന് കർഷകരുടെ വീടുകളിലെത്തി പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ടോ; വിശദമാക്കാമോ?

മത്സ്യകുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്തശേഷം ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും ഫീൽഡ്തല ജീവനക്കാരും കൃഷിയിടം സന്ദർശിക്കുകയും മത്സ്യങ്ങളുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. മത്സ്യകർഷകർക്ക് നൽകിയിട്ടുള്ള ഫാർമേഴ്സ് കാർഡിൽ ഇത്തരം സന്ദർശനങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നുണ്ട്.

**മീൻ വളർത്തലിനുള്ള ധനസഹായം**

293(4713) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻ വളർത്തലും അക്വേറിയവും പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും ധനസഹായം വകുപ്പിൽനിന്നും നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കാൻ മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി-സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ആവർത്തന ചെലവിന്റെ 20%- വും ധനസഹായമായി നൽകുന്നു. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 300 ചെറുകിട യൂണിറ്റുകൾ, 50 ഇടത്തരം യൂണിറ്റുകൾ, 20 ഇന്റഗ്രേറ്റഡ് യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി 18 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇവ ആരംഭിക്കുന്നതിന് ലൈസൻസ് ആവശ്യമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മീൻ വളർത്തുന്നതിന് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും അതിനനുസൃതമായുള്ള ചട്ടങ്ങളും അനുസരിച്ച് രജിസ്ട്രേഷനും ലൈസൻസും നേടിയിരിക്കേണ്ടതാണ്. 2020-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ഓർഡിനൻസ് 8 സി (1) പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ നേടാത്ത ഏതൊരാളും വ്യാവസായിക അടിസ്ഥാനത്തിൽ അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിൽ ഏർപ്പെടാനോ ടിക്കറ്റ് സമ്പ്രദായം വഴി തുക ഈടാക്കിക്കൊണ്ട് അലങ്കാര മത്സ്യങ്ങളെയും ഇതര മത്സ്യങ്ങളെയും 30 ദിവസത്തിൽ കൂടുതൽ കാലത്തേയ്ക്ക് പ്രദർശിപ്പിക്കാനോ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു അലങ്കാര മത്സ്യ ഉല്പാദന യൂണിറ്റിൽനിന്നും അലങ്കാര മത്സ്യങ്ങൾ വില്പന നടത്തുന്നതിനും വീടുകളിൽ ചില്ല് പേടകങ്ങളിൽ അലങ്കാര മത്സ്യങ്ങളെ പ്രദശിപ്പിക്കുന്നതിനും ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമല്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

**പയ്യന്നൂർ ഫിഷ് മാർക്കറ്റ് ആധുനികീകരിക്കാൻ ആവശ്യമായ നടപടികൾ**

294 (4714) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഫിഷ് മാർക്കറ്റ് ആധുനികീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

**കുറ്റ്യാടി മണ്ഡലത്തിലെ തീരദേശ റോഡുകൾ**

295 (4715) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ റോഡുകൾ ആണ് നിലവിൽ തീരദേശ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ താഴെപ്പറയുന്ന റോഡുകളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

1) അട്ടക്കുണ്ട് കടവ് തീരദേശ റോഡ്

2) അട്ടക്കുണ്ട് പാലം - വല്ലത്ത് താഴ റോഡ്

3) കണാരക്കണ്ടിതാഴ ചെരങ്ങത്തൂർ എൽ.പി.സ്കൂൾ റോഡ്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്; വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് മേൽപ്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണം നടപ്പാക്കുന്നത്

(സി) തീരദേശ പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണുള്ളത് എന്നറിയിക്കാമോ?

തീരദേശ പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 15-2-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 127/2019/മ.തു.വ.-യിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വെള്ളായണിയിലെ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം അടയ്ക്കുന്നതിനുള്ള നടപടി

296(4716) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിൽ മത്സ്യബന്ധനം നടത്തി ഉപജീവനമാർഗ്ഗം നടത്തുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കൊഞ്ച്, കരിമീൻ, കാർപ്പ് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം അടയ്ക്കുന്നതിന് വർക്കലയിൽ എത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി വിഴിഞ്ഞത്ത് ക്ഷേമനിധി അടയ്ക്കുന്നതിന് സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നിലവിൽ ചിലക്കൂർ (വർക്കല) ഫിഷറീസ് ഓഫീസിലാണ് ക്ഷേമനിധി വിഹിതം അടച്ചുവരുന്നത്. വെള്ളായണി കായലിൽ മത്സ്യബന്ധനം നടത്തുന്ന 30 ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നിലവിൽ ചിലക്കൂർ ഫിഷറീസ് ഓഫീസിന്റെ കീഴിൽ അംഗങ്ങളായിട്ടുണ്ട്. ഇവർക്ക് ഫിഷറീസ് ഓഫീസിൽ വർഷത്തിൽ ഒരിക്കൽ മാത്രമേ വിഹിതം അടയ്ക്കേണ്ടതുള്ളൂ. ചിലക്കൂർ ഫിഷറീസ് ഓഫീസിൽ ഈ മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് എത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ചിലക്കൂർ ഫിഷറീസ് ഓഫീസർ മുൻകൂട്ടി അറിയിപ്പ് നൽകി വിഴിഞ്ഞം ഫിഷറീസ് ഓഫീസിൽ എത്തി, വാർഷിക വിഹിതം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പെരുമാൾപ്പടി ഫിഷറീസ് കോളനിയിൽ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ

297 (4717) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിൽപ്പെട്ട മാലിപ്പുറം ചാപ്പ കടപ്പുറത്തുനിന്നും കടലാക്രമണ ഭീഷണിയെ തുടർന്ന് പുനരധിവസിപ്പിക്കപ്പെട്ട 76 കുടുംബങ്ങൾ താമസിക്കുന്ന പെരുമാൾപ്പടി

ഫിഷറീസ് കോളനിയിൽ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവിടെ താമസിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് ഈ കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത പ്രദേശത്തെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽനിന്നും തുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിന് ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ

298 (4718) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിനും പരിശോധനകൾക്കുമായി എത്ര ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകളാണ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നത്; കഴിഞ്ഞ വർഷം എത്ര കേസുകളാണ് മായം ചേർത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത്?

തിരുവനന്തപുരം ജില്ലയിൽ മാത്രമായി ഇത്തരത്തിൽ സ്ഥിരമായി ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ ഇല്ല. എന്നാൽ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് സംസ്ഥാനത്തെ വിവിധ മത്സ്യ മാർക്കറ്റുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. Central Institute of Fisheries Technology(CIFT) യുടെ സാങ്കതിക വിദ്യ പ്രയോജനപ്പെടുത്തി Hi Media Company Mumbai വികസിപ്പിച്ചെടുത്ത ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ചും സ്ഥിരമായി പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യയോഗ്യമല്ലാത്തതും രാസവസ്തുക്കളുടെ സാന്നിദ്ധ്യം ഉള്ളതായും പരിശോധനയിൽ കണ്ടെത്തിയ 55.26 ടൺ മത്സ്യം തിരുവനന്തപുരം ജില്ലയിൽ 2020-21 കാലയളവിൽ പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്.

(ബി) ഇത്തരം ആശങ്കകൾ പരിഹരിക്കുന്നതിനായി പൊതുജനങ്ങൾക്കായി ഹെൽപ്പ്ലൈൻ നമ്പറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യ വിൽപ്പന പ്രവണത തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ അറിയിക്കുന്നതിന് ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ 18004253183 ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനായി 1800 425 1125 എന്ന Toll Free Number 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

**മുനമ്പം ഫിഷിംഗ് ഹാർബറിൽ നടത്താനായി ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ**

299 (4719) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പം ഫിഷിംഗ് ഹാർബറിൽ നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുനമ്പം ഹാർബറിനെ രാജ്യാന്തര നിലവാരമുള്ള ഒരു മാതൃകാ ഹാർബറായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ശുചിത്വ സൗകര്യങ്ങൾ, വാഹന പാർക്കിംഗ്, കോൾഡ് സ്റ്റോറേജ് മുതലായവ വിഭാവനം ചെയ്യുന്നു.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സ്ഥാപിക്കാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് ഇക്കാര്യത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ടോ; ഇതുസംബന്ധിച്ച ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സ്ഥലം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## താഴ്ന്ന ടെക്നിക്കൽ തസ്തികകളിലെ നിയമനം

300 (4720) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്ക്., എം.ടെക്ക്. തുടങ്ങിയ ഉയർന്ന യോഗ്യതയുള്ളവർ അപേക്ഷിക്കുന്നതുമൂലം ഉയർന്ന യോഗ്യതയുള്ളവർ ഉയർന്ന മാർക്ക് നേടി റാങ്ക് പട്ടികയിൽ ഇടംപിടിക്കുന്നതുകാരണം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നുയെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ സർവ്വീസുകളിൽ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യതയായി ആവശ്യമുള്ള തസ്തികകളിൽ പ്രസ്തുത യോഗ്യത മാത്രമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും പ്രാപ്യമാകുമ്പോൾ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുന്നത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കാമോ;

(ഡി) ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവർക്ക് താഴ്ന്ന ടെക്നിക്കൽ തസ്തികകളിൽ മാത്രമേ നിയമന സാദ്ധ്യതയുള്ളൂവെന്നതിനാലും പ്രസ്തുത തസ്തികകളിൽപ്പോലും ഉയർന്ന യോഗ്യതയുള്ളവർ കരസ്ഥമാക്കുന്ന സാഹചര്യത്തിൽ ഈ യോഗ്യതകൾ മാത്രം ഉള്ളവർക്ക് നീതി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) അടിസ്ഥാന യോഗ്യതയ്ക്ക് ഉപരിയായി ഉന്നത യോഗ്യതയുള്ളവർ, വിവിധ തസ്തികകളിൽ പി.എസ്.സി. നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടാറുണ്ട്. സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ തസ്തികകളിലേയ്ക്ക് നിയമനം നടത്തിവരുന്നത്.

**ഹരിപ്പാട് മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ**

301(4721) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർവ്വഹണം നടത്താൻ നിശ്ചയിച്ചിട്ടുള്ള ആറാട്ടുപുഴ-കാർത്തികപ്പള്ളി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പിള്ളകടവ്-ധന്യ ഓഡിറ്റോറിയം റോഡ്, കുമാരപുരം പഞ്ചായത്തിലെ വെട്ടിശ്ശേരി-പാണ്ടൂർ റോഡ്, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാണ്ഡവജി റോഡ് എന്നീ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത വർക്കുകളുടെ ഭരണാനുമതി നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) പിള്ളകടവ്-ധന്യ ഓഡിറ്റോറിയം റോഡ്, വെട്ടിശ്ശേരി-പാണ്ടൂർ റോഡ് എന്നീ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. പാണ്ഡവജി റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല.

**തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണം**

302(4722) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിന്റെ അനുഷ്ഠാന കലയായ തെയ്യം സംരക്ഷിക്കുന്നതിനുവേണ്ടി നിർമ്മിക്കാനുദ്ദേശിച്ച തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഈ പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകാമോ?

(എ&ബി) ഈ പദ്ധതിയുടെ ശിലാസ്ഥാപനം 2018 ഫെബ്രുവരിയിൽ നടത്തുകയും തുടർന്ന് 7.96 കോടി രൂപയുടെ DPR-ന് ഭരണാനുമതി നൽകുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉത്തര മലബാറിന്റെ തനതുകലാരൂപമായ തെയ്യങ്ങളുടേയും തെയ്യകോലങ്ങളുടേയും ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ളൊരു മ്യൂസിയമാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ നോഡൽ ഏജൻസിയായി കേരളം ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ആലപ്പുഴ ജില്ലയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം

303 (4723) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവോത്ഥാന നായകരുടെ പേരിൽ ഓരോ ജില്ലയിലും ആരംഭിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ആരുടെ പേരിൽ സാംസ്കാരിക കേന്ദ്രം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30-ൽ ഉൾപ്പെട്ട ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമിയുടെ കൈമാറ്റ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഈ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) കിഫ്ബി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൃഷ്ണപുരം ശങ്കർസ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം

304 (4724) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷ്ണപുരം ശങ്കർസ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയത്തിലും സാംസ്കാരിക വിനോദ കേന്ദ്രത്തിലും എത്ര ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്; ഇതിൽ സ്ഥിരം, താല്ക്കാലിക വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ എണ്ണം തരംതിരിച്ച് വിശദമാക്കാമോ?

ഇവിടെ സ്ഥിരം ജീവനക്കാർ ഇല്ല. ഏജൻസി മുഖാന്തരം ലഭ്യമാക്കിയിട്ടുള്ള 2 സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെ 6 പേർ താല്ക്കാലിക/ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്നു.

## മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി

305 (4725) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മഹാകവി മോയീൻകുട്ടി വൈദ്യർ സ്മാരകത്തെ എന്നാണ് അക്കാദമിയായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ?

2013 ഫെബ്രുവരി 8

(ബി) അക്കാദമിയായി ഉയർത്തിയതിനുശേഷം പദ്ധതി, പദ്ധതിയേതര വിഹിതമായി ഈ സ്ഥാപനത്തിന് ഓരോ വർഷവും എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2020-2021 ബഡ്ജറ്റിൽ സംസ്ഥാനത്തെ മറ്റ് അക്കാദമികളിൽനിന്ന് വ്യത്യസ്തമായി പ്രസ്തുത മാപ്പിള കലാ അക്കാദമിയുടെ ബഡ്ജറ്റ് വിഹിതം കുറയാൻ കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) മാപ്പിള കലാ അക്കാദമിയുടെ പദ്ധതിയേതര വിഹിതമുയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) 2020 -21 സാമ്പത്തിക വർഷം മാപ്പിള കലാ അക്കാദമിക്ക് പദ്ധതിയേതര വിഹിതമായി ഒരു കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 52.40 ലക്ഷം രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അക്കാദമിയുടെ അംഗീകൃത പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുകകൾ അതാത് സമയം അധികധനാനുമതിപ്രകാരം ലഭ്യമാക്കുന്നത് പരിഗണിക്കുന്നതാണ്. ബഡ്ജറ്റിൽ വകക്കൊള്ളിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം ചെലവാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

306(4726) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ; ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക എന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി, നിലമ്പൂർ നഗരസഭയിലെ അരുവാക്കോട് മൺപാത്ര നിർമ്മാണ ഗ്രാമത്തിനെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ 20 കരകൗശല കലാകാരന്മാർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയിട്ടുണ്ട്. 2018-ൽ സാംസ്കാരിക വകുപ്പിന് കീഴിൽ ആരംഭിച്ച യുവകലകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കിവരുന്നു. മലപ്പുറം ജില്ലയിൽ പദ്ധതിയുടെ ഭാഗമായി കാളിക്കാവ് ബ്ലോക്കിൽ 4 ഉം കൊണ്ടോട്ടി ബ്ലോക്കിൽ 7-ഉം കുറ്റിപ്പുറം ബ്ലോക്കിൽ 5-ഉം മങ്കട ബ്ലോക്കിൽ 3 ഉം പെരിന്തൽമണ്ണ ബ്ലോക്കിൽ 5-ഉം പൊന്നാനി ബ്ലോക്കിൽ 3 ഉം തിരൂരങ്ങാടി ബ്ലോക്കിൽ 5 ഉം തിരൂർ ബ്ലോക്കിൽ 5 ഉം വണ്ടൂർ ബ്ലോക്കിൽ 3 ഉം വേങ്ങര ബ്ലോക്കിൽ 3 ഉം ചേർത്ത് ആകെ 43 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്കുകൾക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ സൗജന്യ പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ ആകെ 15,000 രൂപ വീതം പ്രതിമാസം

ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. കൊണ്ടോട്ടി കേന്ദ്രമായുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലകളുടെ പരിശീലനം, അറബിമലയാളം കോഴ്സ്, വിവിധ കലാ-സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 2019-20, 2020-21 വർഷങ്ങളിലായി പ്രാചീന അറബിമലയാളം കൃതികളുടെ മലയാളം ലിപ്യന്തരണത്തിനായി 9 ലക്ഷം രൂപ എസ്റ്റിമേറ്റിലുള്ള പദ്ധതി പ്രവർത്തനം പൂർത്തിയായി. 2021-22-ലേയ്ക്ക് മാപ്പിളകലാ അക്കാദമിയിലെ അറബിമലയാളം റിസർച്ച് ആൻഡ് റഫറൻസ് ലൈബ്രറിയിലെ അറബിമലയാളം പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതിക്കായി 5 ലക്ഷം രൂപ അനുവദിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദീകരിക്കുമോ; പുതിയ പ്രൊപ്പോസലുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുകയെന്ന പദ്ധതിപ്രകാരം മലപ്പുറം ജില്ലയിലെ മലപ്പുറം നിയോജക മണ്ഡലത്തിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലാ പരിശീലനങ്ങൾക്കായി എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്കൂൾ ഓഫ് മാപ്പിള ആർട്സ്" സംരംഭത്തിന്റെ ഭാഗമായി മലപ്പുറം നിയോജകമണ്ഡലം ഉൾപ്പെടുന്ന ജില്ലാ ആസ്ഥാനത്ത് "സ്കൂൾ ഓഫ് മാപ്പിള ആർട്സ്" ആരംഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിൽ സാംസ്കാരിക സമുച്ചയം**

307 (4727) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വജ്രജൂബിലി ഫെലോഷിപ്പ്
2) നാട്ടരങ്ങ്
3) കേരള സംസ്കാര മ്യൂസിയം
4) കേരള സംസ്കാര വ്യാപനം
5) കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത/റൂറൽ ആർട്ട് ഹബ്ബ്
6) ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്
7) കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി
8) അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി.
9) പ്രമുഖരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ആശ്രിതർക്ക് നൽകുന്ന ധനസഹായം.
10) സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/ അനാവർത്തന ഗ്രാന്റ്.

കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1000 കലാകാരന്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ഈ കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി. വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ ഫെലോഷിപ്പിന് കലാകാരന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 10-10-2017-ലെ സ.ഉ.(എം.എസ്.) നം.28/2017/ സാം.കാ.വ., 27-02-2018 ലെ സ.ഉ.(എം.എസ്.) നമ്പർ 11/2018/ സാം.കാ.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധം I & II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. പൈതൃക പശ്ചാത്തലമുള്ള ഗ്രാമങ്ങളിൽ പ്രാഥമിക സർവ്വേ, ഗുണഭോക്തൃ സർവ്വേ എന്നിവ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. സാംസ്കാരിക വകുപ്പിന്റെ പെൻഷൻ/ഗ്രാന്റ് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി കിഫ്ബി ഫണ്ടിംഗോടെ നടപ്പിലാക്കിവരുന്നു. കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയം എന്നിവയുടെ ഒന്നാംഘട്ട ഉദ്ഘാടനം കഴിഞ്ഞു. മലപ്പുറം ജില്ലയിൽ അബ്ദുൽറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം, കണ്ണൂർ - വാഗ്ഭടാനന്ദ, ആലപ്പുഴ- പി. കൃഷ്ണപിള്ള, തൃശ്ശൂർ- വള്ളത്തോൾ നാരായണമേനോൻ, കോട്ടയം - ലളിതാംബിക അന്തർജ്ജനം എന്നീ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീപുരുഷ തുല്യത സമസ്ത മണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങളിൽ നടപ്പാക്കുകയെന്ന ഉദ്ദേശത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സമം'. സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീപുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന 'സമം' പദ്ധതിയിൽ വൈവിദ്ധ്യപൂർണ്ണമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പെയിൽ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം ക്യാമ്പെയിൻ പദ്ധതിയിൽ സാംസ്കാരിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾ സജീവമായി പങ്കാളികളാകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ 23 ഇനം പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. (ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.*)

ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻമാരായ ജില്ലാതല കമ്മിറ്റിയും പഞ്ചായത്ത് മുതൽ വാർഡ്തല കമ്മിറ്റികൾവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മലയാളം മിഷൻ - മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദ മാക്കുന്നതിനുള്ള മികവിന് മലയാളം മിഷൻ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം നൽകിവരുന്നു. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മലയാള ഭാഷാ പ്രചരണത്തിനും പാഠ്യപദ്ധതിയുടെ പിന്തുണയ്ക്കായും ഇന്റർനെറ്റ് വഴി പ്രവർത്തിക്കുന്ന 'റേഡിയോ മലയാളം' മലയാളം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഭാഷാപ്രചരണത്തിനായി സാമ്പ്രദായിക മാർഗ്ഗങ്ങൾക്കപ്പുറം, ഭാഷയെ സ്വജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും വേഷവിധാനത്തിന്റെയും ഭാഗമാക്കി മാറ്റിക്കൊണ്ട് ഭാഷയിലൂടെ ഒരു സംസ്കാരം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സുവനീർ ഷോപ്പിലൂടെ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും മുദ്രകൾ ആലേഖനംചെയ്ത പല തരത്തിലുള്ള കപ്പുകൾ, ടീ ഷർട്ടുകൾ, സഞ്ചി, മാസ്കുകൾ, ബാഗുകൾ, സാരികൾ മുതലായവ വിൽപ്പന നടത്തിവരുന്നു. മലയാളഭാഷയുടെ അടിസ്ഥാനപാഠങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കി പൂർണ്ണമായും ഇന്റർനെറ്റ് വഴി പഠിപ്പിക്കുന്ന പദ്ധതിയാണ് ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്.

ഭാരത് ഭവൻ - കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകാൻ വിവിധ പദ്ധതികൾ സാംസ്കാരിക കാര്യവകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കാനും സാമ്പത്തിക സഹായം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി- 'മഴമിഴി' നവമാദ്ധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500-ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകാൻ ഇതുവഴി സാധിക്കും.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - തിരുവനന്തപുരം കൈരളി/ശ്രീ/നിള തീയേറ്റർ - ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള നവീകരണ പ്രവർത്തനം, ഒ.ടി.ടി. പ്ലാറ്റ്ഫോം, വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ വനിതാ സംവിധായകരുടെ രണ്ട് സിനിമകളും എസ്.സി./എസ്.ടി. വിഭാഗത്തിലെ സംവിധായകരുടെ രണ്ട് സിനിമാ നിർമ്മാണവും നടപ്പിലാക്കിവരുന്നു.

കെ.എസ്.എഫ്.ഡി.സി. SPV ആയി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന തീയേറ്റർ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- തീയേറ്റർ സമുച്ചയങ്ങൾ - കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നീ തീയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കാക്കനാട്, പായം, വൈക്കം, താനൂർ, പേരാമ്പ്ര എന്നീ തീയേറ്ററുകളുടെ നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണ ജോലികൾ പുരോഗമിക്കുന്നു.
- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി - അന്താരാഷ്ട്ര ചലച്ചിത്രമേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേള, ദേശീയ ചലച്ചിത്രമേള.
- പ്രാദേശിക ചലച്ചിത്രമേളകൾ- കേരള സംസ്ഥാന ടെലിവിഷൻ അവാർഡ്
- ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്.
- കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് - ജെ.സി.ഡാനിയേൽ അവാർഡ്
- ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ
- ചലച്ചിത്ര ഗവേഷണത്തിനായുള്ള ഫെലോഷിപ്പ്

- മലയാള സിനിമകളുടെ ഡിജിറ്റലൈസേഷൻ ആൻഡ് ആർക്കൈവിംഗ്
- ചലച്ചിത്ര സമീക്ഷ എന്ന ദ്വിഭാഷ മുഖമാസിക
- ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം
- ചലച്ചിത്ര സംബന്ധിയായ ശില്പശാലകളും സെമിനാറുകളും
- ടൂറിംഗ് ടാക്കീസ്
- സിനി കലാകാരന്മാർക്കുള്ള പെൻഷനും ചികിത്സാധനസഹായവും സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര രംഗത്തെ അവശകലാകാരന്മാർക്ക് 1,000 രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കൂടാതെ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നു. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000 രൂപയിൽ കവിയാത്തവരുമായ ചലച്ചിത്രകാരന്മാർക്ക് പെൻഷനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട രീതി - ആധാറിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ഫോട്ടോ, ചലച്ചിത്ര സംഘടനയുടെ/ സംവിധായകന്റെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ചലച്ചിത്ര അക്കാദമി സെക്രട്ടറിക്ക് നൽകിയാൽ മതി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

- ജാപ്പനീസ് - മലയാളം പഠന സഹായി പ്രസിദ്ധീകരിച്ചു.
- ജാപ്പനീസ് - മലയാളം പഠന കോഴ്സ്
- ശബ്ദാവലികളുടെ നിർമ്മാണം പുരോഗമിക്കുന്നു.
- ഇ -പബ്ലിഷിംഗ് വിപുലീകരണം
- തുടങ്ങിവച്ച പുസ്തക പരിഭാഷകളുടെ പൂർത്തീകരണവും പുതിയ പുസ്തകങ്ങളും പരിഭാഷാ രീതിയും പുരോഗമിക്കുന്നു.
- കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്- 2021-ൽ വായനാ പക്ഷാചരണ ത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ ജൂലൈ 19 വരെ 1,000 രൂപയ്ക്ക് 1,555 രൂപയുടെ പുസ്തകങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി.
- കോവിഡ് കാലത്ത് പുസ്തകം ലഘു തവണ വ്യവസ്ഥയിൽ, വീടുകളിൽ ഒരു ലൈബ്രറി സെറ്റ് ചെയ്യുന്നതിനുവേണ്ടി കോഴിക്കോട് ഒരു

സഹകരണ സൊസൈറ്റിയുമായി ചേർന്നുകൊണ്ട് അലമാരയും പുസ്തകവും നൽകാനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

- ഓരോ വീടുകളിലും അത്യാവശ്യം ഉണ്ടാകേണ്ട പുസ്തകങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ബുക്ക്മാർക്ക് ഉദ്ദേശിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് 10,000 രൂപയ്ക്ക് 15,000 രൂപയുടെ പുസ്തകങ്ങൾ നൽകും. മലയാളത്തിലേയും വിശ്വസാഹിത്യത്തിലേയും ഒരു വീട്ടിൽ അവശ്യം വേണമെന്ന് കരുതുന്ന പുസ്തകങ്ങൾ ഈ പദ്ധതിയിലൂടെ വീടുകളിൽ എത്തിക്കാനാണ് ആലോചിക്കുന്നത്. വിദഗ്ധ സമിതി നിശ്ചയിക്കുന്ന പുസ്തകമാണ് നൽകുക.

- വാസ്തുവിദ്യാ ഗുരുകുലം - സംരക്ഷിത സ്മാരകങ്ങൾ, പ്രധാനപ്പെട്ട കൊട്ടാരങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ, ചെലവ് ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദവുമായ മണ്ണ് നിർമ്മാണത്തിന്റെ (സുസ്ഥിര നിർമ്മാണ സങ്കേതങ്ങളുടെ) പ്രചാരണവും പാരമ്പര്യ മണ്ണ് വീട് നിർമ്മിതികളുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷനും പാരമ്പര്യ നിർമ്മിതികളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷനും ഡാറ്റാ ശേഖരണം.

- കേരള സംസ്ഥാന സർവവിജ്ഞാനകോശം - 1961-ൽ ആരംഭിച്ച സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന വൈജ്ഞാനികം എന്ന പേരിൽ എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ശാസ്ത്ര/മാനവിക വിഷയങ്ങളിലെ വൈജ്ഞാനിക രചനകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് വൈജ്ഞാനിക പ്രതിഭാപുരസ്കാരം. ജില്ലയിലെ സ്കൂളുകളെ പങ്കെടുപ്പിച്ച് നടത്തുന്ന മത്സരത്തിന്റെ പുരസ്കാരങ്ങൾ എന്നിവ നൽകുന്നതാണ്. മികച്ച അദ്ധ്യാപകൻ, പ്ലസ്ടു വിദ്യാർത്ഥി, ഹൈസ്കൂൾ വിദ്യാർത്ഥി, യു.പി. സ്കൂൾ വിദ്യാർത്ഥി കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ വാല്യങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്താൻ ഉദ്ദേശിക്കുന്നു.

- കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികളും അർഹതാ മാനദണ്ഡങ്ങളും അനുബന്ധം V ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗ്രാമീണ മേഖലകളിലെ കലാ, കായിക, സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ എന്നിവയ്ക്കായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദ വിവരം അറിയിക്കാമോ?

വിവിധ സാംസ്കാരിക സംഘടനകൾക്കും കൂട്ടായ്മകൾക്കും തങ്ങളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ ഊർജ്ജസ്വലമായി നടത്തുന്നതിനും അവർക്ക് കൂടുതൽ ക്രിയാത്മക സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രോത്സാഹനം നൽകുന്നതിനുമായി പ്രസ്തുത സ്ഥാപനങ്ങൾക്ക് സാംസ്കാരിക വകുപ്പുവഴി ആവർത്തന, അനാവർത്തന ഗ്രാന്റ് അനുവദിച്ചുവരുന്നു. അനാവർത്തന ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം III (a) ആയി ചേർത്തിട്ടുണ്ട്. ആവർത്തന ധനസഹായം അനുവദിച്ച് നൽകുന്നതിന് തൊട്ടുമുൻപ് നൽകിയ ധനസഹായത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മുൻ വർഷത്തെ ആഡിറ്റ് റിപ്പോർട്ടും പരിശോധനയ്ക്ക് വിധേയമാക്കിയശേഷമാണ് ധനസഹായം അനുവദിച്ചു നൽകുന്നത്.

(സി) പ്രസ്തുത വകുപ്പിന് കീഴിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളെ, പൊതുയിടങ്ങളെ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് നാട്ടരങ്ങ്. ഈ പദ്ധതി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലാണ്.

(ഡി) പാറശ്ശാല മണ്ഡലത്തിലെ കലാ, സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഒരു സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കിഫ്ബി മുഖേന സാംസ്കാരിക നിലയങ്ങൾ

308 (4728) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ കിഫ്ബി മുഖേന സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി ധനസഹായത്തോടെയാണ് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ. ഉ. (സാധാ) നമ്പർ. 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിൻെറ പ്രോജക്റ്റ് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കണ്ടെത്താനുള്ള ശ്രമം നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ഈ ചെലവുകളെന്നും ജില്ലതിരിച്ച് വിശദാംശം നൽകുമോ?

കിഫ്ബി മുഖേന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി ഇതുവരെ 43.98 കോടി രൂപ ചെലവഴിച്ചു. ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായം**

309 (4729) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട സ്റ്റേജ് കലാകാരന്മാർ, വാദ്യ കലാകാരന്മാർ, പാരമ്പര്യ കലാകാരന്മാർ, ക്ഷേത്ര കലാകാരന്മാർ, ഭാഗവത പാരായണക്കാർ എന്നിവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ ആലോചനയുണ്ടോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപാ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബ പെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്നത് കൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5,000 രൂപ വീതം നൽകുന്ന പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക് ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ 65 ദിവസം ദൈർഘ്യമുള്ള ഒരു നവമാദ്ധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ നടപ്പിലാക്കിവരുന്നു.

**സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി**

310 (4730) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പന്തൽ, ലൈറ്റ്സ്, സൗണ്ട്സ് വിഭാഗത്തിൽപ്പെട്ട ഉടമകളെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയതുപോലെ ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെയും ഇതേ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ആക്ട് 2D പ്രകാരം നിർവ്വചിച്ചിട്ടുള്ള പന്തൽ അലങ്കാര, ലൈറ്റ് ആൻഡ് സൗണ്ട്സ് മേഖലയിലെ കലാകാരന്മാരുടെ അപേക്ഷ സ്വീകരിച്ച് ഉടമ, തൊഴിലാളി വ്യത്യാസമില്ലാതെ അർഹരായ കലാകാരന്മാർക്ക് അംഗത്വവും ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

**നാടൻ കലകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

311 (4731) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാദ്ധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ

ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരിശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാ-കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻ കീഴിൽ നാടൻ കലകൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽനിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതാത് കലാസംഘങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന 'മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും ഗ്രാമസന്ധ്യ എന്ന പേരിൽ സെമിനാറുകളും നാടൻ കലാ അവതരണങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നു. ഗോത്രവർഗ്ഗ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള കിർത്താഡ്സിൽ ഒരു ആദികലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെ ഭാഗമായും അല്ലാതെയും വകുപ്പ് വിവിധങ്ങളായ ഗോത്ര കലാരൂപങ്ങളെ കണ്ടെത്തി ഗോത്രസമുദായംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പഠനകളരികൾ നടത്തുകയും അവ വിവിധ മാദ്ധ്യമങ്ങളിൽ രേഖപ്പെടുത്തുകയും

ചെയ്യുന്നുണ്ട്. ഗോത്രവർഗ്ഗ കലാരൂപങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി "ഗദ്ദിക" പോലുള്ള സംസ്ഥാനതല പരിപാടികളിൽ നാടൻകലാമേളകൾ സംഘടിപ്പിക്കാറുണ്ട്. ഗോത്രകലകളെ അധികരിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

(ബി) സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി ഇതര ജില്ലകളിൽ നിന്നുള്ള നാടൻ കലാകാരൻമാർക്ക് ഗ്രാമീണ മേഖലകളിൽ തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടോ?

'സാംസ്കാരിക വ്യാപനം' പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടി വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തിനകത്തും ദേശീയ-അന്തർദേശീയ തലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി മഹാമാരിയിലും മഹാപ്രളയത്തിലും ജീവിതമാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് ഒരു കൈത്താങ്ങാണ് 'മഴമിഴി' പദ്ധതി. വിവിധ കലാസാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളേയും ഓൺ ലൈൻ പ്ലാറ്റ്ഫോമിൽ അണിനിരത്തിക്കൊണ്ട് കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും ഈ പദ്ധതി വിഭാവനംചെയ്യുന്നു. സർക്കാരിന്റെ സാംസ്കാരിക വിനിമയ സ്ഥാപനമായ ഭാരത് ഭവൻ ഇന്ത്യൻ കലാരൂപങ്ങളുടെ അവതരണം ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നതോടൊപ്പം ' തീയ്യേട്ടം ഫാർമേ' യുടെ ഭാഗമായി കാർഷിക കലാരൂപങ്ങളുടെ അവതരണവും ഗ്രാമീണ മേഖലകളിൽ നടത്തിവരുന്നു. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തുടങ്ങിയവർ നാടൻ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമി സംഘടിപ്പിക്കുന്ന വലിയ കലോത്സവങ്ങളിൽ മറ്റു ജില്ലകളിൽനിന്നുള്ള കലാകാരന്മാർക്കും അവസരം നൽകാറുണ്ട്. തെക്കൻ ജില്ലകളിലെ കലാരൂപമായ മുടിയേറ്റ്, പടയണി, ചവിട്ടുനാടകം തുടങ്ങിയ കലകൾക്ക് ഉത്തര കേരളത്തിൽ മതിയായ അവസരം നൽകാറുണ്ട്. അതുപോലെ വടക്കൻ കലകളായ ചിമ്മാനക്കളി, മംഗലംകളി, പൂരക്കളി തുടങ്ങിയ കലകൾക്ക് തെക്കൻ ജില്ലകളിലും അവസരങ്ങൾ നൽകാറുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായി നടത്തുന്ന “ ഗദ്ദിക പ്രദർശനവിപണനമേള്' കളിൽ വിവിധ ജില്ലകളിലെ ഗോത്രകലാകാരന്മാർക്ക് ഗ്രാമീണമേഖലകളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ പ്രോത്സാഹനം നൽകാറുണ്ട്.

(സി) ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഇത്തരം കൂട്ടായ്മകൾ സംഘടിപ്പിക്കാൻ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുമോ?

ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി ' നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൻ കീഴിൽ ഗ്രാമീണ മേഖലയിലെ കലാകാരന്മാർക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കും.

(ഡി) വിവിധ നാടൻ കലകളിൽ വൈദഗ്ധ്യം നേടിയവർക്ക് തങ്ങളുടെ കഴിവുകൾ അന്തർജില്ലാ തലങ്ങളിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ?

സാംസ്കാരിക വ്യാപനം പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടി വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തിനകത്തും ദേശീയ-അന്തർദേശീയ തലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി, മഹാമാരിയിലും മഹാപ്രളയത്തിലും ജീവിതമാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് ഒരു കൈത്താങ്ങാണ് സാംസ്കാരിക വകുപ്പിന്റെ ' മഴമിഴി' പദ്ധതി. വിവിധ കലാസാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളേയും ഓൺലൈൻ പ്ലാറ്റ്ഫോമിൽ അണിനിരത്തിക്കൊണ്ട് കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു. സർക്കാരിന്റെ സാംസ്കാരിക വിനിമയ സ്ഥാപനമായ ഭാരത് ഭവൻ ഇന്ത്യൻ കലാരൂപങ്ങളുടെ അവതരണം ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നതോടൊപ്പം ' തീയ്യേട്ടം ഫാർമേയുടെ' ഭാഗമായി കാർഷിക കലാരൂപങ്ങളുടെ അവതരണവും ഗ്രാമീണ മേഖലകളിൽ നടത്തിവരുന്നു. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തുടങ്ങിയവയും നാടൻ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന കലോത്സവങ്ങളിൽ മറ്റു ജില്ലകളിൽനിന്നുള്ള കലാകാരന്മാർക്കും അവസരം നൽകാറുണ്ട്. തെക്കൻ ജില്ലകളിലെ കലാരൂപമായ മുടിയേറ്റ്, പടയണി, ചവിട്ടുനാടകം തുടങ്ങിയ കലകൾക്ക് ഉത്തര കേരളത്തിൽ മതിയായ അവസരം നൽകാറുണ്ട്. അതുപോലെ വടക്കൻ കലകളായ ചിമ്മാനക്കളി, മംഗലംകളി, പൂരക്കളി തുടങ്ങിയ കലകൾക്ക് തെക്കൻ ജില്ലകളിലും അവസരങ്ങൾ നൽകാറുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായി നടത്തുന്ന "ഗദ്ദിക പ്രദർശനവിപണനമേള' കളിൽ വിവിധ ജില്ലകളിലെ ഗോത്രകലാകാരന്മാർക്ക് ഗ്രാമീണമേഖലകളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ പ്രോത്സാഹനം നൽകാറുണ്ട്.

## ഇൻഡോ-ഷാർജാ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരകം പദ്ധതികൾ

312 (4732) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിൽ സ്ഥാപിക്കുന്ന ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരകം എന്നീ പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം നൽകിയ ഭൂവുടമകൾക്ക് ഇതുവരെ പ്രതിഫലമായി എത്ര തുക കൈമാറിയിട്ടുണ്ട്;

(സി) ഇതിനാവശ്യമായ തുക തഹസീൽദാർക്ക് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) കോഴിക്കോട് ജില്ലയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് താലൂക്കിലെ ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാനാണ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 50 ലക്ഷം രൂപ എസ്.പി.വി.-യായ കെ.എസ്.എഫ്.ഡി.സി. മുഖാന്തരം ജില്ലാ ഭരണകൂടത്തിന് കൈമാറിയിട്ടുണ്ട്. ഭൂവുടമകൾക്ക് തുകയൊന്നും ഇതുവരെ കൈമാറിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച തുടർനടപടികൾ പരിശോധനയിലാണ്.

## അവശകലാകാരൻമാർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള ലൈഫ് സർട്ടിഫിക്കറ്റ്

313 (4733) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റുവഴി നൽകുന്ന പെൻഷൻ മുടക്കമില്ലാതെ ലഭിക്കാൻ വർഷത്തിൽ രണ്ടുതവണ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടുവരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 11-8-2017-ലെ സ.ഉ.(കൈ)നം. 21/2017/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം കലാകാരപെൻഷൻ മുടക്കംകൂടാതെ ലഭിക്കുന്നതിന് വർഷത്തിൽ രണ്ട് തവണ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം എല്ലാ വർഷവും ജനവരി, ജൂൺ എന്നീ മാസങ്ങളിൽ കലാകാരന്മാർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) ഇത്തരത്തിൽ രണ്ടുതവണ ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ നിർബന്ധിതരാവുന്നത് കലാകാരൻമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും സമയത്ത് ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്തവരുടെ പെൻഷൻ മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന കലാകാരന്മാരുടെ പെൻഷൻ കുടിശ്ശികയാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈഫ് സർട്ടിഫിക്കറ്റ് കലാകാരന്മാർ ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശികയടക്കം കലാകാരപെൻഷൻ നൽകി വരുന്നുമുണ്ട്.

(സി) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ അടിസ്ഥാനത്തിൽ എത്ര കലാകാരന്മാരുടെ പെൻഷൻ നിലവിൽ തടസ്സപ്പെട്ടുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

നിലവിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത 670 കലാകാരന്മാരുടെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്.

(ഡി) മറ്റെല്ലാ ക്ഷേമ പെൻഷനുകൾക്കുമെന്നപോലെ അവശകലാകാരൻമാർക്കുള്ള പെൻഷനും ലൈഫ് സർട്ടിഫിക്കറ്റ് വർഷത്തിൽ ഒരു തവണമാത്രം ഹാജരാക്കുന്ന രീതിയിലേയ്ക്ക് നടപടിക്രമങ്ങളിൽ ഭേദഗതി വരുത്താൻ മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കലാകാരന്മാരുടെ ക്ഷേമപെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി**

314 (4734) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരന്മാരുടെ ക്ഷേമപെൻഷനുകളിൽ മറ്റ് ക്ഷേമപെൻഷനുകളെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

വർദ്ധനവുകൾ വരുത്തിയിട്ടുണ്ട്. 18-2-2021-ലെ സ.ഉ.(കൈ)നമ്പർ 10/2021-സാം.കാ.വ. പ്രകാരം കലാകാര പെൻഷൻ 1,500 രൂപയിൽനിന്നും 1,600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 4,000 രൂപയാണ് പെൻഷൻ നൽകിവരുന്നത്. ആയിരം രൂപയായിരുന്ന പെൻഷനാണ് മൂന്ന് ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് 4,000 രൂപയാക്കിയിട്ടുള്ളത്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രചുരപ്രചാരത്തിലുള്ളതും എന്നാൽ അന്യംനിന്നുകൊണ്ടിരിക്കുന്നതുമായ പൂരക്കളി, കോൽക്കളി, പരിചമുട്ട്, നാടൻപാട്ട്, നാട്ടിപ്പാട്ട്, വടക്കൻപാട്ട്, മംഗലപ്പാട്ട് തുടങ്ങിയ വൈവിദ്ധ്യമാർന്ന നാടൻകലാരൂപങ്ങളെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ?

പൂരക്കളി, കോൽക്കളി, നാടൻപാട്ട് എന്നീ നാടൻ കലാരൂപങ്ങളടക്കം 47 ഓളം കലാരൂപങ്ങൾക്ക് പരിപോഷണം നൽകുന്നതിന് സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പുവഴി സൗജന്യ പരിശീലന പരിപാടികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. നാടൻ കലകളടക്കം പരിചമുട്ട്, നാടൻപാട്ട്, വടക്കൻപാട്ട്, മംഗലപ്പാട്ട് എന്നീ കലാരൂപങ്ങളുടെ പരിപോഷണം സാംസ്കാരിക വകുപ്പിലെ കേരള ഫോക്‌ലോർ അക്കാദമി മുഖേനയാണ് നടത്തുന്നത്. പയ്യന്നൂരിലെ കേരള പൂരക്കളി അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ ഇടങ്ങളിലെയും തനതു കലാരൂപങ്ങളെ തനിമയാർന്നരീതിയിൽ ചിത്രീകരിച്ച് ഡിജിറ്റൽ ആർക്കൈവിംഗ് ചെയ്യുവാനുള്ള ദൗത്യം ' മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമി' ലൂടെ ഭാരത് ഭവൻ നിർവഹിച്ചുവരികയാണ്. ഇപ്രകാരം ഇത്തരം നാടൻ കലാരൂപങ്ങളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ഉതകുന്ന വിധത്തിലുള്ള വൈവിദ്ധ്യമാർന്ന പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നു.

**കലാകാരന്മാർക്കായി ടെലിവിഷൻ ചാനൽ**

315(4735) ശ്രീ. എം. മുകേഷ്:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ ഉന്നമനത്തിനും അവരുടെ കലാപ്രവർത്തനങ്ങൾ

പരിപോഷിപ്പിക്കുന്നതിനും സാമൂഹിക പ്രതിബദ്ധതയുള്ളതും വിജ്ഞാനപ്രദവും ഗുണനിലവാരവുമുള്ളതുമായ പരിപാടികൾ പൊതുജനങ്ങളിലെത്തിക്കുന്നതിനുമായി മുഴുവൻ സമയ ടെലിവിഷൻ ചാനൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ടെലിവിഷൻ ചാനൽ വിനോദത്തിനും വിജ്ഞാനത്തിനും തുല്യ പ്രാധാന്യം നൽകിയാണോ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത ചാനൽ ഒ.ടി.ടി.-യായും ഓൺലൈനിലും ലഭ്യമാകുന്ന തരത്തിലാണോ ക്രമീകരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടെലവിഷൻ ചാനൽ എന്നത്തേയ്ക്ക് സംപ്രേക്ഷണം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തുക എപ്രകാരമാണ് കണ്ടെത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെയും വർത്തമാനകാല സാംസ്കാരിക പ്രവർത്തനങ്ങളെയും ആസ്പദമാക്കി കലാകാരന്മാരുടെ ഉന്നമനത്തിനും അവരുടെ കലാപ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനും വിജ്ഞാനപ്രദവും ഗുണനിലവാരമുള്ളതുമായ പരിപാടികൾ ജനങ്ങളിൽ എത്തിക്കുന്നതിനുമായി ഒരു ടെലിവിഷൻ ചാനൽ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ആലോചനകൾ പ്രാഥമിക ഘട്ടത്തിലാണ്.

### പ്രണയ കൊലപാതകങ്ങൾക്കെതിരെ ബോധവത്കരണം

316 (4736) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രണയ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ ബോധവത്കരണം നടത്തുന്നതിനായി സമം പദ്ധതിയിൽ എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ഒരു ക്യാമ്പയിൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ഫലപ്രദവും സർഗ്ഗാത്മകവുമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം

ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ക്ഷേമബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്, SPC, സർവ്വകലാശാല യൂണിയൻ, ലൈബ്രറി കൗൺസിൽ എന്നീ യുവജന പ്രസ്ഥാനങ്ങൾ എന്നിവ കൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ തുടങ്ങി എല്ലാവരും ഈ ക്യാമ്പയിനിൽ പങ്കുചേരുന്നതാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനം, ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, വാർഡ്തല സമിതികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിക്കും. പ്രണയ കൊലപാതകങ്ങളും സ്ത്രീകൾക്ക് നേരേയുള്ള കുറ്റകൃത്യങ്ങളും ഇല്ലാതാക്കുന്നതിനായി പുതിയ ഒരു സാമൂഹ്യാവബോധം സൃഷ്ടിക്കുക എന്നത് സമം പദ്ധതിയുടെ അടിസ്ഥാന ആശയമാണ്. ഈ ആശയം പ്രചരിപ്പിക്കുന്നതിന് ആവശ്യമായ വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

1) സ്ത്രീ പൂർണ്ണ വ്യക്തിത്വം ഉള്ളവളാണെന്നും അവളുടെ അദ്ധ്വാനവും ബൗദ്ധികതയുംകൂടി ചേർന്നതാണ് ഈ സമൂഹമെന്നും വ്യക്തമാക്കുന്ന പരിപാടികൾ നടത്തുന്നതാണ്. 1001 പ്രഗത്ഭ വനിതകളെ ആദരിക്കുന്ന പരിപാടി അത്തരത്തിൽ ഒന്നാണ്.

2) നിയമാവബോധം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പരിപാടികൾ സംസ്ഥാനത്തെ ഓരോ വീടും ഒരോ യൂണിറ്റായി കണ്ടുകൊണ്ടാണ് സമം പദ്ധതിആസൂത്രണം ചെയ്തിരിക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പ്രണയ കൊലപാതകങ്ങൾ തടയുന്നതിനായി സമം പദ്ധതിയിൽ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വനിതാവികസന പദ്ധതികളുടെ ഭാഗമായി സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ തടയുന്നതിനായി വനിതാശിശു വികസന വകുപ്പ് "കനൽ " കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലിംഗസമത്വബോധം യുവാക്കളിൽനിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചുവരുന്നു.

## എല്ലാ ജില്ലകളിലും സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

317 (4737) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കിഫ്ബി മുഖേന സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നതിന്റെ വിശദവിവരം നൽകുമോ; ഓരോ ജില്ലയിലും ഇതു സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി പദ്ധതി പ്രകാരമാണ് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27-4-2017-ലെ സ. ഉ. (സാ. ധാ) നമ്പർ 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലേത് പരിശോധനയിലാണ്. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിന്റെ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിൻെറ സഹായത്തോടെ കണ്ടെത്താനുള്ള ശ്രമം നടന്നുവരികയാണ്.

(ബി) പ്രസ്തുത സംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഇതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി ആരുടെതാണെന്നും ഇതിനായി ഓരോ ജില്ലയിലും ചെലവഴിച്ച തുക എത്രയെന്നും എന്നതിന്റെയും വിശദാംശങ്ങൾ നൽകുമോ?

നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം എന്ന പദ്ധതിക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി 6 ജില്ലകളിൽ സർക്കാർ ഭൂമിയും (കൊല്ലം, പാലക്കാട്, കാസർഗോഡ്, മലപ്പുറം, ആലപ്പുഴ, തൃശ്ശൂർ) 3 ജില്ലകളിൽ സ്വകാര്യ ഭൂമിയും (കണ്ണൂർ, കോട്ടയം, കോഴിക്കോട്) കണ്ടെത്തിയിട്ടുണ്ട്. ബാക്കി 5 ജില്ലകളിൽ അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി പാട്യം ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകുന്ന 89 സെന്റ് ഭൂമിയും അതിനോട് ചേർന്നു കിടക്കുന്ന 2.15 ഏക്കർ സ്വകാര്യ ഭൂമിയും ഏറ്റെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സ്വകാര്യ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി സാമൂഹ്യാഘാത പഠനം നടത്തുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ആകെ 5,85,61,125 രൂപ പദ്ധതിയുടെ എസ്.പി.വി. ആയ കെ. എസ്. എഫ്. ഡി. സി., തലശ്ശേരി എൽ. എ. തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ നാമധേയത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിൽ 5 ഏക്കർ സ്വകാര്യ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 19,35,000 രൂപ പദ്ധതിയുടെ എസ്.പി. വി. ആയ കെ. എസ്. എഫ്. ഡി. സി., കോട്ടയം എൽ.എ. തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്ററും എക്സിബിഷൻ സെന്ററും വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്ന കാര്യം പരിശോധനയിലാണ്.

### പാരമ്പര്യ തനതു കലകളുടെ സംരക്ഷണവും പ്രോൽസാഹനവും

318(4738) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തിന് നവോന്മേഷം പകരുന്ന എന്തെല്ലാം സാംസ്കാരിക പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തിന് നവോന്മേഷം പകരുന്നതിനായി വിവിധ പദ്ധതി പ്രവർത്തനങ്ങളാണ് സാംസ്കാരിക കാര്യവകുപ്പ് നിർവഹിച്ചുവരുന്നത്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിന് 14 നവോത്ഥാന നായകരുടെ നാമധേയത്തിൽ കേരളത്തിലെ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു സുപ്രധാന പദ്ധതി സർക്കാർ നടപ്പിലാക്കിവരികയാണ്. നിലവിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായിവരികയാണ്. മറ്റ് ജില്ലകളിൽ ഈ പദ്ധതി നിർവ്വഹണം വിവിധ തലങ്ങളിൽ പുരോഗമിക്കുന്നു. സ്ത്രീപുരുഷ ലിംഗ സമത്വം ഉറപ്പാക്കുന്നതിലേയ്ക്ക് സാംസ്കാരിക കാര്യവകുപ്പ് നടപ്പാക്കുന്ന ‘ സമം’ പദ്ധതിയിൽ ശ്രദ്ധേയമായ പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. മലയാളം മിഷന്റെ റേഡിയോ മലയാളത്തിലൂടെ പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുന്നതിലേയ്ക്ക് അവതരിപ്പിക്കപ്പെടുന്ന പരിപാടികളും നവോത്ഥാന പാരമ്പര്യത്തിന് നവോന്മേഷം നൽകുന്നു. നവോത്ഥാന നായകരെക്കുറിച്ചും അവർ നാടിന് നൽകിയ സംഭാവനയെക്കുറിച്ചും മലയാളം മിഷൻ പാഠ്യ പദ്ധതിയിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാതിചിന്ത, അന്ധവിശ്വാസം, ഫ്യൂഡൽ അധികാരം എന്നിവയ്ക്കെതിരായ നവോത്ഥാന പാരമ്പര്യത്തിന്റെ ഭാഗമായ വിശാല മാനവികത പ്രസരിപ്പിക്കുന്ന സിനിമകളാണ് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിലും അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേളയിലും പ്രദർശിപ്പിക്കാറുള്ളത്. നവോത്ഥാന നായകരുടെ ഓർമ്മദിനങ്ങൾ അനുസ്മരിക്കുന്ന പരിപാടികൾ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സംഘടിപ്പിക്കുന്നുണ്ട്. സാംസ്കാരിക കാര്യവകുപ്പ് ഭാരത് ഭവൻ മുഖേന സംഘടിപ്പിക്കുന്ന 'മഴമിഴി' ഓൺലൈൻ സ്ട്രീമിംഗ് പരിപാടിയിലൂടെ കേരളത്തിലെ തനത് കലാരൂപങ്ങൾ അവയുടെ തനിമയോടെ അവതരിപ്പിച്ച് പ്രക്ഷേപണം ചെയ്തുവരുന്നു. രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ വാർഷികാഘോഷമായ 'ആസാദി കാ അമൃത് മഹോത്സവ ’ ത്തിന്റെ ഭാഗമായി സാംസ്കാരിക സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്ന പരിപാടികൾ നവോത്ഥാന പുരോഗമന മൂല്യങ്ങൾക്കും ആശയങ്ങൾക്കും കരുത്ത് പകരുന്നവയാണ്.

(ബി) സാംസ്കാരിക മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകാൻ വിവിധ പദ്ധതികൾ സാംസ്കാരിക കാര്യവകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക

വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാദ്ധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി - 'മഴമിഴി'' നവമാദ്ധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ അടക്കമുള്ളവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലൂടെ 3500-ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകാൻ ഇതുവഴി സാധിക്കും. കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപാ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർദ്ധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാഡമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ

വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി എന്നിവർ ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ്കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25,000 രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2,000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

(സി) അന്യം നിന്നുകൊണ്ടിരിക്കുന്ന നമ്മുടെ പാരമ്പര്യ തനതു കലകളെ സംരക്ഷിക്കാനും പ്രോൽസാഹിപ്പിക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

അന്യം നിന്നുകൊണ്ടിരിക്കുന്ന നമ്മുടെ പാരമ്പര്യ തനതു കലകളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, ഗ്രാമീണ കലാകേന്ദ്രം പദ്ധതി എന്നീ പേരുകളിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 കരകൗശല വിദഗ്ധർക്കും കലാകാരന്മാർക്കും നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ

അന്യംനിന്നുകൊണ്ടിരിക്കുന്ന തനതു കലകളുൾപ്പെടെ 47 കലാരൂപങ്ങളിൽ തെരഞ്ഞെടുത്ത 1000 കലാകാരന്മാർ സൗജന്യമായി കലാപരിശീലനം നൽകിവരുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഇതിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ നാടൻ കലാരൂപങ്ങളും വിവിധ മത വിഭാഗങ്ങളിലെ പാരമ്പര്യ കലകളും ഉൾപ്പെടുന്നുണ്ട്. അന്യം നിന്നുകൊണ്ടിരിക്കുന്ന നമ്മുടെ പാരമ്പര്യ തനതുകലകളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള നടപടി എന്ന നിലയിലാണ് ‘ പയമേ പണലി’ എന്ന പരിപാടി റേഡിയോ മലയാളം വഴി പ്രക്ഷേപണം ചെയ്തുവരുന്നത്. മലവേട്ടുവ, കാട്ടുനായ്ക്ക, പണിയ തുടങ്ങി കേരളത്തിലെ വിവിധ ഗോത്ര ഭാഷകളിലെ കവികളെയും കലാകാരന്മാരെയും ഈ പരിപാടിയിലൂടെ അവതരിപ്പിക്കുന്നുണ്ട്. ഇതിലൂടെ ഗോത്രജീവിതം, തനത് അറിവുകൾ എന്നിവ പൊതു സമൂഹത്തിനായി പരിചയപ്പെടുത്തുന്നു. ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുന്ന 'മഴമിഴി' പോലുള്ള പരിപാടികൾ വരും തലമുറയ്ക്കായി ഈ കലാരൂപങ്ങളെ കരുതിവയ്ക്കുക എന്ന ലക്ഷ്യവും ഉൾക്കൊള്ളുന്നതാണ്.

## സിനിമറ്റോഗ്രാഫ് നിയമ ഭേദഗതി

319 (4739) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻസറിംഗ് സർട്ടിഫിക്കറ്റ് നേടിയ ചലച്ചിത്രങ്ങളെ സംബന്ധിച്ച് പരാതി ഉയർന്നുവന്നാൽ സെൻസറിംഗ് പുനഃപരിശോധിക്കാനും അനുമതി റദ്ദാക്കാനും ഉതകുന്ന തരത്തിൽ ചലച്ചിത്രമേഖലയിൽ ഇരട്ട സെൻസറിംഗ് ലക്ഷ്യമിട്ട് സിനിമറ്റോഗ്രാഫ് നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) ആവിഷ്കാരസ്വാതന്ത്ര്യം ഹനിക്കുന്ന ഇത്തരം ഭേദഗതികൾക്കെതിരെ സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ഇക്കാര്യത്തിൽ ഭേദഗതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഇടപെടലുകളും നടപടികളും കൈക്കൊള്ളുന്നതാണ്.

## സംസ്ഥാന യുവജന കമ്മീഷന്റെ കർമ്മപദ്ധതികൾ

320(4740) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ . സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെൻറ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിശോധിക്കാനും സർക്കാരിന് റിപ്പോർട്ട് നൽകാനുമായി സംസ്ഥാന യുവജന കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിശോധിക്കാനും സർക്കാരിന് റിപ്പോർട്ട് നൽകാനുമായി സംസ്ഥാന യുവജന കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:-

i. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച് കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ

ii. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ്

iii. ഇ.എം.എസ്. മെമ്മോറിയൽ ഇന്റർ-യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും

iv. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം ' യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'

v. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം

(a) ഗ്രീൻ യൂത്ത് പദ്ധതി

(b) വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

vi. ജില്ലകളിൽ അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും നടത്തുന്നത്

vii. യൂത്ത് ഐക്കൺ അവാർഡ്

viii. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-

1. സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും, ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2. ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക.

4. യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പ്രശ്നങ്ങളിന്മേൽ സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക.

5. പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

6. യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റ് തരത്തിലും ഉള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി**

321 (4741) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പരിപാടിയിലൂടെ കൈവരിക്കാനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലാ യുവജനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി. ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിട്ടു. ആയതിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വോളന്റിയർമാർക്ക് പരിശീലനം നൽകുകയുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർ ചേർന്ന് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുകയും ഈ ബൾബുകൾക്ക് യുവ എൽ.ഇ.ഡി. ബൾബ് എന്ന് നാമകരണം നടത്തുകയും ചെയ്തു. യുവ എൽ.ഇ.ഡി. ബൾബിന്റെ പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച 9 വാട്ട് ബൾബുകൾ വിപണിയിലെത്തിക്കുകയും ഇതുവഴി സമാഹരിച്ച തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയും ചെയ്തു. സംസ്ഥാനത്ത് ആകെ 680 പേർക്ക് ഈ പരിശീലനം നൽകുകയും 2,98,415 രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് യുവജനങ്ങൾ ഉൾപ്പെടെയുള്ള സംരംഭകർക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്. സംരംഭകത്വത്തിലെ നൂതന ആശയങ്ങൾ, വിവിധ വ്യവസായ മേഖലകളിലെ പുതു സാങ്കേതികവിദ്യ, സംരംഭം തുടങ്ങുന്നതിനും തുടർപ്രവർത്തനത്തിനും ആവശ്യമായ കഴിവുകൾ വികസിപ്പിക്കുക,

വ്യവസായവുമായി ബന്ധപ്പെട്ട അറിവുകൾ, വ്യവസായികൾക്ക് വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള സഹായങ്ങൾ തുടങ്ങിയവ സംരംഭകർക്ക് പകർന്ന് നൽകുകവഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ സംരംഭങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് വ്യവസായ പുരോഗതി ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ ജി.ഡി.പി.-യിൽ വർദ്ധന ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് വ്യവസായ വകുപ്പ് മുഖേനയുള്ള സംരംഭകത്വ വികസന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) വ്യവസായ സംരംഭകത്വ വികസന പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

2022-23 വർഷത്തെ പദ്ധതികളിൽ ഡെലിവറി മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എൽ.ഇ.ഡി. ബൾബ് നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിൽ നടത്തിയ അഗ്രിഫെസ്റ്റിന് ചെലവഴിച്ച തുക**

322 (4742) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നടത്തിയ അഗ്രിഫെസ്റ്റിന് യുവജനക്ഷേമ വകുപ്പ് ചെലവഴിച്ച തുകയുടെ ധനവിനിയോഗബില്ലുകൾ മുഴുവൻ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2011-2016-ലെ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഗ്രിഫെസ്റ്റിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ട്രൈബൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് 6-11-2014-ൽ കൂടിയ 9-ാമത് ഡയറക്ടർ ബോർഡ് 20 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറിന് അനുവദിക്കുകയുണ്ടായി. ഇതിൽ 10 ലക്ഷം രൂപ നാഷണൽ അഗ്രി ഫെസ്റ്റ് വർക്കിംഗ് ചെയർമാനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. എം. ജി. ബിജുവിന് അനുവദിക്കുകയും ബാക്കി 10 ലക്ഷം രൂപയിൽ 9,81,654 രൂപ പരിപാടിയ്ക്കായി ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ നേരിട്ട് ചെലവഴിക്കുകയും ശേഷിച്ച തുകയായ 18,346 രൂപ തിരികെ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ

ചെലവഴിച്ച മേൽ തുകയുടെ കണക്കുകൾ, ധനവിനിയോഗ ബില്ലുകൾ എന്നിവ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാന് നൽകിയ 10 ലക്ഷം രൂപയ്ക്ക് കൈപ്പറ്റ് രസീത്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഒഴികെ ഇതുസംബന്ധിച്ച ബില്ലുകൾ, വൗച്ചറുകൾ എന്നിവ ബോർഡിൽ സമർപ്പിച്ചിട്ടില്ല.

(ബി) എത്ര ലക്ഷം രൂപയാണ് പ്രസ്തുത പരിപാടിക്കായി യുവജനക്ഷേമ വകുപ്പ് ചെലവഴിച്ചത്?

യുവജനക്ഷേമ ബോർഡ് പ്രസ്തുത പരിപാടിക്കായി 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 9,81,654 രൂപ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്. ബാക്കി 10 ലക്ഷം രൂപ നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീ.എം.ജി ബിജുവിന് കൈമാറുകയാണുണ്ടായത്.

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വകുപ്പുതല അന്വേഷണം നടന്നിരുന്നോ?

ഇതുസംബന്ധിച്ച് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അന്വേഷണത്തിൽ വകുപ്പിന് ബോദ്ധ്യപ്പെട്ട കാര്യങ്ങൾ അറിയിക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പരിഗണിച്ച് സർക്കാർ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്യോഗസ്ഥരും പ്രിൻസിപ്പൽ കൃഷി ഓഫീസറുമായി ചേർന്ന് നടത്തിയ ആഡിറ്റിൽ വർക്കിംഗ് ചെയർമാൻ ശ്രീ. എം. ജി. ബിജു കൈപ്പറ്റിയ തുകയിൽനിന്നും നടത്തിയ പലവിധ ചെലവുകൾക്കും ബില്ലുകളും വൗച്ചറുകളും സമർപ്പിച്ചിട്ടില്ലെന്നും ക്വട്ടേഷൻ മുതലായവ ക്ഷണിച്ചതായി കാണുന്നില്ലെന്നും നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. എം. ജി. ബിജുവിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ളതെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

മി. സ്പീക്കർ: സഭയുടെയും ബഹുമാനപ്പെട്ട അംഗങ്ങളുടെയും പൊതുവികാരം മാനിച്ചുകൊണ്ട് ഇന്ന് അപരാഹ്ന സമ്മേളനം ഒഴിവാക്കാമെന്നാണ് ധാരണയായിട്ടുള്ളത്. അതിനാൽ ബില്ലുകൾകൂടി പാസ്സാക്കി 12.30-ന് സഭ പിരിയേണ്ടതുണ്ട്. അതുകൊണ്ട് ശ്രദ്ധ ക്ഷണിക്കലും മന്ത്രിമാരുടെ മറുപടിയും സബ്മിഷനുകളും അങ്ങേയറ്റം ഹ്രസ്വമായിരിക്കണം. ഒരു മിനിറ്റുകൊണ്ട് അവതരിപ്പിക്കണം.

## II ശ്രദ്ധ ക്ഷണിക്കൽ

### 1. കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ഇ. കെ. വിജയൻ: സർ, പ്രളയക്കെടുതിമൂലം സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ള വലിയതോതിലുള്ള കൃഷിനാശം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുന്നത്. കാർഷിക മേഖലയിലുണ്ടായ വ്യാപകമായ നാശനഷ്ടം കേരളത്തിലെ കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. കാർഷിക വിളകളുടെ നഷ്ടത്തിനുപുറമേ കൃഷിഭൂമിയുടെ ഘടനയിൽ മാറ്റം വരികയും കൃഷിയിടങ്ങൾ നശിച്ചതിനെത്തുടർന്ന് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുകയും ചെയ്യുന്നു. പ്രളയ - കാലവർഷക്കെടുതികളുമായി ബന്ധപ്പെട്ട് നഷ്ടം കണക്കാക്കി കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകേണ്ടതും വിത്തും വളവും നൽകി കൃഷിയിടം വീണ്ടും സജ്ജമാക്കുന്നതിനുള്ള ധനസഹായം നൽകി കർഷകരെ സഹായിക്കേണ്ട നടപടി സ്വീകരിക്കേണ്ടതുമുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നമുക്ക് പണം നൽകുന്നത് കുടിശ്ശികയായിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള ശ്രമം ഇതിന്റെ ഭാഗമായി നടക്കണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുവരുന്ന അപ്രതീക്ഷിത ദുരന്തങ്ങൾ ഒഴിവാക്കിയെടുക്കാനുള്ള സഹായങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2021 ഒക്ടോബർ മാസത്തിൽ ന്യൂനമർദ്ദംമൂലം അപ്രതീക്ഷിതമായുണ്ടായ കനത്ത മഴയിൽ സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശമാണ് സംഭവിച്ചിട്ടുള്ളത്. അതിനുപുറമെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മണ്ണിടിച്ചിലുംകാരണം കൃഷിഭൂമി പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടിട്ടുമുണ്ട്. നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നതിനും കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും നഷ്ടപരിഹാരം അനുവദിക്കുന്നതിനുമുള്ള നടപടികൾ കൃഷി വകുപ്പ് ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ AIMS (Agriculture Information Management System) പോർട്ടൽ ഇതിനായി സുസജ്ജമാണ്. കൃഷി വകുപ്പിന്റെ പ്രാഥമിക വിവരശേഖരണ റിപ്പോർട്ട് പ്രകാരം 12-10-2021 മുതൽ 28-10-2021

വരെ 451.65 കോടി രൂപയുടെ വിളനാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, റബ്ബർ എന്നീ വിളകൾക്കാണ് കൂടുതൽ നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തുടനീളം 117660 കർഷകരുടെ 56818.38 ഹെക്ടർ സ്ഥലത്ത് വിളനാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ 2380 കർഷകരുടെ 1418 ഹെക്ടർ കൃഷിസ്ഥലം നഷ്ടപ്പെട്ടതായും കണക്കാക്കിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. *

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കൃഷിനാശംമൂലമുണ്ടാകുന്ന നഷ്ടപരിഹാരത്തുക കുടിശ്ശിക വരികയാണ്. കർഷകർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകിയാൽ മാത്രമേ അവർക്ക് കൃഷിയിടം വീണ്ടും ഒരുക്കാനും കൃഷി ചെയ്യാനും സാധിക്കുകയുള്ളൂ. സമയബന്ധിതമായി നഷ്ടപരിഹാരം നൽകാൻ കൃഷി ഡയറക്ടറുടെ പേരിൽ ഒരു സഞ്ചിതനിധി രൂപീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പ്രകൃതിക്ഷോഭംമൂലം നഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ അടുത്ത കൃഷിക്കായി പെട്ടെന്നുതന്നെ കർഷകർക്ക് ധനസഹായം നൽകുന്നതിന് സഞ്ചിതനിധി രൂപീകരിക്കാനുള്ള സാദ്ധ്യത ധനകാര്യ വകുപ്പുമായി ആലോചിച്ച് കൈക്കൊള്ളുന്നതാണ്.

## 2. <u>അങ്കണവാടി ജീവനക്കാരുടെ വേതനപരിഷ്കരണം</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടിയുടെ ഭാഗമായി ആരംഭിച്ച ICDS (Integrated Child Development Services) കേരളത്തിൽ ആദ്യമായി ആരംഭിച്ചത് മലപ്പുറത്തെ വേങ്ങരയിലാണ്. ഒരുപാട് കാര്യങ്ങൾ ചെയ്യുന്നവരാണ് അങ്കണവാടി ജീവനക്കാർ. പൂരക പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവയ്പ്പ്, അഞ്ച് വയസ്സിൽതാഴെയുള്ള കുട്ടികളുടെ വെയ്റ്റ് പരിശോധിച്ച് ഗ്രോത്ത് ചാർട്ട് തയ്യാറാക്കൽ, ആരോഗ്യ പോഷണ വിദ്യാഭ്യാസം, പ്രീ സ്കൂൾ വിദ്യാഭ്യാസം, PMMVY (Pradhan Mantri Matru Vandana Yojana), ആശ്വാസകിരണം വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ ഇതെല്ലാം അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കുക, കോവിഡ് പ്രതിരോധം, ഗ്രാമസഭ, പ്രളയ ദുരിതാശ്വാസം, വിവിധ സർവ്വേകൾ, ഇലക്ഷൻ ഡ്യൂട്ടി, ഭക്ഷണകിറ്റിൽ സീൽ പതിപ്പിക്കൽ ഇവയെല്ലാം ചെയ്യുന്ന പാവപ്പെട്ട അങ്കണവാടി ജീവനക്കാർക്ക് ഇപ്പോൾ ആകെ ലഭിക്കുന്നത് വെറും 12,000 രൂപയാണ്. അവരുടെ ഓണറേറിയം 21,000 രൂപയായും അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 15,000 രൂപയായും വർദ്ധിപ്പിക്കണം. സർവ്വീസ് അനുസരിച്ചുള്ള ഇൻക്രിമെന്റ് അവർക്ക് കൊടുക്കണം. നിലവിൽ 50 രൂപയാണ് പത്ത് കൊല്ലം ജോലിചെയ്യുമ്പോൾ ഇൻക്രിമെന്റായി കിട്ടുന്നത്. അവരുടെ റിട്ടയർമെന്റ് ആനുകൂല്യം വളരെ തുച്ഛമാണ്.

---

* അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

അത് 5 ലക്ഷം രൂപയായും 3 ലക്ഷം രൂപയായും വർദ്ധിപ്പിക്കണം. പെൻഷൻ വെറും 1,500 രൂപയാണ്. അതും വർദ്ധിപ്പിക്കണം. ഇവരെ വർക്കർ, ഹെൽപ്പർ എന്നുവിളിക്കുന്നതിനുപകരം 'അങ്കണവാടി ടീച്ചർമാർ' എന്ന് വിളിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഒരുപാട് കാര്യങ്ങൾ ചെയ്യുന്ന പാവപ്പെട്ട അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ, വേതനം, പെൻഷൻ എന്നിവ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, നമ്മുടെ സാമൂഹ്യ ജീവിതക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണികളാണ് അങ്കണവാടി ജീവനക്കാർ എന്നതിൽ ഒരു തർക്കവുമില്ല. അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്. ദീർഘമായ മറുപടിയായതിനാൽ ഞാൻ അവസാനഭാഗം മാത്രം വായിക്കാം, ബാക്കി മേശപ്പുറത്തുവയ്ക്കാം.* ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള പത്ത് വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും പത്ത് വർഷത്തിലധികം സേവന കാലയളവുള്ള അങ്കണവാടി പ്രവർത്തകൾക്ക് 1,000 രൂപയും വീതം പ്രതിമാസ അലവൻസ് വർദ്ധന വരുത്തുന്നതുസംബന്ധിച്ച വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുണ്ട്. കേരളത്തിൽ അമ്മമാരുടെയും കുട്ടികളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ഇടയിൽ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തി അവരുടെ മാനസികവും ശാരീരികവുമായ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി തീർത്തും മാതൃകാപരമായ നിരന്തര ഇടപെടലുകളും പ്രവർത്തനവും നടത്തുന്ന അങ്കണവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായ പരിഷ്കാരത്തിലൂടെ മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി ജീവനക്കാരുടെ സംഘടനകളുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവരുടെ പ്രൊമോഷൻ നിലവിൽ പി.എസ്.സി. വഴിയാണ് നടത്തുന്നത്. അത് എപ്പോഴും വിളിക്കുന്നില്ല. 2009-ൽ കഴിഞ്ഞിട്ട് 2020-ലാണ് വിളിച്ചത്. അതുകൊണ്ട് ഇവരുടെ പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ്‌വഴി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ? 50 വയസ്സ് കഴിഞ്ഞാൽ ഇവർക്ക് ഇത് എഴുതാൻ കഴിയില്ല, പ്രായപരിധി എടുത്തുകളയുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങളുൾപ്പെടെ സർക്കാർ പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും വളരെ നന്നായി സഹകരിച്ചു, സബ്മിഷന്റെ കാര്യത്തിലും ഇത് തുടരണം.

---

* അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

# III സബ്മിഷൻ

## 1. തൃക്കാക്കര കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കാക്കരയിൽ ഒരു കേന്ദ്രീയ വിദ്യാലയം അനുവദിച്ചിട്ട് കുറേ നാളുകളായെങ്കിലും സ്ഥലം കിട്ടാത്തതുകൊണ്ട് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. തൃക്കാക്കരയിൽ രണ്ട് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒന്ന് തുതിയൂരിലും മറ്റൊന്ന് തെങ്ങോട് പഴങ്ങനാട്ടുചാലിലുമാണ്. ഈ സ്ഥലം അടിയന്തരമായി വിട്ടുകൊടുത്ത് കേന്ദ്രീയ വിദ്യാലയം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച കേന്ദ്രീയ വിദ്യാലയം യാഥാർത്ഥ്യമാക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കിൻഫ്ര, സ്മാർട്ട് സിറ്റി എന്നിവയ്ക്ക് നൽകിയ ഭൂമിയിൽനിന്നും കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിനായി ഭൂമി ലഭ്യമായ സാഹചര്യത്തിൽ തുതിയൂരിൽ ഇന്ദിരാനഗർ കോളനിയിൽ മൂലമ്പിള്ളി പാക്കേജിന് അനുവദിച്ച സ്ഥലത്തിൽ ബാക്കിയുള്ള സ്ഥലം കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും കേന്ദ്രീയ വിദ്യാലയ അധികൃതർ പരിശോധനയ്ക്കുശേഷം പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് കാക്കനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വേ 692-ൽപ്പെട്ട 3.618 ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത സ്ഥലം കേന്ദ്രീയ വിദ്യാലയ അധികൃതരും സെൻട്രൽ പി.ഡബ്ല്യു.ഡി. അധികൃതരും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ചതിൽ കേന്ദ്രീയ വിദ്യാലയ അധികൃതരും സെൻട്രൽ പി.ഡബ്ല്യു.ഡി. അധികൃതരും സ്ഥലം അനുയോജ്യമാണെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ടി സ്ഥലം BTR പ്രകാരം 'കുളം പുറമ്പോക്ക്' എന്ന വിഭാഗത്തിൽപ്പെട്ടതിനാൽ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതു സംബന്ധിച്ച് വിശദമായ പരിശോധനകൂടി നടത്തി മാത്രമേ റവന്യൂ വകുപ്പിന് അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ഇതിനായുള്ള നിയമപരിശോധനയും സ്ഥലപരിശോധനയും നടന്നുവരുന്നു. ഇതോടൊപ്പം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദവും അനുയോജ്യവുമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

2. ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ

ശ്രീ. മോൻസ് ജോസഫ്: സർ, ഹയർ സെക്കണ്ടറി ഫലം പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാനത്തൊട്ടാകെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം കാത്തുകഴിയുന്ന ഡി.എൽ.എഡ്. കോഴ്സിന്റെ നോട്ടിഫിക്കേഷൻ നടത്തണമെന്നുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഡി.എൽ.എഡ്. (ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ) കോഴ്സിന്റെ 2021-22 അദ്ധ്യയന വർഷത്തെ നോട്ടിഫിക്കേഷൻ വൈകുന്നതുമൂലം കേരളത്തിലെ 101 എയ്ഡഡ് ഗവണ്മെന്റ് സ്ഥാപനങ്ങളിലും 157-ഓളം വരുന്ന സ്വാശ്രയ സ്ഥാപനങ്ങളിലുമായി 17500 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്ന കാര്യം അനിശ്ചിതത്വത്തിലും പി.എസ്.സി.-യുടെ അനുവാദത്തിനും കാത്തിരിക്കുകയാണ്. കേരളത്തിലെ മറ്റൊരു കോഴ്സിനും പി.എസ്.സി.-യുടെ അനുവാദത്തിനുവേണ്ടി കാത്തിരിക്കേണ്ട കാര്യമില്ല. ഈ സ്ഥിതിവിശേഷംമൂലം വിദ്യാർത്ഥികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ ആശങ്ക മാറ്റുന്നതിനുവേണ്ടി എത്രയുംപെട്ടെന്ന് നോട്ടിഫിക്കേഷൻ നടത്തുന്നതിനും ഡി.എൽ.എഡ്. കോഴ്സിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2020 മാർച്ച് 3-ാം തീയതി കൂടിയ നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (NCTE) 385-ാമത് സതേൺ റീജിയണൽ കമ്മിറ്റിയുടെ മീറ്റിംഗിൽ എൻ.സി.ടി.ഇ. മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത സംസ്ഥാനത്തെ 20 ഗവണ്മെന്റ് എയ്ഡഡ് ടി.ടി.ഐ.-കളിലെ ഡി.എൽ.എഡ്. കോഴ്സിന്റെ അഡ്മിഷൻ ഉടൻ നിർത്തിവയ്ക്കാൻ എൻ.സി.ടി.ഇ. ആവശ്യപ്പെട്ടതായി എൻ.സി.ഇ.ആർ.ടി. ഡയറക്ടർ അറിയിച്ചിരുന്നു. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു *.

3. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനാണ് വട്ടിയൂർക്കാവ്. കഴിഞ്ഞ 30 വർഷമായി ട്രാഫിക് കുരുക്ക് കാരണം വലിയ പ്രയാസമനുഭവിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കിഫ്ബി വഴി 314 കോടി രൂപ അവിടത്തെ റോഡ് വികസനത്തിനും റീ-ഹാബിലിറ്റേഷനും അനുവദിച്ചിരുന്നു. റോഡ് വികസനം ചെയ്യുന്നത് കെ.ആർ.എഫ്.ബി.-യും റീഹാബിലിറ്റേഷൻ ചെയ്യുന്നത് ടിഡയുമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

---

* അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഇവിടെ ഉന്നയിച്ചത്. ജംഗ്ഷൻ വികസനത്തിനായി നൂറ് കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് ലഭിച്ചത്. അനുബന്ധ റോഡുകളുടെ വികസനവും പദ്ധതിയിലുൾപ്പെടുത്തി 199.4 കോടി രൂപയുടെ വിശദമായ പ്രോജക്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 95 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി അനുവദിച്ചു. 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. അതിര് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽ പൂർത്തിയാക്കിവരികയുമാണ്. ശാസ്തമംഗലം മുതൽ മണ്ണറക്കോണം വരെയുള്ള ആദ്യറീച്ചിന്റെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയായി. ബാക്കി രണ്ട് റീച്ചുകളുടെ മൂല്യനിർണ്ണയം പുരോഗമിക്കുകയാണ്.

ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് എസ്.പി.വി. ആയി ട്രിഡയെ ആണ് നിയോഗിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ട്രിഡയും തദ്ദേശസ്വയംഭരണ വകുപ്പും കിഫ്ബിയും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു. *

## 4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം

ശ്രീ. പി. നന്ദകുമാർ: സർ, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എട്ടോളം മണ്ഡലങ്ങളിൽനിന്ന് നൂറുകണക്കിന് രോഗികൾ വരുന്ന ഈ ആശുപത്രിയിൽ ഒരു മാസം 470 പ്രസവം നടക്കുന്നുണ്ട്. 250 ഗൈനക് കേസും എണ്ണൂറോളം വരുന്ന കുട്ടികളുടെ ഒ.പി.-യും നിത്യേന നടക്കുന്ന ഈ ആശുപത്രിയിൽ സൗകര്യം വളരെ കുറവാണ്. മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുക, ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക, ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

---
* അനുബന്ധം V ആയി ചേർത്തിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, തീരദേശമേഖലയിലെ പ്രധാനപ്പെട്ട ഒരു ആശുപത്രിയാണ് പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി. ബഹുമാന്യനായ അംഗംതന്നെ ഈ ആശുപത്രിയുടെ വികസനം സംബന്ധിച്ചുള്ള കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സബ്മിഷനിലുന്നയിച്ച പ്രകാരം ഈ ആശുപത്രിയുടെ തുടർവികസന പ്രവർത്തനങ്ങൾ നല്ല നിലയിൽ നടപ്പാക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. നിലവിൽ എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുള്ള ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ നിർമ്മാണ പൂർത്തീകരണം എത്രയുംവേഗം നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ ഓക്സിജൻ പ്ലാന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (നഗരസഭാ പദ്ധതി) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുകൂടാതെ നഗരസഭ ഒരു കോടിയിലധികം രൂപ ഈ ആശുപത്രിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുമായി കൂടിയാലോചിച്ച് ആശുപത്രിയുടെ തുടർവികസന പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പ്രകാരം പരിശോധിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

## IV റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

---

* അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

# V നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇവിടെ വിശദമായി ചർച്ച ചെയ്തതിനുശേഷം സബ്ജക്ട് കമ്മിറ്റിക്ക് പോയ ബില്ലുകളാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തശേഷമാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഇവിടെ വരുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ ആ സമയം പറയാം.

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കെടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിന്റെ പരാജയവും സാമ്പത്തിക രംഗത്തെ അപ്പാടെ തകർക്കുന്ന കാഴ്ചയാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നാം കണ്ടത്. സംസ്ഥാനം കടത്തിൽനിന്ന് കടബാദ്ധ്യതയിലേയ്ക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുന്നു. റവന്യൂ വരുമാനം വർദ്ധിക്കാതെ റവന്യൂ ചെലവ് വർദ്ധിക്കുന്നു, നികുതി വരുമാനം വർദ്ധിക്കാതെ അനാവശ്യ ചെലവുകളും ധൂർത്തും അരങ്ങേറുന്നു, അനുദിനം വെള്ളാനകളെ സൃഷ്ടിച്ച് സ്വന്തക്കാരെയും പാർട്ടിക്കാരെയും വിവിധ സ്ഥാനങ്ങളിൽ കുത്തിത്തിരുകുന്നു. അങ്ങനെ

സർക്കാരിന്റെ ഖജനാവിൽ ചോർച്ചയുണ്ടാക്കുന്നു. 2016 മാർച്ചിൽ 1.67 ലക്ഷം കോടി രൂപ മാത്രമായിരുന്ന സംസ്ഥാനത്തിന്റെ കടം. ലക്കും ലഗാനുമില്ലാതെ കടം വാങ്ങിക്കൂട്ടിയതുവഴി അത് ഇപ്പോൾ 3 ലക്ഷം കോടി രൂപയ്ക്കടുത്തെത്തി. കിഫ്ബി പോലുള്ള ഏജൻസികൾ വാങ്ങിയിട്ടുള്ള കടം വേറെ. 4 ലക്ഷം കോടി രൂപയുടെ കടബാദ്ധ്യതയിലാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. കേരളം കാത്തിരിക്കുന്നത് ലാറ്റിൻ അമേരിക്കയിലുണ്ടായതുപോലൊരു ദുരന്തം ആയിരിക്കുമെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. 2020 നവംബർ 30-ലെ കണക്കുപ്രകാരം ആളോഹരി കടം 1,05,000 രൂപയാണ്. 1,600-ൽപ്പരം കോടി രൂപ പലിശയിനത്തിൽ മാത്രം സർക്കാർ നൽകേണ്ടിവരികയാണ്. കിട്ടാവുന്ന സ്ഥലങ്ങളിൽനിന്നെല്ലാം കടമെടുക്കാൻ സർക്കാർ മത്സരിക്കുകയാണ്. പൊതുവിപണി, നബാർഡ്, നാഷണൽ സ്മോൾ സേവിംഗ്സ് ഫണ്ട്, കേന്ദ്ര സർക്കാർ വായ്പ, വിദേശ സഹായ വായ്പ തുടങ്ങി വായ്പാ സ്രോതസ്സിന്റെ പട്ടിക നീളുന്നു. ഇതാണോ ഈ സർക്കാരിന്റെ സുഭദ്രമായ സാമ്പത്തിക നയം? സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന നിരന്തര ആവശ്യം കണക്കിലെടുത്ത് ജി.എസ്.ഡി.പി.-യുടെ 3 ശതമാനം കടബാദ്ധ്യത എന്നത് 4.50 ശതമാനമായി ഉയർത്തി അവിടെയും ഈ സർക്കാർ റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 വർഷം മുതൽ 35 വർഷം വരെ കാലാവധിയുള്ള 9 ലോണുകളാണ് കടപ്പത്രങ്ങൾ വഴി എടുത്തിട്ടുള്ളത്. നാഷണൽ സ്മോൾ സേവിംഗ്സ് ഫണ്ട് വഴി 1,687.84 കോടി രൂപ കടമെടുത്തു. ഇതിനെല്ലാം പുറമേയാണ് റിസർവ് ബാങ്കിൽനിന്നും ഹ്രസ്വകാല Ways and Means Advance എടുത്തത്. റിസർവ് ബാങ്കിന്റെ 2021 ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം market borrowing വഴി 2019-20-ൽ 18,073 കോടി രൂപയും 2020-21-ൽ 28,566 കോടി രൂപയും സംസ്ഥാനം സമാഹരിച്ചു. കൂടാതെ ഈ സാമ്പത്തിക വർഷം മേയ് മാസം 1,500 കോടി രൂപയും ജൂൺ മാസം 7,500 കോടി രൂപയും സമാഹരിച്ചു. ഇതിനെല്ലാം പുറമെയാണ് Special Drawing Facility ഉപയോഗിച്ച് ഇക്കഴിഞ്ഞ ജൂണിൽ 29 ദിവസങ്ങളിൽ ശരാശരി 153 കോടി രൂപയും Ways and Means Advance ഇനത്തിൽ 29 ദിവസങ്ങളിൽ ശരാശരി 1,572 കോടി രൂപയും ഉപയോഗപ്പെടുത്തിയത്. ജൂൺ മാസം 12 ദിവസങ്ങളിൽ സംസ്ഥാനം 262 കോടി രൂപ ഓവർഡ്രാഫ്റ്റിലായിരുന്നു. കൂടാതെ പ്രളയ സെസ്സ് ഇനത്തിൽ 1,929 കോടി രൂപ സമാഹരിച്ചു. സംസ്ഥാനത്തിന്റെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. രാജ്യത്തെ നാല് സംസ്ഥാനങ്ങൾ മാത്രമേ ഇക്കാലയളവിൽ ഓവർഡ്രാഫ്റ്റ് ഉപയോഗപ്പെടുത്തിയിട്ടുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തെറ്റുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും വൻകുറവാണ് രേഖപ്പെടുത്തിയത്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ കണക്കുകളിലേയ്ക്ക് പോകുന്നില്ല.

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രഖ്യാപനങ്ങൾക്ക് ഒട്ടും കുറവില്ല. സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി, മാന്ദ്യവിരുദ്ധ പാക്കേജ് ഇതെല്ലാം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക ചെലവഴിച്ചു; മറ്റ് പാക്കേജുകൾക്കായി പ്രഖ്യാപിച്ച തുകയിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; ലോകബാങ്കിൽനിന്നും കഴിഞ്ഞ സർക്കാരിന് എത്ര രൂപ സാമ്പത്തിക സഹായം ലഭിച്ചു തുടങ്ങിയവ സംബന്ധിച്ച് ഞാൻ 22-07-2021-ൽ ഒരു ചോദ്യം ചോദിച്ചു. മൂന്നുമാസം കഴിഞ്ഞിട്ടും അതിന്റെ മറുപടി 'വിവരം ശേഖരിച്ചു വരികയാണ് ' എന്നാണ് അറിയിച്ചിരിക്കുന്നത്. അസൗകര്യമുള്ള ചോദ്യമായിരിക്കാം. സർക്കാർ അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലും കുറവ് വരുത്തുന്നില്ല.

സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് അത്രയും പറഞ്ഞുകൊണ്ട് ഞാൻ മറ്റ് ചില കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. പെഗാസെസ് വിഷയത്തിൽ അന്വേഷണ ഏജൻസിയെ വയ്ക്കാനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ ചെകിട്ടത്തടിക്കുന്ന ഒരു തീരുമാനം മിനിഞ്ഞാന്ന് സുപ്രീംകോടതി എടുത്തിരുന്നു. ഇന്നലെ അലനും താഹയ്ക്കും ജാമ്യം അനുവദിച്ച നടപടി സംബന്ധിച്ച് സുപ്രീംകോടതി ഒരു പ്രധാനപ്പെട്ട വിധി പുറപ്പെടുവിച്ചിട്ടുണ്ട്. അലനും താഹയും ആരാണെന്ന് അപ്പുറത്തുള്ളവർക്കറിയാമല്ലോ; പ്രത്യേകിച്ച് കോഴിക്കോടുള്ളവർക്ക് നന്നായിട്ടറിയാൻ സാധിക്കും. അവരെക്കുറിച്ച് നിങ്ങളുടെ ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ളവർ അവരുടെ നിലപാട് തെറ്റാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെ ആന്തരികമായിട്ടുണ്ടായിരുന്ന കാര്യം നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തര പ്രശ്നമായിരുന്നു. അവസാനം ഇവരുടെ പേരിൽ യു.എ.പി.എ. അനുസരിച്ച് കേസ് എടുക്കുന്നതിൽ എത്തിച്ചേർന്നു. ഈ ഗവണ്മെന്റിനെ നയിക്കുന്ന സി.പി.ഐ.(എം) ഉൾപ്പെടെയുള്ള കക്ഷികൾക്ക് ഇത്തരം കരിനിയമങ്ങളോടുള്ള നിലപാട് എന്താണ്? നിങ്ങൾ യു.എ.പി.എ. നിയമത്തിന് എതിരാണോ? ഇതിനുമുമ്പ് ഇതുപോലുള്ള നിയമങ്ങളുണ്ടായപ്പോൾ (മിസ, പോട്ട) രാജ്യരക്ഷയെ കരുതി നിങ്ങൾ എതിർത്തിട്ടുള്ളതാണ്. അലൻ, താഹ പ്രശ്നത്തിൽ നിങ്ങളുടെ പാർട്ടി അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി വളരെ ശക്തമായി പറഞ്ഞു. ശ്രീ. എം. എ. ബേബി അവരുടെ വീടുകൾ സന്ദർശിച്ചു. പക്ഷെ നിങ്ങൾ അവരെ യു.എ.പി.എ. അനുസരിച്ച് അറസ്റ്റ് ചെയ്തു. യു.എ.പി.എ. അനുസരിച്ച് എടുക്കാവുന്ന കേസല്ല ഇതെന്നാണ് ഇന്നലെ സുപ്രീംകോടതി പറഞ്ഞത്. അവർക്ക് ഇന്നലെ ജാമ്യം കിട്ടി. ഈ രണ്ട് ചെറുപ്പക്കാരുടെയും രണ്ടുകൊല്ലത്തെ ഭാവി നഷ്ടപ്പെട്ടു. ഇതിന് ആരാണ് ഉത്തരവാദി; നിങ്ങൾ ഉത്തരവാദിത്വം ഏറ്റെടുക്കുമോ? കഴിഞ്ഞ ഗവണ്മെന്റിന്റെ ഭരണസമയത്ത് അന്നത്തെ ഡി.ജി.പി.-യായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ

പറഞ്ഞുതന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങളെടുത്ത എല്ലാ തീരുമാനങ്ങളും ഒന്നൊന്നായി കോടതി തള്ളിക്കളഞ്ഞുകൊണ്ടിരിക്കുകയാണ്. അതിൽ ഒന്നാണിത്. കല്ലിയോട്ട് ശരത് ലാൽ-കൃപേഷ് കേസ് സി.ബി.ഐ.-യ്ക്ക് വിടാതിരിക്കാൻ നിങ്ങൾ എത്രയോ പണംമുടക്കി, എത്രയോ ഫൈറ്റ് ചെയ്തു. അവസാനം ആ കേസ് സി.ബി.ഐ.-യ്ക്ക് വിടാൻ തീരുമാനമുണ്ടായി. ഇതുപോലെ ഓരോ കേസിലും ശ്രീ. ലോക്നാഥ് ബെഹ്റ പറഞ്ഞുതന്ന കാര്യങ്ങളെല്ലാം നിങ്ങൾ അതേപടി അംഗീകരിച്ചതിന്റെ ഫലമാണിത്.

കരിനിയമങ്ങളെ എതിർക്കുന്ന ഒരു പാർട്ടിയിലെ മുഖ്യമന്ത്രി ഭരിക്കുന്ന സംസ്ഥാനത്ത് 150 ദിവസം വിചാരണ കൂടാതെ തടവിൽ വയ്ക്കാൻ കഴിയുന്ന ഒരു നിയമത്തിന് നിങ്ങൾ രൂപം നൽകി. അത് സൈറ്റിൽ വന്നു. പിന്നീട് അപ്രത്യക്ഷമായി. ഞാൻ കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ ആ ഫയലിന്റെ നമ്പർ സഹിതം പറഞ്ഞിരുന്നു. എൽ.ഡി.എഫ്. ഗവണ്മെന്റിന് പ്രത്യേകിച്ച് സി.പി.ഐ., സി.പി.ഐ. (എം) ഉള്ള ഒരു ഗവൺമെന്റിന് ഇതുപോലുള്ള കരിനിയമങ്ങളെക്കുറിച്ച് എങ്ങനെ ചിന്തിക്കാൻ സാധിച്ചുവെന്നത് എന്നെപ്പോലുള്ള ആളുകളെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. കോൺഗ്രസ്സിൽനിന്ന് കുറെപ്പേർ സി.പി.ഐ.(എം)-ൽ ചേർന്നപ്പോൾ അവസാന പ്രതീക്ഷയും നഷ്ടപ്പെട്ട് അവർ സി.പി.ഐ.(എം)-ൽ ചേർന്നിരിക്കുകയാണെന്ന് നിങ്ങൾ പറഞ്ഞു. 20 കൊല്ലം നിങ്ങളോടൊപ്പം സഹവാസത്തിലായിരുന്ന ശ്രീ. ചെറിയാൻ ഫിലിപ്പ് കോൺഗ്രസ്സിലേയ്ക്ക് തിരിച്ചുവരികയാണ്. നിങ്ങളോടുള്ള സഹവാസം കൊണ്ട് നിങ്ങൾ എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും പലരും വരും. അവസാനമായി ഒരു കാര്യം പറയാനുള്ളത്, നിങ്ങൾ മുല്ലപ്പെരിയാർ ഡാം മുതൽ കടൽ വരെ ഒരു മനുഷ്യച്ചങ്ങല തീർത്തു. ബഹുമാനപ്പെട്ട മണിയാശാനും അതിൽ ഉണ്ടായിരുന്നു. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 120 അടിയാക്കി താഴ്ത്തണമെന്ന് നിങ്ങൾ പറഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... നമുക്ക് 12.30-ന് അവസാനിപ്പിക്കണം. ഇപ്പോൾത്തന്നെ 10 മിനിറ്റ് കഴിഞ്ഞു. അങ്ങ് ഇതിനോട് സഹകരിക്കണം. അങ്ങ് ഒരു മിനിറ്റുകൊണ്ട് പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ചുരുക്കി പറയാം. അന്ന് നിങ്ങൾ മനുഷ്യച്ചങ്ങല തീർത്തു. ശ്രീ. പി. രാജീവാണ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 120 അടിയായി താഴ്ത്തണം. ഇ. കെ. നായനാർ ഗവണ്മെന്റും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റും സ്വീകരിച്ച നിലപാടിനോട് ഞങ്ങൾക്ക് അത്യധികം നന്ദിയുണ്ടെന്നും

കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നില്ലെന്നും രാഷ്ട്രീയപരിഹാരമുണ്ടാക്കാൻ കേന്ദ്രഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും ശ്രമിക്കുന്നില്ലെന്നുമായിരുന്നു ആക്ഷേപം. ജലനിരപ്പ് 120 അടിയാക്കി താഴ്ത്തണമെന്നും പുതിയ ഡാം പണിയണമെന്നും ആവശ്യപ്പെട്ടു. 'തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ' എന്ന് ശ്രീ. ഉമ്മൻ ചാണ്ടി അന്ന് പറഞ്ഞ അതേ നിലപാട് തന്നെയാണ് അന്നും ഇന്നും ഞങ്ങൾക്കുള്ളത്. പക്ഷെ കേരളത്തിലെ ജനങ്ങളെ നിങ്ങൾ തീ തീറ്റിച്ച് അവരിൽ അസ്വസ്ഥതകളുണ്ടാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് നടത്തിയ പ്രസംഗം എന്റെ കയ്യിലുണ്ട്. ശാസ്ത്രജ്ഞർ പറയുന്നത് ഡാം തകരുമെന്നും അത്തരമൊരു ദുരന്തമുണ്ടായാൽ താങ്ങാൻ സാധിക്കില്ലെന്നുമാണ്. ഇപ്പോൾ 136 അടി വെള്ളമായി നിലനിർത്താൻ സാധിച്ചോ? 120 അടിയായി നിലനിർത്തണമെന്ന് പറഞ്ഞ് മനുഷ്യച്ചങ്ങല തീർത്ത ആളുകൾ, ഭരണം തുടങ്ങി ആറ് വർഷമായിട്ടും 136 അടിയായി നിലനിർത്താൻപോലും സാധിച്ചില്ല. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അവിടെ പുതിയ ഡാം പണിയണമെന്നായിരുന്നു. ഈ പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ പിണറായി വിജയൻ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. അതോടൊപ്പം നിയമപരമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിലും ഈ ഗവൺമെന്റ് വലിയ വീഴ്ചവരുത്തി. ഇക്കാര്യത്തിൽ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ പറഞ്ഞ ആശങ്ക ഇന്നും നിലനിൽക്കുന്നുണ്ട്. പക്ഷെ, നിങ്ങളെപ്പോലെ ഡാമിന്റെ പ്രശ്നത്തിൽ ജനങ്ങളെ ഇളക്കിവിട്ട് അവരിൽ ആശങ്കയുണ്ടാക്കാൻ മാന്യമായ പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ ശ്രമിച്ചിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ സാമ്പത്തിക വിഷയങ്ങളെപ്പറ്റി ഞാൻ ആവർത്തിക്കുന്നില്ല. അത് എന്റേയുംകൂടി അഭിപ്രായമായി രേഖപ്പെടുത്തണം. കേരളത്തിന്റെ പൊതുകടത്തെപ്പറ്റി ഞാൻ വീണ്ടും പറയുന്നില്ല. അതിനെപ്പറ്റി അങ്ങേയ്ക്ക് വളരെ കൃത്യമായിട്ടറിയാം. സത്യം പറഞ്ഞാൽ, അങ്ങ് ഈറനടുക്കേണ്ടി വന്ന ഒരു വ്യക്തിയെന്ന നിലയിലാണ് ഇതിന് മറുപടി പറയേണ്ടി വരിക. അതുകൊണ്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ് നിർത്തിയടത്തുനിന്നും ഞാൻ തുടങ്ങുകയാണ്. 2006-ൽ മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ഇതുപോലൊരു സാഹചര്യമുണ്ടായപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഗവൺമെന്റുംകൂടി അവരോടൊപ്പം സന്ദർശനം നടത്തണമെന്ന് വെല്ലുവിളിച്ച് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളും അദ്ദേഹത്തോടൊപ്പംകൂടി. അന്ന് ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു.

അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനൊപ്പം ഞങ്ങൾ മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച്, കാര്യങ്ങളെല്ലാം അദ്ദേഹത്തിനെ ബോദ്ധ്യപ്പെടുത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, വിഷയം ചരക്കുസേവന നികുതിയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചരക്കുസേവന നികുതിയെപ്പറ്റി പറയണമെങ്കിൽ കേരളമുണ്ടാകണം. കേരളമില്ലാത്ത എന്ത് ചരക്കുസേവന നികുതിയാണ്? അതുകൊണ്ട് ദയവായി അങ്ങ് എന്നോട് തർക്കിക്കാൻ വരരുത്. അങ്ങയുടെ അഭിപ്രായം അങ്ങയുടേതും എന്റെ അഭിപ്രായം എന്റേതുമാണ്. മാത്രമല്ല, പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിന്റെ പൂർണ്ണ ഉത്തരവാദിയല്ല എന്ന് പറഞ്ഞുകൊണ്ടാണ് ഞാൻ സംസാരിക്കാൻ തുടങ്ങിയത്. എനിക്ക് അദ്ദേഹത്തെക്കുറിച്ച് പറയാൻ അറിയാത്തതുകൊണ്ടല്ല, എന്നെക്കൊണ്ട് അദ്ദേഹത്തിനെതിരെ പറയിപ്പിക്കണമെന്ന് അങ്ങയുടെ നിർബന്ധമുണ്ടായാലും ഞാൻ അങ്ങനെ പറയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരിക്കലുമില്ല. അങ്ങ് വിഷയത്തിൽനിന്നും മാറി സംസാരിച്ചപ്പോൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നുമാത്രം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോന്നി, എന്റെ തൊട്ടപ്പുറത്തുള്ള മണ്ഡലമെന്നനിലയിൽ എന്നെക്കൊണ്ട് അത് പറയിച്ചേ അടങ്ങൂ എന്നൊരു വാശിപിടിക്കുന്നതെന്തിനാണ്? നമ്മുടെ സംസ്ഥാനത്തിന്റെ കടം തിരിച്ചടയ്ക്കേണ്ടതല്ലേ; ഈ കടം തിരിച്ചടയ്ക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതല്ലേ? ഏത് കാലത്താണ് ഈ പണം തിരിച്ചടയ്ക്കാൻ സാധിക്കുന്നത്? ഈ പണം നമ്മുടെ ഖജനാവിൽനിന്നും തിരിച്ചടയ്ക്കുന്നതിനെപ്പറ്റിയുള്ള സങ്കൽപ്പം നമുക്ക് എപ്പോഴും ഭയപ്പാടായിത്തന്നെ നിൽക്കുമെന്നാണ് എന്റെ വിശ്വാസം. കേരളത്തെ പൊതുവെ ബാധിക്കുന്ന പ്രശ്നങ്ങളാണ് ഞാൻ പറയുന്നത്. ഞാൻ രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങളാണ് ചോദിക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്ന സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി 65,000 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പക്ഷെ നീതി ആയോഗിന്റെ കണക്കുപ്രകാരം 1,30,000 കോടി രൂപ വേണ്ടിവരുമെന്നാണ്. ആ തർക്കം സംസ്ഥാന ഗവൺമെന്റും നീതി ആയോഗും തമ്മിൽ തീർക്കട്ടെ. ഞാൻ അതിൽ മദ്ധ്യസ്ഥത വഹിക്കുന്നില്ല. സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വളരെ ദയനീയമായി പൊയ്ക്കൊണ്ടിരിക്കുകയാണ്. ധൂർത്തിനെക്കുറിച്ചും അമിത ചെലവിനെക്കുറിച്ചുമെല്ലാം സംസാരിക്കുമ്പോൾ അത്യാവശ്യമായി കേരളത്തെ നിലനിർത്തുന്നതിനുവേണ്ടിയുള്ള

എന്തെങ്കിലും നടപടികൂടി സ്വീകരിക്കേണ്ടതല്ലേ? ആ നടപടിയിലേയ്ക്ക് കടക്കുമ്പോഴാണ് ഈ ഡാമിന്റെ വിഷയത്തിൽ വന്നെത്തുന്നത്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയായി നിലനിർത്തണമെന്ന് പറഞ്ഞത് എഞ്ചിനീയർ ശ്രീ. ജോണിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ജല കമ്മീഷനായിരുന്നു. അത് കേരളത്തിനും തമിഴ്നാടിനും ഒരുപോലെ ബാധകമാകുന്ന തരത്തിലായിരുന്നു. അതിനുശേഷം ഇപ്പോൾ ഈ ഗവണ്മെന്റ് പറയുന്നത് 139 അടിക്ക് മുകളിൽപ്പോയാലും കുഴപ്പമില്ലെന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ, നമ്മൾ കൊടുത്ത സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ളത് 142 അടിയാക്കാമെന്നാണ്. 142 അടിയായി ഉയർത്തിയാൽ കേരളത്തിലെ ജനങ്ങളുടെ ആശങ്ക എന്തായിരിക്കും; അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ ഗവണ്മെന്റിന്റെ നിലപാടെന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടിവരുന്നത്. പുതിയ ഡാം പണിയണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. പഴയ കരാർ മതിയെന്ന് തമിഴ്നാട് പറയുന്നു, പുതിയ ഡാം നിർമ്മിക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. പഴയ കരാറും പുതിയ ഡാമുമുണ്ടാക്കി കേരളത്തെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ പ്രധാനപ്പെട്ട ചോദ്യം. അത് അംഗീകരിച്ചേ മതിയാകൂ, അതിനുള്ള പശ്ചാത്തലംകൂടി ഒരുക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുണ്ടാക്കിയ കരാറാണിത്. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഈ കരാർ പുതുക്കിയിട്ടില്ല. അതുകൊണ്ട് ഈ കരാർതന്നെ നിലനിൽക്കുന്നതല്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ കരാർ നിലനിൽക്കുന്നതല്ലെങ്കിൽ ഈ സന്ദിഗ്ദ്ധഘട്ടത്തിൽ സർക്കാർ എന്തുകൊണ്ട് ആ വിവരം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കുന്നില്ല? ഞാൻ അങ്ങ് പറഞ്ഞ വാദഗതിയോട് യോജിക്കുകയാണ്. ഞാനും ആ പക്ഷക്കാരനാണ്. പക്ഷെ, ഞാനിവിടെ പക്ഷം പറഞ്ഞിട്ട് കാര്യമുണ്ടോ? നടപടി സ്വീകരിക്കേണ്ടത് ഗവണ്മെന്റാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വഴി കാര്യങ്ങൾ ചെയ്യിപ്പിക്കേണ്ടത് ഗവണ്മെന്റാണ്. ഈ കരാർ infructuous ആണെന്നും നിലനിൽക്കുന്നതല്ലെന്നുമുള്ള കാര്യം എന്നെ ബോദ്ധ്യപ്പെടുത്തുന്ന ഈ സമയംവരെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പാകെ ബോധിപ്പിച്ചിട്ടില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താങ്കൾ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലും അക്കാര്യം ചെയ്തില്ലായിരുന്നു. രണ്ട് ഗവണ്മെന്റുകളും ഇക്കാര്യത്തിൽ ഒരുപോലെ കുറ്റക്കാരാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ജലസേചന വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഇതുപോലെ കേസ്സും ബന്ധപ്പെട്ട വിഷയങ്ങളൊന്നുമില്ലായിരുന്നു. നമ്മൾ അന്നുമുതൽ ഇന്നുവരെ സ്വീകരിച്ച കൺസിസ്റ്റന്റ് നിലപാടായിരുന്നു 136 അടിയെന്നുള്ളത്. അങ്ങ് ഫയൽ പരിശോധിക്കുന്ന ആളാണ്, അങ്ങേയ്ക്ക് ഇക്കാര്യങ്ങളെപ്പറ്റി നല്ല അറിവുള്ള ആളാണ്. 136 അടിയെന്നത് വിഴുങ്ങിയത് ആരാണ്; ഞങ്ങളാണോ? ഞങ്ങൾ കേസ് നടത്തിയവരാണ്. ആ കോടതി വിധി കൺസീഡ് ചെയ്തു, അപ്പീൽ പോയില്ല; അതല്ല അതിന്റെ മറുവശം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 138.9 അടിയാക്കാനും വിരോധമില്ലെന്നാണ് ഇന്നത്തെ പത്രത്തിൽവന്നത്. 138.9 അടിയായി നിലനിർത്തുമെന്ന് പറയുന്നത് ശരിയാണോ എന്നതാണ് എന്റെ ചോദ്യം. കേരള ഗവൺമെന്റിന് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ അത് ചെന്നെത്തുന്നത് 139 അടിയിലേയ്ക്കാണോ? അതിനെ 142 അടിയിലേയ്ക്ക് കൊണ്ടെത്തിക്കേണ്ടിവരും. അല്ലാതെ കാര്യങ്ങൾ തീരുകയില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ പറയുന്നത് 142 അടി വെള്ളമെന്നല്ല, 152 അടി വെള്ളമെന്നാണ്. നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്തോറും 152 അടിയിലേയ്ക്ക് കാര്യങ്ങൾ സാവകാശം എത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ നിലനിൽക്കുന്ന നിയമമില്ലേ; ലെജിസ്ലേച്ചർ അറിയാതെ മറ്റൊരു സംസ്ഥാനത്തേയ്ക്ക് ജലം ഒഴുക്കിക്കൊടുക്കരുതെന്ന നിയമമുള്ള കാര്യം അങ്ങേയ്ക്കറിയില്ലേ; ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാർ ഡാമിലെ വെള്ളം കൊടുക്കാൻ കഴിയുമോ? അന്ന് അങ്ങ് ഇതിനെ ആത്മാർത്ഥമായി എതിർത്ത വ്യക്തിയാണ്. രാമനാഥപുരത്തേയ്ക്ക് നെയ്യാറിലെ വെള്ളം ഒഴുക്കാൻ തീരുമാനമെടുത്തിരുന്നു. എന്നുമാത്രമല്ല, കേരളത്തിൽ ഒരു നിയമം നിലനിൽക്കുമ്പോൾ ആ നിയമത്തെ ലംഘിച്ചുകൊണ്ട് ലെജിസ്ലേച്ചറിനെപ്പോലും അറിയിക്കാതെ രാത്രുരാമാനം നെയ്യാറിലെ വെള്ളം രാമനാഥപുരത്തേയ്ക്ക് ഒഴുക്കിക്കൊടുക്കാൻ നമ്മൾ തീരുമാനമെടുത്തിരുന്നു. അതിന് അന്ന് പറഞ്ഞ മറുപടി, മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കുറെ വിട്ടുവീഴ്ച കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നായിരുന്നു. എന്നിട്ട് എന്ത് വിട്ടുവീഴ്ചയാണുണ്ടായത്? കടിച്ചതും പോയി, പിടിച്ചതുംപോയി. രണ്ടും നമുക്ക് നഷ്ടപ്പെട്ടു. കയ്യിലിരുന്ന നെയ്യാറിലെ വെള്ളം കൊടുക്കാമെന്ന് പറയുകയും ചെയ്തു, എന്നാൽ മുല്ലപ്പെരിയാറിലെ വെള്ളത്തിന്റെ കാര്യത്തിൽ അവർ വിട്ടുവീഴ്ച ചെയ്തതുമില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, തമിഴ്നാട് മുഖ്യമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യാമെന്ന് സമ്മതിച്ചത് വലിയ കാര്യമല്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വെള്ളം വീണ്ടും വിട്ടുകൊടുക്കുമ്പോൾ അതൊരു ഡിപ്ലോമാറ്റിക് സ്റ്റേറ്റ്സ്മാൻഷിപ്പാകുമെന്നും അതിന്റെ ഗുണം നമുക്ക് കിട്ടാൻ പോകുന്നുവെന്നുമാണ് സഭയെ അന്ന് സർക്കാർ അറിയിച്ചിരുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോഴത്തെ പ്രശ്നം കേൾക്കൂ. Diplomatic foolishness ആണ് നമ്മൾ നടത്തിയതെന്നതല്ലേ തെളിഞ്ഞുകൊണ്ടിരിക്കുന്നത്. Diplomatic foolishness ആണ്. കേരളത്തെ വഞ്ചിച്ചതാണ്. കേരളത്തിലെ ജനങ്ങളോട് നിങ്ങൾ മാപ്പ് പറഞ്ഞാലും തീരാത്ത വിധത്തിൽ ഒരു irreparable loss സംസ്ഥാനത്തിനുണ്ടാക്കിയതാണ്. ഒരിക്കലും ചെയ്യരുതാത്തതായിരുന്നു. അന്ന് അങ്ങായിരുന്നുവെങ്കിൽ ഇങ്ങനെ ചെയ്യില്ലെന്ന് എനിക്കറിയാം. കാരണം, അങ്ങേയ്ക്ക് ഇതിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ സംബന്ധിച്ച് ഞാൻ മാദ്ധ്യമങ്ങളിലൂടെ വായിച്ച് മനസ്സിലാക്കിയിട്ടുള്ളതാണ്. അന്ന് അങ്ങ് പറഞ്ഞ കാര്യങ്ങൾ ഇന്ന് നടപ്പാക്കിയാൽ മാത്രംമതി. പ്രശ്നം അവസാനിക്കും. പക്ഷേ വളരെ ദയനീയമല്ലേ. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം തകർത്തുകളഞ്ഞു എന്നതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയിൽ ചട്ടം 92 അനുസരിച്ച് ബില്ലിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സംസാരിക്കണമെന്നാണ് പറയുന്നത്. പക്ഷേ അങ്ങ് പൊതുചർച്ചയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അത് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ ഇപ്പോൾ തമിഴ്നാടിന്റെ നിലപാടിനോട് യോജിക്കുന്ന കാര്യത്തിൽ അങ്ങും യോജിച്ച് നിൽക്കുകയാണോ; അങ്ങ് കറുത്ത ഷർട്ടിട്ട് വന്നപ്പോഴേ എനിക്ക് വിവരം മനസ്സിലായി. കേരളത്തിന്റെ ഒരു ദുഃഖമായി അങ്ങ് ഒരു പൊട്ടുപോലെ അവിടെ ഇരിക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഇത്രയും ദുഃഖകരമായൊരു കാര്യം, ഈ സർക്കാർ ഒരുമിച്ചുനിന്ന് പ്രതിഷേധിക്കേണ്ട കാര്യമല്ലേ? അന്ന് ചങ്ങലപിടിച്ച കാര്യം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞുവല്ലോ, ചങ്ങല ഞങ്ങളും പിടിക്കാമായിരുന്നു. ഒരു കുഴപ്പവുമില്ല. പക്ഷേ, കേരളത്തെ രക്ഷപ്പെടുത്തണ്ടേ; കേരളം എവിടെപ്പോയി നിൽക്കുന്നു?

ഇനി പ്രധാനപ്പെട്ട അടുത്ത പോയിന്റിലേയ്ക്ക് വരാം. കേരളം കടക്കെണിയിൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കുകയാണ്. കടക്കെണിയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കാത്തവിധത്തിൽ ഒരു കിനാവള്ളി നമ്മളെ പിടിച്ചിരിക്കുകയാണ്.

കിനാവള്ളിയുടെ തല ഡോ. ടി. എം. തോമസ് ഐസക്കിന്റെ തലപോലെതന്നെയാണിരിക്കുന്നത്. കേരളത്തിന്റെ ഈ തലമുറയല്ല, അടുത്ത തലമുറപോലും രക്ഷപ്പെടാത്ത വിധത്തിൽ ഇതിനെ തകർത്ത് ഏതാണ്ട് തരിപ്പണമാക്കുന്ന രൂപത്തിലായിരിക്കുന്നു. എനിക്കെന്റെ വിയോജനക്കുറിപ്പിൽ നിന്നും അൽപ്പം മാറി സംസാരിക്കേണ്ടിവന്നു. അത് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. കാരണം, ഇന്നത്തെ ഏറ്റവും സുപ്രധാനമായൊരു പ്രശ്നമാണിത്. ഈ നിയമസഭയിൽ നിങ്ങൾ എന്തുചെയ്തുവെന്ന് കേരള ജനത ഞങ്ങളോട് ചോദിക്കും. ആ ചോദ്യത്തിന്റെ ഉത്തരത്തിന്റെ ഭാഗം എന്നുള്ള നിലയിലാണ് എനിക്ക് അതേക്കുറിച്ച് പരാമർശിക്കേണ്ടിവന്നത്. ഈ കടത്തെക്കുറിച്ച് അങ്ങ് മറുപടി പറയണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ, കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നീ മൂന്ന് ബില്ലുകളെ സംബന്ധിച്ചാണ് ഇന്ന് ചർച്ച ചെയ്യുന്നത്. ഈ മൂന്ന് ഫിനാൻഷ്യൽ ബില്ലുകളിലുമുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക് പുറമെ 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 1,471 കോടി രൂപയുടെ അധികവായ്പ അനുവദിച്ചതിനും 2020-21 സാമ്പത്തിക വർഷത്തിൽ ചില സംസ്ഥാനതല പരിഷ്കാരങ്ങൾക്കുവേണ്ടി ആഭ്യന്തര ഉല്പാദനത്തിന്റെ 2 ശതമാനം അധികവായ്പ അനുവദിച്ചതിനും അതിനനുസൃതമായി പ്രസ്തുത സാമ്പത്തിക വർഷത്തിലെ ധനപരമായ ലക്ഷ്യങ്ങൾ പുനഃക്രമീകരിക്കുന്നതിന് ധനസംബന്ധമായ ഉത്തരവാദിത്തനിയമം ഭേദഗതി ചെയ്യുന്നതിനുമാണ് ഇവിടെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2 ശതമാനം അധിക വായ്പ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കാരം വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുന്നതാണ്. വായ്പാ പരിധി ഉയർത്തിക്കിട്ടാനായി സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം ഹനിക്കുന്നതിനോട് യോജിക്കാൻ കഴിയില്ലെന്ന് ഈ വിയോജനക്കുറിപ്പിന്റെ ആമുഖത്തിൽത്തന്നെ സൂചിപ്പിക്കുകയാണ്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഉയരുമ്പോഴും മൂലധനച്ചെലവ് വർദ്ധിക്കുന്നില്ല. സാമ്പത്തിക അച്ചടക്കത്തോടെ ചെലവുകൾ ക്രമീകരിക്കുന്ന ഉത്തരവാദിത്വമുള്ള നയസമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അതിനാൽ ഈ ബില്ലുകളോട് വിയോജിക്കുകയാണ്. ഇന്ന് നമ്മുടെ നാടിന്റെ സ്ഥിതിയെന്താണ്? കടത്തിൽ മുങ്ങിയ കേരളമാണ്. നമ്മുടെ സാമ്പത്തിക ഭാവി എങ്ങോട്ടാണ് പോകുന്നത്? കഴിഞ്ഞ മാസങ്ങളിൽ ശമ്പളം കൊടുക്കാൻ സർക്കാർ

കടമെടുത്തത് 3,500 കോടി രൂപയാണ്. സാധാരണ 6 ശതമാനം പലിശയ്ക്കെടുക്കുന്ന കടം ഇപ്പോൾ 7.06 ശതമാനം പലിശയ്ക്ക് റിസർവ് ബാങ്കുവഴി പൊതുവിപണിയിൽനിന്നാണ് എടുത്തത്. കേരളത്തിന്റെ പൊതുകടം ശ്രീ. പിണറായി വിജയന്റെ രണ്ടാം ഭരണത്തിൽ 4 ലക്ഷം കോടി രൂപയ്ക്ക് മുകളിലാണ്. ഇപ്പോൾ ജനിക്കുന്ന കുഞ്ഞിന് ഒരു ലക്ഷം രൂപയുടെമേൽ കടമുണ്ട് എന്ന അപമാനകരമായ സ്ഥിതിയിലേയ്ക്ക് നാട് പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 18.35 ശതമാനം പലിശ നൽകാൻ മാറ്റി വയ്ക്കേണ്ടിവരികയാണ്. അതായത് 100 രൂപ വരുമാനം ലഭിച്ചാൽ അതിൽനിന്ന് 18.35 രൂപ പലിശബാദ്ധ്യതയിലേയ്ക്ക് പോകണം. ശമ്പളവും പെൻഷനുംകൂടി 48.46 രൂപ. ബാക്കിയുള്ള 33.19 ശതമാനം കൊണ്ടുവേണം വികസന പ്രവർത്തനങ്ങളും സർക്കാർ ചെലവുകളും നടത്തേണ്ടത്. നികുതി വരുമാനത്തിൽ അടിക്കടിയുണ്ടാകുന്ന ഇടിവും റവന്യൂ ചെലവിലെ വർദ്ധനവും സംസ്ഥാന രൂപീകരണത്തിനുശേഷം ഏറ്റവും വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി എല്ലാ ബഡ്ജറ്റിലും 20 മുതൽ 30 ശതമാനം വരെ നികുതി വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. എന്നാൽ എന്ത് വർദ്ധനവാണുണ്ടായത്; ജി.എസ്.ടി. വിഹിതം കിട്ടുമെന്ന പ്രതീക്ഷയിൽ ഉദ്യോഗസ്ഥർ കാര്യക്ഷമതയില്ലാതെയാണ് പ്രവർത്തിച്ചത്. ഇത് വലിയ ദുസ്ഥിതിയിലേയ്ക്ക് എത്തിച്ചു. നികുതി വളർച്ച കേവലം 10 ശതമാനത്തിൽ താഴെയായി. ഇതെല്ലാം സർക്കാരിന്റെ പിടിപ്പുകേടല്ലേ? വിലക്കയറ്റവും റവന്യൂ ചെലവും 30 ശതമാനം വർദ്ധിച്ചിട്ടും അതിനനുസൃതമായ നികുതി വർദ്ധനവ് ഉണ്ടായില്ല. സർക്കാർ കാഴ്ചക്കാരായി നോക്കിനിന്നു. ഇവിടെയാണ് ധനകാര്യ വകുപ്പിന്റെ ഊർജ്ജസ്വലത നമ്മൾ കാണേണ്ടിയിരുന്നത്. പക്ഷേ, അതുണ്ടായില്ല. ജി.എസ്.ടി. നടപ്പാക്കിയിട്ട് അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ജി.എസ്.ടി. കോമ്പൻസേഷൻ 2022 മാർച്ചിൽ അവസാനിക്കുമെന്നതാണ് ഗുരുതരമായ മറ്റൊരു സംഗതി. അത് 5 വർഷത്തേയ്ക്കേ ഉള്ളൂ. മാർച്ച് ആകാൻ ഏതാനും മാസങ്ങൾ മാത്രമേയുള്ളൂ. ഇതുകൂടി ഇല്ലാതായാൽ നമ്മുടെ ധനസ്ഥിതി എന്താകും? വായ്പാ പരിധി മൂന്നിൽനിന്നും അഞ്ച് ശതമാനം ആക്കിയതുകൊണ്ട് മാത്രമാണ് ശമ്പളവും മറ്റും കൊടുക്കാൻ സാധിക്കുന്നത്. അതാണ് ഇപ്പോഴത്തെ അവസ്ഥ. വായ്പാ പരിധി ഇങ്ങനെ ഉയർത്തിയിട്ട് എന്താണ് കാര്യം; സാധാരണഗതിയിൽ ഇടതും വലതുമൊന്നും സ്വീകരിക്കാത്ത ചില നയങ്ങൾ നിങ്ങൾ സ്വീകരിച്ചില്ലേ? ഞങ്ങൾ വലുതാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽപ്പോലും ഇവിടെ അങ്ങനെയാണല്ലോ പ്രയോഗിക്കുന്നത്. കേന്ദ്രം 2 ശതമാനം പണം അധികം നൽകും എന്നതിന്റെ പേരിൽമാത്രം വൈദ്യുതി മേഖല സ്വകാര്യവൽക്കരണത്തിന് വിട്ടുകൊടുത്തു.

ഇതെല്ലാം അംഗീകരിക്കാവുന്നതാണോ; ഇതാണോ ഇടതുപക്ഷ ബദൽ? ധനകാര്യ ബില്ലിൽ 2021-ലെ നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി ആംനെസ്റ്റി സ്കീമാണ് പ്രധാനമായും അന്ന് വ്യവസ്ഥ ചെയ്തത്. നികുതി പിരിവിലെ കെടുകാര്യസ്ഥതയും കുറ്റകരമായ അനാസ്ഥയുംമൂലം കോവിഡ് കാലത്തിന് മുൻപുതന്നെ സംസ്ഥാനം രൂക്ഷമായ ധനകാര്യ പ്രതിസന്ധിയിൽ എത്തിയിരുന്നു. ജി.എസ്.ടി.-യിലേയ്ക്കുള്ള പരിവർത്തനത്തിന് അനുയോജ്യമായ രീതിയിൽ നികുതി സംവിധാനം പുനഃസ്ഥാപിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. 2020-21 വർഷത്തിൽ ജി.എസ്.ടി.-യിൽ പ്രതീക്ഷിച്ചതിന്റെ 57.89 ശതമാനം മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. മുൻവർഷങ്ങളിലെ ആംനെസ്റ്റി സ്കീമുകൾ പരാജയപ്പെട്ടതിന്റെ കാരണം പരിശോധിക്കാതെ വീണ്ടും സ്കീമുകൾ അവതരിപ്പിച്ചുകൊണ്ടാണ് ധനകാര്യ വകുപ്പ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതെന്ത് സമീപനമാണ്? നിരവധി ഇളവുകൾ പ്രഖ്യാപിച്ചിട്ടും വ്യാപാരികൾ കുടിശ്ശിക അടയ്ക്കാൻ തയ്യാറാകാത്തത് ആ സ്കീമിലുള്ള തകരാറുകൾകൊണ്ടും നികുതിദായകരെ വിശ്വാസത്തിലെടുക്കാൻ കഴിയാത്ത സ്കീമുകൾ ആയതുകൊണ്ടുമാണ്. ഇത്തരം സ്കീമുകൾകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; കോവിഡുമൂലമുള്ള സാമ്പത്തിക മുരടിപ്പിന് എന്ത് പരിഹാരമുണ്ടാക്കാനാണ് സാധിച്ചത്? ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുക എന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിന് പരിഹാരമായിട്ടുള്ള കാര്യം. അതിന് സർക്കാർ സ്വീകരിച്ച നടപടികളെന്താണ്? 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ഒരു കൺകെട്ട് വിദ്യയായിരുന്നു. അതിവിടെ ഏറെ ചർച്ച ചെയ്യപ്പെട്ടതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതായത്, കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശികയും കിറ്റിന്റെ (ഭക്ഷ്യക്കിറ്റ്) തുകയും പെൻഷന്റെ തുകയുമെല്ലാം കൂട്ടിയാണ് 20,000 കോടി രൂപ നിങ്ങളിവിടെ പ്രഖ്യാപിച്ചത്. തൊഴിലുറപ്പുകാർക്ക് കൊടുക്കാനുള്ള പണംകൂടി ചേർത്താണ് പറഞ്ഞത്. ഞാൻ വേറൊരു നിർദ്ദേശം വയ്ക്കാം. 18 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യ വാക്സിൻ നൽകാൻ ബഡ്ജറ്റിൽ പറഞ്ഞ 1,000 കോടി രൂപയുണ്ട്. കേന്ദ്രം സൗജന്യമായി വാക്സിൻ ലഭ്യമാക്കിയതിനാൽ അത് ചെലവാക്കേണ്ടി വന്നില്ല. ആ പണം സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ ജനങ്ങളുടെ കൈകളിലേയ്ക്കെത്തട്ടെ. അതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ഒരു തത്വദീക്ഷയുമില്ലാത്ത കടമെടുപ്പും ധൂർത്തുമാണ് സംസ്ഥാനത്ത് നടക്കുന്നത്. സാമ്പത്തിക കാര്യങ്ങളുടെ ബാലപാഠം അറിയുന്നവർക്കറിയാം, കടമെടുക്കുന്ന തുകയിൽ ഭൂരിഭാഗവും ആസ്തിവികസനത്തിന് ഉപയോഗിക്കണം. അതായത് മൂലധനച്ചെലവുകൾക്ക് ഉപയോഗിക്കണം. എന്നാൽ സംസ്ഥാനം

കടമെടുക്കുന്ന തുക മൂലധന ചെലവുകൾക്കല്ല വിനിയോഗിക്കുന്നത്. ഇന്നുവരെയുള്ള സർക്കാരുകൾ 1.50 ലക്ഷം കോടി രൂപയുടെ കടമാണ് ഉണ്ടാക്കിയതെങ്കിൽ കഴിഞ്ഞ 5 വർഷംകൊണ്ട് ഇടതുപക്ഷ സർക്കാർ 4 ലക്ഷം കോടി രൂപ കടമുള്ള സംസ്ഥാനമാക്കി മാറ്റി. ഒന്നാം പിണറായി സർക്കാർ കേരളം കണ്ട ഏറ്റവും വലിയ ധൂർത്തിന്റെ കേളീരംഗമായി. ഓരോന്നും വിശദീകരിക്കാൻ സമയമില്ല. ഭരണപരിഷ്കാര കമ്മീഷന്റെ ചെലവ് എത്രയാണ്; ശ്രീ. വി.എസ്. അച്ചുതാനന്ദൻ സഖാവിനെ അതിന്റെ തലപ്പത്തിരുത്തി. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. ഗവണ്മെന്റ് കോടികൾ ചെലവഴിച്ചിട്ട് ഒരു നയാപൈസയുടെ ഉപകാരം സംസ്ഥാനത്തിന് അതുകൊണ്ട് ഉണ്ടായോ; അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടുകളിൽ ഏതെങ്കിലുമൊന്ന് നിങ്ങൾ കാര്യമായി പരിഗണിച്ചോ? ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നല്ലകാലത്ത് വച്ച റിപ്പോർട്ടുതന്നെ നിങ്ങൾ പരിഗണിച്ചിട്ടില്ല. അതുപോലെ ഉപദേശകന്മാർ എത്രയായിരുന്നു; ഉപദേശകന്മാർക്കെല്ലാം സൗകര്യം ചെയ്തുകൊടുത്തില്ലേ; പത്രപ്പരസ്യത്തിന് 270 കോടി രൂപയാണ് ചെലവാക്കിയത്. വനിതാ മതിലിന് 50 കോടി രൂപ ചെലവാക്കി. ഇപ്പോൾ നവോത്ഥാനം ആവിയായിപ്പോയി. വനിതാ മതിലിൽ പറഞ്ഞ കാര്യങ്ങളൊന്നും ഇപ്പോഴില്ല. ഈ രീതിയിലുള്ള ധൂർത്തുകൾ സർക്കാർ ആവർത്തിക്കരുത്. ശബരിമലയുടെ കാര്യം ഞാൻ പറയുന്നില്ല. കോടതിവിധി ഉണ്ടായപ്പോൾ അത് വാശിയോടുകൂടി നടപ്പാക്കാൻ ഇറങ്ങി പുറപ്പെട്ടവരാണ്. അതിന്റെ പ്രചരണത്തിനുവേണ്ടിയാണ് വനിതാ മതിൽ ഉണ്ടാക്കിയത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടി കിട്ടിയപ്പോൾ ആ നവോത്ഥാനം നിങ്ങൾ ഉപേക്ഷിച്ചു. കിട്ടേണ്ടത് കിട്ടിയപ്പോൾ, കൊള്ളേണ്ടത് കൊണ്ടപ്പോൾ, തോന്നേണ്ടത് തോന്നി എന്നാണ് അക്കാര്യത്തിൽ പറയാൻ സാധിക്കുക. കിഫ്ബിയുടെ പ്രധാന നേട്ടമായി നിങ്ങൾ കൊട്ടിഘോഷിച്ചതെന്താണ്; പത്തിരുപത് വർഷം കഴിഞ്ഞ് പ്രാവർത്തികമാകാവുന്ന പദ്ധതികൾ ഇപ്പോൾ നടന്നാൽ നല്ലകാര്യമല്ലേയെന്നാണ് നിങ്ങൾ ചോദിച്ചത്. അതിന്റെ ഇരകളാണ് ഞങ്ങൾ. കിഫ്ബിയെന്ന് പറഞ്ഞ് ഓരോ പദ്ധതികൾ ഏറ്റെടുത്തിട്ട് റോഡുകൾ മാന്തിപ്പൊളിച്ച് പണികൾ പാതിവഴിയിലിട്ട് ജനങ്ങളുടെ ശകാരം കേൾക്കേണ്ട ദുഃസ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടുപോയി. ഇത് ഞങ്ങളുടെ മാത്രം കാര്യമാണോ; ഒരു ദിവസം ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ സംസാരിച്ചപ്പോൾ പൊട്ടിത്തെറിച്ചില്ലേ? പതിനായിരം വോട്ട് എനിക്ക് കുറഞ്ഞുവെന്നാണ് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പരിദേവനം. ആരാണ് ഇതിനുകാരണം? കിഫ്ബിയാണ്. ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. എ. എൻ. ഷംസീറും അവരുടെ പ്രയാസങ്ങൾ പറഞ്ഞില്ലേ? മണ്ണാർക്കാട് രണ്ട് പദ്ധതികളുണ്ട്. അട്ടപ്പാടിയിലേയ്ക്ക് പോകുന്ന റോഡാണ് കിഫ്ബി ഏറ്റെടുത്തത്. ഇന്നുവരെ ഒരു പണിയും ചെയ്യാൻ തയ്യാറായിട്ടില്ല. കിഫ്ബി ഏറ്റെടുത്തതുകൊണ്ട് മെയിന്റനൻസ്

ഫണ്ടുപോലും പി.ഡബ്ല്യു.ഡി. നൽകുന്നില്ല. എത്ര തവണ നിങ്ങളുടെ വാതിലിൽ മുട്ടി; ഒരു പരിഹാരവുമുണ്ടായില്ല. ഈ വരുന്ന 6-ാം തീയതി അട്ടപ്പാടി ചുരത്തിൽ 10 കിലോമീറ്റർ ദൂരത്ത് ആദിവാസികൾ ഉൾപ്പെടെയുള്ളവരെ കൂട്ടി പ്രതിഷേധയാത്ര നടത്താൻ എം.എൽ.എ. എന്നുള്ള നിലയ്ക്ക് എനിക്ക് മുന്നോട്ടുവരേണ്ടി വന്നിരിക്കുകയാണെന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. പയ്യനടം റോഡിന്റെയും സ്ഥിതി ഇതുതന്നെയാണ്. മാന്തിപ്പൊളിച്ച് വെള്ളക്കെട്ടായി കിടക്കുകയാണ്. കിഫ്ബിയെന്ന് പറയുന്നത് ഒരു വെള്ളാനയാണ്. നമ്മുടെ നാട്ടിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ സമയത്തിന് നടത്താതിരിക്കുകയാണ്. ഇരുപതും മുപ്പതും വർഷം കഴിഞ്ഞ് നടക്കേണ്ട വികസനങ്ങൾ നേരത്തെ നടത്താനാണ് കിഫ്ബിയെന്നാണ് നിങ്ങൾ പറഞ്ഞത്. പക്ഷേ ആ പ്രയോജനം ലഭിക്കുന്നില്ല. അതിന്റെ തലപ്പത്തിരിക്കുന്നവരെ മുഴുവനും മാറ്റി വേണമെങ്കിൽ അക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്താവുന്നതാണ്. പ്രധാനപ്പെട്ടൊരു കാര്യം സൂചിപ്പിക്കാനുള്ളത് കടം നടത്തിപ്പ് കാര്യക്ഷമമാവണം. കാലിക വരവിന്റെ നിശ്ചിത പങ്ക് തിരിച്ചടവിനായി മാറ്റിവയ്ക്കണം. റിസർവ് ബാങ്ക് ഇതിനായി രണ്ടുനിധികൾ പറയുന്നുണ്ട്. എല്ലാ കടങ്ങൾക്കുമായി ഋണ നിമഞ്ജന സഞ്ചിത നിധിയും ഈടുനൽകുന്ന കടങ്ങൾക്കുവേണ്ടി ഈട് വായ്പാ തിരിച്ചടവ് നിധിയുമുണ്ടാവണം. ഈ രണ്ടുനിധിയും സൂക്ഷിക്കുന്നത് ആർ.ബി.ഐ. ആണ്. ഇപ്രകാരം ചെയ്താൽ കടങ്ങൾക്ക് പലിശയിളവ് ലഭിക്കുമെന്നുമാത്രമല്ല നമ്മുടെ സംസ്ഥാനം കടക്കെണിയിലേയ്ക്ക് പോകുകയുമില്ല. ഈ ഫണ്ടിലേയ്ക്കുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുടെ ശരാശരി തിരിച്ചടവ് മൂന്നുശതമാനമാണ്. ഇവിടെയാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കേരളത്തിന്റെ തിരിച്ചടവ് തുക ഒരു ശതമാനമേയുള്ളൂ. അതുകൊണ്ട് നമുക്ക് ഒരുപാട് ആനുകൂല്യങ്ങൾ കുറയും. അതുതന്നെ പലപ്പോഴും മുടങ്ങുകയാണ്. ഇക്കാര്യത്തിൽ സി.&എ.ജി.-യുടെ രൂക്ഷവിമർശനം ഉണ്ടായിട്ടുണ്ടെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. തനത് വിഭവ സമാഹരണത്തിൽ കാണിക്കുന്ന ഉദാസീനതപോലെ കടമെടുപ്പ് ശേഷി ക്രമീകരിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയുകയാണ്. അതോടൊപ്പം കിഫ്ബി പ്രവർത്തനങ്ങൾ സി.&എ.ജി.-യുടെ ആഡിറ്റിന് വിധേയമാക്കണം. വെള്ളാനകൾ സമ്പത്ത് കൊള്ളയടിക്കുകയാണ്. മസാല ബോണ്ട് വഴി നിങ്ങൾ കൂടുതൽ പലിശയ്ക്കാണ് പണം കടമെടുത്തത്. അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമായിട്ടും 9.72 ശതമാനം പലിശയ്ക്കാണ് എടുത്തത്. യു.ഡി.എഫ്. ഗവൺമെന്റ് കൊച്ചി മെട്രോയ്ക്ക് വായ്പ എടുത്തത് 1.3 ശതമാനം പലിശയ്ക്കാണ്. വാട്ടർ മെട്രോയ്ക്ക് ഓഫർ വന്നത് 1.55 ശതമാനം പലിശയ്ക്കാണ്. ഇതൊക്കെ ഉണ്ടാകുമ്പോഴും നിങ്ങൾ ഇത്രയും വലിയ പലിശയ്ക്ക് വായ്പ എടുത്തിട്ട് അതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. കിഫ്ബിയെ

സംബന്ധിച്ച് ആരും പരിശോധിക്കുന്നില്ല. കിഫ്ബിയുടെ ഒരു കാര്യവും ഈ നിയമസഭയിൽ വരുന്നുമില്ല. കിഫ്ബിയുടെ ഓരോ വർഷത്തെ ബഡ്ജറ്റും വരുംവർഷത്തെ പ്രവർത്തന പദ്ധതിയും നിയമസഭയിൽ ചർച്ചചെയ്ത് അംഗീകാരം വാങ്ങണമെന്ന തീരുമാനത്തിലേയ്ക്ക് വരാൻ സർക്കാർ സന്നദ്ധമാകണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

എം.എൽ.എ.- മാർക്ക് ആസ്തി വികസന ഫണ്ട് ഉണ്ടെന്നത് നമ്മളെല്ലാവരും വാദിക്കുന്ന കാര്യമാണ്. ഇത്തവണ ഗവണ്മെന്റ് 4 കോടി രൂപ തിരിച്ചുപിടിച്ചു. ഒരു കോടി രൂപമാത്രമാണ് ആസ്തി വികസന ഫണ്ടായി ബാക്കിയുള്ളത്. ഉമ്മൻ ചാണ്ടി സർക്കാർ എം.എൽ.എ.-മാർക്ക് ലഭ്യമാക്കിയ അഭിമാനകരമായ പദ്ധതിയാണിത്. നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന പദ്ധതിയാണ്. അതുകൊണ്ട് ഒരു കോടിരൂപ പ്രാദേശിക വികസന ഫണ്ടുപോലെ ചെലവഴിക്കാനുള്ള ഗൈഡ്‌ലൈൻ കൊടുക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. സമയപരിമിതിമൂലം ദീർഘിപ്പിക്കുന്നില്ല. സംസ്ഥാനത്തെ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുന്ന ഈ ധനസംബന്ധമായ വിനിയോഗ സംവിധാനത്തിൽനിന്ന് സർക്കാർ പിന്തിരിയുകയും കടക്കെണിയിൽനിന്ന് ഗവണ്മെന്റിനെയും ജനങ്ങളെയും രക്ഷിക്കാനുള്ള പുതിയ പദ്ധതികളുണ്ടാക്കുകയും ചെയ്യണമെന്നുകൂടി നിർദ്ദേശിച്ചുകൊണ്ട് നിർത്തുന്നു.

11.00 AM]

ഡോ. മാത്യു കുഴൽനാടൻ: സർ, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പരിമിതമായ എന്റെ പഠനത്തിൽനിന്നും മനസ്സിലാക്കിയ കാര്യം, ജി.എസ്.ടി. നിലവിൽ വരുമ്പോൾ നമ്മുടെ രാജ്യത്ത് യഥാർത്ഥത്തിൽ നിലനിന്നിരുന്ന ടാക്സ് സംവിധാനമെന്ന് പറയുന്നത് ടാക്സ് ഓൺ ടാക്സ് സംവിധാനമായിരുന്നു. ടാക്സ് അടച്ചതിന് വീണ്ടും ടാക്സ് കൂടി ചേർത്ത് ടാക്സ് അടയ്ക്കേണ്ട അവസ്ഥ. അതുകൊണ്ട് ടാക്സ് കാസ്കേഡിംഗ് എന്ന സംവിധാനമുണ്ടായിരുന്നു. ആത്യന്തികമായി ഇതിന്റെ ഗുണം ജനങ്ങൾക്ക് ലഭിക്കുന്ന രീതിയിൽ ഒരു ഉൽപ്പന്നത്തിന് ഡിഫൈൻഡ് ടാക്സ് മാത്രം കൊടുത്താൽ മതിയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ജി.എസ്.ടി കൊണ്ടുവന്നത്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ഇതുവരെ പിരിച്ചു കൊണ്ടിരുന്ന ടാക്സ് തുകയിൽ കുറവുവരുമെന്ന് ആർക്കും മനസ്സിലാക്കാം. കാരണം ടാക്സിന്മേൽ ടാക്സ് കൂട്ടിക്കൂട്ടി വരുമ്പോൾ വളരെ കൂടുതലായിരിക്കും. എന്നാൽ ഇഫക്ടീവായി ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ രാജ്യത്ത് നമ്മൾ

പിരിച്ചെടുക്കുന്ന നികുതിയുടെ പത്തിരട്ടി ടാക്സ് പിരിക്കാനുള്ള സ്കോപ്പുണ്ട്. നികുതിവെട്ടിപ്പ് വളരെ കൂടുതലായതുകൊണ്ട് അതിനെ ഫലപ്രദമായി തടയാൻ കഴിയുന്ന ഒരു സിസ്റ്റമെന്ന നിലയിലാണ് കോൺഗ്രസ് ഗവണ്മെന്റ് ജി.എസ്.ടി. ഇൻട്രൊഡ്യൂസ് ചെയ്തത്. നിർഭാഗ്യവശാൽ ജി.എസ്.ടി. നടപ്പിലാക്കാൻ ആ ഗവണ്മെന്റിന് കഴിഞ്ഞില്ല. തുടർന്ന് ജി.എസ്.ടി. നടപ്പിലാക്കിയത് നരേന്ദ്ര മോദി ഗവൺമെന്റാണ്. നരേന്ദ്ര മോദി ഗവണ്മെന്റ് കാര്യങ്ങൾ മനസ്സിലാക്കാതെ, 'പൊട്ടൻ ആനയെ കണ്ടമാതിരി' എന്നുപറയുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല, ആ രീതിയിൽ ആയിരുന്നു ജി.എസ്.ടി.-യോടുള്ള അവരുടെ സമീപനം. Without any basic preparations, without any sufficient software or technology in place on an over night ജി.എസ്.ടി. കൊണ്ടുവന്ന് അതിനെ എല്ലാനിലയ്ക്കും തകർത്ത് തരിപ്പണമാക്കി. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, ജി.എസ്.ടി. പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഏഴുലക്ഷം കോടി രൂപ ടാക്സിൽ കുറവുവന്നിട്ടുണ്ട്, അത് പ്രതീക്ഷിച്ച കാര്യവുമാണ്. ഏഴുലക്ഷം കോടിയോളം രൂപ ടാക്സ് കളക്ഷൻ കുറയുമ്പോൾ അതിന്റെ പ്രയോജനം ലഭിക്കേണ്ടിയിരുന്നത് സാധാരണ ജനങ്ങൾക്കാണ്. സാധനങ്ങളുടെ വില സ്വാഭാവികമായും കുറയേണ്ടതായിരുന്നു. വളരെ കാര്യമായി കുറയുമായിരുന്നു. അതുകൂടാതെ വിശാലമായ നെറ്റിലേയ്ക്ക് നമ്മൾ പോകുകയും എല്ലാം ടാക്സിന്റെ പരിധിയിൽ വരികയും അങ്ങനെ ടാക്സിന്റെ അളവ് കൂടുകയും ചെയ്ത് ടാക്സ് കുറവുമൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കുകയും ചെയ്യുമെന്ന ഉദ്ദേശ്യത്തിലാണ് ജി.എസ്.ടി. കൊണ്ടുവന്നത്. പക്ഷേ ഇതൊരു spectacular failure ആയി മാറിയത് വേണ്ടത്ര അവധാനതയില്ലാതെ ജി.എസ്.ടി. കൊണ്ടുവന്നുവെന്നതാണ്. ഏറ്റവും ദുഃഖകരമായ കാര്യം, ജി.എസ്.ടി. കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലക്ഷക്കണക്കിന് കോടിരൂപ നഷ്ടപ്പെട്ടുവെന്നതാണ്. ജനങ്ങൾക്ക് ലാഭമായി കിട്ടേണ്ടിയിരുന്ന ഒരു രൂപയും കിട്ടിയില്ല. ടാക്സിലുണ്ടാകുന്ന വേരിയേഷൻ ലാഭത്തിൽ കൂട്ടി ഇവിടത്തെ കുത്തകകളെല്ലാം അതിഭയങ്കരമായ ലാഭം ജി.എസ്.ടി.-യിലൂടെയുണ്ടാക്കി. അങ്ങനെ ലാഭമുണ്ടാക്കിയത് ഇവിടത്തെ കുത്തക കമ്പനികളും വലിയ മാനുഫാക്ച്ചറിംഗ് മേഖലയുമാണെന്നാണ് പ്രാഥമികമായി ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനത്തിന്റെ കാര്യം പരിശോധിച്ചാൽ, ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ആദ്യം പറഞ്ഞ്, 'I also need to be honest in my position' എന്നാണ്. സത്യസന്ധമായി പറയുകയാണെങ്കിൽ, സ്വാഭാവികമായും destination ടാക്സെന്ന നിലയിൽ ജി.എസ്.ടി. വന്നാൽ കേരളത്തിന് ഗുണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയും അഭിപ്രായം പറയുകയും ചെയ്തിട്ടുള്ള ആളാണ് ഞാൻ.

പൂർണ്ണമായും അതിൽനിന്ന് ഞാൻ പിൻവാങ്ങുന്നുമില്ല. കാരണം destination based tax എന്ന നിലയിൽ കേരളത്തിന് ഗുണം ലഭിക്കേണ്ടതായിരുന്നു. എന്തുകൊണ്ട് ഗുണം ലഭിച്ചില്ലെന്ന് നോക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നത് നമ്മുടെ ഡൊമെയ്നിൽ നിൽക്കുന്ന കാര്യത്തെക്കുറിച്ച് മാത്രമേ പറഞ്ഞിട്ട് കാര്യമുള്ളൂവെന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹം മനസ്സിലാക്കിയിട്ട്, പരിശോധിച്ചിട്ട് മറുപടി പറഞ്ഞാൽ മതി. ഒന്ന് ജി.എസ്.ടി. കൊണ്ടുവന്നപ്പോൾ കേന്ദ്രസർക്കാർ ഓരോ സംസ്ഥാന സർക്കാരുകൾക്കും പതിനാല് ശതമാനം റവന്യൂ വരുമാന വർദ്ധനവ് ഗ്യാരന്റി പറഞ്ഞിരുന്നുവെന്നതാണ്. അത് പറഞ്ഞതോടുകൂടി സംസ്ഥാന സർക്കാരുകൾ ഒരു ആലസ്യത്തിലേയ്ക്ക് പോകുകയും ജി.എസ്.ടി. ഒരു ആഘോഷമാക്കി മാറ്റുകയും ഒരു ജോലിയും ചെയ്തില്ലെങ്കിലും compensate ചെയ്യപ്പെടുമെന്നുള്ള പ്രതീക്ഷയിലുമിരുന്നു. അതനുസരിച്ച് ധനകാര്യ വകുപ്പ് സ്ട്രെങ്ത്തൻ ചെയ്യാനും കോമ്പീറ്റൻസിയും എഫിഷ്യൻസിയും വർദ്ധിപ്പിക്കാനുമുള്ള നടപടികൾ കേരളത്തിൽ തുലോമുണ്ടായില്ല. അതിൽ യാതൊരു സംശയവുമില്ല. നിങ്ങൾ ജി.എസ്.ടി.-യും ധനകാര്യ വകുപ്പും കൈകാര്യം ചെയ്യുന്ന രീതിയിൽ എനിക്ക് വലിയ വിയോജിപ്പുണ്ട്. വലിയ ആവേശത്തിലാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടത്തെ ചെക്ക് പോസ്റ്റുകളെല്ലാം പിരിച്ചുവിട്ടത്. അതിനുശേഷം ജി.എസ്.ടി.- ഇവേഷൻ കണ്ടുപിടിക്കാൻ കണ്ണടച്ച് കടലിൽ തപ്പുന്ന അവസ്ഥയിലാണ് ഇന്ന് ധനകാര്യ വകുപ്പ് നിൽക്കുന്നത്. നിങ്ങൾക്ക് ടാക്സ് ഇവേഷൻ ഒരു രീതിയിലും ഇഫക്ടീവായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു കാര്യം നിങ്ങളുടെയൊക്കെ ശ്രദ്ധയിൽ വന്നോയെന്ന് അറിയില്ല. ഞങ്ങളുടെ മുൻപിൽ വന്ന ഒരു കേസിന്റെ കാര്യം പറയാം. ജീവിതത്തിൽ ഇന്നുവരെ അടയ്ക്ക കൈകൊണ്ട് തൊട്ടിട്ടില്ല, കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല, അടയ്ക്കയുടെ പടം കണ്ടിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. അങ്ങനെയുള്ളവർക്ക് അടയ്ക്ക കച്ചവടം നടത്തി മൂന്നുനാലുകോടി രൂപ ഇൻപുട്ട് ടാക്സ് വെട്ടിച്ചുവെന്ന് പറഞ്ഞ്, വെറുതെ നടക്കുന്ന ആളുകളുടെ പേരിൽ ജി.എസ്.ടി. കൗൺസിൽ കേസ്സെടുത്തിരിക്കുകയാണ്. എന്താണ് സംഭവം? മലപ്പുറത്തുനിന്നുള്ള ഒരു കക്ഷിയുൾപ്പെടെ പലരും ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് ഞങ്ങളെ അപ്രോച്ച് ചെയ്തിട്ടുണ്ട്. ഞാൻ വാദിച്ച കേസ്സാണ്. ചില ആളുകളുടെ ആധാർ കാർഡ് വാങ്ങി, ജി.എസ്.ടി.-യിലെ പഴുതുകൾ ഉപയോഗപ്പെടുത്തി അവരുടെ പേരിൽ അക്കൗണ്ട് ക്രിയേറ്റ് ചെയ്ത് സർക്കാരിൽനിന്നും കോടിക്കണക്കിന് രൂപ വാങ്ങിയെടുത്തിരിക്കുന്നുവെന്നാണ് അത് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. കിടപ്പാടം ഇല്ലാത്തവൻ 36 കോടി രൂപയുടെ അടയ്ക്ക കച്ചവടം നടത്തിയെന്നുപറഞ്ഞാണ് കേസ് ജനറേറ്റ്

ചെയ്തുവരുന്നത്. പാവങ്ങൾ എന്തുചെയ്യാനാണ്? ആരുടെയെങ്കിലും ആധാർ കാർഡ് സ്വന്തമാക്കുകയെന്നുപറഞ്ഞാൽ ഈ രാജ്യത്ത് അത്ര അസാദ്ധ്യമായ കാര്യമൊന്നുമല്ല. അല്ലെങ്കിൽ സാധാരണക്കാരനോട് ആധാർ കാർഡ് ചോദിച്ചാൽ അവൻ കൊടുക്കുകയില്ലേ? അതിന് അവന് മൂന്ന് കോടി രൂപയുടെ ടാക്സ് ലയബിലിറ്റിക്ക് ഹൈക്കോടതിയിൽ വന്ന് സ്റ്റേ വാങ്ങേണ്ട സ്ഥിതിയാണുള്ളത്. എട്ടുംപൊട്ടും തിരിയാത്ത, ജീവിതത്തിൽ കച്ചവടം ചെയ്തിട്ടില്ലാത്ത ആളുകൾക്ക് എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടിന്റെ പ്രശ്നം അതിലുണ്ട്.

ഇന്നും മറുപടി പറയുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറയും കേന്ദ്ര സർക്കാർ നൽകേണ്ട കോമ്പൻസേഷൻ നൽകിയിട്ടില്ലെന്ന്. ഞാൻ അഡ്വാൻസായി പറയാം, അത് ശരിയാണ്, ഞാൻ അഡ്മിറ്റ് ചെയ്യുന്നു. അത് മാത്രമാണോ മറുപടി? കേരളത്തിന് ജി.എസ്.ടി. കളക്ഷന്റെ റേറ്റ് ഓഫ് ഗ്രോത്ത് ആഗ്രഹിക്കുന്ന ലെവലിൽ അച്ചീവ് ചെയ്യാൻ സാധിക്കാതെ പോകുന്നതിന്റെ കാരണമെന്താണെന്ന് സ്പെസിഫിക്കായി ധനകാര്യ വകുപ്പുമന്ത്രി ഈ സഭയോട് മറുപടി പറയണം. മദ്ധ്യപ്രദേശിന്റെ ജി.എസ്.ടി. കളക്ഷൻ ഗ്രോത്ത് 10 ശതമാനമല്ലേ, നിഷേധിക്കാൻ പറ്റുമോ? കർണ്ണാടകയിൽ 10-ഉം തെലുങ്കാനയിൽ 9.4-ഉം മഹാരാഷ്ട്രയിൽ 9.2-ഉം ശതമാനമാണ്. വെസ്റ്റ് ബംഗാളിൽ 9.1 ശതമാനത്തിന്റെ ജി.എസ്.ടി. കളക്ഷൻ ഗ്രോത്ത് ഉണ്ടായില്ലേ? കേരളം ഇതിന്റെയൊക്കെ താഴെയാണ്. എന്തുകൊണ്ടാണ് നമ്മുടെ ജി.എസ്.ടി. കളക്ഷൻ റേറ്റിൽ ഗ്രോത്ത് ഉണ്ടാകാത്തത്? എന്റെ പരിമിതമായ അറിവിൽ പറയാം, ഒരംഗം എന്ന നിലയിൽ ഇതെല്ലാം പഠിക്കുന്നതിന് പരിമിതിയുണ്ട്. സ്വാഭാവികമായും ധനകാര്യ വകുപ്പിൽ എന്താണ് സംഭവിക്കുന്നതെന്ന് അറിയില്ല. But genuinely we are raising the question, why we are still below 8 percent? മറ്റ് സംസ്ഥാനങ്ങൾക്ക് inherent weakness ഉണ്ടായിരുന്നു. താരതമ്യേന വളരെ ശക്തമായ, നല്ല എഫിഷ്യൻസിയുള്ള ടാക്സ് കളക്ഷൻ ഡിപ്പാർട്ടുമെന്റ് ഉണ്ടായിരുന്നിട്ടുകൂടി രാജ്യത്തെ മറ്റ് പ്രമുഖ സംസ്ഥാനങ്ങളോടൊപ്പമുള്ള ജി.എസ്.ടി. കളക്ഷൻ ഉണ്ടാക്കാൻ കഴിയാത്തതിന് കേന്ദ്രത്തെ കുറ്റം പറയാൻ സാധിക്കുമോ? കേന്ദ്രം പ്രൊവൈഡ് ചെയ്യുന്ന ഡാറ്റ സ്റ്റേറ്റ് ലെവലിൽ അനലൈസ് ചെയ്യുന്നതിലും പീനൽ പ്രൊവിഷൻസ് ഇൻവോക്ക് ചെയ്യുന്നതിലും ജി.എസ്.ടി. കളക്ഷൻ ഇവേഷനെ ട്രെയ്സ് ചെയ്യുന്നതിലും അവരെ ബുക്ക് ചെയ്യുന്നതിലും ഇന്നും ആഗ്രഹിച്ച ലെവലിലേയ്ക്ക് കേരളം ഉയർന്നിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ജി.എസ്.ടി. സിസ്റ്റത്തിൽ medium term അല്ലെങ്കിൽ long term ഫിക്സ് ചെയ്ത്, tax net widen ചെയ്ത്, ടാക്സ് ബുക്കിംഗ് കറക്ടാക്കി വന്നാൽത്തന്നെയും ആത്യന്തികമായി ആഗ്രഹിക്കുന്നതുപോലൊരു

ഗ്രോത്ത് കേരളത്തിന് ഉണ്ടാകണമെന്നുണ്ടെങ്കിൽ you should focus on economic liberalisation or you should focus on revenue generation. അതാണ് ഇതിന്റെ ഉത്തരം. അല്ലാതെ കേന്ദ്രത്തെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ലീക്കേജ് ഒക്കെയുള്ളപ്പോഴും ഇവിടത്തെ റവന്യൂ ജനറേഷനും ഇക്കണോമിക് ആക്ടിവിറ്റിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ രാജ്യത്ത് ടാക്സ് ഉണ്ടാകുമായിരുന്നു. ഈ രാജ്യത്ത് ടാക്സ് കളക്ഷൻ പറ്റുമായിരുന്നു. ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കളക്ഷൻ ഇല്ലെന്ന് പറയുമ്പോഴും സിസ്റ്റത്തിന്റെ പരാജയം പറയുമ്പോഴും മറുവശത്ത് ഇക്കണോമിക് ആക്ടിവിറ്റികൊണ്ട് റവന്യൂ ജനറേഷൻ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എവിടെയാണ് വീഴ്ച വന്നത്; എവിടെയാണ് നിങ്ങൾ ഫോക്കസ് ചെയ്യേണ്ടത്? ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. നന്ദകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 'ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ജി.എസ്.ടി.-യേയും നികുതി ഘടനയേയും സംബന്ധിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ, ആഗോളതലത്തിലുള്ള അതിന്റെ പശ്ചാത്തലം കൂടി പ്രധാനമായും ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.കോർപ്പറേറ്റ് ആർത്തിയുടെ മകുടോദാഹരണമാണ് നികുതി സൗജന്യത്തിനുള്ള നടപടിയും നികുതി കുറച്ചാൽ കോർപ്പറേറ്റുകൾ മര്യാദക്കാരായി നികുതി അടയ്ക്കുമെന്നുള്ള വിശ്വാസവും. അതിപ്പോൾ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ദല്ലാൾമാരുടെ എല്ലാ പ്രചരണങ്ങളും ഇപ്പോൾ തുറന്നുകാട്ടപ്പെട്ടിരിക്കുകയാണ്. 'The Economist' എന്ന മാഗസിനിന്റെ ജൂലൈ 17-ന്റെ റിപ്പോർട്ടിൽ പറയുന്നത്, ട്രംപ് ഭരണകൂടം സ്വീകരിച്ച കോർപ്പറേറ്റ് നികുതി വെട്ടിപ്പിന്റേയും അതിനുശേഷം കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തിക സ്തംഭനം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടിന്റെയുമെല്ലാം അടിസ്ഥാനത്തിൽ ബൈഡൻ ഗവണ്മെന്റിന് ഒരു ദ്വിമുഖ പരിപാടി പ്രഖ്യാപിക്കേണ്ടി വന്നുവെന്നാണ്. റോഡ്, പാലങ്ങൾ, ജലവിതരണം, വൈദ്യുതി, തീവണ്ടി ചാർജ്ജ് എന്നീ സംവിധാനങ്ങൾ ആകെത്തന്നെ സംരക്ഷിക്കാനും കാലാവസ്ഥാ സംരക്ഷണത്തിനുമുള്ള 3.5 ട്രില്യൺ ഡോളറിന്റെ പദ്ധതി, രണ്ടാം പാദത്തിൽ മനുഷ്യവിഭവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 2 ട്രില്യൻ ഡോളറിന്റെ പരിപാടി, വിഭവസമാഹരണത്തിന് ധനികർക്ക് ഒരു പ്രത്യേക നികുതി ഘടനയെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ അതിന്റെ ഭാഗമാണ്. ആഗോള മുതലാളിത്തം പ്രതിസന്ധിയിലാണ്. ലോക വ്യാപാരമാകെ സാമ്പത്തിക സ്തംഭനത്തിലേയ്ക്ക്

നീങ്ങിക്കൊണ്ടിരിക്കുകയാണ്. യു.എസ്. ട്രഷറിയുടെ കടം 256 ബില്യൺ ഡോളർ വർദ്ധിച്ചിരിക്കുകയാണ്. അത് പ്രഖ്യാപിച്ചത് അവിടത്തെ ട്രഷറി സെക്രട്ടറിയായ ജാനറ്റ് യെലൻ ആണ്. അത് അമേരിക്കയുടെ മാത്രം പ്രശ്നമായിട്ടല്ല വരുന്നത്. അതുണ്ടാക്കാൻ പോകുന്ന പ്രത്യാഘാതം വളരെ വലുതാണ്. അമേരിക്കയ്ക്ക് നോട്ട് അച്ചടിക്കാം. ഡോളർ ആഗോള നോട്ടാണ്. അതിനാൽ ഡോളർ അച്ചടിക്കുമ്പോൾ അതിന്റെ പ്രത്യാഘാതം നമ്മെയും എല്ലാ സമ്പദ്ഘടനയേയും ബാധിക്കാൻ പോകുകയാണ്. ഇത്തരം പശ്ചാത്തലത്തിലാണ് O.E.C.D. (Organisation for Economic Co-operation and Development)-യും ജി 20 രാജ്യങ്ങളും 130 രാജ്യങ്ങളും ചേർന്ന് ഒരു അന്താരാഷ്ട്ര മിനിമം നികുതി നിശ്ചയിക്കാൻ തീരുമാനമെടുത്തത്. അതുകൊണ്ട് മൂന്ന് കാര്യങ്ങൾ വ്യക്തമാക്കുകയാണ്. ഒന്ന്, രാജ്യത്തിന്റെ വികസനത്തിന് അനുയോജ്യമല്ല ഇന്നത്തെ നികുതി സംവിധാനം. രണ്ട്, ഈ നികുതി അന്താരാഷ്ട്ര കമ്പനികൾ പ്രവർത്തിക്കുന്ന എല്ലാ രാജ്യങ്ങൾക്കും ബാധകമാണ്. മൂന്ന്, ഈ കമ്പനികൾ offshore business-ലൂടെ നടത്തിക്കൊണ്ടിരിക്കുന്ന തട്ടിപ്പിനെ സംബന്ധിച്ചിടത്തോളം പരസ്യമായി സമ്മതിക്കുന്നതാണ്. ആഗോളതലത്തിൽ നികുതി വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ചർച്ചചെയ്യുമ്പോഴാണ് നമ്മുടെ രാജ്യത്ത് 30 ശതമാനത്തിൽനിന്നും 22 ശതമാനമായി കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചത്. ഈ പശ്ചാത്തലത്തിലാണ് ജി.എസ്.ടി.-യെ നമ്മൾ കാണേണ്ടത്. 2017 മുതൽ 2022 വരെ കേന്ദ്ര സർക്കാരിന് ലഭിച്ച ജി.എസ്.ടി.-യും അതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതവും കുറഞ്ഞിരിക്കുകയാണെന്ന് കാണാം. കേന്ദ്ര ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം ചില ഉൽപ്പന്നങ്ങൾക്ക് നികുതി 28 ശതമാനത്തിൽനിന്നും 9-ഉം 6-ഉം ശതമാനമാക്കി കുറച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പ്രതീക്ഷിച്ച വരുമാനം കിട്ടിയിട്ടില്ല. അതുപോലെ നഷ്ടപരിഹാരത്തുകയായി 2,921.84 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കാനുണ്ട്. കോമ്പൻസേഷന്റെ കാലാവധി ജൂൺ 30-ാം തീയതി അവസാനിക്കുകയാണ്, ആശങ്കാജനകമായ കാര്യമാണിത്. നികുതി വരുമാനത്തിൽ 60 ശതമാനം കേന്ദ്രഗവൺമെന്റും വികസന പദ്ധതികൾക്ക് ചെലവാക്കേണ്ട തുകയുടെ 67 ശതമാനം സംസ്ഥാനവുമാണ് ചെലവാക്കേണ്ടത്. ഈ ഗൗരവതരമായ അവസ്ഥ കാണേണ്ടതുണ്ട്. ഇത് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെ ബി.ജെ.പി.-യും കോൺഗ്രസ്സും പ്രചരിപ്പിക്കുന്നതെന്താണ്? സംസ്ഥാന നികുതി കുറച്ചാൽ, അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുന്നതിന്റെയടിസ്ഥാനത്തിൽ പെട്രോളിന് വില കുറയുമെന്നാണ് പ്രചരിപ്പിക്കുന്നത്. കേന്ദ്ര ഗവണ്മെന്റ് വിളിച്ചുചേർത്ത ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഏതെങ്കിലും സംസ്ഥാനങ്ങൾ പെട്രോളിന്റെ സംസ്ഥാന നികുതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്രം

ആവശ്യപ്പെട്ടിട്ടുണ്ടോ? കേന്ദ്രവും സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടില്ല, ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടില്ല, എന്നാലും പ്രചരിപ്പിക്കുകയാണ് സംസ്ഥാനങ്ങൾ നികുതി കുറച്ചുകഴിഞ്ഞാൽ ഇവിടെ കുറയുമെന്ന്. അതിന്റെ അടിസ്ഥാന കാര്യങ്ങളെപ്പറ്റി പരസ്യമായി ബഹുമാനപ്പെട്ട മന്ത്രി ചർച്ചയിൽ പറഞ്ഞതാണ്. ഞാൻ ആവർത്തിക്കുന്നില്ല. ഒരു പുതിയ പ്രഭാതം വരാൻ പോകുന്നുവെന്നാണ് ആർ.ബി.ഐ. ഗവർണർ ശ്രീ. ശക്തികാന്ത ദാസ് പറയുന്നത്. ഇൻഫ്ലേഷൻ 6.9 ശതമാനമായി, ജി.ഡി.പി. 6.8 ശതമാനം ഇടിഞ്ഞ് 12 ശതമാനത്തിൽ എത്തിയിരിക്കുന്നു. വളർച്ച 8.6 ശതമാനത്തിൽ നിൽക്കുകയാണ്. ഇപ്പോഴും P.P.P.(Public Private Partnership), B.O.T. (Build- Operate- Transfer) എന്നിവയെ എല്ലാം ഒഴിവാക്കിക്കൊണ്ട്, പൊതുമേഖലയാകെ പരസ്യമായി വിറ്റഴിക്കുന്ന രൂപത്തിലേയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പോകുന്നത്. നിത്യനിദാനചെലവുകൾക്കുവേണ്ടിയാണ് ഇത് ഉപയോഗപ്പെടുത്തുന്നത്. കടത്തിന്റെ കാര്യത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ അവസ്ഥയെന്താണ്? 2020-21-ൽ ജി.ഡി.പി. റേഷ്യോയുടെ 60 ശതമാനമാണ് കടം. നൂറ് രൂപ വരുമാനമുണ്ടെങ്കിൽ 62 രൂപവരെ കടം എത്തിക്കഴിഞ്ഞിരിക്കുന്നു. ആസ്തി വിറ്റ് നിത്യനിദാനചെലവുകൾ നടത്തേണ്ട ഗതികേടിലേയ്ക്ക് ഇന്ത്യാ ഗവൺമെന്റ് എത്തിക്കഴിഞ്ഞിരിക്കുകയാണ്. കടത്തിനെ സംബന്ധിച്ച് വിശദമായി സംസാരിക്കാനുണ്ടെങ്കിലും സമയക്കുറവുകൊണ്ട് പറയുന്നില്ല. പക്ഷെ എനിക്ക് വളരെ വിനയപുരസ്സരം പ്രതിപക്ഷത്തിനോട് അഭ്യർത്ഥിക്കാനുള്ളത് Nicolas Barreyre-ന്റെ 'A World of Public Debts' എന്ന ഒരു പുസ്തകമുണ്ട്, ആഗോള കടത്തിന്റെ കണക്ക്, ഓരോ സോവറിൻ രാഷ്ട്രങ്ങളുടെ കണക്ക്, നമ്മുടെ രാജ്യം എവിടെ നിൽക്കുന്നുവെന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പുസ്തകമാണത്. അത് വാങ്ങി വായിക്കണമെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോടും അതുപോലെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) യോടും അഭ്യർത്ഥിക്കാനുള്ളത്. 2022-ലേയ്ക്ക് കടക്കുമ്പോൾ അത്യന്തം അവധാനതയോടുകൂടി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. നമ്മുടെ ചെലവ് ചുരുക്കണം, പ്രധാനപ്പെട്ട ചെലവുകൾ മാത്രമേ അംഗീകരിക്കാൻ പാടുള്ളൂ എന്നൊക്കെ ചർച്ചയിൽ പറയുന്നത് കേട്ടു. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ ചെലവിൽ പ്രധാനപ്പെട്ട ഒന്ന് സേവന മേഖലയ്ക്കകത്തും അതുപോലെ ക്ഷേമപദ്ധതികൾക്കുമാണ്. മൂലധനച്ചെലവിന് മാത്രം പണം നീക്കിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞു. അപ്പോൾ ക്ഷേമപദ്ധതികൾക്കുള്ള ഫണ്ട് കൊടുക്കേണ്ടത് എവിടെ നിന്നാണ്? കേരളത്തിന്റെ പ്രത്യേകത നാം കാണണം. ക്ഷേമ-ഐശ്വര്യ പദ്ധതികൾക്കുവേണ്ടി നല്ലരൂപത്തിൽ ചെലവഴിക്കുന്ന സംസ്ഥാനമാണ് കേരളം.

കേരളത്തിന്റെ അടിസ്ഥാന വികസനത്തിനുവേണ്ടി പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒന്നാണ് KIIFB. ആ സംവിധാനത്തിനെതിരെയാണ് ആക്രമണം നടത്തിയിരിക്കുന്നത്, അത് വേണ്ടെന്നാണ് പറയുന്നത്. കിഫ്ബി വേണ്ട, വികസനപ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും വേണ്ട, കടം വാങ്ങാൻ പാടില്ല തുടങ്ങി ഈ കാലഘട്ടത്തിന് അനുയോജ്യമല്ലാത്ത വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇവിടെ പലരും സംസാരിച്ചത്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ കണക്കിലേയ്ക്കൊന്നും കടക്കുന്നില്ല. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം അവധാനതയോടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാകണം.

ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്, ചിലപ്പോഴത് വ്യക്തിപരമാകാം. നാലരക്കൊല്ലത്തെ അനുഭവം നമുക്കുണ്ട്, ആ പശ്ചാത്തലത്തിൽ ജി.എസ്.ടി.-യിൽനിന്നും പിന്മാറണമെന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകണം. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും ഇതുകൊണ്ട് നേട്ടവുമുണ്ടായിട്ടില്ല. കേന്ദ്രത്തിന് ലഭ്യമാകുന്ന നികുതിയുടെ കണക്കെടുത്താലും പറയത്തക്ക നേട്ടമുണ്ടായിട്ടില്ല. അതുകൊണ്ട് കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ വരുമാനത്തിന്റെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ജി.എസ്.ടി. വരുത്തിവച്ച വിന എന്തൊക്കെയാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് ജി.എസ്.ടി.-യിൽനിന്നും പിന്മാറണമെന്ന രൂപത്തിലേയ്ക്കുള്ള ഒരു ക്യാമ്പയിൻ കേരളം നടത്തേണ്ടതുണ്ട്. നികുതിയുടെ കാര്യത്തിൽ കേരളത്തിന് ഉജ്ജ്വല പാരമ്പര്യമുണ്ട്. നികുതി പിരിക്കാനുള്ള അവകാശത്തിനായി കൊളോണിയൽ ഭരണകാലത്ത് സമരപ്രഖ്യാപനം നടത്തുകയും പോരാട്ടം സംഘടിപ്പിക്കുകയും ചെയ്ത പഴശ്ശി രാജാവിന്റെ പാരമ്പര്യമുള്ള സ്ഥലമാണ് കേരളം. ആ കേരളത്തിൽ നികുതി സംരക്ഷിക്കാനും അത് പിരിച്ചെടുക്കാനുള്ള അവകാശത്തിനുവേണ്ടിയുമുള്ള ദേശവ്യാപകമായ ഒരു ക്യാമ്പയിനിന് തുടക്കം കുറിക്കാൻ തയ്യാറാകണം. ഇവിടെ ബഹുമാന്യരായ കെ. ബാബു (തൃപ്പൂണിത്തുറ)യും തിരുവഞ്ചൂർ രാധാകൃഷ്ണനും മുല്ലപ്പെരിയാറിന്റെ കാര്യം സൂചിപ്പിച്ചു. ഇക്കാര്യത്തിൽ തലമറന്ന് എണ്ണതേയ്ക്കാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്, യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായിത്തന്നെ കാണണം.

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിന്നു കൗതുകം' എന്നപോലെ ജനങ്ങളാകെ ആശങ്കയിൽ നിൽക്കുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്ന സമീപനം നിങ്ങൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ കോൺഗ്രസ് ഭരണകാലത്തല്ലേ ഈ പ്രശ്നം വഷളാക്കിയത്? ഇപ്പോഴത്തെ അവസ്ഥയെന്താണ്? വെള്ളത്തിന്റെ സംഭരണ അളവ് 139 അടിവരെ

അല്ലെങ്കിൽ 138 അടിയിൽ കൂടുതൽ ഉയരംവരെ ആകാമെന്ന് അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിവന്നു. തമിഴ്നാടിന്റെ വാദം അംഗീകരിക്കാത്ത അവസ്ഥയിലേയ്ക്ക് വന്നു. ഇത് കേരള ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടല്ലേ; സംസ്ഥാനത്തിന്റെ പൊതുആവശ്യം ഉയർത്തിക്കൊണ്ടല്ലേ മറ്റൊരു ഡാം വേണമെന്ന് കേരളം ആവശ്യപ്പെട്ടത്? ഇക്കാര്യത്തിൽ സംസ്ഥാനം ശക്തമായ ആവശ്യം ഉന്നയിച്ചു. ഇപ്പോഴത്തെ കാലാവസ്ഥാ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളുമെടുത്ത് അവിടെയുള്ള ആളുകളെ മാറ്റിത്താമസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഒരു അപകടം വരാനോ ആശങ്കാജനകമായ അന്തരീക്ഷം ഉണ്ടാകാനോ പാടില്ല, അവർക്ക് വേണ്ടവിധത്തിലുള്ള സംരക്ഷണം നൽകുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളെടുത്ത് സംസ്ഥാന ഗവണ്മെന്റ് ശരിയായ രീതിയിൽ മുമ്പോട്ടുപോകുമ്പോൾ ജനങ്ങളിൽ അനാവശ്യമായ ആശങ്കയുണ്ടാക്കാനും തെറ്റായ പ്രചരണം നടത്താനും ഈ സഭാവേദി ഉപയോഗിക്കാൻ പാടില്ല എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തമിഴ്നാടിന്റെ സങ്കുചിതമായ വികാരം ആളിക്കത്തിക്കാൻ അവിടത്തെ രാഷ്ട്രീയത്തിനുവേണ്ടി പലപ്പോഴും പലരൂപത്തിൽ ആരൊക്കെയാണ് കളിച്ചതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതുകൊണ്ട് ഇത്തരം വാദങ്ങൾ അവസാനിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പൊതുതാത്പര്യം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, മുല്ലപ്പെരിയാർ വിഷയം നിയമപരായി കൈകാര്യം ചെയ്യുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട ഒരംഗം പറയുകയുണ്ടായി. അദ്ദേഹം അക്കാര്യം പറഞ്ഞത് യഥാർത്ഥത്തിൽ യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന സമയത്തെ കാര്യമോർത്തായിരിക്കണം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ രണ്ട് വിധികൾ ഇതുസംബന്ധിച്ച് വന്നതിൽ ഒന്ന് 2006-ലും മറ്റൊന്ന് 2014-ലുമാണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളത്തിന്റെ ഉയരം വർദ്ധിപ്പിക്കാമെന്ന നിലപാട് സുപ്രീംകോടതി സ്വീകരിക്കുന്നത് 2006-ലാണ്. അന്ന് കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. സർക്കാരാണ്. ആ വിധിയിലേയ്ക്കെത്തിയത് എങ്ങനെയെന്ന് ഇന്നലെ ഒരംഗം പ്രതിപാദിക്കുകയുണ്ടായി. മുല്ലപ്പെരിയാർ അണക്കെട്ട് പൊട്ടിയാലും അത് ഇടുക്കി താങ്ങിക്കോളുമെന്നും അതുകൊണ്ട് മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ ഒന്നും ചെയ്യേണ്ടതില്ലെന്നുമുള്ള നിലപാടാണ് അന്നത്തെ അഡ്വക്കേറ്റ് ജനറൽ കോടതിയിൽ സ്വീകരിച്ചത്. അങ്ങനെയുള്ള നിലപാട്

സ്വീകരിച്ചവരാണ് ഇപ്പോൾ ഇത്തരത്തിലുള്ള അഭിപ്രായം പ്രകടിപ്പിക്കുന്നത്. അതിനുശേഷം വീണ്ടും 2014-ലാണ് വെള്ളത്തിന്റെ ഉയരം 142 അടിയാക്കി ഉയർത്താമെന്ന നിലപാട് സുപ്രീംകോടതി സ്വീകരിച്ചത്. ഈ രണ്ട് ഘട്ടത്തിലും കേരളത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടു. ഈ വിഷയം മറച്ചുവയ്ക്കുകയാണ്. 142 അടി എന്ന സുപ്രീംകോടതി വിധി നിലനിൽക്കെത്തന്നെ ഇപ്പോൾ കേരളം നേരിടുന്ന, ഈ നാട് അഭിമുഖീകരിക്കുന്ന പ്രശ്നത്തെ ഉന്നത നീതിപീഠത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞതിനാലാണ് ഈ രൂപത്തിൽ വെള്ളത്തിന്റെ അളവ് താഴ്ത്താൻ കഴിഞ്ഞത് എന്നും നമുക്ക് കാണാൻ സാധിക്കും. കേരളത്തിന്റെ മുഖ്യമന്ത്രി ശരിയായ രൂപത്തിലുള്ള നിലപാടാണ് സ്വീകരിച്ചത്. പുതിയ ഡാം വേണം, തമിഴ്നാടിന് വെള്ളം കൊടുക്കാൻ തയ്യാറാണ് എന്നതാണ് കേരളത്തിന്റെ സമീപനം. അങ്ങനെ പറയുമ്പോൾത്തന്നെ തെറ്റായ പ്രചാരവേലകൾ നടത്തി, വൈകാരികമായ അന്തരീക്ഷം ഉണ്ടാക്കരുതെന്നും ഇവിടെ പറഞ്ഞു. സുപ്രീംകോടതി വിധിവന്ന കാലത്തെ കേരളത്തിന്റെ ജലസേചന വകുപ്പുമന്ത്രി 2011-ൽ പറഞ്ഞത് "കേരളത്തിലെ പൊതുപ്രവർത്തകൻ എന്നരീതിയിൽ കാര്യങ്ങൾ കണ്ടുകൊണ്ട് ഉറങ്ങാൻ കഴിയുന്നില്ല, മന്ത്രിസ്ഥാനം പോയാലും ഇതിനുവേണ്ടി പൊരുതും" എന്നാണെങ്കിലും കോടതിയിൽ ആ വികാരം പ്രതിഫലിപ്പിക്കാൻ കഴിഞ്ഞില്ല. അങ്ങനെയാണ് യു.ഡി.എഫ്. ഭരിക്കുമ്പോൾ 2014-ൽ നേരത്തേ സൂചിപ്പിച്ച നിലപാട് സ്വീകരിച്ചത്. ഇക്കാര്യത്തിൽ ഇപ്പോൾ കേരളത്തിന്റെ നിലപാട് വളരെ സുവ്യക്തമാണ്, എന്നാൽ വൈകാരികമായി രണ്ട് സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന പ്രശ്നങ്ങളുണ്ടാകാതിരിക്കാനുള്ള പക്വതയും ഒപ്പംതന്നെ നാടിന്റെ താത്പര്യം സംരക്ഷിച്ചുകൊണ്ടുള്ള സമീപനവുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതനുസരിച്ച് (<u>ശ്രീ. എം. രാജഗോപാലൻ</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1'എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോവിഡ് മഹാമാരിമൂലം നിലവിൽ കേരളത്തിൽ വന്ന സാമ്പത്തിക ഞെരുക്കമാണ് ഇത്തരമൊരു ബില്ലിലേയ്ക്ക് പോകാൻ സാഹചര്യമുണ്ടാക്കിയത്.

സാമ്പത്തിക ഞെരുക്കത്തിന് മതിയായ കാരണങ്ങളുണ്ടായിരുന്നു:

1. അശാസ്ത്രീയവും ഏകപക്ഷീയവുമായ ജി.എസ്.ടി. നികുതി ഘടന, ജി.എസ്.ടി. നടത്തിപ്പിൽ വന്ന പാളിച്ചകൾ;

2. വിവര സാങ്കേതിക സംയോജനത്തിൽവന്ന കാലതാമസം;

3. അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ;

4. കോവിഡ് പ്രതിരോധത്തിന് ആവശ്യമായി വരുന്ന ഭീമമായ ചെലവുകൾ;

5. കോവിഡ് ലോക്ഡൗണും തുടർന്നുണ്ടായ നിയന്ത്രണങ്ങളും കാരണം വ്യാപാര വ്യവസായ മേഖലയിലുണ്ടായ മുരടിപ്പ്;

6. ചരക്ക്-സേവന നികുതി വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തത്;

7. മുൻകാലങ്ങളിൽനിന്ന് വിഭിന്നമായി പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഓരോ സന്ദർഭത്തിലും കേന്ദ്ര ഗവണ്മെന്റ് വെട്ടിച്ചുരുക്കുന്ന നിഷേധാത്മകമായ നയസമീപനം;

8. കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്രസർക്കാർ തുടരുന്ന നിസ്സംഗത.

ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുൾപ്പെടെയുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധന ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കുന്ന തരത്തിലുള്ള സമീപനമാണ് കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കുന്നത്. മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചത്. കോവിഡ് -19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം വളരെ അപകടകരമാണ്. കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധന വില 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെത്തുടർന്ന് രൂപീകരിച്ച വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-2021-ൽ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

കോവിഡ് മഹാമാരി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞവർഷം (2020-21) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം 3.82 ശതമാനം കുറയുമെന്ന് കണക്കാക്കിയിട്ടുണ്ട്. നികുതി വരുമാനത്തിലുണ്ടായ കുറവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ മഹാമാരി

സൃഷ്ടിച്ച പ്രത്യാഘാതത്തിൽനിന്ന് സമ്പദ്‌വ്യവസ്ഥയെ കരകയറ്റാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്താനുമായി വിദേശ മദ്യത്തിന്റെ നികുതിയിൽ വർദ്ധനവ് വരുത്താനുള്ള തീരുമാനമാണ് എടുത്തത്. അതാണ് 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലായി മാറുന്നത്. ഈ പ്രതിസന്ധിഘട്ടത്തിലൊന്നും ഇവിടത്തെ പ്രതിപക്ഷം അതിൽ ഇടപെട്ട് കണ്ടില്ല. പലപ്പോഴും അവർ ഗ്യാലറിയിലിരുന്ന് കളി കാണുകയായിരുന്നു. എന്നാൽ വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന എല്ലാഘട്ടത്തിലും അല്ലലും അലട്ടും അറിയിക്കാതെ കേരളീയ സമൂഹത്തെ നെഞ്ചോട് ചേർത്തുപിടിച്ച് ഒപ്പം നിർത്തി അവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തി ഏറ്റവും ശ്രദ്ധയോടെയുള്ള ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിയത്. സഹായിക്കാനോ ഇടപെടാനോ ഉള്ള സംഘടനാപരമായ കരുത്ത് കോൺഗ്രസിന് ഇന്ന് ദേശീയ രാഷ്ട്രീയത്തിലോ കേരള രാഷ്ട്രീയത്തിലോ ഇല്ല. കോൺഗ്രസ് ഇന്ന് ചക്രവാത ചുഴിയിൽപ്പെട്ടിരിക്കുകയാണ്. കാരണം അവിടെ പരസ്പരം ആർക്കും ആരെയും വിശ്വാസമില്ല. സാധാരണ ശവക്കല്ലറയെക്കുറിച്ച് പറയാറുണ്ട്. Arthur Dent-ന്റെ പ്രധാനപ്പെട്ടൊരു വാചകമാണ്. 'അകത്ത് കിടക്കുന്നവർക്ക് പുറത്തുവരാൻ സാധിക്കാത്തതും പുറത്തുള്ളവർ അകത്ത് കയറാൻ ഇഷ്ടപ്പെടാത്തതുമായ സ്ഥലമാണ് ശവക്കല്ലറ.' അതുപോലെയാണ് കോൺഗ്രസിനകത്തുള്ള ഗ്രൂപ്പും. ഒരു ഗ്രൂപ്പിനകത്ത് പെട്ടുപോയാൽ അടുത്ത ഗ്രൂപ്പിലേയ്ക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ല. ഇത് ഞാൻ പറയുന്നതല്ല. ഇപ്പോൾ കോൺഗ്രസ്സ് ദേശീയ പ്രസിഡന്റ് പദത്തിന്റെ ചാർജ്ജുള്ള ആദരണീയയായ സോണിയാജിയുടെ ഏറ്റവും ശ്രദ്ധേയമായ പ്രതികരണം; 2021 ഒക്ടോബർ 26-ന് ചേർന്ന പി.സി.സി. - അദ്ധ്യക്ഷന്മാരുടെയും ജനറൽ സെക്രട്ടറിമാരുടെയും യോഗത്തിൽ കോൺഗ്രസ്സ് നേതാക്കളോട് പറഞ്ഞതാണ്. 'നേതാക്കൾക്ക് ഐക്യമില്ലെന്ന് സോണിയ, അച്ചടക്കം വേണം, വ്യക്തി താൽപ്പര്യം മാറ്റിവയ്ക്കണം'. എന്നിട്ട് സംസ്ഥാനങ്ങളെയും ചൂണ്ടിക്കാട്ടി. അതിൽ കേരളവും ഉണ്ട്. പഞ്ചാബ്, ഛത്തീസ്ഗഢ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ നേതാക്കൾ തമ്മിലടിക്കുന്ന പശ്ചാത്തലത്തിലാണ് വ്യക്തി താൽപ്പര്യം മാറ്റിവച്ച് അച്ചടക്കത്തിലും ഐക്യത്തിലുമൂന്നാൻ പി.സി.സി. അദ്ധ്യക്ഷന്മാർക്ക് കോൺഗ്രസ് ഇടക്കാല അദ്ധ്യക്ഷ ശ്രീമതി സോണിയ ഗാന്ധിയുടെ നിർദ്ദേശം. സംഘടനാസ്ഥിതി ആരോഗ്യപരമല്ലാത്ത ഒരു പാർട്ടിക്ക്, വളരെ അപകടകരമായ സ്ഥിതിവിശേഷത്തിൽ മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ എങ്ങനെയാണ് ഈ നാട്ടിലെ ജനങ്ങളുടെ സേവന പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ കഴിയുക? ഇന്ത്യയും കേരളവും അഭിമുഖീകരിക്കുന്ന ഈ

പ്രതിസന്ധിക്ക് തുടക്കംകുറിച്ചത് കോൺഗ്രസാണ്. സാധാരണഗതിയിൽ സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങൾ നികുതി-നികുതിയേതര റവന്യൂ വരുമാനവും വായ്പകളുമാണ്. എന്നാൽ നവലിബറൽ കാലഘട്ടത്തെ സർക്കാരുകളുടെ മുഖ്യവരുമാനം പൊതുമേഖലയുടെയും പൊതുസ്വത്തിന്റെയും വില്പനയിലൂടെ ലഭിക്കുന്ന വരുമാനമായി മാറുന്നു. 1991 മുതൽ ഇന്ത്യയിൽ പൊതുമേഖലാ വില്പന ഒരു പ്രധാന വരുമാനമാർഗ്ഗമായി ഓരോ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുണ്ട്. ആ ഘട്ടങ്ങളിലൊക്കെ പുത്തൻ സാമ്പത്തിക നയങ്ങളോടെ കോൺഗ്രസ് ഭരിക്കുന്ന സമയമാണ്. ലോകരാഷ്ട്രങ്ങളിലെ പുത്തൻ സാമ്പത്തിക നയത്തെക്കുറിച്ച്, അതിനൊപ്പംനിന്ന നോബൽ സമ്മാന ജേതാവ് Joseph Stiglitz, 'ഒരു സാമ്പത്തിക സംരംഭകന്റെ കുമ്പസാരം' എന്ന പേരിൽ ഒരു പുസ്തകം പിന്നീട് ഇറക്കി. 'ഞാൻ ആദ്യഘട്ടത്തിലെടുത്ത നിലപാട് വളരെ മോശമായിരുന്നു, എനിക്ക് ഇപ്പോഴാണ് ബോദ്ധ്യപ്പെട്ടത്' എന്നാണ് ആ പുസ്തകത്തിൽ വളരെ പ്രധാനമായും പറയുന്നത്. എങ്കിൽപോലും ഇന്ത്യയിലെ കോൺഗ്രസുകാർക്ക് ഇത് ബോദ്ധ്യമല്ല. 1991 മുതൽ ഈ സമീപനമാണ് അവർ സ്വീകരിച്ചത്. കഴിഞ്ഞ 30 വർഷം, മൂന്ന് പതിറ്റാണ്ടുകൊണ്ട് മൊത്തം 4,82,699 കോടി രൂപയുടെ പൊതുമേഖല വില്പനയാണ് ഇന്ത്യയിൽ നടന്നത്. ആറുലക്ഷംകോടി രൂപയുടെ നാടിന്റെ സ്വത്തുക്കൾ വില്പനയ്ക്ക് വച്ചിരിക്കുകയാണ് മോദി സർക്കാർ. ഏറ്റവും നികൃഷ്ടമായ, ജനവിരുദ്ധമായ സമീപനമാണ് മോദി സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഭൂമി ദേവിയെ ചുംബിച്ചുണർത്തിക്കൊണ്ട് പ്രകൃതിയെയും കാലത്തെയും കൂട്ടിയിണക്കി മനുഷ്യ സംസ്കാരത്തിന്റെ പരമ്പരാഗത ഭൂമിയിൽ നിന്നുകൊണ്ട് വയലാർ പാടിയിട്ടുണ്ട്;

"പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാര ചാമരം വീശുന്ന
ചന്ദന ശീതള മണൽപ്പുറങ്ങൾ"

ഇന്ന് മോദി അധികാരത്തിൽ വന്നതോടുകൂടി എല്ലാം വില്പനയ്ക്ക് വച്ചിരിക്കുകയാണ്. ഈ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇന്ത്യയിലെ തൊഴിലാളിവർഗ്ഗവും കൃഷിക്കാരും സമസ്ത ജനവിഭാഗങ്ങളും അതിശക്തമായി പ്രതിഷേധിച്ചും പ്രതിരോധിച്ചുംകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഘട്ടമാണ്. ഏറ്റവും ശ്രദ്ധേയമായ രീതിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി

മുന്നോട്ടുപോകുന്ന ഘട്ടത്തിൽ ലോകമുതലാളിത്ത ശക്തികളും ഇന്ത്യാ ഗവണ്മെന്റും സ്വീകരിക്കുന്നത് വ്യത്യസ്ത സമീപനമാണ്. വൈറസിന് മരുന്ന് കണ്ടുപിടിക്കുന്ന കാര്യത്തിൽ വലിയ താല്പര്യം മുതലാളിത്തം കാണിക്കുന്നില്ല. വൈറസുമൂലമുണ്ടാകുന്ന മഹാമാരികൾ പതിറ്റാണ്ടിലൊരിക്കൽ വന്നുപോകുന്ന രോഗങ്ങളാണെന്നും ദീർഘകാലാടിസ്ഥാനത്തിൽ നിലനിൽക്കുന്ന രോഗങ്ങൾക്കുള്ള മരുന്നുല്പാദനമാണ് തങ്ങൾക്ക് സ്ഥിരമായി കൂടുതൽ ലാഭകരമാണെന്നുമുള്ളതുകൊണ്ടാണ് കോവിഡ് വാക്സിൻ നിർമ്മാണത്തിൽ കോർപ്പറേറ്റുകൾ വലിയ താല്പര്യം കാണിക്കാതിരുന്നത്. കോവിഡ് വാക്സിൻ നിർമ്മിക്കാൻ തയ്യാറായി വന്ന കുത്തകകളാകട്ടെ അതിന്റെ സാങ്കേതികവിദ്യ ലോകത്താകെ ലഭ്യമാക്കാൻ തയ്യാറാകുന്നുമില്ല. ഈ മഹാമാരി കാലത്തും തങ്ങളുടെ അമിത ലാഭതാല്പര്യമാണ് കുത്തകകളെ നിയന്ത്രിക്കുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിലും ഇന്ത്യയിലും ലോകത്തും കോർപ്പറേറ്റുകളുടെ സമ്പത്തിൽ വലിയ വർദ്ധനവ് ഉണ്ടായിരിക്കുന്നുയെന്നത് മുതലാളിത്തത്തിന്റെ മനുഷ്യത്വരഹിതമായ മുഖത്തെയാണ് സൂചിപ്പിക്കുന്നത്. അപകടകരമായ ദശാസന്ധിയിലൂടെയാണ് ഇന്ത്യ കടന്നുപോകുന്നത്. അങ്ങേയറ്റം ജനവിരുദ്ധ സമീപനങ്ങളുമായി മോദി സർക്കാർ മുന്നോട്ടുപോകുമ്പോൾ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ വിദേശ നയ സമീപനങ്ങളിലെല്ലാം അപകടകരമായുള്ള നിലപാടാണ് സ്വീകരിക്കുന്നത്. സാധാരണ ജനങ്ങളെ വിസ്മരിച്ച് കോർപ്പറേറ്റ് താല്പര്യം സംരക്ഷിക്കുകയാണ്. ഇന്ത്യയുടെ വൈവിദ്ധ്യത്തിനും ഫെഡറലിസത്തിനും നേരെയുള്ള കടന്നാക്രമണവും രാജ്യത്ത് ശക്തിപ്പെടുകയാണ്. ഏറ്റവുമൊടുവിൽ അമേരിക്കയിലെ Harvard University-ലെ രണ്ട് പ്രൊഫസർമാർ 2018-ൽ എഴുതി പുറത്തിറക്കിയ ഒരുപുസ്തകമുണ്ട് - 'How Democracies Die' . നിലവിലുള്ള ഭരണഘടനയെ, തെരഞ്ഞെടുപ്പിനെ, സംവിധാനങ്ങളെയാകെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ആധുനിക കാലത്ത് അമിതാധികാര പ്രവണത, ഫാസിസം എന്നിവ ജനാധിപത്യത്തെ അരുംകൊല ചെയ്യുന്നത് എന്നുള്ളതാണ് ആ പുസ്തകത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. ഇന്ത്യയിൽ ഇന്ന് നടക്കുന്നതും ഇതാണ്. കേന്ദ്രഗവണ്മെന്റ് സ്വീകരിച്ചുവരുന്ന സാമ്പത്തിക നയങ്ങൾക്കും സമീപനത്തിനും എതിരായ പ്രതിഷേധവും പ്രതിരോധവും വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. ഈ ഘട്ടത്തിൽ കോവിഡ്, പ്രളയം, നിപ്പ, ഓഖി തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം കേരള ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം പ്രതിസന്ധി ഏറെയായിരുന്നു. ഇത്തരം ഘട്ടങ്ങളിലെല്ലാം മുള്ളുകളെന്ന അപായ സാദ്ധ്യതയിൽനിന്നാണ് സുരക്ഷയെന്ന പൂവ് പറിച്ചെടുക്കുന്നത്. ഷേക്സ്പിയറിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു വാചകമാണത്. അങ്ങനെയുള്ള ഓരോ പ്രതിസന്ധികളിലും വളരെ ശ്രദ്ധേയമായ രീതിയിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സമയപരിമിതിമൂലം ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 'ബി'നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അതീവഗുരുതരമായി തുടരുകയാണ്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധി അനുദിനം വർദ്ധിച്ചുവരുന്നത്. ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന റവന്യൂ എസ്റ്റിമേറ്റിനെക്കാൾ കുറവാണ് യഥാർത്ഥത്തിൽ ലഭിച്ച റവന്യൂ വരുമാനമെന്ന് കണക്കുകൾ വ്യക്തമാക്കുകയാണ്. നോട്ട് നിരോധനം, പ്രളയം, ജി.എസ്.ടി.-നടത്തിപ്പിലെ അപാകതകൾ തുടങ്ങിയ കാരണങ്ങളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നതെങ്കിലും ഈ ന്യൂനതകൾ മറികടക്കാനുള്ള യാതൊരു ക്രിയാത്മക നടപടിയും ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്നുള്ളത് ഖേദകരമായൊരു കാര്യമാണ്. കോവിഡിനെത്തുടർന്ന് 2020-21, 2021-22 കാലയളവിൽ എത്ര രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ടെന്നുപോലും സർക്കാരിന് നിശ്ചയമില്ലാത്ത സ്ഥിതിയാണ്. 22-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 117-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയായി ഗവണ്മെന്റ് പറയുന്നത്, വിവരം ശേഖരിച്ചുവരുന്നു എന്നാണ്. എത്ര പരിതാപകരമായ സ്ഥിതിയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതിയെപ്പറ്റി ധനകാര്യ വകുപ്പിനുപോലും യാതൊരു ധാരണയുമില്ലാത്ത അവസ്ഥയാണ് കാണാൻ കഴിയുന്നത്. മദ്യവും പെട്രോളുമാണ് പ്രധാനമായും സർക്കാരിന്റെ വില്പന നികുതി ഇനത്തിൽ ഉൾപ്പെടുന്നത്. മദ്യത്തിന്റെ നികുതി വർദ്ധനവിലൂടെ രണ്ട് കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒന്ന്, സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുക. രണ്ട്, മദ്യത്തിന് ഉയർന്ന നികുതി ചുമത്തുന്നതിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരിക. എന്നാൽ മദ്യത്തിന്റെ വില എത്രകൂട്ടിയാലും മദ്യത്തിന്റെ വില്പനയിലോ ഉപഭോഗത്തിലോ യാതൊരു കുറവും വരുന്നില്ലെന്നുള്ളത് കണക്കുകളിൽനിന്ന് വ്യക്തമാകുന്ന കാര്യമാണ്. മദ്യത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിന്റെ ഭാഗമായി വരുത്തിയിരിക്കുന്ന മാറ്റത്തിലൂടെ നികുതി വരുമാനം ഓരോ വർഷവും കുത്തനെ വർദ്ധിക്കുകയാണ്. ഇന്ധന നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2020-21-ൽ 7,098.53 കോടി രൂപയും 30-6-2021 വരെ 1,194 കോടി രൂപയുമാണ്. 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർ നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി ജി.എസ്.ടി. കൗൺസിലിന്റെ അംഗീകാരത്തോടുകൂടി രണ്ട് ശതമാനം പ്രളയ സെസ്സും ഏർപ്പെടുത്തി. 1,929.78

കോടി രൂപയാണ് പ്രളയ സെസ്സിലൂടെ സമാഹരിച്ചത്. 22-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 88-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയായി സർക്കാർ അത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്രളയ സെസ്സായി സ്വരൂപിച്ച തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് നൽകിയോ എന്ന ചോദ്യത്തിന് നൽകിയ മറുപടി, 'വിവരം ശേഖരിച്ചുവരുന്നു. എന്നതാണ്. സെസ്സിലൂടെ പിരിച്ച തുക മറ്റുകാര്യങ്ങൾക്കുവേണ്ടി വകമാറ്റിയിട്ടുണ്ടോ എന്ന കാര്യത്തിൽ ഞാൻ സംശയം ഉന്നയിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അത് സൂചിപ്പിക്കുമെന്ന് ഞാൻ കരുതുകയാണ്. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതി കുടിശ്ശികപോലും സമയത്ത് പിരിച്ചെടുക്കാൻ കഴിയുന്നില്ലെന്നത് നിരവധി തവണ നമ്മളിവിടെ ഉന്നയിച്ചതാണ്. ഇരുപതിനായിരം കോടി രൂപയിലധികം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാരും നികുതി വകുപ്പും വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. ഇതിന്റെ ഫലമായി നമുക്ക് പിരിഞ്ഞുകിട്ടേണ്ട തുക കിട്ടുന്നില്ല. ഇത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഏതാണ്ട് ഇരുപത് ശതമാനത്തോളം വരും. ഈ തുക കൃത്യമായി പിരിച്ചെടുക്കുന്നതിലുള്ള ഉദാസീനത അക്കൗണ്ടന്റ് ജനറൽ വളരെ വ്യക്തമായി ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. നികുതി കുടിശ്ശിക കൃത്യമായി ഈടാക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാന മൊരുക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ ഗവണ്മെന്റ് കുറച്ചുകൂടി കാര്യക്ഷമത കാണിക്കണം. നികുതി വകുപ്പിനെ ആ നിലയിൽ കൂടുതൽ സജ്ജീകരിക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം പെട്രോളിയത്തിൽ നിന്ന് കിട്ടുന്ന അധിക വിൽപ്പന നികുതിയുടെ ഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ച് ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനെപ്പറ്റിയാണ് ഗവണ്മെന്റ് ആലോചിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള കേസുകളിൽ സ്റ്റേ നിലനിൽക്കുകയാണ്. സ്റ്റേ മാറ്റിക്കിട്ടാൻവേണ്ടിയിട്ടുള്ള ഫലപ്രദമായ നിയമ നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നത് സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. സി.&എ.ജി.-യുടെ 2021 വർഷത്തെ മൂന്നാം നമ്പർ റിപ്പോർട്ടിൽ സംസ്ഥാനത്തെ നികുതി കാര്യ നിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ചകളും പാളിച്ചകളും വ്യക്തമായി സൂചിപ്പിക്കുകയാണ്. വിൽപ്പന നികുതി, മൂല്യവർദ്ധിത നികുതി, സംസ്ഥാന എക്സൈസ്, മോട്ടോർ വാഹന നികുതി, മറ്റ് വകുപ്പുതല ഓഫീസുകൾ എന്നിവയുടെ 329 യൂണിറ്റുകളിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ 2018-19 വർഷകാലയളവിൽ 5,645 കോടി രൂപ ഉൾപ്പെടെ 1137 കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. കേരള ജി.എസ്.ടി. നിയമം, 2017-ലെ വകുപ്പുപ്രകാരം

നിർണ്ണയിച്ചിട്ടുള്ള കോമ്പൻസേഷൻ പദ്ധതിയുടെ ക്രമരഹിതമായ തെരഞ്ഞെടുക്കലുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ കണ്ടെത്തിയതായി അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നു. നികുതിദായകന്റെ മൊത്തം വിറ്റുവരവും കച്ചവടത്തിന്റെ സ്വഭാവവും പരിശോധിച്ച് ഉറപ്പിക്കാതെപോയ തെറ്റായ നടപടികൾമൂലമാണ് ഈ വീഴ്ചകൾ സംഭവിക്കുന്നത്. ഇതൊഴിവാക്കാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെന്താണ്? ട്രാൻസിഷണൽ ക്രെഡിറ്റ് ക്ലെയിമിന്റെ സെറ്റിൽമെന്റുമായും നിയമത്തിലെ നിബന്ധനകൾ പാലിക്കാതെ മൂലധനചരക്കുകളുടെ ട്രാൻസിഷണൽ ക്രെഡിറ്റ് ക്രമരഹിതമായി മുന്നോട്ടു കൊണ്ടുപോയതുമായും ബന്ധപ്പെട്ട് നിരവധി അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. നികുതി അടയ്ക്കാതെ സീറോ റേറ്റഡ് സപ്ലൈ നടത്തിയ ചരക്കുകൾക്കും സേവനങ്ങൾക്കും അർഹതയില്ലാത്ത റീഫണ്ട് നൽകിയ നിരവധി കേസുകൾ സി. & എ.ജി. ചൂണ്ടിക്കാണിക്കുകയാണ്. കൂടാതെ തെറ്റായ നികുതി നിർണ്ണയംമൂലമുള്ള കുറഞ്ഞ നികുതി ചുമത്തൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അമിതമായി ഉപയോഗിച്ചതിനുള്ള കുറഞ്ഞ നികുതി ചുമത്തൽ, അധിക റീഫണ്ടുമൂലമുണ്ടായ കുറഞ്ഞ നികുതി ചുമത്തൽ തുടങ്ങിയ ഗൗരവകരമായ കണ്ടെത്തലുകളും സി.&എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ കാണാൻ കഴിയുന്ന കാര്യമാണ്. ഇക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്.

ഞാൻ സാധാരണഗതിയിൽ ബില്ലിന്റെ ചർച്ചയിൽ ബില്ലിനെപ്പറ്റിയാണ് പറയാറുള്ളത്. പക്ഷേ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. കേരള ഗവൺമെന്റിന്റെ ഏറ്റവും ഗുരുതരമായ അലംഭാവമാണ് മുല്ലപ്പെരിയാർ കാര്യത്തിലുണ്ടായിരിക്കുന്നത്. ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരിന് നയപരമായ വ്യക്തതയില്ല എന്നത് വളരെ വ്യക്തമാണ്. മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയാണ് തമിഴ്നാട് ഇന്നുപയോഗിക്കുന്നത്. ഒരാശങ്കയും ആവശ്യമില്ല എന്ന നിലയിലുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ് സുപ്രീംകോടതിയിൽ തമിഴ്നാടിന്റെ വാദമായി അവർ ഉയർത്തിക്കാണിക്കുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് ഡാമിന്റെ ജലനിരപ്പ് 139.50 അടിയായി നിലനിർത്തണമെന്നുള്ള തമിഴ്നാടിന്റെ വാദം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെ ഉത്തരവ്. തമിഴ്നാടിന്റെയും മേൽനോട്ട സമിതിയുടെയും ആവശ്യം സുപ്രീംകോടതി അംഗീകരിക്കുകയാണുണ്ടായത്. കേരളം നാളിതുവരെ സ്വീകരിച്ചുവന്നിരുന്ന ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചുള്ള ആശങ്കയെ ലഘൂകരിക്കുന്നതാണ് മുഖ്യമന്ത്രിയുടെ പ്രസ്താവന. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ചുപോന്നിരുന്ന സുദൃഢമായ നിലപാടുകളിൽ

അയവുവരുത്തിയ സുപ്രീംകോടതി ഉത്തരവ് തമിഴ്നാടിന് അനുകൂലമായി മാറിയെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള പോര് സംബന്ധിച്ച് ഇവിടെ പറഞ്ഞു. അങ്ങനെയൊന്നും ഇവിടെ ആരും ആഗ്രഹിക്കുന്നില്ല. പക്ഷേ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള ബാദ്ധ്യത കേരള ഗവൺമെന്റിനുണ്ട്. തമിഴ്നാടുമായി ഏറ്റുമുട്ടലിന്റെ പാത സ്വീകരിക്കണമെന്ന് ഞങ്ങളാരും പറഞ്ഞില്ല. പക്ഷേ കേരളത്തിലെ ആറ് ജില്ലയിലെ ജനങ്ങൾ ഇന്ന് ആശങ്കാകുലരാണ്. അല്ലെന്ന് പറഞ്ഞിട്ട് കാര്യമില്ല. ആശങ്ക നിലനിൽക്കുമ്പോൾ തമിഴ്നാടിന് ഉപയോഗിക്കത്തക്ക നിലയിലുള്ള പ്രസ്താവന നടത്തിയത് മുഖ്യമന്ത്രി ഈ വിഷയത്തിൽ കാണിച്ച ഗുരുതരമായ തെറ്റാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇവിടെ സർ സി. പി. രാമസ്വാമി അയ്യരുടെ കാലം മുതൽ കേരളം സ്വീകരിച്ചുവന്ന നിലപാടിന് കടകവിരുദ്ധമായിട്ടാണ് കേരളത്തിലെ മുഖ്യമന്ത്രി ആ പ്രസ്താവന നടത്തിയത്. അതാണ് ഇന്ന് തമിഴ്നാടിന് അനുകൂലമായി സുപ്രീംകോടതിയുടെ വിധിവരാനുള്ള പ്രധാനപ്പെട്ട കാരണം. 2018-ലെ മഹാപ്രളയത്തിന്റെയും തുടർവർഷങ്ങളിലെ തീവ്രമായ മഴ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെയും പശ്ചാത്തലത്തിൽ മുല്ലപ്പെരിയാറിലെ ജലനിരപ്പ് കുറച്ച് ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്താൻ ലഭിച്ച അവസരങ്ങൾ സർക്കാർ ഫലപ്രദമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. തുടർച്ചയായി കേരളത്തിലുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 136 വർഷം പഴക്കമുള്ള സുർക്കി നിർമ്മിതമായ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ചുള്ള ആശങ്ക കേന്ദ്രസർക്കാരിനെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തി പരിഹാരമാർഗ്ഗം തേടാൻ സംസ്ഥാനസർക്കാർ ഇനിയെങ്കിലും ഉണർന്നുപ്രവർത്തിക്കുകയാണ് വേണ്ടത്. തുടർച്ചയായുണ്ടാകുന്ന പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹി ഐ.ഐ.ടി. നടത്തിയ പഠനത്തിന്റെയും ഭൂകമ്പ സാദ്ധ്യത സംബന്ധിച്ച് റൂർക്കി ഐ.ഐ.ടി. നടത്തിയ പഠനത്തിന്റെയെല്ലാം പ്രസക്തി വർദ്ധിപ്പിക്കുന്ന കാര്യമാണ്. ഡാമിന്റെ ബലക്ഷയത്തെ സംബന്ധിച്ച് കേരളം നടത്തിയ പഠനറിപ്പോർട്ടുകളുടെ പിൻബലത്തിൽ കേരളസർക്കാർ ഉണർന്ന് പ്രവർത്തിക്കുകയാണ് വേണ്ടത്.

<u>ശ്രീ. എം. എം. മണി</u>: സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് പരാമർശിച്ചു. അങ്ങ് വസ്തുതകൾ മറച്ചുവയ്ക്കുകയാണെന്നാണ് എന്റെ വിമർശനം. അങ്ങ് 1947 മുതൽ ഈ രാജ്യം ഭരിച്ച പാർട്ടിയുടെ നേതാവാണ്. അങ്ങയുടെ പാർട്ടി തമിഴ്നാട്ടിലെ രാഷ്ട്രീയത്തിൽ ഇടപെട്ടു എന്നും കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരെ പ്രവർത്തിച്ചിട്ടുണ്ടെന്നുമാണ് എന്റെ വിമർശനം. (...ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്ക് സമയമില്ല. 12.30-ന് സഭ അവസാനിപ്പിക്കണം. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഒരു കാര്യം വ്യക്തമാക്കണം. 142 അടി വെള്ളം സംഭരിക്കാൻ പര്യാപ്തമായ നിലയിൽ മുല്ലപ്പെരിയാർ ഡാം എല്ലാതരത്തിലും സുരക്ഷിതമാണെന്ന് മേൽനോട്ട സമിതിയിൽ കേരളം സമ്മതിച്ചുവെന്നുള്ള വാർത്തകളാണ് ഇന്നലെ മാതൃഭൂമിയുൾപ്പെടെയുള്ള പത്രങ്ങളിലൂടെ പുറത്തുവന്നത്. അതിന് നിയമ വകുപ്പുമന്ത്രി മറുപടി പറയണം. സംസ്ഥാനത്തിന്റെ വാദങ്ങളെ ദുർബലപ്പെടുത്തുന്ന നടപടിയല്ലേ അത്. മേൽനോട്ട സമിതിയിൽ അങ്ങനെ കേരളം സമ്മതിച്ചിരുന്നോ? സമ്മതിച്ചുവെന്നുള്ള വാർത്തകളാണ് പുറത്തുവന്നത്. തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ എന്ന നിലപാടാണ് മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് നമ്മളെടുത്തിട്ടുള്ളത്. നിങ്ങൾ മനുഷ്യച്ചങ്ങല പിടിച്ച ആളുകളാണ്. നിങ്ങൾ ഇപ്പോൾ ആ നിലപാടിൽനിന്ന് പുറത്തുപോകുകയാണ്. പുതിയ ഡാം വേണമെന്നുള്ള നമ്മുടെ വാദത്തെ ദുർബലപ്പെടുത്തുന്ന നടപടിയാണ് നിങ്ങൾ സ്വീകരിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നത്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. വാദമുഖങ്ങൾ നിരത്തിക്കൊണ്ട് അതിനെ സംരക്ഷിക്കാമെന്ന് കരുതേണ്ട, വസ്തുതകൾ ജനങ്ങളുടെ മുമ്പിലുണ്ട്. ഇന്ന് പാവപ്പെട്ട ആളുകളെ അവിടെനിന്നും മാറ്റിപ്പാർപ്പിച്ചുകൊണ്ടിരിക്കുകയാണ്. മുൻകൂട്ടി കാര്യങ്ങൾ കണ്ട് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികളുമായി മേൽനോട്ട സമിതിയിൽ നിലപാടുകൾ സ്വീകരിക്കാത്തതിന്റെ പരിണതഫലമാണ് ഇവിടെ ഉണ്ടായിരിക്കുന്നത് എന്നുള്ളകാര്യം മറച്ചു വയ്ക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതേയല്ല. ഞാൻ ചുരുക്കിപ്പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞകാര്യം എന്താണ്? "സോഷ്യൽ മീഡിയ മറ്റുരൂപത്തിൽ വൈകാരികമായ അന്തരീക്ഷം സൃഷ്ടിക്കുന്നത് ഈ പ്രശ്നം പരിഹരിക്കുന്നതിന് സഹായകരമല്ല; അത്തരം ആശങ്കകൾ സൃഷ്ടിക്കരുത്" അങ്ങനെ അദ്ദേഹം പറഞ്ഞതിനെ യഥാർത്ഥത്തിൽ വലിയൊരു വൈകാരിക അന്തരീക്ഷമുണ്ടാക്കി നാട്ടിൽ കലാപം സൃഷ്ടിക്കാമെന്നും അതിന്റെ ഭാഗമായെന്തെങ്കിലും രാഷ്ട്രീയനേട്ടമുണ്ടാക്കാമെന്നും കരുതിയവർക്ക് ഒരുപക്ഷേ

നിരാശയുണ്ടായിട്ടുണ്ടായിരിക്കാം. സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. അദ്ദേഹം പറഞ്ഞ രണ്ടാമത്തെകാര്യം, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് മാതൃഭൂമി ദിനപ്പത്രം മാത്രമല്ലല്ലോ വായിക്കുന്നത്. അങ്ങ് പറഞ്ഞത് ശരിയാണ്, മാതൃഭൂമിയിൽ ഈ വാർത്ത അങ്ങനെയാണ് വന്നിട്ടുള്ളത്. കേരളം ഇക്കാര്യത്തിൽ വിയോജിപ്പ് പ്രകടിപ്പിച്ചുവെന്നാണ് മറ്റെല്ലാ പത്രങ്ങളിലുമുള്ളത്. മലയാള മനോരമ പത്രത്തിൽപ്പോലും ആ രൂപത്തിലാണ് വന്നിട്ടുള്ളത്. കേരളത്തിന്റെ നിലപാട് വളരെ വ്യക്തമാണ്. ഞാൻ മന്ത്രിയായിരുന്നെങ്കിൽ സ്വാതന്ത്ര്യത്തിന് മുമ്പുള്ള കരാർ ഇപ്പോൾ നിൽക്കില്ലെന്ന് വാദിക്കുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. യഥാർത്ഥത്തിൽ 1970-ൽ ആ കരാർ പുതുക്കിയതും അതിന് നിയമസാധുത നൽകിയതും ആരാണെന്നുകൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, മേൽനോട്ട സമിതിയിൽ നിങ്ങൾ ആവശ്യമായ റിക്കാർഡുകൾ കൊടുത്തിരുന്നില്ലെന്നത് വളരെ വ്യക്തമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വെല്ലുവിളിക്കുന്നു. ആവശ്യമായ സമയത്ത് ബന്ധപ്പെട്ട രേഖകൾ നിങ്ങൾ കൊടുത്തിരുന്നില്ല. പിന്നീടാണ് നിങ്ങൾ അത് കൊടുത്തത്. നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ സമയത്ത് ചെയ്തിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങിരിക്കൂ... നമുക്കൊരു വാദപ്രതിവാദത്തിലേയ്ക്ക് പോകണ്ട. സമയപരിധി അംഗങ്ങൾ പാലിക്കണം. നമുക്ക് സമയപരിമിതിയുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞ അഭിപ്രായത്തെ ഉദ്ധരിച്ചുകൊണ്ടാണ് സുപ്രീംകോടതിയിൽ തമിഴ്നാട് വാദിച്ചതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുമോ? ആശങ്കയുടെ ആവശ്യമില്ല, മുല്ലപ്പെരിയാറിൽ ഒരു പ്രശ്നവുമില്ല എന്ന് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ് തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചത്. അതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. പി. രാജീവ്: സർ, ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് വാദിച്ചാലും ഇല്ലെങ്കിലും മുല്ലപ്പെരിയാർ കേസിൽ ജലനിരപ്പ് 142 അടി എന്ന രൂപത്തിൽ സുപ്രീംകോടതി അവസാനവിധി പറഞ്ഞു എന്ന രീതിയിൽ നിന്നതും ഭരണഘടന ബെഞ്ചിലേയ്ക്ക് വിടണമെന്ന കേരളത്തിന്റെ ആവശ്യംപോലും

അംഗീകരിക്കാതിരുന്നതുമായൊരു കേസിൽ ഉന്നത നീതിപീഠത്തിന്റെ മുൻപിൽ ഇപ്പോഴത്തെ സാഹചര്യം കേരളത്തിന് കൃത്യമായി ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 139 അടിയിലേയ്ക്ക് ജലനിരപ്പ് കുറയ്ക്കുന്ന തീരുമാനമെടുത്തതെന്നത് അങ്ങ് കാണണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കോവിഡിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ അധിക വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുന്നത്. FRBM (Fiscal Responsibility and Budget Management) ആക്ടിൽ ഭേദഗതി വരുത്തിയാൽ മാത്രമേ അധികവായ്പ എടുക്കാൻ കഴിയുകയുള്ളൂ. ആ ഭേദഗതിയാണ് ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്നിട്ടുള്ളത്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം മാത്രമേ വായ്പ എടുക്കാൻ പാടുള്ളൂ എന്നതാണ് 2003-ലെ Fiscal Responsibility and Budget Management Act അനുശാസിക്കുന്നത്. 4 പദ്ധതികൾ നടപ്പിലാക്കിയാലേ അധിക വായ്പ എടുക്കാൻ കഴിയുകയുള്ളൂ. ഇത് കേന്ദ്രഗവണ്മെന്റിന്റെ നിബന്ധനയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്ന്, ഒരു രാജ്യം ഒരു റേഷൻ കാർഡ്. അതിനോട് നമ്മളാരും വിയോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. രണ്ട്, വ്യാപാരം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ - ഇതിനോട് നമുക്കാർക്കും യോജിപ്പില്ല. മൂന്ന്, അർബൻ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള പരിഷ്കാരങ്ങൾ - ഇതിനോടും നമ്മൾ യോജിക്കുന്നില്ല. നാല്, ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾ. കേന്ദ്രഗവണ്മെന്റിന്റെ ഈ നിബന്ധനകളോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ഇടതുമുന്നണിക്കും കേരളസർക്കാരിനുമുള്ള നിലപാട് എന്താണെന്നറിയാൻ ഞങ്ങൾക്കെല്ലാവർക്കും ജിജ്ഞാസയുണ്ട് എന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഊർജ്ജമേഖലയിൽ ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കിയാൽ നമ്മുടെ രാജ്യത്തുണ്ടാകാൻ പോകുന്ന ദുരന്തഫലങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. കേന്ദ്രഗവണ്മെന്റ് ഈ നയം നടപ്പാക്കാൻ പോകുന്നുവെന്ന് അറിഞ്ഞനിമിഷം മുതൽ നമ്മുടെ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ഒരുപാട് പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ചെങ്കൊടി പിടിച്ചും പിടിക്കാതെയും നമ്മളെല്ലാവരും യോജിച്ചുമൊക്കെ ഇതിനെതിരെ സമരങ്ങൾ

നടത്തിയിട്ടുണ്ട്. ഒരു വായ്പ കിട്ടുന്നതിനുവേണ്ടി നമ്മുടെ നയങ്ങളും പോളിസിയുമൊക്കെ കാറ്റിൽ പറത്താനാണോ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഈ സർക്കാരും ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മുടെ റവന്യൂകമ്മിയിപ്പോൾ Zero അല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. 2019-20-ൽ റവന്യൂകമ്മി 17,474.27 കോടി രൂപ, അതായത് ആഭ്യന്തര വരുമാനത്തിന്റെ 2.01 ശതമാനമായിരുന്നു. ഇപ്രാവശ്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലും റവന്യൂകമ്മി അധികമായിത്തന്നെ നിൽക്കുന്നു, അതായത് 15,201.47 കോടി രൂപ. നമ്മുടെ SDP (State Domestic Product)-യുടെ 1.55 ശതമാനമാണിത്. വീണ്ടും കേരളത്തെ കടക്കെണിയിലാക്കുന്നതിൽ നമുക്ക് ഒരു മനസ്സാക്ഷിക്കുത്തുമില്ല എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ജി.എസ്.ടി. വന്നതിനുശേഷം സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിലും അധിക വിഭവസമാഹരണത്തിലും വലിയ ഇടിവാണ് സംഭവിച്ചിട്ടുള്ളതെന്ന് നമുക്ക് എല്ലാവർക്കുമറിയാം. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലും നികുതി ഇതര വരുമാനത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നെഗറ്റീവ് മാത്രമാണ് കാണാൻ സാധിക്കുന്നത്. നമ്മുടെ വളർച്ച വളരെയധികം കുറവാണ്. സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഉയരുമ്പോഴും മൂലധനച്ചെലവ് വർദ്ധിക്കുന്നില്ല. Non-Developmental Expenditure മുൻവർഷങ്ങളേക്കാൾ കൂടിയിരിക്കുകയാണ്. ചെലവുകൾ ക്രമീകരിക്കുന്നതിനുള്ള സാമ്പത്തിക അച്ചടക്കം പാലിക്കാൻ സാധിക്കുന്നില്ല എന്നതാണ് വളരെയധികം ശ്രദ്ധിക്കേണ്ടകാര്യം. ഇവിടെ കിഫ്ബിയെക്കുറിച്ച് പലരും സംസാരിച്ചു. അധിക പലിശ നൽകി വിദേശരാജ്യങ്ങളിൽനിന്നും നമ്മളിപ്പോൾ കടമെടുക്കുകയാണ്. ട്രഷറിയിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ കിട്ടുമ്പോൾ എന്തിനാണ് അധിക പലിശ നൽകി വിദേശരാജ്യങ്ങളിൽനിന്നും വായ്പ എടുക്കുന്നതെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. കൂടുതൽ പലിശയ്ക്ക് വായ്പ എടുക്കുന്നതുകൊണ്ടുള്ള ദൂഷ്യഫലം റവന്യൂകമ്മി കൂട്ടുമെന്നതാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, 1,471 കോടി രൂപ വായ്പയെടുക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഉയർന്ന പലിശയ്ക്ക് കടമെടുത്തത് തന്നെയാണ് നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. കിഫ്ബിക്ക് വേണ്ടിയാണ് വായ്പയെടുക്കുന്നത് എന്നുപറയുന്നു. കിഫ്ബിയെക്കുറിച്ച് ഞങ്ങളാരെങ്കിലും എന്തെങ്കിലും വിമർശനം നടത്തിയാൽ ആ ഭാഗത്തുനിന്നുള്ള പ്രതികരണമെന്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. കിഫ്ബിയെ വിമർശിക്കാൻ

പാടില്ല; കിഫ്ബിയെക്കുറിച്ച് പറഞ്ഞാൽ കലിതുള്ളും. കിഫ്ബിയെക്കുറിച്ച് പറഞ്ഞാൽ അവിടെനിന്നും പറയുന്നത് നിങ്ങളുടെ മണ്ഡലത്തിൽ റോഡുകൾ കിട്ടിയില്ലേ; നിങ്ങളുടെ മണ്ഡലത്തിൽ കെട്ടിടങ്ങൾ കിട്ടിയില്ലേ എന്നാണ്. ഞങ്ങളുടെ മണ്ഡലത്തിലെ റോഡുകളും കെട്ടിടങ്ങളും കാണിച്ചാണ് കിഫ്ബിയെക്കുറിച്ച് ഞങ്ങൾ ശബ്ദിക്കാൻ പാടില്ലെന്ന് പറയുന്നത്. കിഫ്ബിമുഖേന നടത്തുമെന്ന് നേരത്തേ പ്രഖ്യാപിച്ച പദ്ധതികളുടെയും നിക്ഷേപങ്ങളുടെയും പത്തിലൊന്നുപോലും നടന്നിട്ടില്ല എന്നതാണ് വാസ്തവം. വളരെ വർഷങ്ങൾക്കുശേഷം നടത്താവുന്ന പദ്ധതികൾ കിഫ്ബിയിലൂടെ വളരെ നേരത്തേ ചെയ്യാമെന്ന വിശ്വാസത്തിലാണ് കിഫ്ബി കൊണ്ടുവന്നത്. ഉയർന്ന പലിശ നാം കൊടുക്കുന്നു, എന്നാൽ പദ്ധതികൾ വേണ്ടവിധത്തിൽ നടക്കുന്നില്ല. നേരത്തേ ചെയ്തുകൊണ്ടിരുന്നതുപോലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതികൾ നടത്താൻ ശ്രമിച്ചിരുന്നുവെങ്കിൽ കൂടുതൽ വികസനം നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുണ്ടാകുമായിരുന്നു. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ബഹുമാന്യനായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രി ആയിരുന്നപ്പോൾ യു.ഡി.എഫ്-ന്റെ എം.എൽ.എ.-മാരുടെ മണ്ഡലത്തിലേയ്ക്ക് കൂടുതൽ റോഡുകളും പാലങ്ങളുമൊക്കെ കിട്ടിയത് അപ്പുറത്തിരിക്കുന്ന എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാരുടെ മണ്ഡലത്തിലായിരുന്നു എന്നതാണ്. അന്ന് കിഫ്ബി ഉണ്ടായിരുന്നില്ല. കിഫ്ബി ഉണ്ടായിരുന്നതുകൊണ്ടല്ല ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്ന പൊതുമരാമത്ത് വകുപ്പുമന്ത്രി കേരളത്തിലെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ച് എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ കൂടുതൽ പാലങ്ങളും റോഡുകളും അനുവദിച്ചത്. കിഫ്ബിയുണ്ടെങ്കിൽ മാത്രമേ റോഡുകളും പാലങ്ങളും ഉണ്ടാകുമെന്ന് പറയുന്നത് ശരിയല്ലെന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്ങിവിടെ പറഞ്ഞത് കിഫ്ബി ഇല്ലാതിരുന്ന കാലഘട്ടത്തിലും ഇതിലേറെ വികസന പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്നാണ്. പൊതുമരാമത്ത് റോഡുകൾക്ക് പുറമെ ഗ്രാമീണ റോഡുകൾക്കുകൂടി വൺടൈം മെയിന്റനൻസ് സ്കീമിൽ കോടിക്കണക്കിന് രൂപയാണ് അന്ന് അനുവദിച്ചത്. അന്ന് വികസന പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുതന്നെയാണ് ഞാൻ പറഞ്ഞത്. കിഫ്ബി ഇല്ലാതിരുന്ന സമയത്തും ഒരുപാട് വികസനങ്ങൾ കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, കിഫ്ബി മുഖേനയുള്ള പദ്ധതികൾ ഉദ്ദേശിച്ച വേഗത്തിൽ നടന്നില്ല എന്നതാണ്

പരമാർത്ഥം. സംഭവിച്ചതെന്താണ്? ഉയർന്ന പലിശയ്ക്ക് വായ്പയെടുത്തതിന്റെ ബാദ്ധ്യത കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ വഹിക്കേണ്ടിവരുന്നുണ്ട്. കെടുകാര്യസ്ഥതയും കാലതാമസവുമാണ് കിഫ്ബിയിൽ നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അതിവിടെ വളരെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ഞാൻ ആ ഭാഗങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത് മറച്ചുവയ്ക്കാനാണ് കിഫ്ബിയിൽ ഓഡിറ്റിംഗ് നടത്തുന്നതിനോട് ഈ സർക്കാർ വിമുഖത കാണിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വളരെ വിനയത്തോടുകൂടി ചോദിക്കാനുള്ളത്, എന്തുകൊണ്ട് കിഫ്ബി ഓഡിറ്റിംഗിന് വിധേയമാക്കുന്നില്ല എന്നതാണ്. അങ്ങയുടെ മറുപടി പ്രസംഗത്തിൽ അത് വ്യക്തമാക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. എന്തുകൊണ്ട് കിഫ്ബി ഓഡിറ്റിംഗിന് വിധേയമാകുന്നില്ല? 2018-19-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റിന്റെ 9 ശതമാനമായിരുന്നു. 2019-20-ൽ അത് 0.6 ശതമാനമാണ്. കോവിഡ് എന്നാണ് ഇതിന് കാരണമായി പറയുന്നത്. കോവിഡ് പലർക്കും ഒരു അനുഗ്രഹമായിട്ടുണ്ട്. ആരെങ്കിലും കടം കൊടുത്ത പണം തിരിച്ചുചോദിക്കുമ്പോൾ ചില ആളുകൾ പറയുന്നത്, 'കോവിഡല്ലേ, ഞാൻ എങ്ങനെ പണം തിരിച്ചുതരും' എന്നാണ്. അയാൾക്ക് ബിസിനസ്സും ഉണ്ടാകില്ല, കോവിഡുമൂലം അയാളുടെ ബിസിനസ് തകർന്നിട്ടുമുണ്ടാകില്ല. പക്ഷേ കാരണം പറയുന്നത് കോവിഡാണെന്നാണ്. അതുപോലെ നമ്മുടെ സർക്കാരും പലതിനും ന്യായീകരണം പറയുന്നത് കോവിഡിന്റെ പേരിലാണ്. മറ്റുള്ള സംസ്ഥാനങ്ങൾ കോവിഡ് കാലത്തും ഇതിനേക്കാൾ മെച്ചമായ സാമ്പത്തിക വളർച്ച കൈവരിച്ചിട്ടുണ്ട്. അത് നമ്മൾ മറക്കാൻ പാടില്ല. നികുതിയേതര വരുമാനം 2018-19-ൽ 5.21 ശതമാനമായിരുന്നു. കോവിഡിന് മുമ്പുള്ള കണക്കാണിത്. 2019-20-ൽ അത് 4.9 ശതമാനമാണ്. ടാക്സും നോൺ ടാക്സ് റവന്യൂവും ചേരുമ്പോഴുള്ള വളർച്ച 2018-19-ൽ 8.27 ശതമാനവും 2019-20-ൽ 0.26 ശതമാനവുമാണ്. കൂടുതൽ കടമെടുക്കുന്നതിനുവേണ്ടി ഇടതുപക്ഷ നയംപോലും കാറ്റിൽപ്പറത്തി ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ എന്ന പേരിൽ ഊർജ്ജ മേഖലയെ സ്വകാര്യവൽകരണത്തിലേയ്ക്ക് നയിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ കൂട്ടുനിൽക്കുന്നു. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. എസ്. ജയലാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വ്യക്തിപരമായ നിർദ്ദേശം പാലിച്ചുകൊണ്ട് ഞാൻ വളരെ കുറച്ചുമാത്രമേ സംസാരിക്കുന്നുള്ളൂ. ഇന്ന് 12.30-ന് സഭ അവസാനിപ്പിക്കേണ്ടതുണ്ടല്ലോ. ഒറ്റ കാര്യം മാത്രമാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ കടത്തെ സംബന്ധിച്ചാണ് ഇവിടെ എല്ലാവരും സൂചിപ്പിക്കുന്നത്. കേരളത്തിന്റെ കടം ഒരു ബാദ്ധ്യതയായല്ല കാണേണ്ടത്. അത് എങ്ങനെയാണ് ഈ കേരളം വിനിയോഗിക്കുന്നത് എന്നുള്ളതാണ്. കേവലമായ ഒരു സാമ്പത്തിക ശാസ്ത്രത്തിനപ്പുറത്ത് സാമൂഹിക, മാനവിക മുന്നേറ്റത്തിന്റെ അഭിമാനകരമായ ജീവിതങ്ങളുടെ ഒരു മാനമുണ്ടതിന്. കേരളത്തിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമൂഹ്യവും പശ്ചാത്തല സൗകര്യങ്ങളിലുമുണ്ടായ മുന്നേറ്റവും സാധാരണക്കാർ അനുഭവിക്കുന്ന സന്തോഷവും മനസ്സിലാക്കാൻ കഴിയുന്നതാണ്. 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പോലും നിയോലിബറൽ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് കൂച്ചുവിലങ്ങിടാൻവേണ്ടി ഉണ്ടാക്കിയ നിയമമാണ്. യൂറോപ്യൻ യൂണിയൻ ഈ നിയമം പാസ്സാക്കിയതിന്റെ പേരിൽ 2013-ൽ ഇന്ത്യയിൽ പാസ്സാക്കുകയും സംസ്ഥാനവും അത് പാസ്സാക്കാൻ നിർബന്ധിതമാകുകയും ചെയ്യുന്നു. അത്തരത്തിൽ സംസ്ഥാനങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന നയമാണത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇപ്പോഴും രാജഭരണ കാലത്തിന്റെ കാഴ്ചപ്പാടിൽ ഈ ജനാധിപത്യ ഗവണ്മെന്റ് പോകണം എന്നാണോ പറയുന്നത്? രാജഭരണ കാലത്ത് ആഭ്യന്തര സുരക്ഷിതത്വവും ജയിലും പട്ടാളവും പോലീസുമൊക്കെ മാത്രമായിരുന്നു ഗവണ്മെന്റിന്റെ കാഴ്ചപ്പാട്. രാജഭരണ കാലത്ത് ജനങ്ങളുടെ ആവശ്യങ്ങളെല്ലാം ഔദാര്യം പോലെയായിരുന്നു കൊടുത്തിരുന്നത്. എന്നാൽ ജനാധിപത്യ സംവിധാനത്തിൽ ഇതെല്ലാം അവകാശമാണ്. പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയെല്ലാം അവകാശമാണ്. അത് ഉറപ്പാക്കിക്കൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് നയപരമായ ഇടപെടൽ നടത്തുന്നത്. കോൺഗ്രസ് ആരംഭിച്ച പുതിയ സാമ്പത്തിക നയങ്ങൾ കേന്ദ്രം ഭരിക്കുന്ന നരേന്ദ്ര മോദി ഗവണ്മെന്റ് പിന്തുടരുന്നതിന്റെ ഫലമായി രാജ്യത്തുണ്ടാകുന്ന അസമത്വ വൈറസുകൾ നിങ്ങൾ കാണുന്നില്ലേ? കേരളം അതിൽനിന്ന് വ്യത്യസ്തമായി നിൽക്കുകയാണ്. കടം ഒരു ബാദ്ധ്യതയല്ല. അത് ഒരു സാമൂഹ്യ ഇടപെടലാണ്. പ്രതിസന്ധി കാലത്ത് കേരളം പട്ടിണിയില്ലാതെ മുന്നോട്ട് പോയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ സാമൂഹ്യ ഇടപെടലിന്റെ ഭാഗമായാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇന്ന് ഇന്ത്യയിൽ ഒരു അസമത്വ വൈറസ് നിലനിൽക്കുന്നു. അതിനെതിരായിട്ടുള്ള പോരാട്ടമാണ് കേരളത്തിൽ

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സാമ്പത്തിക പരിമിതികള്ളിൽനിന്നുകൊണ്ട് നടത്തുന്നത്. അതിന്റെ വിശദാംശങ്ങളൊക്കെ കണക്ക് മുൻനിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലുണ്ടാകും. രാജ്യത്തെ ശതകോടീശ്വരന്മാർ ഉണ്ടാക്കുന്ന പണത്തിന്റെ അളവ്, സമ്പത്ത് ഒരു ഭാഗത്ത് കേന്ദ്രീകരിക്കുകയാണ്. ഓക്സ് ഫാമിന്റെ കണക്കനുസരിച്ച്, 2020 മാർച്ചിനുശേഷം ഇന്ത്യയിൽ നൂറ് ശതകോടീശ്വരന്മാർ, അവരുടെ സമ്പത്തിൽ പതിമൂന്ന് ലക്ഷം കോടി രൂപയുടെ വർദ്ധനവുണ്ടാക്കി. ഒരു കുഞ്ഞ് ജനിക്കുമ്പോൾ ഒരു ലക്ഷം രൂപ ബാദ്ധ്യതയിലേയ്ക്ക് കേരളം പോകുമെന്ന് ഇവിടെ പറഞ്ഞല്ലോ. ഇതെന്താണ് കാണാത്തത്? ഈ പതിമൂന്ന് ലക്ഷം കോടി രൂപയുണ്ടെങ്കിൽ 138 കോടി ജനങ്ങൾക്കും 95,000 രൂപ വീതം ബാങ്കിലിട്ടുകൊടുക്കാൻ കഴിയും. 2020-നുശേഷം നമ്മുടെ പുതിയ സാമ്പത്തിക നയത്തിന്റെ പേരിലുള്ള സ്വകാര്യവല്ക്കരണ, ഉദാരവല്ക്കരണ നയങ്ങളുടെ ഫലമായി രാജ്യത്ത് ശതകോടീശ്വരന്മാർ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതാണ് ഒരു ഭാഗത്ത് നടക്കുന്നത്. കേരളം അതിന് ഒരു ബദലുണ്ടാക്കുകയാണ്. സാധാരണക്കാരന്റെ ജീവിത മുന്നേറ്റത്തിനുവേണ്ടിയുള്ള ഒരു വലിയ പരിശ്രമമാണ് കേരളത്തിൽ നടക്കുന്നത്. കടം വാങ്ങി ചെലവഴിക്കുകയാണ്. നമ്മൾ വീട് വയ്ക്കുന്നതും വണ്ടി വാങ്ങുന്നതുമെങ്ങനെയാണ്? അത് വ്യക്തിപരമാണെങ്കിൽ ഇത് ഒരു സമൂഹത്തിന്റെ ഭാഗമായി ഗവൺമെന്റ് ചെയ്യുന്നതാണ്. ഇന്ത്യയിൽ മറ്റൊരു കണക്ക് പരിശോധിക്കുമ്പോൾ, പത്ത് വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് ചെലവാക്കേണ്ടിയിരുന്ന പണമാണ് ഈ മഹാമാരിയുടെ കാലത്ത് പതിനൊന്ന് ശതകോടീശ്വരന്മാർ ഇന്ത്യയെ കൊള്ളയടിച്ച് ഉണ്ടാക്കിയിട്ടുള്ളത്. ഇതാണ് രാജ്യത്ത് നടക്കുന്നത്. അതിന് ബദലാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇത്തരത്തിലുള്ള സാമ്പത്തിക സമീപനത്തിന്റെ ഭാഗമായി നടത്തുന്നത്. അത് കാണാനുള്ള മനസ്സും രാഷ്ട്രീയമായ ഇച്ഛാശക്തിയും യു.ഡി.എഫ്.-നുണ്ടാകണം. സമൂഹത്തിന്റെ അടിത്തട്ടിലുള്ള പാവപ്പെട്ട ജനങ്ങളെ കാണണം. ഒരു ജനാധിപത്യ ഗവൺമെന്റ് ഏത് തീരുമാനമെടുക്കുന്നതും ആ രാജ്യത്ത് അധിവസിക്കുന്ന ഏറ്റവും പാവപ്പെട്ടവന്റെ മുഖം കണ്ടുകൊണ്ടാവുമ്പോഴാണ് അത് യഥാർത്ഥ ജനാധിപത്യ ഗവൺമെന്റാകുന്നതെന്ന ഇടതുപക്ഷ സമീപനമാണ് ഈ ഗവൺമെന്റ് പുലർത്തുന്നത്. അത് കാണാൻ കഴിയാതെ എന്തിനെയും കണ്ണടച്ച് ഇരുട്ടാക്കി ആക്ഷേപിക്കുന്ന രീതിയിൽ ഈ സാമ്പത്തിക സമീപനത്തെ കാണുന്നത് ശരിയല്ല എന്നൊരു വിമർശനമാണുള്ളത്. സമയപരിമിതികൊണ്ട് മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

12 noon]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ചർച്ച പൂർത്തീകരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. മൂന്ന് ബില്ലുകൾ പാസ്സാക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. കാരണം 2021-ൽ പാസ്സാക്കിയ ഓർഡിനൻസുകളാണ്, അത് ബില്ലായി മാറണം. ചരക്ക് സേവന നികുതിക്ക് കേന്ദ്ര ഗവണ്മെന്റ് ജി.എസ്.ടി. കൗൺസിലിൽ കൊണ്ടുവരുന്ന മാറ്റങ്ങൾ കാലാകാലങ്ങളിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്, അതുൾപ്പെടുത്തണം. അത് ഇപ്പോൾത്തന്നെ നടപ്പിലായതാണ്, അതംഗീകരിക്കണം. രണ്ടാമത്, ഏറ്റവും പ്രധാനപ്പെട്ട കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിൽ സെയിൽസ് ടാക്സിൽ ഉണ്ടാക്കിയ ചില റേറ്റുകളുടെ ഷെഡ്യൂളിലെ വ്യത്യാസമാണ്. അത് നടപ്പിലായിക്കൊണ്ടിരിക്കുന്നതാണ്, അതും ഇപ്പോൾ നിയമമാക്കി പാസ്സാക്കണം. കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ, കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടുതന്നെ സംസ്ഥാനം ചെയ്യുന്നതാണ്. ഈ കോവിഡുകാലത്ത് ആദ്യത്തെ വർഷം അഞ്ച് ശതമാനം വർദ്ധിപ്പിച്ചു. അതിനുമുമ്പ് ആയിരത്തിനാനൂറ്റിചില്ല്വാനം കോടി രൂപ കടം എടുക്കാൻ സാധിച്ചു. അത് റാറ്റിഫൈ ചെയ്യാൻ വേണ്ടിയാണ്. ആ പ്രക്രിയയിൽ നിയമപരമായ കാര്യങ്ങൾക്ക് ആർക്കും തടസ്സമില്ല, അത് ചെയ്യേണ്ടതാണ്. ഇവിടെ രാഷ്ട്രീയമായ കുറെ പ്രശ്നങ്ങളാണ് വന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 2021-ലെ Comptroller and Auditor General-ന്റെ മൂന്നാം നമ്പർ റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ നികുതി പിരിവിലുണ്ടായിരിക്കുന്ന ഗുരുതരമായ വീഴ്ചകളെ സംബന്ധിച്ചും റെക്റ്റിഫൈ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. ആ ഓഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടുണ്ടോ? ഞാൻ വിമർശിക്കുകയല്ല, അത് കണ്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആ ശിപാർശകളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ മൂന്ന് ബില്ലുകൾ സംബന്ധിച്ച് ഇവിടെ പൊതുവിൽ രാഷ്ട്രീയമായ ഏറെ കാര്യങ്ങളാണ് വന്നിട്ടുള്ളത്. മുല്ലപ്പെരിയാറും യു.എ.പി.എ.-യും ഉൾപ്പെടെ ധാരാളം കാര്യങ്ങൾ ചർച്ചചെയ്തു. അതിനെല്ലാം സമയം ചെലവഴിച്ചാൽ സമയത്തിനുള്ളിൽ പൂർത്തികരിക്കാൻ

സാധിക്കുകയില്ല. കടം സംബന്ധിച്ച് കഴിഞ്ഞ തവണ വിശദീകരിച്ചതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റും യു.ഡി.എഫ്. ഗവണ്മെന്റും തമ്മിലുള്ള കംപാരിസൺ ഈ സെഷനിൽത്തന്നെ ആദ്യം പറഞ്ഞിരുന്നു. 2006-11 എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ, അതിന്റെ തൊട്ടുമുമ്പുള്ള യു.ഡി.എഫ്. ഗവണ്മെന്റിനെക്കാൾ അറുപത്തിരണ്ട് ശതമാനം വർദ്ധനവാണ് കടത്തിന്റെ കാര്യത്തിൽ ഉണ്ടായത്. 2011-16-ൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആകെ ഉണ്ടായിരുന്ന കടത്തിൽ എഴുപത്തിയാറ് ശതമാനം വർദ്ധനവ് വന്നു. അതിനുശേഷം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അത് എഴുപത് ശതമാനത്തിൽ താഴെയാണ്. ഇന്ത്യയിലെ ആകെയുള്ള കാര്യം പരിശോധിച്ചു നോക്കുമ്പോൾ ഓരോ അഞ്ച് വർഷവും ഏകദേശം എഴുപത് ശതമാനമൊക്കെ കടം വർദ്ധിപ്പിക്കുന്നതായി കാണുന്നു. കേരളത്തിന്റെ കടം കഴിഞ്ഞ വർഷത്തെ കണക്കെടുത്തുനോക്കുമ്പോൾ GSDP (Gross State Domestic Product)-യുടെ മുപ്പത് ശതമാനത്തിനടുത്താണ്. അതേസമയം ഇത് പഞ്ചാബിൽ 35 ശതമാനവും ബീഹാറിലും രാജസ്ഥാനിലും അതിലധികവുമാണുള്ളത്. ഇന്ത്യാ ഗവണ്മെന്റിന്റെ കണക്കെടുത്താൽ 62 ശതമാനമാണ്. ജപ്പാനിൽ 200 ശതമാനത്തിലധികവും അമേരിക്കയിൽ GDP-യുടേത് 150 ശതമാനത്തിലധികവുമാണ്. എന്തായാലും നിയന്ത്രിച്ച് പോകാനാണ് ശ്രമിക്കുന്നത്. കോവിഡ് സാഹചര്യംമൂലമാണ് കൂടുതൽ കടം എടുക്കേണ്ടിവന്നത്. കേരളത്തിൽ മാത്രമാണ് ടാക്സിന്റെ കാര്യത്തിൽ കുറവുവരുന്നതെന്ന് അങ്ങ് പറഞ്ഞു. എന്നാൽ വസ്തുത അതല്ല; കേരളവും തമിഴ്നാടും ആന്ധ്രാപ്രദേശും തെലങ്കാനയും കർണ്ണാടകയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഒരു പൊതുസ്വഭാവമാണുള്ളത്. 2018-19-ൽ 21119, 2019-20-ൽ 20084, 2020-21-ൽ 19277 എന്നിങ്ങനെ നാല് ശതമാനത്തോളം കുറവുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് തമിഴ്നാട് (-8) ശതമാനവും ആന്ധ്രാപ്രദേശ് (-5) ശതമാനവും തെലങ്കാന (-1) ശതമാനവും കർണ്ണാടക (-4.6) ശതമാനവുമാണ് രേഖപ്പെടുത്തുന്നത്. നമ്മളെക്കാൾ അവർക്ക് കുറഞ്ഞുവെന്നതിന് മേനിനടിക്കാനല്ല ഞാൻ പറയുന്നത്. പൊതുവിൽ കുറവുവന്നതിന്റെ പ്രധാനപ്പെട്ട കാരണം ഈ ഘട്ടത്തിലെ ലോക്ഡൗണുകളാണ്. ഇപ്പോൾ ചെറിയ ഇംപ്രൂവ്മെന്റുണ്ട്. ആ ഇംപ്രൂവ്മെന്റ് നമ്മുടെ ധനകാര്യ ആവശ്യങ്ങൾക്ക് മതിയാകില്ല. അങ്ങ് സൂചിപ്പിച്ച Comptroller and Auditor General ചൂണ്ടിക്കാണിച്ച കാര്യം ഗവണ്മെന്റ് വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതല്ലേ? Comptroller and Auditor General പോലുള്ള സംവിധാനങ്ങൾ നമ്മുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ വേണ്ടിയുള്ളതാണ്. തീർച്ചയായും അത്തരം പോരായ്മകൾ തിരുത്താനും ഇടപെടാനുമുള്ള നടപടി ഉണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

കടം എടുക്കുന്നതുകൊണ്ട് മൂലധനനിക്ഷേപം ഉണ്ടാകുന്നുണ്ടോ എന്ന് ഇവിടെ നേരത്തെ ചോദിച്ചു. കഴിഞ്ഞ വർഷം 5 ശതമാനം എടുക്കുമ്പോൾ അതിൽ ഒരു ശതമാനം ചില കണ്ടീഷൻസിന് വിധേയമായിരുന്നു. അതിലുള്ള കണ്ടീഷനിൽ ease of doing business ഉൾപ്പെടെ മൂന്നുനാല് പോയിന്റുകളെക്കുറിച്ചാണ് പറഞ്ഞത്. ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ അര ശതമാനത്തിന്റെ കാര്യത്തിൽ പറഞ്ഞതുപോലെയല്ല, അന്ന് സ്മാർട്ട് മീറ്റർ പോലെയുള്ള കാര്യങ്ങൾ ചെയ്ത് അതിനെ കൊമേഴ്സ്യലി വയബിൾ ആക്കണമായിരുന്നു, അത് നമ്മൾ ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം അഞ്ച് ശതമാനമാണ് കടമെടുക്കാൻ അനുവദിച്ചത്. അതിൽ 4 ശതമാനം നേരിട്ട് തരികയും ഒരു ശതമാനം 4 കണ്ടീഷനുകളുടെ അടിസ്ഥാനത്തിൽ തരികയും ചെയ്തു. 'One Nation One Ration Card, ease of doing business' തുടങ്ങിയ കാര്യങ്ങളാണ് ആ കണ്ടീഷനിൽ പറഞ്ഞിരുന്നത്; അത് ബുദ്ധിമുട്ടില്ലാതെ നടപ്പിലാക്കി. മൂലധന നിക്ഷേപം വേണ്ടത്ര വർദ്ധിക്കുന്നില്ലെന്നാണ് ഇവിടെ വിമർശനം വന്നത്. യഥാർത്ഥത്തിൽ മൂലധന നിക്ഷേപം നന്നായി വർദ്ധിക്കുന്നുണ്ട്. കിഫ്ബിക്ക് പുറത്തുതന്നെ നമുക്കത് ചെയ്യാൻ സാധിക്കുന്നുണ്ട്. കിഫ്ബി കൂടി കണക്കാക്കിയാൽ മൂലധന നിക്ഷേപം യഥാർത്ഥത്തിൽ ഇരട്ടി വരുമെന്നുള്ളത് വസ്തുതയാണ്. ഓരോ സ്ഥലത്തും കിഫ്ബി വഴി ചെയ്തിട്ടുള്ള കാര്യങ്ങൾ നമുക്കറിയാം. 17,000 കോടി രൂപയുടെ ബിൽ ഇതിനകം മാറിയിട്ടുണ്ട്. ലോണിന്റെ കാര്യത്തിൽ മൂലധനനിക്ഷേപം ഒരു വർഷം 12,000 കോടി രൂപയാണെന്നാണ് കേന്ദ്ര ഗവണ്മെന്റ് പറയുന്നത്. അതിനെക്കാൾ കൂടുതൽ കിഫ്ബി വഴി മാത്രം വന്നിട്ടുണ്ട്. കടമെടുക്കുന്നതിന് ആവശ്യമില്ലാത്ത കണ്ടീഷൻസ് വരുന്നതിനെ എതിർക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താലും ഓരോ സംസ്ഥാനത്തിന്റെയും കാര്യം എടുത്ത് പറയുന്നില്ല; ഏത് മാനദണ്ഡമെടുത്താലും ഏറ്റവും ഒടുവിൽ, കോവിഡ് വാക്സിന്റെ കാര്യത്തിലായാലും നമ്മുടെ സ്ഥിതി മെച്ചമാണ്. 18 വയസ്സ് കഴിഞ്ഞവർ ഏകദേശം സമ്പൂർണ്ണമായി കോവിഡ് വാക്സിനേഷനിലേയ്ക്ക് എത്തുന്ന സ്ഥിതിയിലേയ്ക്ക് വന്നില്ലേ; മറ്റ് ചില സംസ്ഥാനങ്ങളിൽ ഇപ്പോഴും 50 ശതമാനത്തിൽ എത്തിയിട്ടില്ലല്ലോ? ആഗോളതലത്തിലുള്ള പട്ടിണിയുമായി ബന്ധപ്പെട്ട് വന്ന റിപ്പോർട്ടിൽ ഇന്ത്യയ്ക്ക് 101-ാം സ്ഥാനമാണ്, 116-ാം സ്ഥാനം സൊമാലിയയ്ക്കാണ്. ആ രാജ്യത്തെ സംബന്ധിച്ച് ഇത് ദയനീയവും സങ്കടകരവുമാണ്. ഇന്ത്യയ്ക്കകത്തുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കൊച്ചുകേരളത്തിൽ അങ്ങനെ പട്ടിണിയും പോഷകാഹാരക്കുറവുമുണ്ടോ? ഇല്ലെന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്നത് Human Development Index-ന്റെ കാര്യത്തിൽ നമ്മൾ ഇവിടെ ചെയ്ത നടപടികളുടെ ഫലമായാണ്. കോവിഡ് മൂലം മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ കൊടുക്കാൻ സുപ്രീംകോടതി വിധി

വന്നിരിക്കുകയാണ്. കേരളത്തിൽ എന്താണ് ചെയ്തത്? അച്ഛനും അമ്മയും നഷ്ടപ്പെട്ട അല്ലെങ്കിൽ വരുമാനമുള്ള ഒരാൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ മൂന്ന് ലക്ഷം രൂപ സഹായം നൽകുന്ന പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിരുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട bread earner നഷ്ടപ്പെട്ട കുടുംബത്തിന് 5,000 രൂപ വച്ച് മൂന്ന് വർഷത്തേയ്ക്ക് പെൻഷൻ നൽകുന്നത് ഈ ലോകത്ത് ഇവിടെ മാത്രമേയുള്ളൂ. ഇതെല്ലാം പരിമിതിക്ക് അകത്തുനിന്നുകൊണ്ടാണ് ചെയ്യുന്നത്. ശ്രീ. പി. കെ. ബഷീർ, താങ്കൾ കാനഡയിലെ കാര്യം പറഞ്ഞോളൂ. ഇന്ത്യ പോലൊരു രാജ്യത്ത് ഇതുപോലൊരു സംവിധാനം നല്ലതാണെന്നെങ്കിലും അംഗീകരിച്ചുകൂടേ? കഴിഞ്ഞ ദിവസം 47000 ലാപ്ടോപ്പുകളാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കാൻ തീരുമാനിച്ചത്; അത് കൊടുത്തു കൊണ്ടിരിക്കുകയല്ലേ? കേരളത്തിൽ 95 ശതമാനം വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ കിട്ടിയില്ലേ; ഇതിന്റെ ഭാഗമായി ബാദ്ധ്യതയും കടവും വർദ്ധിക്കുന്നുണ്ട്. ഹയർ സെക്കണ്ടറി സീറ്റ് വർദ്ധനവ് സംബന്ധിച്ച് കഴിഞ്ഞ ദിവസം എല്ലാവരുംകൂടി ചർച്ച ചെയ്തതല്ലേ? അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത വരുന്ന കാര്യമായിട്ടും അത് ചെയ്തില്ലേ? കേരളത്തിന്റെ സാമ്പത്തികസ്ഥിതി മറ്റെല്ലാ സംസ്ഥാനങ്ങളെയുംപോലെ ബുദ്ധിമുട്ടിൽക്കൂടിയാണ് കടന്നുപോകുന്നത്. എല്ലാം സുരക്ഷിതമാണെന്ന് ഞാൻ പറയുന്നില്ല. കേന്ദ്ര ഗവണ്മെന്റ് നയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും പറഞ്ഞു കൊണ്ടിരിക്കുന്നത് അതാണ്. ഇന്ന് ഉച്ചകഴിഞ്ഞ് ജി.എസ്.ടി. കൗൺസിലുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ഒരു യോഗമുണ്ട്. ഇന്ത്യയിൽ സംസ്ഥാനങ്ങളുടെ നികുതി വരുമാനം വലിയ തോതിൽ കുറയുന്നുവെന്ന വിമർശനമുണ്ട്. 7 ലക്ഷം കോടിയോളം രൂപ ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ നഷ്ടം വന്ന സ്കീമിനെക്കുറിച്ച് നേരത്തെ പറഞ്ഞു. 7 ലക്ഷം കോടി രൂപ മാത്രമല്ല, ജി.എസ്.ടി. നടപ്പിലാകുമ്പോൾ revenue neutral rate എന്നുപറയുന്ന കണ്ടീഷൻ അംഗീകരിച്ചു. അതനുസരിച്ച് 16 ശതമാനമായിരുന്നു ടാക്സ്. അതിനുമുമ്പുള്ള ടാക്സിനെക്കാളും കുറഞ്ഞു. നേരത്തെ സംസ്ഥാനത്തിന്റെ ടാക്സ് 14 ശതമാനവും കേന്ദ്രത്തിന്റേത് 28 ശതമാനവുമായിരുന്നു. 16 ശതമാനമാണ് പൊതുവിൽ അംഗീകരിച്ചത്. ആ ടാക്സ് റേറ്റ് നടപ്പിലാക്കി, ഇപ്പോൾ കേന്ദ്ര ഗവണ്മെന്റ് അതിൽ പരിഷ്കാരങ്ങൾ കൊണ്ടുവന്ന് 11.3 ശതമാനമായി. 11.3 ശതമാനം ആകുമ്പോൾ ജനങ്ങൾക്ക് ഗുണം കിട്ടുമെങ്കിൽ പരാതിയില്ല. അത് ജനങ്ങൾക്ക് ഗുണം കിട്ടിയില്ലെന്ന് മാത്രമല്ല, കോർപ്പറേറ്റുകളുടെ ലാഭം വലിയ തോതിൽ വർദ്ധിക്കുന്നുവെന്നുള്ള കണക്കുമുണ്ട്. ഞങ്ങൾ ഇന്നത്തെ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിനായി ചില ഡീറ്റെയിൽസ് എടുത്തപ്പോൾ നിരവധി ഉല്പന്നങ്ങൾക്ക് ടാക്സ് കുറച്ചിട്ടും വില കൂടിയിരിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടിയില്ലെന്ന് പറഞ്ഞു. അതിന്റെ anti-profiteering എന്ന സെക്ഷൻ നിങ്ങൾ എന്തുകൊണ്ട് ഇനിഷ്യേറ്റ് ചെയ്യുന്നില്ല. അത് സർക്കാരുകളുടെ പരാജയമല്ലേ? ജി.എസ്.ടി.-യുടെ കുഴപ്പമാണെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, Anti-profiteering committee തന്നെ വേണ്ടായെന്നുള്ള പ്രൊപ്പോസലാണ് ഇപ്പോൾ കേന്ദ്ര ഗവണ്മെന്റ് വച്ചിരിക്കുന്നത്. ഞങ്ങൾ അതംഗീകരിക്കുന്നില്ല. Anti- profiteering വച്ച് കൈകാര്യം ചെയ്യുന്നതുൾപ്പെടെ ഇപ്പോൾ ചെയ്യുന്നില്ല. നിങ്ങൾ കുറഞ്ഞപക്ഷം കോൺഗ്രസ്സിന്റെ പ്രവർത്തക സമിതി അംഗീകരിച്ച ആ പ്രമേയത്തിൽ ഉറച്ചുനിൽക്കുമോയെന്നാണ് എനിക്കറിയേണ്ടത്. കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക രംഗത്തുള്ള നയത്തെപ്പറ്റി കോൺഗ്രസ്സിന്റെ പ്രവർത്തക സമിതി പറഞ്ഞു. അതിൽ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുന്നത് കൊള്ളയടിയാണ്, അത് നിർത്തണം. അതിൽ ശതമാനം ഉൾപ്പെടെ പറഞ്ഞിട്ടുണ്ട്. നമ്മൾ നേരത്തെ ജി.എസ്.ടി.-യുടെ കാര്യവും തർക്കവുമൊക്കെ പറഞ്ഞതാണ്. അതിൽ 270 ശതമാനം ടാക്സ് കൂടിയെന്ന കണക്ക് വച്ചാണ് പ്രവർത്തക സമിതി പറഞ്ഞത്. ജി.എസ്.ടി.-യിൽ ആറേഴ് ലക്ഷം കോടി രൂപ അധികം പിരിക്കുന്നത് നിർത്തണം. രണ്ടാമത്തെ കാര്യം, National Monetisation Pipeline (NMP) ആണ്. എന്നുപറഞ്ഞാൽ ഇന്ത്യയിലെ 6 ലക്ഷം കോടി രൂപയുടെ അസറ്റ് - 26,000 കി. മീറ്റർ നാഷണൽ ഹൈവേ, എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകളൊക്കെ വിറ്റ് പണം വാങ്ങിക്കുകയാണ്. ഇത് രാജ്യത്തെ കേന്ദ്ര ഗവണ്മെന്റ് ആകെ പാപ്പരായതുകൊണ്ടാണ്. ഇത് ഇവരുടെ പുതിയ സാമ്പത്തിക നയമല്ലെന്ന് പറഞ്ഞു. അതുകൊണ്ട് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിതന്നെ കഴിഞ്ഞ ദിവസം ഇക്കാര്യം പറഞ്ഞു. ഇതേ അഭിപ്രായം നമ്മളെല്ലാവരും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഇന്ത്യയിലെ ബി.ജെ.പി. ഗവണ്മെന്റ് അങ്ങേയറ്റം പാപ്പരായിരിക്കുകയാണെന്ന് മാത്രമല്ല സംസ്ഥാനങ്ങളെയുംകൂടി പാപ്പരാക്കിക്കൊണ്ടിരിക്കുകയാണ്. ടാക്സ് കുറച്ചതിന്റെ ഭാഗമായി സംസ്ഥാന ഗവണ്മെന്റിന് ഒരു വർഷം 12,000-13,000 കോടി രൂപയുടെയെങ്കിലും കുറവ് വരും. 6 ലക്ഷം കോടിയോളം രൂപ കുറഞ്ഞിട്ടുള്ളതിന് കണക്കുകളുണ്ട്. ഇക്കാര്യങ്ങൾ കൃത്യമായി നടപ്പാക്കാത്തതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് ലഭിക്കേണ്ട 1,80,000 കോടി രൂപയും കുറഞ്ഞു. ഈ കുറവുവരുന്നതെല്ലാം അഡ്ജസ്റ്റ്

ചെയ്യാൻവേണ്ടിയാണ് anti-profiteering ഒഴിവാക്കിയപ്പോൾ 6 ലക്ഷം കോടി രൂപയുടെ അസറ്റ് വിൽക്കാൻ അവർ തീരുമാനിച്ചത്. ഇങ്ങനെ ഒരു നിലപാട് എടുക്കുന്നതുകൊണ്ട് സംസ്ഥാനങ്ങൾ ആകെ ബുദ്ധിമുട്ടിലാണ്. കഴിഞ്ഞ യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളും അതിശക്തമായി വിമർശനം ഉന്നയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഈ സാമ്പത്തിക നയം ആകെ ഗുണമുണ്ടാക്കുന്നത് വൻകിട കോർപ്പറേറ്റ് കമ്പനികൾക്കാണെന്നുള്ള കാര്യത്തിൽ കണക്ക് വന്നിരിക്കുന്നു. അതുകൊണ്ടാണ് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിപോലും ഇക്കാര്യം പറഞ്ഞുവെന്ന് ഞാൻ എടുത്തുപറഞ്ഞത്. ഈ നയത്തിനെതിരായി നമ്മൾ പോരാടി. യഥാർത്ഥത്തിൽ കടം കയറുകയും നമുക്കാവശ്യമായ പണം കിട്ടാതെ വരികയും ചെയ്യുന്നു. നമ്മുടെ ടാക്സ്നെറ്റിൽനിന്നും ആളുകൾ പോകുന്നു. ടാക്സ് നിയമത്തിൽ പറ്റിക്കാൻ ഒരുപാട് വകുപ്പുകളുണ്ട്. കേരളത്തിലെ ആരുടെയോ പേരിൽ ഒരു ലൈസൻസ് എടുത്തിട്ട് കർണ്ണാടകത്തിൽനിന്ന് അടയ്ക്ക അയയ്ക്കുന്നു, എന്നിട്ട് ഇൻപുട്ട് ടാക്സ് ഇയാളുടെ പേരിലാണ് കളക്ട് ചെയ്യാൻ വരുന്നത്. സങ്കീർണ്ണമാണ് കാര്യങ്ങൾ. ഇയാൾക്ക് ഇക്കാര്യത്തെപ്പറ്റി അറിയില്ല. നമ്മളിത് കണ്ടുപിടിച്ചിട്ടുണ്ട്. ഒരെണ്ണത്തിന് നമ്മൾ കേസ്സെടുത്തു. ഇവിടെനിന്നും പോയി കർണ്ണാടകക്കാരെ അറസ്റ്റ് ചെയ്തു. 10 കോടി രൂപയുടെ കേസ്സാണ്. ഇതുപോലെ പെരുമ്പാവൂരിൽനിന്നും പോകുന്ന പ്ലൈവുഡിന്റെ പേരിൽ തമിഴ്നാടിലെ അഡ്രസ്സെടുത്തുപോകുന്ന കള്ള ലോബിയുണ്ട്. ഈ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി കുറേ പ്രശ്നങ്ങളുണ്ട്, സംസ്ഥാനസർക്കാർ അതിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ചും ഇപ്പോൾ ഒരു പുതിയ കമ്മിറ്റിവച്ചിട്ടുണ്ട്. ജി.എസ്.ടി. സമ്പ്രദായത്തിൽ കുറച്ചുകൂടി മാറ്റങ്ങൾ വേണം. അതുസംബന്ധിച്ച് ചർച്ചകൾ നടക്കുകയും ഫയലാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിംഗിലും മറ്റും കുറച്ചുകൂടി സയന്റിഫിക്കായ രീതി വേണം. അത് കേരളത്തിന്റെ പൊതുതാൽപര്യമാണ്. ഒരൊറ്റ പൈസയും ടാക്സിന്റെ കാര്യത്തിൽ വെട്ടിക്കാൻ സമ്മതിക്കാത്ത തരത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകണമെന്നതിൽ യാതൊരു സംശയവുമില്ല. ഡിലേയുടെയും പ്രശ്നമില്ല. അതിൽ കുറേ റീ-സ്ട്രക്ച്ചറിംഗ് നടത്തിയിട്ടുണ്ട്, അത് കൃത്യമായി പാലിച്ച് മുന്നോട്ടുപോകും. ഇവിടെ പറഞ്ഞ മറ്റ് രാഷ്ട്രീയ കാര്യങ്ങളെപ്പറ്റി ഞാനെടുത്ത് പറയുന്നില്ല. പക്ഷെ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പണം എങ്ങനെയെങ്കിലും ചെലവാക്കാൻ പറ്റുമോ? ഞങ്ങളേക്കാൾ എത്രയോ അനുഭവപരിചയവും ഭരണപരിചയവും അങ്ങേയ്ക്കുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നിട്ടല്ലാതെ ഈ പണം മാറ്റാൻ പറ്റുമോ;

കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നിട്ട് വിവിധ പദ്ധതികളുടെ പേരിൽ കൃത്യമായി പോകുന്ന തരത്തിലല്ലാതെ കാര്യങ്ങൾ ചെയ്യാൻ പറ്റില്ല. ഇതിന് കൃത്യമായ മോണിറ്ററിംഗുണ്ട്. അതുപോലെ കിഫ്ബിയുടെ കാര്യത്തിൽ രാഷ്ട്രീയ താൽപര്യത്തോടുകൂടി എന്തെങ്കിലും മാറ്റിയും മറിച്ചും വച്ചിട്ടുണ്ടോ; അങ്ങനെയൊന്നുമില്ല. കിഫ്ബിയുടെ കാര്യത്തിൽ പരമാവധി കാര്യങ്ങൾ ചെയ്യുകയെന്നതാണ് ലക്ഷ്യം. അങ്ങ് പറഞ്ഞ മണ്ണാർക്കാട് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് എനിക്കറിയാം. അക്കാര്യം സംസാരിച്ചതാണ്. അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കിഫ്ബിയുടെ മാനദണ്ഡമനുസരിച്ചുള്ള വീതിയുണ്ടാകില്ല. ഭൂമി ഏറ്റെടുക്കുന്നതിന് സമയമെടുക്കും. 50 കോടി രൂപയെന്ന് പറഞ്ഞ് പോകുമ്പോൾ 150 കോടി രൂപയാകും, ലാൻഡ് കിട്ടില്ല. ഇങ്ങനെയുള്ള സ്ഥലത്ത് പ്രായോഗികമായി റോഡുകൾ വൃത്തിയാക്കാനുള്ള സ്കീമുണ്ടാക്കണമെന്ന് ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് പ്രായോഗികമാകില്ല. അക്കാര്യം അവർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള കേസ്സുകൾ ഉൾപ്പെടെ വച്ചുകൊണ്ട് പ്രായോഗികമായ ഒരു സമീപനമെടുക്കുന്ന കാര്യം സംസാരിച്ചിട്ടുണ്ട്. കിഫ്ബിയുടെ കാര്യത്തിൽ പ്രായോഗികമായി അത്തരം കാര്യങ്ങളെല്ലാം ചെയ്യാം.

Unlawful Activities (Prevention) Act (UAPA) കേസ്സും National Investigation Agency (NIA)-യുടെ കേസ്സുമൊക്കെ നേരത്തെ പറഞ്ഞു. അലന്റെയും താഹയുടെയും കേസ് സമയമില്ലാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. അന്ന് അടിയന്തരപ്രമേയത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്ത മറുപടിയും അന്നത്തെ പോലീസിന്റെ രേഖയുമുണ്ട്. നിയമമനുസരിച്ച് കേന്ദ്ര ഗവണ്മെന്റ് ഏജൻസിയെടുത്താൽ കേസ് വിട്ടുകൊടുക്കേണ്ടി വരും, അതിൽ അതിന്റേതായ പ്രശ്നങ്ങളുണ്ട്. ഞങ്ങളുടെ സമീപനം, പൊളിറ്റിക്കലി അത്തരം ഏകാധിപത്യ നിലപാടിനെതിരാണ്. ഇക്കാര്യം വന്നപ്പോൾ ദിവംഗതനായ വർക്കല രാധാകൃഷ്ണനെക്കൂടി സ്മരിക്കാതിരിക്കാൻ കഴിയില്ല. മുംബൈ ഭീകരാക്രമണം നടന്നപ്പോൾ യു.പി.എ. സർക്കാർ ആയിരുന്നു. എൻ.ഐ.എ. നിയമം വന്നപ്പോൾ ആഭ്യന്തര വകുപ്പിലെ ക്രമസമാധാനപാലനത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശം കേന്ദ്രത്തിന് വിട്ടുകൊടുക്കുന്നത് ശരിയല്ലെന്ന അതിശക്തമായ സമീപനമാണ് അദ്ദേഹമെടുത്തത്. അവസാനം പൊളിറ്റിക്കലി ഞങ്ങൾ തീരുമാനിച്ചു. മുംബൈ ആക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നിയമം വന്നത്. അത്തരം നിയമങ്ങളെ കേന്ദ്ര ഗവണ്മെന്റ് ദുരുപയോഗപ്പെടുത്തുന്നുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഞങ്ങളുടെ പൊളിറ്റിക്കൽ സമീപനമിതാണ്. അതുസംബന്ധിച്ച് കേരളത്തിന്റെ നിലപാട് വളരെ വിശദമായി പറഞ്ഞു. ഞങ്ങൾക്ക് കൃത്യമായ സ്റ്റാൻഡുണ്ട്. അതിൽ ഒരു തെറ്റായ സമീപനം ഞങ്ങളുടെ ഭാഗത്തുനിന്നും വന്നിട്ടില്ല.

മുല്ലപ്പെരിയാറിന്റെ കാര്യവും ഇവിടെ പറഞ്ഞു. തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ പറഞ്ഞുകൊണ്ടാണ് പറയുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെയും സുപ്രീം കോടതിയുടെയും മുന്നിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇടപെട്ടിട്ടുള്ളതാണ്. എന്നും ഇടതുപക്ഷം അങ്ങനെയാണ് ഇടപെട്ടിട്ടുള്ളത്. ഇപ്പോഴും അതേ സമീപനം തന്നെയാണ്. അതുതന്നെയാണ് മുഖ്യമന്ത്രിയും പറഞ്ഞത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ക്ലോസ് ബൈ ക്ലോസ്സായി പരിഗണിച്ച് എത്രയും പെട്ടെന്ന് ഇത് പൂർത്തീകരിക്കണം. ഈ മൂന്ന് ബില്ലുകളും പാസ്സാക്കിത്തരണമെന്ന് വിനയത്തോടുകൂടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ:

അനുകൂലിക്കുന്നവർ ... ... ... ...

പ്രതികൂലിക്കുന്നവർ .. ... ... ...

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ, 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. നന്ദകുമാർ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ:

അനുകൂലിക്കുന്നവർ ... ... ... ...

പ്രതികൂലിക്കുന്നവർ .. ... ... ...

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ :

അനുകൂലിക്കുന്നവർ ... ... ... ...

പ്രതികൂലിക്കുന്നവർ .. ... ... ...

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri P. Abdul Hameed: Sir, I move the following amendment:

165. In Clause 2, after the words and figure "In section 2" the symbol " ," shall be inserted.

Smt. K. K. Rema : Sir, I move the following amendment:

166. In Clause 2, for the word "clause" the words and symbol " sub-section" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri Kurukkoli Moideen: Sir, I move the following amendments:

171. In the explanation to Section 10 (1) proposed to be inserted in the principal Act by clause 3(1) for the word " determining" the word " deciding" shall be substituted.

229. In section 10(2A)(d) proposed to be inserted in the principal Act by Clause 3(3) for the word " notified" the word " declared" shall be substituted.

Shri A. K. M. Ashraf : Sir, I move the following amendments:

175. In the explanation to Section 10 (1) proposed to be inserted in the principal Act by clause 3(1) the words " in the State" shall be deleted.

232. In section 10(2A)(d) proposed to be inserted in the principal Act by Clause 3(3) for the word " notified" the word " decided" shall be substituted.

Shri Shafi Parambil: Sir, I move the following amendments:

181. The explanation to section 10(1) proposed to be inserted in the principal Act by Clause 3(1), shall be recast as follows:

" Explanation.-For the purposes of second proviso, the value of exempt supplies of services provided by way of deposits or loans or advances extended with interest or discount as the consideration shall not be considered as part of the aggregate turnover for determining eligibility into the scheme."

211. In section 10(2A)(a) proposed to be inserted in the principal Act by Clause 3(3), for the word " engaged" the word " involved" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendments:

182. The explanation to section 10(1) proposed to be inserted in the principal Act by Clause 3(1), shall be recast as follows:

" Explanation.-For the purposes of second proviso, the value of exempt supplies of services provided by way of deposits or loans or advances with interest or discount as the consideration shall not be considered as part of the aggregate turnover for determining eligibility into the scheme."

227. In section 10(2A)(d) proposed to be inserted in the principal Act by Clause 3(3), for the words " such services" the words " any other mixed suppliers" shall be substituted.

Shri M. Vincent : Sir, I move the following amendment:

189. In section 10(2)(e) proposed to be amended in the principal Act by Clause 3(2)(ii) shall be recast as follows:

" (ii) in Clause (e) for the words and symbol " Council; and" the words and symbol " Council, and" shall be substituted."

Smt. K. K. Rema : Sir, I move the following amendments:

190. In section 10(2)(e) proposed to be amended in the principal Act by Clause 3(2)(ii) :

(i) after the word " word" the words " and symbol" shall be inserted.

(ii) after the word " words" the words " and symbol" shall be inserted.

191. In the section 10(2)(e) proposed to be amended in the principal Act by Clause 3(2)(ii) :

(i) before the words " Council;and" the words " Goods and Services Tax" shall be inserted.

(ii) in the words " Council;and" after the word " Council" words and symbols " (hereinafter referred as council)" shall be inserted.

225. In section 10(2A) (d) proposed to be inserted in the principal Act by Clause 3(3), after the word " or" the word " a" shall be inserted.

235. In section 10(3) proposed to be amended in the principal Act by Clause 3(4) after the word and symbol " words," , wherever they occur, the word and symbol " symbol," shall be inserted.

236. In section 10(4) proposed to be amended in the principal Act by Clause 3(5) after the word and symbol " words," , wherever they occur, the word and symbol " symbol," shall be inserted.

237. In section 10(5) proposed to be amended in the principal Act by Clause 3(6) for the word and symbol ' words,' wherever they occur, the word and symbol ' symbol,' shall be inserted.

238. In the Explanation 1 after the section 10(5) proposed to be inserted in the principal Act by Clause 3(7) for the word ' purposes' the word ' purpose' shall be substituted.

255. In the Explanation 2 after section 10(5) proposed to be inserted in the principal Act by Clause 3(7) for the word " purposes" the word " purpose" shall be substituted.

Shri N. Samsudheen : Sir, I move the following amendments:

192. Clause 3(2)(iii) shall be deleted.

200. In section 10 (2A) proposed to be inserted in the principal Act by Clause 3(3) for the words " three percent" the words " two percent" shall be substituted.

240. In the Explanation 1 after section 10(5) proposed to be inserted in the principal Act by Clause 3(7) for the figure and letters " 1st" the word " first" shall be substituted.

257. In the Explanation 2(i) after section 10(5) proposed to be inserted in the principal Act by Clause 3(7) the word " April" shall be deleted.

Shri P. Abdul Hameed : Sir, I move the following amendments.

195. In section 10(2)(f) proposed to be inserted in the principal Act by Clause 3(2)(iii) after the word " he," the word and symbol " /she" shall be inserted."

196. In section 10(2A) proposed to be inserted in the principal Act by Clause 3(3) for the word " contrary" the word " contradictory" shall be substituted."

234. In section 10(2A)(d) proposed to be inserted in the principal Act by Clause 3(3) for the word " Council" the words " GST Council" shall be substituted.

246. In the Explanation 1 after section 10(5) proposed to be inserted in the principal Act by Clause 3(7) for the number and letters " 1st" , the number and letters " $1^{st}$" shall be substituted.

Shri Ramesh Chennithala: Sir, I move the following amendment:

213. In section 10(2A)(a) proposed to be inserted in the principal Act by Clause 3(3), for the words " engaged in" the words " running any business which is involved in" shall be substituted.

Dr. Mathew Kuzhalnadan : Sir, I move the following amendments:

214. In section 10(2A)(a) proposed to be inserted in the principal Act by Clause 3(3), after the words " leviable to tax under this Act" the words " in the State" shall be inserted.

216. Section 10(2A)(a) proposed to be inserted in the principal Act by Clause 3(3), shall be recast as follows:

" [a] engaged in making any supply of goods or services for which no tax can be levied under this Act;"

Shri Saneeshkumar Joseph: Sir, I move the following amendments:

220. In section 10(2A) (b) proposed to be inserted in the principal Act by Clause 3(3), for the words " engaged in" the words " running any business which is involved in" shall be substituted.

252. The explanation 1 after section 10(5) proposed to be inserted in the principal Act by Clause 3(7), shall be recast as follows:

" Explanation 1- For the purposes of computing aggregate turnover of a person for determining his eligibility to pay tax under this section, value of exempt supplies of services provided by way of deposits or loans or advances extended with interest or discount of the consideration, and any supplies made from 1st April of the Year till the date the taxpayer becomes liable for registration, shall not be taken into account."

Shri K. Babu (Thripoonithura): Sir, I move the following amendment:

222. In section 10(2A) (c) proposed to be inserted in the principal Act by Clause 3(3), for the word " engaged" the word " involved" shall be substituted.

Shri T. V. Ibrahim : Sir, I move the following amendment:

223. In section 10(2A) (c) proposed to be inserted in the principal Act by Clause 3(3), for the word " electronic" the word " online" shall be substituted.

Shri T. J. Vinod : Sir, I move the following amendment:

233. In section 10(2A)(d) proposed to be inserted in the principal Act by Clause 3(3) before the word " Government" the word " State" shall be inserted.

മി. സ്പീക്കർ: 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്ക് തുല്യവും 176-ാം നമ്പർ ഭേദഗതി 175-ാം നമ്പർ ഭേദഗതിക്ക് തുല്യവും 183-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്ക് തുല്യവും 193, 194 എന്നീ നമ്പർ ഭേദഗതികൾ 192-ാം നമ്പർ ഭേദഗതിക്ക് തുല്യവും 199-ാം നമ്പർ ഭേദഗതി 200-ാം നമ്പർ

ഭേദഗതിക്ക് തുല്യവും 212-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്ക് തുല്യവും 217-ാം നമ്പർ ഭേദഗതി 216-ാം നമ്പർ ഭേദഗതിക്ക് തുല്യവും, 221-ാം നമ്പർ ഭേദഗതി 220-ാം നമ്പർ ഭേദഗതിക്ക് തുല്യവും 224-ാം നമ്പർ ഭേദഗതി 223-ാം നമ്പർ ഭേദഗതിക്ക് തുല്യവും 226-ാം നമ്പർ ഭേദഗതി 227-ാം നമ്പർ ഭേദഗതിക്ക് തുല്യവും 228, 230 എന്നീ നമ്പർ ഭേദഗതികൾ 229-ാം നമ്പർ ഭേദഗതിക്ക് തുല്യവും 231-ാം നമ്പർ ഭേദഗതി 232-ാം നമ്പർ ഭേദഗതിക്ക് തുല്യവും 241, 242 എന്നീ നമ്പർ ഭേദഗതികൾ 240-ാം നമ്പർ ഭേദഗതിക്ക് തുല്യവും 243, 244, 245 എന്നീ നമ്പർ ഭേദഗതികൾ 246-ാം നമ്പർ ഭേദഗതിക്ക് തുല്യവും 253, 254 എന്നീ നമ്പർ ഭേദഗതികൾ 252-ാം നമ്പർ ഭേദഗതിക്ക് തുല്യവും 258-ാം നമ്പർ ഭേദഗതി 257-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 171, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 175, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 181, 211 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 182, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 190, 191, 225, 235, 236, 237, 238, 255 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 192, 200, 240, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 195, 196, 234, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 214, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 220, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri P. Ubaidulla : Sir, I move the following amendment:

261. In the third proviso to section 22 (1) proposed to be inserted in the principal Act by Clause 4,

(i) for the words “ twenty lakh” the words “ twenty five lakh” shall be substituted.

(ii)for the words “ forty lakh” the words “ fifty lakh” shall be substituted.

Shri M. Vincent : Sir, I move the following amendment:

270. The third proviso section 22(1) proposed to be inserted in the principal Act by Clause 4(1) shall be recast as follows:

" Provided also that the government may on the recommendation of the GST Council enhance the aggregate turnover from 20 lakh rupees to such amount not exceeding 40 lakh rupees in case of any supplier subject to such conditions and limitations as may be notified"

Shri Eldose P. Kunnapillil : Sir, I move the following amendment:

274. The third proviso section 22(1) proposed to be inserted in the principal Act by Clause 4 shall be recast as follows:

" Provided also that the government may on the recommendation of the GST Council enhance the aggregate turnover from 20 lakh rupees to such amount not exceeding 40 lakh rupees in case of any supplier who is engaged in the supply of goods or services subject to such conditions and limitations as may be notified.

Shri Saneeshkumar Joseph : Sir, I move the following amendment:

276. The third proviso section 22(1) proposed to be inserted in the principal Act by Clause 4 shall be recast as follows:

" Provided also that the government may on the recommendation of the Council enhance the aggregate turnover from 20 lakh rupees to such amount not exceeding 40 lakh rupees in case of any supplier who is engaged in the supply of goods or services subject to such conditions and limitations as may be notified" .

Shri K. Babu ( Thripoonithura) : Sir, I move the following amendment:

278. The third proviso section 22(1) proposed to be inserted in the principal Act by Clause 4 shall be recasted as follows:

" Provided also that the government may on the recommendation of the GST Council enhance the aggregate turnover from 20 lakh rupees to such amount not exceeding 40 lakh rupees in case of any supplier who is engaged in the supply of goods or services subject to such conditions and limitations as may be notified" .

Shri T. J. Vinod : Sir, I move the following amendment:

280. The explanation to third proviso of section 22(1) proposed to be inserted in the principal Act by Clause 4 shall be deleted.

മി. സ്പീക്കർ : 271-ാം നമ്പർ ഭേദഗതി 270-ാം നമ്പർ ഭേദഗതിക്ക് തുല്യവും 275-ാം നമ്പർ ഭേദഗതി 274-ാം നമ്പർ ഭേദഗതിക്ക് തുല്യവും 277-ാം നമ്പർ ഭേദഗതി 276-ാം നമ്പർ ഭേദഗതിക്ക് തുല്യവും 279-ാം നമ്പർ ഭേദഗതി 278-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. ജെ. വിനോദ് അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

Smt. K. K. Rema : Sir, I move the following amendments:

281. In section 25 (6A) to section 25 (6D) proposed to be inserted in the principal Act by Clause 5, for the words " Aadhaar number" wherever it occurs the words " any of the identity proofs as may be prescribed" shall be substituted.

289. In the first proviso to section 25 (6A) proposed to be inserted in the principal Act by Clause (5), for the words " Aadhaar number" , the words " Identity Proof" shall be substituted.

294. In the second proviso to sub-section 25(6A) proposed to be inserted in the principal Act by Clause 5 the words " or furnish proof of possession of Aadhaar number or furnish alternate and viable means of identification," shall be deleted.

305. In sub-section 25(6C) proposed to be inserted in the principal Act by Clause 5 the word " Karta" shall be deleted.

Shri P. Abdul Hameed: Sir, I move the following amendments.

282. In section 25 (6A) proposed to be inserted in the principal Act by Clause 5, the word " card" shall be inserted after the word " Aadhaar" .

296. In Section 25(6B) proposed to be inserted in the principal Act by Clause 5, for the word " individual" the word " person" shall be substituted.

307. In section 25(6C) proposed to be inserted in the principal Act by Clause 5 the words " in such manner" shall be deleted.

Shri P. Ubaidulla: Sir, I move the following amendment:

283. In the section 25 (6A) proposed to be inserted in the principal Act by Clause (5), after the words " Aadhaar number" , the words " Election Identity Card number or any identity number" shall be inserted.

Shri P.K. Basheer: Sir, I move the following amendment:

287. In section 25 (6A) proposed to be inserted in the principal Act by Clause (5), the words " in such form and manner" , shall be deleted

Shri Anwar Sadath : Sir, I move the following amendment:

290. In the first proviso to section 25 (6A) proposed to be inserted in the principal Act by Clause (5),

i) after the words " Aadhaar number" , the words " or any alternate and viable means of identification" shall be inserted.

ii) for the words " alternate and viable means of identification" , the words " to obtain such viable means of identification on submitting PAN details" shall be substituted.

Shri A. P. Anil Kumar : Sir, I move the following amendment.

295. In the second proviso to sub-section 25(6A) proposed to be amended in the principal Act by Clause 5, after the words " viable means of identification," the words " within a period of 60 days" shall be inserted.

Shri N. Samsudheen : Sir, I move the following amendment:

298. In Section 25(6B) proposed to be inserted in the principal Act by Clause 5, the words " in such manner" shall be deleted.

Dr. Mathew Kuzhalnadan : Sir, I move the following amendment:

300. In the proviso to sub-section 25(6B) proposed to be inserted in the principal Act by Clause 5

i) after the words " Aadhaar number" the words " or any alternate and viable means of identification" shall be inserted.

ii) for the words " alternate and viable means of identification" the words " to obtain such viable means of identification on submitting PAN details" shall be substituted.

<u>മി. സ്പീക്കർ</u>: 288-ാം നമ്പർ ഭേദഗതി 287-ാം നമ്പർ ഭേദഗതിക്ക് തുല്യവും 291-ാം നമ്പർ ഭേദഗതി 290-ാം നമ്പർ ഭേദഗതിക്ക് തുല്യവും 299-ാം നമ്പർ ഭേദഗതി 298-ാം നമ്പർ ഭേദഗതിക്ക് തുല്യവും 301-ാം നമ്പർ ഭേദഗതി 300-ാം നമ്പർ ഭേദഗതിക്ക് തുല്യവും 306-ാം നമ്പർ ഭേദഗതി 307-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 281, 289, 294, 305 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 282, 296, 307 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

Smt. K. K. Rema : Sir, I move the following amendment:

308. In section 31A proposed to be inserted in the principal Act by Clause 6, after the words " registered persons" the words " or institutions" shall be inserted.

Shri Eldose P. Kunnappillil : Sir, I move the following amendment:

310. In section 31A proposed to be inserted in the principal Act by Clause 6, after the words " registered persons" the words " with a turnover in excess of rupees 20 crores" shall be inserted.

Shri Ramesh Chennithala : Sir, I move the following amendments:

311. In section 31A proposed to be inserted in the principal Act by Clause 6, after the words " registered persons" the words " with a turnover in excess of rupees 40 crores" shall be inserted.

318. In section 31A proposed to be inserted in the principal Act by Clause 6, after the words " as may be prescribed, " the words " by the State Government" shall be inserted.

Shri Shafi Parambil : Sir, I move the following amendment:

312. In section 31A proposed to be inserted in the principal Act by Clause 6, after the words " registered persons" the words " with a turnover in excess of rupees 50 crores" shall be inserted.

Shri U. A. Lathif : Sir, I move the following amendment:

315. In section 31A proposed to be inserted in the principal Act by Clause 6, for the word " electronic" the word " online" shall be substituted.

Shri Roji M. John: Sir, I move the following amendment:

320. In section 31A proposed to be inserted in the principal Act by Clause 6, the following proviso shall be inserted.

“ Provided that the e-payment charges for such supplies shall not be born by them”

മി. സ്പീക്കർ: 313, 314 എന്നീ നമ്പർ ഭേദഗതികൾ 312 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 316-ാം നമ്പർ ഭേദഗതി 315-ാം നമ്പർ ഭേദഗതിക്ക് തുല്യവും 319-ാം നമ്പർ ഭേദഗതി 318-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 311, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

Smt. K. K. Rema: Sir, I move the following amendments:

323. In section 39(1) proposed to be substituted in the principal Act by Clause 7(1), after the words " within such" the words " date and" shall be inserted.

328. In section 39(7) proposed to be substituted in the principal Act by Clause 7(2), after the word " date" the words " and time" shall be inserted.

329. In the provisos to section 39(7) proposed to be substituted in the principal Act by Clause 7(2), after the words " within such" the words " date and" shall be inserted.

Shri Najeeb Kanthapuram: Sir, I move the following amendment:

326. In section 39(7) proposed to be substituted in the principal Act by Clause 7(2), the word " thereto" shall be deleted.

മി. സ്പീക്കർ: 327-ാം നമ്പർ ഭേദഗതി 326-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ):സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 323, 328, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 326 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

Smt. K. K. Rema: Sir, I move the following amendments:

331. In the first proviso to section 44(1) proposed to be inserted in the principal Act by Clause 8, for the word " Commissioner" the word " Government" shall be substituted.

340. In the second proviso to section 44(1) proposed to be inserted in the principal Act by Clause 8,

i) for the words " Commissioner of Central tax," the word " Government" shall be substituted,

ii) for the word " Commissioner" coming at the end of the proviso the word " Government" shall be substituted.

Shri P. C. Vishnunadh : Sir, I move the following amendment:

332. In the first proviso to section 44(1) proposed to be inserted in the principal Act by Clause 8, the words and symbol " and for reasons to be recorded in writing, " shall be deleted.

Shri P. Abdul Hameed: Sir, I move the following amendment:

339. In the second proviso to section 44(1) proposed to be inserted in the principal Act by Clause 8, for the words " Commissioner of Central tax" the words " Commissioner, Central tax Department" shall be substituted.

മി. സ്പീക്കർ : 333-ാം നമ്പർ ഭേദഗതി 332-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 331, 340 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

Shri K. P. A. Majeed : Sir, I move the following amendment:

343. In section 49(10) proposed to be inserted in the principal Act by Clause 9, the word " electronic" wherever it occurs the word " online" shall be substituted.

Shri Anwar Sadath : Sir, I move the following amendment:

345. In section 49(10) proposed to be inserted in the principal Act by Clause 9, for the words and symbols " ledger for integrated tax, Central tax, State tax or cess," the words and symbols " ledger for integrated Goods and Services tax, Central Goods and Services tax, State Goods and Services tax or cess under Goods and Sevices Act," shall be substituted.

Shri N. A. Nellikkunnu : Sir, I move the following amendment:

349. In section 49(11) proposed to be inserted in the principal Act by Clause 9, for the word " electronic" the word " online" shall be substituted.

മി. സ്പീക്കർ: 344-ാം നമ്പർ ഭേദഗതി 343-ാം നമ്പർ ഭേദഗതിക്ക് തുല്യവും 346-ാം നമ്പർ ഭേദഗതി 345-ാം നമ്പർ ഭേദഗതിക്ക് തുല്യവും 350-ാം നമ്പർ ഭേദഗതി 349-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

Shri Kurukkoli Moideen : Sir, I move the following amendment:

357. In the proviso to section 50[1] of the principal Act, proposed to be inserted by Clause 10, for the word " electronic" the word " online" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 358-ാം നമ്പർ ഭേദഗതി 357-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

Shri T. J. Vinod : Sir, I move the following amendment:

362. In the first proviso to section 52(4) proposed to be inserted in the principal act by Clause 11(a) after the word " Commissioner" the words " on the recommendations of the Council" shall be inserted.

Shri A. K. M. Ashraf :Sir, I move the following amendment:

366. In the first proviso to section 52(4) of the principal Act, proposed to be inserted by Clause 11(a) for the word " recorded" the word " noted" shall be substituted.

Shri P. K. Basheer : Sir, I move the following amendment:

369. In the first proviso to section 52(5) of the principal Act proposed to be inserted by Clause 11(b) for the word " recorded" the word " noted" shall be substituted.

Shri N. Samsudheen : Sir, I move the following amendment:

374. In the second proviso to section 52(5) of the principal Act proposed to be inserted by Clause 11(b) after the word " Commissioner" occuring at the second position the words " of state tax" shall be inserted.

മി. സ്പീക്കർ: 363-ാം നമ്പർ ഭേദഗതി 362-ാം നമ്പർ ഭേദഗതിക്ക് തുല്യവും 367, 368 എന്നീ നമ്പർ ഭേദഗതികൾ 366-ാം നമ്പർ ഭേദഗതിക്ക് തുല്യവും 370 -ാം നമ്പർ ഭേദഗതി 369-ാം നമ്പർ ഭേദഗതിക്ക് തുല്യവും 375-ാം നമ്പർ ഭേദഗതി 374-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

Shri T.V. Ibrahim : Sir, I move the following amendment:

376. In section 53A proposed to be inserted in the principal Act by Clause 12 for the word " electronic" wherever it occurs the word " online" shall be substituted.

Smt. K. K. Rema :Sir, I move the following amendment:

380. In section 53A proposed to be inserted in the principal Act by Clause 12, after the words " within such" the words " date and" shall be inserted.

Shri A. P. Anil Kumar :Sir, I move the following amendment:

381. In section 53A proposed to be inserted in the principal Act by Clause 12 shall be re-cast as follows:

" 53A. Transfer of certain amounts.-Where any amount has been transferred from the electronic cash ledger under this Act to the electronic cash ledger under the Central Goods and Services Tax Act or under the Integrated Goods and Services Tax Act or under the Goods and Secrvices Tax(Compensation to States)Act or Kerala State Goods and Services Tax Act, the appropriate Government shall, transfer to the Central Tax account or integrated tax account, or cess account an amount equal to the amount transferred from the electronic cash ledger, in such manner and within such time as may be prescribed."

Shri Eldose P. Kunnappillil :Sir, I move the following amendment:

383. In section 53A proposed to be inserted in the principal Act by Clause 12 shall be re-cast as follows:

" 53A. Transfer of certain amounts.-Where any amount has been transferred from the electronic cash ledger under this Act to the electronic cash ledger under the Central Goods and Services Tax Act or under the Integrated Goods and Services Tax Act or under the Goods and Services Tax(Compensation to States)Act or Kerala State Goods and Services Tax Act, the Government shall, transfer to the Central Tax account or integrated tax account, or cess account an amount equal to the amount transferred from the electronic cash ledger, in such manner and within such time as may be prescribed."

മി. സ്പീക്കർ: 377-ാം നമ്പർ ഭേദഗതി 376-ാം നമ്പർ ഭേദഗതിക്ക് തുല്യവും 382-ാം നമ്പർ ഭേദഗതി 381-ാം നമ്പർ ഭേദഗതിക്ക് തുല്യവും 384-ാം നമ്പർ ഭേദഗതി 383-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

Shri Saneeshkumar Joseph : Sir, I move the following amendment:

386. In section 54(8A) proposed to be inserted in the principal Act by Clause 13, for the words " the Government" , the words " the appropriate Government" shall be substituted.

Shri P. C. Vishnunadh : Sir, I move the following amendment.

390. In section 54(8A) proposed to be inserted in the principal Act by Clause 13, for the words " the Government" , the words " the state Government" shall be substituted.

Shri Najeeb Kanthapuram : Sir, I move the following amendment:

393. In section 54(8A) proposed to be inserted in the principal Act by Clause 13, the words " to the amount so refunded" shall be deleted.

മി. സ്പീക്കർ: 387-ാം നമ്പർ ഭേദഗതി 386-ാം നമ്പർ ഭേദഗതിക്ക് തുല്യവും 391-ാം നമ്പർ ഭേദഗതി 390-ാം നമ്പർ ഭേദഗതിക്ക് തുല്യവും 394-ാം നമ്പർ ഭേദഗതി 393-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

Shri Anwar Sadath : Sir, I move the following amendment:

395. In section 95(f) proposed to be inserted in the principal Act by Clause 14(ii) for the words “ referred to in” the word “ under” shall be substituted.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി( ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

Shri Sajeev Joseph :Sir, I move the following amendment:

396. In section 101(A) proposed to be inserted in the principal Act by Clause 15 the words " subject to the provisions of this Chapter" shall be deleted.

Shri M. Vincent : Sir, I move the following amendment:

398. In section 101(A) proposed to be inserted in the principal Act by Clause 15 the words " for Advance Ruling" after the words " the National Appellate Authority" shall be deleted.

Dr. Mathew Kuzhalnadan: Sir, I move the following amendment:

400. Insert the following proviso to section 101 A proposed to be inserted in the principal Act by Clause 15

" Provided that the Advance Ruling issued by the National Appellate Authority for Advance Ruling under section 101 of the central GST Act 2017 shall deemed to be the Advance Ruling of National Appellate Authority under this Act."

മി. സ്പീക്കർ: 397-ാം നമ്പർ ഭേദഗതി 396-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

Dr. N. Jayaraj : Sir, I move the following amendments:

403. In section 102 proposed to be amended in the principal Act by Clause 16(b), for the words " and letter" the words and symbol ", letter and brackets" shall be substituted.

405. In section 102 proposed to be amended in the principal Act by Clause 16(c), before the word " appellant" occurring at the second position the word " the" shall be inserted.

Smt. K. K. Rema : Sir, I move the following amendment;

404. In section 102 proposed to be amended in the principal Act by Clause 16(c), before the words and symbol " words, appellant," the word " symbol and" shall be inserted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 403, 405 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

Shri Shafi Parambil : Sir, I move the following amendment:

409. In the section 103[2] proposed to be inserted in the principal Act, by Clause 17(2), after the word " figure" occurring in the second position the word and symbol " , symbol" shall be inserted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 409-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

Shri A. P. Anil Kumar: Sir, I move the following amendment:

410. In the section 104[1] proposed to be amended in the principal Act, by Clause 18(b), for the words and figure " or under section 101 C" the words and figures " or sections 101A, 101B and 101C" shall be substituted.

Smt. K. K. Rema: Sir, I move the following amendment:

412. In Clause 18(b) after the word " words," occurring in the second position the word " and symbol," shall be inserted.

മി. സ്പീക്കർ: 411-ാം നമ്പർ ഭേദഗതി 410-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

മി. സ്പീക്കർ: 413, 414 എന്നീ ഭേദഗതികൾ മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

ഇരുപതാം വകുപ്പ്

മി. സ്പീക്കർ: 415, 416 എന്നീ ഭേദഗതികൾ മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊന്നാം വകുപ്പ്

Smt. K. K. Rema: Sir, I move the following amendments:

417. In section 168 A(1) proposed to be inserted in the principal Act by Clause 21, for the words " force majeure" the words " unforeseen circumstances" shall be substituted.

418. In the Explanation for the section 168 A proposed to be inserted in the principal Act by Clause 21, for the words " force majeure" the words " unforeseen circumstances" shall be substituted

422. In section 168 A(2) proposed to be inserted in the principal Act by Clause 21, before the words " this Act" the words " the respective section of" shall be inserted.

Shri K. Babu (Thripoonithura): Sir, I move the following amendment:

421. In section 168 A(2) proposed to be inserted in the principal Act by Clause 21, after the words " commencement of this Act" the words " or to the impact Period of the force majeure whichever is earlier" shall be inserted.

Shri P. C. Vishnunadh: Sir, I move the following amendment:

423. In Explanation to section 168 A proposed to be inserted in the principal Act by Clause 21, after the word " war" the word " riots" shall be inserted.

Shri T. Siddique: Sir, I move the following amendment:

424. In Explanation to section 168 A proposed to be inserted in the principal Act by Clause 21, after the word " earthquake" the words " energy blackouts" shall be inserted.

Shri Sajeev Joseph: Sir, I move the following amendment:

427. In Explanation to section 168 A proposed to be inserted in the principal Act by Clause 21, the words " or otherwise" shall be deleted.

മി. സ്പീക്കർ: 425, 426 എന്നീ നമ്പർ ഭേദഗതികൾ 424-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 417, 418, 422 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

<u>Dr. N. Jayaraj</u>: Sir, I move the following amendment:

428. In section 171 (3A) proposed to be inserted in the principal Act by Clause 22, for the words " comes to the conclusion" the word " concludes" shall be substituted.

<u>Shri P. K. Basheer:</u> Sir, I move the following amendments:

430. In section 171 (3A) proposed to be inserted in the principal Act by Clause 22, for the word " penalty" the word " fine" shall be substituted.

441. In proviso to section 171 (3A) proposed to be inserted in the principal Act by Clause 22 for the word " thirty" the word " sixty" shall be substituted.

<u>Shri N. A. Nellikkunnu</u>: Sir, I move the following amendment:

432. In section 171 (3A) proposed to be inserted in the principal Act by Clause 22, for the word " ten" the word " five" shall be substituted.

<u>മി. സ്പീക്കർ</u>: 431-ാം നമ്പർ ഭേദഗതി 430-ാം നമ്പർ ഭേദഗതിക്ക് തുല്യവും 433-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്ക് തുല്യവും 439, 440 എന്നീ നമ്പർ ഭേദഗതികൾ 441-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 430, 441 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri T. V. Ibrahim: Sir, I move the following amendments.

110. In the long title the word " further" shall be deleted.

146. In Proviso to clause 1(2), the words " in any such provision" shall be deleted.

Shri Kurukkoli Moideen: Sir, I move the following amendment:

116. In the preamble, the word " further" shall be deleted.

Shri M. Vincent: Sir, I move the following amendments:

138. In Clause 1(2)(e), for the word " Government" the words " appropriate Government" shall be substituted.

153. In Proviso to clause 1(2), for the word " construde" , the word " construed" shall be substituted.

Shri C. R. Mahesh: Sir, I move the following amendment:

139. In Clause 1(2)(e), for the word " Government" the words " State Government" shall be substituted.

Dr. Mathew Kuzhalnadan: Sir, I move the following amendment:

142. In Clause 1(2)(e), for the word " appoint" the word " notify" shall be substituted.

Smt. K. K. Rema: Sir, I move the following amendment:

155. In the Proviso to clause 1(2), for the word " construde" , the word " interpreted" shall be substituted.

Dr. N. Jayaraj: Sir, I move the following amendment:

156. In proviso to Clause 1(2), for the words ' in to' the word ' into' shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment:

158. the proviso to Clause 1(2) shall be re-cast as follows

" Provided that different dates may be appointed for different provisions of this Act and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision."

മി. സ്പീക്കർ: 111, 112, 113 എന്നീ നമ്പർ ഭേദഗതികൾ 110-ാം നമ്പർ ഭേദഗതിക്ക് തുല്യവും 117, 118 എന്നീ നമ്പർ ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്ക് തുല്യവും 143-ാം നമ്പർ ഭേദഗതി 142-ാം നമ്പർ ഭേദഗതിക്ക് തുല്യവും 147-ാം നമ്പർ ഭേദഗതി 146-ാം നമ്പർ ഭേദഗതിക്ക് തുല്യവും 148, 149, 150, 151, 152 എന്നീ നമ്പർ ഭേദഗതികൾ 153-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 110, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri Ramesh Chennithala: Sir, I move the following amendment:

113. In Clause 2, for the figures "37", "112", "82", "247" and "237" the figures "40", "115", "85", "250" and "240" shall be substituted respectively.

Shri A. P. Anil Kumar: Sir, I move the following amendment:

120. In Clause 2, for the figure "237" the figure "212" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendment:

122. In Clause 2, for the figure "237" the figure "220" shall be substituted.

Shri Eldose P. Kunnapillil: Sir, I move the following amendment:

123. In Clause 2, for the figure "237" the figure "230" shall be substituted.

Shri Sajeev Joseph: Sir, I move the following amendment:

124. In Clause 2, for the figure "237" the figure "232" shall be substituted.

<u>Shri. M. Vincent</u>: Sir, I move the following amendment:

125. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill, 1963, the following entries shall respectively be substituted namely.

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 36 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i) (ii), (iii) and (iv) above | |
| | (a) for which purchase value incurred is above Rupees 400 per case | 245 |
| | (b) for which purchase value incurred is upto Rupees 400 per case | 215" |

<u>Dr. Mathew Kuzhalnadan</u>: Sir, I move the following amendment:

126. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill, 1963, the following entries shall respectively be substituted namely.

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 36 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i) (ii), (iii) and (iv) above<br>(a) for which purchase value incurred is above Rupees 400 per case<br>(b) for which purchase value incurred is upto Rupees 400 per case | <br>247<br>215 ” |

Shri. C. R. Mahesh: Sir, I move the following amendment:.

127. Clause 2 shall be recast as follows

“ For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill, 1963, the following entries shall respectively be substituted namely.

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i) (ii), (iii) and (iv) above<br>(a) for which purchase value incurred is above Rupees 400 per case<br>(b) for which purchase value incurred is upto Rupees 400 per case | <br>242<br>212 ” |

Shri T. J. Vinod: Sir, I move the following amendment:

130. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i)(ii), (iii) and(iv) above<br>(a) for which purchase value incurred is above Rupees 400 per case<br>b) for which purchase value incurred is upto Rupees 400 per case | <br>250<br>218 " |

Shri P. C. Vishnunadh: Sir, I move the following amendment:

131. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i)(ii),(iii) and(iv) above | |
| | (a) for which purchase value incurred is above Rupees 400 per case | 247 |
| | b) for which purchase value incurred is upto Rupees 400 per case | 222" |

Shri. Shafi Parambil: Sir, I move the following amendment:

132. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 112 |
| (iv) | Wine not covered under sub-entry (i) above | 82 |
| (v) | Foreign liquor not covered under sub-entries (i)(ii), (iii) and(iv) above<br>(a) for which purchase value incurred is above Rupees 400 per case<br>b) for which purchase value incurred is upto Rupees 400 per case | 250<br>237 ” |

Shri Anwar Sadath: Sir, I move the following amendment.

133. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i)(ii), (iii) and(iv) above<br>(a) for which purchase value incurred is above Rupees 400 per case<br>b) for which purchase value incurred is upto Rupees 400 per case | 250<br>237” |

Shri T. Siddique: Sir, I move the following amendment:

134. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 40 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| ((iv) | Wine not covered under sub-entry (i) above | 72 |
| ((v) | Foreign liquor not covered under sub-entries (i)(ii),(iii) and(iv) above | |
| | (a) for which purchase value incurred is above Rupees 400 per case | 250 |
| | b) for which purchase value incurred is upto Rupees 400 per case | 237" |

Shri K. Babu (Thripoonithura): Sir, I move the following amendment:

135. Clause 2 shall be recast as follows

" For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i)(ii),(iii) and(iv) above<br>(a) for which purchase value incurred is above Rupees 400 per case<br>b) for which purchase value incurred is upto Rupees 400 per case | 247<br>217” |

Shri Roji M. John: Sir, I move the following amendment:

136. Clause 2 shall be recast as follows

“ For the entries in column 1, 2, 3 against item 2 in the *SCHEDULE* of the Kerala General Sales Tax (Amendment) Bill,1963, the following entries shall respectively be substituted namely,

| | | |
|---|---|---|
| (i) | Bottled Wine, imported from outside the Country and has suffered duty under the Customs Act, 1962 | 37 |
| (ii) | Bottled Foreign liquor other than wine, imported from outside the country and has suffered duty under the Customs Act, 1962 | 115 |
| (iii) | Beer not covered under sub-entry (ii) above | 102 |
| (iv) | Wine not covered under sub-entry (i) above | 72 |
| (v) | Foreign liquor not covered under sub-entries (i)(ii),(iii) and(iv) above<br>(a) for which purchase value incurred is above Rupees 400 per case<br>b) for which purchase value incurred is upto Rupees 400 per case | 247<br>220” |

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ ക്ലിപ്തനിബന്ധനയിൽ "ധനകമ്മിക്ക് പുറമേ" എന്നതിന് ശേഷം "സംസ്ഥാനത്തിന്റെ മൂലധനചെലവുകൾക്കായി" എന്നത് ചേർക്കുക.

211. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "വ്യാപാരം ചെയ്യുന്നതിനുള്ള" എന്നതിന് മുൻപായി" സംസ്ഥാനത്തിന്റെ പൊതുതാൽപര്യങ്ങൾക്ക് ഹാനികരമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

216. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "അർബൻ" എന്ന വാക്ക് ഒഴിവാക്കുക.

222.ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "ഊർജ്ജമേഖലയിലെ" എന്ന വാക്കിന് മുൻപായി " സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റേയും, സംസ്ഥാന വൈദ്യുതി ബോർഡിന്റെ സ്വയംഭരണാവകാശത്തെ ഹനിക്കാത്തതും അവരുടെ സമ്മതത്തോടെയുള്ളതുമായ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

172. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ ക്ലിപ്തനിബന്ധനയിൽ "രൂപ" എന്നതിന് ശേഷം "വരെ" എന്ന് ചേർക്കുക.

173. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ ക്ലിപ്തനിബന്ധനയിൽ "അധിക വായ്പ" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിന് ശേഷം "തുക" എന്ന് ചേർക്കുക.

227. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "നാല്" എന്ന വാക്കിനു ശേഷം "മേഖലകളിൽ" എന്ന വാക്ക് ചേർക്കുക.

232. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "വ്യവസ്ഥയ്ക്ക് വിധേയമായി," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ" എന്ന് ചേർക്കുക.

235. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "അധിക വായ്പ" എന്നതിനു ശേഷം "തുക" എന്ന് ചേർക്കുക.

258. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-യുടെ കുറിപ്പ് (i)-ൽ "ഓരോ" എന്ന വാക്കിനു ശേഷം "മേഖലയിലെയും" എന്ന വാക്ക് ചേർക്കുക.

276. ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ) യുടെ കുറിപ്പ് (ii) -ൽ "ഗഡുക്കളായി" എന്നതിന് പകരം "ഗഡുക്കളായും" എന്നത് ചേർക്കുക.

296. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)യുടെ കുറിപ്പ് (ii)-ൽ " പാലിക്കേണ്ടതുമാണ്" എന്നതിനു പകരം " നടപ്പാക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്ത നിബന്ധനയിൽ "ഉപയോഗപ്പെടു ത്തേണ്ടതുമാണ്" എന്നതിന് പകരം "ഉപയോഗപ്പെടുത്തി അതിന്റെ സ്റ്റേറ്റ്മെന്റ് നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

189. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്ത നിബന്ധനയിൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിന് പകരം "ഉപയോഗപ്പെടുത്തി അതിന്റെ സ്റ്റേറ്റ്മെന്റ് കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

254. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിനു പകരം "വിനിയോഗി ക്കേണ്ടതുമാണ്" എന്നു ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

190. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്ത നിബന്ധനയിൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിന് പകരം "ഉപയോഗപ്പെടുത്തേണ്ടതും അതിന്റെ സ്റ്റേറ്റ്മെന്റ് നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

192. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി" എന്നതിനു പകരം "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന 2% അധിക വായ്പയും ഒറ്റത്തവണ സഹായവും അടക്കമുള്ള ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ പരമാവധി അഞ്ചു ശതമാനം ആയി നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

193. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി" എന്നതിനു പകരം "സംസ്ഥാനത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്ന അധികവായ്പ അടക്കമുള്ള ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ പരമാവധി അഞ്ചു ശതമാനം ആയി നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

194. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി" എന്നതിനു പകരം "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്ന അധികവായ്പയും ഒറ്റത്തവണ സഹായവും അടക്കമുള്ള ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ പരമാവധി അഞ്ചു ശതമാനം ആയി നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

195. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി" എന്നതിനു പകരം "സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്ന അധികവായ്പയും ഒറ്റത്തവണ സഹായവും അടക്കമുള്ള ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 5% ആയി നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

196. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "2020-21 സാമ്പത്തിക വർഷത്തിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം" എന്നതിനു പകരം "2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്ന അധിക വായ്പ ഉൾപ്പെടെയുള്ള ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 5% ആയി നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

205. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക്" എന്നതിന് പകരം "ഇതിന്" എന്ന് ചേർക്കുക.

212. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ" എന്നതിന് പകരം "വ്യാപാരനടപടിക്രമങ്ങൾ" എന്ന് ചേർക്കുക.

223. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

228. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ വകുപ്പ് 4(2)(ബിഎ)-ൽ "പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ" എന്നതിനു പകരം "പ്രത്യേക പരിഷ്കാരങ്ങൾ സംസ്ഥാനതലത്തിൽ" എന്ന് ചേർക്കുക.

280. ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ) യുടെ കുറിപ്പ് (ii) -ൽ "ലഭ്യമാകുന്നതും" എന്നതിന് ശേഷം "എന്നാൽ" എന്ന് ചേർക്കുക.

286. ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)യുടെ കുറിപ്പ്(ii)-ൽ "മുകളിൽ പ്രസ്താവിച്ചിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "4(2)(ബിഎ) ഉപവകുപ്പിൽ" എന്ന അക്കങ്ങളും ബ്രായ്ക്കറ്റുകളും അക്ഷരങ്ങളും ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഇപ്രകാരമുള്ള അധികവായ്പ"എന്നതിനു പകരം "സംസ്ഥാനത്തിന്റെ പൊതുതാല്പര്യം ഹനിയ്ക്കാത്ത വിധം ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പാക്കി ഇപ്രകാരമുള്ള അധികവായ്പയ്ക്ക് അർഹത നേടേണ്ടതും ആയതു" എന്ന് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

244. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഇപ്രകാരമുള്ള അധികവായ്പ" എന്നതിനു പകരം " സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തെ ഹനിക്കാത്ത രീതിയിൽ ഇപ്രകാരമുള്ള അധിക വായ്പയ്ക്ക് അർഹത നേടേണ്ടതും ആയതു" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

245. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഇപ്രകാരമുള്ള അധികവായ്പ" എന്നതിനു പകരം "സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തെ ഹനിക്കാത്ത രീതിയിൽ ഊർജ്ജമേഖലയിൽ ഉൾപ്പെടെയുള്ള പരിഷ്കരണങ്ങൾ നടപ്പാക്കി ഇപ്രകാരമുള്ള അധിക വായ്പക്ക് അർഹത നേടേണ്ടതും ആയതു" എന്ന് ചേർക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഇപ്രകാരമുള്ള അധികവായ്പ" എന്നതിനു പകരം "സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തെ ഹനിക്കാത്ത രീതിയിൽ പരിഷ്കരണങ്ങൾ നടപ്പാക്കി ഇപ്രകാരമുള്ള അധിക വായ്പക്ക് അർഹത നേടേണ്ടതും ആയതു" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

247. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഇപ്രകാരമുള്ള അധികവായ്പ" എന്നതിനു പകരം "ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങളിൽ സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തെ ഹനിക്കാത്ത രീതിയിൽ ഇപ്രകാരമുള്ള അധിക വായ്പയ്ക്ക് അർഹത നേടേണ്ടതും ആയതു" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

250. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "അധികവായ്പ 2020-21 വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിനു പകരം "അധിക വായ്പ 2020-21 വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തി അതിന്റെ സ്റ്റേറ്റ്മെന്റ് എത്രയും വേഗം നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 159, 162, 261 എന്നീ നമ്പർ ഭേദഗതികളും ശ്രീ. മഞ്ഞളാംകുഴി അലിയുടെ 166-ാം നമ്പർ ഭേദഗതിയും ശ്രീ. കുറുക്കോളി മൊയ്തീന്റെ 230-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

159. ഖണ്ഡം2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്4(2)(ബി) യുടെ ക്ലിപ്തനിബന്ധനയിൽ "ഉൽപ്പാദനത്തിന്റെ" എന്നതിന് പകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

162. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്തനിബന്ധനയിൽ"ധനകമ്മിക്ക്" എന്നതിന് പകരം "ധനകമ്മിയ്ക്ക്"എന്നത് ചേർക്കുക.

166. ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്തനിബന്ധനയിൽ "പുറമേ" എന്നതിന് പകരം "പുറമെ,"എന്നത് ചേർക്കുക.

230. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "വ്യവസ്ഥയ്ക്ക്" എന്ന വാക്കിനു പകരം "നിബന്ധനയ്ക്കും" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)യുടെ കുറിപ്പ് (i)-ൽ " ഉൽപ്പാദനത്തിന്റെ" എന്നതിനു പകരം " ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയ്ക്കുവേണ്ടി ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയ്ക്കുവേണ്ടി ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 165, 211, 216, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 172, 173, 227, 235, 258, 276, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 205, 212, 228, 280, 286 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 302-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 3(2)-ൽ "ആക്റ്റിൻകീഴിൽ"എന്നതിനു പകരം "ആക്റ്റിൻ കീഴിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1 (1)-ൽ "ധനസംബന്ധമായ" എന്നതിനു പകരം "ധനവ്യയസംബന്ധമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 110, 111 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VI റൂളിംഗ്

### പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ ..... ഓർഡർ .....

2021 ഒക്ടോബർ 27-ാം തീയതി നിയമനിർമ്മാണ വേളയിൽ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ വ്യക്തിപരമായ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. നിയമസഭാ നടപടിചട്ടം 285-ൽ അനുശാസിക്കും പ്രകാരം സ്പീക്കർക്ക് മുൻകൂർ നോട്ടീസ് നൽകാതെ ഒരംഗത്തിനെതിരെ അഴിമതി ആരോപണം ഉന്നയിക്കുന്നത് ക്രമപ്രകാരമാണോ എന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നം ഉന്നയിക്കുകയും പരിശോധിച്ച് റൂൾ ചെയ്യാമെന്ന് അപ്പോൾ ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

തുടർന്ന് തനിക്കെതിരെ നടപടിക്രമം പാലിക്കാതെ നിയമനിർമ്മാണ വേളയിൽ ശ്രീ. പി. വി. അൻവർ നടത്തിയ പരാമർശങ്ങൾ സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണമെന്നും ആക്ഷേപങ്ങളിന്മേൽ വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ചട്ടം 288-ൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമുള്ള അവസരം നൽകണമെന്നും ആവശ്യപ്പെട്ട് ഇന്നലെ (ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിന് കത്ത് നൽകിയിരുന്നു. അതിനെത്തുടർന്ന്, ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം സഭാ നടപടിക്രമങ്ങളുടെ ലംഘനമാണെന്ന കാര്യം ചട്ടങ്ങളും മുൻ റൂളിംഗുകളും ഉദ്ധരിച്ചുകൊണ്ട് ചെയർ അസന്നിഗ്ദ്ധമായി വ്യക്തമാക്കുകയും ചെയ്തിരുന്നു.

ഇതുസംബന്ധിച്ചുള്ള സഭാ കീഴ്വഴക്കങ്ങൾ, സഭാ ചട്ടം, മുൻ അദ്ധ്യക്ഷന്മാരുടെ റൂളിംഗുകൾ എന്നിവ വിശദമായി പരിശോധിച്ചതിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ചട്ടം 288 അനുശാസിക്കും പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് അന്നേ ദിവസം അദ്ദേഹത്തിന് അവസരം നൽകുകയുണ്ടായി. വ്യക്തിപരമായ വിശദീകരണത്തോടെ പ്രശ്നം തീർപ്പാകുമെന്ന ഉത്തമ ബോദ്ധ്യമാണ് ഇക്കാര്യത്തിൽ ചെയറിനെ നയിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വിശദീകരണത്തിനുശേഷവും ഉന്നയിച്ച ആക്ഷേപങ്ങൾ സഭാരേഖകളിൽനിന്ന് നീക്കംചെയ്യണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യം വിശദമായി ഒന്നുകൂടി പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

നമ്മുടെ സഭയിൽ നടക്കുന്ന ചർച്ചയുടെ ഭാഗമായി അംഗങ്ങൾ പരസ്പരം ആക്ഷേപം ഉന്നയിക്കുന്നത് സംബന്ധിച്ചുള്ള നിരവധി സന്ദർഭങ്ങൾ കഴിഞ്ഞ കാലങ്ങളിൽ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതിനെത്തുടർന്ന് വ്യക്തമായ റൂളിംഗുകളും ഉണ്ടായിട്ടുണ്ട്. സഭാതലത്തിൽ ഉയർന്നുവരുന്ന ആക്ഷേപങ്ങളിൽ ചട്ടം 288 അനുസരിച്ചുള്ള വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ആരോപണ വിധേയരാകുന്ന അംഗങ്ങൾക്ക് അവസരം നൽകി കാര്യങ്ങൾ തീർപ്പാക്കിയിട്ടുള്ള നിരവധി സന്ദർഭങ്ങളും നമ്മുടെ സഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

ഒരംഗം സഭയിൽ സംസാരിക്കുമ്പോൾ പൊതുവെ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സഭാ ചട്ടങ്ങളിലെ ചട്ടം 284-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം ചട്ടം 285-ലും വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഇതിനൊക്കെ പുറമെ നമ്മുടെ സഭാ നടപടിചട്ടങ്ങളുടെ തന്നെ ഭാഗമാക്കിയിട്ടുള്ള "അംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ" ചട്ടം 5-ൽ ഒരംഗം സംസാരിക്കുമ്പോൾ പാലിക്കേണ്ട പതിനാല് മാർഗ്ഗനിർദ്ദേശങ്ങൾ ചേർത്തിട്ടുണ്ട്. ഈ സന്ദർഭത്തിൽ അവ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ചെയർ കരുതുന്നു.

"ഒരംഗം സംസാരിക്കുമ്പോൾ :-

i. ഒരു ജുഡീഷ്യൽ തീർപ്പിനായി നിലവിലിരിക്കുന്ന ഏതെങ്കിലും വസ്തുതാപരമായ കാര്യത്തെ പരാമർശിക്കുവാൻ പാടില്ലാത്തതും ;

ii. സഭയിലെ മറ്റേതെങ്കിലും അംഗത്തിന്റെ സദ്ഭാവത്തെ ചോദ്യം ചെയ്യുന്നതിനുള്ള ഒരു പ്രേരകമുള്ളതോ ചോദ്യം ചെയ്യുന്നതോ ആയ ഒരു ആരോപണം ഉന്നയിക്കുന്നതുവഴി വ്യക്തിപരമായ ഒരു പരാമർശം നടത്തുവാൻ പാടില്ലാത്തതും;

iii. നിയമനിർമ്മാണസഭയുടെ നടത്തിപ്പിനെയോ നടപടിക്രമങ്ങളെയോ പറ്റി നിന്ദ്യ പദപ്രയോഗങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതും;

iv. സഭയുടെ ഏതെങ്കിലും തീരുമാനത്തെപ്പറ്റി അത് റദ്ദാക്കാനുള്ള ഉപക്ഷേപത്തിന്മേൽ അല്ലാതെ അഭിപ്രായം പറയുവാൻ പാടില്ലാത്തതും;

v. ചർച്ചയിൽ ഉന്നത അധികാരസ്ഥാനത്തിരിക്കുന്ന വ്യക്തികളുടെ പെരുമാറ്റത്തെപ്പറ്റി അഭിപ്രായം പറയുവാൻ പാടില്ലാത്തതും ;

vi. ചർച്ചയെ സ്വാധീനിക്കുന്നതിനുള്ള ഉദ്ദേശ്യത്തിനായി ഗവർണ്ണറുടെ പേര് ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

vii. രാജ്യദ്രോഹപരമോ പ്രക്ഷോഭാത്മകമോ അപകീർത്തികരമോ ആയ വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതും ;

viii. സഭയുടെ കാര്യങ്ങൾ തടസ്സപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യത്തിനായി തന്റെ പ്രസംഗ സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

ix. ഏതെങ്കിലും ഗ്യാലറികളിലുള്ള അപരിചിതരെക്കുറിച്ച് യാതൊരു പരാമർശവും നടത്തുവാൻ പാടില്ലാത്തതും ;

x. അദ്ധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു എഴുതിയ പ്രസംഗം വായിക്കുവാൻ പാടില്ലാത്തതും ;

xi. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ;

xii. അദ്ധ്യക്ഷനെ അഭിസംബോധന ചെയ്യുമ്പോൾ ദുസ്സൂചനയുള്ളതോ നിന്ദ്യമായതോ അസഭ്യമായതോ ആയ പദപ്രയോഗങ്ങൾ പാടില്ലാത്തതും ;

xiii. സ്പീക്കർ പേരു വിളിക്കാതെ പ്രസംഗിക്കുവാൻ പാടില്ലാത്തതും ;

xiv. സഭായോഗ്യമല്ലാത്ത വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതുമാകുന്നു".

കൂടാതെ, 'Practice and Procedure of Parliament by M.N. Kaul and S. L. Shakdher', 'കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്നീ റഫറൻസ് ഗ്രന്ഥങ്ങളിലും ഇക്കാര്യങ്ങളെക്കുറിച്ച് ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്.

പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ സഭയുടെ കഴിഞ്ഞ കുറെ കാലത്തെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ, ഭരണ-പ്രതിപക്ഷ ഭേദമെന്യേ പലപ്പോഴും ന്യൂനപക്ഷം അംഗങ്ങൾ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്.

1888 ആഗസ്റ്റ് 23-ാം തീയതി "തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ" എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഒരു സഭയിൽ നിന്നുള്ള ജനാധിപത്യപരമായ വികാസ പരിണാമങ്ങളുടെ മഹത്തായ ചരിത്രമുള്ള സഭയാണിത്. നീണ്ട 133 വർഷം പിന്നിട്ട ആ സഭയുടെ അന്തസ്സും പൈതൃകവും കാത്തുസൂക്ഷിക്കേണ്ട ചുമതല ഇപ്പോൾ നമ്മുടെ ചുമലിലാണ്. ആ ഗൗരവവും പാർലമെന്ററി മര്യാദകളും ഉൾക്കൊണ്ടുകൊണ്ട് സഭയ്ക്കകത്തും പുറത്തും പെരുമാറുവാൻ നാം ബാദ്ധ്യസ്ഥരാണെന്ന വസ്തുത നമുക്ക് സ്വയം വിമർശനാത്മകമായി പങ്കുവയ്ക്കാം.

ഈ സാഹചര്യത്തിൽ സഭാ ചട്ടങ്ങളിലും കീഴ്വഴക്കങ്ങളിലും അംഗങ്ങൾക്കായുള്ള പെരുമാറ്റചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും മുൻകൂട്ടി ചെയറിന് എഴുതി നൽകാതെയും പ്രത്യേകിച്ച് നിയമനിർമ്മാണ വേളയിൽ, 2021 ഒക്ടോബർ 27-ാം തീയതി നടത്തിയ പ്രസംഗത്തിനിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിച്ച വ്യക്തിപരമായ ആക്ഷേപങ്ങൾ അടങ്ങുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗം സഭാ രേഖകളിൽനിന്നും നീക്കംചെയ്യുന്നതായി ചെയർ അറിയിക്കുന്നു. അപ്രകാരം ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിന്റെ ഒരു പ്രത്യേക ഭാഗം സഭാരേഖകളിൽനിന്നും നീക്കംചെയ്യുന്നതുകൊണ്ടുതന്നെ അതേ വിഷയവുമായി ബന്ധപ്പെട്ട് തൊട്ടടുത്ത ദിവസമായ ഒക്ടോബർ 28-ാം തീയതി സഭയിൽ നടന്ന ചർച്ചയും മറ്റെല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും സഭാരേഖകളിൽ ഉണ്ടായിരിക്കുന്നതുമല്ല.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.51-ന് പിരിഞ്ഞു.)

**അനുബന്ധം I**

നക്ഷത്രചിഹ്നമിട്ട 3*(363)-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിന് ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

| Sl. No. | Name of Hatchery | 2020-21 | | 2021-22 |
|---|---|---|---|---|
| | **Department Hatcheries** | | | |
| | | Estt. Capacity (in lakh) | Seed Production (in lakh) | Estt. Capacity (in lakh) |
| 1. | Neyyar Dam | 50.00 | 53.77 | 50.00 |
| 2. | Thevally | 1.00 | 0.81 | 1.00 |
| 3. | Shrimp hatchery, Neendakara | 50.00 | 42.47 | 50.00 |
| 4. | West Kallada | 5.00 | 6.24 | 16.00 |
| 5. | Kulathupuzha | 18.00 | 10.35 | 34.00 |
| 6. | Fisheries Complex, Pannivelichira | 50.00 | 24.26 | 50.00 |
| 7. | NFSF, Polachira | 60.00 | 30.03 | 60.00 |
| 8. | Govt. Model Fish Farm, Pallom | 30.00 | 10.43 | 30.00 |
| 9. | Regional Shrimp Hatchery, Azheecode | 120.00 | 79.77 | 120.00 |
| 10. | Peechi Hatchery, Thrissur | 50.00 | 60.95 | 50.00 |
| 11. | Boothathankettu | 10.00 | 12.68 | 10.00 |
| 12. | Ullanam | 60.00 | 43.39 | 60.00 |
| 13. | NFSF Malampuzha | 150.00 | 127.18 | 150.00 |
| 14. | Seed farm, Meenkara, Palakkad | 50.00 | 38.94 | 50.00 |

| | | | | |
|---|---|---|---|---|
| 15. | Seed farm, Mangalam, Palakkad | 24.00 | 14.83 | 24.00 |
| 16. | Seed farm, Walayar, Palakkad | 18.00 | 11.51 | 18.00 |
| 17. | Chulliyar fish seed farm, Palakkad | 34.00 | 8.01 | 34.00 |
| 18. | Kallanode | 36.00 | 35.90 | 36.00 |
| 19. | Thalipuzha | 9.00 | 8.97 | 9.00 |
| 20. | Karappuzha | 0.00 | 0.00 | 18.00 |
| **II** | **Matsyafed Hatcheries** | | | |
| 1. | Thirumullavaram | 400.00 | 470.97 | 400.00 |
| 2. | Kaippamangalam, Thrissur | 200.00 | 135.33 | 200.00 |
| 3. | Veliyamcode, Malappuram | 200.00 | 74.87 | 200.00 |
| 4. | Moplabay, Kannur | 200.00 | 0.00 | 200.00 |
| **III** | **ADAK Hatchery** | | | |
| 1 | Odayam | 150.00 | 137.00 | 150.00 |
| 2. | Ayiramtheng | 9.00 | 4.28 | 9.00 |
| 3. | Eranholi fish farm | 7.00 | 0.15 | 7.00 |
| 4. | Model shrimp farm and hatchery, poyya | 9.00 | 4.37 | 9.00 |
| 5. | Kadappuram | 1.00 | 0.48 | 1.00 |
| 6. | Njarakkal | 0.05 | 0.00 | 0.05 |
| 7. | Edakochi | 4.00 | 0.67 | 4.00 |
| | **Total** | **2005.05** | **1448.61** | **2050.05** |

## അനുബന്ധം II

(1) <u>കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതുസംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ബഹു. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

2021 ഒക്ടോബർ മാസത്തിൽ ന്യൂനമർദ്ദംമൂലം അപ്രതീക്ഷിതമായി ഉണ്ടായ കനത്തമഴയിൽ സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശമാണ് സംഭവിച്ചിട്ടുള്ളത്. കൃഷി നാശത്തിനുപുറമെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം കൃഷിഭൂമി പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്.

നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തുന്നതിനും കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും നഷ്ടപരിഹാരം അനുവദിക്കുന്നതിനുമുള്ള നടപടികൾ കൃഷി വകുപ്പ് ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ Online സംവിധാനമായ AIMS പോർട്ടൽ ഇതിനായി സുസജ്ജമാണ്.

കൃഷി വകുപ്പിന്റെ പ്രാഥമിക വിവര ശേഖരണ റിപ്പോർട്ട് (FIR) പ്രകാരം 12-10-2021 മുതൽ 28-10-2021 വരെ 451.65 കോടി രൂപയുടെ വിളനാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

നെല്ല്, വാഴ, പച്ചക്കറി കിഴങ്ങുവർഗ്ഗങ്ങൾ, റബ്ബർ എന്നീ വിളകൾക്കാണ് കൂടുതൽ നാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം 117660 കർഷകരുടെ 56818.38 ഹെക്ടർ സ്ഥലത്തെ വിളനാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ 2380 കർഷകരുടെ 1418 ഹെക്ടർ കൃഷി സ്ഥലം നഷ്ടപ്പെട്ടതായും കണക്കാക്കിയിട്ടുണ്ട്.

പ്രകൃതിക്ഷോഭം ഉണ്ടായ സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾക്കുമായി എല്ലാ ജില്ലകളിലും സംസ്ഥാന ആസ്ഥാനത്തും കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്.

കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS മുഖേന ഉടനടി അപേക്ഷകൾ സമർപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള സന്ദേശം പത്രമാധ്യമങ്ങൾവഴിയും സോഷ്യൽ മീഡിയവഴിയും പ്രചരിപ്പിക്കുന്നുണ്ട്.

ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഫീൽഡ് പരിശോധനകൾ അടിയന്തര പ്രാധാന്യത്തോടെ ചെയ്തുവരികയാണ്.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി എന്ന പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള നഷ്ടപരിഹാരവും ലഭ്യമാക്കുന്നതാണ്.

വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതിപ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മഴക്കെടുതിയുമായി ബന്ധപ്പെട്ട് 28-10-2021 വരെ 276.42 MT നെൽവിത്ത് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കർഷകരുടെ തുടർന്നുള്ള ആവശ്യകത നിറവേറ്റുന്നതിനായി 885.69 MT നെൽവിത്തിന്റെ കരുതൽ ശേഖരവുമായി KSSDA സജ്ജമാണ്.

കൃഷി വകുപ്പിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളിലൂടെ വളം ഉൾപ്പെടെയുള്ള ഉല്പാദന ഉപാധികൾ സബ്സിഡി നിരക്കിൽ ലഭ്യമാണ്.

കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നതാണ്.

ഇതിനുപുറമെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും നൽകുന്നതാണ്.

കേന്ദ്ര ഇൻഷ്വറൻസ് പദ്ധതിയായ PMFBY പ്രകാരം യഥാസമയം നഷ്ടപരിഹാരം ലഭിക്കുന്നതുൾപ്പെടെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർ ഉന്നയിച്ച പരാതികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന് പരിഹാരം കണ്ടെത്താൻ പരിശ്രമിക്കുന്നതുമായിരിക്കും.

## അനുബന്ധം III

അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യാനുപാതികമായി പ്രവർത്തിക്കുന്ന അങ്കണവാടികളിലൂടെയാണ് പദ്ധതി പ്രവർത്തനം നടപ്പാക്കിവരുന്നത്. ആറ് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ, ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുടെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. കേരളത്തിൽ നിലവിൽ 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 33115 അങ്കണവാടികൾ (32986 മെയിൻ അങ്കണവാടികളും 129 മിനി അങ്കണവാടികളും) പ്രവർത്തിക്കുന്നു. മിനി അങ്കണവാടികളിൽ ഒരു വർക്കർ മാത്രമാണുള്ളത്. ഇപ്രകാരം മിനി അങ്കണവാടികളിലെ 129 വർക്കർമാർ ഉൾപ്പെടെ 33115 അങ്കണവാടികളിലായി 33115 അങ്കണവാടി വർക്കർമാരും 32986 അങ്കണവാടി ഹെൽപ്പർമാരും നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നു. ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം നൽകുന്നത് കാലാകാലങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ്.

ഐ.സി.ഡി.എസ്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, സുരക്ഷാ പ്രവർത്തനങ്ങൾ, സാമൂഹ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾക്കൊപ്പംതന്നെ സംസ്ഥാനം നേരിട്ട പ്രളയക്കെടുതിക്കാലത്തെ സന്നദ്ധ പ്രവർത്തനങ്ങൾ, മഹാമാരിക്കാലത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിൽ മുന്നണി പോരാളികളായിനിന്ന് നിസ്തുലമായ സേവനമാണ് അങ്കണവാടി പ്രവർത്തകർ നടത്തിയിട്ടുള്ളത്. ഇവർക്ക് നിലവിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലെ വിഹിതം ഉൾപ്പെടുത്തി മെച്ചപ്പെട്ട ഓണറേറിയമാണ് സംസ്ഥാനം നൽകിവരുന്നത്.

കേന്ദ്ര വിഹിതം 60%, സംസ്ഥാന വിഹിതം 40% എന്ന സാമ്പത്തിക അനുപാതത്തിലാണ് ഓണറേറിയം നൽകുന്നത്. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ ഒരു അങ്കണവാടി വർക്കർക്ക് കേന്ദ്ര വിഹിതമായി 4,500 രൂപ നൽകുമ്പോൾത്തന്നെ അതിന്റെ 40% സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്. ഇതിനുപുറമേ തദ്ദേശഭരണ സ്ഥാപന വിഹിതമായി 2,200 രൂപയും സംസ്ഥാന വിഹിതമായി 5,300 രൂപയും ചേർത്ത് 7,500 രൂപ വകയിരുത്തി പ്രതിമാസം 12,000 രൂപ ഒരു അങ്കണവാടി വർക്കർക്ക് നൽകിവരുന്നു. അങ്കണവാടി ഹെൽപ്പറുടെ കാര്യത്തിലും മേൽവിവരിച്ച രീതിയിൽത്തന്നെ 2,250 രൂപ - 1,450 രൂപ - 4,300 രൂപ എന്നിവ ചേർത്ത് ആകെ 8,000 രൂപ പ്രതിമാസം നൽകുന്നു. മിനി അങ്കണവാടി വർക്കർക്ക് മേൽ വിവരിച്ച അനുപാതത്തിൽ 3,500 രൂപ - 2,200 രൂപ - 5,300 രൂപ ചേർത്ത് ആകെ 11,000 രൂപ പ്രതിമാസം നൽകുന്നു.

കൂടാതെ 11-02-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ .81/2019 സാനിവ. പ്രകാരം സംസ്ഥാനത്തെ അങ്കണവാടികളിൽ ഹെൽപ്പർ തസ്തികയിൽ ജോലിചെയ്യുന്ന അങ്കണവാടി ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ അവരുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250 രൂപ ഇൻസെന്റീവായി 1-10-2018 പ്രാബല്യത്തിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള പത്ത് വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും പത്ത് വർഷത്തിലധികം സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000 രൂപയും വീതം പ്രതിമാസ അലവൻസ് വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കേരളത്തിൽ അമ്മമാരുടേയും കുട്ടികളുടേയും കൗമാരക്കാരായ പെൺകുട്ടികളുടേയും ഇടയിൽ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തി അവരുടെ മാനസികവും ശാരീരികവുമായ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി തീർത്തും മാതൃകാപരമായ നിരന്തര ഇടപെടലുകളും പ്രവർത്തനവും നടത്തുന്ന അങ്കണവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായ പരിഷ്കാരത്തിലൂടെ മെച്ചപ്പെടുന്നതിനായി അങ്കണവാടി ജീവനക്കാരുടെ സംഘടനകളുടെ അഭിപ്രായംകൂടെ പരിഗണിച്ച് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

<u>പട്ടിക</u>

2016 മുതൽ അങ്കണവാടി പ്രവർത്തകർക്ക് വർദ്ധിപ്പിച്ച് നൽകിയ ഓണറേറിയത്തിന്റെ വിശദവിവരം.

| No. | Category | Honorarium as on 2016 | | | | Honorarium as on 2/2016 | | | | | Honorarium as on 12/2019 till now | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Central | State | LSGD | Total | Central | State | LSGD | Total | Remarks | Central | State | LSGD | Total | Remarks |
| 1 | Anganawadi Worker | 3000 | 4800 | 2200 | 10000 | 4500 | 4800 | 2200 | 11500 | Central Share Increased @ 1500 | 4500 | 5300 | 2200 | 12000 | Central Share Increased @ 500 |
| 2 | Mini Anganawadi Worker | 2250 | 4800 | 2200 | 9250 | 3500 | 4800 | 2200 | 10500 | Central Share Increased @ 1250 | 3500 | 5300 | 2200 | 11000 | Central Share Increased @ 500 |
| 3 | Anganawadi Helper | 1500 | 4050 | 1450 | 7000 | 2250 | 4050 | 1450 | 7750 | Central Share Increased @ 750 | 2250 | 4300 | 1450 | 8000 | Central Share Increased @ 250 |

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം - വിശദ വിവരം

| വിഭാഗം | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം | | | കേന്ദ്ര വിഹിതത്തിന് പുറമെയുള്ള | | |
|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം 60% (1) | സംസ്ഥാന വിഹിതം 40% (2) | കേന്ദ്രസർക്കാർ നിശ്ചയിച്ച ഓണറേറിയം ആകെ (1+2) (3) | സംസ്ഥാന വിഹിതം (4) | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം (5) | ആകെ (3+4+5) (6) |
| അങ്കണവാടി വർക്കർ | 2,700 | 1,800 | 4,500 | 5,300 | 2,200 | 12,000 |
| മിനി അങ്കണവാടി വർക്കർ | 2,100 | 1,400 | 3,500 | 5,300 | 2,200 | 11,000 |
| അങ്കണവാടി ഹെൽപ്പർ | 1,350 | 900 | 2,250 | 4,300 | 1,450 | 8,000 |

## അനുബന്ധം IV

(1) ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

എന്നാൽ എൻ.സി.ടി.ഇ. അഡ്മിഷൻ നടപടികൾ നടത്തരുതെന്ന് കണ്ടെത്തിയിട്ടുള്ള സംസ്ഥാനത്തെ ഇരുപത് ടി.ടി.ഐ.-കളിൽ കോവിഡ് -19 രോഗവ്യാപനംമൂലമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് അഡ്മിഷൻ നടപടികൾ നിലവിലുള്ളതുപോലെ തുടരുന്നതിന് സർക്കാർ കഴിഞ്ഞ അദ്ധ്യയനവർഷം നിർദ്ദേശം നൽകിയിരുന്നു.

എൻ.സി.ടി.ഇ അംഗീകാരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് എൻ.സി.ടി.ഇ.-യിൽനിന്നും യാതൊരുവിധ അറിയിപ്പും ഔദ്യോഗികമായി ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ആവശ്യത്തിനായി സ്ഥാപന മേധാവികൾ

ഒന്നുംതന്നെ എൻ.സി.ടി.ഇ.-യുമായി നേരിട്ട് ബന്ധപ്പെട്ടിട്ടില്ല. അംഗീകാരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. നടത്തിയ മീറ്റിംഗിലാണ് ഇരുപത് ടി.ടി.ഐ.-കൾക്ക് അംഗീകാരം നഷ്ടപ്പെട്ട വിവരം സ്ഥാപനമേധാവികൾ അറിയുന്നത്. കൊല്ലം ഐ.എച്ച്.എം. ടീച്ചർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അംഗീകാരം റദ്ദ് ചെയ്ത നടപടിക്കെതിരെ സ്റ്റേ വാങ്ങുകയും ചെയ്തു.

എൻ.സി.ടി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തുന്നത് നിയമവിരുദ്ധമാണെന്നും എൻ.സി.ടി.ഇ. ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്ന ഭവിഷ്യത്തുകൾ നേരിടേണ്ടിവരുമെന്നും എസ്.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്.

എൻ.സി.ടി.ഇ. ആക്ട് 1993 പ്രകാരം അദ്ധ്യാപക വിദ്യാഭ്യാസ കോഴ്സുകൾ നടത്താനുള്ള അംഗീകാരവും അനുമതിയും നൽകാൻ എൻ.സി.ടി.ഇ.-ക്ക് മാത്രമാണ് അധികാരമുള്ളത്. സംസ്ഥാന സർക്കാരുകൾക്ക് എൻ.ഒ.സി. നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് ടി.ടി.ഐ.-യിലെ അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡങ്ങൾ എൻ.സി.ടി.ഇ. നിർദ്ദേശിച്ചപ്രകാരം മാറ്റുന്നതിനും സ്കൂളുകളിൽ ആവശ്യമായ യോഗ്യതയുള്ള നിലവിലുള്ള അദ്ധ്യാപകരെ പുനർവിന്യസിച്ച് നിയമിക്കുന്നത് പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

ഈ അദ്ധ്യയന വർഷം ക്ലാസുകൾ തുടങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർതലത്തിൽ ഒരു ചർച്ച നടത്തി പ്രശ്നപരിഹാരത്തിനുള്ള വ്യക്തമായ നിർദ്ദേശങ്ങളും ശിപാർശയും സഹിതം റിപ്പോർട്ട് ഒരാഴ്ചയ്ക്കകം സർക്കാരിന് സമർപ്പിക്കാനുള്ള നിർദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു.

ഇക്കാര്യത്തിലുള്ള റിപ്പോർട്ട് ലഭിച്ചശേഷമേ തുടർനടപടികൾ സ്വീകരിക്കാനാവൂ. എൻ.സി.ടി.ഇ. അംഗീകാരമില്ലാതെ ടി.ടി.ഐ. കോഴ്സ് നടത്തിയാൽ അത് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കരുതലോടെ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകൂ.

## അനുബന്ധം V

(2) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം സംബന്ധിച്ച് ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ ഉന്നയിച്ചത്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി രണ്ട് ഭാഗങ്ങളായാണ് നടപ്പാക്കുന്നത്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവും അനുബന്ധറോഡുകളുടെ വികസനവും പൊതുമരാമത്ത് വകുപ്പ് പദ്ധതിയായും ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം തദ്ദേശസ്വയംഭരണ വകുപ്പിലെ പദ്ധതിയുമായാണ് നടപ്പാക്കുക.

ജംഗ്ഷൻ വികസനത്തിനായി നൂറ് കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് ലഭിച്ചത്. അനുബന്ധ റോഡുകളുടെ വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിനായി 199.4 കോടി രൂപയുടെ വിശദമായ പ്രോജക്ട് കിഫ്ബിക്ക് സമർപ്പിച്ചു. ഇതിൽ 95 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി അനുവദിച്ചു. അമ്പത് ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. അതിര് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽ പൂർത്തിയാക്കി വരികയാണ്. ശാസ്തമംഗലം മുതൽ മണ്ണറക്കോണം വരെയുള്ള ആദ്യറീച്ചിന്റെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയായി. ബാക്കി രണ്ട് റീച്ചുകളുടെ മൂല്യനിർണ്ണയം പുരോഗമിക്കുകയാണ്.

ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് എസ്.പി.വി. ആയി ടിഡയെ ആണ് നിയോഗിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ടിഡയും തദ്ദേശ സ്വയംഭരണ വകുപ്പും കിഫ്ബിയും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ടിഡയുടെ ചുമതലയിലുള്ള പദ്ധതി പ്രദേശത്തിന്റെ വിശദമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ ഒക്ടോബർ എട്ടിന് ആരംഭിച്ചിട്ടുണ്ട്. അന്തിമ സ്കെച്ച് തയ്യാറാക്കി വരികയുമാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും.

## അനുബന്ധം VI

(3) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം സംബന്ധിച്ച് ശ്രീ. പി. നന്ദകുമാർ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

മലപ്പുറം ജില്ലയിലെ തീരദേശ മേഖലയായ പൊന്നാനി നിയോജക മണ്ഡലത്തിൽ 2017 മുതൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒ.പി. വിഭാഗം മാത്രമായി പ്രവർത്തനം ആരംഭിച്ചു. 2018 ഡിസംബർ 30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഐ.പി. വിഭാഗം ഉദ്ഘാടനം ചെയ്തതോടെ 135 കിടക്കകളോടുകൂടിയ ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു. മികച്ച പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ 2019-ലെ 'കായകൽപ്പ' പുരസ്കാരം ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

ഈ ആശുപത്രിയിലെ കോവിഡിന് മുൻപുള്ള പ്രതിദിന ശരാശരി ഒ.പി. 856-ഉം ഐ.പി. 124-ഉം ആയിരുന്നു. കോവിഡിനുശേഷം നിലവിൽ പ്രതിദിന ശരാശരി ഒ. പി. 570-ഉം ഐ.പി. 150 -ഉം ആണ്. പ്രതിദിനം ശരാശരി 21 പ്രസവങ്ങളും 18 മേജർ ശസ്ത്രക്രിയകളും 17 മൈനർ ശസ്ത്രക്രിയകളും നടക്കുന്നു.

ഈ ആശുപത്രിയിൽ സൂപ്രണ്ട്-1, ഡെപ്യൂട്ടി സൂപ്രണ്ട്-1 ആർ.എം.ഒ-1, സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, കൺസൾട്ടന്റ് (ഗൈനക്കോളജി)-3, കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-2, കൺസൾട്ടന്റ് (അനസ്തേഷ്യ)-2, കൺസൾട്ടന്റ് (മെഡിസിൻ)-1, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-3, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-2, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-2, ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി)-1, ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക് & ക്ലിനിക്കൽ ലബോറട്ടറി)-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-3, അസിസ്റ്റന്റ് സർജൻ-3 എന്നിങ്ങനെ 27 ഡോക്ടർമാരുടെ തസ്തിക ഉൾപ്പെടെ ആകെ 85 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് 4-8-2017-ലെ ജി.ഒ (എം.എസ്.) 119/2017/ ആ.കു.വ സർക്കാർ ഉത്തരവുപ്രകാരം സൃഷ്ടിച്ചത്. 22-9-2021-ലെ സ.ഉ.(കൈ) 168/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം രണ്ട് സ്റ്റാഫ് നഴ്സ് തസ്തികയും ഇവിടെ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. അങ്ങനെ മൊത്തം ഈ ആശുപത്രിയിൽ 87 സ്ഥിരം ജീവനക്കാരുടെ തസ്തികയാണ് നിലവിലുള്ളത്.

എൻ.എച്ച്.എം. മുഖാന്തരം ഡോക്ടർമാർ-2 സ്റ്റാഫ് നഴ്സ്-14, ലാബ് ടെക്നീഷ്യൻ-2, ആശുപത്രി അറ്റൻഡന്റ്-4, പി.ആർ.ഒ-1, ജെ.പി.എച്ച്.എൻ.-1, ക്ലീനിംഗ് സ്റ്റാഫ്-4 ഉൾപ്പെടെ 28 പേർ, എച്ച്.എം.സി മുഖാന്തരം നഴ്സിംഗ് അസിസ്റ്റന്റ്-8, ക്ലീനിംഗ് സ്റ്റാഫ് -8, ഇ.സി.ജി. ടെക്നീഷ്യൻ-1, ഡാറ്റാ എൻട്രി ഓപ്പറേറ്റർ-1, ക്ലർക്ക്-1, സെക്യൂരിറ്റി -10 ഉൾപ്പെടെ 29 പേർ, KASP മുഖേന സ്റ്റാഫ് നഴ്സ്-5, ലാബ് ടെക്നീഷ്യൻ-7, ഫാർമസിസ്റ്റ്-4, ഡാറ്റാ എൻട്രി ഓപ്പറേറ്റർ-2 എന്നിങ്ങനെ 18 പേർ, മറ്റ് പദ്ധതികളിൽനിന്നായി 14 പേർ ഇപ്രകാരം ആകെ 89 താൽക്കാലിക ജീവനക്കാർ ഈ ആശുപത്രിയിൽ ജോലി നോക്കിവരുന്നു.

പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽനിന്നും 2 ഗൈനക്കോളജി ഡോക്ടർമാരും 2 പീഡിയാട്രിക് ഡോക്ടർമാരും പൊന്നാനി ടി.ബി. ക്ലിനിക്കിൽനിന്നും ഒരു ഹെഡ് നഴ്സും ഒരു ആശുപത്രി അറ്റൻഡന്റും മാറാക്കര പി.എച്ച്.സി.-യിൽനിന്നും ഒരു ഡ്രൈവർ ഗ്രേഡ് II-ഉം ഈ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലിനോക്കിവരുന്നു.

ഈ സ്ഥാപനത്തിൽ ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗവും ലാബും 12 മണിക്കൂർ പ്രവർത്തിക്കുന്ന ഫാർമസി, മോഡുലാർ തിയേറ്റർ, ഒ.പി., ഐ.പി. വിഭാഗങ്ങൾ, എക്സ്റേ, ലാബ്, അൾട്രാ സൗണ്ട് സ്കാനിംഗ് സെന്റർ, ഫാർമസി മെഡിക്കൽ സ്റ്റോർ, ആന്റിനേറ്റൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, പീഡിയാട്രിക് വാർഡ്, നവജാതശിശുക്കൾക്കുള്ള SNCU, പ്രതിരോധ കുത്തിവയ്പ്പുകൾ, ശലഭം (നവജാത ശിശു സ്ക്രീനിംഗ് പദ്ധതി), ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നു. കേന്ദ്രീകൃത ഓക്സിജൻ വിതരണം, ശുദ്ധജല വിതരണ സംവിധാനം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആശുപത്രി പരിസരത്തുതന്നെ കമ്മ്യൂണിറ്റി ഫാർമസി, കാന്റീൻ, സ്റ്റേഷനറി ഷോപ്പ് എന്നിവയും പ്രവർത്തിക്കുന്നു. കോവിഡ് രോഗികളായ സ്ത്രീകളുടെയും ഗർഭിണികളുടെയും കുട്ടികളുടെയും ചികിത്സയും ഈ സ്ഥാപനത്തിൽ നൽകിവരുന്നു. കൂടാതെ കോവിഡ് വാക്സിനേഷനും നൽകിവരുന്നുണ്ട്.

മാലിന്യ സംസ്കരണത്തിനായി തുമ്പൂർമൂഴി മോഡൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി KEIL (നോൺ കോവിഡ് വേസ്റ്റ്), IMAGE (കോവിഡ് വേസ്റ്റ്), പെസ്റ്റ് കോൺട്രോളിംഗിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ പദ്ധതികൾ പ്രകാരമുള്ള സംവിധാനം നടപ്പിലാക്കിവരുന്നു.

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 16 ലക്ഷം രൂപ ഉപയോഗിച്ച് ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഓക്സിജൻ പ്ലാന്റ് (75 ലക്ഷം രൂപ) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (നഗരസഭാ പദ്ധതി) എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ദേശീയ ആരോഗ്യദൗത്യം (എൻ.എച്ച്.എം.) അനുവദിച്ച ഒരു കോടി ഇരുപത്തിരണ്ടുലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

നഗരസഭാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപനത്തിൽ ആവശ്യമായ മരുന്നുകൾ വാങ്ങൽ, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, ഓക്സിജൻ റീഫില്ലിംഗ്, അധിക ജീവനക്കാരുടെ വേതനം എന്നിവ നടപ്പാക്കിവരുന്നു. ഇതിനായി നഗരസഭ ഒരു കോടിയിലധികം രൂപ നീക്കിവച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), രാഷ്ട്രീയ ബാൽസ്വാസ്ഥിക് കാര്യക്രം (RBSK), ജനനി സുരക്ഷാ പദ്ധതി (JSSK), മാതൃയാനം തുടങ്ങിയ രോഗീ ചികിത്സാ സഹായ പദ്ധതികളുടെ സേവനങ്ങൾ ഈ ആശുപത്രിയിൽ നൽകുന്നുണ്ട്.

26-7-2021-ലെ GO(Rt) No.1555/2021/H&FWD നമ്പർ സർക്കാർ ഉത്തരവുപ്രകാരം പൊന്നാനി നിയോജകമണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ, 2400 സ്ക്വയർ ഫീറ്റ് വിസ്തീർണത്തിൽ പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ച് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ വളരെ നല്ല രീതിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ വികസിപ്പിക്കുന്ന കാര്യം, സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.